# ഇന്ത്യൻ രാഷ്ട്രീയം
# സ്വാതന്ത്ര്യലബ്ധി മുതൽ

XII-ാം ക്ലാസിലേക്കുള്ള രാഷ്ട്രതന്ത്രശാസ്ത്ര പാഠപുസ്തകം

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി, കേരളം
2019

**First Edition**
*June 2007 Jyaistha 1928*
**Reprinted**
*February 2008 Magha 1929*
*January 2009 Pausa 1930*
*January 2010 Magha 1931*
*December 2010 Pausa 1932*
*November 2012 Kartika 1934*
*January 2014 Magha 1935*
*December 2014 Pausa 1936*
*December 2015 Pausa 1937*
*February 2017 Magha 1938*
*December 2017 Pausa 1939*

**PD 100T HK**

© ***National Council of Educational Research and Training, 2007***

₹

*Printed on 80 GSM paper with NCERT watermark*

Published at the Publication Division by the Secretary, National Council of Educational Research and Training, Sri Aurobindo Marg, New Delhi 110 016 and printed at Young Printing Press, S-119, Site-II, Harsha Compound, Mohan Nagar Industrial Area, Ghaziabad (U.P.)

**ISBN 81-7450-763-9**

**ALL RIGHTS RESERVED**

- No part of this publication may be reproduced, stored in a retrieval system or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise without the prior permission of the publisher.
- This book is sold subject to the condition that it shall not, by way of trade, be lent, re-sold, hired out or otherwise disposed of without the publisher's consent, in any form of binding or cover other than that in which it is published.
- The correct price of this publication is the price printed on this page. Any revised price indicated by a rubber stamp or by a sticker or by any other means is incorrect and should be unacceptable.

**OFFICES OF THE PUBLICATION DIVISION, NCERT**

NCERT Campus
Sri Aurobindo Marg
**New Delhi 110 016** **Phone : 011-26562708**

108, 100 Feet Road
Hosdakere Halli Extension
Banashankari III Stage
**Bangaluru 560 085** **Phone : 080-26725740**

Navjivan Trust Building
P.O.Navjivan
**Ahmedabad 380 014** **Phone : 079-27541446**

CWC Campus
Opp. Dhankal Bus Stop
Panihati
**Kolkata 700 114** **Phone : 033-25530454**

CWC Complex
Maligaon
**Guwahati 781 021** **Phone : 0361-2674869**

**Publication Team**

| | |
|---|---|
| Head, Publication Division | : *M. Siraj Anwar* |
| Chief Editor | : *Shveta Uppal* |
| Chief Business Manager | : *Gautam Ganguly* |
| Chief Production Officer (Incharge) | : *Arun Chitkara* |
| Production Assistant | : *Sunil Kumar* |

***Cover and Layout***
*Shweta Rao*

***Illustrations***
*Irfaan*

***Cartography***
*ARK Grafix*

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram - 695 012, Kerala
*Website* : www.scertkerala.gov.in, *e-mail* : scertkerala@gmail.com
Phone : 0471-2341883, Fax : 0471-2341869
Typesetting and Layout : SCERT

© Department of Education, Government of Kerala

# FOREWORD

The National Curriculum Framework (NCF) 2005 recommends that children's life at school must be linked to their life outside the school. This principle marks a departure from the legacy of bookish learning which continues to shape our system and causes a gap between the school, home and community. The syllabi and textbooks developed on the basis of NCF signify an attempt to implement this basic idea. They also attempt to discourage rote learning and the maintenance of sharp boundaries between different subject areas. We hope these measures will take us significantly further in the direction of a child-centred system of education outlined in the National Policy on Education (1986).

The success of this effort depends on the steps that school principals and teachers will take to encourage children to reflect on their own learning and to pursue imaginative activities and questions. We must recognise that, given space, time and freedom, children generate new knowledge by engaging with the information passed on to them by adults. Treating the prescribed textbook as the sole basis of examination is one of the key reasons why other resources and sites of learning are ignored. Inculcating creativity and initiative is possible if we perceive and treat children as participants in learning, not as receivers of a fixed body of knowledge.

These aims imply considerable change in school routines and mode of functioning. Flexibility in the daily time-table is as necessary as rigour in implementing the annual calendar so that the required number of teaching days is actually devoted to teaching. The methods used for teaching and evaluation will also determine how effective this textbook proves for making children's life at school a happy experience, rather than a source of stress or boredom. Syllabus designers have tried to address the problem of curricular burden by restructuring and reorienting knowledge at different stages with greater consideration for child psychology and the time available for teaching. The textbook attempts to enhance this endeavour by giving higher priority and space to opportunities for contemplation and wondering, discussion in small groups, and activities requiring hands-on experience.

NCERT appreciates the hard work done by the textbook development committee responsible for this book. We wish to thank the Chairperson of the Advisory Group on Social Science, Professor Hari Vasudevan and the Chief Advisors for this book, Shri Yogendra Yadav and Professor Suhas Palshikar for guiding the work of this committee. Several teachers contributed to the development of this textbook; we are grateful to their Principals for making this possible. We are indebted to the institutions and organisations which have generously permitted us to draw upon their resources, material and personnel. We are especially grateful to the members of the National Monitoring Committee, appointed by the Department of Secondary and Higher Education, Ministry of Human Resource Development under the Chairpersonship of Professor Mrinal Miri and Professor G. P. Deshpande, for their valuable time and contribution. As an organisation committed to systemic reform and continuous improvement in the quality of its products, NCERT welcomes comments and suggestions which will enable us to undertake further revision and refinement.

Director
National Council of Educational
Research and Training

New Delhi
20 December 2006

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമമാർഗം എന്നതിനോടൊപ്പം സാംസ്കാരികതന്മയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ. ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

# LETTER TO THE READERS

As India completes sixty years as an independent and democratic country, it is time to look back and reflect on this period. So much of the trends and patterns of our politics as well as the strengths and weaknesses of our democracy have been shaped during these six decades. Yet it is surprising how little the younger citizens of our country know about this history. You would have a good idea of the freedom struggle because you study that in the History textbooks. You would also know something about our contemporary politics from the media. But very few young citizens know much about the period that connects the freedom movement to contemporary politics. This is the gap the present book seeks to fill. It tells you the story of the journey of our democracy during the last sixty years so that you can make sense of the political reality that surrounds all of us.

This book is not a chronicle of all or even main events during the past six decades. We have tried to weave the history of the last sixty years around some major issues and themes. The first eight chapters of the book cover a certain period of this history, but in a selective manner by focussing on one issue or theme that dominated those years. The final chapter offers an overview of various issues that have emerged in the most recent period.

Politics is often understood as a power game played by some big leaders. Politics is, of course, about power. But politics is also about taking collective decisions, about sorting out differences, about reaching consensus. That is why we simply cannot run our collective affairs without politics. Similarly, big leaders no doubt influence the course of politics. But politics is much more than a story of individual ambitions and frustrations. That is why you will not find much emphasis on personalities in this book. You will find some biographical sketches so as to give you a rich sense of those times. But we do not expect you to memorise these biographical details.

In order to give you a feel of the times, we have included many photographs, cartoons, maps and other images. As in other books, Unni and Munni are there to share their innocent yet irreverent questions and comments with you. By now you know that what Unni and Munni say is not the opinion of the textbook. You, and even the authors, may or may not agree with Unni and Munni. But you should, like them, begin to question everything.

This book refrains from passing judgement on events and personalities of this period. The objective of this book is to equip you with information and perspectives so that you can take more informed and well thought out positions on politics, either as students of Political Science or as citizens of the country. That is why we tell the story in an open-ended and non-partisan manner. This has not been easy, for there is no way a book like this can side-step all the 'controversial' issues. Many of the significant issues of this period were and continue to be subjects of deep political differences.

The Team that prepared this book decided to follow certain norms to ensure non-partisan treatment of the subject. Firstly, it presents more than one viewpoint when dealing with controversial subjects. Secondly, wherever available, it uses authentic sources like the reports of various Commissions or court judgements, to reconstruct crucial details. Thirdly, it uses a variety of sources from scholarly writings to different newspapers and magazines, etc. to tell the story. Fourthly, the book avoids detailed discussion of the role of political leaders who are still active in politics.

Writing this textbook turned out to be particularly challenging for we do not have sufficient information on this period. Most of the archival material is still closed to the researchers. There are not many standard histories of this period that a textbook like this can draw upon. The Textbook Development Committee turned this challenge into an opportunity. We are grateful to the Team members who spared their valuable time for preparing the drafts of the various chapters. We would like to place on record our gratitude to Professors Rekha Chowdhary and Surinder Jodhka for contributing drafts for the sections on Jammu and Kashmir and Punjab respectively.

Given the significance and the sensitive nature of the book, it was decided to put the drafts through many rounds of scrutiny by a group of Political Scientists and historians. We decided to request

three 'readers' – Dr. Ramchandra Guha, Professor Sunil Khilnani and Dr. Mahesh Rangarajan – to read an early draft of this text for accuracy and non-partisan treatment of the subject. We are very grateful that all of them accepted our request and took out time to read and comment on the drafts. Their remarks encouraged us; their suggestions saved us from many errors. We owe a special debt to Ramchandra Guha, since we have liberally drawn upon his book, **India after Gandhi**. Dr. Philip Oldenberg also read parts of the book and made valuable comments. We were fortunate in having a group of eminent scholars, Professors Mrinal Miri, G.P. Deshpande and Gopal Guru, who constituted a special sub-committee of the National Monitoring Committee and read the book at least thrice. We wish to thank Professor Krishna Kumar, Director NCERT and Professor Hari Vasudevan, Chairperson, Advisory Committee for Textbooks, for their support, advice and guidance at different stages of this delicate project. We are also thankful to Professor Yash Pal for his interest in and support to this book.

We are thankful to Lokniti Programme of the CSDS, Delhi which for the last one year provided a home and resource base for the work on this textbook. Various memebers of the CSDS family who went out of their way to support this work include Sanjeer Alam, Avinash Jha, Balaji Madiq and Himanshu Bhattacharya at Lokniti and Ravikant and Mohammad Qureshi at Sarai. We would also like to thank the authorities of the Philately Bureau, especially Kaveri Banerji and Niraj Kumar and Sandhya R. Kanneganti of Indian Postal Service, for helping us to access and allowing us to reproduce a large number of postal stamps; Milind Champanerkar for helping us in the selection of the films; Radhika Menon for critical inputs; Vipul Mudgal, Ritu and Dharamveer for helping us to access the rich collection of Hindustan Times Photo Library; Bhaanu Choube and Abhay Chhajalani for opening the archives of Nai Dunia; Rajendra Babu for helping us with clippings and images from The Hindu Library and authorities of the University of Michigan Library and Nehru Memorial Museum and Library, New Delhi.

Alex George, Pankaj Pushkar, K. K. Kailash, and M. Manisha formed the backbone of the team that worked on this book in various ways – doing archival research, hunting for visuals, checking facts. But for their multi-faceted support, and especially the untiring devotion of Pankaj Pushkar, this book would not have been what it is. We are thankful to Anupama Roy for her generous help with proof reading. The look and feel of the book is the product of the artistic skills of Irfaan Khan, the creator of Unni-Munni, graphics and maps by

ARK Grafix, and the aesthetic sensibility of Shweta Rao who designed the book. We thank them all for sharing the spirit of this project. We would like to place on record our gratitude to Shveta Uppal, Chief Editor, NCERT, who went beyond the call of her duty in working with this book, for her exemplary patience and professionalism.

This book is a tribute to the maturity of Indian democracy and is intended as a small contribution to enriching the democratic deliberations in our country. We sincerely hope that this book will be received in this spirit and will be useful not only for students of Political Science but also to a wider group of young citizens of our country.

Ujjwal Kumar Singh
**Chief Advisors**

Suhas Palshikar and Yogendra Yadav **Advisor**

# IF YOU WOULD LIKE TO KNOW MORE, READ...

Granville Austin.1999. **Working a Democratic Constitution: The Indian Experience.** Oxford University Press, Delhi.

Paul R. Brass.1994 (second edition). **The Politics of India since Independence**. Cambridge University Press (published in India by Foundation Books), New Delhi.

Bipan Chandra, Mridula Mukherjee and Aditya Mukherjee. 2000. **India after Independence (1947-2000).** Penguin Books, Delhi

Partha Chatterjee (ed). 1997. **State and Politics in India**. Oxford University Press, Delhi.

Francine R. Frankel. 2005. **India's Political Economy (1947-2004).** Oxford University Press, Delhi.

Ramachandra Guha. 2007. **India After Gandhi: History of the World's Largest Democracy.** Picador India, Delhi.

Niraja Gopal Jayal (ed). 2001. **Democracy in India.** Oxford University Press. Delhi.

Sudipta Kaviraj (ed). 1997. **Politics in India.** Oxford University Press, Delhi.

Sunil Khilnani. 2003 (paperback). **The Idea of India**. Penguin, London.

Rajni Kothari. 1985. **Politics in India.** Orient Longman, Delhi.

Pratap Bhanu Mehta. 2003. **The Burden of Democracy**. Penguin Books, Delhi.

Achin Vanaik. 1990. **The Painful Transition: Bourgeois Democracy in India**. Verso, London and New York.

## TEXTBOOK DEVELOPMENT COMMITTEE

Chairperson, Advisory Committee for Textbooks at the Senior Secondary Level

Hari Vasudevan, Professor, Department of History, University of Calcutta, Kolkata

Chief Advisors

Suhas Palshikar, Professor, Department of Political Science, University of Pune, Pune

Yogendra Yadav, Senior Fellow, Centre for the Study of Developing Societies (CSDS), Delhi

Advisor

Ujjwal Kumar Singh, Reader, Department of Political Science, University of Delhi, Delhi

Members

Aditya Nigam, Fellow, CSDS, Delhi

Akhil Ranjan Dutta, Lecturer in Political Science, Gauhati University, Guwahati

Alex George, Independent Researcher, Eruvatty, Kerala.

Anuradha Sen, Principal, The Srijan School, New Delhi

Bharani N. Faculty, International Academy of Creative Teaching (IACT), Bangalore

Dwaipayan Bhattacharya, Fellow, CSSS, Kolkata

Kailash K.K., Lecturer in Political Science, Panjab University, Chandigarh

M. Manisha, Sr. Lecturer in Political Science, Loretto College, Kolkata

Manjari Katju, Reader in Political Science, University of Hyderabad, Hyderabad

Pankaj Pushkar, Sr. Lecturer, Lokniti, CSDS, Delhi

Malla V.S.V. Prasad, Lecturer, DESSH, NCERT, New Delhi

Rajeshwari Deshpande, Reader in Political Science, University of Pune, Pune

Sajal Nag, Professor of History, Assam University, Silchar

Sandeep Shastri, Director, IACT, Bangalore

Shailendra Kharat, Lecturer in Political Science, Shinde Sarkar College, Kolhapur, Maharashtra

Srilekha Mukherji, PGT, St Paul School, New Delhi

Member-coordinator

Sanjay Dubey, Reader, DESSH, NCERT, New Delhi

# പാഠപുസ്തക വിവർത്തനം

## ശില്പശാലയിൽ പങ്കെടുത്തവർ

**പി. അജിത് കുമാർ**
*അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്, പയ്യന്നൂർ കോളേജ്, പയ്യന്നൂർ*

**വി. കെ. ജോബിഷ്**
*എച്ച്.എസ്.എസ്.ടി. മലയാളം, ജി.എച്ച്.എസ്.എസ്. പാണത്തൂർ, കാസർഗോഡ്*

**പ്രദീപ്കുമാർ എൽ.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, ഗവ.എച്ച്.എസ്.എസ്. പട്ടാഴി, കൊല്ലം*

**പ്രസന്നകുമാർ എസ്.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, ഗവ.എച്ച്.എസ്.എസ്. കഞ്ചിക്കോട്, പാലക്കാട്*

**ബിൽബി ജോസഫ്**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, എ.എം.എം.എച്ച്.എസ്.എസ്. ഇടയാറന്മുള, പത്തനംതിട്ട*

**മുരളീധരൻ നായർ പി.എൻ.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, എൻ.എസ്.എസ്.എച്ച്.എസ്.എസ്. കിടങ്ങൂർ, കോട്ടയം*

**മുഹമ്മദ് ഷരീഫ്**
*അസിസ്റ്റന്റ് പ്രൊഫസർ, ഫാറൂഖ് ട്രെയിനിംഗ് കോളേജ്, കോഴിക്കോട്*

**രാജേന്ദ്രകുമാർ പി.സി.**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, ജി.എച്ച്.എസ്.എസ്. ഇരിങ്ങല്ലൂർ, കോഴിക്കോട്*

**ആർ. വിജയൻ**
*റിട്ട. പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം*

**സജി വറുഗീസ്**
*എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ്, ഗവ.എച്ച്.എസ്.എസ്, മുളക്കുഴ, ചെങ്ങന്നൂർ*

**ഡോ. സാബു തോമസ്**
*അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്, ബ്രണ്ണൻ കോളേജ്, കണ്ണൂർ*

### അക്കാഡമിക് കോഡിനേറ്റർ

**ചിത്രാ മാധവൻ,** *അസിസ്റ്റന്റ് പ്രൊഫസർ, എസ്.സി.ഇ.ആർ.ടി.*

## REQUEST FOR FEEDBACK

How did you like this textbook? What was your experience in reading or using this? What were the difficulties you faced? What changes would you like to see in the next version of this book?

Write to us on all these and any other matter related to the textbook. You could be a teacher, a parent, a student or just a general reader. We value any and every feedback.

Please write to:

Coordinator (Political Science)

DESS, NCERT, Sri Aurobindo Marg, New Delhi 110 016

# ACKNOWLEDGEMENTS

We wish to acknowledge the following for the stamps, cartoons, newspaper clippings, pictures and extracts of texts used in this book.

### *Postal stamps*

The National Philately Bureau, Department of Post and Telegraph, Government of India for all the postal stamps used throughout this book.

### *Cartoons*

Shankar Narayanan and ***Times of India*** for cartoons by R. K. Laxman on pages 18, 70, 71, 82, 85, 93, 98,106, 109, 110, 114, 116, 119, 122, 124, 153, 169 and 174. The Children's Book Trust for cartoons by Shankar on pages 21, 22, 26, 28, 40, 56 and 62. ***Laughing with Kutty, Free Press*** for cartoons by Kutty on pages 90, 95, 98

and 157. Sudhir Dar, Sudhir Tailang and UNDP & Planning Commission for cartoons on page 52 and 144. Janaki Abraham for cartoon by

Abu on page 103. ***India Today*** for cartoons by Atanu Roy on page 122, Ravi Shankar on page 192, Ajit Ninan on pages 172 and 178. ***HT Book***

***of Cartoons*** for cartoons by Rambabu Mathur on page 166 and

Sudhir Tailang on page 176.

### *Pictures*

Sunil Janah for pictures on pages 2 and 13. ***The Hindu*** for pictures on pages 7, 33, 136, 138 and 152. DPA/PIB for pictures on pages 9 and 17. ***Hindustan Times*** for pictures on pages 49, 120, 128, 129, 134 and the collage on the cover page. Nehru Memorial Museum and Library for pictures on pages 3, 10 and 64. Sabeena Gadihoke for pictures by Homai Vyarawalla on pages 6, 7, 42 and 69. ***India Today*** for picture on page 139. Raghu Rai for pictures on pages 86 and 166. Kumarappa Institute of Gram Swaraj for picture on page 55. Pankaj Pushkar for picture on page 144. Robin Shaw Pushp/ Rajkamal Prakashan

for picture on page 43. Narmada Bachao Andolan for picture on

page 141. ***Outlook Classic*** and www.thesouthasian.org for pictures on the back cover.

### *Press clippings*

The ***Hindustan Times*** for the clippings (from ***History in the Making: 75 years of the Hindustan Times***) on pages 4, 51, 59, 69, 75, 77, 83, 95, 111, 154, 166, 181, 185 and 187. ***Times of India*** for the clippings on page 7, 75, 77, 110, 153, 156, 160, 161, 164 and 169. ***The Hindu*** for clippings on pages 32 and 33 and news on page 47. ***Nai Dunia*** for the clippings on pages 33, 71, 102, 110, 111, 159, 166 and 181. ***The Pioneer*** for clippings on page 186. ***The Statesman*** for clipping on page 186. ***The Indian Express*** for clipping on page 188.

### *Posters/Advertisements*

GCMMF India for Amul advertisements on pages 61, 71, 91, 111, 166, 173, 174 and 175. Design and People for posters on pages 131 and 140. Anhad/NCDHR for posters on page 133. Zuban for poster on page 137. Uttarakhand Sanskritik Morcha for poster on page 148.

### *Sources of extracts and citations from reports and books*

Ramchandra Guha, ***India after Gandhi***, Picador India, 2007, for the quotations on pages 25, 29, 30, 67, 68, 72 and 88. Sundeep Dougal, translation of Faiz Ahmend Faiz, Subh-e-azadi on the

website http://members.tripod.com/~SundeepDougal/Faiz.html. Umair Raja, translation of Amrita Pritam's poem "***Today I Call Waris Shah***" at www.chowk.com. Text and translation of Sadat Hasan Manto, 'Kasre-Nafsi' (Hospitality Delayed), Mushirul Hasan, ed. 2000. ***Inventing Boundaries: Gender, Politics and the Partition of India.*** Oxford University Press, New Delhi Fanishwarnath Renu, ***Maila Anchal*** translation from Indira Junghare, ***The Soiled Border.*** Shrilal Shukla, ***Rag Darbari*** translation by Gillian Wright, Penguin Books India, 1992. Translation of Namdeo Dhasal's Marathi poem in Golpitha, translated by Jayant Karve and Eleanor Zelliot, in Mulk Raj Anand and Eleanor Zelliot (ed), ***An Anthology of Dalit Literature,*** New Delhi, Gyan Books, 1992. Rajni Kothari. ***Politics in India,*** Third reprint, Orient Longman, Delhi, pages 155-156. Partha Chatterjee (ed.) ***State and Politics in India,*** Oxford University Press, New Delhi, 1997 for extracts from Rajni Kothari on page 448; David Butler, Ashok Lahiri, Prannoy Roy on page 149; Sudipta Kaviraj on

page 74; Sanjib Baruah, on page 507. ***Jawaharlal Nehru's Speeches, Sept 1957-April 1961,*** Delhi, GoI, Ministry of Information and Broadcasting, Publication Division, Vol 4, page 381. Francine

R. Frankel, 2005, ***India's Political Economy (1947-2004)***, Oxford University Press, Delhi, page 71; Zoya Hasan, ***Parties and Party Politics in India.*** Oxford University Press, Delhi, 2004, pages 33-34; Anand Chakravarti, 'A Village in Chomu Assembly Constituency in Rajasthan' in A.M. Shah (ed), ***The Grassroots of Democracy,*** Permanent Black, Delhi, 2007; Report of the Justice Nanavati Commission of Inquiry, Vol.I, 2005, page 180; National Human Rights Commission, Annual Report 2001-2002, pages 317-318 and Shah Commission, Interim Report, pages 96-101, 120-139.

# ഉള്ളടക്കം

I3A2Z7

അധ്യായം 1
രാഷ്ട്രനിർമാണത്തിലെ വെല്ലുവിളികൾ
(Challenges of Nation Building) ........................................................ 2

അധ്യായം 2
ഏകകക്ഷി മേധാവിത്വ കാലഘട്ടം
(Era of One-party Dominance) ........................................................ 26

അധ്യായം 3
ആസൂത്രിത വികസനത്തിന്റെ രാഷ്ട്രീയം
(Politics of Planned Development) ................................................... 46

അധ്യായം 4
ഇന്ത്യയുടെ വിദേശബന്ധങ്ങൾ (India's External Relations) ....................... 64

അധ്യായം 5
കോൺഗ്രസ് വ്യവസ്ഥ: വെല്ലുവിളികളും പുനസ്ഥാപനവും
(Challenges to and Restoration of the Congress System) ........................... 82

അധ്യായം 6
ജനാധിപത്യക്രമത്തിന്റെ പ്രതിസന്ധി
(The Crisis of Democratic Order) ...................................................... 102

അധ്യായം 7
(ജനകീയപ്രസ്ഥാനങ്ങളുടെ ആവിർഭാവം)
Rise of Popular Movements ............................................................ 128

അധ്യായം 8
പ്രാദേശിക അഭിലാഷങ്ങൾ
(Regional Aspirations) ................................................................... 148

അധ്യായം 9
ഇന്ത്യൻ രാഷ്ട്രീയത്തിലെ സമകാലിക സംഭവവികാസങ്ങൾ
(Recent Developments in Indian Politics) ............................................. 172

പദാവലി ........................................................................................ 172



Credit: Sunil Janah

1947 ൽ കൊൽക്കത്തയിൽ ഹിന്ദുക്കളും മുസ്‌ലിങ്ങളും സംയുക്തമായി ഇന്ത്യയുടേയും പാകിസ്ഥാന്റെയും പതാകകൾ ഉയർത്തിക്കൊണ്ട് വർഗീയകലാപത്തിന് അന്ത്യം കുറിക്കുന്നു. നഗരത്തിൽ റോന്തു ചുറ്റിയ ട്രക്കിനുമുകളിലാണ് അവർ പതാകകൾ ഉയർത്തിയത്. ഇന്ത്യയുടേയും പാകിസ്ഥാന്റെയും സ്വാതന്ത്ര്യത്തിന്റെ ആഹ്ലാദവും വിഭജനത്തിന്റെ ആഘാതവും ഈ ഫോട്ടോയിൽ ഒപ്പിയെടുത്തിട്ടുണ്ട്.

**ഈ അധ്യായത്തിൽ...**

സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ ഏതാനും വർഷങ്ങൾ മുഴുവൻ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. ഇവയിൽ ഏറ്റവും അടിയന്തര പ്രാധാന്യമുള്ളത് ഇന്ത്യയുടെ ദേശീയ ഐക്യവും ഭൂമിശാസ്ത്രപരവുമായ അഖണ്ഡതയുമായി ബന്ധപ്പെട്ടതായിരുന്നു. 1947-നു ശേഷമുള്ള ആദ്യപതിറ്റാണ്ടിൽ രാഷ്ട്രനിർമാണത്തിന്റെ വെല്ലുവിളികളെ എങ്ങനെ വിജയകരമായി നേരിട്ടുവെന്ന് പരിശോധിച്ചുകൊണ്ടാണ് ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധി മുതലുള്ള രാഷ്ട്രീയ കഥ നമ്മൾ ആരംഭിക്കുന്നത്.

- വിഭജനത്തോടൊപ്പമാണ് നമുക്ക് സ്വാതന്ത്ര്യം ലഭിച്ചത്. വലിയ തോതിലുള്ള അക്രമങ്ങൾക്കും കുടിയൊഴിപ്പിക്കലിനും ഇത് കാരണമാകുകയും മതേതര ഇന്ത്യ എന്ന ആശയത്തിനുതന്നെ വെല്ലുവിളിയുയർത്തുകയും ചെയ്തു.
- നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ സംയോജിപ്പിക്കുന്നതിന് അടിയന്തര മാർഗങ്ങൾ കണ്ടെത്തണമായിരുന്നു.
- വിഭിന്ന ഭാഷകൾ സംസാരിക്കുന്ന ജനങ്ങളുടെ അഭിലാഷങ്ങളെ അഭിസംബോധന ചെയ്യുന്നതിനായി രാജ്യത്തിന്റെ ആഭ്യന്തര അതിർത്തികൾ പുനർനിർണയിക്കേണ്ടതുണ്ടായിരുന്നു.

അടുത്ത രണ്ട് അധ്യായങ്ങളിൽ, രാഷ്ട്രം ഈ ആദ്യഘട്ടത്തിൽ നേരിട്ട മറ്റു രണ്ടു വെല്ലുവിളികളെ നമ്മൾ പരിശോധിക്കും.

അദ്ധ്യായം 1

K3Z3G4

# രാഷ്ട്രനിർമാണത്തിലെ വെല്ലുവിളികൾ (CHALLENGES OF NATION BUILDING)

## പുതിയരാഷ്ട്രത്തിന്റെ വെല്ലുവിളികൾ (Challenges for the new nation)

1947 ആഗസ്റ്റ് 14-15 അർദ്ധരാത്രിയിൽ ഇന്ത്യ സ്വതന്ത്രമായി. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു, ആ രാത്രിയിൽ ഭരണഘടന നിർമാണസഭയുടെ ഒരു പ്രത്യേക സമ്മേളനത്തെ അഭിസംബോധന ചെയ്യുകയുണ്ടായി. ഇതാണ് നിങ്ങൾക്ക് പരിചിതമായ 'വിധിയുമായുള്ള കൂടിക്കാഴ്ച' എന്ന സുപ്രസിദ്ധമായ പ്രസംഗം.

ഈ ഒരു അനർഘ നിമിഷത്തിനുവേണ്ടിയായിരുന്നു നമ്മൾ ഇന്ത്യാക്കാർ കാത്തിരുന്നത്. നമ്മുടെ ദേശീയ പ്രസ്ഥാനത്തിൽ നിരവധി അഭിപ്രായധാരകൾ ഉണ്ടായിരുന്നുവെന്ന് നിങ്ങൾ ചരിത്രപാഠപുസ്തകത്തിൽ വായിച്ചിട്ടുണ്ടല്ലോ. പക്ഷേ, എല്ലാവരും അനുകൂലിച്ച രണ്ടു ലക്ഷ്യങ്ങളുണ്ടായിരുന്നു. അതിൽ ഒന്നാമത്തേത് സ്വാതന്ത്ര്യാനന്തരം ജനാധിപത്യ ഗവൺമെന്റിലൂടെയായിരിക്കും നമ്മുടെ രാഷ്ട്രത്തെ നയിക്കുക എന്നതായിരുന്നു. രണ്ടാമത്തേത് എല്ലാവരുടെയും, പ്രത്യേകിച്ച്, ദരിദ്രരുടെയും സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെയും നന്മയ്ക്കുവേണ്ടിയായിരിക്കും ഈ ഗവൺമെന്റ് പ്രവർത്തിക്കേണ്ടത് എന്നതുമായിരുന്നു. ഇപ്പോൾ രാഷ്ട്രം സ്വതന്ത്രമായിരിക്കുന്ന സന്ദർഭത്തിൽ സ്വാതന്ത്ര്യത്തിന്റെ വാഗ്ദാനങ്ങൾ സാക്ഷാത്കരിക്കേണ്ട സമയം സമാഗതമായിരിക്കുന്നു.

അതത്ര എളുപ്പമായിരുന്നില്ല. വളരെ ബുദ്ധിമുട്ടേറിയ ഒരു സാഹചര്യത്തിലായിരുന്നു ഇന്ത്യ പിറന്നുവീണത്. ഒരുപക്ഷേ അതുവരെ പിറവികൊണ്ട മറ്റൊരു രാജ്യവും നേരിടേണ്ടിവന്നിട്ടില്ലാത്ത പ്രശ്നസങ്കീർണമായ അവസ്ഥയിലായിരുന്നു 1947-ൽ ഇന്ത്യയുടെ ജനനം. രാജ്യത്തിന്റെ വിഭജനത്തോടൊപ്പമാണ് നമുക്ക് സ്വാതന്ത്ര്യം ലഭിക്കുന്നത്. അഭൂതപൂർവമായ അക്രമങ്ങളുടെയും പലായനം സൃഷ്ടിച്ച ആഘാതങ്ങളുടെയും വർഷമായിരുന്നു 1947. ഈ സാഹചര്യത്തിലാണ് സ്വതന്ത്ര ഇന്ത്യ അതിന്റെ നിരവധിയായ ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള പ്രയാണം ആരംഭിച്ചത്. എന്നിരുന്നാലും സ്വാതന്ത്ര്യത്തോടൊപ്പമുണ്ടായ അനിശ്ചിതാവസ്ഥയിലും പുതിയ രാഷ്ട്രം നേരിടുന്ന ബഹുവിധമായ വെല്ലുവിളികളെക്കുറിച്ചുള്ള ഉൾക്കാഴ്ച നമ്മുടെ നേതാക്കന്മാർക്ക് നഷ്ടപ്പെട്ടിരുന്നില്ല.



Credit:PIB

1947 ആഗസ്റ്റ് 15-ന് പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ചെങ്കോട്ടയിൽ ജനങ്ങളെ അഭിസംബോധന ചെയ്യുന്നു.



The Hindustan Times

LARGEST CIRCULATION IN NORTHERN, NORTH-WESTERN AND CENTRAL INDIA

VOL. XXIV. NO. 138 — NEW DELHI: SATURDAY, JULY 19, 1947. — PRICE TWO ANNAS

# END OF 200-YEAR-OLD BRITISH RULE IN INDIA

## ROYAL ASSENT TO INDEPENDENCE BILL

BRIEF BUT COLOURFUL CEREMONY IN LORDS

## Two Dominions Created

LONDON, July 18.—Precisely at 10.40 a.m. G.M.T. today (4.10 p.m. I.S.T.) the great new Dominions of India and Pakistan were born and the 400,000,000 people of India came into their inheritance of full political freedom, when in the House of Lords, a Royal Commission of Peers with ceremony and ritual dating back to William the Conqueror's time, announced the Royal Assent to the Indian Independence Bill.

The ceremony which transferred Britain's 200-year-old responsibility for India to the people of that country took barely 15 minutes. The Royal Commission, indeed, within the brief space of time, passed 18 Bills of which the Indian Independence Bill, sandwiched between a penicillin measure and the National Service Act authorising peace-time compulsion, came third.

KING GEORGE VI

ATTLEE

FREE INDIA FLAG

MESSAGE FROM PREMIER

Provisional Govt. For Burma

ANNOUNCEMENT LIKELY NEXT WEEK

Return Of Bollaert To Viet-Nam Welcomed

CONSTITUENT ASSEMBLY

## UNION'S RELATIONSHIP WITH RULERS

PROVISION FOR PROVINCES' JURISDICTION IN STATES

(By Our Special Representative)

NEW DELHI, Friday.—An important clause providing for a province exercising jurisdiction in the legislative, executive or judicial sphere in the territory of an Indian State under an agreement approved by the Federal Government was adopted by the Constituent Assembly today on the recommendation of a representative sub-committee.

The sub-committee consists of Sir B. L. Mitter (Chairman), Sir Alladi Krishnaswami Ayyar, Mr Ismail Chundrigar, Sir A. Ramaswami Mudaliar, Dr. B. R. Ambedkar and Mr K. M. Munshi.

Sir Shafaat Ahmed Khan Dead

SIMLA, July 18.—The death occurred in Simla today of Sir Shafaat Ahmed Khan,

### മൂന്നു വെല്ലുവിളികൾ (Three Challenges)

വിശാലമായ തലത്തിൽ, സ്വതന്ത്ര ഇന്ത്യ മൂന്നുവിധത്തിലുള്ള വെല്ലുവിളികളാണ് നേരിട്ടത്. ഒന്നാമത്തേതും ഏറ്റവും അടിയന്തരവുമായ വെല്ലുവിളി നമ്മുടെ സമൂഹത്തിലെ വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്ന ഒരു ഏകീകൃത രാഷ്ട്രത്തിന് രൂപം നൽകുകയെന്നതായിരുന്നു. ഒരു ഭൂഖണ്ഡത്തിന്റെ വലിപ്പത്തോടും വൈവിധ്യത്തോടും കൂടിയ ഒരു രാഷ്ട്രമായിരുന്നു ഇന്ത്യ. അതിന്റെ ജനത വ്യത്യസ്ത ഭാഷകൾ സംസാരിക്കുകയും വ്യത്യസ്തമതങ്ങളും സംസ്കാരങ്ങളും പിന്തുടരുകയും ചെയ്യുന്നു. ഇത്തരത്തിൽ വൈവിധ്യങ്ങൾ നിറഞ്ഞ ഒരു രാഷ്ട്രത്തിന് അധികകാലം നിലനിൽക്കാനാവില്ലെന്ന് അക്കാലത്ത് വ്യാപകമായി വിശ്വസിച്ചിരുന്നു. വിഭജനം എല്ലാവരുടെയും ഭയം അസ്ഥാനത്തല്ലെന്ന് തെളിയിക്കുന്നതായി തോന്നിച്ചു. ഇന്ത്യയുടെ ഭാവിയെക്കുറിച്ച് നിരവധി ഗൗരവമുള്ള ചോദ്യങ്ങൾ ഉണ്ടായിരുന്നു. ഒരു ഏകീകൃതരാഷ്ട്രം എന്ന നിലയിൽ ഇന്ത്യ അതിജീവിക്കുമോ? മറ്റുലക്ഷ്യങ്ങളെല്ലാം ബലികഴിച്ചുകൊണ്ട് ദേശീയ ഐക്യത്തിനു മാത്രം പ്രാധാന്യം നൽകി ഈ അതിജീവനം സാധ്യമാകുമോ? മറ്റെല്ലാ ലക്ഷ്യങ്ങളും ബലികഴിച്ചുകൊണ്ടായിരിക്കുമോ ദേശീയ ഐക്യത്തിന് ഊന്നൽ നൽകുക? പ്രാദേശികവും ഉപദേശീയവുമായ എല്ലാ സ്വത്വങ്ങളെയും നിരസിക്കുയെന്നതാണോ ഇതുകൊണ്ട് അർഥമാക്കുന്നത്? ഇന്ത്യൻ ഭൂപ്രദേശത്തിന്റെ അഖണ്ഡത എങ്ങനെ കൈവരിക്കാം എന്നതായിരുന്നു അടിയന്തരമായി പരിഹാരം കാണേണ്ട ചോദ്യം.

“നാളെ നമ്മൾ ബ്രിട്ടീഷ് അധിനിവേശത്തിന്റെ അടിമത്തത്തിൽ നിന്നും മോചിതരാകും. പക്ഷേ ഈ അർദ്ധരാത്രിയിൽ ഇന്ത്യ വിഭജിക്കപ്പെടും. അതുകൊണ്ട് നാളത്തെ ദിവസം ആഹ്ലാദത്തിന്റെ എന്നതുപോലെ കഠിനമായ ദുഃഖത്തിന്റേതുമാണ്.”

മഹാത്മാഗാന്ധി, 1947, ആഗസ്റ്റ് 14, കൊൽക്കത്ത

രണ്ടാമത്തെ വെല്ലുവിളി ജനാധിപത്യം സ്ഥാപിക്കുകയെന്നതായിരുന്നു ഇന്ത്യൻ ഭരണഘടന. ഇതിനകം തന്നെ നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. ഭരണഘടന എല്ലാ പൗരന്മാർക്കും മൗലികാവകാശങ്ങൾ ഉറപ്പാക്കുകയും അതുപോലെ എല്ലാവർക്കും വോട്ടവകാശം നൽകുകയും ചെയ്തിരിക്കുന്നുവെന്ന് നിങ്ങൾക്കറിയാ

മല്ലോ. പാർലമെന്ററി ഗവൺമെന്റിന്റെ അടിസ്ഥാനത്തിലുള്ള പ്രാതിനിത്യജനാധിപത്യ സമ്പ്രദായമാണ് ഇന്ത്യ സ്വീകരിച്ചത്. ഈ സവിശേഷതകൾ രാഷ്ട്രീയമത്സരം ഒരു ജനാധിപത്യ ചട്ടക്കൂടിനുള്ളിൽ നടക്കുമെന്ന് ഉറപ്പാക്കി. ഒരു ജനാധിപത്യഭരണഘടന അവശ്യഘടകമായിരിക്കുമ്പോൾതന്നെ ജനാധിപത്യം ഉറപ്പാക്കുന്നതിന് അതുമാത്രം മതിയാകില്ല. ഭരണഘടനയ്ക്കനുസൃതമായി ജനാധിപത്യ പ്രവർത്തനങ്ങൾ വികസിപ്പിക്കുക എന്നതായിരുന്നു വെല്ലുവിളി.

ചില വിഭാഗങ്ങളിലേയ്ക്ക് മാത്രം ചുരുങ്ങിപോകാതെ വികസനവും ക്ഷേമവും മുഴുവൻ സമൂഹത്തിനും ഉറപ്പുവരുത്തുക എന്നുള്ളതായിരുന്നു മൂന്നാമത്തെ വെല്ലുവിളി. അതിലുപരിയായി ഭരണഘടന, സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും മതപരവും സാംസ്കാരികവുമായ സമുദായങ്ങൾക്കും തുല്യതയും പ്രത്യേക സംരക്ഷണവും എന്ന തത്ത്വത്തിന് അടിത്തറയിട്ടു. കൂടാതെ, ജനാധിപത്യരാഷ്ട്രീയം തീർച്ചയായും കൈവരിക്കേണ്ട ക്ഷേമലക്ഷ്യങ്ങളെ ഭരണഘടനയിലെ രാഷ്ട്രനയത്തിന്റെ നിർദേശകതത്ത്വങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അപ്പോൾ യഥാർഥ വെല്ലുവിളി ദാരിദ്ര്യനിർമാർജനത്തിനും സാമ്പത്തികവികസനത്തിനും വേണ്ട ഫലപ്രദമായ നയരൂപീകരണം നടത്തുക എന്നതായിരുന്നു.



എന്തിക്കെപ്പോഴും ഒരു ടൈംമെഷിൻ ആവശ്യമുണ്ട്. അങ്ങനെ എനിക്ക് പിന്നിലേക്ക് പോയി 1947 ആഗസ്റ്റ് 15 ലെ ആഘോഷങ്ങളിൽ പങ്കെടുക്കാൻ കഴിയുമല്ലോ. പക്ഷേ ഇവിടെ കാര്യങ്ങൾ ഞാൻ ചിന്തിച്ചിരുന്നതിൽ നിന്നും വ്യത്യസ്തമായി കാണപ്പെടുന്നു.

എങ്ങനെയാണ് സ്വതന്ത്ര ഇന്ത്യ ഈ വെല്ലുവിളികളോട് പ്രതികരിച്ചത്? ഭരണഘടന മുന്നോട്ടുവച്ച വിവിധലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ഇന്ത്യ എത്രത്തോളം വിജയം കൈവരിച്ചു? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കണ്ടെത്താനുള്ള പരിശ്രമമാണ് ഈ പുസ്തകത്തിലുടനീളം നടത്തുന്നത്. സ്വാതന്ത്ര്യലബ്ധി മുതലുള്ള ഇന്ത്യൻ രാഷ്ട്രയത്തിന്റെ കഥ പറഞ്ഞുതന്നുകൊണ്ട് ഇത്തരം വലിയ ചോദ്യങ്ങൾക്ക് നിങ്ങളുടെതായ ഉത്തരം കണ്ടെത്താൻ ഈ പുസ്തകം നിങ്ങളെ പ്രാപ്തരാക്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന മൂന്ന് വെല്ലുവിളികളെ സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള ആദ്യവർഷങ്ങളിൽ എങ്ങനെ നേരിട്ടുവെന്നാണ് ആദ്യ മൂന്ന് അധ്യായങ്ങളിൽ നാം പരിശോധിക്കുക.

സ്വാതന്ത്ര്യലബ്ധിയുടെ തൊട്ടടുത്ത വർഷങ്ങളിൽ കേന്ദ്രസ്ഥാനത്തുണ്ടായിരുന്ന രാഷ്ട്രനിർമാണത്തിന്റെ വെല്ലുവിളിയിലാണ് ഈ അധ്യായം ശ്രദ്ധ ഊന്നിയിട്ടുള്ളത്. സ്വാതന്ത്ര്യലബ്ധിയുടെ സന്ദർഭങ്ങളെ സൃഷ്ടിച്ച സംഭവങ്ങളെ നോക്കിക്കണ്ടുകൊണ്ടാണ് നമ്മൾ ആരംഭിക്കുന്നത്. സ്വാതന്ത്ര്യലബ്ധിയുടെ സമയത്ത് ദേശീയ ഐക്യത്തിന്റെയും സുരക്ഷയുടെയും പ്രശ്നങ്ങൾ പ്രാഥമികമായ വെല്ലുവിളിയായത് എങ്ങനെയെന്നു മനസ്സിലാക്കാൻ ഇത് നമ്മളെ സഹായിക്കും. പങ്കുവയ്ക്കപ്പെട്ട ചരിത്രത്തിന്റെയും പൊതുഭാഗധേയത്തിന്റെയും അടിസ്ഥാനത്തിൽ ഏകീകൃതരാഷ്ട്രത്തിന് ഇന്ത്യ സ്വയം രൂപം നൽകിയതെങ്ങനെയെന്നു ഇതിനുശേഷം നമുക്ക് കാണാം. ഈ ഐക്യം വിവിധ മേഖലകളിലെ ജനങ്ങളുടെ അഭിലാഷങ്ങളെയും പ്രതിഫലിപ്പിക്കുന്നതും അതുപോലെതന്നെ വിവിധ പ്രദേശങ്ങൾക്കിടയിലും വിവിധ ജനവിഭാഗങ്ങൾക്കിടയിലും നിലനിൽക്കുന്ന അസമത്വത്തെ ഫലപ്രദമായി നേരിടുകയും ചെയ്യുന്നവിധത്തിൽ ആയിരിക്കണമായിരുന്നു. ഒരു ജനാധിപത്യ വ്യവസ്ഥാ സ്ഥാപനത്തിന്റെയും സമത്വത്തിന്റെയും നീതിയുടെയും അടിസ്ഥാനത്തിലുള്ള സാമ്പത്തികവികാസം കൈവരിക്കേണ്ടതിന്റെയും വെല്ലുവിളികളാണ് അടുത്ത രണ്ടു അധ്യായങ്ങളിൽ നമ്മൾ പഠിക്കുന്നത്.




1950 ജനുവരി 26-ലെ ആദ്യ റിപ്പബ്ലിക് ദിനസ്മരണാർഥമാണ് 1950-ൽ ഈ മൂന്ന് സ്റ്റാമ്പുകളും ഇറക്കിയത്. ഈ സ്റ്റാമ്പുകളിലെ ചിത്രങ്ങൾ പുതിയ റിപ്പബ്ലിക്ക് നേരിട്ട വെല്ലുവിളികളെകുറിച്ച് നിങ്ങൾക്കെന്ത് പറഞ്ഞുതരുന്നു? 1950-ൽ ഈ സ്റ്റാമ്പ് രൂപകൽപന ചെയ്യാൻ നിങ്ങളോട് പറഞ്ഞിരുന്നുവെങ്കിൽ ഏതൊക്കെ ചിത്രങ്ങളായിരിക്കും നിങ്ങൾ തെരഞ്ഞെടുക്കുന്നത്?


FUTURE CORRESPONDENCE ABOUT
AARIF-UL-QURAN
please be made at the following address:—
lisher, MAARIF-UL-QURAN,
C/o Mr. PARVEZ
HOME DEPARTMENT
GOVERNMENT OF PAKISTAN
KARACHI

Dawn
Founded By QAED-E-AZAM MOHAMMAD ALI JINNAH
Edited by ALTAF H. SA...

WHILE IN KARACHI
VISIT
MANCHESTER HOUSE
TAILORS
The Authority on Style & Clothes
(Sherwani Specialists)
Phone: 7331
ELPHINSTONE STREET
KARACHI

AED-E-AZAM'S TRIBUTE TO BRITISH PEOPLE

bsolute Transfer Of Power
Unknown In World History

AKISTAN TO MAINTAIN FRIENDSHIP
WITH BRITAIN AND HINDUSTAN

NNAH'S SPEECH AT STATE DINNER
TO LORD & LADY MOUNTBATTEN

KARACHI, Wednesday.
WILL BE OUR ENDEAVOUR TO CREATE AND MAINTAIN GOODWILL AND FRIENDSHIP WITH ...TAIN AND OUR NEIGHBOURING DOMINION—HINDUSTAN —ALONG WITH OTHER SISTER ... SO THAT WE ALL TOGETHER MAY MAKE OUR GREATEST CONTRIBUTION FOR THE ...D PROSPERITY OF THE WORLD", SAID QAED-E-AZAM JINNAH IN PROPOSING A TOAST ...JESTY THE KING AT THE STATE DINNER GIVEN BY HIM IN HONOUR OF THE VISIT OF ... AND LADY MOUNTBATTEN.



## സ്വാതന്ത്ര്യത്തിന്റെ പ്രഭാതം

*ഫായിസ് അഹമ്മദ് ഫായിസ്*

**നമ്മൾ നീണ്ടനാളുകളായി ഒരു സൂര്യോദയത്തിനുള്ള കാത്തിരിപ്പിലായിരുന്നു**
**പക്ഷെ അതൊരിക്കലും ഈ നിറംകെട്ട, ഇരുൾ വിഴുങ്ങിയ പ്രഭാതമായിരുന്നില്ല.**
**ആകാശത്തിന്റെ അനന്തതയിൽ, എവിടെയെങ്കിലും എപ്പോഴെങ്കിലും ലക്ഷ്യസ്ഥാനത്തെ**
**നക്ഷത്രങ്ങളെ കണ്ടെത്താമെന്ന പ്രതീക്ഷയിലാണ് നമ്മൾ യാത്ര തുടങ്ങിയത്.**
**പക്ഷേ കൂട്ടുകാരെ നമ്മൾ ആഗ്രഹിച്ച പ്രഭാതം ഒരിക്കലും ഇതായിരുന്നില്ല.**
**എങ്കിലും രാത്രിയുടെ ക്ഷിണിതമായ തിരകൾക്ക് ഏതെങ്കിലും തീരം കണ്ടെത്തുകവേണം.**
**ഈ വ്രണിത ഹൃദയത്തിന്റെ തോണിക്ക് ഏതെങ്കിലും തീരത്തണഞ്ഞെ മതിയാവൂ.**

**ഫായിസ് അഹമ്മദ് ഫായിസ് (1911–1984):**

സിയാൽകോട്ടിൽ ജനനം, വിഭജനത്തിനുശേഷം പാകിസ്ഥാനിൽ ജീവിച്ചു. ഇടത് രാഷ്ട്രീയ ആഭിമുഖ്യം പ്രകടിപ്പിച്ചു. അദ്ദേഹം പാകിസ്ഥാൻ ഭരണകൂടത്തെ എതിർക്കുകയും ജയിലിലാകുകയും ചെയ്തു. അദ്ദേഹത്തിന്റെ കവിതാസമാഹാരങ്ങളിൽ നക്ഷേ-ഇ-ഫരിയാദി, ദാസ്ത്-ഇ-സാബ, സിൻദാൻ-നാമ തുടങ്ങിയവ ഉൾപ്പെടുന്നു. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വിശ്രുതരായ ദക്ഷിണേഷ്യൻ കവികളിൽ ഒരാളായി കണക്കാക്കപ്പെടുന്നു.



നാം ആ മനോഭാവത്തിൽ പ്രവർത്തിക്കുവാൻ തുടങ്ങുകയും കാലക്രമേണ ഭൂരിപക്ഷ-ന്യൂനപക്ഷ സമുദായങ്ങൾ തമ്മിലുള്ള, അതായത് ഹിന്ദുക്കളും മുസ്ലിങ്ങളും തമ്മിലുള്ള പാരുഷ്യം അപ്രത്യക്ഷമാവുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ മുസ്ലിങ്ങൾ എന്നു വിശേഷിപ്പിക്കപ്പെടുമ്പോഴും നിങ്ങൾക്കിടയിൽ പത്താൻകാരും, പഞ്ചാബികളും, ഷിയകളും സുന്നികളും അങ്ങനെ പലരുമുണ്ട്. അതുപോലെ ഹിന്ദുക്കളുടെ ഇടയിൽ, ബ്രാഹ്മണർ, വൈഷ്ണവർ, ഖത്രികൾ, ബംഗാളികൾ, മദ്രാസികൾ അങ്ങനെ പലരും. നിങ്ങൾ സ്വതന്ത്രരാണ്, നിങ്ങൾക്ക് നിങ്ങളുടെ ക്ഷേത്രത്തിൽ പോകാനുള്ള സ്വാതന്ത്ര്യമുണ്ട്. നിങ്ങൾക്ക് പള്ളിയിലേക്കോ അല്ലെങ്കിൽ പാകിസ്ഥാനിലെ ഏത് ആരാധനസ്ഥലത്തേക്കോ പോകാനുള്ള സ്വതന്ത്ര്യമുണ്ട്. നിങ്ങൾ ഏത് മതത്തിലോ, ജാതിയിലോ, വിശ്വാസത്തിലോ പെട്ടവരാകട്ടെ അതൊന്നും രാഷ്ട്രത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടവയല്ല.

**മുഹമ്മദ് അലി ജിന്ന 1947 ആഗസ്റ്റ് 11 ന് കറാച്ചിയിലെ പാകിസ്ഥാൻ ഭരണഘടന നിർമ്മാണ സഭയിൽ നടത്തിയ അധ്യക്ഷ പ്രസംഗം.**



The Times of India

ESTABLISHED 1838

NO. 195. VOL. CIX. BOMBAY: FRIDAY, AUGUST 15, 1947 PRICE TWO ANNAS

# BIRTH OF INDIA'S FREEDOM

## NATION WAKES TO NEW LIFE

### Mr. Nehru Calls For Big Effort From People

### "INCESSANT STRIVING TASK OF FUTURE"

### Assembly Members Take Solemn Pledge

WILD SCENES OF JUBILATION IN DELHI

From Our Special Representative

NEW DELHI, AUGUST 14.

ENTIRE DELHI KEPT AWAKE TO WITNESS THE HISTORIC EVENT OF USHERING IN THE FREEDOM OF INDIA AT THE HOUR OF MIDNIGHT.

*Unprecedented scenes of enthusiasm were witnessed both inside and outside the Constituent Assembly Chamber, where seething, surging humanity wildly cheered the momentous ... heralded with the ...*

Pandit Nehru

NEW CABINET OF INDIA

Fourteen Members

PANDIT NEHRU TO BE PREMIER

NEW DELHI, August 14.

The new Cabinet of India, which will function from August 15, announced to-night, will consist of the following:

## STATE VISIT TO KARACHI

## LORD MOUNTBATTEN GREETS PAKISTAN

### Mr. Jinnah Re-Affirms Firm Friendship With Britain

From Our Staff Correspondent.

## FRENZIED ENTHUSIASM IN BOMBAY

### Crowds In Festive Mood

THE national flag was hoisted over the 74-year-old Bombay Civil Secretariat at midnight when the citizens of Bombay greeted the dawn of independence with solemn invocation and frenzied rejoicing.

"Citizens of free India—you are now free",—said the Prime Minister, Mr. B. G. Kher, in raising the flag at the midnight ceremony, which was attended by all Ministers and departmental heads and employees of the Bombay Government.

"MAY BOMBAY PROSPER"

Governor's Message

GOOD WISHES TO FREE INDIA

Sir John Colville, Governor of Bombay, has sent greetings to the people of Bombay Province on the occasion of India's emergence as a full-fledged Dominion.

**ഞാൻ ഇന്ന് വാരിസ് ഷായെ വിളിക്കുന്നു**

*അമൃത പ്രീതം*

ഓ വാരിസ് ഷാ നിന്റെ ശവകുടീരത്തിൽ നിന്നും സംസാരിക്കൂ
സ്നേഹപുസ്തകത്തിന്റെ അടുത്ത താള് മറിക്കൂ
ഒരിക്കൽ പഞ്ചാബിന്റെ പുത്രിയുടെ തേങ്ങലിൽനിന്നും
നീ ഒരു വിലാപകാവ്യംതന്നെ സൃഷ്ടിച്ചു
ഇന്നു ലക്ഷോപലക്ഷം പുത്രിമാർ നിന്നെ വിളിച്ചുകേഴുന്നു, വാരിസ് ഷാ
ഉണരൂ, ദു:ഖിതരുടെ ആഖ്യാതാവേ, ഉണർന്നെഴുന്നേറ്റ് നിന്റെ പഞ്ചാബിനെ നോക്കൂ
ഇന്നു വയലുകളിൽ ശവങ്ങൾ നിരനിരയായിക്കിടക്കുന്നു. ചിനാബിലൂടെ രക്തം ഒഴുകുന്നു
ആരൊക്കെയോ പഞ്ചനദികളിൽ വിഷം കലക്കിയിരിക്കുന്നു
അവയുടെ ചാവ് ജലംകൊണ്ട് നമ്മുടെ ഭൂമി നിറഞ്ഞിരിക്കുന്നു
ആർദ്രമായ ഈ ഭൂമിയുടെ സുഷിരങ്ങളിൽനിന്നും വിഷം പൊട്ടിയൊലിക്കുന്നു
മുറിവുകളിൽ നിന്നുയർന്ന നിലവിളികൾ ആകാശത്തെ ചുവപ്പിച്ചിരിക്കുന്നു
വന്യതയുടെ ആഴങ്ങളിൽ നിന്നുയർന്നുപൊങ്ങുന്ന
വിഷക്കാറ്റിന്റെ അലർച്ചയിൽ മുളന്തണ്ടുകൾ ഭായനക സർപ്പങ്ങളാകുന്നു.



**അമൃത പ്രീതം (1919–2005):** വിഖ്യാത പഞ്ചാബി കവയത്രിയും എഴുത്തുകാരിയും. സാഹിത്യ അക്കാദമി പുരസ്കാരം, പത്മശ്രീ, ജ്ഞാനപീഠം എന്നിവ ലഭിച്ചിട്ടുണ്ട്. വിഭജനത്തിനുശേഷം ഡൽഹിയെ സ്വന്തം സ്ഥലമായി കരുതി താമസമാക്കി. മരണം വരെ അവർ പഞ്ചാബി മാസികയായ 'നാഗമനി' യിൽ സജീവമായി എഴുതുകയും അതിന്റെ എഡിറ്റിംഗ് നിർവഹിക്കുകയും ചെയ്തു.



നമുക്കൊരു മുസ്ലിം ന്യൂനപക്ഷമുണ്ട്, മറ്റെങ്ങോട്ടെങ്കിലും പോകണമെന്നു അവർ ആഗ്രഹിച്ചാൽ പോലും കഴിയാത്ത രീതിയിൽ അവരുടെ എണ്ണം അത്രക്ക് വലുതാണ്. യാതൊരു തർക്കത്തിനും ഇടയില്ലാത്ത തരത്തിലുള്ള അടിസ്ഥാന വസ്തുതയാണത്. പാകിസ്ഥാനിൽ നിന്നും എന്തൊക്കെ പ്രകോപനം ഉണ്ടായാലും എന്തൊക്കെ അവമതിയും ക്രൂരതയും അവിടുത്തെ അമുസ്ലീങ്ങളോട് കാട്ടിയാലും ഈ ന്യൂനപക്ഷത്തോടുള്ള നമ്മുടെ പെരുമാറ്റം തികച്ചും അന്തസ്സുറ്റതായിരിക്കണം. നാം അവർക്ക് സംരക്ഷണം നൽകുകയും ഒരു ജനാധിപത്യ രാഷ്ട്രത്തിലെ പൗരൻമാർക്കുള്ള എല്ലാ അവകാശങ്ങളും ലഭ്യമാക്കുകയും വേണം. അങ്ങനെ പ്രവർത്തിക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടാൽ അതൊരു ഉണങ്ങാത്ത വ്രണമായി മാറുകയും മുഴുവൻ രാഷ്ട്രീയ ശരീരത്തെയും വിഷലിപ്തമാക്കുകയും ചിലപ്പോൾ അതിനെതന്നെ നശിപ്പിക്കുകയും ചെയ്യും.

**ജവഹർലാൽ നെഹ്റു, മുഖ്യമന്ത്രിമാർക്കുള്ള കത്ത്, 1947 ഒക്ടോബർ 15.**

## വിഭജനം: പുറത്താക്കലും പുനരധിവാസവും
## (Partition: Displacement and Rehabilitation)

1947 ആഗസ്റ്റ് 14–15–ന്, ഒന്നല്ല രണ്ടു രാഷ്ട്രങ്ങളാണ് നിലവിൽവന്നത് - ഇന്ത്യയും പാകിസ്ഥാനും. ബ്രിട്ടീഷിന്ത്യയെ ഇന്ത്യ എന്നും പാകിസ്ഥാനെന്നും രണ്ടായി മുറിച്ച 'വിഭജന'ത്തിന്റെ അനന്തരഫലമായിരുന്നു ഇത്. രണ്ടു രാജ്യങ്ങളെയും വേർതിരിക്കുന്ന ഭൂമിശാസ്ത്രപരമായ അതിർത്തി നിർണയം, നിങ്ങൾ ചരിത്ര പാഠപുസ്തകത്തിൽ പഠിച്ചതുപോലെ, രാഷ്ട്രീയ സംഭവവികാസങ്ങളുടെ മൂർദ്ധന്യാവസ്ഥയെ അടയാളപ്പെടുത്തുന്നു. ഹിന്ദു, മുസ്‌ലിം എന്നിങ്ങനെയുള്ള രണ്ടു 'ജനത'യാണ് മുസ്‌ലിം ലീഗ് മുന്നോട്ടുവച്ച ദ്വിരാഷ്ട്രസിദ്ധാന്തം അനുസരിച്ച് ഇന്ത്യൻ ജനത. അതുകൊണ്ടുതന്നെ ലീഗ് മുസ്‌ലിംങ്ങൾക്കായി പാകിസ്ഥാൻ എന്ന പ്രത്യേകരാഷ്ട്രം ആവശ്യപ്പെട്ടു. ദ്വിരാഷ്ട്രസിദ്ധാന്തത്തെയും പാകിസ്ഥാൻ രൂപീകരണവാദത്തെയും കോൺഗ്രസ് ശക്തമായി എതിർത്തു. പക്ഷേ 1940–കളിലെ നിരവധി രാഷ്ട്രീയ സംഭവവികാസങ്ങളും മുസ്‌ലിം ലീഗും കോൺഗ്രസും തമ്മിലുള്ള രാഷ്ട്രീയമത്സരവും അതോടൊപ്പം ബ്രിട്ടീഷുകാരുടെ പങ്കും പാകിസ്ഥാൻ രൂപീകരണം എന്ന തീരുമാനത്തിലേക്ക് നയിച്ചു.

### വിഭജനപ്രക്രിയ (Process of Partition)

അങ്ങനെ അതുവരെ 'ഇന്ത്യ' എന്നറിയപ്പെട്ട പ്രദേശത്തെ വിഭജിച്ച് 'ഇന്ത്യ' എന്നും 'പാകിസ്ഥാൻ' എന്നും രണ്ടു രാഷ്ട്രങ്ങളാക്കി മാറ്റാൻ തീരുമാനിച്ചു. അങ്ങനെയുള്ള ഒരു വിഭജനം വേദനാജനകമായിരുന്നു എന്നു മാത്രമല്ല അക്കാര്യത്തിൽ തീരുമാനങ്ങളെടുക്കുന്നതും നടപ്പാക്കുന്നതും വളരെ പ്രയാസകരവുമായിരുന്നു. മതഭൂരിപക്ഷം എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിലാണ് വിഭജനം നടത്താൻ തീരുമാനിച്ചത്. മുസ്‌ലിം ഭൂരിപക്ഷപ്രദേശങ്ങൾ സംയോജിപ്പിച്ചായിരിക്കും പാകിസ്ഥാന്റെ രൂപീകരണമെന്നാണ് ഇതുകൊണ്ടർഥമാക്കിയത്. ബാക്കിയുള്ള പ്രദേശങ്ങൾ ഇന്ത്യയുടെ ഭാഗമായിത്തുടരും.

ഈ ആശയം വളരെ ലളിതമായി തോന്നാമെങ്കിലും പ്രയോഗത്തിൽ അത് ഏറെ ബുദ്ധിമുട്ട് നിറഞ്ഞതായിരുന്നു. ഒന്നാമതായി മുസ്‌ലിം ഭൂരിപക്ഷമുള്ള ഒരു ഏകീകൃതമേഖല ബ്രിട്ടീഷ് ഇന്ത്യയിൽ ഉണ്ടായിരുന്നില്ല. കിഴക്കും പടിഞ്ഞാറുമായി രണ്ടു മേഖലകളിലാണ് മുസ്‌ലിങ്ങൾ കൂടുതലും അധിവസിച്ചിരുന്നത്. ഈ രണ്ടു മേഖലകളെയും സംയോജിപ്പിക്കുക അസാധ്യമായിരുന്നു. എങ്കിലും അവസാനം വിശാലമായ ഇന്ത്യൻ ഭൂവിഭാഗത്താൽ വേർതിരിക്കപ്പെട്ട കിഴക്കും പടിഞ്ഞാറുമുള്ള രണ്ടു ഭൂപ്രദേശങ്ങളായി പാകിസ്ഥാൻ രൂപീകരിക്കപ്പെട്ടു. രണ്ടാമതായി എല്ലാ മുസ്‌ലിം ഭൂരിപക്ഷപ്രദേശങ്ങൾക്കും പാകിസ്ഥാനിൽ അംഗമാകാൻ താൽപര്യമില്ലായിരുന്നു. 'അതിർത്തി ഗാന്ധി' എന്നറിയപ്പെടുന്ന വടക്കുപടിഞ്ഞാറൻ അതിർത്തി പ്രവിശ്യയുടെ അനിഷേധ്യനായ നേതാവ് ഖാൻ അബ്ദുൾ ഗാഫർ ഖാൻ ദ്വിരാഷ്ട്രസിദ്ധാന്തത്തെ ശക്തമായി എതിർത്തു. അവസാനം അദ്ദേഹത്തിന്റെ പ്രതിഷേധത്തെ അവഗണിച്ചുകൊണ്ട് വടക്കുപടിഞ്ഞാറൻ അതിർത്തി പ്രവിശ്യയെ (NWFP) പാകിസ്ഥാനോട് കൂട്ടിച്ചേർത്തു.



ഓ, എനിക്കിപ്പോൾ മനസ്സിലായി! പഴയകിഴക്കൻ ബംഗാളാണ് ഇപ്പോഴത്തെ ബംഗ്ലാദേശായി മാറിയത്. അതുകൊണ്ടാണ് നമ്മുടെ ബംഗാളിനെ പശ്ചിമബംഗാൾ എന്നു വിളിക്കുന്നത്.

മൂന്നാമത്തെപ്രശ്നം ബ്രിട്ടീഷ് ഇന്ത്യയിലെ രണ്ടു മുസ്‌ലിം ഭൂരിപക്ഷ പ്രവിശ്യകളായ പഞ്ചാബിലും ബംഗാളിലും അമുസ്‌ലിങ്ങൾക്ക് ഭൂരിപക്ഷമുണ്ടായിരുന്ന വലിയപ്രദേശങ്ങളുണ്ടായിരുന്നു എന്നുള്ളതാണ്. അവസാനം മതഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിലോ അതിന് താഴെതട്ടുകളിലോ ആയി ഈ രണ്ടു പ്രവിശ്യകളെയും വിഭജിക്കാൻ തീരുമാനിച്ചു. ഇങ്ങനെ ഒരു തീരുമാനത്തിലെത്താൻ ആഗസ്റ്റ് 14–15 അർദ്ധരാത്രിയിലും കഴിഞ്ഞിരുന്നില്ല. ഇതിന്റെ അർഥം ഒരു വലിയവിഭാഗം ജനങ്ങൾക്ക് സ്വാതന്ത്ര്യദിനത്തിലും തങ്ങൾ ഇന്ത്യയിലാണോ പാകിസ്ഥാനിലാണോ എന്ന് തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല എന്നതാണ്. ഈ രണ്ടു പ്രവിശ്യകൾ വെട്ടിമുറിച്ചതാണ് വിഭജനത്തിന്റെ ഏറ്റവും ആഴത്തിലുള്ള ആഘാതമായിമാറിയത്.

ഈ പ്രശ്നം തന്നെയാണ് വിഭജനത്തിന്റെ ഏറ്റവും വഴങ്ങാത്തതും നാലമത്തെതുമായ പ്രശനത്തിനു കാരണമായത്. അതിർത്തിയുടെ ഇരുവശങ്ങളിലുമുള്ള 'ന്യൂനപക്ഷങ്ങളുടെ' പ്രശ്നമായിരുന്നു ഇത്. പാകിസ്ഥാന്റെ ഭാഗമായിമാറിയ പ്രദേശത്തുണ്ടായിരുന്ന ലക്ഷകണക്കിന് ഹിന്ദുക്കളും സിഖ്കാരും അതുപോലെ ഇന്ത്യയിലെ പഞ്ചാബിലും ബംഗാളിലുമുണ്ടായിരുന്ന വലിയവിഭാഗം മുസ്ലിങ്ങളും (ഒരു പരിധിവരെ ഡൽഹിയിലും പരിസരപ്രദേശങ്ങളിലും ജീവിച്ചിരുന്നവരും) തങ്ങൾ കെണിയിലകപ്പെട്ടിരിക്കുകയാണെന്ന് മനസ്സിലാക്കി. സ്വന്തം ഭവനത്തിലും നൂറ്റാണ്ടുകളായി തങ്ങളും തങ്ങളുടെ പൂർവികരും ജീവിച്ചുവരുന്ന മണ്ണിലും തങ്ങൾ അനഭിമതരായ വിദേശികളായി മാറിയെന്ന് അവർ തിരിച്ചറിഞ്ഞു. രാജ്യം വിഭജിക്കപ്പെടുമെന്ന് വ്യക്തമായ സന്ദർഭത്തിൽ തന്നെ ഏറ്റവും എളുപ്പത്തിലുള്ള അക്രമലക്ഷ്യമായി ഇരുഭാഗത്തെയും ന്യൂനപക്ഷങ്ങൾ മാറി. ഈ പ്രശ്നത്തിന്റെ വ്യാപ്തി ആരും മുൻകൂട്ടി കണ്ടിരുന്നില്ല. ഇത് ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയും ആരുടെയും കൈവശം ഉണ്ടായിരുന്നില്ല. തുടക്കത്തിൽ ജനങ്ങളും രാഷ്ട്രീയനേതാക്കളും പ്രതീക്ഷിച്ചിരുന്നത് സംഘർഷം താൽക്കാലികമാണെന്നും താമസിയാതെ നിയന്ത്രണവിധേയമാകുമെന്നുമാണ്. പക്ഷേ വളരെപ്പെട്ടെന്നുതന്നെ അക്രമം നിയന്ത്രണാതീതമായി. അതിർത്തിയുടെ ഇരുഭാഗത്തുമുള്ള ന്യൂനപക്ഷങ്ങൾക്ക് തങ്ങളുടെ വീടുകൾ ഉപേക്ഷിക്കുകയല്ലാതെ മറ്റു വഴിയില്ലാതായി, മിക്കപ്പോഴും മണിക്കൂറുകൾക്ക് മുമ്പുമാത്രം ലഭിക്കുന്ന മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ.

### വിഭജനത്തിന്റെ പ്രത്യാഘാതങ്ങൾ (Consequences of Partition)

മനുഷ്യ ചരിത്രത്തിലെ വലുതും ഏറ്റവും ധൃതിപിടിച്ചതും അനാസൂത്രിതവും ദുരന്തപൂർണവുമായ മനുഷ്യകൈമാറ്റത്തിന് 1947 സാക്ഷ്യംവഹിച്ചു. അതിർത്തിയുടെ ഇരുഭാഗത്തും കൊലപാതകങ്ങളും പൈശാചികതയും അരങ്ങേറി. മതത്തിന്റെ പേരിൽ ഒരു സമുദായത്തിൽപ്പെട്ട ആളുകൾ ഇതര സമുദായക്കാരെ വധിക്കുകയോ അംഗഭംഗം വരുത്തുകയോ ചെയ്തു. ലാഹോർ, കൽക്കട്ട, അമൃത്സർ തുടങ്ങിയ നഗരങ്ങൾ 'സാമുദായിക മേഖലകളായി' വിഭജിക്കപ്പെട്ടു. ഹിന്ദു



Credit: DPA

1947-ൽ 'അഭയാർഥികൾ' നിറഞ്ഞ ട്രെയിൻ

**വൈകിപ്പോയ ആതിഥേയത്വം**

**സാദത് ഹസ്സൻ മന്റോ**

കലാപകാരികൾ ഓടിക്കൊണ്ടിരുന്ന ട്രെയിൻ തടഞ്ഞുനിർത്തി. ഇതര സമുദായക്കാരായ ആളുകളെ വലിച്ചിറക്കി വാളും തോക്കും കൊണ്ട് കൊന്നുകളഞ്ഞു.

മറ്റുള്ള യാത്രക്കാരെ ഹൽവയും, പഴങ്ങളും പാലും നൽകി സ്വീകരിച്ചു.

പ്രധാന സംഘാടകൻ പറഞ്ഞു 'സഹോദരീ, സഹോദരൻമാരെ, ഈ ട്രെയിൻ എത്തുന്ന വിവരം വൈകിയാണറിഞ്ഞത്. അതുകൊണ്ട് തന്നെ ഞങ്ങൾ ആഗ്രഹിച്ച രീതിയിൽ വലിയൊരു സ്വീകരണം നിങ്ങൾക്ക് തരുവാൻ കഴിഞ്ഞില്ല.

**ഉറവിടം കദ്രെ - നഫ്സി എന്ന ഉർദു കഥയുടെ വിവർത്തനം.**

ക്കളും സിഖ്കാരും ഭൂരിപക്ഷമമായി അധിവസിക്കുന്ന സ്ഥലങ്ങളിൽ പോകുന്നത് മുസ്‌ലിങ്ങൾ ഒഴിവാക്കി, അതുപോലെ മുസ്‌ലിങ്ങൾക്ക് പ്രാമുഖ്യമുണ്ടായിരുന്ന മേഖലകളിൽനിന്നു സിഖുകാരും ഹിന്ദുക്കളും അകലം പാലിച്ചുപോന്നു.

സ്വന്തം നാടുകളുപേക്ഷിക്കാൻ നിർബന്ധിതരായി അതിർത്തിക്കപ്പുറത്തേക്ക് നീങ്ങാൻ വിധിക്കപ്പെട്ട ജനങ്ങളുടെ ദുരിതങ്ങൾ വിവരണാതീതമായിരുന്നു. സ്വന്തം വാസസ്ഥാനം ഉപേക്ഷിച്ചും പലായനം ചെയ്യാൻ നിർബന്ധിതരായ അതിർത്തിക്കിരുവശത്തെയും ന്യൂനപക്ഷങ്ങൾ 'അഭയാർഥിക്യാമ്പുകളി'ലെ താൽക്കാലിക പാർപ്പിടങ്ങളിൽ അഭയംതേടി. അടുത്തകാലംവരെ സ്വന്തം രാഷ്ട്രമായിരുന്ന പ്രദേശത്തെ ഭരണകൂടവും പോലീസും ഒന്നും ചെയ്യാനാകാതെ നിസ്സാഹയരാകുന്നത് അവർക്ക് കാണേണ്ടിവന്നു. അതിർത്തിയുടെ മറുവശത്തേക്ക് പോകാനായി എല്ലാമാർഗങ്ങളും ഉപയോഗിച്ച അവർക്ക് മിക്കപ്പോഴും ആശ്രയം കാൽനടയായിരുന്നു. ഈ യാത്രക്കിടയിലും അവർ അക്രമത്തിനും കൊലപാതകത്തിനും മാനഭംഗത്തിനുമൊക്കെ വിധേയരായി. അതിർത്തിയുടെ ഇരുഭാഗങ്ങളിലുമുള്ള ആയിരക്കണക്കിനു സ്ത്രീകൾ അപഹരിക്കപ്പെട്ടു. അവരെ അപഹർത്താവിന്റെ മതത്തിലേക്ക് പരിവർത്തനം ചെയ്യുകയും നിർബന്ധിത വിവാഹത്തിന് വിധേയരാക്കുകയും ചെയ്തു. പല സംഭവങ്ങളിലും 'കുടുംബത്തിന്റെ മാനം' കാക്കാനായി കുടുംബാംഗങ്ങൾ തന്നെ സ്ത്രീകളെ വധിച്ചു. നിരവധി കുട്ടികൾക്ക് അവരുടെ മാതാപിതാക്കളെ പിരിയേണ്ടിവന്നു. അതിർത്തി തരണം ചെയ്യാൻ കഴിഞ്ഞവർ തങ്ങൾ ഭവനരഹിതരാണെന്ന സത്യം തിരിച്ചറിഞ്ഞു. ലക്ഷകണക്കിനുള്ള ഈ അഭയാർഥികളെ സംബന്ധിച്ചിടത്തോളം രാജ്യത്തിന്റെ സ്വാതന്ത്ര്യം എന്നത് അഭയാർഥിക്യാമ്പുകളിലെ മാസങ്ങളോ ചിലപ്പോൾ വർഷങ്ങളോ നീളുന്ന ദുരിതജീവിതമായിരുന്നു.



Credit: Nehru Memorial Museum and Library

1947-ൽ ഗാന്ധി നവഖാലിയിൽ (ഇപ്പോൾ ബംഗ്ലാദേശിലാണ്)

ഇന്ത്യയിലെയും പാകിസ്ഥാനിലെയും എഴുത്തുകാരും കവികളും സിനിമാനിർമാതാക്കളും തങ്ങളുടെ കഥയിലും കവിതയിലും നോവലിലും സിനിമയിലുമെല്ലാം കൊലപാതകങ്ങളുടെയും നിഷ്ഠൂരമായ കുടിയൊഴിപ്പിക്കലുകളുടെയും മറ്റ് അക്രമങ്ങളുടെയും വിവരണാതീതമായ കഷ്ടപ്പാടുകളെക്കുറിച്ച് ആവിഷ്കരിക്കുകയുണ്ടായി. വിഭജനത്തിന്റെ പൈശാചികതയെ ഓർമപ്പെടുത്താൻ അവർ ഉപയോഗപ്പെടുത്തിയത് മിക്കപ്പോഴും അതിനെ അതിജീവിച്ചവർ ഉപയോഗിക്കുന്ന 'ഹൃദയങ്ങളുടെ വിഭജനം' എന്ന വിശേഷണമാണ്.

വിഭജനം എന്നത് കേവലം സ്വത്ത്, ആസ്തി, ബാധ്യതകൾ അല്ലെങ്കിൽ രാജ്യത്തിന്റെ രാഷ്ട്രീയതലത്തിലോ ഭരണതലത്തിലോ ഉള്ള വിഭജനം മാത്രമായിരുന്നില്ല. സാമ്പത്തിക-ആസ്തികൾ, അതുപോലെതന്നെ മേശകൾ, കസേരകൾ, ടൈപ്പ് റൈറ്ററുകൾ, പേപ്പർ ക്ലിപ്പുകൾ, പുസ്തകങ്ങൾ കൂടാതെ പോലീ

സിന്റെ സംഗീത ഉപകരണങ്ങൾപോലും വിഭജിക്കപ്പെട്ടു. ഗവൺമെന്റിന്റെയും റെയിൽവേയുടെയും ജീവനക്കാരെപോലും വിഭജിച്ചു. എല്ലാത്തിനുമുപരിയായി ഇതുവരെ അയൽക്കാരപ്പോലെ കഴിഞ്ഞ രണ്ടു സമുദായങ്ങളുടെ അക്രമാസക്തമായ ഒരു വേർപിരിയലായിരുന്നു ഇത്. ഈ വിഭജനംമൂലം ഏകദേശം 80 ലക്ഷം പേർ പുതിയ അതിർത്തിക്കിരുവശത്തേക്കും കുടിയേറാൻ നിർബന്ധിതരായെന്ന് കണക്കാക്കപ്പെടുന്നു. വിഭജനവുമായി ബന്ധപ്പെട്ട അക്രമസംഭവങ്ങളിൽ അഞ്ചുലക്ഷത്തിനും പത്തുലക്ഷത്തിനുമിടയിൽ ആളുകൾ കൊല്ലപ്പെട്ടു.

ഭരണപരമായ ഉൽകണ്ഠകൾക്കും സാമ്പത്തിക പരാധീനതകൾക്കും ഉപരിയായി, വിഭജനം ആഴത്തിലുള്ള മറ്റൊരുപ്രശ്നം ഉയർത്തിവിട്ടു. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ നേതാക്കന്മാർ ദ്വിരാഷ്ട്ര സിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്നില്ല. എന്നിട്ടും മതാടിസ്ഥാനത്തിലുള്ള വിഭജനം നടന്നു. അത് ഇന്ത്യയെ ഒരു ഹിന്ദുരാഷ്ട്രമാക്കി മാറ്റിയോ? പുതുതായി സൃഷ്ടിക്കപ്പെട്ട പാകിസ്ഥാനിലേക്ക് വലിയൊരു വിഭാഗം മുസ്ലിങ്ങൾ കുടിയേറിയിട്ടും 1951-ലെ കണക്കനുസരിച്ച് ഇന്ത്യൻ ജനസംഖ്യയുടെ 12 ശതമാനമായിരുന്നു മുസ്ലിം ജനസംഖ്യ. അതുകൊണ്ട് ഇന്ത്യാ ഗവൺമെന്റ് അതിന്റെ മുസ്ലിം പൗരന്മാരോടും മറ്റുമത ന്യൂനപക്ഷങ്ങളോടും (സിഖുകാർ, ക്രിസ്ത്യാനികൾ, ജൈനർ, ബുദ്ധമതക്കാർ, പാർസികൾ, ജൂതമതക്കാർ) എങ്ങനെയാണ് പെരുമാറുക? വിഭജനം, നേരത്തെതന്നെ ഇരുസമുദായങ്ങൾക്കുമിടയിൽ രൂക്ഷമായ സ്പർധ സൃഷ്ടിച്ചിരുന്നു.

ഈ സംഘർഷങ്ങൾക്ക് പുറകിൽ രാഷ്ട്രീയ താൽപര്യങ്ങളുടെ പോരാട്ടമുണ്ടായിരുന്നു. കൊളോണിയൽ ഇന്ത്യയിലെ മുസ്ലിങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനാണ് മുസ്ലിംലീഗ് രൂപീകരിക്കപ്പെട്ടത്. ഈ സംഘടനയായിരുന്നു മുസ്ലിങ്ങൾക്ക് പ്രത്യേകരാഷ്ട്രം എന്ന ആവശ്യത്തിനുവേണ്ടി മുൻനിരയിലുണ്ടായിരുന്നത്. അതുപോലെ ഹിന്ദുക്കളെ സംഘടിപ്പിച്ചുകൊണ്ട് ഇന്ത്യയെ ഒരു ഹിന്ദുരാഷ്ട്രമാക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന സംഘടനകളുമുണ്ടായിരുന്നു. എന്നാൽ ദേശീയ പ്രസ്ഥാനത്തിന്റെ നേതാക്കൻമാരെല്ലാംതന്നെ ഇന്ത്യ എല്ലാ മതവിശ്വാസികളെയും തുല്യമായി പരിഗണിക്കണമെന്നും ഒരു മതവിശ്വാസം പിന്തുടരുന്നവർക്ക് ഉന്നത പദവിയും മറ്റൊരു മതം അനുഷ്ടിക്കുന്നവർക്ക് താഴ്ന്ന പദവിയും നൽകുന്ന രാജ്യമായിരിക്കരുത് ഇന്ത്യയെന്നും വിശ്വസിച്ചിരുന്നു. മതവിശ്വാസത്തിനുപരിയായി പൗരന്മാരെയെല്ലാം തുല്യമായി പരിഗണിക്കണം. മതാത്മകതയോ വിശ്വാസമോ പൗരത്വത്തിനുള്ള ഒരു മാനദണ്ഡമായിരിക്കരുത്.

### നമുക്കൊരു സിനിമ കാണാം

**ഗരം ഹവ**



സലിം മിർസ എന്ന ആഗ്രയിലെ ഷൂനിർമാതാവിന് താൻ ഇതുവരെ ജീവിച്ച ആളുകളുടെ ഇടയിൽ അപരിചിതനാകുന്നത് വേഗം തിരിച്ചറിഞ്ഞു. വിഭജനത്തിനു ശേഷം ഉരുത്തിരിഞ്ഞ യഥാർഥ്യത്തിൽ അയാൾ സ്വയം നഷ്ടപ്പെട്ടവനായി മാറി. അയാളുടെ കച്ചവടം മോശമാകുകയും തറവാട് വിഭജിത ഇന്ത്യയുടെ മറുവശത്തു നിന്നും വന്ന ഒരഭയാർഥി കയ്യേറുകയും ചെയ്തു. അയാളുടെ മകൾക്കും ദുരന്തപൂർണമായ അന്ത്യം സംഭവിക്കുന്നു. അയാൾ വിശ്വസിച്ചത് സ്ഥിതിഗതികൾ വളരെ വേഗം സാധാരണ ഗതിയിലാകുമെന്നാണ്.

പക്ഷേ അയാളുടെ കുടുംബത്തിലുള്ള മിക്കവരും പാകിസ്ഥാനിലേക്ക് പോകാൻ തീരുമാനിക്കുന്നു. പാകിസ്ഥാനിലേക്ക് പോകാനുള്ള പ്രേരണയ്ക്കും ഇന്ത്യയിൽ തന്നെ തുടരാനുള്ള ആഗ്രഹത്തിനുമിടയിൽപെട്ട് സലിം മാനസിക സംഘർഷത്തിലാകുന്നു. ഗവൺമെന്റിൽ നിന്നും നീതിയുക്തമായ പരിഗണന ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള വിദ്യാർഥികളുടെ ജാഥക്ക് സാക്ഷ്യം വഹിച്ചത് സലീമിനു നിർണായക നിമിഷങ്ങളാകുന്നു. അയാളുടെ മകൻ സിക്കന്ദർ ആ ജാഥയിൽ ചേരുന്നു. മിർസ സലിം അവസാനം എന്ത് ചെയ്തുവെന്ന് നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ? ഇത്തരം സാഹചര്യങ്ങളിൽ നിങ്ങളായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നുവെന്നാണ് വിചാരിക്കുന്നത്.

വർഷം: 1973
സംവിധാനം: എം.എസ്. സത്യു
തിരക്കഥ: കൈഫി ആസ്മി
അഭിനേതാക്കൾ: ബൽരാജ് സഹാനി, ജലാൽ ആഗ, ഫറൗക്ക് ഷെയ്ക്ക്, ഗീത സിദ്ധാർത്ഥ്

# മഹാത്മാഗാന്ധിയുടെ ആത്മത്യാഗം

1947 ആഗസ്റ്റ് 15-ന് നടന്ന സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ ഒന്നും തന്നെ മഹാത്മാഗാന്ധി പങ്കെടുത്തിരുന്നില്ല. അദ്ദേഹം അപ്പോൾ രൂക്ഷമായ ഹിന്ദുമുസ്ലിം കലാപങ്ങളിൽ പെട്ടുപോയ കൊൽക്കത്തയുടെ ഭാഗങ്ങളിലായിരുന്നു. വർഗീയകലാപങ്ങളിൽ അദ്ദേഹം അങ്ങേയറ്റം ദു:ഖിതനായിരുന്നു. തന്റെ മുഴുവൻ ജീവിതവും പ്രവർത്തനവും എന്തിനുവേണ്ടിയാണോ സമർപ്പിച്ചത്, ആ അഹിംസയുടെയും സത്യാഗ്രഹത്തിന്റെയും തത്വങ്ങൾ ഈ സംഘർഷഭരിതമായ കാലത്ത് ജനങ്ങളെ ഒരുമിപ്പിക്കുന്നതിൽ പരാജയപ്പെടുന്നത് കണ്ട് അദ്ദേഹത്തിന്റെ ഹൃദയം നുറുങ്ങി. ഗാന്ധിജി ഹിന്ദുക്കളേയും മുസ്ലിങ്ങളേയും അക്രമം ഉപേക്ഷിക്കാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. കൊൽക്കത്തയിലെ അദ്ദേഹത്തിന്റെ സാന്നിധ്യം സ്ഥിതിഗതികൾ മെച്ചപ്പെടുത്തി. സമുദായികമതസൗഹാർദം ഉൾക്കൊണ്ടുകൊണ്ട് സ്വാതന്ത്ര്യത്തെ വരവേറ്റ ജനങ്ങൾ തെരുവുകളിൽ ആനന്ദനൃത്തം ചവിട്ടി. ഗാന്ധിജിയുടെ പ്രാർഥനായോഗങ്ങൾ വൻതോതിൽ ജനങ്ങളെ ആകർഷിച്ചു. പക്ഷേ, ഹിന്ദു-മുസ്ലീം കലാപം വീണ്ടും പൊട്ടിപുറപ്പെട്ടതിന്റെ ഫലമായി ഈ സൗഹാർദത്തിന് അധികം ആയുസ്സുണ്ടായിരുന്നില്ല. ഗാന്ധിജി സമാധാനം പുനസ്ഥാപിക്കുന്നതിനായി നിരാഹാരം ആരംഭിച്ചു.

അടുത്ത മാസം ഗാന്ധിജി വലിയ തോതിൽ സംഘർഷങ്ങളാരംഭിച്ച ഡൽഹിയിലേക്ക് പോയി. മുസ്ലിങ്ങൾക്ക് അന്തസ്സോടെയും തുല്യ പൗരത്വത്തോടെയും ഇന്ത്യയിൽ തുടരുന്ന കാര്യം ഉറപ്പാക്കുന്നതിന് അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. ഇന്ത്യാ ഗവൺമെന്റിന് പാകിസ്ഥാനോടുള്ള ധനകാര്യബാധ്യതകളെക്കുറിച്ച് അദ്ദേഹം ആശങ്കാകുലനായിരുന്നു. ഇതെല്ലാം മനസ്സിൽ വെച്ചുകൊണ്ടു അദ്ദേഹം 1948 ജനുവരിയിൽ അദ്ദേഹത്തിന്റെ അവസാനത്തേതായി തീർന്ന നിരാഹാരം ആരംഭിച്ചു. കൊൽക്കത്തയിലെ പോലെ ഡൽഹിയിലും അദ്ദേഹത്തിന്റെ നിരാഹാരം നാടകീയമായ ഫലങ്ങൾ ഉളവാക്കി. വർഗീയസംഘർഷങ്ങളും അക്രമങ്ങളും കുറഞ്ഞു. ഡൽഹിയിലും പരിസരപ്രദേശങ്ങളിലുമുള്ള മുസ്ലിങ്ങൾക്ക് സുരക്ഷിതമായി തങ്ങളുടെ വീടുകളിലേക്ക് മടങ്ങാൻ കഴിഞ്ഞു. പാകിസ്ഥാനു നൽകാനുള്ള സാമ്പത്തിക ബാധ്യതകൾ തീർക്കാൻ ഗവൺമെന്റ് തീരുമാനിച്ചു.

എന്നാൽ ഗാന്ധിജിയുടെ പ്രവർത്തനങ്ങൾ എല്ലാവരും ഇഷ്ടപ്പെട്ടിരുന്നില്ല. ഇരു സമുദായങ്ങളിലെയും തീവ്രവാദികൾ തങ്ങളുടെ അവസ്ഥക്ക് അദ്ദേഹത്തെ കുറ്റപ്പെടുത്തി. പ്രത്യേകിച്ച്, ഹിന്ദുക്കൾ പ്രതികാരം ചെയ്യണമെന്നും പാകിസ്ഥാൻ മുസ്ലിം രാഷ്ട്രമായതുപോലെ ഇന്ത്യ ഒരു ഹിന്ദു രാഷ്ട്രമാകണമെന്നും ആഗ്രഹിച്ചവർ ഗാന്ധിജിയോട് അനിഷ്ടമുള്ളവരായിരുന്നു. മുസ്ലിങ്ങളുടേയും പാകിസ്ഥാന്റെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നുവെന്നു അവർ ഗാന്ധിജിയെ കുറ്റപ്പെടുത്തി. ഇവരെ തെറ്റായ മാർഗത്തിലൂടെ നയിക്കപ്പെട്ടവരായിട്ടാണ് ഗാന്ധിജി കണക്കാക്കിയത്. ഇന്ത്യയെ ഹിന്ദുക്കൾക്ക് മാത്രമുള്ള ഒരു രാഷ്ട്രമാക്കുന്നതിനുള്ള ഏത് പരിശ്രമവും ഇന്ത്യയെ തന്നെ നശിപ്പിക്കുമെന്ന ഉത്തമബോധ്യം ഗാന്ധിജിക്കുണ്ടായിരുന്നു. ഹിന്ദു-മുസ്ലിം ഐക്യത്തിനു വേണ്ടിയുള്ള ഗാന്ധിജിയുടെ നിശ്ചയദാർഢ്യം ഹിന്ദു തീവ്രവാദികളെ പ്രകോപിക്കുകയും അദ്ദേഹത്തിനെതിരെ പലതവണ വധശ്രമം നടത്തുകയും ചെയ്തു. ഇതൊക്കെയായിട്ടും സായുധസംരക്ഷണം സ്വീകരിക്കുന്നതിന് അദേഹം വിസമ്മതിക്കുകയും പ്രാർഥനായോഗങ്ങളിൽ എല്ലാ സന്ദർശകരെയും കാണുന്നത് തുടരുകയും ചെയ്തു. അവസാനം 1948 ജനുവരി 30ന് അത്തരത്തിൽ ഒരു തീവ്രവാദിയായിരുന്ന, നാഥുറാം വിനായക് ഗോഡ്സേ, ഗാന്ധിജിയുടെ സായാഹ്ന പ്രാർഥനാവേളയിൽ അദ്ദേഹത്തിന്റെ സമീപത്തേക്ക് നടന്നടുക്കുകയും അദ്ദേഹത്തിനു നേരെ മൂന്നു തവണ നിറയൊഴിക്കുകയും ചെയ്തു. സംഭവസ്ഥലത്തു വച്ചുതന്നെ ഗാന്ധിജി മരണമടഞ്ഞു. അങ്ങനെ സത്യത്തിനും അഹിംസക്കും നീതിക്കും സഹിഷ്ണുതയ്ക്കും വേണ്ടി ഒരു ജീവിത കാലം മുഴുവൻ നീണ്ടു നിന്ന ആ പോരാട്ടം അവസാനിച്ചു.

ഗാന്ധിജിയുടെ മരണം രാജ്യത്തെ സാമുദായിക അവസ്ഥയിൽ മാന്ത്രികഫലങ്ങൾ ഉളവാക്കി. വിഭജനവുമായി ബന്ധപ്പെട്ട അക്രമങ്ങൾക്കും പെട്ടന്നു ശമനമുണ്ടായി. വർഗീയവിദ്വേഷങ്ങൾ പ്രചരിപ്പിക്കുന്ന സംഘടനകളെ ഗവൺമെന്റ് അടിച്ചമർത്തി. രാഷ്ട്രീയ സ്വയം സേവക് സംഘിനെ പോലുള്ള സംഘടനകൾ കുറച്ച് കാലത്തേക്ക് നിരോധിക്കപ്പെട്ടു. വർഗീയരാഷ്ട്രീയത്തിനും ക്രമേണ സ്വാധീനം നഷ്ടമായി.





ഗാന്ധിജി കൊല്ലപ്പെട്ടതറിഞ്ഞ് കൊൽക്കത്തയിൽ തടിച്ചു കൂടിയ ജനങ്ങൾ

അതുകൊണ്ടുതന്നെ അവർ മതേതര രാഷ്ട്രം എന്ന ആശയത്തെ ഉയർത്തിപ്പിടിച്ചു. ഈ ആദർശം ഇന്ത്യൻ ഭരണഘടനക്കകത്ത് സ്ഥാനം പിടിക്കുകയും ചെയ്തു.

**നമുക്ക് പുനരന്വേഷിക്കാം**

പാകിസ്ഥാനെ കുറിച്ച് ആരെങ്കിലും എപ്പോഴെങ്കിലും സൂചിപ്പിച്ചാൽ തന്റെ മുത്തച്ഛൻ (അമ്മയുടെ അച്ഛൻ) പെട്ടന്നു നിശബ്ദനാകുന്നത് ശ്വേത ശ്രദ്ധിച്ചിട്ടുണ്ട്. ഒരു ദിവസം അവൾ ഇതിനെ കുറിച്ചു അദ്ദേഹത്തോട് ചോദിക്കാൻ തീരുമാനിച്ചു. ലാഹോറിൽ നിന്നും താൻ വിഭജന കാലത്ത് എങ്ങനെയാണ് ലുധിയാനയിൽ എത്തിച്ചേർന്നതെന്ന് അദ്ദേഹം അവൾക്കു പറഞ്ഞുകൊടുത്തു. അദ്ദേഹത്തിന്റെ മാതാപിതാക്കൾ രണ്ടുപേരും കൊല്ലപ്പെട്ടിരുന്നു. അയൽക്കാരായ ഒരു മുസ്‌ലിംകുടുംബം അഭയം കൊടുക്കുകയും ദിവസങ്ങളോളം ഒളിവിൽ പാർപ്പിക്കുകയും ചെയ്തില്ലായിരുന്നുവെങ്കിൽ അദ്ദേഹവും രക്ഷപ്പെടില്ലായിരുന്നു. അവരുടെ സഹായത്താൽ കുറച്ചു ബന്ധുക്കളെ കണ്ടെത്തുകയും അങ്ങനെ അതിർത്തിക്കപ്പുറമെത്തി പുതിയ ജീവിതം ആരംഭിക്കുകയും ചെയ്തു.

സമാനമായ രീതിയിലുള്ള ഏതെങ്കിലും കഥകൾ നിങ്ങൾ കേട്ടിട്ടുണ്ടോ? നിങ്ങളുടെ മുത്തശ്ശനോടൊ മുത്തശ്ശിയോടൊ അല്ലെങ്കിൽ ആ തലമുറയിൽപ്പെട്ട മറ്റാരോടെങ്കിലുമോ അവരുടെ സ്വതന്ത്ര്യദിന സ്മരണകൾ, അതിന്റെ ആഘോഷങ്ങൾ, വിഭജനത്തിന്റെ ആഘാതം, സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അവരുടെ പ്രതീക്ഷകൾ എന്നിവയെക്കുറിച്ച് ചോദിച്ചറിയുക.

ഇതിനെ സംബന്ധിച്ച രണ്ട് കഥകളെങ്കിലും എഴുതുക.

## നാട്ടുരാജ്യങ്ങളുടെ സംയോജനം (Integration of Princely States)

ബ്രിട്ടീഷിന്ത്യയെ ബ്രിട്ടീഷിന്ത്യൻ പ്രവിശ്യകളായും നാട്ടുരാജ്യങ്ങളായും വിഭജിച്ചിരുന്നു. ബ്രിട്ടീഷിന്ത്യൻ പ്രവിശ്യകൾ ബ്രിട്ടീഷ് ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു. മറുവശത്ത് വലുതും ചെറുതുമായ അനവധി നാട്ടുരാജ്യങ്ങളിൽ ബ്രിട്ടീഷ് ആധിപത്യം അംഗീകരിച്ചുകൊണ്ട്, രാജാക്കന്മാർ ആഭ്യന്തരഭരണം നടത്തിയിരുന്നു. ഇതിനെ ബ്രിട്ടീഷ് ചക്രവർത്തിയുടെ മേൽക്കോയ്മ അഥവാ അധീശത്വം എന്നു വിളിച്ചിരുന്നു. ബ്രിട്ടീഷിന്ത്യൻ സാമ്രാജ്യത്തിന്റെ ഭൂപ്രദേശങ്ങളിൽ മൂന്നിൽ ഒരു ഭാഗം ഈ നാട്ടുരാജ്യങ്ങളായിരുന്നു. അതുപോലെ ആകെ ഇന്ത്യക്കാരിൽ നാലിൽ ഒരാൾ നാട്ടുരാജ്യഭരണത്തിൻ കീഴിലായിരുന്നു.

### പ്രശ്നം (The Problem)

ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ അവസാനിക്കുന്നതോടെ ബ്രിട്ടീഷ് ചക്രവർത്തിക്ക് നാട്ടുരാജ്യങ്ങളുടെമേലുള്ള മേൽക്കോയ്മയും അവസാനിക്കുമെന്ന് സ്വാതന്ത്ര്യത്തിനു തൊട്ടുമുമ്പ് ബ്രിട്ടീഷുകാർ പ്രഖ്യാപിച്ചു. ഇതിന്റെയർഥം 565 ഓളംവരുന്ന ഈ നാട്ടുരാജ്യങ്ങൾ എല്ലാം നിയമപരമായി സ്വതന്ത്രമാകുമെന്നാണ്. ബ്രിട്ടീഷ് ഗവൺമെന്റിന്റെ നിലപാടനുസരിച്ച്, ഈ നാട്ടുരാജ്യങ്ങൾക്ക് സ്വമേധയാ ഇന്ത്യയിലോ പാകിസ്ഥാനിലോ ചേരാനോ അല്ലെങ്കിൽ സ്വതന്ത്രമായി നിൽക്കാനോ ഉള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. പക്ഷേ ഇക്കാര്യത്തിൽ തീരുമാനം എടുക്കാനുള്ള അധികാരം അവർ നൽകിയത് ജനങ്ങൾക്കല്ല മറിച്ച് നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികൾക്കായിരുന്നു. ഇത് ഗുരുതരമായ പ്രശ്നമായിരുന്നു എന്നു മാത്രമല്ല ഏകീകൃത ഇന്ത്യയുടെ നിലനിൽപ്പിനുതന്നെ വലിയൊരു ഭീഷണിയായി മാറി.

വളരെപ്പെട്ടെന്നുതന്നെ പ്രശ്നങ്ങൾ ആരംഭിച്ചു. ആദ്യമായി തിരുവിതാംകൂർ രാജാവ് തന്റെ രാജ്യം സ്വതന്ത്രമായി നിൽക്കുമെന്ന് പ്രഖ്യാപിച്ചു. സമാനരീതിയിലുള്ള ഒരു പ്രഖ്യാപനം ഹൈദരാബാദ് നൈസാമും നടത്തി. ഭോപ്പാൽ നവാബിനെ പോലുള്ള ഭരണാധികാരികൾ ഭരണഘടന നിർമാണസമിതിയിൽ ചേരുന്നതിന് വൈമുഖ്യം പ്രകടിപ്പിച്ചു. നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികളുടെ







ജർമ്മനിയിൽ അവർ ചെയ്തതു പോലെ ഇന്ത്യയുടേയും പാകിസ്ഥാന്റെയും വിഭജനം അവസാനിപ്പിക്കാൻ നമുക്ക് കഴിയില്ലേ? അമൃത്സറിൽ നിന്നും പ്രാതക്ഷേണവും ലാഹോറിൽ നിന്നും ഉച്ചക്ഷേണവും കഴിക്കാൻ ഞാനാഗ്രഹിക്കുന്നു.



സ്വതന്ത്രരാഷ്ട്രങ്ങൾ എന്ന നിലയിൽ ജീവിക്കാനും പരസ്പരം ബഹുമാനിക്കാനും പഠിക്കുന്നതല്ലേ കൂടുതൽ നല്ലത്?

ഇത്തരത്തിലുള്ള പ്രതികരണം സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യ അനേകം ചെറുരാജ്യങ്ങളായി വിഭജിക്കപ്പെടുമെന്ന പ്രതീതിയുളവാക്കി. ഇത് ഈ നാട്ടുരാജ്യങ്ങളിലെ ജനങ്ങളുടെ ജനാധിപത്യ പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമരം ലക്ഷ്യമിട്ടത് അഖണ്ഡത, ജനാധിപത്യം, സ്വയം നിർണയാവകാശം എന്നിവയായതിനാൽ ഇതൊരു അസാധാരണ സാഹചര്യമായിരുന്നു സൃഷ്ടിച്ചിരുന്നത്. ജനാധിപത്യേതരമാർഗങ്ങളിലൂടെ ഭരണം നടത്തിയിരുന്ന ഈ ഭൂരിപക്ഷം നാട്ടുരാജ്യങ്ങളുടെയും രാജാക്കന്മാർ അവരുടെ ജനതക്ക് ജനാധിപത്യ അവകാശങ്ങൾ നൽകുന്നതിൽ വിമുഖരായിരുന്നു.

> “ഇന്ത്യാ-ചരിത്രത്തിലെ നിർണായകഘട്ടത്തിലാണ് നാമിപ്പോഴുളളത്. കൂട്ടായ പരിശ്രമത്തിലൂടെ നമുക്ക് രാജ്യത്തെ പുതിയ മഹത്വത്തിലേക്കെത്തിക്കണം, അതേ സമയം തന്നെ ഐക്യത്തിന്റെ അഭാവം നമ്മളെ അപ്രതീക്ഷിതമായ ദുരന്തങ്ങളിൽ കൊണ്ടെത്തിച്ചേക്കാം. ഒരു പൊതുതാൽപര്യത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ ഒരുമിച്ച് സഹകരിക്കുകയും പ്രവർത്തിക്കുകയും ചെയ്തില്ലെങ്കിൽ അത് നമ്മളെ മുഴുവൻ, ചെറുതും വലുതുമായ എല്ലാവരെയും ഗ്രസിക്കുന്ന തരത്തിലുളള അരാജകാവസ്ഥക്കും കുഴപ്പങ്ങൾക്കും കാരണമാവുകയും, അത് സർവനാശത്തിലേക്ക് നയിക്കുകയും ചെയ്യുമെന്നുമുളള കാര്യം ഇന്ത്യൻ നാട്ടുരാജ്യങ്ങൾ തിരിച്ചറിയുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.”
>
> **സർദാർപട്ടേൽ, നാട്ടു രാജാക്കൻമാർക്കുളള കത്ത്, 1947**

## ഗവൺമെന്റിന്റെ സമീപനം (Government's Approach)

ഇടക്കാല ഗവൺമെന്റ് ഇന്ത്യയെ വിവിധ വലിപ്പത്തിലുള്ള ചെറിയ നാട്ടുരാജ്യങ്ങളായി വിഭജിക്കുന്നതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചു. കോൺഗ്രസിന്റെ നിലപാടിനെ എതിർത്ത മുസ്‌ലിംലീഗ് നാട്ടുരാജ്യങ്ങൾക്ക് അവർ ഇഷ്ടപ്പെടുന്ന പാത സ്വീകരിക്കാനുള്ള അവകാശമുണ്ടെന്ന് വാദിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിയുടെ തൊട്ടടുത്തുള്ള നിർണായകമായ കാലഘട്ടത്തിൽ ഇന്ത്യയുടെ ഉപപ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയും സർദാർ വല്ലഭഭായി പട്ടേൽ ആയിരുന്നു. നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികളുമായി കാർക്കശ്യത്തോടെയും അതേ സമയം നയതന്ത്രപരമായും അനുരഞ്ജന സംഭാഷണങ്ങൾ നടത്തി, അവയിൽ മിക്കവയേയും ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിൽ അദ്ദേഹം ചരിത്രപരമായ പങ്കുവഹിച്ചു. ഇന്ന് അത് ലളിതമായി തോന്നിയേക്കാം. പക്ഷേ അനുനയത്തിനുള്ള വൈദഗ്ധ്യം ആവശ്യമായിരുന്ന സങ്കീർണമായ ഒരു ദൗത്യമായിരിന്നു അത്. ഉദാഹരണത്തിന് ഇന്നത്തെ ഒറീസയിൽ 26 ചെറിയ നാട്ടുരാജ്യങ്ങളുണ്ടായിരുന്നു. അതുപോലെ തന്നെ ഗുജറാത്തിലെ സൗരാഷ്ട്രമേഖലയിൽ 14 വലിയ നാട്ടുരാജ്യങ്ങളും 119 ചെറിയവയും, കൂടാതെ ഇവിടെയൊക്കെ അസംഖ്യം വ്യത്യസ്തമായ ഭരണരീതികളും നിലനിന്നിരുന്നു.

മൂന്നു പരിഗണനകളാണ് ഗവൺമെന്റിന്റെ സമീപനത്തെ നിർണയിച്ചത്. ഒന്നാമതായി മിക്കവാറും എല്ലാ നാട്ടുരാജ്യങ്ങളിലേയും ജനങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ ആഗ്രഹിച്ചിരുന്നു. രണ്ടാമതായി ചില മേഖലകൾക്ക് സ്വയംഭരണം അനുവദിക്കാൻ തയാറാണെന്നുള്ള അയവുള്ള സമീപനം ഗവൺമെന്റ് സ്വീകരിച്ചിരുന്നു. ബഹുസ്വരതയെ ഉൾക്കൊള്ളുകയും അതുപോലെ പ്രദേശങ്ങളുടെ ആവശ്യങ്ങളെ പരിഗണിക്കുന്ന തരത്തിലുമുള്ള അയവുള്ള സമീപനം സ്വീകരിക്കുകയും ചെയ്യുകയെന്നതായിരുന്നു ഈ ആശയത്തിൽ പ്രതിഫലിച്ചിരുന്നത്. മൂന്നാമതായി, വിഭജനത്തിന്റെ പശ്ചാത്തലത്തിൽ അതിർത്തി നിർണയത്തിലുണ്ടായിരുന്ന മത്സരത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചിരുന്നതുകൊണ്ട്, രാജ്യത്തിന്റെ അഖണ്ഡതക്കും അതിന്റെ ഭൂമിശാസ്ത്രപരമായ അതിരുകളെ ഏകീകരിക്കുന്നതിനുമാണ് പ്രാമുഖ്യം നൽകിയത്.

1947 ആഗസ്റ്റ് 15-നു മുൻപുതന്നെ പുതിയ ഇന്ത്യൻ അതിർത്തിയുടെ സമീപത്തുള്ള മിക്കവാറും എല്ലാ നാട്ടുരാജ്യങ്ങളെയും ഇന്ത്യൻ യൂണിയനിൽ ചേർക്കാൻ കഴിഞ്ഞു. തങ്ങൾ ഇന്ത്യൻ യൂണിയനിൽചേരാൻ സമ്മതിക്കുന്നുവെന്ന് അർഥമാക്കുന്ന ‘ലയനക്കരാർ’ (Instrument of accession) എന്ന് പേരുള്ള ഒരു പ്രമാണത്തിൽ ഭൂരിപക്ഷം രാജാക്കന്മാരും ഒപ്പുവച്ചു. എന്നാൽ ജുനഗഢ്, ഹൈദ്രാബാദ്, കാശ്മീർ, മണിപ്പൂർ എന്നീ നാട്ടുരാജ്യങ്ങളുടെ ലയനം മറ്റുള്ളവയെ അപേക്ഷിച്ച് പ്രയാസമേറിയതായിരുന്നു. ഇന്ത്യൻ യൂണിയനിൽ ചേരാൻ ആഗ്രഹിക്കുന്നുവെന്ന് ഒരു ജനഹിത പരിശോധന (Plebiscite) വഴി തെളിഞ്ഞതിനാൽ ജുനഗഢിന്റെ പ്രശ്നം പരിഹരിക്കപ്പെട്ടു. കാശ്മീരിനെക്കുറിച്ച് നമ്മൾ എട്ടാം അധ്യായത്തിൽ പഠിക്കുന്നുണ്ട്. ഇപ്പോൾ നമുക്ക് ഹൈദ്രാബാദിനെയും മണിപ്പൂരിനെയും കുറിച്ച് പഠിക്കാം.



സർദാർ പട്ടേൽ ഹൈദ്രാബാദ് നൈസാമിനൊപ്പം

## ഹൈദരാബാദ് (Hyderabad)

ഇന്ത്യൻ ഭൂപ്രദേശങ്ങളാൽ ചുറ്റപ്പെട്ട് കിടന്നിരുന്ന വലിയ നാട്ടുരാജ്യമായിരുന്നു ഹൈദരാബാദ്. പഴയ ഹൈദരാബാദിന്റെ ചില ഭാഗങ്ങൾ ഇന്ന് മഹാരാഷ്ട്ര, കർണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങുടെ ഭാഗമാണ്. ലോകത്തിലെ അതിസമ്പന്നരിൽ ഒരാളായിരുന്ന ഹൈദരാബാദിലെ ഭരണാധികാരിക്ക് നൈസാം എന്ന സ്ഥാനപേരാണുണ്ടായിരുന്നത്. ഹൈദരാബാദിന്റെ സ്വതന്ത്രപദവിക്കുവേണ്ടിയായിരുന്നു നൈസാം നിലകൊണ്ടത്. ഇന്ത്യാ ഗവൺമെന്റുമായുള്ള അനുരഞ്ജന സംഭാഷണങ്ങൾ തുടർന്നുകൊണ്ടിരിക്കുമ്പോൾ തന്നെ അദ്ദേഹം 1947 നവംബറിൽ ഒരു വർഷത്തേക്കുള്ള തൽസ്ഥിതി (Standstill Agreement) കരാറിൽ ഇന്ത്യയുമായി ഒപ്പുവച്ചു.

അതേസമയം തന്നെ നൈസാമിന്റെ ഭരണത്തിനെതിരെയുള്ള ഒരു ജനകീയപ്രസ്ഥാനം ഹൈദരാബാദിൽ ശക്തിപ്രാപിക്കുകയായിരുന്നു. നൈസാമിന്റെ കടുത്ത അടിച്ചമർത്തൽ ഭരണത്തിനുവിധേയരായ തെലുങ്കാന മേഖലയിലെ കർഷകർ അദ്ദേഹത്തിനെതിരെ സംഘടിച്ചു. ഈ അടിച്ചമർത്തൽ ഭരണത്തിന്റെ ദുരിതം അനുഭവിക്കേണ്ടിവന്ന സ്ത്രീകൾ വലിയതോതിൽ നൈസാമിനെതിരെയുള്ള പ്രക്ഷോഭത്തിൽ അണിചേർന്നു. ഈ പ്രസ്ഥാനത്തിന്റെ പ്രഭവകേന്ദ്രം ഹൈദരാബാദ് നഗരമായിരുന്നു.  കമ്മ്യൂണിസ്റ്റുകളും ഹൈദരാബാദ് കോൺഗ്രസും ഈ പ്രസ്ഥാനത്തിന്റെ മുന്നണിയിൽ തന്നെയുണ്ടായിരുന്നു. 'രസാകർസ്' (Razakars) എന്നറിയപ്പെടുന്ന അർദ്ധസൈനികവിഭാഗത്തെ കെട്ടഴിച്ചുവിട്ടുകൊണ്ടാണ് നൈസാം ഈ പ്രസ്ഥാനത്തോട് പ്രതികരിച്ചത്. രസാകർസിന്റെ വർഗീയ സ്വഭാവത്തോടെയുള്ള പൈശാചികതക്ക് അതിരുകളില്ലായിരുന്നു. അവർ അമുസ്ലിങ്ങളെ ലക്ഷ്യം വച്ചുകൊ




**സർദാർ വല്ലഭഭായ് പട്ടേൽ (1875 – 1950)**: സ്വാതന്ത്ര്യസമര നേതാവ്; കോൺഗ്രസ്സ് നേതാവ്; ഗാന്ധിജിയുടെ അനുയായി; ഉപപ്രധാനമന്ത്രിയും സ്വതന്ത്ര ഇന്ത്യയുടെ ആദ്യ ആഭ്യന്തരമന്ത്രിയും, നാട്ടുരാജ്യങ്ങളുടെ ഇന്ത്യയുമായുള്ള സംയോജനത്തിൽ വളരെ പ്രധാനപ്പെട്ട പങ്കുവഹിച്ചു; ഭരണഘടന നിർമ്മാണസഭയിലെ മൗലികാവകാശങ്ങൾ, ന്യൂനപക്ഷങ്ങൾ, പ്രവിശ്യ ഭരണഘടനകൾ തുടങ്ങിയ പ്രധാനപ്പെട്ട കമ്മിറ്റികളിൽ അംഗമായിരുന്നു.

ണ്ടുള്ള കൊള്ളയിലും കൊലപാതകത്തിലും മാനഭംഗങ്ങളിലും ഏർപ്പെട്ടു. ഈ സാഹചര്യത്തിൽ സ്ഥിതിഗതി നിയന്ത്രണത്തിലാക്കാൻ കേന്ദ്ര ഗവൺമെന്റ് സൈന്യത്തിന് ഉത്തരവ് നൽകി. 1948 സെപ്തംബറിൽ നൈസാമിന്റെ സൈന്യങ്ങളെ അടക്കിനിർത്താൻ ഇന്ത്യ സൈനികനീക്കം ആരംഭിച്ചു. കുറച്ചുദിവസത്തെ ഇടവിട്ടുള്ള പോരാട്ടങ്ങൾക്കുശേഷം നൈസാം കീഴടങ്ങി. അങ്ങനെ ഹൈദരാബാദ് ഇന്ത്യൻ യൂണിയനിൽ ലയിച്ചു.



നൂറുകണക്കിനുള്ള ആ രാജാക്കന്മാർക്കും രാജ്ഞിമാർക്കും രാജകുമാരന്മാർക്കും എന്തു സംഭവിച്ചു എന്നത് എന്നെ അതിശയിപ്പിക്കുന്നു. സാധാരണ പൗരൻമാരായിത്തീർന്നശേഷം അവരുടെ ജീവിതം എങ്ങനെയായിരുന്നു?

## മണിപ്പൂർ (Manipur)

ആഭ്യന്തരസ്വയംഭരണം ലഭിക്കുമെന്ന ഉറപ്പിന്മേൽ, മണിപ്പൂർ മഹാരാജാവായിരുന്ന ബോധചന്ദ്രസിംഗ് സ്വാതന്ത്ര്യലബ്ധിക്ക് തൊട്ട് മുമ്പുള്ള ദിവസങ്ങളിൽ ലയനക്കാരാറിൽ ഒപ്പുവച്ചു. പൊതുജനാഭിപ്രായത്തിന്റെ സമ്മർദത്തെത്തുടർന്ന് മഹാരാജാവ് 1948 ജൂണിൽ തിരഞ്ഞെടുപ്പ് നടത്തുകയും മണിപ്പൂരിൽ ഭരണഘടനാ നിയന്ത്രിത രാജവാഴ്ച നിലവിൽവരുകയും ചെയ്തു. അങ്ങനെ സാർവത്രിക പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടന്ന ഇന്ത്യയിലെ ആദ്യപ്രദേശം മണിപ്പൂരായി.

നിയമനിർമാണസഭയിൽ മണിപ്പൂരിന്റെ ഇന്ത്യയുമായുള്ള സംയോജനത്തെ സംബന്ധിച്ച് വ്യക്തമായ അഭിപ്രായവ്യത്യാസങ്ങൾ നിലനിന്നിരുന്നു. മണിപ്പൂരിലെ കോൺഗ്രസ് ലയനം ആവശ്യപ്പെട്ടപ്പോൾ മറ്റുള്ള രാഷ്ട്രീയപാർട്ടികൾ എതിർക്കുകയായിരുന്നു. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട നിയമസഭയുമായി ആലോചിക്കാതെ 1949 സെപ്തംബറിൽ ഒരു സംയോജനക്കരാറിൽ രാജാവിനെക്കൊണ്ട് ഒപ്പു വയ്പ്പിക്കാനുള്ള സമ്മർദ്ധതന്ത്രത്തിൽ ഇന്ത്യ ഗവൺമെന്റ് വിജയം കൈവരിച്ചു. ഇതുകാരണം മണിപ്പൂരിലുണ്ടായ ക്രോധത്തിന്റെയും അമർഷത്തിന്റെയും അനന്തരഫലങ്ങൾ ഇപ്പോഴും അവിടത്തെ രാഷ്ട്രീയത്തിൽ നിറഞ്ഞുനിൽക്കുന്നു.




നാട്ടുരാജ്യങ്ങളിലെ ഭരണാധികാരിയും ജനങ്ങളും തമ്മിലുള്ള ബന്ധവും, ഈ പ്രശ്നം പരിഹരിക്കാൻ പട്ടേലിന്റെ സമീപനവുമാണ് ഈ കാർട്ടൂണിൽ പരാമർശിച്ചിരിക്കുന്നത്.

## സംസ്ഥാനങ്ങളുടെ പുനസംഘാടനം (Reorganisation of States)

വിഭജനവും നാട്ടുരാജ്യങ്ങളുടെ സംയോജനവും കൊണ്ട് അവസാനിക്കുന്നതായിരുന്നില്ല രാഷ്ട്രനിർമാണ പ്രക്രിയ. അടുത്ത വെല്ലുവിളി ഇന്ത്യൻ സംസ്ഥാനങ്ങളുടെ ആഭ്യന്തര അതിർത്തികൾ നിർണയിക്കുകയെന്നതായിരുന്നു. അത് കേവലം ഭരണപരമായ ഒരു വിഭജനം മാത്രമായിരുന്നില്ല. രാഷ്ട്രത്തിന്റെ അഖണ്ഡതയെ ബാധിക്കാത്ത തരത്തിൽ നമ്മുടെ ഭാഷാ-സാംസ്കാരിക ബഹുസ്വരതയെ പ്രതിഫലിപ്പിക്കുന്ന രീതിയിലായിരിക്കണം അതിർത്തികൾ നിശ്ചയിക്കേണ്ടിയിരുന്നത്.

ഭരണസൗകര്യം, ബ്രിട്ടീഷുകാർ കൂട്ടിച്ചേർത്തപ്രദേശം, നാട്ടുരാജ്യങ്ങളുടെ അതിരുകൾ എന്നീ ഘടകങ്ങളാണ് കോളനി ഭരണകാലത്ത് അതിർത്തി നിർണയിച്ചിരുന്നത്.

ഇത്തരത്തിലുള്ള വിഭജനത്തെ അസ്വാഭാവികം എന്നതരത്തിൽ ദേശീയ പ്രസ്ഥാനം തള്ളിക്കളയുകയും ഭാഷാതത്ത്വങ്ങൾ സംസ്ഥാന രൂപീകരണത്തിന്റെ അടിസ്ഥാനമായി വർത്തിക്കുമെന്ന് വാഗ്ദാനം നൽകുകയും ചെയ്തിരുന്നു. യഥാർത്ഥത്തിൽ 1920-ലെ നാഗ്പൂർ സമ്മേളനത്തിനുശേഷം കോൺഗ്രസ് പാർട്ടി പുനസംഘടിപ്പിച്ചത് ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. നിരവധി പ്രവിശ്യാകോൺഗ്രസ് കമ്മിറ്റികൾ രൂപീകരിച്ചത് ഭാഷാമേഖലയുടെ അടിസ്ഥാനത്തിലാണ്, അവയൊന്നുംതന്നെ ബ്രിട്ടീഷുകാരുടെ ഭരണസൗകര്യത്തിനായുള്ള അതിർത്തി നിർണയത്തെ മാതൃകയാക്കിയിരുന്നില്ല.

സ്വാതന്ത്ര്യത്തിനും വിഭജനത്തിനും ശേഷം ഇതിൽ മറ്റമുണ്ടായി. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണം പൊട്ടിത്തെറിയിലേക്കും ശിഥിലീകരണത്തിലേക്കും നയിച്ചേക്കുമോയെന്ന് നമ്മുടെ നേതാക്കന്മാർ ഭയപ്പെട്ടു. രാഷ്ട്രം നേരിടുന്ന സാമൂഹിക-സാമ്പത്തിക വെല്ലുവിളികളിൽ നിന്നും ശ്രദ്ധ തിരിക്കാൻ ഇത് കാരണമാകുമോ എന്ന് അവർ സംശയിച്ചു. അതുകൊണ്ട് ഈ വിഷയം നീട്ടിവയ്ക്കാൻ കേന്ദ്രനേതൃത്വം തീരുമാനിച്ചു. നാട്ടുരാജ്യങ്ങളുടെ കാര്യത്തിൽ തീരുമാനമാകാത്തതുകൊണ്ടുതന്നെ ഈ മാറ്റിവയ്ക്കൽ ഒരു ആവശ്യകതയായി തീർന്നിരുന്നു. മാത്രമല്ല വിഭജനത്തിന്റെ ഓർമകൾ അപ്പോഴും സജീവമായിരുന്നു.

എന്നാൽ കേന്ദ്രനേതൃത്വത്തിന്റെ ഈ തീരുമാനത്തെ പ്രാദേശിക നേതാക്കന്മാരും ജനങ്ങളും ചോദ്യം ചെയ്യാൻ തുടങ്ങി. ഇന്നത്തെ തമിഴ്നാട്, ആന്ധ്രാപ്രദേശ്, കേരളം, കർണാടകം എന്നിവ ഉൾപ്പെട്ടിരുന്ന മദ്രാസ് പ്രവിശ്യയിലെ തെലുങ്ക് സംസാരിക്കുന്ന മേഖലകളിൽ പ്രതിഷേധങ്ങൾ ആരംഭിച്ചു. വിശാല ആന്ധ്രാ പ്രസ്ഥാനം (പ്രത്യേക ആന്ധ്രയ്ക്കുവേണ്ടിയുള്ള പ്രസ്ഥാനം ആ പേരിലാണ് അറിയപ്പെട്ടിരുന്നത്) മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്ന തെലുങ്ക് ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളെ വേർപെടുത്തി പ്രത്യേക ആന്ധ്രാപ്രദേശ് പ്രവിശ്യ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടു. ആന്ധ്രാമേഖലയിലെ ഏകദേശം എല്ലാ രാഷ്ട്രീയശക്തികളും മദ്രാസ് പ്രവിശ്യയെ ഭാഷാടിസ്ഥാനത്തിൽ പുനസ്സംഘടിപ്പിക്കുന്നതിനെ അനുകൂലിച്ചിരുന്നു.

കേന്ദ്രഗവൺമെന്റിന്റെ ചാഞ്ചാട്ടങ്ങൾ പ്രസ്ഥാനത്തിന്റെ ശക്തി വർദ്ധിപ്പിക്കാൻ കാരണമായി. കോൺഗ്രസ് നേതാവും തലമുതിർന്ന ഗാന്ധിയനുമായ പോറ്റി ശ്രീരാമുലു 56 ദിവസത്തെ അനിശ്ചിതകാല നിരാഹാരത്തെ തുടർന്ന് മരണമടഞ്ഞു. ആന്ധ്രാമേഖലയിൽ വലിയതോതിലുള്ള അസ്വസ്ഥതകളും അക്രമങ്ങളും പൊട്ടിപ്പുറപ്പെട്ടു. ജനങ്ങൾ വൻതോതിൽ പ്രതിഷേധവുമായി തെരുവിലിറങ്ങി. നിരവധിപേർക്ക് പോലീസ് വെടിവയ്പ്പിൽ പരിക്കേൽക്കുകയോ ജീവൻ നഷ്ടപ്പെടുകയോ ചെയ്തു. മദ്രാസിൽ പ്രതിഷേധസൂചകമായി അനവധി നിയമസഭാസാമാജികർ രാജിവയ്ക്കുകയുണ്ടായി. അവസാനം, 1952 ഡിസംബറിൽ പ്രധാനമന്ത്രി ഔദ്യോഗികമായി ആന്ധ്രാപ്രദേശിന്റെ രൂപീകരണം പ്രഖ്യാപിച്ചു.

> “ ഭാഷാപ്രവിശ്യകൾ രൂപീകരിച്ചാൽ അത് പ്രാദേശിക ഭാഷകൾക്കുള്ള ഒരു പ്രോത്സാഹനമായിരിക്കും. ഹിന്ദുസ്ഥാനിയെ എല്ലായിടത്തും ബോധനമാധ്യമമാക്കുന്നത് അസംബന്ധമായിരിക്കും, അതുപോലെ ഈ ഉദ്ദേശത്തിനുവേണ്ടി ഇംഗ്ലീഷ് ഉപയോഗിക്കുകയാണെങ്കിൽ അത് അതിലും വലിയ അസംബന്ധമായിരിക്കും. ”
>
> **മഹാത്മാഗാന്ധി, 1948 ജനുവരി**




ഭൂപടം വായിച്ചതിനുശേഷം താഴെപറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. ഏത് പഴയ സംസ്ഥാനത്തിൽ നിന്നുമാണ് താഴെ കൊടുത്തിരിക്കുന്ന സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടത്.

   ഗുജറാത്ത് ഹരിയാന

   മേഘാലയ ചത്തീസ്ഗഢ്

2. രാജ്യത്തിന്റെ വിഭജനം ബാധിച്ച രണ്ടു സംസ്ഥാനങ്ങളുടെ പേരെഴുതുക.
3. മുമ്പ് കേന്ദ്രഭരണ പ്രദേശമായിരുന്ന ഇപ്പോഴത്തെ രണ്ടു സംസ്ഥാനങ്ങളുടെ പേരെഴുതുക.




"അതിജീവനത്തിനുള്ള പോരാട്ടം' (1953 ജൂലൈ 26-ന് പ്രസിദ്ധീകരിച്ചത്) ഭാഷാ സംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള സമകാലിക ആവശ്യങ്ങളെ പ്രതിഫലിപ്പിക്കുന്നു."

ആന്ധ്രാപ്രദേശിന്റെ രൂപീകരണം രാജ്യത്തിന്റെ മറ്റുഭാഗങ്ങളിൽ ഭാഷാസംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾക്ക് കൂടുതൽ ഉത്തേജനം നൽകി. ഈ പ്രക്ഷോഭങ്ങളുടെ സമ്മർദത്തെത്തുടർന്ന്, സംസ്ഥാനങ്ങളുടെ പുനസ്സംഘാടനം എന്ന വിഷയം പഠിക്കുന്നതിനായി 1953-ൽ കേന്ദ്രഗവൺമെന്റ് ഒരു സംസ്ഥാന പുനസ്സംഘടനാ കമ്മീഷനെ നിയമിച്ചു. കമ്മീഷൻ അതിന്റെ റിപ്പോർട്ടിൽ സംസ്ഥാനങ്ങളുടെ അതിർത്തികൾ ഭാഷാ അതിർത്തികളെ പ്രതിഫലിപ്പിക്കണം എന്ന ആശയത്തെ അംഗീകരിച്ചു. കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 1956-ൽ സംസ്ഥാന പുനസ്സംഘടനാ നിയമം പാസ്സാക്കി. അങ്ങനെ പതിനാലു സംസ്ഥാനങ്ങളും ആറ് കേന്ദ്രഭരണപ്രദേശങ്ങളും രൂപീകരിക്കുകയുണ്ടായി.

പ്രത്യേക സംസ്ഥാനത്തിനുവേണ്ടിയുള്ള ആവശ്യങ്ങൾ രാഷ്ട്രത്തിന്റെ ഐക്യത്തെ അപകടപ്പെടുത്തുമോ എന്നതായിരുന്നു ആദ്യവർഷങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്കണ്ഠ. ഭാഷാസംസ്ഥാനങ്ങൾ



ഇത് വളരെ രസകരമായ കാര്യമല്ലേ? നെഹ്റുവും മറ്റു നേതാക്കൻമാരും വളരെ ജനകീയരായിരുന്നു, എന്നിട്ടും ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങൾക്ക് വേണ്ടി ഈ നേതാക്കൻമാരുടെ താൽപര്യങ്ങൾക്കെതിരെ പ്രതിഷേധിക്കാൻ ജനങ്ങൾ ഒട്ടും മടിച്ചിരുന്നില്ല!




**പോറ്റി ശ്രീരാമുലു (1901– 1952):** ഗാന്ധിജിയുടെ അനുയായി; ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് ജോലി ഉപേക്ഷിച്ചു; മദ്രാസ് പ്രവൃശ്യയിലെ ക്ഷേത്രങ്ങൾ ദളിതർക്ക് തുറന്നു കൊടുക്കുന്നതിനു വേണ്ടി 1946-ൽ നിരാഹാര സമരം നടത്തുകയുണ്ടായി; പ്രത്യേക ആന്ധ്രാ സംസ്ഥാനം രൂപീകരിക്കുന്നതിനുവേണ്ടി 1952 ഒക്ടോബർ 19-ന് മരണം വരെ നീണ്ട നിരാഹാരസമരം തുടങ്ങി; 1952 ഡിസംബർ 15-ന് നിരാഹാര സമയത്ത് മരണമടഞ്ഞു.



"ഭൂതത്തിന്റെ ആവാഹനം" (1956 ഫെബ്രുവരി 5) ചോദിക്കുന്നത് സംസ്ഥാന പുനസംഘടന കമ്മീഷന് ഭാഷാവാദം എന്ന ഭൂതത്തെ നിലക്ക് നിർത്താൻ കഴിയുമോ എന്നാണ്".




വിഘടനവാദത്തെ പരിപോഷിപ്പിക്കുമെന്നും അത് പുതുതായി രൂപംകൊണ്ട രാഷ്ട്രത്തിനുമേൽ സമ്മർദങ്ങൾ സൃഷ്ടിക്കുമെന്നുമുള്ള ആകുലതകളുമുണ്ടായിരുന്നു. എങ്കിലും ജനകീയ സമ്മർദത്തിന് വഴങ്ങികൊണ്ട് ഭാഷാസംസ്ഥാന രൂപീകരണത്തിന് അനുകൂലമായ ഒരു നിലപാട് നേതൃത്വം സ്വീകരിച്ചു. നമ്മൾ എല്ലാപ്രദേശങ്ങളുടെയും പ്രാദേശികവും ഭാഷാപരവുമായ അവകാശവാദങ്ങളെ അംഗീകരിക്കുകയാണെങ്കിൽ വിഭജനത്തിന്റെയും ശിഥിലീകരണത്തിന്റെയും ഭീഷണികളെ കുറയ്ക്കാമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. കൂടാതെ പ്രാദേശിക അവകാശവാദങ്ങളെ സ്വീകരിക്കുകയും ഭാഷാസംസ്ഥാനങ്ങൾ രൂപീകരിക്കുകയും ചെയ്തത് ജനാധിപത്യത്തെ വിപുലപ്പെടുത്തുമെന്ന കാഴ്ചപ്പാടാണുണ്ടായിരുന്നത്.

ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണത്തിനുശേഷം 60 വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞു. ഭാഷാസംസ്ഥാനങ്ങളുടെ രൂപീകരണവും അവയുടെ രൂപീകരണത്തിനു വേണ്ടിയുള്ള പ്രക്ഷോഭങ്ങളും ജനാധിപത്യരാഷ്ട്രീയത്തിന്റെയും നേതൃത്വത്തിന്റെയും സ്വഭാവത്തിൽ അടിസ്ഥാനപരമായ മാറ്റംവരുത്തിയെന്ന് നമുക്കു പറയാൻ കഴിയും. ഇംഗ്ലീഷ് സംസാരിക്കുന്ന ഒരു ചെറിയ കുലീനവർഗത്തിനുമാത്രമായി പരിമിതപ്പെടുത്താതെ എല്ലാവർക്കും അധികാരത്തിന്റെയും രാഷ്ട്രീയത്തിന്റെയും വഴികൾ അതു തുറന്നുകൊടുത്തു. ഭാഷാ അടിസ്ഥാനത്തിലുള്ള പുനസ്സംഘാടനം സംസ്ഥാനങ്ങളുടെ അതിർത്തി നിർണയിക്കുന്നതിൽ ഒരു ഏകീകൃത മാനദണ്ഡം കണ്ടെത്താൻ സഹായകമായി. ആദ്യകാലത്ത് എല്ലാവരും ഭയന്നതുപോലെ ഇത് രാഷ്ട്രത്തെ ശിഥിലീകരണ

ത്തിലേക്ക് നയിച്ചില്ല. മറിച്ച് ഇത് ദേശീയ ഐക്യത്തെ ശക്തിപ്പെടുത്തുകയാണുണ്ടായത്.

എല്ലാത്തിനും ഉപരിയായി ഭാഷാസംസ്ഥാനങ്ങൾ വൈവിദ്ധ്യം എന്ന തത്ത്വത്തിന്റെ സ്വീകാര്യതക്ക് അടിവരയിട്ടു. ഇന്ത്യ ജനാധിപത്യത്തെ സ്വീകരിച്ചു എന്നതുകൊണ്ടർഥമാക്കുന്നത് കേവലം ഒരു ജനാധിപത്യഭരണഘടനയ്ക്ക് രൂപം നൽകിയെന്നോ അല്ലെങ്കിൽ ജനാധിപത്യ തെരഞ്ഞെടുപ്പ് വ്യവസ്ഥ സ്വീകരിച്ചെന്നോ മാത്രമല്ല. അതിലും വിശാലമായ ഒരു തെരഞ്ഞെടുക്കലായിരുന്നു അത്. പരസ്പരം എതിർക്കുന്ന വ്യത്യസ്തതകളെ സ്വീകരിച്ച് അംഗീകരിക്കുന്നതിന് അനുകൂലമായ ഒരു തെരഞ്ഞെടുക്കലായിരുന്നു അത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ജനാധിപത്യം ആശയങ്ങളുടെയും ജീവിതരീതികളുടെയും ബഹുസ്വരതയുമായി ബന്ധപ്പെട്ടിരിക്കണം. പിൽക്കാലത്തുള്ള രാഷ്ട്രീയത്തിൽ ഏറിയകൂറും നടന്നത് ഈ ചട്ടക്കൂടിനുള്ളിലായിരുന്നു.

## പുതിയ സംസ്ഥാനങ്ങളുടെ രൂപീകരണം

ഭാഷാസംസ്ഥാനങ്ങൾ എന്ന തത്ത്വം സ്വീകരിച്ചെങ്കിലും, എല്ലാ സംസ്ഥാനങ്ങളും പെട്ടെന്നു ഭാഷാസംസ്ഥാനങ്ങളായി എന്ന് ഇതിനർത്ഥമില്ല. ഗുജറാത്തി ഭാഷയും മറാത്തി ഭാഷയും സംസാരിക്കുന്ന, ബോംബെ എന്ന 'ദ്വിഭാഷ' സംസ്ഥാനം പരീക്ഷണാടിസ്ഥാനത്തിൽ അവിടെയുണ്ടായിരുന്നു. ഒരു ജനകീയ പ്രക്ഷോഭത്തെ തുടർന്നു, 1960 ൽ മഹാരാഷ്ട്രയും ഗുജറാത്തും സംസ്ഥാനങ്ങളായി മാറി.

പഞ്ചാബിലും രണ്ടു ഭാഷാവിഭാഗങ്ങൾ ഉണ്ടായിരുന്നു: ഹിന്ദി സംസാരിക്കുന്നവരും പഞ്ചാബി സംസാരിക്കുന്നവരും. പഞ്ചാബി സംസാരിക്കുന്നവർ പ്രത്യേക സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. എന്നാൽ 1956-ൽ മറ്റു സംസ്ഥാനങ്ങൾക്കൊപ്പം അവർക്ക് ഭാഷാസംസ്ഥാന പദവി നൽകിയിരുന്നില്ല. പത്തുവർഷം കഴിഞ്ഞ്, 1966-ൽ ഇന്നത്തെ ഹരിയാനയും ഹിമാചൽപ്രദേശും വിശാല പഞ്ചാബ് സംസ്ഥാനത്തുനിന്നും വിഭജിച്ച് മാറ്റിയതോടെയാണ്, പഞ്ചാബിന് സംസ്ഥാന പദവി ലഭിക്കുന്നത്.

മറ്റൊരു പ്രധാനപ്പെട്ട പുനസ്സംഘടന നടന്നത് 1972-ൽ വടക്ക് കിഴക്ക് മേഖലയിലായിരുന്നു. 1972-ൽ ആസ്സാമിൽ നിന്നും മേഘാലയ വേർപെടുത്തുകയുണ്ടായി. മണിപ്പൂരും ത്രിപുരയും കൂടി ആ വർഷം പ്രത്യേക സംസ്ഥാനങ്ങളായി മാറി. അരുണാചൽപ്രദേശ്, മിസ്സോറാം, എന്നീ സംസ്ഥാനങ്ങൾ 1987-ൽ നിലവിൽ വന്നു. വളരെ മുമ്പേ തന്നെ 1963-ൽ നാഗാലാന്റ് സംസ്ഥാനമായി മാറിയിരുന്നു.

എന്നിരുന്നാലും, ഭാഷ മാത്രമായിരുന്നില്ല സംസ്ഥാന പുനസംഘടനയുടെ ഏക മാനദണ്ഡം. പിന്നീടുള്ള വർഷങ്ങളിൽ ഉപമേഖലകൾ പ്രത്യേക സംസ്കാരത്തിന്റെയോ അല്ലെങ്കിൽ വികസനത്തിലെ അസന്തുലിതാവസ്ഥയുടേയോ അടിസ്ഥാനത്തിൽ പ്രത്യേക സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടു. അത്തരം മൂന്ന് സംസ്ഥാനങ്ങൾ, ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, ഉത്തരാഞ്ചൽ എന്നിവ 2000-ാംമാണ്ടിൽ രൂപീകരിക്കപ്പെട്ടു. പുനസംഘടനയുടെ കഥ ഇതുവരെ അവസാനിച്ചിട്ടില്ല. രാജ്യത്തെ നിരവധി മേഖലകൾ പ്രത്യേകവും ചെറുതുമായ സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രസ്ഥാനങ്ങളുണ്ട്. ഇതിൽ മഹാരാഷ്ട്രയിലെ വിദർഭയും, പശ്ചിമ ഉത്തർപ്രദേശിലെ ഹരിത്പ്രദേശും, പശ്ചിമബംഗാളിലെ വടക്കൻ മേഖലയും ഉൾപ്പെടുന്നു.



# അഭ്യാസം

1. താഴെ കൊടുത്തിരിക്കുന്നവയിൽ വിഭജനത്തെ സംബന്ധിച്ച തെറ്റായ പ്രസ്താവന ഏത്?
   a) ഇന്ത്യയുടെ വിഭജനം "ദ്വിരാഷ്ട്ര സിദ്ധാന്തത്തിന്റെ" അനന്തരഫലമായിരുന്നു.
   b) മതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട രണ്ട് പ്രവിശ്യകളായിരുന്നു പഞ്ചാബും ബംഗാളും
   c) കിഴക്കൻ പാകിസ്ഥാനും പടിഞ്ഞാറൻ പാകിസ്ഥാനും സമീപ പ്രദേശങ്ങളായിരുന്നില്ല.
   d) അതിർത്തിക്കപ്പുറത്തേക്ക് ജനങ്ങളെ കൈമാറുന്ന ഒരു പദ്ധതിയും വിഭജനവ്യവസ്ഥയിൽ ഉൾപ്പെട്ടിരുന്നു.

2. തത്ത്വങ്ങളെ ഉദാഹരണങ്ങളുമായി ചേരുംപടി ചേർക്കുക.

| | |
|---|---|
| a) മതത്തിന്റെ അടിസ്ഥാനത്തിൽ അതിർത്തികൾ രൂപീകരിക്കുക | i) പാകിസ്ഥാനും ബംഗ്ലാദേശും |
| b) ഭാഷയുടെ അടിസ്ഥാനത്തിലുള്ള അതിർത്തികളുടെ രൂപീകരണം | ii) ഇന്ത്യയും പാകിസ്ഥാനും |
| c) ഭൂമിശാസ്ത്രപരമായ മേഖലകളുടെ അടിസ്ഥാനത്തിൽ ഒരു രാജ്യത്തിനുള്ളിൽ തന്നെ അതിർത്തികൾ വേർതിരിക്കുക | iii) ഝാർഖണ്ഡും ഛത്തീസ്ഗഡും |
| d) ഭരണപരവും രാഷ്ട്രീയവുമായ അടിസ്ഥാനത്തിൽ അതിർത്തികൾ വേർതിരിക്കുക | iv) ഹിമാചൽ പ്രദേശും ഉത്തരാഖണ്ഡും |

3. ഇന്ത്യയുടെ ഇപ്പോഴത്തെ ഒരു ഭൂപടം (സംസ്ഥാനങ്ങളുടെ അതിർത്തികൾ അടയാളപ്പെടുത്തിയിട്ടുള്ളത്) എടുത്ത് അതിൽ താഴെപ്പറയുന്ന നാട്ടു രാജ്യങ്ങളുടെ സ്ഥാനം രേഖപ്പെടുത്തുക?

   a) ജൂനഗഢ് b) മണിപ്പൂർ c) മൈസൂർ d) ഗ്വാളിയർ

4. ഇവിടെ രണ്ടു അഭിപ്രായങ്ങൾ കൊടുത്തിരിക്കുന്നു.

   ബിസ്മെ: "ഇന്ത്യയുമായുള്ള സംയോജനം നാട്ടുരാജ്യങ്ങളിലെ ജനങ്ങൾക്കിടയിലേക്കുള്ള ജനാധിപത്യത്തിന്റെ ഒരു വ്യാപനമായിരുന്നു".

   ഇന്ദർപ്രീത്: "എനിക്കത്ര ഉറപ്പില്ല, അവിടെ ബലപ്രയോഗവും നടത്തിയിരുന്നു. സമവായത്തിലൂടെയാണ് ജനാധിപത്യം വരുന്നത്?"

   നാട്ടുരാജ്യങ്ങളുടെ സംയോജനത്തിന്റെയും ആ ഭാഗങ്ങളിലുള്ള ജനങ്ങളുടെ പ്രതികരണങ്ങളുടെയും പശ്ചാത്തലത്തിൽ ഇതിനെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം എന്തായിരിക്കും?

5. താഴെ തന്നിരിക്കുന്ന 1947-ലെ വ്യത്യസ്തമായ രണ്ട് പ്രസ്താവനകൾ വായിക്കുക:

   *ഇന്നു നിങ്ങൾ ശിരസ്സിൽ ഒരു മുൾക്കിരീടം ധരിച്ചിരിക്കുന്നു. അധികാരത്തിന്റെ സിംഹാസനം ദുഷിച്ചതാണ്. ആ സിംഹാസനത്തിൽ നിങ്ങൾ എപ്പോഴും ഉണർവോടെ ഇരിക്കേണ്ടതുണ്ട്. നിങ്ങൾ കൂടുതൽ വിനയാന്വിതരും സഹനശീലരും ആയിരിക്കണം... ഇനി നിങ്ങൾക്ക് അവസാനമില്ലാത്ത പരീക്ഷണങ്ങളായിരിക്കും.* - എം.കെ ഗാന്ധി

   "... *ഇന്ത്യ സ്വതന്ത്രമായ ജീവിതത്തിലേക്ക് ഉണർന്നെഴുന്നേൽക്കുകയാണ്....പഴമയിൽ നിന്നും പുതുമയിലേക്ക് നമ്മൾ ചുവട് വയ്ക്കുന്നു. നമ്മൾ ഇന്ന് നിർഭാഗ്യങ്ങളുടെ ഒരു കാലഘട്ടത്തിന് അന്ത്യം കുറിച്ചുകൊണ്ട് ഇന്ത്യ വീണ്ടും സ്വയം*

*കണ്ടെത്തുകയാണ്. നമ്മൾ ഇന്ന് ആഘോഷിക്കുന്ന നേട്ടങ്ങൾ ഒരു ചുവട് വെപ്പ് മാത്രമേ ആകുന്നുള്ളു. അവസരങ്ങളുടെ ഒരു തുടക്കമാണത്..."*

**-ജവഹർലാൽ നെഹ്റു**

ഈ രണ്ടു പ്രസ്താവനകളിൽ നിന്നും രാഷ്ട്ര നിർമാണത്തിനുള്ള അജണ്ട കണ്ടെത്തുക. ഇതിൽ ഏതാണ് നിങ്ങളെ കൂടുതൽ ആകർഷിക്കുന്നത്, എന്തു കൊണ്ട്?

6. ഇന്ത്യയെ മതേതരമായി നിലനിർത്താൻ നെഹ്റു സ്വീകരിച്ച യുക്തികൾ എന്തൊക്കെയായിരുന്നു? ഈ യുക്തികൾ ധാർമ്മികവും വൈകാരികവും മാത്രമായിരുന്നുവെന്നു നിങ്ങൾ ചിന്തിക്കുന്നുണ്ടോ? അതോ അവിടെ ചില വിവേകപൂർവമായ യുക്തികൾ ഉണ്ടായിരുന്നോ?

7. സ്വാതന്ത്ര്യലബ്ധിയുടെ സന്ദർഭത്തിൽ രാജ്യത്തിന്റെ കിഴക്കും പടിഞ്ഞാറും മേഖലകളിൽ രാഷ്ട്രനിർമാണപ്രക്രിയ നേരിട്ട വെല്ലുവിളികൾ തമ്മിലുള്ള രണ്ടു പ്രധാനപ്പെട്ട വ്യത്യാസങ്ങൾ കണ്ടെത്തുക.

8. സംസ്ഥാന പുനസ്സംഘാടന കമ്മീഷന്റെ ദൗത്യം എന്തായിരുന്നു? എന്തായിരുന്നു അതിന്റെ ഏറ്റവും സവിശേഷമായ ശുപാർശ?

9. ഒരു പരിധിവരെ, പൊതുവായ വിശ്വാസം, ചരിത്രം, രാഷ്ട്രീയ അഭിലാഷങ്ങൾ, ഭാവന എന്നിവ ഒത്തുചേരുന്ന സാങ്കൽപികസമൂഹമാണ് ദേശ രാഷ്ട്രമെന്നു പറയാറുണ്ട്. ഇന്ത്യയെ ഒരു ദേശരാഷ്ട്രമാകുന്ന സവിശേഷതകൾ കണ്ടെത്തുക.

10. ചുവടെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ചശേഷം അതിന് താഴെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

*രാഷ്ട്രനിർമാണത്തിന്റെ ചരിത്രത്തിൽ സോവിയറ്റ് പരീക്ഷണം മാത്രമാണ് ഇന്ത്യയോട് താരതമ്യപ്പെടുത്താവുന്നത്. അവിടെയും അനവധി വിഭിന്നങ്ങളായ വംശീയവിഭാഗങ്ങൾ, മതം, ഭാഷ, സമുദായങ്ങൾ, സമൂഹികവർഗങ്ങൾ എന്നിവയ്ക്കിടയിൽ ഒരു ഐക്യബോധം കെട്ടിപ്പടുക്കേണ്ടിയിരുന്നു. താരതമ്യേന ബൃഹത്തായ തോതിലുള്ള ഭൂപ്രദേശവും ജനസംഖ്യയുമാണുണ്ടായിരുന്നത്. രാഷ്ട്രത്തിന്റെ പ്രവർത്തനത്ത മുന്നോട്ടു കൊണ്ടുപോകാനുള്ള അസംസ്കൃത വസ്തുക്കൾ രണ്ടിടത്തും തുലോം പരിമിതമായിരുന്നു. വിശ്വാസത്താൽ വിഭജിക്കപ്പെട്ടതും കടബാധ്യതയിലും രോഗത്തിലും അകപ്പെട്ട ജനത....* - **രാമചന്ദ്ര ഗുഹ**

a) ഗ്രന്ഥകാരൻ പരാമർശിച്ച ഇന്ത്യയും സോവിയറ്റ് യൂണിയനും തമ്മിലുള്ള സാമ്യങ്ങൾ കണ്ടെത്തുക. ഓരോന്നിനും ഇന്ത്യൻ സാഹചര്യത്തിൽ നിന്നും ഉദാഹരണങ്ങൾ എഴുതുക.

b) ഗ്രന്ഥകർത്താവ് രണ്ടു പരീക്ഷണങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ച് ഒന്നും തന്നെ പറയുന്നില്ല. നിങ്ങൾക്ക് രണ്ടു വ്യത്യാസങ്ങൾ പറയാൻ കഴിയുമോ.

c) ഒരു പുനപരിശോധന നടത്തുകയാണെങ്കിൽ ഈ രണ്ടു പരീക്ഷണങ്ങളിൽ മികച്ചരീതിയിൽ പ്രവർത്തിച്ചത് ഏതാണ്? എന്തുകൊണ്ട്?

## നമുക്കിത് ഒരുമിച്ച് ചെയ്യാം

- വിഭജനത്തെക്കുറിച്ചുള്ള ഒരു ഇന്ത്യൻ എഴുത്തുകാരന്റെയോ പാകിസ്ഥാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലെ ഏതെങ്കിലും ഒരു എഴുത്തുകാരന്റെ കഥയോ നോവലോ വായിക്കുക. അതിർത്തിക്കിരുവശത്തുമുള്ള അനുഭവങ്ങളിൽ എന്തൊക്കെയാണ് പൊതുവായിട്ടുള്ളത്?
- ഈ അധ്യായത്തിലെ 'നമുക്ക് പുനരന്വേഷിക്കാം' എന്ന ഭാഗത്ത് നിർദേശിച്ചിട്ടുള്ള എല്ലാ കഥകളും ശേഖരിക്കുക. പൊതുവായ അനുഭവങ്ങൾക്കും സവിശേഷമായ അനുഭവങ്ങളുള്ള കഥകൾക്കും പ്രാധാന്യം നൽകി കൊണ്ട് ഒരു ചുവർപത്രിക തയാറാക്കുക.

അഭ്യാസം




*'ശങ്കർ, എന്നെ ഒഴിവാക്കരുത്'* എന്ന ശങ്കറിന്റെ കാർട്ടൂൺ ശേഖരത്തിന്റെ മുഖചിത്രമാണ് ഈ പ്രശസ്തമായ വര. ഇന്ത്യാ-ചൈന നയത്തിന്റെ പശ്ചാത്തലത്തിലാണ് ഇത് യഥാർത്ഥത്തിൽ വരച്ചതെങ്കിലും ഏകകക്ഷി മേധാവിത്വകാലഘട്ടത്തിലുള്ള കോൺഗ്രസിന്റെ രണ്ടു മുഖങ്ങളെയാണ് കാർട്ടൂൺ പ്രതിഫലിപ്പിക്കുന്നത്.

**ഈ അധ്യായത്തിൽ...**

കഴിഞ്ഞ അധ്യായത്തിൽ വിവരിച്ചിരിക്കുന്ന രാഷ്ട്ര നിർമാണത്തിന്റെ വെല്ലുവിളികൾ ജനാധിപത്യം സ്ഥാപിക്കുന്നതിന്റെ വെല്ലുവിളിയും കൂടിയാണ്. അതുകൊണ്ട് രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള തെരഞ്ഞെടുപ്പു മൽസരം സ്വാതന്ത്ര്യത്തോടുകൂടി തന്നെ ആരംഭിച്ചു. താഴെ തന്നിരിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിന്റെ ആദ്യദശകം ഈ അധ്യായത്തിൽ നാം പരിശോധിക്കുന്നു.

- സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പു സമ്പ്രദായത്തിന്റെ സ്ഥാപനം
- സ്വാതന്ത്ര്യത്തിനുശേഷമുള്ള ആദ്യ വർഷങ്ങളിലെ കോൺഗ്രസ് പാർട്ടിയുടെ മേധാവിത്വം
- പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളുടെ ഉദയവും അവരുടെ നയങ്ങളും.

# ഏകകക്ഷി മേധാവിത്വ കാലഘട്ടം
# (ERA OF ONE PARTY DOMINANCE)

അദ്ധ്യായം 2

## ജനാധിപത്യ നിർമ്മിതിയിലെ വെല്ലുവിളികൾ
## (Challenges of building democracy)

എത്രത്തോളം പ്രയാസകരമായ അവസ്ഥയിലാണ് സ്വതന്ത്ര ഇന്ത്യയുടെ പിറവി എന്ന് ഇപ്പോൾ നിങ്ങൾക്ക് അറിയാം. രാജ്യം അതിന്റെ ആദ്യ കാലഘട്ടത്തിൽ നേരിട്ട ഗുരുതര രാഷ്ട്രനിർമാണത്തിലെ വെല്ലുവിളികളെക്കുറിച്ച് നിങ്ങൾ വായിച്ചു കഴിഞ്ഞു. ഗൗരവതരമായ വെല്ലുവിളികളെ നേരിട്ട വിവിധ രാജ്യങ്ങളിലെ നേതാക്കന്മാർ ജനാധിപത്യവ്യവസ്ഥ ഉൾക്കൊള്ളുവാൻ അവരുടെ രാജ്യത്തിന് കഴിയുകയില്ലെന്ന് തീരുമാനിച്ചു. ദേശീയ ഐക്യമാണ് അവരുടെ പ്രഥമ പരിഗണനയെന്നും ജനാധിപത്യവ്യവസ്ഥ അഭിപ്രായ വ്യത്യാസങ്ങൾക്കും കലഹങ്ങൾക്കും കാരണമാകുമെന്നും അവർ അഭിപ്രായപ്പെട്ടു. ആയതിനാൽ കോളനി വാഴ്ചയിൽ നിന്ന് മോചിതരായ മിക്ക രാജ്യങ്ങളും ജനാധിപത്യേതര ഭരണസമ്പ്രദായത്തിലൂടെയാണ് കടന്നുപോയത്. ഇതിന് പല രൂപങ്ങൾ ഉണ്ടായിരുന്നു: ഒരു നേതാവിന്റെ ശക്തമായ നിയന്ത്രണത്തിൻ കീഴിലുള്ള നാമമാത്ര ജനാധിപത്യം, ഏകകക്ഷി ഭരണം അല്ലെങ്കിൽ പ്രത്യക്ഷ സൈനിക ഭരണം. എത്രയും വേഗം ജനാധിപത്യം സ്ഥാപിക്കാമെന്ന ഉറപ്പിന്മേലാണ് എല്ലായ്പ്പോഴും ജനാധിപത്യേതര ഭരണകൂടങ്ങൾ രൂപീകരിക്കപ്പെട്ടത്. പക്ഷേ, ഒരിക്കൽ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞാൽ ഇവയെ പുറത്താക്കുക ദുഷ്കരമായിരിക്കും.

ഇന്ത്യയിലെ സാഹചര്യങ്ങൾ ഇതിൽനിന്നും വ്യത്യസ്തമായിരുന്നില്ല. എന്നാൽ സ്വതന്ത്ര ഇന്ത്യയിലെ നേതാക്കന്മാർ കൂടുതൽ ദുർഘടമായ പാത സ്വീകരിക്കുവാൻ തീരുമാനിച്ചു. ജനാധിപത്യമെന്ന ആശയത്തോട് നമ്മുടെ സ്വാതന്ത്ര്യ പോരാട്ടത്തിന് ആഴത്തിലുള്ള പ്രതിബദ്ധത ഉണ്ടായിരുന്നതുകൊണ്ട് മറ്റു ഏത് മാർഗവും ചിന്തിക്കുവാൻ പോലും കഴിഞ്ഞിരുന്നില്ല. ഒരു ജനാധിപത്യവ്യവസ്ഥയിൽ രാഷ്ട്രീയത്തിനുള്ള നിർണായക പങ്കിനെക്കുറിച്ച് നമ്മുടെ നേതാക്കൾക്ക് നല്ല ബോധ്യമുണ്ടായിരുന്നു. രാഷ്ട്രീയത്തെ ഒരു പ്രശ്നമായിട്ടില്ല; മറിച്ച് പ്രശ്നപരിഹാര മാർഗമായിട്ടാണ് നമ്മുടെ നേതാക്കൾ കണ്ടത്. ഓരോ സമൂഹവും എങ്ങനെ ഭരിക്കപ്പെടണമെന്നും അവ എങ്ങനെ സ്വയം നിയന്ത്രിക്കപ്പെടണമെന്നും തീരുമാനിക്കേണ്ടതുണ്ട്. തെരഞ്ഞെടുക്കുന്നതിനായി വിവിധ ബദൽ നയങ്ങൾ എല്ലായ്പ്പോഴും ഉണ്ടായിരുന്നു. വ്യത്യസ്തവും പരസ്പരം പോരടിക്കുന്നതുമായ ആശയാഭിലാഷങ്ങളുള്ള വിഭാഗങ്ങൾ ഇവിടെയുണ്ടായിരുന്നു. ഈ ഭിന്നതകളെ നാം എങ്ങനെ പരിഹരിക്കും? ജനാധിപത്യ രാഷ്ട്രീയമാണ് ഈ ചോദ്യത്തിനുള്ള ഒരു ഉത്തരം. മത്സരവും അധികാരവും രാഷ്ട്രീയത്തിന്റെ പ്രത്യക്ഷ ഘടകങ്ങളായതിനാൽ രാഷ്ട്രീയപ്രവർത്തനങ്ങളുടെ ആത്യന്തികലക്ഷ്യം പൊതുജന താൽപര്യങ്ങൾ നിർണയിക്കുകയും പിന്തുടരുകയുമാണ്. ഈ പാത പിന്തുടരുവാനാണ് നമ്മുടെ നേതാക്കന്മാർ തീരുമാനിച്ചത്.

നമ്മുടെ ഭരണഘടന എങ്ങനെയാണ് എഴുതി തയാറാക്കിയതെന്ന് കഴിഞ്ഞ വർഷം നിങ്ങൾ പഠിച്ചുവല്ലോ? ഭരണഘടന അംഗീകരിച്ചത് 1949 നവംബർ 26 നും ഒപ്പിട്ടത് 1950 ജനുവരി 24 നും പ്രാബല്യത്തിൽ വന്നത് 1950 ജനുവരി 26 നുമാണെന്ന് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ? ഒരു ഇടക്കാല ഗവൺമെന്റായിരുന്നു ആ കാലഘട്ടത്തിൽ ഇന്ത്യ ഭരിച്ചിരുന്നത്. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യഭരണകൂടത്തെ രാജ്യത്ത് സ്ഥാപിക്കുകയെന്നത് ആവശ്യമായിരുന്നു. ഭരണഘടന ആവശ്യമായ ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇനി അതിനെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയാണ് ചെയ്യേണ്ടത്. തുടക്കത്തിൽ കുറച്ചു മാസത്തേക്ക് മാത്രമായുള്ള ഒരു സംവിധാനമായിട്ടായിരുന്നു ഇതിനെ കണക്കാക്കിയത്. 1950 ജനുവരിയിൽ ഇന്ത്യയുടെ തെരഞ്ഞെടുപ്പു കമ്മീഷൻ സ്ഥാപിതമായി. ആദ്യത്തെ മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണറായി സുകുമാർസെൻ നിയമിതനായി. രാജ്യത്തെ ആദ്യ തെരഞ്ഞെടുപ്പ് 1950-ൽ തന്നെ നടത്തുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു.

Z5H3E9

> ഇന്ത്യയിൽ... മറ്റ് ഏത് രാജ്യത്തെയും രാഷ്ട്രീയത്തിൽ ഇല്ലാത്ത തോതിലുള്ള സ്വാധീനമാണ് വീരാരാധനക്ക് ഇന്ത്യൻ രാഷ്ട്രീയത്തിലുള്ളത്, പക്ഷേ രാഷ്ട്രീയത്തിൽ... വീരാരാധന അധഃപ്പതനത്തിലേക്കും ക്രമേണ സ്വേച്ഛാധിപത്യത്തിലേക്കും വഴുതിപ്പോകാനുള്ള ഒരു മാർഗമാണ്.

ഭരണഘടനാശില്പി ഡോ: ബി.ആർ. അംബേദ്കർ 1949 നവംബർ 25 ന് ഭരണഘടനാനിർമാണ സമിതിയിൽ നടത്തിയ പ്രസംഗം.




നമ്മൾ ഒരു ജനാധിപത്യവ്യവസ്ഥ ആയിരുക്കുന്നതിൽ എന്താണ് ഇത്ര പ്രത്യേകത?

ഇപ്പോൾ അല്ലെങ്കിൽ പിന്നീട് എല്ലാ രാജ്യങ്ങളും ജനാധിപത്യമായി മാറും. അതങ്ങനെയല്ലേ?




അത് നല്ല ഒരു തീരുമാനമാണ്. എന്നാൽ സ്ത്രീകൾക്ക് സ്വന്തമായി ഒരു പേരില്ലാത്ത തുപോലെ, ഇപ്പോഴും അവരെ ഭർത്താവിന്റെ പേരു ചേർത്ത് വിളിക്കുന്ന പുരുഷന്മാരെക്കുറിച്ച് എന്തു പറയാനാണ്?

ഇന്ത്യ പോലുള്ള ഒരു ബൃഹത്തായ രാജ്യത്ത് സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു തെരഞ്ഞെടുപ്പ് നടത്തുവാൻ പ്രയാസമാണെന്ന് തെരഞ്ഞെടുപ്പു കമ്മീഷൻ കണ്ടെത്തി. ഒരു തെരഞ്ഞെടുപ്പ് നടത്തുന്നതിന് നിയോജക മണ്ഡലങ്ങളുടെ അതിർത്തി നിർണയം ആവശ്യമായിരുന്നു. ഇതിന് സമ്മതിദായക പട്ടിക അഥവാ വോട്ടുചെയ്യുവാൻ അർഹരായ എല്ലാ പൗരന്മാരുടെയും പട്ടിക തയാറാക്കേണ്ടത് ആവശ്യമായിരുന്നു. ഈ രണ്ടു ജോലികളും പൂർത്തിയാക്കാൻ ധാരാളം സമയം വേണ്ടി വന്നു. ആദ്യത്തെ കരടുപട്ടിക പ്രസിദ്ധീകരിച്ചപ്പോൾ തന്നെ ഏകദേശം 40 ലക്ഷത്തോളം സ്ത്രീകളുടെ പേരുകൾ പട്ടികയിൽ ഉൾപ്പെടുത്തിയില്ലെന്നു കണ്ടെത്തി. '........ന്റെ ഭാര്യ' അഥവാ '........ന്റെ മകൾ' എന്നിങ്ങനെ ലഘുവായി പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിൽ തയാറാക്കിയ വോട്ടർപട്ടിക തെരഞ്ഞെടുപ്പു കമ്മീഷൻ നിരസിക്കുകയും കഴിയുമെങ്കിൽ ഇത് പുനപ്പരിശോധിക്കണമെന്നും ആവശ്യമെങ്കിൽ നീക്കം ചെയ്യണമെന്നും ഉത്തരവിട്ടു. ഒന്നാമത്തെ തെരഞ്ഞെടുപ്പിനുള്ള തയാറെടുപ്പ് ഒരു ബൃഹത്തായ പ്രക്രിയ ആയിരുന്നു. ഈ തോതിലുള്ള ഒരു തെരഞ്ഞെടുപ്പ് ലോകത്ത് ഒരിടത്തും ഇതുവരെയും നടന്നിട്ടുണ്ടായിരുന്നില്ല. 3200 എം.എൽ.എ മാരെയും 489 ലോക്സഭ അംഗങ്ങളെയും തെരഞ്ഞെടുക്കുന്നതിനായി 17 കോടി യോഗ്യരായ വോട്ടർമാർ ഇന്ത്യയിൽ അന്ന് ഉണ്ടായിരുന്നു. യോഗ്യരായ വോട്ടർമാരിൽ 15 ശതമാനം മാത്രമേ സാക്ഷരരായിട്ടുള്ളൂ. അതുകൊണ്ട് തെരഞ്ഞെടുപ്പു കമ്മീഷന് ചില പ്രത്യേക വോട്ടിംഗ് സമ്പ്രദായങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടി വന്നു. തെരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനായി 3 ലക്ഷത്തിൽപ്പരം ഉദ്യോഗസ്ഥർക്കും തെരഞ്ഞെടുപ്പ് ജീവനക്കാർക്കും കമ്മീഷൻ പരിശീലനം നൽകി.

രാജ്യത്തിന്റെ വലുപ്പവും സമ്മതിദായകരുടെ ബാഹുല്യവും മാത്രമല്ല തെരഞ്ഞെടുപ്പിനെ അസാധാരണമാക്കിയത്. ദരിദ്രവും നിരക്ഷരവുമായ ഒരു രാജ്യത്ത് നടക്കുന്ന ഏറ്റവും വലിയ ജനാധിപത്യ പരീക്ഷണമായിരുന്നു ആദ്യ പൊതു തെരഞ്ഞെടുപ്പ്. അതുവരെ ജനാധിപത്യം നിലനിന്നിരുന്നത് ഭൂരിഭാഗവും സമ്പന്ന രാജ്യങ്ങളിൽ പ്രത്യേകിച്ച് യൂറോപ്പിലും വടക്കേ അമേരിക്കയിലുമായിരുന്നു. അതുവരെ യൂറോപ്പിലുണ്ടായിരുന്ന മിക്ക രാജ്യങ്ങളും എല്ലാ സ്ത്രീകൾക്കും വോട്ടവ




പാർട്ടി സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് 1951-ൽ കോൺഗ്രസ് രൂപീകരിച്ച തെരഞ്ഞെടുപ്പ് കമ്മിറ്റി കാർട്ടൂണിസ്റ്റിന്റെ ഭാവനയിൽ. കമ്മിറ്റിയിൽ നെഹ്റുവിനെ കൂടാതെ മൊറാർജി ദേശായി, റാഫി അഹമ്മദ് കിദ്വായ്, ഡോ. ബി. സി. റോയി, കാമരാജ് നാടാർ, രാജഗോപാലാചാരി, ജഗ്ജീവൻ റാം, മൗലാനാ ആസാദ്, ഡി. പി. മിശ്ര, പി.ഡി. ടണ്ടൻ, ഗോവിന്ദ് വല്ലഭായി പന്ത്

### മാറി വരുന്ന വോട്ടിംഗ് രീതികൾ



വോട്ടർമാരുടെ മുൻഗണന രേഖപ്പെടുത്താനായി ഈ കാലങ്ങളിൽ നമ്മൾ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളാണ് ഉപയോഗിക്കുന്നത്. എന്നാൽ ഈ രീതിയല്ല നമ്മൾ ആദ്യം അവലംബിച്ചത്. ആദ്യത്തെ തെരഞ്ഞെടുപ്പിൽ ഓരോ സ്ഥാനാർത്ഥിക്കും അവരവരുടെ ചിഹ്നം പതിച്ച ഒരു പെട്ടി ഓരോ പോളിംഗ് ബൂത്തിലും സ്ഥാപിക്കാൻ തീരുമാനിച്ചു. ഓരോ വോട്ടറിനും ഒരു ശൂന്യമായ ബാലറ്റ് പേപ്പർ നൽകുകയും വോട്ടു ചെയ്യാനാഗ്രഹിക്കുന്ന സ്ഥാനാർത്ഥിയുടെ പെട്ടിയിൽ അവർ അത് ഇടുകയും വേണം. ഏകദേശം 20 ലക്ഷത്തോളം ഇരുമ്പുപെട്ടികൾ ഇതിനായി ഉപയോഗിച്ചു. പഞ്ചാബിൽ നിന്നുള്ള ഒരു പ്രിസൈഡിംഗ് ഓഫീസർ അദ്ദേഹം എങ്ങനെയാണ് ബാലറ്റ് പെട്ടികൾ തയാറാക്കിയതെന്ന് വിശദീകരിക്കുന്നു-"ഓരോ പെട്ടിയുടെ പുറത്തും അകത്തും, പുറത്ത് ഇരുവശങ്ങളിലും അതാത് സ്ഥാനാർത്ഥിയുടെ ചിഹ്നം ഉണ്ടായിരിക്കണം, സ്ഥാനാർത്ഥിയുടെ പേര് ഉർദു, ഹിന്ദി, പഞ്ചാബി ഭാഷയിൽ പോളിംഗ്സ്റ്റേഷന്റെയും ബൂത്തിന്റെയും നിയോജകമണ്ഡലത്തിന്റെയും നമ്പരും കൂടി എഴുതേണ്ടതായിട്ടുണ്ട്. സ്ഥാനാർത്ഥിയുടെ നമ്പർ വിവരണത്തോടുകൂടിയ പേപ്പർ സീൽ പ്രിസൈഡിംഗ് ഓഫീസർ ഒപ്പിട്ട് ചട്ടക്കൂടിനുള്ളിലോട്ടു കടത്തി അതിന്റെ ജാലകം അടയ്ക്കുകയും ഈ ജാലകത്തിന്റെ വാതിൽ ഒരു ചരട് ഉപയോഗിച്ച് മറുവശവുമായി ബന്ധിപ്പിക്കുകയും ചെയ്യണമായിരുന്നു. തെരഞ്ഞെടുപ്പിന് നിശ്ചയിച്ചിരിക്കുന്ന ഒരു ദിവസത്തിനുള്ളിൽ ഇക്കാര്യങ്ങളെല്ലാം ചെയ്തു തീർക്കണമായിരുന്നു. ചിഹ്നങ്ങളും ലേബലും പതിപ്പിക്കുന്നതിന് പെട്ടിയുടെ പുറം സാന്റ് പേപ്പർ അല്ലെങ്കിൽ ചുടുകട്ട ഉപയോഗിച്ച് ഉരയ്ക്കേണ്ടതുണ്ടായിരുന്നു. എന്റെ രണ്ടു പെൺകുട്ടികൾ ഉൾപ്പെടെ ആറു പേർ അഞ്ച് മണിക്കൂർ ജോലി ചെയ്താണ് ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. ഇതെല്ലാം എന്റെ വീട്ടിൽ വച്ചാണ് ചെയ്തത്.



ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം

ആദ്യ രണ്ടു തെരഞ്ഞെടുപ്പുകൾക്കുശേഷം ഈ സമ്പ്രദായം മാറ്റി. ഇതിനുശേഷം എല്ലാ സ്ഥാനാർത്ഥികളുടെയും പേരും ചിഹ്നവുമടങ്ങുന്ന ബാലറ്റ്പേപ്പറിൽ വോട്ടു രേഖപ്പെടുത്താനാഗ്രഹിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിനു മുമ്പിൽ സമ്മതിദായകൻ സീൽ പതിപ്പിക്കണം. ഈ സമ്പ്രദായം ഏകദേശം 40 വർഷത്തോളം തുടർന്നു. 1990-കളുടെ അവസാനത്തോടെ തെരഞ്ഞെടുപ്പു കമ്മീഷൻ തെരഞ്ഞെടുപ്പു യന്ത്രങ്ങൾ ഉപയോഗിക്കാൻ തുടങ്ങി. 2004-ഓടുകൂടി രാജ്യം മുഴുവൻ വോട്ടിംഗ് യന്ത്രത്തിലേക്ക് മാറി.

**നമുക്ക് പുനരന്വേഷിക്കാം**

നിങ്ങളുടെ കുടുംബത്തിലെയും അയൽപക്കത്തുമുള്ള മുതിർന്നവരോട് അവരുടെ തെരഞ്ഞെടുപ്പു പങ്കാളിത്തത്തിന്റെ അനുഭവം ചോദിക്കുക.

- ആരെങ്കിലും ആദ്യത്തെയോ രണ്ടാമത്തെയോ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്തിട്ടുണ്ടോ? ആർക്കാണ് അവർ വോട്ടു ചെയ്തത്? എന്തുകൊണ്ട്?
- തെരഞ്ഞെടുപ്പിന്റെ മൂന്നു രീതികൾ ഉപയോഗിച്ചവർ ആരെങ്കിലുമുണ്ടോ? ഇതിൽ ഏതാണ് അവർ കൂടുതൽ ഇഷ്ടപ്പെട്ടത്?
- ഇന്നത്തെ തെരഞ്ഞെടുപ്പുകളിൽ നിന്ന് അന്നത്തെ തെരഞ്ഞെടുപ്പുകൾക്ക് ഏതെല്ലാം രീതിയിലുള്ള വ്യത്യാസങ്ങളാണ് അവർ കാണുന്നത്?



**മൗലാന അബ്ദുൾകലാം ആസാദ് (1888–1958)**

അബുൾകലാം മൊഹിയുദ്ദീൻ അഹമ്മദ് എന്നാണ് യഥാർത്ഥ പേര്; ഇസ്ലാംമത പണ്ഡിതൻ, സ്വാതന്ത്ര്യസമരസേനാനിയും കോൺഗ്രസ് നേതാവും; ഹിന്ദു-മുസ്ലിം ഐക്യത്തിന്റെ വക്താവ്; വിഭജനത്തിന് എതിരായിരുന്നു; ഭരണഘടനാ നിർമാണസമിതി അംഗം; സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രി.

കാശം നൽകിയിരുന്നില്ല. ഈ പശ്ചാത്തലത്തിൽ ഇന്ത്യയുടെ സാർവത്രിക പ്രായപൂർത്തി വോട്ടവകാശം എന്ന പരീക്ഷണം വളരെ ധീരവും സാഹസികവുമായിരുന്നു. "ചരിത്രത്തിലെ ഏറ്റവും വലിയ ചൂതാട്ടമായിട്ട്" ഒരു ഇന്ത്യൻ പത്രാധിപർ ഇതിനെ വിശേഷിപ്പിച്ചു. "ഇന്ത്യയിലെ സാർവത്രിക പ്രായപൂർത്തി വോട്ടവകാശത്തിന്റെ പരാജയം ഏറ്റുപറയുന്നതിനായി ജവഹർലാൽ നെഹ്റു ജീവിച്ചിരിക്കും" എന്ന് ഓർഗനൈസർ മാസിക എഴുതി. ബ്രിട്ടീഷുകാരനായ ഒരു ഇന്ത്യൻ സിവിൽ സർവീസ് അംഗം അവകാശപ്പെട്ടത് "ലക്ഷക്കണക്കിന് നിരക്ഷരരായ ജനങ്ങൾ വോട്ട് രേഖപ്പെടുത്തിയ യുക്തിരാഹിത്യത്തെ ഭാവിയിലെ പ്രബുദ്ധ ജനത അത്ഭുതത്തോടെ നോക്കി കാണും" എന്നാണ്.

തെരഞ്ഞെടുപ്പ് രണ്ടുപ്രാവശ്യം നീട്ടി വയ്ക്കേണ്ടി വരുകയും അവസാനം 1951 ഒക്ടോബർ മുതൽ 1952 ഫെബ്രുവരി വരെ നടത്തുകയും ചെയ്തു. ഇന്ത്യയിലെ കൂടുതൽ സ്ഥലങ്ങളിലും 1952 ജനുവരിയിൽ തെരഞ്ഞെടുപ്പു നടന്നതിനാൽ ഈ തെരഞ്ഞെടുപ്പിനെ 1952-ലെ തെരഞ്ഞെടുപ്പ് എന്നാണ് അറിയപ്പെടുന്നത്. തെരഞ്ഞെടുപ്പു പ്രചാരണവും വോട്ടെടുപ്പും വോട്ടെണ്ണലും പൂർത്തിയാക്കുവാൻ 6 മാസം വേണ്ടി വന്നു. മത്സരാധിഷ്ഠിത രീതിയിൽ നടന്ന ഈ തെരഞ്ഞെടുപ്പിൽ ഒരു സീറ്റിലേക്ക് ശരാശരി 4 പേർ വീതം മൽസരിക്കാനുണ്ടായിരുന്നു. തെരഞ്ഞെടുപ്പിലെ പങ്കാളിത്തം വളരെ പ്രോത്സാഹജനകമായിരുന്നു-ഏകദേശം പകുതിയിലധികം വോട്ടർമാർ വോട്ടു ചെയ്തു. തെരഞ്ഞെടുപ്പിന്റെ നിഷ്പക്ഷതയെ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടവർപോലും ഫലം വന്നപ്പോൾ അംഗീകരിച്ചു. വിമർശകരുടെ അഭിപ്രായങ്ങൾ തെറ്റാണെന്ന് ഇന്ത്യൻ പരീക്ഷണം തെളിയിച്ചു. "പ്രായപൂർത്തി വോട്ടവകാശം ഈ രാജ്യത്തെ വളരെ അപകടം പിടിച്ച പരീക്ഷണമാണെന്ന സംശയാലുക്കളുടെ അഭിപ്രായം അസ്ഥാനത്തായിരുന്നെന്ന്" ദി ടൈംസ് ഓഫ് ഇന്ത്യ ദിനപത്രം അഭിപ്രായപ്പെട്ടു. ലോകചരിത്രത്തിലെ ഏറ്റവും വലിയ ജനാധിപത്യ തെരഞ്ഞെടുപ്പ് പരീക്ഷണം ഇന്ത്യൻ ജനത അങ്ങേയറ്റം പ്രശംസനീയമായി നിർവഹിച്ചെന്ന് സാർവത്രികമായി അംഗീകരിക്കപ്പെട്ടു എന്ന് ദി ഹിന്ദുസ്ഥാൻ ടൈംസ് അഭിപ്രായപ്പെട്ടു. ഇന്ത്യയ്ക്ക് പുറത്തുള്ള നിരീക്ഷകരിലും മതിപ്പുളവാക്കി. ലോക ജനാധിപത്യചരിത്രത്തിലെ ഒരു നാഴികക്കല്ലായി 1952-ലെ ഇന്ത്യൻ പൊതുതെരഞ്ഞെടുപ്പു മാറി. ദാരിദ്ര്യത്തിന്റെയും നിരക്ഷരതരുടെയും സാഹചര്യത്തിൽ ജനാധിപത്യ തെരഞ്ഞെടുപ്പ് നടത്താൻ കഴിയില്ലെന്ന വാദഗതിക്ക് നിലനിൽപ്പില്ലാതായി. ജനാധിപത്യം ലോകത്ത് എവിടെയും പ്രാവർത്തികമാക്കാമെന്ന് ഇത് തെളിയിച്ചു.

## ആദ്യ മൂന്നു തെരഞ്ഞെടുപ്പുകളിലെ കോൺഗ്രസ് മേധാവിത്വം (Congress dominance in the first three general elections)

ആദ്യ പൊതുതെരഞ്ഞെടുപ്പിന്റെ വിജയം ആരെയും അതിശയിപ്പിച്ചില്ല. ഈ തെരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് വിജയിക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ ദേശീയപ്രസ്ഥാനത്തിന്റെ പൈതൃകം പിന്തുടരുന്ന പാർട്ടിയായിരുന്നു കോൺഗ്രസ്. രാജ്യത്താകമാനം സംഘടനാശൃംഖലയുള്ള ഒരു പാർട്ടി അക്കാലത്ത് കോൺഗ്രസ് മാത്രമായിരുന്നു. കൂടാതെ ഇന്ത്യൻ രാഷ്ട്രീയത്തിലെ ഏറ്റവും ജനകീയനും വ്യക്തിപ്രഭാവവുമുള്ള നേതാവായ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വം കോൺഗ്രസിനുണ്ടായിരുന്നു. അദ്ദേഹം കോൺഗ്രസ് പ്രചാരണങ്ങൾക്ക് നേതൃത്വം നൽകുകയും രാജ്യത്തുടനീളം പര്യടനം നടത്തുകയും ചെയ്തു. തെരഞ്ഞെടുപ്പിന്റെ അന്തിമ ഫലം പ്രഖ്യാപിച്ചപ്പോൾ കോൺഗ്രസ് പാർട്ടിയുടെ വിജയത്തിന്റെ വ്യാപ്തി പലരെയും അത്ഭുതപ്പെടുത്തി. മറ്റ് രാഷ്ട്രീയകക്ഷികളെയെല്ലാം ബഹുദൂരം പിന്നിലാക്കി ഒന്നാം ലോക്സഭയിലേക്കുള്ള 489 സീറ്റുകളിൽ 364 സീറ്റുകളും നേടി




കോൺഗ്രസിന് ശക്തമായ സ്വാധീനമുണ്ടായിരുന്ന പ്രദേശങ്ങൾ നിങ്ങൾക്ക് കണ്ടെത്താൻ കഴിയുമോ? ഏതെല്ലാം സംസ്ഥാനങ്ങളിലാണ് മറ്റു പാർട്ടികൾ താരതമ്യേന നല്ല പ്രകടനം കാഴ്ച വച്ചത്?



Congress Voted Back To Power At Centre

266 SEATS ANNEXED SO FAR OUT OF 500

THE Congress Party has been voted back to power at the Centre. By Wednesday night, it had secured 266 seats—15 more than needed for an absolute majority in the 500-member Lok Sabha. The combined Opposition strength at that stage was 83.

This verdict in favour of a Congress Government at the Centre for the next five years came on the same day as the communists made virtually sure of forming a Government in Kerala.

The break up of non-Congress parties is: P S P 12, C P I and allies 21, Jan Sangh 1, Socialists 3, Jharkhand 8, Peasants and Workers Party 4, Scheduled Castes Federation 5, Hindu Mahasabha 1, Janata Party (Bihar) 2, Forward Bloc 1, Congress Reforms Committee (Madras) 2, Dravida Munnetra Kazhagam 2, Ganatantra Parishad

Reds' Success In Kerala

Working Majority Achieved

യെടുത്ത് മറ്റേതൊരു കക്ഷിയെക്കാളും വളരെ മുന്നിലെത്തി. സീറ്റുകളുടെ അടിസ്ഥാനത്തിൽ രണ്ടാമതെത്തിയെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ 16 സീറ്റുകൾ മാത്രമാണ് നേടിത്. ലോക്സഭാ തെരഞ്ഞെടുപ്പിനോടൊപ്പം സംസ്ഥാന നിയമസഭകളിലേക്കും തെരഞ്ഞെടുപ്പ് നടത്തി. ആ തെരഞ്ഞെടുപ്പിലും കോൺഗ്രസിന് വലിയ വിജയം ലഭിച്ചു. തിരുവിതാംകൂർ-കൊച്ചി (ഇപ്പോൾ കേരളത്തിന്റെ ഭാഗം) മദ്രാസ്, ഒറീസ എന്നിവിടങ്ങളിൽ ഒഴികെ മറ്റ് എല്ലാ സംസ്ഥാനങ്ങളിലും ഭൂരിപക്ഷം നേടി. അവസാനം ഈ സംസ്ഥാനങ്ങളിൽ പോലും കോൺഗ്രസ് ഗവൺമെന്റുകൾ രൂപീകരിച്ചു. അങ്ങനെ ദേശീയതലത്തിലും സംസ്ഥാനതലത്തിലും രാജ്യത്തുടനീളം പാർട്ടി ഭരിച്ചു. പ്രതീക്ഷിച്ചതുപോലെ ആദ്യ പൊതു തെരഞ്ഞെടുപ്പിനുശേഷം ജവഹർലാൽ നെഹ്റു ഇന്ത്യയുടെ പ്രധാനമന്ത്രിയായി.

കഴിഞ്ഞ പേജിലെ തെരഞ്ഞെടുപ്പ് മാപ്പിൽ നിന്നും 1952-1962 കാലഘട്ടത്തിലെ കോൺഗ്രസ് ആധിപത്യത്തിന്റെ സ്വഭാവം മനസ്സിലാക്കുവാൻ കഴിയും. യഥാക്രമം 1957 ലും 1962 ലും നടന്ന രണ്ടാമത്തെയും മൂന്നാമത്തെയും പൊതുതെരഞ്ഞെടുപ്പുകളിൽ 3/4 സീറ്റുകൾ നേടി ലോക്സഭയിൽ കോൺഗ്രസ് പാർട്ടി അതേ സ്ഥാനം നിലനിർത്തി. കോൺഗ്രസ് പാർട്ടിക്ക് ലഭിച്ചതിന്റെ 1/10 സീറ്റുകൾപോലും നേടുന്നതിന് ഒരു പ്രതിപക്ഷ പാർട്ടിക്കും കഴിഞ്ഞില്ല. സംസ്ഥാന നിയമസഭകളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ചിലയിടങ്ങളിൽ കോൺഗ്രസ് പാർട്ടിക്ക് ഭൂരിപക്ഷം ലഭിച്ചില്ല. 1957-ൽ സി.പി.ഐയുടെ നേതൃത്വത്തിൽ കേരളത്തിൽ രൂപീകരിച്ച മുന്നണി ഗവൺമെന്റാണ് ഇതിൽ ഏറ്റവും സുപ്രധാനമായത്. ഇത്തരത്തിലുള്ള ചിലത് ഒഴിച്ചു നിർത്തിയാൽ ദേശീയതലത്തിലും സംസ്ഥാനങ്ങളിലും കോൺഗ്രസിന് ഗവൺമെന്റുകൾ രൂപീകരിക്കാനായി.

കോൺഗ്രസ് വിജയത്തിന്റെ വ്യാപ്തി കൃത്രിമമായി നമ്മുടെ തെരഞ്ഞെടുപ്പു സമ്പ്രദായം പെരുപ്പിച്ചുകാട്ടിയതായിരുന്നു. കോൺഗ്രസിന് 3/4 സീറ്റും നേടാനായെങ്കിലും മൊത്തം വോട്ടിന്റെ പകുതിപോലും നേടാനായില്ല. ഉദാ: 1952 ൽ കോൺഗ്രസിന് മൊത്തം വോട്ടിന്റെ 45 ശതമാനം മാത്രമേ നേടാൻ കഴിഞ്ഞുള്ളൂ. എന്നാൽ 74 ശതമാനം സീറ്റുകൾ പാർട്ടി നേടിയെടുത്തു. നേടിയ വോട്ടിന്റെ അടിസ്ഥാനത്തിൽ രണ്ടാമതെത്തിയ വലിയ സോഷ്യലിസ്റ്റ് പാർട്ടിക്ക് ദേശീയതലത്തിൽ 10 ശതമാനം വോട്ടുകൾ മാത്രമേ ലഭിച്ചുള്ളൂ. എന്നാൽ മൊത്തം സീറ്റിന്റെ 3 ശതമാനംപോലും നേടിയെടുക്കാൻ ഇതിന് കഴിഞ്ഞില്ല. എങ്ങനെ ഇതു സംഭവിച്ചു? ഇതിനായി കഴിഞ്ഞവർഷം പഠിച്ച "ഇന്ത്യൻ ഭരണഘടന: പ്രയോഗത്തിൽ" (Indian Constitution at Work) എന്ന പുസ്തകത്തിലെ കേവലഭൂരിപക്ഷ സമ്പ്രദായ (First Past the Post System) ത്തെക്കുറിച്ചുള്ള ചർച്ച നാം ഓർക്കേണ്ടതുണ്ട്.

നമ്മുടെ രാജ്യം സ്വീകരിച്ചിരിക്കുന്ന ഈ തെരഞ്ഞെടുപ്പ് സമ്പ്രദായത്തിൽ മറ്റുള്ള കക്ഷികളേക്കാൾ കൂടുതൽ വോട്ടു ലഭിച്ച കക്ഷിക്ക് ആനുപാതിക പങ്കിനേക്കാൾ കൂടുതൽ സീറ്റുകൾ ലഭിക്കുന്നതായി കാണാം. ഈ സമ്പ്രദായമാണ് കോൺഗ്രസിന് അനുകൂലമായത്. കോൺഗ്രസ് ഇതര സ്ഥാനാർത്ഥികൾക്ക് ലഭിച്ച മൊത്തം വോട്ടുകൾ കൂട്ടി നോക്കിയാൽ കോൺഗ്രസിനു ലഭിച്ചതിനേക്കാൾ കൂടുതൽ ഉണ്ടാകും. പരസ്പരം ശത്രുത പുലർത്തുന്ന പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കുമായി കോൺഗ്രസ് ഇതര വോട്ടുകൾ വിഭജിക്കപ്പെട്ടു. ഇതുകൊണ്ടാണ് കോൺഗ്രസ് പ്രതിപക്ഷത്തേക്കാൾ മുന്നിൽ നിൽക്കുന്നതും വിജയിക്കുന്നതും.



**രാജ്കുമാരി അമൃത്കൗർ**

**(1889-1964)**

ഗാന്ധിയനും സ്വാതന്ത്ര്യസമരസേനാനിയും; കപൂർത്തല രാജകുടുംബാംഗം, അമ്മയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചു; ഭരണഘടനാ നിർമാണ സമിതി അംഗം; സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ ആരോഗ്യമന്ത്രി; 1957 വരെ ആരോഗ്യ മന്ത്രിയായി തുടർന്നു.




# കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം

1957-ന്റെ തുടക്കത്തിൽ കോൺഗ്രസ് പാർട്ടിക്ക് കേരളത്തിൽ പരാജയത്തിന്റെ കയ്പ് അനുഭവിക്കേണ്ടി വന്നു. 1957 മാർച്ചിൽ നടന്ന സംസ്ഥാന നിയമസഭാതെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഏറ്റവും കൂടുതൽ സീറ്റുകളിൽ വിജയിച്ചു. 126 ൽ 60 സീറ്റുകളിൽ വിജയിക്കുകയും 5 സ്വതന്ത്രരുടെ പിന്തുണ പാർട്ടി നേടുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് നിയമസഭാകക്ഷി നേതാവായ ശ്രീ. ഇ.എം.എസ് നമ്പൂതിരിപ്പാടിനെ മന്ത്രിസഭ രൂപീകരിക്കുന്നതിനായി ഗവർണർ ക്ഷണിച്ചു. ലോകത്ത് ആദ്യമായിട്ടാണ് ജനാധിപത്യ തെരഞ്ഞെടുപ്പിൽ കൂടി ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വരുന്നത്.

സംസ്ഥാനത്ത് അധികാരം നഷ്ടപ്പെട്ടതോടെ, കോൺഗ്രസ് പാർട്ടി തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനെതിരായി "വിമോചന സമരം" ആരംഭിച്ചു. സമൂലമായ പുരോഗമന നയപരിപാടികൾ നടത്തുമെന്ന വാഗ്ദാനത്തിന്മേലാണ് സി.പി.ഐ അധികാരത്തിൽ എത്തിയത്. സ്ഥാപിതതാൽപര്യക്കാരും മതസംഘടനകളുമാണ് പ്രക്ഷോഭത്തിനു പിന്നിലെന്ന് കമ്മ്യൂണിസ്റ്റുകൾ അവകാശപ്പെട്ടു. ഭരണഘടനയിലെ 356-ാം വകുപ്പു പ്രകാരം 1959 ൽ കേന്ദ്രത്തിൽ അധികാരത്തിലിരുന്ന കോൺഗ്രസ് ഗവൺമെന്റ് കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ പിരിച്ചുവിട്ടു. ഈ തീരുമാനം വളരെ വിവാദമാവുകയും ഭരണഘടനപരമായ അധികാരത്തിന്റെ ദുരുപയോഗത്തിന്റെ ആദ്യസംഭവമായി പരക്കെ അറിയപ്പെടുകയും ചെയ്യുന്നു.


Credit: Hindu

1959 ആഗസ്റ്റിൽ മന്ത്രിസഭ പിരിച്ചുവിടപ്പെട്ടശേഷം കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരുടെ ഒരു പ്രകടനം തിരുവനന്തപുരത്ത് ഇ.എം.എസ്. നമ്പൂതിരിപ്പാട് നയിക്കുന്നു.

# സോഷ്യലിസ്റ്റ് പാർട്ടി (Socialist Party)




സ്വാതന്ത്ര്യ പൂർവകാലഘട്ടത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ജനകീയ മുന്നേറ്റ ഘട്ടത്തിലാണ് സോഷ്യലിസ്റ്റ് പാർട്ടി ഉദയം ചെയ്തത്. പുരോഗമനപരവും സമത്വചിന്തയുമുള്ള ഒരു കോൺഗ്രസ് വേണമെന്നാഗ്രഹിച്ച പാർട്ടിയിലെ ഒരു കൂട്ടം യുവനേതാക്കൾ 1934-ൽ കോൺഗ്രസിനുള്ളിൽതന്നെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി (CSP) രൂപീകരിച്ചു. കോൺഗ്രസ് പാർട്ടിക്കുള്ളിലെ ഇരട്ട അംഗത്വം തടയുന്നതിനായി 1948-ൽ കോൺഗ്രസ് അതിന്റെ ഭരണഘടന ഭേദഗതി ചെയ്തു. 1948-ൽ പ്രത്യേക പാർട്ടി ഉണ്ടാക്കുന്നതിന് ഇത് സോഷ്യലിസ്റ്റുകളെ നിർബന്ധിതരാക്കി. പാർട്ടിയുടെ തെരഞ്ഞെടുപ്പ് പ്രകടനം അണികൾക്കിടയിൽ വലിയ അസന്തുഷ്ടി ഉളവാക്കി. ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും പാർട്ടിക്ക് സ്വാധീനമുണ്ടായിരുന്നിട്ടും ചില കേന്ദ്രങ്ങളിൽ മാത്രമാണ് പാർട്ടിക്ക് വിജയിക്കാനായത്.

ജനാധിപത്യ സോഷ്യലിസമെന്ന പ്രത്യയശാസ്ത്രത്തിൽ സോഷ്യലിസ്റ്റുകൾ വിശ്വസിക്കുകയും അത് ഈ പാർട്ടിയെ കോൺഗ്രസിൽ നിന്നും കമ്മ്യൂണിസ്റ്റുകാരിൽനിന്നും വ്യത്യസ്തരാക്കുകയും ചെയ്തു. കോൺഗ്രസിന്റെ ജന്മി-മുതലാളിത്ത പ്രീണനനയങ്ങളേയും തൊഴിലാളികളോടും കർഷകരോടുമുള്ള അവഗണനയെയും സോഷ്യലിസ്റ്റ് പാർട്ടി വിമർശിക്കുന്നു. കോൺഗ്രസ് പാർട്ടിയുടെ പ്രഖ്യാപിതലക്ഷ്യം ഒരു സോഷ്യലിസ്റ്റ് സാമൂഹികക്രമമാണെന്ന പ്രഖ്യാപനം 1955-ൽ വന്നതോടെ സോഷ്യലിസ്റ്റുകൾ ഒരു പ്രതിസന്ധിയെ അഭിമുഖീകരിച്ചു. അങ്ങനെ കോൺഗ്രസ് പാർട്ടിക്ക് ഒരു സജീവ ബദലായി സ്വയം അവതരിപ്പിക്കുവാൻ സോഷ്യലിസ്റ്റുകൾക്ക് കഴിയാതെ വന്നു. റാം മനോഹർലോഹ്യയുടെ നേതൃത്വത്തിലുള്ള കുറെ ആളുകൾ പാർട്ടിയിൽ നിന്ന് അകലംപാലിക്കുകയും കോൺഗ്രസ് പാർട്ടിയെ വിമർശിക്കുന്നതിൽ നിന്ന് പിന്മാറുകയും ചെയ്തു. അശോക് മേത്തയെ പോലുള്ള കുറെ ആളുകൾ കോൺഗ്രസുമായി പരിമിത ബന്ധമാകാമെന്ന് വാദിച്ചു.




**ആചാര്യനരേന്ദ്രദേവ് - 1889-1956**

സ്വാതന്ത്ര്യ സമരസേനാനി; കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ സ്ഥാപക പ്രസിഡന്റ്; സ്വാതന്ത്ര്യസമര കാലത്ത് നിരവധി തവണ ജയിൽവാസമനുഷ്ഠിച്ചു; കർഷക പ്രസ്ഥാനങ്ങളിലെ സജീവ പങ്കാളി; ബുദ്ധമത പണ്ഡിതൻ; സ്വാതന്ത്ര്യത്തിനുശേഷം സോഷ്യലിസ്റ്റു പാർട്ടിയേയും പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയേയും നയിച്ചു.

സോഷ്യലിസ്റ്റ് പാർട്ടി നിരവധി പിളർപ്പുകൾക്കും വീണ്ടും ഒരുമിച്ചുചേരലിനും വിധേയമാവുകയും അതുവഴി നിരവധി സോഷ്യലിസ്റ്റ് പാർട്ടികളുടെ രൂപീകരണത്തിലേക്ക് നയിക്കുകയും ചെയ്തു. കിസാൻ മസ്ദൂർ പ്രജാപാർട്ടി, പ്രജാ സോഷ്യലിസ്റ്റ് പാർട്ടി, സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി എന്നിവ ഇതിലുൾപ്പെടുന്നു. ജയപ്രകാശ് നാരായൺ, അച്യുത് പട്വർധൻ, അശോക്മേത്ത, ആചാര്യനരേന്ദ്രദേവ്, റാംമനോഹർ ലോഹ്യ, എസ്.എം ജോഷി തുടങ്ങിയവർ സോഷ്യലിസ്റ്റ് പാർട്ടികളുടെ പ്രമുഖ നേതാക്കന്മാരായിരുന്നു. സമകാലിക ഇന്ത്യയിലെ വിവിധ രാഷ്ട്രീയ പാർട്ടികളായ സമാജ്വാദി പാർട്ടി, ജനതാദൾ, ജനതാദൾ (യുണൈറ്റഡ്), ജനതാദൾ (സെക്കുലർ) തുടങ്ങിയവയുടെ ഉത്ഭവം സോഷ്യലിസ്റ്റു പാർട്ടിയിൽ നിന്നുമാണ്.

## കോൺഗ്രസ് മേധാവിത്വത്തിന്റെ സ്വഭാവം
## (Nature of Congress Dominance)



ഏകകക്ഷി മേധാവിത്വം നിലനിന്നിരുന്നത് ഇന്ത്യയിൽ മാത്രമായുരിന്നില്ല. ലോകത്ത് എമ്പാടും നോക്കുകയാണെങ്കിൽ ഏകകക്ഷി മേധാവിത്വത്തിന്റെ നിരവധി ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയും. എന്നാൽ ഇന്ത്യൻ ജനാധിപത്യ പരീക്ഷണവും ഇവയും തമ്മിൽ ഒരു നിർണായക വ്യത്യാസമുണ്ട്. മറ്റു രാജ്യങ്ങളിൽ ജനാധിപത്യവുമായി സന്ധി ചെയ്താണ് ഏകകക്ഷി മേധാവിത്വം സ്ഥാപിക്കപ്പെട്ടത്. ചൈന, ക്യൂബ, സിറിയ എന്നീ രാജ്യങ്ങളുടെ ഭരണഘടന ഏകകക്ഷി ഭരണമേ അനുവദിക്കുന്നുള്ളൂ. മ്യാൻമാർ, ബെലാറസ്, ഈജിപ്ത്, എറിത്രിയ പോലുള്ള രാജ്യങ്ങളിൽ ഏകകക്ഷി ഭരണം നിലനിർക്കുന്നത് നിയമ, സൈനിക മാർഗങ്ങളിലൂടെയാണ്. മെക്സിക്കോ, ദക്ഷിണ കൊറിയ, തായ്‌വാൻ എന്നീ രാജ്യങ്ങളിൽ സമീപകാലം വരെ ഏകകക്ഷിമേധാവിത്വഭരണമായിരുന്നു. ഇന്ത്യയിലെ കോൺഗ്രസ് ആധിപത്യത്തെ ഈ രാജ്യങ്ങളിൽ നിന്നെല്ലാം വിഭിന്നമാക്കുന്നത് ഇത് ജനാധിപത്യ സാഹചര്യത്തിൽ സംഭവിച്ചു എന്നതാണ്. സ്വതന്ത്രവും നിഷ്പക്ഷവുമായ സാഹചര്യത്തിൽ നിരവധി പാർട്ടികൾ മത്സരിച്ചുവെങ്കിലും ഓരോ തെരഞ്ഞെടുപ്പു കഴിയുന്തോറും കോൺഗ്രസിനുമാത്രമേ വിജയിക്കുവാൻ സാധിച്ചുള്ളൂ. അപാർതീഡ് എന്ന വംശീയവിവേചന നയം അവസാനിപ്പിച്ചതിനുശേഷം ദക്ഷിണാഫ്രിക്കയിൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് നേടിയ മേധാവിത്വത്തിനു സമാനമാണിത്.

1929-ൽ സ്ഥാപിതമായ, നാഷണൽ റവല്യൂഷനറി പാർട്ടി, പിന്നീട് പുനർനാമകരണം ചെയ്ത് ഇൻസ്റ്റിറ്റ്യൂഷണൽ റവല്യൂഷനറി പാർട്ടി - പി.ആർ.ഐ (സ്പാനിഷ് ഭാഷയിൽ) ആറുദശാബ്ദക്കാലം മെക്സിക്കോയിൽ അധികാരത്തിൽ തുടർന്നു. മെക്സിക്കൻ വിപ്ലവത്തിന്റെ പൈതൃകം ഇവർ പ്രതിനിധീകരിച്ചിരുന്നു. യഥാർത്ഥത്തിൽ രാഷ്ട്രീയ സൈനിക നേതാക്കൾ, തൊഴിലാളി-കർഷക സംഘടനകൾ, ധാരാളം രാഷ്ട്രീയ പാർട്ടികൾ എന്നിവയുടെയെല്ലാം വ്യത്യസ്ത താൽപര്യങ്ങളുടെ കൂടിച്ചേരലായിരുന്നു പി.ആർ.ഐ. കുറച്ച് കാലത്തേകക്ക് പി.ആർ.ഐയുടെ സ്ഥാപകനായ പ്ലൂട്ടാർകോ ഏലിയാസ് കാളസ് (Plutarco Elias Calles) സംഘടനയുടേയും ഗവൺമെന്റിന്റെയും നിയന്ത്രണം പിടിച്ചെടുത്തു. കൃത്യമായ ഇടവേളകളിൽ തെരഞ്ഞെടുപ്പ് നടത്തുകയും എല്ലാ തവണയും പി.ആർ.ഐ. വിജയിക്കുകയും ചെയ്തു. ഭരണകക്ഷിക്ക് കൂടുതൽ സാധ്യത നൽകുന്നതിന് മാത്രമാണ് പേരിലെങ്കിലും മറ്റു പാർട്ടികൾ നിലനിന്നത്. പി.ആർ.ഐയ്ക്ക് എല്ലാകാലത്തും വിജയിക്കുന്ന തരത്തിൽ തെരഞ്ഞെടുപ്പു നിയമങ്ങൾ പ്രവർത്തിച്ചു. മിക്കപ്പോഴും ഭരണകക്ഷി തെരഞ്ഞെടുപ്പ് അട്ടിമറിക്കുകയും കൃത്രിമം കാണിക്കുകയും ചെയ്തു. ഇവരുടെ ഭരണത്തിനെ "തികഞ്ഞ ഏകാധിപത്യ" മെന്നു വിളിക്കുന്നു. അവസാനം 2000-ൽ നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ പാർട്ടി പരാജയപ്പെട്ടു. മെക്സിക്കോ ഇനി ഒരിക്കലും ഒരു ഏകകക്ഷി മേധാവിത്വമുള്ള രാജ്യമായിരിക്കില്ല. ആരോഗ്യകരമായ ജനാധിപത്യത്തിൽ ദൂരവ്യാപക പരിണിതഫലങ്ങൾ സൃഷ്ടിക്കുവാൻ പി.ആർ.ഐയുടെ ആധിപത്യകാലത്തിലെ തന്ത്രങ്ങൾക്കു കഴിഞ്ഞു. സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പ് സ്വഭാവത്തിലുള്ള പൂർണവിശ്വാസം പൗരന്മാർ ഇനിയും വളർത്തേണ്ടതുണ്ട്.



**ബാബാസാഹിബ് ഭീംറാവു റാംജി അംബേദ്കർ (1891-1956)**

ജാതിവിരുദ്ധ പ്രസ്ഥാനത്തിന്റെ നേതാവ്; ദളിത് നീതിക്കായുള്ള പോരാട്ടക്കാരൻ; പണ്ഡിതനും ബുദ്ധിജീവിയും; സ്വതന്ത്ര ലേബർ പാർട്ടിയുടെ സ്ഥാപകൻ; പട്ടികജാതി ഫെഡറേഷന്റെ സ്ഥാപിച്ചു; റിപ്പബ്ളിക്കൻ പാർട്ടിയുടെ ആസൂത്രകൻ; രണ്ടാം ലോകമഹായുദ്ധകാലത്ത് ബ്രിട്ടീഷ് വൈസ്രോയിയുടെ കൗൺസിലിലെ എക്സിക്യൂട്ടീവ് അംഗം; ഭരണഘടനാനിർമാണസമിതി ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാൻ; സ്വതന്ത്ര ഇന്ത്യയുടെ ഒന്നാം നെഹ്റു മന്ത്രിസഭയിലെ ക്യാബിനറ്റ് മന്ത്രി; ഹിന്ദുകോഡ് ബില്ലിലെ അഭിപ്രായ വ്യത്യാസത്തെ തുടർന്ന് 1951-ന് രാജി; ആയിരക്കണക്കിന് അനുയായികൾക്കൊപ്പം 1956-ൽ ബുദ്ധമതം സ്വീകരിച്ചു.



**റാഫി അഹമ്മദ് കിദ്വായി**
**(1894–1954)**

ഉത്തർപ്രദേശിൽ നിന്നുള്ള കോൺഗ്രസ് നേതാവ്, 1937 ലും 1946 ലും ഉത്തർപ്രദേശ് മന്ത്രി, സ്വതന്ത്ര ഇന്ത്യയിലെ ആദ്യ മന്ത്രി സഭയിൽ വാർത്താവിതരണ പ്രക്ഷേപണ മന്ത്രി; 1952–54 കാലഘട്ടത്തിലെ ഭക്ഷ്യ-കൃഷി മന്ത്രി.

കോൺഗ്രസ് പാർട്ടിയുടെ അസാധാരണ വിജയത്തിന്റെ അടിസ്ഥാനം സ്വാതന്ത്ര്യസമര പൈതൃകമാണ്. ദേശീയപ്രസ്ഥാനത്തിന്റെ പൈതൃക പാർട്ടിയായാണ് കോൺഗ്രസിനെ കരുതിയത്. സ്വാതന്ത്ര്യസമരത്തിന്റെ മുന്നണി പോരാളികളിൽ പലരും കോൺഗ്രസ് സ്ഥാനാർത്ഥികളായി തെരഞ്ഞെടുപ്പിൽ മത്സരരംഗത്തുണ്ടായിരുന്നു. കോൺഗ്രസ് ഒരു സുസംഘടിതമായ രാഷ്ട്രീയ പ്രസ്ഥാനമായതുകൊണ്ട് മറ്റു പാർട്ടികൾ തെരഞ്ഞെടുപ്പു തന്ത്രം ആവിഷ്ക്കരിക്കുന്നതിനുമുമ്പേ കോൺഗ്രസ് പ്രചാരണരംഗത്ത് ഇറങ്ങിക്കഴിഞ്ഞിരുന്നു. യഥാർത്ഥത്തിൽ മറ്റു പല പാർട്ടികളുടെയും രൂപീകരണം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനൊപ്പമോ അതിനുശേഷമോ ആയിരുന്നു. സ്വാതന്ത്ര്യ സമയത്ത് എല്ലാവരേക്കാളും മുന്തിയ പരിഗണന കോൺഗ്രസിനു ലഭിച്ചു. നാം മുമ്പ് കണ്ട ഭൂപടത്തിലെപോലെ കോൺഗ്രസ് രാജ്യം മുഴുവനും വ്യാപിച്ചു കിടക്കുന്ന ഒരു പ്രസ്ഥാനമായിരുന്നു എന്ന് മാത്രമല്ല മറിച്ച് സുസജ്ജമായ ഒരു സംഘടനാസംവിധാനം അതിന് താഴെത്തട്ടുവരെയുണ്ടായിരുന്നു. ഏറ്റവും പ്രധാനമായി, കോൺഗ്രസ് ഈ അടുത്ത കാലം വരെ ഒരു ദേശീയ പ്രസ്ഥാനമായതിനാൽ എല്ലാത്തിനെയും ഉൾക്കൊള്ളാൻ ഇതിനു കഴിഞ്ഞിരുന്നു. ഈ ഘടകങ്ങളെല്ലാം കോൺഗ്രസ് പാർട്ടിയുടെ ആധിപത്യത്തിനു സഹായിച്ചു.

### കോൺഗ്രസ് സാമൂഹികവും പ്രത്യയശാസ്ത്രപരവുമായ മുന്നണി എന്ന നിലയിൽ (Congress as Social and Ideological Coalition)

പുതുതായി വിദ്യാഭ്യാസം നേടിയവരുടെയും പ്രൊഫഷണലുകളുടെയും വാണിജ്യവർഗത്തിന്റെയും സമ്മർദ ഗ്രൂപ്പായി 1885-ൽ രൂപീകൃതമായ കോൺഗ്രസ് 20-ാം നൂറ്റാണ്ടിൽ ജനകീയ പ്രസ്ഥാനമായി പരിവർത്തനം ചെയ്തതിന്റെ ചരിത്രം നിങ്ങൾ നേരത്തെ പഠിച്ചുവല്ലോ. കോൺഗ്രസിന് ഒരു ബഹുജന രാഷ്ട്രീയകക്ഷിയായി മാറാനും അതേ തുടർന്ന് രാഷ്ട്രീയ വ്യവസ്ഥിതിയിൽ മേധാവിത്വം സ്ഥാപിക്കാനും അടിസ്ഥാനമായത് ഇതാണ്. അങ്ങനെ ഇംഗ്ലീഷ് സംസാരിക്കുന്നവരുടെയും ഉയർന്ന ജാതിയിൽപ്പെട്ട ആളുകളുടെയും മധ്യവർഗത്തിലെ ഉപരിവർഗത്തിനും നഗരപ്രമാണിമാർക്കും ആധിപത്യമുള്ളതുമായ ഒരു പാർട്ടിയായാണ് കോൺഗ്രസ് ആരംഭിച്ചത്. എന്നാൽ കോൺഗ്രസ് നടത്തിയ സിവിൽ നിയമലംഘന പ്രസ്ഥാനത്തിലൂടെ പാർട്ടിയുടെ സാമൂഹ്യ അടിത്തറ വിസ്തൃതമായി. പരസ്പരവിരുദ്ധ താൽപര്യങ്ങളുള്ള വിവിധ വിഭാഗങ്ങളെ അത് ഒരുമിച്ചു നിർത്തി. കർഷകരും, വ്യവസായികളും, ഗ്രാമീണരും, നഗരവാസികളും, തൊഴിലാളികളും, ഉടമകളും, താഴ്ന്ന, ഉയർന്ന, മധ്യവർഗ ജനങ്ങളും കോൺഗ്രസ് പാർട്ടിയിൽ ഇടം കണ്ടെത്തി. കാലക്രമേണ ഇതിന്റെ നേതൃത്വം ഉന്നതജാതിക്കാർ, ഉപരിവർഗ പ്രൊഫഷണലുകൾ എന്നിവരിൽനിന്നും ഗ്രാമീണ ദിശാബോധമുള്ള കാർഷിക അടിത്തറയുള്ള നേതാക്കളിലേക്കും വ്യാപിച്ചു. സ്വാതന്ത്ര്യകാലമായപ്പോഴേക്കും ഇന്ത്യയിലെ ജാതി-വർഗം, മതം-ഭാഷ, മറ്റ് വ്യത്യസ്ത താൽപര്യങ്ങൾ തുടങ്ങിയ ഇന്ത്യയുടെ വൈവിധ്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒരു മഴവിൽ സമാന സാമൂഹ്യമുന്നണിയായി കോൺഗ്രസ് മാറിയിരുന്നു.




ഈ ഗ്രൂപ്പുകളിൽ പലതും തങ്ങളുടെ സ്വത്വത്തെ കോൺഗ്രസിനുള്ളിൽ ലയിപ്പിച്ചു. വ്യത്യസ്തമായ വിശ്വാസങ്ങളുള്ള വ്യക്തികളും സംഘങ്ങളുമായതുകൊണ്ട് ഇതിലെ ചുരുക്കം ചിലർ കോൺഗ്രസിനുള്ളിൽ നിന്നില്ല. പലപ്പോഴും അവർ അങ്ങനെയായില്ലെങ്കിൽ കൂടിയും വ്യത്യസ്ത വിശ്വാസങ്ങൾ വച്ചുപുലർത്തുന്ന സംഘങ്ങളും വ്യക്തികളുമായി അവർ കോൺഗ്രസിനുള്ളിൽതന്നെ തുടർന്നും നിലനിന്നു. ഈ അർത്ഥത്തിൽ കോൺഗ്രസ് ഒരു പ്രത്യയശാസ്ത്ര മുന്നണികൂടിയാണ്. ഇത് വിപ്ലവകാരിയെയും സമാധാനവാദിയെയും, യാഥാസ്ഥികനെയും സമൂല പരിവർത്തകനെയും, മിതവാദിയെയും തീവ്രവാദിയെയും, ഇടതുപക്ഷത്തെയും വലതുപക്ഷത്തെയും, മറ്റുള്ളവരെയും ഉൾക്കൊണ്ടിരുന്നു. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായ നിരവധി രാഷ്ട്രീയ പാർട്ടികൾ, താൽപര്യങ്ങൾ, ഗ്രൂപ്പുകൾ തുടങ്ങിയവർക്കെല്ലാമുള്ള ഒരു വേദിയായിരുന്നു കോൺഗ്രസ് പാർട്ടി. സ്വാതന്ത്ര്യത്തിനു മുമ്പുള്ള

# കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ




റഷ്യയിലെ ബോൾഷെവിക് വിപ്ലവത്തിന്റെ പ്രചോദനം ഉൾക്കൊണ്ട് 1920-കളുടെ തുടക്കത്തിൽ ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ കമ്യൂണിസ്റ്റ് ഗ്രൂപ്പുകൾ ഉയർന്നു വരുകയും രാജ്യം നേരിടുന്ന പ്രശ്നങ്ങൾക്കെല്ലാമുള്ള പരിഹാരം സോഷ്യലിസമാണെന്ന് വാദിക്കുകയും ചെയ്തു. 1935 മുതൽ കമ്യൂണിസ്റ്റുകൾ പ്രധാനമായും ഇന്ത്യൻ നാഷണൽ കോൺഗ്രസിനുള്ളിൽ നിന്നു പ്രവർത്തിച്ചു. നാസി ജർമനിക്ക് എതിരെയുള്ള യുദ്ധത്തിൽ ബ്രിട്ടീഷുകാരെ പിന്തുണക്കാൻ കമ്യൂണിസ്റ്റുകൾ തീരുമാനിച്ചതോടെ 1941 ഡിസംബറിൽ അവർ കോൺഗ്രസിൽ നിന്നും വഴി പിരിഞ്ഞു. മറ്റ് കോൺഗ്രസ് ഇതര പാർട്ടികളിൽ നിന്നും വ്യത്യസ്തമായി സി.പി.ഐയ്ക്ക് എണ്ണയിട്ടയന്ത്രം പോലുള്ള പാർട്ടി സംവിധാനവും ആത്മാർത്ഥതയുള്ള കേഡർമാരും സ്വാതന്ത്ര്യകാലഘട്ടത്തിൽ ഉണ്ടായിരുന്നു. എന്നാൽ സ്വാതന്ത്ര്യം പാർട്ടിയിൽ വ്യത്യസ്ത അഭിപ്രായധാരകളുയർത്തി. പാർട്ടിയെ അടിസ്ഥാനപരമായി കുഴപ്പിച്ച ചോദ്യം ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ സ്വഭാവം സംബന്ധിച്ചായിരുന്നു. ഇന്ത്യ യഥാർത്ഥത്തിൽ സ്വതന്ത്രമായോ അതോ സ്വാതന്ത്ര്യം ഒരു തട്ടിപ്പായിരുന്നോ?

സ്വാതന്ത്ര്യത്തിനുശേഷം 1947-ൽ നടന്ന അധികാര കൈമാറ്റം യഥാർത്ഥ സ്വാതന്ത്ര്യമല്ലെന്ന് പാർട്ടി ചിന്തിക്കുകയും തെലുങ്കാനയിലെ അക്രമാസക്തമായ കലാപത്തെ പ്രോൽസാഹിപ്പിക്കുകയും ചെയ്തു. തങ്ങളുടെ നിലപാടുകൾക്ക് ജനകീയപിന്തുണ നേടിയെടുക്കുന്നതിൽ കമ്യൂണിസ്റ്റുകൾ പരാജയപ്പെടുകയും സായുധ സേനകളാൽ അടിച്ചമർത്തപ്പെടുകയും ചെയ്തു. ഇത് അവരുടെ നിലപാടുകളെ പുനപരിശോധിക്കുവാൻ പ്രേരിപ്പിച്ചു. 1951-ൽ കമ്യൂണിസ്റ്റ് പാർട്ടി തീഷ്ണമായ വിപ്ലവപാത വെടിയുവാനും വരാൻപോകുന്ന പൊതുതെരഞ്ഞെടുപ്പിൽ പങ്കാളിയാകുവാനും തീരുമാനിച്ചു. ആദ്യ പൊതു തെരഞ്ഞെടുപ്പിൽ 16 സീറ്റുകൾ നേടി ഏറ്റവും വലിയ പ്രതിപക്ഷകക്ഷിയായി സി.പി.ഐ മാറി. ആന്ധ്രാപ്രദേശ്, പശ്ചിമ ബംഗാൾ, ബീഹാർ, കേരളം എന്നിവിടങ്ങളിലാണ് പാർട്ടിക്ക് കൂടുതൽ പിന്തുണ ലഭിച്ചിരുന്നത്.

എ.കെ. ഗോപാലൻ, എസ്.എ ഡാംഗെ, ഇ.എം.എസ് നമ്പൂതിരിപ്പാട്, പി.സി. ജോഷി, അജയ് ഘോഷ്, പി.സുന്ദരയ്യ തുടങ്ങിയവർ സി.പി.ഐയുടെ പ്രധാന നേതാക്കന്മാരായിരുന്നു. ചൈനയും സോവിയറ്റ് യൂണിയനുമായുള്ള പ്രത്യയശാസ്ത്ര ഭിന്നതയെ തുടർന്ന് 1964-ൽ പാർട്ടിയിൽ വലിയ പിളർപ്പുണ്ടായി. സോവിയറ്റ് യൂണിയൻ അനുകൂലവിഭാഗം സി.പി.ഐ ആയി തുടരുകയും എതിരാളികൾ സി.പി.ഐ (എം) രൂപീകരിക്കുകയും ചെയ്തു. ഈ രണ്ടു പാർട്ടികളും ഇന്നും നിലനിൽക്കുന്നു.




**എ.കെ. ഗോപാലൻ (1904-1977)**

കേരളത്തിൽ നിന്നുള്ള കമ്യൂണിസ്റ്റ് നേതാവ്; തുടക്കത്തിൽ കോൺഗ്രസ് പ്രവർത്തകൻ; 1939-ൽ കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു. 1964 ലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പിനുശേഷം സി.പി.ഐ (എം) ൽ ചേരുകയും പാർട്ടി ശക്തിപ്പെടുത്തുന്നതിനായി പ്രവർത്തിക്കുകയും ചെയ്തു. ഒരു പാർലമെന്റേറിയനായി ആദരിക്കപ്പെട്ടു. 1952 മുതൽ പാർലമെന്റ് അംഗം.

നമുക്കൊരു സിനിമ കാണാം

**സിംഹാസൻ**



അരുൺസാധുവിന്റെ രണ്ടു നോവലുകളായ 'സിംഹാസൻ', 'മുംബൈദിനക്' എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഈ മറാത്തി സിനിമ മഹാരാഷ്ട്രയിലെ മുഖ്യമന്ത്രിക്കസേരക്കുവേണ്ടിയുള്ള തമ്മിലടി ചിത്രീകരിക്കുന്നു. നിശബ്ദ 'സൂത്രധാരനായ' പത്രപ്രവർത്തകൻ ദിഗുടിപ്നിസിലൂടെയാണ് കഥ പറയുന്നത്. ഭരണകക്ഷിയിലെ തീവ്രമായ അധികാരമത്സരവും പ്രതിപക്ഷത്തിന്റെ അപ്രധാനമായ പങ്കും രേഖപ്പെടുത്താൻ അതു ശ്രമിക്കുന്നു.

ധനകാര്യമന്ത്രിയായ വിശ്വാസ്റാവു ദാബ്ഹെഡെ അധികാരത്തിലിരിക്കുന്ന മുഖ്യമന്ത്രിയെ പുറത്താക്കുവാൻ എല്ലാ ശ്രമങ്ങളും നടത്തുന്നു. രണ്ടു മത്സരാർഥികളും തൊഴിലാളി സംഘടന നേതാവായ ഡികാസ്റ്റയുടെ പിന്തുണനേടാൻ ശ്രമിക്കുന്നു. ഈ ഗ്രൂപ്പുപോരിൽ മറ്റു രാഷ്ട്രീയ നേതാക്കൾ രണ്ടു വിഭാഗങ്ങളുമായും വിലപേശുന്നതിലൂടെ പരമാവധി നേട്ടമുണ്ടാക്കാൻ ശ്രമിക്കുന്നു. മുംബൈയിലെ കള്ളക്കടത്തും മഹാരാഷ്ട്ര ഗ്രാമങ്ങളിലെ ഭയാനകമായ സാമൂഹ്യയാഥാർത്ഥ്യങ്ങളും സിനിമയിലെ ഉപകഥകളാണ്.

വർഷം: 1981
സംവിധാനം: ജബാർ പട്ടേൽ
തിരക്കഥ: വിജയ് തെണ്ടുൽക്കർ
അഭിനേതാക്കൾ: നിലുഫുലെ, അരുൺ സാർനായിക്, ദുഭാഷി, ദത്തഭട്ട്, മധുകർതൊറാദ്മൽ, മാധവ് വാതെ, മോഹൻ ആഗാശെ

കാലങ്ങളിൽ സ്വന്തമായി ഭരണഘടനയും സംഘടനാസംവിധാനവുമുള്ള ധാരാളം പാർട്ടികളെയും സംഘടനകളെയും കോൺഗ്രസിൽ തുടരുന്നതിന് അനുവദിച്ചിരുന്നു. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി പോലെയുള്ള ചിലർ പിന്നീട് കോൺഗ്രസിൽ നിന്ന് വേർപിരിയുകയും പ്രതിപക്ഷപാർട്ടികളായി മാറുകയും ചെയ്തു. പ്രവർത്തനരീതി, നിർദിഷ്ടപരിപാടികൾ, നയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വ്യത്യസ്തതകൾക്കിടയിലും അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കാൻ സാധിച്ചില്ലെങ്കിലും ഒരു സമവായം ഉണ്ടാക്കുന്നതിന് പാർട്ടിക്ക് കഴിഞ്ഞു.

**സഹിഷ്ണുതയും വിവിധ വിമതവിഭാഗങ്ങളുടെ നടത്തിപ്പും (Tolerance and management of factions)**

കോൺഗ്രസിന്റെ ഈ കൂട്ടുകക്ഷിസ്വഭാവം അതിന് അസാധാരണമായ ശക്തി നൽകി. ഒന്നാമതായി ഒരു കൂട്ടുകക്ഷിസമ്പ്രദായം അതിൽ ചേരുന്ന എല്ലാവരെയും ഉൾക്കൊള്ളുന്നു. അതിനാൽ തീവ്രനിലപാടുകൾ ഒഴിവാക്കി എല്ലാ പ്രശ്നങ്ങളെയും സമതുലിതാവസ്ഥയിൽ കാണേണ്ടതുണ്ട് എന്നതാണ്. വിട്ടുവീഴ്ചയും ഉൾക്കൊള്ളലുമാണ് കൂട്ടുകക്ഷി സമ്പ്രദായത്തിന്റെ മുഖമുദ്ര. ഈ നിലപാട് പ്രതിപക്ഷത്തെ പ്രതിരോധത്തിലാക്കി. പ്രതിപക്ഷം പറയണമെന്നാഗ്രഹിക്കുന്നതെല്ലാം കോൺഗ്രസിന്റെ പരിപാടികളിലും പ്രത്യയശാസ്ത്രത്തിലും ഇടംപിടിക്കും. രണ്ടാമതായി, കൂട്ടുകക്ഷി സ്വഭാവമുള്ള ഒരു രാഷ്ട്രീയകക്ഷിക്ക് വ്യത്യസ്ത ഗ്രൂപ്പുകളുടെയും നേതാക്കന്മാരുടെയും ആശയാഭിലാഷങ്ങളെ ഉൾക്കൊള്ളുവാനും വൈരുദ്ധ്യങ്ങളോട് സഹിഷ്ണുത പുലർത്തുവാനും കഴിയുന്നു. ഇതെല്ലാം കോൺഗ്രസ് സ്വാതന്ത്ര്യസമരകാലഘട്ടത്തിലും അതിനുശേഷവും തുടർന്നു. ഇതുകൊണ്ടാണ് ഏതെങ്കിലും ഒരു ഗ്രൂപ്പ് പദവിയിലോ അധികാരത്തിലെ പങ്കാളിത്തത്തിലോ സംതൃപ്തമല്ലെങ്കിലും പാർട്ടിയിൽനിന്ന് പുറത്തു പോയി ഒരു 'പ്രതിപക്ഷ'മാകാതെ, പാർട്ടിക്കുള്ളിൽതന്നെ തുടരുകയും മറ്റു ഗ്രൂപ്പുകളുമായി പോരാടുകയും ചെയ്തത്.

പാർട്ടിക്കുള്ളിലെ ഇത്തരത്തിലുള്ള ഗ്രൂപ്പുകളെയാണ് വിമതവിഭാഗങ്ങൾ എന്നു വിളിക്കുന്നത്. കോൺഗ്രസ് പാർട്ടിയുടെ ഈ കൂട്ടുകക്ഷിസ്വഭാവം ഇത്തരം വിഭാഗങ്ങളെ അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഈ വിഭാഗങ്ങളിൽ ചിലത് പ്രത്യയശാസ്ത്രപരമായ പരിഗണനയെ അടിസ്ഥാനമാക്കിയുള്ളതാണ്. എന്നാൽ മിക്കപ്പോഴും ഈ വിഭാഗങ്ങൾ വ്യക്തിപരമായ ആശയഭിലാഷങ്ങളിലും ശത്രുതയിലും വേരൂന്നിയിരിക്കുന്നു. ആഭ്യന്തരവിഭാഗീയത കോൺഗ്രസിനെ ദുർബലപ്പെടുത്തുന്നതിനുപകരം ശക്തിപ്പെടുത്തുകയാണ് ചെയ്തത്. വിവിധവിഭാഗങ്ങൾക്ക് പരസ്പരം പോരാടിക്കുവാനുള്ള ഇടം പാർട്ടിക്കുള്ളിൽതന്നെ ഉണ്ടായിരുന്നു. വ്യത്യസ്തതാൽപര്യങ്ങളെയും പ്രത്യ

# ഭാരതീയ ജനസംഘ്


MANIFESTO & PROGRAMME

OF THE

BHARATIYA JANA SANGH

As adopted by the Bharatiya Pratinidhi Sabha, at its Bangalore Session in December 1958.

A Bharatiya Jana Sangh Publication

ശ്യാമപ്രസാദ് മുഖർജി സ്ഥാപക പ്രസിഡന്റായി 1951–ൽ ഭാരതീയ ജനസംഘ് സ്ഥാപിതമായി. എന്നാൽ ഇതിന്റെ വംശപാരമ്പര്യം സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഹിന്ദു മഹാസഭയിലേക്കും രാഷ്ട്രീയ സ്വയം സേവക സംഘിലേക്കും നീളുന്നു.

ജനസംഘം പ്രത്യയശാസ്ത്രത്തിലും പ്രവർത്തന പരിപാടികളിലും മറ്റു പാർട്ടികളിൽ നിന്നും വിഭിന്നമായിരുന്നു. ഒരു രാജ്യം, ഒരു സംസ്കാരം, ഒരു ദേശം എന്ന ആശയത്തിന് ഇത് ഊന്നൽ നൽകുകയും ഇന്ത്യൻ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമെ രാജ്യം ആധുനികവും പുരോഗമനപരവും ശക്തവുമായി തീരുകയുള്ളൂവെന്ന് വിശ്വസിക്കുകയും ചെയ്തു. അഖണ്ഡ ഭാരതം എന്ന ആശയത്തിലൂടെ ഇന്ത്യയും പാകിസ്ഥാനും പുനരേകീകരിക്കപ്പെടണമെന്ന് പാർട്ടി ആഹ്വാനം ചെയ്തു. ഇംഗ്ലീഷ് ഭാഷയ്ക്ക് പകരം ഹിന്ദിയെ ഇന്ത്യയുടെ ഔദ്യോഗികഭാഷയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സമരത്തിൽ മുന്നണിപ്പോരാളിയായി ഈ പാർട്ടി നിലകൊണ്ടു. കൂടാതെ, മതസംസ്കാരിക ന്യൂനപക്ഷങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനെ എതിർക്കുകയും ചെയ്തു. 1964–ലെ ചൈനയുടെ ആണവ പരീക്ഷണത്തിനു ശേഷം ഇന്ത്യ ആണവ ആയുധങ്ങൾ വികസിപ്പിക്കണമെന്ന് പാർട്ടി നിരന്തരം ആവശ്യപ്പെട്ടിരുന്നു.

1950–കളിൽ തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിന്റെ അരികിൽ മാത്രം നിൽക്കുകയും 1952–ലെ ലോകസഭാതെരഞ്ഞെടുപ്പിൽ 3 സീറ്റുകളും 1957–ലെ ലോകസഭാതെരഞ്ഞെടുപ്പിൽ 4 സീറ്റുകളും മാത്രമേ പാർട്ടിക്കു നേടാനായുള്ളു. പ്രാരംഭഘട്ടത്തിൽ രാജസ്ഥാൻ, മധ്യപ്രദേശ്, ഡൽഹി, ഉത്തർപ്രദേശ് തുടങ്ങിയ ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളുടെ നഗരപ്രദേശങ്ങളിൽ നിന്നാണ് പ്രധാനമായും ഇതിന് പിന്തുണ ലഭിച്ചത്. ശ്യാമപ്രസാദ് മുഖർജി, ദീൻ ദയാൽ ഉപാധ്യായ, ബാൽരാജ് മധോക്ക് തുടങ്ങിയവർ പാർട്ടിയുടെ നേതാക്കന്മാരായിരുന്നു. ഭാരതീയ ജനസംഘിൽ നിന്നുമാണ് ഭാരതീയ ജനതാപാർട്ടി രൂപം കൊണ്ടത്.




**ദീൻ ദയാൽ ഉപാധ്യായ**

(1916–1968)

1942 മുതൽ മുഴുവൻ സമയ ആർ.എസ്.എസ് പ്രവർത്തകർ, ഭാരതീയ ജനസംഘത്തിന്റെ സ്ഥാപക അംഗം, ഭാരതീയ ജനസംഘത്തിന്റെ ജനറൽ സെക്രട്ടറിയും പിന്നീട് അതിന്റെ പ്രസിഡന്റും, 'സമഗ്രമാനവമതം' എന്ന ആശയത്തിന്റെ പ്രയോക്താവായിരുന്നു.

യശാസ്ത്രങ്ങളെയും പ്രതിനിധീകരിക്കുന്ന നേതാക്കന്മാർ പുറത്തുപോയി മറ്റുപാർട്ടികൾ രൂപീകരിക്കാതെ കോൺഗ്രസിനുള്ളിൽ തന്നെ തുടർന്നുവെന്ന് ഇതർഥമാക്കുന്നു.



പാർട്ടിക്കുള്ളിലെ വിഭാഗങ്ങൾ ചികിത്സക്കേണ്ട ഒരു രോഗമാണെന്ന് ഞാൻ ചിന്തിച്ചിരുന്നു. വിഭാഗങ്ങൾ സ്വാഭാവികവും നല്ലതുമാണെന്ന് നിങ്ങൾ കരുതുന്നു.

അനേകം വിഭാഗങ്ങളുടെ ഒത്തുചേരലിലൂടെ രൂപീകൃതമായതാണ് കോൺഗ്രസിന്റെ മിക്ക സംസ്ഥാന യൂണിറ്റുകളും. ഇതിലെ വിവധവിഭാഗങ്ങൾ വ്യത്യസ്ത പ്രത്യശാസ്ത്ര നിലപാടുകൾ സ്വീകരിച്ചതിനാൽ കോൺഗ്രസ് ഒരു വലിയ കേന്ദ്രീകൃത പാർട്ടിയായി വിലയിരുത്തുന്നതിന് ഇടയാക്കി. മറ്റു പാർട്ടികൾ പ്രാഥമികമായി ഈ വിഭാഗങ്ങളെ സ്വാധീനിക്കുവാൻ ശ്രമിക്കുകയും അതുവഴി അരികിൽനിന്നുകൊണ്ട് കോൺഗ്രസിന്റെ നയങ്ങളെയും തീരുമാനങ്ങളെടുക്കലുകളെയും പരോക്ഷമായി സ്വാധീനിക്കുവാൻ ശ്രമിച്ചു. ഈ വിഭാഗങ്ങളെല്ലാം യഥാർഥ അധികാരത്തിന്റെ പ്രയോഗത്തിൽനിന്നും അകറ്റിനിർത്തി. ഇവർ ഭരണകക്ഷിക്ക് ഒരിക്കലും ബദലായിരുന്നില്ല. പകരം നിരന്തരം കോൺഗ്രസിനെ വിമർശിക്കുകയും സമ്മർദത്തിലാഴ്ത്തുകയും കോൺഗ്രസിനെ കുറ്റപ്പെടുത്തുകയും സ്വാധീനിക്കുകുയം ചെയ്തു. ഭരണകക്ഷിക്കുള്ളിലെ തുലനസംവിധാനമായിട്ടാണ് ഈ വിഭാഗങ്ങൾ പ്രവർത്തിച്ചിരുന്നത്. അതുകൊണ്ടുതന്നെ രാഷ്ട്രീയമൽസരം കോൺഗ്രസിനുള്ളിൽ തന്നെ നടക്കുന്നു. ഈ അർഥത്തിൽ തെരഞ്ഞെടുപ്പു പോരാട്ടത്തിന്റെ ആദ്യദശകങ്ങളിൽ കോൺഗ്രസ് ഭരണകക്ഷിയായും പ്രതിപക്ഷമായും പ്രവർത്തിച്ചു. അതിനാൽ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഈ കാലഘട്ടത്തെ "കോൺഗ്രസ് വ്യവസ്ഥ"എന്നു വിശേഷിപ്പിക്കപ്പെടുന്നു.



TUG OF WAR RESUMED

പ്രതിപക്ഷത്തിന്റെയും ഗവൺമെന്റിന്റെയും ശക്തിയെ സംബന്ധിച്ച ഒരു താരതമ്യം ചെയ്യുന്നതാണ് കാർട്ടൂണിസ്റ്റ് ഒരു 'വടംവലി' ആയി ഇവിടെ ചിത്രീകരിച്ചിരിക്കുന്നു. (29, ആഗസ്റ്റ് 1954) മരത്തിലിരിക്കുന്നവർ നെഹ്റുവും അദ്ദേഹത്തിന്റെ കാബിനറ്റിലെ സഹപ്രവർത്തകരുമാണ്. പ്രതിപക്ഷ നേതാക്കന്മാരായ എ.കെ. ഗോപാലൻ, ആചാര്യ കൃപലാനി, എൻ.സി. ചാറ്റർജി, ശ്രീകണ്ഠൻ നായർ, സർദാർ ഹുക്കുംസിങ് എന്നിവരാണ് മരത്തെ മറിച്ചിടാൻ ശ്രമിക്കുന്നത്.

## പ്രതിപക്ഷ കക്ഷികളുടെ ആവിർഭാവം (Emergence of Opposition Parties)

മുകളിൽ സൂചിപ്പിച്ചതുപോലെ, ഈ കാലയളവിൽ ഇന്ത്യയിൽ പ്രതിപക്ഷകക്ഷികൾ ഇല്ല എന്നല്ല ഇതിനർഥം. തെരഞ്ഞെടുപ്പു ഫലങ്ങൾ ചർച്ച ചെയ്തപ്പോഴൊക്കെ കോൺഗ്രസിനോടൊപ്പം മറ്റ് നിരവധി പാർട്ടികളുടെ പേരുകളും നാം കാണുകയുണ്ടായി. മറ്റു ബഹുകക്ഷി രാജ്യങ്ങളെക്കാൾ ഊർജസ്വലവും വിഭിന്നവുമായ ധാരാളം പ്രതിപക്ഷകക്ഷികൾ ഇന്ത്യയിലുണ്ടായിരുന്നു. ഇവയിൽ ചിലത് 1952-ലെ ഒന്നാം തെരഞ്ഞെടുപ്പിനു മുമ്പേ സ്ഥാപിതമായതാണ്. അറുപതുകളിലെയും എഴുപതുകളിലെയും രാഷ്ട്രീയത്തിൽ ഇവയിൽ ചില പാർട്ടികൾ പ്രധാന പങ്കു വഹിച്ചിരുന്നു. ഇന്നു കാണുന്ന മിക്ക കോൺഗ്രസ് ഇതര രാഷ്ട്രീയ പാർട്ടികളുടെയും ഉത്ഭവം 1950-ലെ പ്രതിപക്ഷ കക്ഷികളിൽ നിന്നാണ്.

ഈ കാലയളവിൽ എല്ലാ പ്രതിപക്ഷ രാഷ്ട്രീയകക്ഷികളും ലോകസഭയിലും സംസ്ഥാന നിയമസഭകളിലും നാമമാത്ര പ്രാതിനിധ്യം മാത്രമെ നേടിയെടുത്തുള്ളു. എന്നിരുന്നാലും ഇവയുടെ സാന്നിദ്ധ്യം ജനാധിപത്യവ്യവസ്ഥയുടെ സ്വഭാവം നിലനിർത്തുന്നതിൽ നിർണായക പങ്കുവഹിച്ചു. കോൺഗ്രസ് പാർട്ടിയുടെ നയങ്ങളെയും പ്രവർത്തനങ്ങളെയും നിരന്തരമായും പലപ്പോഴും തത്ത്വാധിഷ്ഠിതമായും ഈ പാർട്ടികൾ വിമർശിച്ചു. ഇത് ഭരണകക്ഷിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും കോൺഗ്രസിനുള്ളിലെ സന്തുലിതാവസ്ഥ മാറ്റുന്നതിനും കാരണമായി. ജനാധിപത്യ രാഷ്ട്രീയ ബദൽ സജീവമാക്കുന്നതോ

# സ്വതന്ത്ര പാർട്ടി




ഭൂപരിധി നിശ്ചയിക്കൽ, ഭക്ഷ്യധാന്യങ്ങളുടെ വ്യാപാരം രാഷ്ട്രം ഏറ്റെടുക്കൽ, സഹകരണാടിസ്ഥാനത്തിലുള്ള കൃഷിരീതി എന്നിവ ആഹ്വാനം ചെയ്ത കോൺഗ്രസിന്റെ നാഗ്പൂർ പ്രമേയത്തിനുശേഷം 1959 ആഗസ്റ്റിൽ സ്വതന്ത്ര പാർട്ടി രൂപീകൃതമായി. പഴയകാല കോൺഗ്രസ് നേതാക്കന്മാരായ സി.രാജഗോപാലാചാരി, കെ.എം. മുൻഷി, എൻ.ജി. രംഗ, മീനു മസാനി എന്നിവരായിരുന്നു പാർട്ടിയെ നയിച്ചത്. മറ്റുപാർട്ടികളിൽ നിന്നും സാമ്പത്തിക വിഷയങ്ങളിൽ വ്യത്യസ്ത നിലപാടാണ് പാർട്ടി സ്വീകരിച്ചത്.

സമ്പദ്‌വ്യവസ്ഥയെ നിയന്ത്രിക്കുന്നതിൽ വളരെ കുറഞ്ഞ ഇടപെടൽ മാത്രമേ ഭരണകൂടം നടത്താവൂ എന്ന് പാർട്ടി ആഗ്രഹിച്ചു. വ്യക്തി സ്വാതന്ത്ര്യത്തിൽ നിന്നുമാത്രമേ അഭിവൃദ്ധി ഉണ്ടാവുകയുള്ളൂവെന്ന് പാർട്ടി വിശ്വസിച്ചു. സമ്പത്ത് വ്യവസ്ഥയിൽ രാഷ്ട്രം ഇടപെടുന്ന വികസനതന്ത്രം, കേന്ദ്രീകൃത ആസൂത്രണം, ദേശസാൽക്കരണം, പൊതുമേഖല എന്നിവയെ പാർട്ടി വിമർശിച്ചു.പകരം ഒരു സ്വതന്ത്ര സ്വകാര്യ മേഖലയുടെ വ്യാപനത്തിനായി ഇതു നിലകൊണ്ടു. സഹകരണാടിസ്ഥാനത്തിലുള്ള കൃഷി, രാഷ്ട്ര നിയന്ത്രിത വ്യാപാരം, കൃഷിഭൂമിയുടെ പരിധി നിശ്ചയിക്കൽ എന്നിവയെ സ്വതന്ത്ര പാർട്ടി എതിർത്തു. കൂടാതെ വരുമാനത്തിനാനുപതികയയമായി നികുതി വർധിപ്പിക്കുന്ന സമ്പ്രദായത്തെ എതിർക്കുകയും ലൈസൻസ് സമ്പ്രദായം പൊളിച്ചെഴുതണമെന്ന് ആവശ്യപ്പെടുകയും ചെയതു. ചേരിചേരായ്മ എന്ന വിദേശനയത്തെയും സോവിയറ്റ് യൂണിയനോടുള്ള സൗഹൃദബന്ധത്തെയും അവർ വിമർശിച്ചു. അമേരിക്കയുമായി അടുത്തബന്ധം സ്ഥാപിക്കണമെന്ന് അവർ വാദിച്ചു. വിവിധ പ്രദേശിക രാഷ്ട്രീയ പാർട്ടികളുടെ താൽപര്യങ്ങളുമായി ലയിക്കുന്നതിലൂടെ രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ സ്വതന്ത്ര പാർട്ടി സ്വാധീനം നേടി. ഭൂപരിഷ്കരണ നിയമം വഴി ഭൂമിയും പദവിയും നഷ്ടപ്പെടുമെന്നു ഭയന്നിരുന്ന രാജാക്കന്മാരും ജന്മിമാരും പാർട്ടിയിലേക്ക് ആകർഷിക്കപ്പെട്ടു. ദേശസാൽക്കരണത്തെയും ലൈസൻസ് നയങ്ങളെയും എതിർത്തിരുന്ന വ്യാപാരികളും വ്യവസായികളും പാർട്ടിക്കു പിന്തുണനൽകി. ഇതിന്റെ സങ്കുചിത സാമൂഹിക അടിത്തറയും അർപ്പണനോഭാവമുള്ള പാർട്ടി അംഗങ്ങളുടെ അഭാവവും ഒരു ശക്തമായ സംഘടനാസംവിധാനം ഉണ്ടാക്കിയെടുക്കുന്നതിൽ നിന്ന് ഇതിനെ തടഞ്ഞു.




**സി.രാജഗോപാലാചാരി (1878–1972)**

കോൺഗ്രസിലെ മുതിർന്ന നേതാവും സാഹിത്യകാരനും; മഹാത്മാഗാന്ധിയുടെ സന്തതസഹചാരി; ഭരണഘടനാ നിർമാണസമിതി അംഗം; സ്വാതന്ത്ര ഇന്ത്യയുടെ ഇന്ത്യക്കാരനായ ആദ്യ ഗവർണർ ജനറൽ (1948–1950) കേന്ദ്ര ക്യാബിനറ്റ് മന്ത്രി; പിന്നീട് മദ്രാസ് സംസ്ഥാന മുഖ്യമന്ത്രി; ആദ്യ ഭാരതരത്ന പുരസ്കാര ജേതാവ്; സ്വതന്ത്ര പാർട്ടിയുടെ സ്ഥാപകൻ (1959).

“കോൺഗ്രസിലും ഗവൺമെന്റിലുമുള്ള എന്റെ സാന്നിധ്യത്തെക്കാൾ പ്രധാനം ടണ്ഠന്റെ തിരഞ്ഞെടുപ്പാണ് (കോൺഗ്രസ് അംഗങ്ങളാലുള്ള)... കോൺഗ്രസിലും ഗവൺമെന്റിലും എന്റെ പരമാവധി കഴിവ് ഉപയോഗിച്ചു കഴിഞ്ഞിരിക്കുന്നു.”

**ജവഹർലാൽ നെഹ്റു**

തന്റെ ആഗ്രഹത്തിന് വിരുദ്ധമായി ടണ്ഠനെ കോൺഗ്രസ് പ്രസിഡന്റായി തെരഞ്ഞെടുത്തശേഷം ജവഹർലാൽ നെഹ്റു രാജാജിക്കെഴുതിയ കത്തിലെ ഒരു ഭാഗം

ടൊപ്പം ഈ പാർട്ടികൾ ജനാധിപത്യവിരുദ്ധ നിലപാടു സ്വീകരിക്കുന്നതിൽ നിന്ന് കോൺഗ്രസിനെ തടയുകയും ചെയ്തു. നമ്മുടെ രാഷ്ട്രത്തെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കേണ്ട നേതാക്കന്മാരെ ഈ പാർട്ടികൾ വളർത്തുകയുണ്ടായി.

ആദ്യകാലങ്ങളിൽ കോൺഗ്രസ് നേതാക്കന്മാരും പ്രതിപക്ഷ നേതാക്കന്മാരും പരസ്പര ബഹുമാനത്തോടെയായിരുന്നു പെരുമാറിയത്. സ്വാതന്ത്ര്യ പ്രഖ്യാപനത്തിനുശേഷം അധികാരത്തിൽ വന്ന ഇടക്കാല ഗവൺമെന്റിലും തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിലും പ്രതിപക്ഷ നേതാക്കളായിരുന്ന ഡോ.അംബേദ്കർ, ശ്യാമ പ്രസാദ് മുഖർജി എന്നിവരെ ക്യാബിനറ്റിൽ ഉൾപ്പെടുത്തി. ജവഹർലാൽ നെഹ്റുവിന് സോഷ്യലിസ്റ്റ് പാർട്ടിയോടുള്ള വാൽസല്യം കാരണം സോഷ്യലിസ്റ്റ് നേതാവായ ജയപ്രകാശ് നാരായണനെ മന്ത്രിസഭയിൽ ചേരാൻ ക്ഷണിച്ചു. ഇത്തരത്തിലുള്ള എല്ലാ വ്യക്തിബന്ധങ്ങളും രാഷ്ട്രീയ എതിരാളികളോടുള്ള ബഹുമാനവും രാഷ്ട്രീയപാർട്ടികൾക്കിടയിലുള്ള മത്സരം തീവ്രമായതിനുശേഷം നഷ്ടമായി.

അങ്ങനെ രാജ്യത്തെ ജനാധിപത്യ രാഷ്ട്രീയത്തിന്റെ ഒന്നാംഘട്ടം തികച്ചും സവിശേഷമായിരുന്നു. എല്ലാത്തിനെയും ഉൾക്കൊള്ളാൻ കഴിവുള്ള ദേശീയ



ചക്രവർത്തി രാജഗോപാലാചാരി, 1948 ൽ ഗവർണർ ജനറലായി സത്യപ്രതിജ്ഞ ചെയ്തശേഷം നെഹ്റു മന്ത്രിസഭയോടൊപ്പം. ഇരിക്കുന്നവർ ഇടത്തുനിന്നും വലത്തോട്ട്: റാഫി അഹമ്മദ് കിദ്വായ്, ബൽദേവ് സിംഗ്, മൗലാന ആസാദ്, പ്രധാനമന്ത്രി നെഹ്റു, ചക്രവർത്തി രാജഗോപാലാചാരി, സർദാർ വല്ലഭായി പട്ടേൽ, രാജ്കുമാരി അമൃത്കൗർ, മിസ്റ്റർ ജോൺ മത്തായി, ജഗ്ജീവൻ റാം. നിൽക്കുന്നവർ ഇടത്തുനിന്നും വലത്തോട്ട്: മിസ്റ്റർ ഗാഡ്ഗിൽ, മിസ്റ്റർ നിയോഗി, ഡോ. അംബേദ്കർ, ശ്യാമപ്രസാദ് മുഖർജി, മിസ്റ്റർ ഗോപാലസ്വാമി അയ്യങ്കാർ, മിസ്റ്റർ ജയറാംദാസ് ദൗലത്‌റാം

## ഒരു ബീഹാർ ഗ്രാമത്തിലെ പാർട്ടിമത്സരം



രണ്ടുപോത്തുകൾ തമ്മിൽ ഏറ്റുമുട്ടുമ്പോൾ അവ നിൽക്കുന്ന സ്ഥലത്തെ പുല്ല് ചവിട്ടി മെതിക്കപ്പെടും. അടിയിലെ പുല്ല് ചതഞ്ഞരയും. കോൺഗ്രസും സോഷ്യലിസ്റ്റ് പാർട്ടിയും തമ്മിൽ പരസ്സ്പരം ഏറ്റുമുട്ടുകയാണ്. രണ്ടു കൂട്ടർക്കും പുതിയ അംഗങ്ങളെ ചേർക്കണം. ഈ രണ്ട് അരകല്ലുകൾക്കിടയിലാണ് പാവം ജനങ്ങളുടെ സ്ഥാനം.

"അങ്ങനെയല്ല, പാവപ്പെട്ട ആൾക്കാർ മെതിക്കപ്പെടുകയല്ല. യഥാർത്ഥത്തിൽ അവർക്കതിൽ നിന്നു ഗുണമേ കിട്ടൂ"- എന്നായിരിക്കും ചിലരുടെ മറുപടി. ഒരു പാർട്ടിയെക്കൊണ്ടുമാത്രം കാര്യങ്ങൾ പൂർത്തീകരിക്കാൻ കഴിയില്ല. രണ്ടു വിഭാഗങ്ങളും തമ്മിലുള്ള വൈരാഗ്യവും മൽസരവും പൊതുജനങ്ങൾക്ക് ഗുണം ചെയ്യും.

സോഷ്യലിസ്റ്റ് പാർട്ടിയുടെ യോഗത്തെക്കുറിച്ചുള്ള വാർത്ത സാന്താളുകളെ പ്രകോപിപ്പിച്ചു. ഒരു പുതിയ ആശുപത്രിയുടെ ഉദ്ഘാടനത്തെ സംബന്ധിച്ച വാർത്തയൊന്നും അവരിൽ ഒരുമതിപ്പും ഉണ്ടാക്കാറില്ല. ഗ്രാമവാസികളുടെ വഴക്കോ കയ്യാങ്കളിയോ സൗഹൃദക്കൂടിച്ചേരലോ ഒന്നും സാന്താളുകൾ ശ്രദ്ധിക്കാറില്ല. പക്ഷേ ഈ യോഗം മണ്ണിൽ ഉഴുതുന്നവർക്കുവേണ്ടിയുള്ളതായിരുന്നു.... ആർക്കായിരിക്കണം ഭൂമിയുടെ അവകാശം? ഉഴുതുന്നവൻ വിതക്കും, വിതക്കുന്നവൻ കൊയ്യും, പണിയെടുക്കുന്നവൻ ഭക്ഷിക്കും, എന്തുതന്നെയായലും! കാളിചരന്റെ വാക്കുകൾ ഉയർന്നുകേട്ടു.

കോൺഗ്രസ് പാർട്ടിയുടെ ജില്ലാ ഓഫീസിലും ചില കോലാഹലങ്ങൾ ഉണ്ടായിരുന്നു. ഉടനെതന്നെ അവർക്ക് പാർട്ടി അധ്യക്ഷനെ തെരഞ്ഞെടുക്കണമായിരുന്നു. അവിടെ മൊത്തം നാലു സ്ഥാനാർത്ഥികളുണ്ടായിരുന്നു. രണ്ട് യഥാർത്ഥ മത്സരാർത്ഥികളും രണ്ടു ഡമ്മികളും. ഇത് രജപുത്രരും ഭൂമിഹാറും തമ്മിലുള്ള മൽസരമായിരുന്നു. രണ്ടു ജാതിയിലെയും സമ്പന്നരായ ജന്മിമാരും വ്യാപാരികളും പ്രചരണത്തിനായി അവരുടെ കാറുകളിൽ ജില്ല മുഴുവനും കറങ്ങി നടക്കുകയാണ്. എല്ലാ തരത്തിലുമുള്ള ചെളിവാരിയെറിയലുകൾ അവർക്കിടയിൽ നടന്നുകൊണ്ടിരുന്നു. കാദിഹാർ കോട്ടൺ മില്ലുടമസ്ഥനായ സേഥ് ആയിരുന്നു ഭൂമിഹാർ പാർട്ടിയെ പ്രതിനിധികരിച്ചത്. ഫാർബി ഗാംഗ് ചണമില്ലിന്റെ ഉടമസ്ഥനായിരുന്നു രജപുത്രരെ പ്രതിനിധികരിച്ചിരുന്നത്. അവർ ഇതിനായി വാരിയെറിയുന്ന പണം നിങ്ങൾ കാണേണ്ടതുതന്നെയാണ്.

ഫണീശ്വർനാഥ് രേണുവിന്റെ 'മൈല ആഞ്ചൽ' എന്ന നോവലിന്റെ വിവർത്തനം ചെയ്ത ഒരു ഭാഗം. വടക്കുകിഴക്കൻ ബീഹാറിലെ പൂർണിയ ജില്ലയിലെ സ്വാതന്ത്ര്യത്തിനുശേഷമുള്ള ജീവിതസാഹചര്യം അടിസ്ഥാനമാക്കി എഴുതിയ നോവൽ.

പ്രസ്ഥാനം നയിച്ച കോൺഗ്രസിന് വിവിധ വിഭാഗങ്ങളെയും ഗ്രൂപ്പുകളെയും, താൽപര്യങ്ങളെയും ആകർഷിക്കാനുള്ള ശേഷി അതിനെ വിശാലാർത്ഥത്തിലുള്ള സാമൂഹികവും പ്രത്യയശാസ്ത്രപരവുമായ മുന്നണിയാക്കി മാറ്റി. സ്വാതന്ത്ര്യസമരത്തിലെ കോൺഗ്രസിന്റെ മുഖ്യപങ്ക് മറ്റ് പ്രസ്ഥാനങ്ങളുടെ മേൽ മുൻതൂക്കം നൽകി. എല്ലാ താൽപര്യങ്ങളെയും രാഷ്ട്രീയ അധികാരകക്ഷികളെയും ഉൾക്കൊള്ളുവാനുള്ള കോൺഗ്രസിന്റെ ശേഷി ക്രമാനുഗതമായി കുറഞ്ഞതോടെ മറ്റു രാഷ്ട്രീയ പാർട്ടികൾ വലിയ പ്രാധാന്യം നേടുവാൻ തുടങ്ങി. രാജ്യത്തെ രാഷ്ട്രീയത്തിന്റെ ഒരു ഘട്ടത്തെ മാത്രമെ കോൺഗ്രസ് മേധാവിത്വം രൂപപ്പെടുത്തുന്നുള്ളു. ഈ പാഠപുസ്തകത്തിന്റെ പിന്നീടുള്ള ഭാഗങ്ങളിൽ മറ്റു ഘട്ടങ്ങളിലൂടെ നാം കടന്നുപോകും.




**ശ്യാമപ്രസാദ് മുഖർജി (1901–1953)**

ഹിന്ദുമഹാസഭയുടെ നേതാവ്; ഭാരതീയ ജനസംഘ സ്ഥാപകൻ; സ്വതന്ത്ര ഇന്ത്യയിലെ ആദ്യ നെഹ്റു മന്ത്രി സഭയിലെ ക്യാബിനറ്റ് മന്ത്രി; ഇന്ത്യാ പാകിസ്ഥാൻ ബന്ധത്തിലെ വിയോജിപ്പിനെ തുടർന്ന് 1950-ൽ രാജിവച്ചു. ഭരണഘടനാ നിർമാണസമതി അംഗം; പിന്നീട് ഒന്നാം ലോക്സഭയിലെ അംഗം; ജമ്മുകാശ്മീരിന് സ്വയംഭരണം നൽകിയ ഇന്ത്യയുടെ നയത്തെ എതിർത്തു; കാശ്മീർ നയത്തിനെതിരെ ജനസംഘത്തിന്റെ പ്രക്ഷോഭത്തെതുടർന്ന് അറസ്റ്റ്, തടവിൽ കിടന്ന് മരണം.

# അഭ്യാസം

1. ശരിയുത്തരം തെരഞ്ഞെടുത്ത് വിട്ടുപോയഭാഗം പൂരിപ്പിക്കുക.
   (a) 1952 ൽ നടന്ന ആദ്യപൊതുതെരഞ്ഞെടുപ്പ് ഒരേ സമയം ലോകസഭയിലേക്കും ............
   (ഇന്ത്യൻ പ്രസിഡന്റ്/സംസ്ഥാന നിയമസഭകൾ/രാജ്യസഭ/പ്രധാനമന്ത്രി)
   (b) ഒന്നാം പൊതുതെരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ സീറ്റ് ലോക്സഭയിൽ നേടിയ രണ്ടാമത്തെ വലിയ പാർട്ടി................
   (പ്രജാ സോഷ്യലിസ്റ്റ് പാർട്ടി/ഭാരതീയ ജനസംഘം/കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ/ഭാരതീയ ജനതാപാർട്ടി)
   (c) ഇവയിൽ ഏത് പ്രത്യയശാസ്ത്രമാണ് സ്വതന്ത്രപാർട്ടിയെ മുന്നോട്ടു നയിക്കുന്നത്.....
   (തൊഴിലാളി വർഗതാൽപര്യം/നാട്ടുരാജ്യസംരക്ഷണം/രാഷ്ട്ര നിയന്ത്രണമുക്തമായ സമ്പദ്ഘടന/കേന്ദ്രത്തിൽ നിന്നും സ്വതന്ത്രമായ സംസ്ഥാനങ്ങൾ)

2. ലിസ്റ്റ് (A) യിൽ കൊടുത്തിരിക്കുന്ന നേതാക്കന്മാരെ ലിസ്റ്റ് (B)യിൽ കൊടുത്തിരിക്കുന്ന പാർട്ടികളുമായി ചേരുംപടി ചേർക്കുക.

| | ലിസ്റ്റ് A | | ലിസ്റ്റ് B |
|---|---|---|---|
| (a) | എസ്.എ. ഡാംഗെ | i. | ഭാരതീയ ജനസംഘ് |
| (b) | ശ്യാമപ്രസാദ് മുഖർജി | ii. | സ്വതന്ത്ര പാർട്ടി |
| (c) | മീനു മസാനി | iii. | പ്രജാ സോഷ്യലിസ്റ്റ് പാർട്ടി |
| (d) | അശോക് മേത്ത | iv. | കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ |

3. ഏകകക്ഷി മേധാവിത്വവുമായി ബന്ധപ്പെട്ട നാലു പ്രസ്താവനകൾ താഴെ കൊടുത്തിരിക്കുന്നു. തെറ്റും ശരിയും അടയാളപ്പെടുത്തുക.
   (a) ശക്തരായ ബദൽ രാഷ്ട്രീയ പാർട്ടികളുടെ അഭാവത്തിലാണ് ഏകകക്ഷി മേധാവിത്വം വേരൂന്നിയിരിക്കുന്നത്.
   (b) ദുർബലമായ പൊതുജനാഭിപ്രായമാണ് ഏകകക്ഷി മേധാവിത്വത്തിന്റെ കാരണം.
   (c) ഏകകക്ഷി മേധാവിത്വം രാഷ്ട്രത്തിന്റെ കൊളോണിയൽ കാലഘട്ടവുമായി ബന്ധപ്പെട്ടിരിക്കുന്നു.
   (d) ഏകകക്ഷി മേധാവിത്വം പ്രതിഫലിപ്പിക്കുന്നത് രാജ്യത്തെ ജനാധിപത്യ ആശയങ്ങളുടെ അഭാവമാണ്.

4. ഭാരതീയ ജനസംഘമോ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയോ ആണ് ആദ്യ തെരഞ്ഞെടുപ്പിനുശേഷം ഗവൺമെന്റ് ഉണ്ടാക്കിയിരുന്നതെങ്കിൽ ഗവൺമെന്റ് നയത്തിൽ എന്തെല്ലാം വ്യത്യാസങ്ങൾ ഉണ്ടാകുമായിരുന്നു ? രണ്ടു പാർട്ടികളുടേയും മൂന്നു വ്യത്യാസങ്ങൾ വീതം പ്രതിപാദിക്കുക.

5. എന്ത് അർത്ഥത്തിലാണ് കോൺഗ്രസ് ഒരു പ്രത്യയശാസ്ത്രപരമായ മുന്നണി ആകുന്നത്? കോൺഗ്രസിനുള്ളിലെ വിവിധ ആശയധാരകൾ എന്തെല്ലാം?

6. ഏകകക്ഷി മേധാവിത്വ വ്യവസ്ഥയുടെ പ്രാമുഖ്യം ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ജനാധിപത്യസ്വഭാവത്തെ പ്രതികൂലമായി ബാധിക്കുമോ?

7. സോഷ്യലിസ്റ്റ് പാർട്ടിയും കമ്യൂണിസ്റ്റ് പാർട്ടിയും തമ്മിലും ഭാരതീയ ജനസംഘവും സ്വതന്ത്രപാർട്ടിയും തമ്മിലുമുള്ള മൂന്നു വ്യത്യാസങ്ങൾ വീതം എഴുതുക.

8. മെക്സിക്കോയിലേയും ഇന്ത്യയിലേയും ഏകകക്ഷിമേധാവിത്വത്തിന്റെ പ്രധാന വ്യത്യാസങ്ങളായി നിങ്ങൾ പരിഗണിക്കുന്നവ എന്തെല്ലാം?

9. ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടമെടുത്ത് (സംസ്ഥാനങ്ങളുടെ അതിരുകൾ സൂചിപ്പിക്കുന്ന) അടയാളപ്പെടുത്തുക.
   (a) 1952-നും 1967-നും ഇടയ്ക്കുള്ള കാലഘട്ടത്തിൽ എപ്പോഴെങ്കിലും കോൺഗ്രസ് അധികാരത്തിൽ ഇല്ലായിരുന്ന രണ്ടു സംസ്ഥാനങ്ങൾ.
   (b) ഈ കാലയളവിൽ കോൺഗ്രസ് അധികാരത്തിലുണ്ടായിരുന്ന രണ്ടു സംസ്ഥാനങ്ങൾ.
10. ചുവടെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക?

*"കോൺഗ്രസിന്റെ പ്രമുഖ സംഘാടകനായ പട്ടേൽ, രാഷ്ട്രീയ സംഘങ്ങളിൽനിന്നും കോൺഗ്രസിനെ ശുദ്ധീകരിക്കുന്നതിനോടൊപ്പം അച്ചടക്കവും യോജിപ്പുമുള്ള ഒരു രാഷ്ട്രീയ പാർട്ടിയായി അതിനെ മാറ്റാനും ആഗ്രഹിച്ചു. അദ്ദേഹം, കോൺഗ്രസിനെ എങ്ങിനെയും ഉൾക്കൊള്ളുന്ന സവിശേഷ സ്വഭാവത്തിൽനിന്ന് അകറ്റുന്നതിനും നന്നായി തുന്നിച്ചേർക്കപ്പെട്ട അച്ചടക്കമുള്ള അംഗങ്ങളുടെ ഒരു പാർട്ടിയായി അതിനെ മാറ്റാനും ശ്രമിച്ചു. ഒരു പ്രായോഗികവാദി എന്ന നിലയിൽ വ്യാപ്തിയേക്കാൾ ഏറെ അച്ചടക്കത്തിനാണ് അദ്ദേഹം പ്രാധാന്യം നൽകിയത്. പ്രസ്ഥാനവുമായി മുന്നോട്ടു പോവുക എന്ന തികച്ചും കാൽപനികമായ കാഴ്ചപ്പാടു ഗാന്ധി സ്വീകരിച്ചപ്പോൾ, ഒരു ഒറ്റ പ്രത്യയശാസ്ത്രവും കടുത്ത അച്ചടക്കവുമുള്ള ഒരു രാഷ്ട്രീയ പാർട്ടിയായി കോൺഗ്രസിനെ പരിവർത്തനം ചെയ്യുക എന്ന പട്ടേലിന്റെ ആശയത്തിലും, ഒരു ഗവൺമെന്റ് എന്ന നിലയിൽ വരാനിരിക്കുന്ന ദശാബ്ദങ്ങളിൽ കോൺഗ്രസിന്റെ പങ്കിനെക്കുറിച്ചുള്ള ഒരു ധാരണയുടെ അഭാവം ഉണ്ടായിരിക്കുന്നു."*

-രജനി കോത്താരി

   (a) എന്തുകൊണ്ടാണ് കോൺഗ്രസ് ഒരു ഐക്യവും അച്ചടക്കവുമില്ലാത്ത പാർട്ടിയായിട്ട് രചയിതാവിനു തോന്നിയത്?
   (b) മുൻവർഷങ്ങളിലെ കോൺഗ്രസിന്റെ തെരഞ്ഞെടുപ്പു പങ്കിന്റെ ഉദാഹരണം എഴുതുക.
   (c) ഗാന്ധിജിയുടെ കോൺഗ്രസിനെക്കുറിച്ചുള്ള കാഴ്ചപ്പാട് കാല്പനികമാണെന്ന് രചയിതാവ് പറയുന്നതെന്തുകൊണ്ട്?

## നമുക്കിത് ഒരുമിച്ചു ചെയ്യാം

1952 മുതൽ നിങ്ങളുടെ സംസ്ഥാനത്ത് നടന്ന തെരഞ്ഞെടുപ്പിനെയും ഗവൺമെന്റിനെയുംകുറിച്ച് ഒരു ചാർട്ട് ഉണ്ടാക്കുക. തെരഞ്ഞെടുപ്പു നടന്ന തീയതി, വിജയിച്ച പാർട്ടിയുടെ പേര്, അധികാരത്തിൽ ഉള്ള പാർട്ടി/പാർട്ടികളുടെ പേര്, മുഖ്യമന്ത്രി/മുഖ്യമന്ത്രിമാരുടെ പേര് എന്നിവ ഈ ചാർട്ടിൽ ഉണ്ടാകണം.

അഭ്യാസം




കൂടുതലായും 1955–നും 1968–നും ഇടയിൽ പുറത്തിറക്കിയ ഇതുപോലുള്ള സ്റ്റാമ്പുകൾ, ആസൂത്രിതവികസനം എന്ന ദർശനം ചിത്രീകരിക്കുന്നതായിരുന്നു. ഇടത്തുനിന്നും വലത്തോട്ട്, ആദ്യം മുതൽ അവസാനംവരെ: ദാമോദർവാലി, ഭക്രാ അണക്കെട്ട്, ചിത്തരഞ്ജൻ ലോക്കോ മോട്ടീവ്സ്, ഗുവാഹത്തി എണ്ണ ശുദ്ധീകരണശാല, ട്രാക്റ്റർ, ഭക്രാ അണക്കെട്ട്, സിൻഡ്രി രാസവള നിർമാണശാല, വൈദ്യുതി തീവണ്ടി, വീറ്റ് റവല്യൂഷൻ, ഹിരാക്കുഡ് അണക്കെട്ട്, ഹിന്ദുസ്ഥാൻ എയർ ക്രാഫ്റ്റ് ഫാക്ടറി

**ഈ അധ്യായത്തിൽ...**

രാഷ്ട്രനിർമാണം, ജനാധിപത്യസ്ഥാപനം എന്നീ വെല്ലുവിളികളോട് സ്വതന്ത്ര ഇന്ത്യയിലെ നേതാക്കൾ എങ്ങനെയാണ് പ്രതികരിച്ചതെന്ന് കഴിഞ്ഞ രണ്ട് അധ്യായങ്ങളിൽ നമ്മൾ പഠിച്ചു. എല്ലാവരുടെയും ക്ഷേമം ഉറപ്പുവരുത്തുന്നതിനായുള്ള സാമ്പത്തികവികസനം എന്ന മൂന്നാമത്തെ വെല്ലുവിളിയിലേക്ക് നമുക്കിനി കടക്കാം. ആദ്യത്തെ രണ്ടു വെല്ലുവിളികളുടെയും കാര്യത്തിലെന്നപോലെ ഇവിടെയും വ്യത്യസ്തവും ദുഷ്കരവുമായ ഒരു പാതയാണ് നമ്മുടെ നേതാക്കൾ തിരഞ്ഞെടുത്തത്. ഈ വിഷയത്തിൽ അവരുടെ വിജയം കൂടുതൽ പരിമിതമായിരുന്നു, കാരണം ഈ വെല്ലുവിളി കൂടുതൽ കഠിനവും ദൈർഘ്യമേറിയതുമായിരുന്നു.

സാമ്പത്തിക വികസനത്തിന്റെ ചില കാതലായ ചോദ്യങ്ങളുൾപ്പെടുന്ന രാഷ്ട്രീയ തെരഞ്ഞെടുപ്പുകളുടെ കഥയാണ് ഈ അധ്യായത്തിൽ നമ്മൾ പഠിക്കുന്നത്.

- വികസനം സംബന്ധിച്ച കാതലായ തെരഞ്ഞെടുക്കലുകളും സംവാദങ്ങളും എന്തൊക്കെയായിരുന്നു?
- ആദ്യത്തെ രണ്ട് ദശാബ്ദക്കാലം, ഏത് തന്ത്രമാണ് നമ്മുടെ നേതാക്കൾ സ്വീകരിച്ചത്? എന്തുകൊണ്ട്?
- ഈ തന്ത്രത്തിന്റെ പ്രധാന നേട്ടങ്ങളും പരിമിതികളും എന്തൊക്കെയായിരുന്നു?
- എന്തുകൊണ്ടാണ് ഈ വികസനതന്ത്രം പിന്നീടുള്ള വർഷങ്ങളിൽ ഉപേക്ഷിക്കപ്പെട്ടത്?

അദ്ധ്യായം 3

# ആസൂത്രിത വികസനത്തിന്റെ രാഷ്ട്രീയം (POLITICS OF PLANNED DEVELOPMENT)

I5M1F1

ആഗോളതലത്തിൽ ഉരുക്കിന്റെ ആവശ്യകത വർധിച്ചതോടുകൂടി, രാജ്യത്തെ ഏറ്റവും വലിയ ഖനനം ചെയ്യപ്പെട്ടിട്ടില്ലാത്ത ഇരുമ്പയിർ നിക്ഷേപങ്ങളിലൊന്നായ ഒറീസ്സ, ഒരു പ്രധാനപ്പെട്ട നിക്ഷേപലക്ഷ്യമായി കാണപ്പെട്ടുതുടങ്ങി. ഇരുമ്പയിരിനുണ്ടായ ഈ അഭൂതപൂർവമായ ആവശ്യകത പണമാക്കി മാറ്റാം എന്ന പ്രതീക്ഷയിൽ ഒറീസ്സാ ഗവൺമെന്റ് ആഭ്യന്തര, അന്താരാഷ്ട്ര ഉരുക്കു നിർമാതാക്കളുമായി ധാരണാപത്രം ഒപ്പുവച്ചു. ഇത് അവശ്യം വേണ്ട മൂലധന നിക്ഷേപവും അനേകം തൊഴിലവസരങ്ങളും കൊണ്ടുവരുമെന്ന് ഒറീസ്സാ ഗവൺമെന്റ് വിശ്വസിച്ചു. സംസ്ഥാനത്തിന്റെ ഏറ്റവും അവികസിതവും ഗോത്രവർഗവിഭാഗങ്ങൾ കൂടുതലുള്ളതുമായ ജില്ലകളിലാണ് ഇരുമ്പയിർ നിക്ഷേപങ്ങൾ കൂടുതലായി ഉണ്ടായിരുന്നത്. വ്യവസായങ്ങൾ ആരംഭിക്കുക എന്നതിന്റെ അർഥം, അവരുടെ വീടുകളിൽനിന്നും ഉപജീവനോപാധികളിൽനിന്നും അവർ പുറന്തള്ളപ്പെടുക എന്നതായിരിക്കും എന്നവർ ഭയപ്പെട്ടു. ഖനനവും വ്യവസായങ്ങളും പരിസ്ഥിതിയെ മലിനമാക്കിയേക്കുമെന്ന് പരിസ്ഥിതിവാദികൾ ഭയപ്പെട്ടു. വ്യവസായം അനുവദിച്ചില്ലെങ്കിൽ, അതൊരു തെറ്റായ മാതൃക സൃഷ്ടിക്കുമെന്നും, രാജ്യത്തെ നിക്ഷേപത്തെ അത് നിരുത്സാഹപ്പെടുത്തുമെന്നുമാണ് കേന്ദ്ര ഗവൺമെന്റ് കരുതിയത്.

ഈ വിഷയത്തിൽ ഉൾപ്പെട്ടിട്ടുള്ള വിവിധങ്ങളായ താൽപ്പര്യങ്ങളെ വേർതിരിച്ചറിയാൻ നിങ്ങൾക്ക് കഴിയുമോ? അവരുടെ തർക്കങ്ങളുടെ മുഖ്യവിഷയങ്ങൾ എന്തൊക്കെയാണ്? എല്ലാവർക്കും യോജിക്കാവുന്ന പൊതുവായ ചില കാര്യങ്ങളുണ്ടെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? എല്ലാ താൽപ്പര്യങ്ങളെയും തൃപ്തിപ്പെടുത്തിക്കൊണ്ട് ഏതെങ്കിലും മാർഗത്തിലൂടെ ഈ പ്രശ്നം പരിഹരിക്കാനാകുമോ? ഈ ചോദ്യങ്ങൾ നിങ്ങൾ ചോദിക്കുമ്പോൾ, കൂടുതൽ വലിയ ചോദ്യങ്ങളെ നിങ്ങൾ അഭിമുഖീകരിക്കേണ്ടതായി വന്നേക്കാം. ഏത് വിധത്തിലുള്ള വികസനമാണ് ഒറീസ്സക്കാവശ്യം? തീർച്ചയായും, ആരുടെ ആവശ്യമാണ് ഒറീസ്സയുടെ ആവശ്യം എന്ന് കരുതേണ്ടത്?

## രാഷ്ട്രീയ ഏറ്റുമുട്ടൽ (Political contestation)

ഒരു വിദഗ്ധന് ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ കഴിയില്ല. ഒരു സാമൂഹ്യവിഭാഗത്തിന് മറ്റൊന്നിനെതിരെയും, വർത്തമാനകാലതലമുറയ്ക്ക് ഭാവിതലമുറകൾക്കെതിരെയുള്ള താൽപ്പര്യങ്ങളുടെ തുലനം ചെയ്യൽ ഉൾപ്പെട്ടിട്ടുള്ളതാണ് ഇത്തരം തീരുമാനങ്ങൾ. ഒരു ജനാധിപത്യവ്യവസ്ഥിതിയിൽ ഇതുപോലെയുള്ള വലിയ തീരുമാനങ്ങൾ എടുക്കേണ്ടത് ജനങ്ങളാണ്, അല്ലെങ്കിൽ ചുരുങ്ങിയപക്ഷം അവരുടെ അംഗീകാരത്തോടുകൂടിയെങ്കിലുമാവണം. ഖനന വിദഗ്ധരിൽനിന്നും, പരിസ്ഥിതിവാദികളിൽനിന്നും, സാമ്പത്തികവിദഗ്ധരിൽനിന്നും ഉപദേശം തേടേണ്ടത് പ്രധാനം തന്നെയാണ്. എന്നിരുന്നാലും അന്തിമതീരുമാനം ജനങ്ങളുടെ വികാരങ്ങളറിയുന്ന ജനപ്രതിനിധികൾ എടുക്കുന്ന ഒരു രാഷ്ട്രീയ തീരുമാനമായിരിക്കണം.

സ്വാതന്ത്ര്യത്തിനുശേഷം, ഇതുപോലെയുള്ള വലിയ തീരുമാനങ്ങളുടെ ഒരു പരമ്പരതന്നെ നമ്മുടെ രാജ്യത്തിന് എടുക്കേണ്ടിവന്നു. ഇതിൽ ഒരു തീരുമാനവും സമാനമായ മറ്റൊരു തീരുമാനത്തിൽനിന്നും സ്വതന്ത്രമായി എടുക്കാനാവുമായിരുന്നില്ല. ഇത്തരം എല്ലാ തീരുമാനങ്ങളും പൊതുവായ ഒരു ദർശനത്താലോ സാമ്പത്തികമാതൃകയാലോ പരസ്പരം ബന്ധിപ്പിക്കപ്പെട്ടതാണ്. ഇന്ത്യയുടെ വികസനം എന്നതുകൊണ്ടർഥമാവേ

**'പോസ്കോ' പ്ലാന്റിനെതിരെയുള്ള ഒറീസ്സ ഗ്രാമവാസികളുടെ പ്രതിഷേധം**

സ്വന്തം ലേഖകൻ

**ഭുവനേശ്വർ:** നിർദേശിക്കപ്പെട്ട പോസ്കോ ഇന്ത്യ സ്റ്റീൽ പ്ലാന്റ് മൂലം കുടിയൊഴിപ്പിക്കൽ നേരിടുന്ന ജഗത്സിംഗ്പൂർ ജില്ലയിലെ ജനങ്ങളുടെ ഒരു പ്രതിഷേധപ്രകടനം ഇവിടത്തെ കൊറിയൻ കമ്പനിയുടെ ഓഫീസിനുപുറത്ത് ഇന്ന്, വ്യാഴാഴ്ച അരങ്ങേറി. ഒരു വർഷംമുമ്പ് ഒറീസ്സ ഗവൺമെന്റും, കമ്പനിയും തമ്മിൽ ഒപ്പുവച്ച ധാരണപത്രം റദ്ദാക്കണമെന്നായിരുന്നു അവരുടെ ആവശ്യം.

ദിൻകിയ, നുവാഗോൺ, ഗാഡഗുജംഗ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള 100-ലേറെ വരുന്ന പുരുഷന്മാരും സ്ത്രീകളും ഓഫീസ് പരിസരത്തേക്ക് കയറാൻ ശ്രമിച്ചെങ്കിലും, പോലീസ് അവരെ തടഞ്ഞു. അവരുടെ ജീവനും, ജീവനോപാധിയും നഷ്ടപ്പെടുത്തിക്കൊണ്ട് പ്ലാന്റ് നിർമിക്കുവാൻ കമ്പനിയെ അനുവദിക്കില്ലെന്ന് മുദ്രാവാക്യങ്ങളുയർത്തിക്കൊണ്ട് അവർ പറഞ്ഞു. പ്രകടനം സംഘടിപ്പിച്ചത് രാഷ്ട്രീയ യുവസംഗതനും നവനിർമാൺ സമിതിയുമാണ്.

ദി ഹിന്ദു, 23 ജൂൺ 2006

**എന്താണ് 'ഇടത്?' എന്താണ് 'വലത്?'**

മിക്ക രാജ്യങ്ങളിലും രാഷ്ട്രീയത്തിൽ ഇടതുപക്ഷ ആശയ സംഹിതയുള്ളതോ, വലതുപക്ഷ ആശയസംഹിതയുള്ളതോ അല്ലെങ്കിൽ അവരോട് ചായ്‌വുള്ളതോ ആയ പാർട്ടികളെ ക്കുറിച്ചോ, വിഭാഗങ്ങളെക്കുറിച്ചോ ഉള്ള പരാമർശങ്ങൾ പല പ്പോഴും നിങ്ങൾ കണ്ടിട്ടുണ്ടാവും. സാമ്പത്തിക പുനർവിത രണം ഫലപ്രദമാക്കുന്നതിൽ രാഷ്ട്രത്തിന്റെ പങ്കിനെക്കുറി ച്ചും, സാമൂഹ്യമാറ്റത്തെക്കുറിച്ചുമുള്ള ബന്ധപ്പെട്ട പാർട്ടിക ളുടെ നിലപാടിനെ സൂചിപ്പിക്കുന്നു ഈ പദങ്ങൾ. പാവപ്പെ ട്ടവർക്കും, അധസ്ഥിതവിഭാഗങ്ങൾക്കും അനുകൂലവും, ഈ വിഭാഗങ്ങൾക്ക് നേട്ടമുണ്ടാകുന്ന ഗവൺമെന്റ് നയങ്ങളെ പിന്തുണയ്ക്കുകയും ചെയ്യുന്നവരെയാണ് ഇടതുപക്ഷം എന്ന തുകൊണ്ട് മിക്കപ്പോഴും പരാമർശിക്കുന്നത്. സ്വതന്ത്രമത്സര വും, കമ്പോള സാമ്പത്തികവ്യവസ്ഥയും മാത്രമെ പുരോഗതി ഉറപ്പുവരുത്തുകയുള്ളുവെന്നും, അതുപോലെ ഗവൺമെന്റ് അനാവശ്യമായി സാമ്പത്തികവ്യവസ്ഥിതിയിൽ ഇടപെടരു തെന്നും വിശ്വസിക്കുന്നവരെയാണ് വലതുപക്ഷം എന്നതു കൊണ്ട് സൂചിപ്പിക്കുന്നത്.

ണ്ടത് സാമ്പത്തികവളർച്ചയും, സാമ്പത്തിക സാമൂഹ്യനീതിയുമായിരിക്കണമെന്ന കാര്യത്തിൽ ഏതാണ്ടെല്ലാവരും യോജിക്കുന്നു. അതുപോലെ ഈ വിഷയം വ്യാപാരികൾക്കോ, വ്യവസായികൾക്കോ, കർഷകർക്കോ മാത്രമായി വിട്ടുകൊടുക്കേണ്ടതല്ലെന്നും, ഇക്കാര്യത്തിൽ ഗവൺമെന്റിന് ഒരു മുഖ്യപങ്ക് വഹിക്കാനുണ്ടെന്നുമുള്ള കാര്യത്തിലും എല്ലാവരും യോജിക്കുന്നു. എന്നിരുന്നാലും, സാമ്പത്തിക വളർച്ചയോടൊപ്പം നീതിയും ഉറപ്പുവരുത്തുന്നതിനായി ഏത് തരത്തിലുള്ള പങ്കാണ് ഗവൺമെന്റ് വഹിക്കേണ്ടതെന്നതിൽ അവിടെ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. മൊത്തം രാജ്യത്തിനുവേണ്ടി ആസൂത്രണം ചെയ്യാൻ ഒരു കേന്ദ്രീകൃതസ്ഥാപനം അനിവാര്യമാണോ? ചില മുഖ്യ വ്യാപാരങ്ങളും വ്യവസായങ്ങളും ഗവൺമെന്റുതന്നെ നടത്തിക്കൊണ്ടുപോകേണ്ടതുണ്ടോ? സാമ്പത്തികവളർച്ചയുടെ ആവശ്യകതകളിൽനിന്ന് നീതിയുടെ ആവശ്യകത വ്യത്യാസപ്പെടുകയാണെങ്കിൽ അതിന് എത്രമാത്രം പ്രാധാന്യം നൽകണം.

ഈ ചോദ്യങ്ങളിലൊരോന്നിലും ഉൾപ്പെട്ടിട്ടുള്ള ഭിന്നതകൾ ഇന്നും തുടരുന്നു. ഓരോ തീരുമാനത്തിനും രാഷ്ട്രീയ പ്രത്യാഘാതങ്ങളുണ്ടായിരുന്നു. മിക്ക വിഷയങ്ങളിലും ഒരു രാഷ്ട്രീയ തീരുമാനം അടങ്ങിയിരിക്കുന്നതിനാൽ, രാഷ്ട്രീയ പാർട്ടികൾക്കിടയിലുള്ള കൂടിയാലോചനകളും പൊതുസമൂഹത്തിന്റെ അംഗീകാരവും ആവശ്യമായിരുന്നു. അതുകൊണ്ടാണ് ഇന്ത്യയിൽ, വികസനപ്രക്രിയ രാഷ്ട്രീയ ചരിത്രത്തിന്റെ ഭാഗമായി നമ്മൾ പഠിക്കുന്നത്.

### വികസന ആശയങ്ങൾ (Ideas of development)

മിക്കപ്പോഴും ഈ തർക്കം വികസനം എന്ന ആശയത്തിനുള്ളിൽതന്നെ ഉൾപ്പെട്ടിരിക്കുന്നു. ഒറീസ്സയുടെ ഉദാഹരണം കാണിച്ചുതരുന്നത്, എല്ലാവരും വികസനം ആഗ്രഹിക്കുന്നുവെന്ന് പറയുന്നത് വേണ്ടത്ര പര്യാപ്തമാവില്ല. കാരണം 'വികസനം' എന്നതിന് വ്യത്യസ്ത ജനവിഭാഗങ്ങൾക്ക് വ്യത്യസ്ത അർഥങ്ങളാണ്. വികസനം എന്നതുകൊണ്ടർഥമാക്കുന്ന കാര്യങ്ങൾ പലർക്കും പലതാണ്. ഉദാഹരണത്തിന്, ഒരു ഉരുക്കുനിർമാണശാല സ്ഥാപിക്കാനാഗ്രഹിക്കുന്ന ഒരു വ്യവസായിക്കും, ആ മേഖലയിൽ ജീവിക്കുന്ന ഒരു ആദിവാസിക്കും, നഗരവാസിയായ ഒരു ഉരുക്ക് ഉപഭോക്താവിനും അത് വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ, വികസനത്തെക്കുറിച്ചുള്ള ഏതൊരു ചർച്ചയും വൈരുദ്ധ്യങ്ങളും തർക്കങ്ങളും സംവാദങ്ങളും സൃഷ്ടിക്കുകതന്നെ ചെയ്യും.

സ്വാതന്ത്ര്യത്തിനു ശേഷമുള്ള ആദ്യപതിറ്റാണ്ട് ഈ ചോദ്യവുമായി ബന്ധപ്പെട്ട നിരവധി സംവാദങ്ങൾക്ക് സാക്ഷ്യം വഹിച്ചു. വികസനത്തെ അളക്കുന്നതിനുള്ള അടിസ്ഥാനമാതൃകയായി പടിഞ്ഞാറിനെ (west) പരാമർശിക്കുക എന്നത് ഇന്നത്തെപ്പോലെതന്നെ അന്നും സാധാരണമായിരുന്നു. വികസനം എന്നാൽ കൂടുതൽ 'ആധുനിക'മാവുക എന്നും, ആധുനികമാവുക എന്നാൽ പാശ്ചാത്യവ്യാവസായിക രാജ്യങ്ങളെപ്പോലെയാവുക എന്നതുമായിരുന്നു. ഇങ്ങനെയായിരുന്നു സാധാരണക്കാരെപ്പോലെതന്നെ വിദഗ്ദ്ധരും ചിന്തിച്ചിരുന്നത്. പരമ്പരാഗതമായ സാമൂഹ്യഘടനകളുടെ തകർച്ചക്കും, മുതലാളിത്തത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഉയർച്ചയ്ക്കും കാരണമായേക്കാവുന്ന, പാശ്ചാത്യ രാജ്യങ്ങളിലേതുപോലെയുള്ള ആധുനികവൽക്കരണപ്രക്രിയകളിലൂടെ ഓരോ രാജ്യവും കടന്നുപോകേണ്ടതുണ്ടെന്ന് വിശ്വസിക്കപ്പെട്ടിരുന്നു. വളർച്ചയുടെയും, ഭൗതികമായ പുരോഗതിയുടെയും, ശാസ്ത്രീയ യുക്തിയുടെയും ആശയങ്ങളുമായിട്ടും ആധുനികവൽക്കരണം ബന്ധപ്പെട്ടുകിടക്കുന്നു.

സ്വാതന്ത്ര്യലബ്ധിയുടെ സമയത്ത് വികസനത്തെ സംബന്ധിച്ച് രണ്ട് ആധുനിക മാതൃകകളാണ് ഇന്ത്യക്ക് മുന്നിലുണ്ടായിരുന്നത്; യൂറോപ്പിന്റെ മിക്കഭാഗങ്ങളിലും യു.എസിലുമുണ്ടായിരുന്ന ഉദാര മുതലാളിത്ത മാതൃകയും, യു.എസ്.എസ്.എസ്.ആറിലെ സോഷ്യലിസ്റ്റ് മാതൃകയും. ഈ രണ്ട് ആശയസംഹിതകളെക്കുറിച്ചും നിങ്ങൾ നേരത്തെതന്നെ പഠിച്ചിട്ടുണ്ട്. അതുപോലെ, രണ്ട് വൻശക്തികൾക്കിടയിലെ 'ശീതയുദ്ധ'ത്തെക്കുറിച്ച് വായിച്ചിട്ടുമുണ്ട്. സോവിയറ്റ് വികസനമാതൃകയിൽ ആഴത്തിൽ ആകൃഷ്ടരായ നിരവധിപേർ അന്ന് ഇന്ത്യയിലുണ്ടായിരുന്നു. ഇവരിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കൾ മാത്രമല്ല ഉണ്ടായിരുന്നത്. സോഷ്യലിസ്റ്റ് പാർട്ടിയിൽനിന്നുള്ള നേതാക്കളും നെഹ്റുവിനെപ്പോലെ കോൺഗ്രസിൽനിന്നുള്ള നേതാക്കളും ഉൾപ്പെട്ടിരുന്നു. അമേരിക്കൻ രീതിയിലുള്ള മുതലാളിത്ത വികസനമാതൃകയ്ക്ക് വളരെ കുറഞ്ഞ അനുഭാവികൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ.



നിങ്ങൾ പറയുന്നത്, ആധുനികമാകാൻ നമ്മൾ പാശ്ചാത്യരാവേണ്ടതില്ല എന്നാണോ? അത് സാധ്യമാണോ?

ദേശീയപ്രക്ഷോഭത്തിന്റെ കാലത്ത് രൂപപ്പെട്ടുവന്ന വിശാലമായ ഒരു സമവായത്തിൽ ഇത് പ്രതിഫലിക്കുന്നുണ്ട്. സങ്കുചിത രീതിയിൽ നിർവചിക്കപ്പെട്ടിരുന്ന, വാണിജ്യചുമതലകൾ മാത്രമുണ്ടായിരുന്ന കൊളോണിയൽ ഗവൺമെന്റിന്റേതിൽനിന്നും സ്വതന്ത്ര ഇന്ത്യൻ ഗവൺമെന്റിന്റെ സാമ്പത്തിക പരിഗണനകൾ തികച്ചും വ്യത്യസ്തമായിരിക്കേണ്ടതുണ്ട് എന്ന കാര്യത്തിൽ ദേശീയ നേതാക്കൾക്ക് തികഞ്ഞ വ്യക്തതയുണ്ടായിരുന്നു. അതിലുപരിയായി, ദാരിദ്ര്യ നിർമാർജനം എന്ന ദൗത്യവും, സാമൂഹികവും സാമ്പത്തികവുമായ പുനർവിതരണവും പ്രാഥമികമായി ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ് എന്നതിലും ബോധ്യമുണ്ടായിരുന്നു. അവർക്കിടയിൽ സംവാദങ്ങളുണ്ടായിരുന്നു: വ്യവസായവൽക്കരണമാണ് പരിഗണിക്കേണ്ട പാത എന്ന് ചിലർക്ക് തോന്നിയിരുന്നു. മറ്റുള്ളവർക്ക്, കർഷികവികസനം, വിശേഷിച്ച് ഗ്രാമീണ ദാരിദ്ര്യനിർമാർജനമായിരുന്നു മുഖ്യ പരിഗണന.

## ആസൂത്രണം (Planning)

അഭിപ്രായവ്യത്യാസങ്ങൾ നിരവധി ഉണ്ടായിരുന്നെങ്കിലും ഒരു കാര്യത്തിൽ അഭിപ്രായസമന്വയം ഉണ്ടായിരുന്നു: അത് വികസനം സ്വകാര്യവ്യക്തികൾക്ക് വിട്ടുകൊടുക്കേണ്ട ഒന്നല്ല, വികസനത്തിനായി ഒരു പദ്ധതിയും രൂപരേഖയും ഗവൺമെന്റുതന്നെ വികസിപ്പിക്കേണ്ടതുണ്ട് എന്നതായിരുന്നു. 1940-കളിലും 1950-കളിലും സാമ്പത്തികവ്യവസ്ഥയുടെ പുനർനിർമാണപ്രക്രിയ എന്ന നിലയിൽ ആസൂത്രണം എന്ന ആശയത്തിന്, ലോകത്തിലെല്ലായിടത്തും, വലിയതോ



Credit: Hindustan Times

നെഹ്റു ആസൂത്രണ കമ്മീഷൻ ജീവനക്കാരെ അഭിസംബോധന ചെയ്യുന്നു



Credit:Ninan



ഞാൻ അത്ഭുതപ്പെടുകയാണ്, പ്രായോഗികതലത്തിൽ ആസൂത്രണകമ്മീഷൻ ഈ ലക്ഷ്യങ്ങൾ പിൻതുടർന്നിരുന്നുവോ?

**ഓടിച്ചൊരു വായന ▶▶**
**നീതി ആയോഗ്**

ഇന്ത്യ ഗവൺമെന്റ് ആസൂത്രണ കമ്മീഷനുപകരമായി ഒരു പുതിയ സ്ഥാപനമായ നീതി ആയോഗ് (National Institution for Transforming India) സ്ഥാപിച്ചു. ഇത് 2015 ജനുവരി 1-ന് നിലവിൽവന്നു. അതിന്റെ ഘടനയും ലക്ഷ്യങ്ങളും ചുവടെ കൊടുക്കുന്ന വെബ്സൈറ്റിൽനിന്നും കണ്ടെത്തുക.

http://niti.gov.in

### ആസൂത്രണ കമ്മീഷൻ

കഴിഞ്ഞ വർഷത്തെ 'ഇന്ത്യൻ ഭരണഘടന: പ്രയോഗത്തിൽ' എന്ന പാഠപുസ്തകത്തിൽ ആസൂത്രണ കമ്മീഷനെക്കുറിച്ചുള്ള ഏതെങ്കിലും പരാമർശങ്ങൾ നിങ്ങൾക്ക് ഓർത്തെടുക്കാൻ കഴിയുന്നുണ്ടോ? യഥാർത്ഥത്തിൽ അങ്ങനെ ഒന്നും ഉണ്ടായിരുന്നില്ല, കാരണം ഭരണഘടന രൂപീകരിച്ച നിരവധി കമ്മീഷനുകളിലും സമിതികളിലും പെടുന്ന ഒന്നായിരുന്നില്ല ആസൂത്രണ കമ്മീഷൻ. ഇന്ത്യാ ഗവൺമെന്റിന്റെ ലളിതമായ ഒരു പ്രമേയത്തിലൂടെ 1950 മാർച്ചിലാണ് ആസൂത്രണ കമ്മീഷൻ രൂപീകരിക്കപ്പെട്ടത്. ഇതിന് ഒരു ഉപദേശക സ്വഭാവമാണുള്ളത്. ഇതിന്റെ ശുപാർശകൾ ഫലപ്രദമാകുന്നത്, കേന്ദ്ര കാബിനറ്റ് അവ അംഗീകരിക്കുമ്പോൾ മാത്രമാണ്. കമ്മീഷന്റെ രൂപീകരണത്തിന് കാരണമായ ഈ പ്രമേയം താഴെ പറയുന്ന രീതിയിൽ അതിന്റെ പ്രവർത്തനവ്യാപ്തി നിർവചിച്ചിട്ടുണ്ട്:

ഇന്ത്യൻ ഭരണഘടന ഏതാനും മൗലിക അവകാശങ്ങൾ പൗരന്മാർക്ക് ഉറപ്പു നൽകുകയും, ഏതാനും രാഷ്ട്രനയത്തിലെ നിർദേശക തത്ത്വങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു. സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക നീതിയുള്ള ഒരു സാമൂഹികക്രമം ഉറപ്പുവരുത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നതിലൂടെ രാഷ്ട്രം ജനങ്ങളുടെ ക്ഷേമം പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കേണ്ടതും, മറ്റു കാര്യങ്ങൾക്കൊപ്പം, ഇത് ഉറപ്പാക്കുന്നതിനായി അതിന്റെ നയങ്ങളെ മുമ്പോട്ടുകൊണ്ടുപോകേണ്ടതുമുണ്ട്. അതായത്

(a) പൗരന്മാർക്ക്, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായി, മതിയായ ഉപജീവനമാർഗത്തിനുള്ള അവകാശമുണ്ട്;

(b) സമൂഹത്തിലെ ഭൗതികവിഭവങ്ങളുടെ ഉടമസ്ഥതയും നിയന്ത്രണവും പൊതുനന്മയ്ക്ക് ഉതകുംവിധം പുനർവിതരണം നടത്തേണ്ടതുണ്ട്.

(c) സാമ്പത്തികവ്യവസ്ഥയുടെ പ്രവർത്തനം, പൊതുസമൂഹത്തിന് ഹാനികരമായ രീതിയിൽ, സമ്പത്തിന്റെയും ഉൽപ്പാദനമാർഗങ്ങളുടെയും കേന്ദ്രീകരണത്തിലേക്ക് നയിക്കുന്നില്ല എന്നുറുപ്പുവരുത്തുന്നു.

തിലുള്ള ജനകീയപിന്തുണ നേടിയെടുക്കാൻ കഴിഞ്ഞിരുന്നു. യൂറോപ്പിലെ മഹാമാന്ദ്യത്തിന്റെ (Great Depression) അനുഭവങ്ങളും, ലോകയുദ്ധങ്ങൾക്കിടയിലുള്ള കാലഘട്ടത്തിലെ ജപ്പാന്റെയും ജർമനിയുടെയും പുനർനിർമാണവും, അതിനെല്ലാമുപരിയായി കടുത്ത പ്രതികൂലസാഹര്യങ്ങളെ മറികടന്നുകൊണ്ട് 1930-കളിലും 1940-കളിലും സോവിയറ്റ് യൂണിയനിലുണ്ടായ വമ്പിച്ച സാമ്പത്തികവളർച്ചയുമെല്ലാം ഈ സമവായത്തിന് സംഭാവന നൽകി.

അങ്ങനെ, ആസൂത്രണ കമ്മീഷൻ പെട്ടന്നുള്ള ഒരു കണ്ടെത്തലായിരുന്നില്ല. യഥാർഥത്തിൽ, ഇതിന് രസകരമായ ഒരു നീണ്ട ചരിത്രമുണ്ട്. പൊതുവെ നമ്മൾ കരുതുന്നത്, വ്യവസായികളെപ്പോലെയും വലിയ കച്ചവടസംരംഭകരെപ്പോലെയുമുള്ള സ്വകാര്യനിക്ഷേപകർ ആസൂത്രണം എന്ന ആശയത്തോട് താൽപ്പര്യമില്ലാത്തവരാണ് എന്നും; മൂലധനത്തിന്റെ ഒഴുക്കിനെ രാഷ്ട്രം നിയന്ത്രിക്കാത്ത ഒരു തുറന്ന സമ്പദ്‌വ്യവസ്ഥയാണ് അവർ ആഗ്രഹിക്കുന്നതെന്നുമാണ്. എന്നാൽ അതല്ല ഇവിടെ സംഭവിച്ചത്.

മറിച്ച്, വൻവ്യവസായികളിൽ ഒരു വിഭാഗം 1944-ൽ ഒന്നിച്ച് കൂടുകയും, രാജ്യത്ത് ഒരു ആസൂത്രിത സമ്പദ്‌വ്യവസ്ഥ പടുത്തുയർത്തുന്നതിനായി ഒരു സംയുക്ത നിർദേശം തയാറാക്കുകയും ചെയ്തു. ഇതാണ് ബോംബെ പദ്ധതി എന്നറിയപ്പെടുന്നത്. വ്യാവസായിക മേഖലയിലടക്കം, സാമ്പത്തിക നിക്ഷേപങ്ങളിൽ രാഷ്ട്രത്തിന് മുൻകൈ ഉണ്ടാകണമെന്നാണ് ബോംബെ പദ്ധതി ആവശ്യപ്പെട്ടത്. സ്വാതന്ത്ര്യത്തിനുശേഷം അങ്ങനെ, ഇടതുപക്ഷത്തിനും വലതുപക്ഷത്തിനും വികസന ആസൂത്രണം ഏറ്റവും സ്വീകാര്യമായ മാർഗമായിത്തീർന്നു. ഇന്ത്യ സ്വതന്ത്രമായ ഉടനെതന്നെ ആസൂത്രണ കമ്മീഷൻ നിലവിൽ വന്നു. പ്രധാനമന്ത്രിയായിരുന്നു അതിന്റെ അധ്യക്ഷൻ. ഇന്ത്യയുടെ വികസനത്തിനായി ഏതൊക്കെ മാർഗങ്ങളും തന്ത്രങ്ങളുമാണ് സ്വീകരിക്കേണ്ടതെന്നു തീരുമാനിക്കുന്ന ഏറ്റവും സ്വാധീനമുള്ള കേന്ദ്രസംവിധാനമായി ഇത് മാറി.

## ആദ്യകാല പരിശ്രമങ്ങൾ (The Early Initiatives)

യു.എസ്.എസ്.ആറിലെപ്പോലെ ഇന്ത്യൻ ആസൂത്രണ കമ്മീഷനും പഞ്ചവത്സരപദ്ധതിയാണ് തിരഞ്ഞെടുത്തത്. ഈ ആശയം വളരെ ലളിതമാണ്; അടുത്ത അഞ്ച് വർഷക്കാലത്തെ മൊത്തം വരുമാനത്തിനും ചെലവിനുമുള്ള പദ്ധതികൾ ഉൾക്കൊള്ളുന്ന ഒരു പ്രമാണം ഇന്ത്യ ഗവൺമെന്റ് തയാറാക്കുന്നു. അപ്രകാരം, കേന്ദ്ര



The Hindustan Times

FIVE-YEAR PLAN PRESENTED TO PARLIAMENT

Rs 2,069 CRORES OUTLAY FOR VARIOUS PROJECTS

Blue-print For Increasing National Wealth

ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റുകളുടെയും ബഡ്ജറ്റിനെ രണ്ടുഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു: വാർഷികാടിസ്ഥാനത്തിൽ ദൈനംദിനാവശ്യങ്ങൾക്ക് വേണ്ടി ചെലവഴിക്കുന്ന 'പദ്ധതിയിതര' ബഡ്ജറ്റും (Non plan budget). പദ്ധതിരേഖ നിശ്ചയിച്ച് മുൻഗണനപ്രകാരം അഞ്ചുവർഷക്കാലം കൊണ്ട് ചെലവഴിക്കേണ്ട




Credit: Sudhir Dar/UNDP and Planning Commission

'പദ്ധതിബഡ്ജറ്റും' (Plan budget) വിശാലമായ ഒരു പശ്ചാത്തലത്തിൽ ശ്രദ്ധയൂന്നിക്കൊണ്ട്, സാമ്പത്തികവ്യവസ്ഥയിൽ ദീർഘകാല ഇടപെടലുകൾ നടത്താൻ ഗവൺമെന്റിനെ അനുവദിക്കുന്നു എന്നുള്ള ഗുണം പഞ്ചവത്സരപദ്ധതിക്കുണ്ട്.

ഒന്നാം പഞ്ചവത്സരപദ്ധതിയുടെ കരട് രേഖയും, പിന്നീടതിന്റെ യഥാർഥ പദ്ധതിരേഖയും 1951 ഡിസംബറിൽ പ്രസിദ്ധപ്പെടുത്തി. അത് രാജ്യത്ത് വലിയ തോതിലുള്ള ആവേശം സൃഷ്ടിച്ചു. ജീവിതത്തിന്റെ നാനാതുറകളിൽ നിന്നുമുള്ള വ്യക്തികൾ - വിദ്യാഭ്യാസവിചക്ഷണർ, പത്രപ്രവർത്തകർ, ഗവൺമെന്റ്, സ്വകാര്യമേഖല ജീവനക്കാർ, വ്യവസായികൾ, കർഷകർ, രാഷ്ട്രീയക്കാർ മുതലായവർ ഈ പ്രമാണങ്ങളിൽ വ്യാപകമായ ചർച്ചകളും സംവാദങ്ങളും നടത്തി. ആസൂത്രണവുമായി ബന്ധപ്പെട്ട ഈ ആവേശം, 1956-ലെ രണ്ടാം പഞ്ചവത്സരപദ്ധതിയുടെ സമാരംഭത്തോടെ ഉച്ചസ്ഥായിയിലെത്തുകയും, 1961-ലെ മൂന്നാം പദ്ധതിവരെ ഏറെക്കുറെ നിലനിൽക്കുകയും ചെയ്തു. നാലാം പദ്ധതി 1966-ൽ ആരംഭിക്കേണ്ടതായിരുന്നു. അപ്പോഴേക്കും, ആസൂത്രണത്തിന്റെ പുതുമ ഗണ്യമായി നഷ്ടപ്പെടുകയും, അതിലുപരിയായി, ഇന്ത്യ കടുത്ത സാമ്പത്തികപ്രതിസന്ധികളെ അഭിമുഖീകരിക്കുകയും ചെയ്തു. 'ഒരു പദ്ധതി അവധിക്കാലം' (Plan holiday) എടുക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചു. ഈ പദ്ധതികളിലെ മുൻഗണനകൾ സംബന്ധിച്ചും പ്രക്രിയ സംബന്ധിച്ചും നിരവധി വിമർശനങ്ങൾ ഉയർന്നുവന്നെങ്കിലും അപ്പോഴേക്കും ഇന്ത്യയുടെ സാമ്പത്തികവികസനത്തിന്റെ അടിത്തറ സ്ഥാപിക്കപ്പെട്ടിരുന്നു.




ഒന്നാം പഞ്ചവത്സര പദ്ധതിരേഖ

## ഒന്നാം പഞ്ചവത്സരപദ്ധതി (The First Five Year Plan)

ദാരിദ്ര്യമെന്ന വിഷമവൃത്തത്തിൽനിന്നും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ പുറത്തുകൊണ്ടുവരാനാണ് ഒന്നാം പഞ്ചവത്സരപദ്ധതി (1951-56) ലക്ഷ്യമിട്ടത്. ഒന്നാം പഞ്ചവത്സരപദ്ധതി തയാറാക്കുന്നതിൽ പ്രധാന പങ്കുവഹിച്ച യുവസാമ്പത്തിക വിദഗ്ദ്ധനായ കെ.എൻ. രാജ് വാദിച്ചത് ഇന്ത്യ ആദ്യ രണ്ട് ദശകങ്ങളിൽ 'സാവധാനം മുന്നേറണമെന്നും' ദ്രുതഗതിയിലുള്ള വികസനം ജനാധിപത്യത്തെ അപകടത്തിലാക്കുമെന്നുമാണ്. ഒന്നാം പഞ്ചവത്സരപദ്ധതി അണക്കെട്ടുകളിലും, ജലസേചന പദ്ധ




പത്താം പഞ്ചവത്സരപദ്ധതി രേഖ

തികളിലുമുള്ള നിക്ഷേപം ഉൾപ്പെടുന്ന കാർഷികമേഖലക്കാണ് പ്രധാനമായും പരിഗണന നൽകിയത്. വിഭജനം ഏറ്റവും കഠിനമായി ബാധിച്ചത് കാർഷികമേഖലയെയായിരുന്നു, അതിനാൽതന്നെ അടിയന്തിരശ്രദ്ധ കൊടുക്കേണ്ടതുണ്ടായിരുന്നു. ഭക്രാനംഗൽ അണക്കെട്ടുപോലുള്ള വൻകിട പദ്ധതികൾക്ക് വലിയ വിഹിതം നീക്കിവച്ചു. രാജ്യത്തെ കാർഷിക വളർച്ചയുടെ പ്രധാനതടസ്സം വിതരണരീതിയുടെ ഘടനയാണെന്ന് ഒന്നാം പദ്ധതി കണ്ടെത്തുകയുണ്ടായി. രാജ്യവികസനത്തിന്റെ താക്കോൽ എന്ന നിലയിൽ ഭൂപരിഷ്കരണത്തിൽ ഇത് ശ്രദ്ധയൂന്നി.

ആസൂത്രകരുടെ അടിസ്ഥാനപരമായ ലക്ഷ്യങ്ങളിലൊന്ന് ദേശീയ വരുമാനത്തിന്റെ തോത് ഉയർത്തുക എന്നതായിരുന്നു, ചെലവഴിക്കുന്നതിനേക്കാൾ കൂടുതൽ പണം ജനങ്ങൾ സമ്പാദിക്കുകയാണെങ്കിൽ മാത്രമെ അത് സാധ്യമാവുമായിരുന്നുള്ളു. ചെലവഴിക്കുന്നതിന്റെ അടിസ്ഥാനതോത് 1950-കളിൽ വളരെ താഴ്ന്നതായിരുന്നതിനാൽ അതിനിയും കുറയ്ക്കാൻ കഴിയുമായിരുന്നില്ല. ആതിനാൽ ആസൂത്രകർ ലക്ഷ്യമിട്ടത് സമ്പാദ്യത്തെ ഉയർത്താനാണ്. തൊഴിലെടുക്കാൻ പ്രാപ്തരായവരുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ രാജ്യത്തെ മൊത്തം മൂലധനശേഖരം (Capital stock) വളരെ കുറവായിരുന്നതിനാൽ അതും ദുഷ്കരമായിരുന്നു. എന്നിരുന്നാലും, ജനങ്ങളുടെ സമ്പാദ്യത്തിൽ, പദ്ധതിപ്രക്രിയകളുടെ ആദ്യഘട്ടം മുതൽ മൂന്നാം പദ്ധതിയുടെ അവസാനംവരെ വർധനവുണ്ടായിരുന്നു. ഒന്നാംപദ്ധതിയുടെ തുടക്കത്തിൽ പ്രതീക്ഷിച്ചതുപോലെ അത്ര മികച്ചതായിരുന്നില്ല ഈ വർധനവ്. പിന്നീട് 1960-കളുടെ തുടക്കം മുതൽ 1970-കളുടെ ആദ്യപാദംവരെ രാജ്യത്തെ സമ്പാദ്യത്തിന്റെ അനുപാതത്തിൽ ക്രമാനുഗതമായ കുറവുണ്ടായി.

### ദ്രുതഗതിയിലുള്ള വ്യവസായവൽക്കരണം (Rapid Industrialisation)

രണ്ടാം പഞ്ചവത്സരപദ്ധതി ഘനവ്യവസായങ്ങൾക്കാണ് ഊന്നൽ നൽകിയത്. ഇത് തയാറാക്കിയത്, പി.സി. മഹാലാനോബിസിന്റെ നേതൃത്വത്തിൽ സാമ്പത്തിക ശാസ്ത്രജ്ഞരും ആസൂത്രകരുമടങ്ങുന്ന ഒരു സംഘമാണ്. ഒന്നാമത്തെ പദ്ധതി 'സാവകാശമാണ്' ഉദ്ബോധിപ്പിച്ചതെങ്കിൽ, സാധ്യമായ എല്ലാ മേഖലകളിലും ഒരേസമയം മാറ്റങ്ങൾ കൊണ്ടുവരുന്നതിലൂടെ ദ്രുതഗതിയിലുള്ള ഘടനാപരമായ പരിവർത്തനം സാധ്യമാക്കുക എന്നതായിരുന്നു രണ്ടാം പദ്ധതി ആഗ്രഹിച്ചത്. ഈ പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന് മുമ്പ്, അന്നത്തെ മദ്രാസ് നഗരത്തിനടുത്തുള്ള ആവഡിയിൽവച്ച് നടന്ന കോൺഗ്രസ് സമ്മേളനം ഒരു പ്രധാനപ്പെട്ട പ്രമേയം പാസാക്കിയിരുന്നു. സോഷ്യലിസ്റ്റ് ഘടനയിലുള്ള ഒരു സമൂഹമാണ് ലക്ഷ്യം എന്ന് ഇത് പ്രഖ്യാപിച്ചു. ഇത് രണ്ടാം പഞ്ചവത്സരപദ്ധതിയിൽ പ്രതിഫലിച്ചിട്ടുണ്ട്. ആഭ്യന്തരവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇറക്കുമതിക്കുമേൽ ആവശ്യമായ നികുതി ഗവൺമെന്റ് ചുമത്തി. അത്തരത്തിലുള്ള സംരക്ഷിത അന്തരീക്ഷം പൊതുമേഖലയിലെയും സ്വകാര്യമേഖലയിലെയും വ്യവസായങ്ങളുടെ വളർച്ചയെ സഹായിച്ചു. സമ്പാദ്യത്തിന്റെയും നിക്ഷേപത്തിന്റെയും വളർച്ചയോടെ, ഈ കാലഘട്ടത്തിൽ, വൈദ്യുതി, റെയിൽവെ, സ്റ്റീൽ, മെഷിനറികൾ, വാർത്താവിനിമയം മുതലായ നിരവധി വ്യവസായങ്ങൾക്ക് പൊതുമേഖലയിൽ വികസിക്കാൻ കഴിഞ്ഞു. തീർച്ചയായും, വ്യവസായവൽക്കരണത്തിനു ലഭിച്ച ഈയൊരു ഉത്തേജനം, ഇന്ത്യയുടെ വികസനത്തിന്റെ ഒരു വഴിത്തിരിവായി രേഖപ്പെടുത്തപ്പെടുന്നു.



**പി.സി. മഹാലനോബിസ് (1893–1972):** ശാസ്ത്രജ്ഞൻ, ലോകപ്രസിദ്ധനായ സ്ഥിതിവിവരശാസ്ത്ര നിപുണൻ; ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകൻ (1931); രണ്ടാം പദ്ധതിയുടെ ശിൽപി; പൊതുമേഖലയുടെ സജീവ പങ്കാളിത്തം, ദ്രുതഗതിയുള്ള വ്യവസായവൽക്കരണം എന്നിവയുടെ വക്താവ്.

ഇങ്ങനെയൊക്കെയാണെങ്കിലും, അതിന് അതിന്റേതായ പ്രശ്നങ്ങളും ഉണ്ടായിരുന്നു. ഇന്ത്യ സാങ്കേതികവിദ്യയിൽ പിന്നിലായിരുന്നു. അതുകൊണ്ട്, അന്താരാഷ്ട്ര വിപണിയിൽനിന്ന് സാങ്കേതികവിദ്യ വാങ്ങുന്നതിന് ഇന്ത്യക്ക് അതിന്റെ വിലയേറിയ വിദേശനാണ്യം ചെലവഴിക്കേണ്ടിവന്നു. മാത്രവുമല്ല കാർഷികമേഖലയേക്കാൾ കൂടുതൽ നിക്ഷേപം വ്യവസായികമേഖല ആകർഷിച്ചതിനാൽ

**Allocations in the First and Second Five Year Plans** (In %)




ഒരു ഭക്ഷ്യകമ്മിയുടെ സാധ്യത കണ്ടുതുടങ്ങി. കൃഷിയും വ്യവസായവും സന്തുലിതമായി കൊണ്ടുപോവുക ദുഷ്കരമാണെന്ന് ഇന്ത്യൻ ആസൂത്രകർക്ക് ബോധ്യമായി. മൂന്നാം പദ്ധതിക്ക്, രണ്ടാംപദ്ധതിയിൽനിന്നും കാര്യമായ വ്യത്യാസമുണ്ടായിരുന്നില്ല. ഏതാണ്ട് ഈ സമയം മുതൽ, ആസൂത്രണതന്ത്രങ്ങൾ വ്യക്തമായ 'ഒരു നഗരചായ്‌വ്' പ്രകടിപ്പിച്ചു തുടങ്ങിയതായി വിമർശകർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഒരു വിഭാഗം ചിന്തിച്ചത്, കൃഷിയേക്കാൾ വ്യവസായത്തിന് അനർഹമായ മുൻഗണന നൽകിയെന്നാണ്. വൻവ്യവസായങ്ങൾക്കല്ല, മറിച്ച് കാർഷിക അനുബന്ധ വ്യവസായങ്ങൾക്കാണ് കൂടുതൽ ശ്രദ്ധ നൽകേണ്ടതെന്ന് ആഗ്രഹിച്ചിരുന്നവരും ഉണ്ടായിരുന്നു.

## പ്രധാന വിവാദങ്ങൾ (Key Controversies)

ആദ്യവർഷങ്ങളിൽ പിന്തുടർന്ന വികസനതന്ത്രം നിരവധി പ്രസക്തമായ ചോദ്യങ്ങൾ ഉയർത്തിയിട്ടുണ്ട്. അതിൽ ഇന്നും പ്രസക്തമായി തുടരുന്ന രണ്ടു തർക്കങ്ങൾ നമുക്ക് പരിശോധിക്കാം.

### കാർഷികമേഖല v/s വ്യവസായമേഖല (Agriculture vs Industry)

ഇതിനോടകംതന്നെ നമ്മൾ ഒരു വലിയ ചോദ്യത്തെ നേരിട്ടുകഴിഞ്ഞു: ഇന്ത്യയുടേതുപോലുള്ള ഒരു പിന്നാക്ക സാമ്പത്തികവ്യവസ്ഥയിൽ, കൃഷിക്കാണോ വ്യവസായത്തിനാണോ കൂടുതൽ പൊതുവിഭവങ്ങൾ ലഭ്യമാക്കേണ്ടത്? കർഷികമേഖലക്ക് ഊന്നൽ നൽകുന്ന വികസനതന്ത്രത്തിന്റെ അഭാവം രണ്ടാം

**വികേന്ദ്രീകൃത ആസൂത്രണം**

എല്ലാ ആസൂത്രണവും എല്ലായ്പ്പോഴും കേന്ദ്രീകൃതമാവണമെന്നില്ല. അതുപോലെ വലിയ വ്യവസായങ്ങളും വമ്പൻപദ്ധതികളുമായി മാത്രം ബന്ധപ്പെടുന്നതാണ് ആസൂത്രണം എന്നുമില്ല. കേരള സംസ്ഥാനം രൂപപ്പെടുത്തിയ ആസൂത്രണത്തിന്റെയും വികസനത്തിന്റെയും പാതക്ക് നൽകപ്പെട്ട പേരാണ് 'കേരള വികസന മാതൃക'. ഈ മാതൃകയിൽ വിദ്യാഭ്യാസം, ആരോഗ്യം, ഭൂപരിഷ്കരണം, ഫലപ്രദമായ ഭക്ഷ്യവിതരണം, ദാരിദ്ര്യനിർമാർജനം എന്നിവയ്ക്ക് ഊന്നൽ നൽകിയിരിക്കുന്നു. താഴ്ന്ന പ്രതിശീർഷ വരുമാനവും താരതമ്യേന ദുർബലമായ വ്യാവസായിക അടിത്തറയുമായിരുന്നിട്ടുകൂടി, ഏതാണ്ട് പൂർണമായ സാക്ഷരത, ഉയർന്ന ആയുർദൈർഘ്യം, താഴ്ന്ന വനിതാ-ശിശു മരണനിരക്ക്, താഴ്ന്ന ജനനനിരക്ക്, ആരോഗ്യസംരക്ഷണമാർഗങ്ങളുടെ ഉയർന്ന ലഭ്യത എന്നിവ കേരളം നേടിയെടുത്തിരിക്കുന്നു. പൗരന്മാരുടെ സന്നദ്ധസംഘടനകളിലൂടെ ജനങ്ങളെ നേരിട്ട് വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്ന രീതിയിൽ രൂപകൽപ്പന ചെയ്ത വികസന പ്രചാരണ പ്രവർത്തനങ്ങൾ (പൂർണ സാക്ഷരതയുൾപ്പെടെ, വിശേഷിച്ച് ശാസ്ത്ര-പരിസ്ഥിതി വിഷയങ്ങളിൽ) ഉൾപ്പെടുന്ന ഈ പുതിയ ജനാധിപത്യപരമായ തുടക്കം ആരംഭിക്കുന്നത് 1987-നും 1991-നുമിടയിലാണ്. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലങ്ങളിൽ പദ്ധതികൾ തയാറാക്കുന്നതിൽ ജനങ്ങളെ പങ്കാളികളാക്കുന്നതിനും സംസ്ഥാനം മുൻകൈയെടുത്തിട്ടുണ്ട്.



**ജെ.സി. കുമാരപ്പ (1892–1960):** ശരിയായ പേര് ജെ.സി. കോർണേലിയസ്; സാമ്പത്തിക ശാസ്ത്രജ്ഞൻ; ചാർട്ടേഡ് അക്കൗണ്ടന്റ്; അമേരിക്കയിലും ഇംഗ്ലണ്ടിലും പഠിച്ചു; മഹാത്മ ഗാന്ധിയുടെ അനുയായി; സാമ്പത്തിക നയങ്ങളിൽ ഗാന്ധിയൻ തത്ത്വങ്ങൾ പ്രയോഗിക്കാൻ ശ്രമിച്ചു. 'ഇക്കോണോമി ഓഫ് പെർമനൻസ്' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്; ആസൂത്രണ കമ്മീഷൻ അംഗം എന്ന നിലക്ക് ആസൂത്രണ പ്രക്രിയയിൽ പങ്കെടുത്തു.

പദ്ധതിക്കുണ്ടായിരുന്നുവെന്ന് പലരും ചിന്തിച്ചിരുന്നു. മാത്രവുമല്ല വ്യവസായത്തിന് നൽകിയ പ്രാധാന്യം കാർഷികമേഖലയുടെയും ഗ്രാമീണ ഇന്ത്യയുടെയും സഹനത്തിന് കാരണമായെന്നും അവർ കരുതുന്നു. ഗാന്ധിയൻ സാമ്പത്തികശാസ്ത്രജ്ഞനായ ജെ.സി. കുമരപ്പയെപ്പോലുള്ളവർ ഗ്രാമീണ വ്യവസായവൽക്കരണത്തിന് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു ബദൽ രൂപരേഖ നിർദേശിക്കുകയും ചെയ്തു. പിന്നീട് കോൺഗ്രസ് വിട്ടുപോവുകയും, ഭാരതീയ ലോക്ദൾ എന്ന പാർട്ടി രൂപീകരിക്കുകയും ചെയ്ത ചൗധരി ചരൺസിംഗ് ഇന്ത്യയുടെ ആസൂത്രണത്തിന്റെ കേന്ദ്രബിന്ദു കൃഷിയായിരിക്കണമെന്ന് ശക്തമായി വാദിച്ചു. കർഷകരുടെയും ഗ്രാമീണജനതയുടെയും ചെലവിൽ ആസൂത്രണം, നഗരങ്ങളെയും വ്യവസായമേഖലയും അഭിവൃദ്ധിയിലേക്ക് നയിക്കുന്നുവെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്.

മറ്റൊരുവിഭാഗം ചിന്തിച്ചത്, വ്യാവസായിക ഉൽപാദനത്തിൽ ഗണ്യമായ ഒരു വർധനയില്ലാതെ ദാരിദ്ര്യത്തിന്റെ വിഷമവൃത്തത്തിൽനിന്നും രക്ഷപ്പെടാനാവില്ലെന്നാണ്. ഇന്ത്യൻ ആസൂത്രണത്തിന് ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു കാർഷികതന്ത്രമുണ്ട് എന്നാണ് അവർ വാദിച്ചത്. ഭൂപരിഷ്കരണത്തിനുവേണ്ടിയും ഗ്രാമങ്ങളിലെ ദരിദ്രർക്കിടയിൽ വിഭവങ്ങൾ വിതരണം ചെയ്യുന്നതിനുവേണ്ടിയും രാഷ്ട്രം നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ കാർഷി

## നമുക്കൊരു സിനിമ കാണാം

### പഥേർ പാഞ്ചാലി



ഈ സിനിമ ബംഗാളിലെ ഒരു ഗ്രാമത്തിലെ ഒരു ദരിദ്രകുടുംബത്തിന്റെയും, നിലനിൽപ്പിനായുള്ള അവരുടെ പോരാട്ടത്തിന്റെയും കഥ പറയുന്നു. ഹരിഹറിന്റെയും സാർബജയയുടെയും മകളായ ദുർഗ, അവളുടെ ഇളയ സഹോദരനായ അപ്പുവിനോടൊപ്പം അവരുടെ ദാദ്ര്യവും കഷ്ടപ്പാടുകളുമെല്ലാം മറന്നുകൊണ്ട് ജീവിതം ആസ്വദിക്കുന്നു. അവരുടെ ലളിതജീവിതത്തിനും കുടുംബം നിലനിർത്തികൊണ്ടുപോകാനുള്ള ദുർഗയുടെ അമ്മയുടെയും അപ്പുവിന്റെയും ശ്രമങ്ങൾക്കും ചുറ്റുമാണ് ഈ സിനിമ സഞ്ചരിക്കുന്നത്.

പഥേർപാഞ്ചാലി (Song of the little road) ഈ ദരിദ്രകുടുംബത്തിന്റെ ആഗ്രഹങ്ങളും നിരാശകളും കുട്ടികളുടെ കഥയിലൂടെ വിവരിക്കുന്നു. ഒടുക്കം ഒരു വർഷക്കാലത്ത്, അവളുടെ അച്ഛൻ ദൂരെയെവിടെയോ ആയിരുന്ന സമയത്ത്, ദുർഗ അസുഖബാധിതയാവുകയും മരിക്കുകയും ചെയ്യുന്നു. ദുർഗക്ക് ഒരു സാരിയുൾപ്പെടെയുള്ള സമ്മാനങ്ങളുമായി ഹരിഹർ മടങ്ങിയെത്തുന്നു.
പ്രാദേശികവും അന്തർദേശീയവുമായ നിരവധി പുരസ്കാരങ്ങൾ, 1955-ലെ രാഷ്ട്രപതിയുടെ സ്വർണം, വെള്ളി മെഡലുകൾ ഉൾപ്പെടെ ഈ സിനിമ നേടുകയുണ്ടായി.

വർഷം: 1955
സംവിധാനം: സത്യജിത്റെ
കഥ: വിഭൂതിഭൂഷൻ ബന്ദോപാധ്യായ
തിരക്കഥ: സത്യജിത്റെ
അഭിനയിച്ചവർ: കാനു ബാനർജി, കരുണ ബാനർജി, സുബിർ ബാനർജി, ഉമാദാസ്ഗുപ്തദുർഗ, ചുനിബാല ദേവി

കതന്ത്രം, സാമൂഹ്യവികസന പരിപാടികൾ നിർദേശിക്കുകയും, ജലസേചനപദ്ധതികളിൽ വൻതുക ചെലഴിക്കുകയും ചെയ്തിട്ടുണ്ട്. പരാജയപ്പെട്ടത് നയമായിരുന്നില്ല, മറിച്ച് അത് നടപ്പിലാക്കാതിരുന്നതിലാണ്. ഭൂവുടമകൾക്ക് വിപുലമായ സാമൂഹ്യ, രാഷ്ട്രീയ അധികാരങ്ങളുണ്ടായിരുന്നതുകൊണ്ട് അത് നടപ്പിലാക്കാൻ കഴിഞ്ഞില്ല. മാത്രവുമല്ല, ഗവൺമെന്റ് കൂടുതൽ പണം കൃഷിക്കുവേണ്ടി ചെലവഴിച്ചിരുന്നു എങ്കിൽപ്പോലും ഗ്രാമീണദാരിദ്ര്യം എന്ന ബൃഹത്തായ പ്രശ്നം പരിഹരിക്കപ്പെടുമായിരുന്നില്ല എന്നും അവർ വാദിക്കുന്നു.

### പൊതുമേഖല v/s സ്വകാര്യമേഖല (Public vs private sector)

അറിയപ്പെട്ടിരുന്ന രണ്ട് വികസനപാതകളിലൊന്നുംതന്നെ ഇന്ത്യ പിന്തുടർന്നില്ല. വികസനം, പൂർണമായി സ്വകാര്യമേഖലയ്ക്കുമാത്രം വിട്ടുകൊടുക്കുന്ന മുതലാളിത്ത മാതൃകയോ, സ്വകാര്യസ്വത്ത് നിരോധിച്ച്, എല്ലാ ഉൽപാദനവും രാഷ്ട്രത്തിന്റെ നിയന്ത്രണത്തിലാക്കുന്ന സോഷ്യലിസ്റ്റ് മാതൃകയോ ഇന്ത്യ സ്വീകരിച്ചില്ല. ഈ രണ്ട് മാതൃകകളിൽനിന്നുമുള്ള ഘടകങ്ങൾ എടുത്ത് സംയോജിപ്പിക്കുകയാണ് ഇന്ത്യ ചെയ്തത്. അതുകൊണ്ടാണ് 'മിശ്രസമ്പദ്വ്യവസ്ഥ' എന്ന് ഇത് അറിയപ്പെടുന്നത്. കൃഷി, കച്ചവടം, വ്യവസായം എന്നിവയുടെ ഏറിയ പങ്കും സ്വകാര്യവ്യക്തികൾക്ക് വിട്ടുനൽകി. രാഷ്ട്രം, അടിസ്ഥാന ഘനവ്യവസായങ്ങൾ നിയന്ത്രിച്ചു. വ്യവസായങ്ങൾക്കുള്ള പശ്ചാത്തല സൗകര്യമൊരുക്കി, വ്യാപാരം ക്രമീകരിച്ചു, ഒപ്പം കൃഷിയിൽ ചില നിർണായകമായ ഇടപെടലുകൾ നടത്തി.

ഇടതുപക്ഷവും വലതുപക്ഷവും ഒരുപോലെ ഈ മിശ്രസമ്പദ്വ്യവസ്ഥയെ വിമർശിച്ചു. സ്വകാര്യമേഖലയുടെ വളർച്ചക്കാവശ്യമായ ഉത്തേജനവും, മതിയായ ഇടവും നൽകാൻ ആസൂത്രകർ വിസമ്മതിച്ചു എന്ന് വിമർശകർ വാദിക്കുന്നു. വികസിപ്പിക്കപ്പെട്ട പൊതുമേഖലയിൽ ശക്തമായ സ്ഥാപിതതാൽപര്യങ്ങൾ ഉണ്ടാവുകയും, അവ സ്വകാര്യമൂലധനത്തിന് ഏറെ തടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്തു, വിശേഷിച്ച്, നിക്ഷേപങ്ങൾക്ക് ലൈസൻസ് സമ്പ്രദായവും അനുമ

Credit: Shankar, 6 May 1956




പൊതുമേഖലയുടെ രക്ഷാധികാരികളായവർ. കേന്ദ്രമന്ത്രിമാരായ ലാൽ ബഹാദൂർ ശാസ്ത്രി, അജിത് പ്രസാദ് ജയിൻ, കൈലാസ് നാഥ് കട്ജു, ജഗജീവൻ റാം, ടി.ടി. കൃഷ്ണമാചാരി, സ്വരൺസിംഗ്, ഗുൽസാരിലാൽ നന്ദ, ബി.വി. കേസ്കർ

തിപത്രവും നടപ്പാക്കിയതിലൂടെ. അതിലുപരിയായി, ഇന്ത്യയുടെ ആഭ്യന്തരവിപണിയിൽ ഉൽപാദിപ്പിക്കുവാൻ കഴിയുന്ന ഉൽപന്നങ്ങളുടെ വിദേശ രാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതി നിയന്ത്രിച്ചുകൊണ്ടുള്ള രാഷ്ട്രത്തിന്റെ നയം സ്വകാര്യമേഖലയിലെ മത്സരം ഇല്ലാതാക്കി. അങ്ങനെ അവരുടെ ഉൽപന്നങ്ങൾ മെച്ചപ്പെടുത്തുന്നതിനും, അവയുടെ വിലകുറയ്ക്കുന്നതിനുമുള്ള പ്രത്സാഹനം ഇല്ലാതായി. അനിവാര്യമായിരുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ രാഷ്ട്രം നിയന്ത്രിക്കുകയും, അത് കാര്യക്ഷമതയില്ലായ്മയിലേക്കും അഴിമതിയിലേക്കും നയിക്കുകയും ചെയ്തു.

രാഷ്ട്രം വേണ്ടത്ര കാര്യങ്ങൾ ചെയ്തില്ലെന്ന് ചിന്തിച്ചിരുന്ന വിമർശകരും ഉണ്ടായിരുന്നു. പൊതുവിദ്യാഭ്യാസത്തിനും ആരോഗ്യസംരക്ഷണത്തിനുമായി രാഷ്ട്രം വേണ്ടത്ര തുക ചെലവഴിച്ചിട്ടില്ല എന്നവർ ചൂണ്ടിക്കാണിക്കുന്നു. സ്വകാര്യമേഖല കടന്നുചെല്ലാൻ തയാറാകാതിരുന്ന മേഖലകളിൽ മാത്രമാണ് രാഷ്ട്രം ഇടപെട്ടത്. അങ്ങനെ ലാഭമുണ്ടാക്കാൻ രാഷ്ട്രം, സ്വകാര്യമേഖലയെ സഹായിച്ചു. രാഷ്ട്രത്തിന്റെ ഇടപെടൽ, ദാരിദ്രരെ സഹായിക്കുന്നതിനുപകരം, കാര്യമായ ഉത്തരവാദിത്വങ്ങളില്ലാത്തതും ഉയർന്ന ശമ്പളത്തിന്റെ പ്രത്യേകാവകാശങ്ങൾ അനുഭവിക്കുന്നതുമായ ഒരു മധ്യവർഗത്തിന്റെ സൃഷ്ടിയിൽ അവസാനിച്ചു. ഈ കാലഘട്ടത്തിൽ ദാരിദ്ര്യം ഗണ്യമായി കുറഞ്ഞില്ല; ദരിദ്രരുടെ അനുപാതം കുറഞ്ഞപ്പോൾപോലും, അവരുടെ എണ്ണം വർധിച്ചുകൊണ്ടേയിരുന്നു.

## പ്രധാന ഫലങ്ങൾ (Major outcomes)

ആദ്യത്തെ മൂന്ന് അധ്യായങ്ങളിൽ നമ്മൾ ചർച്ച ചെയ്തതുപോലെ സ്വതന്ത്ര ഇന്ത്യയിൽ നിശ്ചയിക്കപ്പെട്ട മൂന്ന് ലക്ഷ്യങ്ങളിൽ, മൂന്നാമത്തേതാണ് സഫലീകരിക്കാൻ ഏറ്റവും ബുദ്ധിമുട്ടുള്ളത്. രാജ്യത്തിന്റെ മിക്കഭാഗത്തും ഭൂപരിഷ്കരണം ഫലപ്രദമായി നടന്നില്ല; രാഷ്ട്രീയാധികാരം ഭൂവുടമാവിഭാഗങ്ങളുടെ കൈകളിൽത്തന്നെ നിലനിന്നു; കൂടാതെ വൻവ്യവസായികൾ തുടർന്നും നേട്ടങ്ങളുണ്ടാക്കി തഴച്ചുവളർന്നു. അതേസമയം ദാരിദ്ര്യം ഏറെയൊന്നും കുറഞ്ഞില്ല. രാജ്യത്തിന്റെ സാമ്പത്തികവികസനം എല്ലാ പൗരന്മാരുടെയും ക്ഷേമം എന്നീ ലക്ഷ്യങ്ങൾ ഏറ്റവും മികച്ചരീതിയിൽ സഫലീകരിക്കുന്നതിനായിരുന്നു ആസൂത്രിത വികസനത്തിനായുള്ള ആദ്യകാല പരിശ്രമങ്ങൾ. ഒന്നാമത്തെ ഘട്ടത്തിൽതന്നെ, ഈ ദിശയിൽ പ്രധാനപ്പെട്ട ചുവടുവയ്പ്പുകൾ നടത്താൻ കഴിയാതെപോയത് ഒരു രാഷ്ട്രീയ പ്രശ്നമായിരുന്നു. അസന്തുലിതമായ വികസനത്തിന്റെ ഗുണഭോക്താക്കൾ വളരെ പെട്ടെന്നുതന്നെ രാഷ്ട്രീയമായി ശക്തരാവുകയും ആഗ്രഹിച്ച ദിശയിലേക്കുള്ള യാത്ര കൂടുതൽ ദുഷ്കരമാക്കുകയും ചെയ്തു.

## അടിത്തറകൾ (Foundations)

ആസൂത്രിതവികസനത്തിന്റെ ആദ്യഘട്ടത്തിലുണ്ടായ ഫലങ്ങളുടെ വിലയിരുത്തൽ തുടങ്ങേണ്ടത്, ഈ കാലഘട്ടത്തിൽ ഇന്ത്യയുടെ ഭാവി സാമ്പത്തികവളർച്ചയുടെ അടിത്തറ സ്ഥാപിക്കപ്പെട്ടു എന്ന യാഥാർഥ്യം അംഗീകരിച്ചുകൊണ്ടായിരിക്കണം. ഇന്ത്യാ ചരിത്രത്തിലെ ഏറ്റവും ബൃഹത്തായ വികസനപദ്ധതികളിൽ ചിലത് ഈ കാലഘട്ടത്തിലാണ് ഏറ്റെടുത്ത് നടപ്പിൽ വരുത്തിയത്. ജലസേചനത്തിനും വൈദ്യുതി ഉൽപ്പാദനത്തിനുമായുള്ള വൻ അണക്കെട്ടുകളായ ഭക്രാ-നംഗൽ, ഹിരാക്കുഡ് എന്നിവ ഇതിലുൾപ്പെടുന്നു. പൊതുമേഖലയിലെ ചില വൻവ്യവസായങ്ങൾ, ഉരുക്കുനിർമാണ ശാലകൾ, ഉൽപ്പാദനയൂണിറ്റുകൾ, എണ്ണശുദ്ധീകരണ ശാലകൾ, പ്രതിരോധ സാമഗ്രികളുടെ നിർമാണം മുതലായവ ആരംഭിച്ചത് ഈ കാലഘട്ടത്തിലാണ്. ഗതാഗതം, വാർത്താവിനിമയം എന്നിവയിൽ പശ്ചാത്തല സൗകര്യങ്ങൾ ഗണ്യമായി മെച്ചപ്പെടുത്തി. പിന്നീട്, ഇതിൽ ചില ബൃഹത്പദ്ധതികൾ വലിയ വിമർശനങ്ങൾക്ക് വിധേയമായിട്ടുണ്ട്. എന്നി

## ഗവൺമെന്റ് പ്രചരണം ഗ്രാമങ്ങളിലെത്തുന്നു

"ചുവരെഴുത്തുകളും പരസ്യങ്ങളും ഒരു തരത്തിൽ ഗ്രാമവാസികളുടെ പ്രശ്നങ്ങളെന്തെന്നും, അവ എങ്ങനെ പരിഹരിക്കണമെന്നുമുള്ളതിന്റെ വ്യക്തമായ ഒരു മുഖവുരയാണ്. ഉദാഹരണത്തിന്, ഇന്ത്യ ഒരു കാർഷികരാഷ്ട്രമാണ്, പക്ഷെ കർഷകർ അവരുടെ തലതിരിഞ്ഞ ചിന്ത കാരണം കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ഉൽപാദിപ്പിക്കുവാൻ തയാറാവുന്നില്ല എന്നതാണ് പ്രശ്നം. ആകർഷകമായ ചിത്രങ്ങളുടെ പ്രദർശനവും പ്രഭാഷണങ്ങളുമായിരുന്നു ഇതിന് പരിഹാരമായി കണ്ടത്. അവർ, അവർക്കുവേണ്ടി കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ഉൽപാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, രാജ്യത്തിനുവേണ്ടി അത് ചെയ്യാൻ അവരെ ഇത് ഉപദേശിക്കുന്നു. രാജ്യത്തിനുവേണ്ടി കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ഉൽപാദിപ്പിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നതിനായി വിവിധ ഭാഗങ്ങളിൽ ചുവർ പരസ്യങ്ങൾ പതിപ്പിച്ചു. ചുവർപരസ്യങ്ങളുടെയും പ്രഭാഷണങ്ങളുടെയും സംയുക്തഫലമായി കർഷകർ സ്വാധീനിക്കപ്പെടുകയും ഏറ്റവും ലളിതമായി ചിന്തിക്കുന്ന ഒരു ഉൽപാദകനുപോലും ഈ പ്രചാരണങ്ങൾക്കു പിന്നിൽ ഒരു ഗൂഢോദ്ദേശമുണ്ടാവണമെന്നുള്ള തോന്നലുണ്ടാവുകയും ചെയ്തു.

ശിവ്പാൽഗഞ്ചിൽ ഒരു പരസ്യം പ്രത്യേകമായി അറിയപ്പെട്ടു. കടുക്കനും, കിന്നരി വച്ച് തുന്നിയ പുറങ്കുപ്പായവും തലപ്പാവുമണിഞ്ഞ ആരോഗ്യവാനായ ഒരു കർഷകൻ അരിവാൾകൊണ്ട് നീളംകൂടിയ ഗോതമ്പ് കതിർ മുറിച്ചെടുക്കുന്നു. കൃഷിവകുപ്പിൽനിന്നുള്ള ഒരു ഉദ്യോഗസ്ഥയെപ്പോലെ തോന്നിപ്പിക്കുന്ന ഒരു സ്ത്രീ സംതൃപ്തമായ ഒരു ചിരിയോടെ അയാളുടെ പിന്നിൽ നിൽക്കുന്നു.

ഈ ചിത്രത്തിന് താഴെയും മുകളിലും 'കൂടുതൽ ധാന്യം വിളയിക്കുക' എന്ന് ഹിന്ദിയിലും ഇംഗ്ലീഷിലും എഴുതിയിരുന്നു. ഇംഗ്ലീഷ് പണ്ഡിതന്മാരും കൂടിയായ, കടുക്കനും കിന്നരിവെച്ചു തുന്നിയ പുറങ്കുപ്പായവുമണിഞ്ഞ കർഷകർ, ഇംഗ്ലീഷ് പരസ്യവാചകത്തിലൂടെയും, ഹിന്ദി പണ്ഡിതന്മാരായ കർഷകരെ ഹിന്ദി പരസ്യവാചകത്തിലൂടെയും സ്വാധീനിക്കാനാവുമെന്ന് പ്രതീക്ഷിച്ചു. രണ്ടു ഭാഷയും വായിക്കാനറിയാത്തവർ ചുരുങ്ങിയപക്ഷം ആ മനുഷ്യന്റെയും ചിരിക്കുന്ന ആ സ്ത്രീയുടെയും ചിത്രങ്ങൾ തിരിച്ചറിയുകയെങ്കിലും ചെയ്യും. ഈ മനുഷ്യന്റെയും, ചിരിക്കുന്ന സ്ത്രീയുടെയും ചിത്രം കാണുന്ന കർഷകൻ കൂടുതൽ ധാന്യം ഉൽപ്പാദിപ്പിക്കുവാനാരംഭിക്കും എന്ന് ഗവൺമെന്റ് പ്രതീക്ഷിച്ചു."

ശ്രീലാൽ ശുക്ലയുടെ 'രാഗ് ദർബാരി' യുടെ പരിഭാഷയിൽ നിന്നെടുത്ത ഒരു ഭാഗം. ഉത്തർപ്രദേശിലെ ശിവ്പാൽഗഞ്ച് എന്ന ഗ്രാമത്തിൽ 1960 കളിലാണ് ആക്ഷേപഹാസ്യം എഴുതപ്പെട്ടത്.

രുന്നാലും, പിന്നീടുണ്ടായ സാമ്പത്തികവളർച്ചയുടെ നല്ലൊരു ഭാഗവും, സ്വകാര്യമേഖലയിലുണ്ടായതുൾപ്പെടെ ഈ അടിത്തറകളുടെ അഭാവത്തിൽ സാധ്യമാകുമായിരുന്നില്ല.

### ഭൂപരിഷ്കരണങ്ങൾ (Land reforms)




കൃഷിഭൂമി സംബന്ധമായ മേഖലയിൽ ഗൗരവമായ ഭൂപരിഷ്കരണശ്രമങ്ങൾക്ക് ഈ കാലഘട്ടം സാക്ഷ്യംവഹിച്ചു. ഒരുപക്ഷേ ഇതിൽ ഏറ്റവും അർഥപൂർണവും സഫലവുമായത് കോളനിവാഴ്ചക്കാലത്തെ സമ്പ്രദായമായിരുന്ന സമീന്ദാരി സമ്പ്രദായത്തിന്റെ റദ്ദാക്കലാണ്. ഈ ധീരമായ നടപടി, കൃഷിയിൽ ഒരു താൽപ്പര്യവുമില്ലാത്ത ഒരു വിഭാഗത്തിന്റെ പിടുത്തത്തിൽനിന്നും കൃഷിഭൂമിയെ മോചിപ്പിക്കുക മാത്രമല്ല രാഷ്ട്രീയത്തിൽ ആധിപത്യം പുലർത്താനുള്ള ഭൂവുടമകളുടെ ശേഷിയെ കുറയ്ക്കുകയും ചെയ്തു. ഭൂമിയുടെ സംയോജനശ്രമങ്ങൾ – ഒരു പ്രദേശത്തെ ചെറിയതുണ്ട് ഭൂമികൾ ഒരുമിച്ച് ചേർത്ത് കൃഷിക്ക് അനുയോജ്യമായ വലുപ്പത്തിലാക്കുക – എന്നതും ഏറെക്കുറെ വിജയകരമായിരുന്നു. പക്ഷെ ഭൂപരിഷ്കരണത്തിന്റെ മറ്റ് രണ്ടുഘട്ടങ്ങളും അത്ര വിജയകരമായിരുന്നില്ല. ഒരു വ്യക്തിക്ക് കൈവശം വയ്ക്കാവുന്ന ഭൂമിക്ക് ഒരു ഉയർന്നപരിധി അല്ലെങ്കിൽ 'ഭൂപരിധി' നിശ്ചയിക്കുന്നതിനുള്ള നിയമങ്ങൾ ഉണ്ടാക്കിയെങ്കിലും അധികഭൂമി കൈവശമുള്ളവർക്ക് ഈ നിയമത്തെ മറികടക്കാൻ കഴിഞ്ഞു. സമാനമായി, മറ്റാരുടെയോ ഭൂമിയിൽ ജോലി ചെയ്തിരുന്ന കുടിയാന്മാർക്ക് കുടിയിറക്കലിനെതിരെ കൂടുതൽ വിപുലമായ നിയമസുരക്ഷിതത്വം നൽകിയെങ്കിലും അപൂർവമായി മാത്രമാണ് ഈ നിയമം നടപ്പിലാക്കപ്പെട്ടത്.



The Hindustan Times

PAULSONS

Trying months ahead despite rain: Minister

Next crop may be normal

Opposition warned not to exploit situation

Johnson 'ordered' freeze

Australia sounded on wheat

Farm policies

JP call for relief workers, food

Industries given new concessions

Thirteen die of hunger in Bihar

Tribal areas worst hit: adivasis live on roots

**ഭക്ഷ്യപ്രതിസന്ധി (Food Crisis)**

നേരത്തെതന്നെ മോശമായിരുന്ന കാർഷികസാഹചര്യം 1960-കളിൽ കൂടുതൽ മോശമായി. 1940-കളിലും 1950-കളിലും ജനസംഖ്യാവളർച്ചാ നിരക്കിനേക്കാൾ കഷ്ടിച്ചുമാത്രം മുകളിലായിരുന്നു ഭക്ഷ്യോൽപ്പാദന വളർച്ചാനിരക്ക്. 1960-നും 1967-നുമിടയിൽ രാജ്യത്തിന്റെ പലഭാഗത്തും കടുത്ത വരൾച്ചയുണ്ടായി. അടുത്ത അധ്യായത്തിൽ നമ്മൾ പഠിക്കാൻ പോകുന്നതുപോലെ, രാജ്യം രണ്ട് യുദ്ധങ്ങളും, വിദേശ നാണ്യ പ്രതിസന്ധിയും നേരിട്ട ഒരു കാലഘട്ടം കൂടിയായിരുന്നു ഇത്. ഇതിന്റെ എല്ലാം ഫലമായി കടുത്ത ഭക്ഷ്യക്ഷാമവും, ദാരിദ്ര്യസമാനമായ ഒരു അവസ്ഥയും രാജ്യത്തിന്റെ പല ഭാഗത്തുമുണ്ടായി

1967-ൽ ബീഹാറിലെ മരണനിരക്ക് മുൻവർഷത്തേക്കാളും 34 ശതമാനം ഉയർന്നതായിരുന്നു. മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾപോലും ആ വർഷം ബീഹാറിൽ ഭക്ഷണസാധനങ്ങളുടെ വിലയും വളരെ ഉയരത്തിലെത്തി. സംസ്ഥാനത്തെ ഗോതമ്പിന്റെയും അരിയുടെയും വില കൂടുതൽ അഭിവൃദ്ധിപ്രാപിച്ച പഞ്ചാബിലെ അവയുടെ വിലയേക്കാൾ രണ്ട് മടങ്ങോ അതിൽ കൂടുതലോ ആയിരുന്നു. ഗവൺമെന്റ് സ്വീകരിച്ചിരുന്ന 'സോണിംഗ്' നയങ്ങൾ സംസ്ഥാനങ്ങൾക്കിടയിലുള്ള ഭക്ഷ്യവ്യാപാരം നിരോധിച്ചിരുന്നു. ഇത് ബീഹാറിൽ ഭക്ഷ്യലഭ്യത നാടകീയമായി കുറച്ചു. ഇത് പോലെയുള്ള സാഹചര്യങ്ങളിൽ, സമൂഹത്തിലെ ഏറ്റവും ദരിദ്രവിഭാഗങ്ങളാണ് ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നത്.

ഭക്ഷ്യപ്രതിസന്ധിക്ക് നിരവധി അനന്തരഫലങ്ങളുണ്ടായിരുന്നു. ഗവൺമെന്റിന് ഗോതമ്പ് ഇറക്കുമതി ചെയ്യേണ്ടിവന്നു. ഒപ്പം വിദേശസഹായം സ്വീകരിക്കേണ്ടിയും വന്നു, പ്രധാനമായും യു.എസിൽ നിന്ന്. ഇപ്പോൾ ആസൂത്രകരുടെ ഒന്നാമത്തെ മുൻഗണന, ഏതുവിധത്തിലായാലും ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തത നേടുക എന്നതാണ്. മൊത്തം ആസൂത്രണപ്രക്രിയയും, അതിന്റെ ഭാഗമായ ശുഭാപ്തിവിശ്വസവും അഭിമാനവും ഒരു തിരിച്ചടി നേരിട്ടു.

കൃഷിയിലുണ്ടായ ഈ അർഥവത്തായ നയങ്ങളെ യഥാർഥവും, ഫലപ്രദവുമായ നടപടികളാക്കിമാറ്റുക എന്നത് അത്ര എളുപ്പമായിരുന്നില്ല. ദരിദ്രരും ഭൂരഹിതരുമായ ഗ്രാമീണർ സംഘടിപ്പിക്കപ്പെട്ടിരുന്നെങ്കിൽ മാത്രമേ ഇത് സംഭവിക്കുമായിരുന്നുള്ളു. പക്ഷെ ഭൂവുടമകൾ അതിശക്തരും രാഷ്ട്രീയസ്വാധീനം കയ്യാളുന്നവരുമായിരുന്നു. ആയതിനാൽ, ഭൂപരിഷ്കരണത്തിനായുള്ള പല നിർദേശങ്ങളും ഒന്നുകിൽ നിയമങ്ങളായി മാറിയില്ല, അല്ലെങ്കിൽ, നിയമങ്ങളായി മാറിയവ കടലാസിൽ മാത്രമായി അവശേഷിച്ചു. സാമ്പത്തികനയം സമൂഹത്തിലെ യഥാർഥ രാഷ്ട്രീയ സാഹചര്യത്തിന്റെ ഭാഗമാണെന്ന് ഇത് കാണിക്കുന്നു. ചില ഉന്നത നേതാക്കൾ ആത്മാർഥമായി ആഗ്രഹിച്ചിരുന്നുവെങ്കിലും, പ്രബലരായ സാമൂഹ്യവിഭാഗങ്ങൾ നയരൂപീകരണത്തെയും അതിന്റെ നിർവഹണത്തെയും ശക്തമായി നിയന്ത്രിച്ചു.



## ഹരിതവിപ്ലവം (The Green Revolution)

നിലനിൽക്കുന്ന ഭക്ഷ്യപ്രതിസന്ധിയുടെ പാശ്ചാത്തലത്തിൽ രാജ്യം ബാഹ്യസമ്മർദങ്ങൾക്ക് കൂടുതൽ വിധേയമാവുകയും, ഭക്ഷ്യസഹായത്തെ, മുഖ്യമായും അമേരിക്കയിൽ നിന്നുള്ള സഹായത്തെ കൂടുതൽ ആശ്രയിക്കുന്ന അവസ്ഥയുമുണ്ടായി. അതിന്റെ ഫലമായി, ഇന്ത്യയുടെ സാമ്പത്തികനയങ്ങളിൽ മാറ്റംവരുത്തുന്നതിനായി അമേരിക്ക സമ്മർദം ചെലുത്തി. ഭക്ഷ്യസ്വയംപര്യാപ്തത ഉറപ്പുവരുത്തുന്നതിനായി ഗവൺമെന്റ് ഒരു പുതിയ കാർഷികതന്ത്രം സ്വീകരിച്ചു. പിന്നാക്കം നിൽക്കുന്ന മേഖലകൾക്കും, കർഷകർക്കും കൂടുതൽ പിന്തുണ നൽകുക എന്ന നേരത്തെയുണ്ടായിരുന്ന നയത്തിന് പകരമായി നിലവിൽ ജലസേചനസൗകര്യമുള്ള പ്രദേശങ്ങൾക്കും സാമ്പത്തികമായി കൂടുതൽ മെച്ചപ്പെട്ട കർഷകർക്കും കൂടുതൽ വിഭവങ്ങൾ ലഭ്യമാക്കുക എന്ന തീരുമാനമെടുത്തു. നിലവിൽ കൂടുതൽ ഉൽപ്പാദിപ്പിക്കുവാൻ പ്രാപ്തിയുള്ളവർക്ക് കുറഞ്ഞ സമയത്തിനകം ഉൽപാദനം പെട്ടെന്ന് വർധിപ്പിക്കാൻ കഴിയും എന്നതായിരുന്നു അതിന്റെ ന്യായീകരണം. അങ്ങനെ പരമാവധി സഹായനിരക്കിൽ അത്യുൽപ്പാദനശേഷിയുള്ള വിത്തുകളും, രാസവളങ്ങളും, കീടനാശിനികളും, മെച്ചപ്പെട്ട ജലസേചനവും ഗവൺമെന്റ് വാഗ്ദാനം ചെയ്തു. ഒരു നിശ്ചിതവിലയിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ ഗവൺമെന്റ് വാങ്ങുന്നതാണെന്നുള്ള ഒരുറപ്പും നൽകി. പിന്നീട് 'ഹരിതവിപ്ലവം' എന്ന പേരിലറിയപ്പെട്ട ഒരു പ്രക്രിയയുടെ തുടക്കമായിരുന്നു അത്.

സമ്പന്നകർഷകരും വൻഭൂവുടമകളുമായിരുന്നു ഈ പ്രക്രിയയുടെ ഗുണഭോക്താക്കൾ. മിതമായ രീതിയിലുള്ള ഒരു കാർഷികവളർച്ചയും (പ്രധാനമായും ഗോതമ്പുൽപ്പാദനത്തിലുണ്ടായ വർധന) രാജ്യത്തെ ഭക്ഷ്യലഭ്യതയിൽ അത്ര മോശമല്ലാത്ത ഒരു വർധനയും മാത്രമാണ് ഹരിതവിപ്ലവം പ്രദാനം ചെയ്തത്. പക്ഷെ

മാസംതോറും റേഷൻകടയിൽനിന്നും വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങൾ ലഭിക്കുന്നതിനായി ശ്രീകാന്തിന്റെ ജ്യേഷ്ഠസഹോദരന് അനുഭവിക്കേണ്ടിവന്ന ബുദ്ധിമുട്ടുകൾ ശ്രീകാന്ത് ഇന്നും ഓർമിക്കുന്നു, അരി, മണ്ണെണ്ണ, എണ്ണ എന്നിവയ്ക്ക് അവരുടെ കുടുംബം പൂർണമായും ആശ്രയിച്ചിരുന്നത് റേഷൻ കടയിൽനിന്നുള്ള വിതരണത്തെയാണ്. പലപ്പോഴും ഒരു മണിക്കൂറോളം റേഷൻകടയിലെ നീണ്ടവരിയിൽ കാത്തുനിന്ന് എത്തുമ്പോഴേക്കും സാധനങ്ങൾ തീർന്ന് വിതരണം നിലയ്ക്കുകയും, പിന്നീട് വിതരണത്തിനായി സാധനമെത്തുമ്പോൾ വീണ്ടും വരേണ്ടതായും വന്നിട്ടുണ്ട്. നിങ്ങളുടെ കുടുംബത്തിലെ മുതിർന്നവരുമായി സംസാരിച്ച് എന്താണ് റേഷൻ കാർഡെന്നും, എന്തൊക്കെ സാധനങ്ങളാണ് റേഷൻ കടയിൽനിന്നും അവർ വാങ്ങുന്നതെന്നും അറിയുക. നിങ്ങളുടെ വീടിന്റേയോ, വിദ്യാലയത്തിന്റേയോ സമീപ്രദേശത്തുള്ള ഒരു റേഷൻകട സന്ദർശിച്ച് ചുരുങ്ങിയപക്ഷം മൂന്ന് ഉൽപ്പന്നങ്ങളുടെയെങ്കിലും - ഗോതമ്പ്/അരി, ഭക്ഷ്യ എണ്ണ, പഞ്ചസാര - റേഷൻകടയിലെ വിലയും, പൊതുവിപണിയിലെ വിലയും, അവ തമ്മിലുള്ള വിലവ്യത്യാസവും കണ്ടെത്തുക.

## ഓടിച്ചൊരു വായന: ധവളവിപ്ലവം (The White Revolution)



'അട്ടർലി ബട്ടർലി ഡലീഷ്യസ്' എന്ന പരസ്യഗാനവും വെണ്ണ പുരട്ടിയ പൊരിച്ച റൊട്ടി പിടിച്ചുനിൽക്കുന്ന, വാത്സല്യം തോന്നുന്ന ഒരു കൊച്ചുപെൺകുട്ടിയുടെ ചിത്രവും നിങ്ങൾക്ക് പരിചിതമായിരിക്കണം. അമൂൽ ഉൽപ്പന്നങ്ങൾക്ക് പിന്നിൽ ഇന്ത്യയിലെ ക്ഷീരോൽപാദനത്തിന്റെ വിജയകരമായ ചരിത്രമുണ്ടെന്ന് നിങ്ങൾക്കറിയുമോ. അമൂൽ ആരംഭിച്ച ഗുജറാത്ത് കോ-ഓപ്പറേറ്റീവ് മിൽക്ക് ആന്റ് മാർക്കറ്റിംഗ് ഫെഡറേഷന്റെ കഥയിൽ 'ഇന്ത്യയുടെ പാൽക്കാരൻ' (Milk man of India) എന്നറിയപ്പെടുന്ന വർഗീസ് കുര്യന് നിർണായകമായ ഒരു പങ്കുണ്ട്. ആനന്ദ് എന്ന ഗുജറാത്തിലെ ഒരു നഗരത്തിൽ സ്ഥാപിതമായ, രണ്ടര മില്യൺ പാലുൽപ്പാദകർ അംഗങ്ങളായുള്ള ഒരു സഹകരണ ക്ഷീരോൽപ്പാദന സംരംഭമാണ് അമൂൽ.

അമൂൽ മാതൃക ഗ്രാമീണവികസനത്തിനും ദാരിദ്ര്യനിർമാർജനത്തിനുമുള്ള നൂതനമായ ഒരു മാതൃകയായി മാറുകയും പിന്നീട് ധവളവിപ്ലവം എന്നറിയപ്പെടാൻ ഇടയാവുകയും ചെയ്തു. 'ഓപ്പറേഷൻ ഫ്ളഡ്' എന്ന് വിളിക്കപ്പെട്ട ഗ്രാമീണവികസന പദ്ധതി (Rural Development Programme) 1970-ൽ ആരംഭിച്ചു. പാലുൽപ്പാദനം വർധിപ്പിക്കുക, ഇടനിലക്കാരെ ഒഴിവാക്കി ഉൽപ്പാദകനെയും ഉപഭോക്താവിനെയും നേരിട്ട് ബന്ധപ്പെടുത്തുക, വർഷം മുഴുവനും ഉൽപ്പാദകർക്ക് ഒരു നിശ്ചിത വരുമാനം ഉറപ്പുവരുത്തുക എന്നീ ഉദ്ദേശ്യങ്ങളോടെ, ഓപ്പറേഷൻ ഫ്ള്ഡ്, പാലുൽപ്പാദകരുടെ സഹകരണപ്രസ്ഥാനങ്ങളെ രാജ്യവ്യാപകമായ ഒരു പാൽവിതരണ ശൃംഖലയിലേക്ക് സംയോജിപ്പിച്ചു. എന്നിരുന്നാലും ഓപ്പറേഷൻ ഫ്ള്ഡ് വെറുമൊരു ക്ഷീരോൽപ്പാദന പദ്ധതി മാത്രമായിരുന്നില്ല, തൊഴിലവസരങ്ങൾ സൃഷ്ടിച്ചും, ഗ്രാമീണ ഭവനങ്ങളിൽ വരുമാനമുണ്ടാക്കി ദാരിദ്ര്യം നിർമാർജനം ചെയ്യുകയും ചെയ്യുന്ന ഒരു വികസന പാതയായിട്ടാണ് ക്ഷീരോൽപ്പാദനത്തെ കാണുന്നത്. സഹകരണസ്ഥാപനങ്ങളിലെ അംഗങ്ങളുടെ എണ്ണം കൂടുന്നത് തുടരുന്നതിനോടൊപ്പം, വനിത അംഗങ്ങളുടെയും വനിതാ ക്ഷീരോൽപ്പാദക സഹകരണസംഘങ്ങളുടെയും എണ്ണവും ഗണ്യമായി വർധിച്ചുകൊണ്ടിരിക്കുന്നു.

വിവിധ വിഭാഗങ്ങൾക്കിടയിലും മേഖലകൾക്കിടയിലുമുള്ള ധ്രുവീകരണം ഇത് വർധിപ്പിച്ചു. പഞ്ചാബ്, ഹരിയാന, പടിഞ്ഞാറൻ ഉത്തർപ്രദേശ് മുതലായ മേഖലകൾ കാർഷികമായി അഭിവൃദ്ധിപ്പെട്ടപ്പോൾ, മറ്റുപ്രദേശങ്ങൾ പിന്നാക്കമായി തുടർന്നു. ഹരിതവിപ്ലവത്തിന് മറ്റ് രണ്ട് ഫലങ്ങൾ കൂടിയുണ്ടായിരുന്നു. ഒന്നാമതായി പല ഭാഗങ്ങളിലും ദരിദ്രകർഷകർക്കും ഭൂവുടമകൾക്കുമിടയിലുണ്ടായിരുന്ന രൂക്ഷമായ അന്തരം ദരിദ്രകർഷകരെ സംഘടിപ്പിക്കുന്നതിന് ഇടതുപക്ഷ സംഘടനകൾക്ക് അനുകൂലസാഹചര്യമുണ്ടാക്കി. രണ്ടാമതായി, ഹരിതവിപ്ലവം മധ്യവർഗ കർഷകസമൂഹം എന്നു വിളിക്കപ്പെടുന്ന ഒരു വിഭാഗത്തിന്റെ ഉയർച്ചക്ക് വഴിയൊരുക്കി. ഈ മാറ്റങ്ങളുടെ ഗുണഭോക്താക്കൾ ഇടത്തരം വലിപ്പമുള്ള ഭൂമിയുടെ ഉടമകളായിരുന്ന കർഷകരായിരുന്നു. രാഷ്ട്രീയസ്വാധീനമുള്ളവരായി ഇവർ വളരെപ്പെട്ടന്ന് രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഉയർന്നുവന്നു.

### പിൽക്കാല സംഭവവികാസങ്ങൾ (Later developments)

1960-കളുടെ അവസാനത്തോടുകൂടി ഇന്ത്യയുടെ വികസനചരിത്രത്തിന്റെ ഗതി വളരെ പ്രധാനപ്പെട്ട ഒരു വഴിത്തിരിവിലെത്തി. നെഹ്റുവിന്റെ മരണശേഷം, കോൺഗ്രസ് എങ്ങനെയാണ് വിഷമതകളെ നേരിട്ടതെന്ന് അഞ്ചാമത്തെ അധ്യായത്തിൽ നിങ്ങൾ പഠിക്കും. ഇന്ദിരാഗാന്ധി ഒരു ജനകീയനേതാവായി ഉയർന്നുവന്നു. സാമ്പത്തിക വ്യവസ്ഥയെ നിയന്ത്രിക്കുന്നതിലും ദിശാബോധം നൽകുന്നതിലുമുള്ള രാഷ്ട്രത്തിന്റെ പങ്ക് കൂടുതൽ ശക്തമാക്കാൻ അവർ തീരുമാനിച്ചു. 1967 മുതലുള്ള കാലഘട്ടം, സ്വകാര്യവ്യവസായങ്ങൾക്കുമേലുള്ള നിരവധി പുതിയ നിയന്ത്രണങ്ങൾക്ക് സാക്ഷ്യംവഹിച്ചു. പതിനാലോളം സ്വകാര്യബാങ്കുകൾ ദേശസാൽക്കരിക്കപ്പെട്ടു. പാവപ്പെട്ടവർക്കനുകൂലമായി നിരവധി പദ്ധതികൾ ഗവൺമെന്റ് പ്രഖ്യാപിച്ചു. ഈ മാറ്റങ്ങൾക്ക് പിന്നാലെ സോഷ്യലിസ്റ്റ് നയങ്ങളോട് ആശയപരമായ ഒരു ചായ്വുണ്ടായി. ഈ ഊന്നൽ രാജ്യത്തിനുള്ളിലും, രാഷ്ട്രീയപ്പാർട്ടികൾക്കിടയിലും, വിദഗ്ദ്ധന്മാർക്കിടയിലും ചൂടേറിയ സംവാദങ്ങൾ സൃഷ്ടിച്ചു.

എന്നിരുന്നാലും 'രാഷ്ട്രം നേതൃത്വം നൽകുന്ന സാമ്പത്തികവികസനം' എന്നതിനനുകൂലമായ ഒരു സമവായം കാലാതീതമായി നിലനിന്നില്ല. ആസൂത്രണം തുടർന്നു, പക്ഷെ അതിന്റെ പ്രാധാന്യം ഗണ്യമായി കുറയ്ക്കപ്പെട്ടു. 1950-നും 1980-നുമിടയിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ പ്രതിവർഷം 3 മുതൽ 3.5 ശതമാനം വരെ എന്ന തോതിൽ മന്ദഗതിയിലാണ് വളർന്നത്. ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലനിന്നിരുന്ന അഴിമതിയുടെയും കാര്യക്ഷമതയില്ലായ്മയുടെയും, സാമ്പത്തികവികസനത്തിൽ, ഉദ്യോഗസ്ഥവൃന്ദത്തിന്റെ അത്ര അനുകൂലമല്ലാത്ത നിലപാടിന്റെയും പാശ്ചാത്തലത്തിൽ ജനങ്ങൾ ഇതുപോലുള്ള സ്ഥാപനങ്ങളിൽ തുടക്കത്തിൽ അർപ്പിച്ചിരുന്ന വിശ്വാസം ക്രമേണ നഷ്ടപ്പെട്ടു. ഇത്തരം പൊതു വിശ്വാസ്യതയുടെ അഭാവം, 1980 മുതൽ, സമ്പദ്‌വ്യവസ്ഥയിൽ രാഷ്ട്രത്തിന്റെ ഇടപെടലുകൾ കുറയ്ക്കുന്നതിലേക്ക് നയങ്ങൾ രൂപീകരിക്കുന്നവരെ നയിച്ചു. കഥയുടെ ആ ഭാഗം ഈ പുസ്തകത്തിന്റെ അവസാനഭാഗത്ത് നമുക്ക് നോക്കാം.



Credit: Shankar, "The Leap Upward", 27 August 1961

## അഭ്യാസം

1. ബോംബെ പ്ലാനുമായി ബന്ധപ്പെട്ടുള്ള ഈ പ്രസ്താവനകളിൽ ഏതാണ് ശരിയല്ലാത്തത്?
   (a) ഇന്ത്യയുടെ സാമ്പത്തിക ഭാവിക്കുവേണ്ടിയുള്ള ഒരു പ്രാഥമിക രൂപരേഖ (Blue pring) യായിരുന്നു ഇത്
   (b) വ്യവസായത്തിന്റെ രാഷ്ട്ര ഉടമസ്ഥതയെ ഇത് പിന്തുണച്ചു
   (c) ചില പ്രമുഖ വ്യവസായികളാണ് ഇതുണ്ടാക്കിയത്
   (d) ആസൂത്രണം എന്ന ആശയത്തെ ഇത് ശക്തമായി പിന്തുണച്ചു
2. താഴെ കൊടുത്തിരിക്കുന്ന ആശയങ്ങളിൽ ഇന്ത്യയുടെ ആദ്യഘട്ട വികസനത്തിന്റെ ഭാഗമല്ലാതിരുന്നത് ഏത്
   (a) ആസൂത്രണം (b) സഹകരണ കൃഷി
   (c) ഉദാരവൽകരണം (d) സ്വയംപര്യാപ്തത
3. ആസൂത്രണം എന്ന ആശയം ഇന്ത്യ എവിടെ നിന്നാണ് സ്വീകരിച്ചത്?
   (a) ബോംബെപദ്ധതി
   (b) ഗാന്ധിയുടെ സാമൂഹ്യദർശനം
   (c) സോവിയറ്റ് ചേരി രാഷ്ട്രങ്ങളുടെ അനുഭവങ്ങൾ
   (d) കർഷകസംഘടനകളുടെ ആവശ്യം

## അഭ്യാസം

i) (b) യും (d) യും മാത്രം
ii) (d) യും (c) യും മാത്രം
iii) (a) യും (b) യും മാത്രം
iv) മുകളിൽ കൊടുത്തവയെല്ലാം

4. ചേരുംപടി ചേർക്കുക

| | |
|---|---|
| (a) ചരൺസിംഗ് | i. വ്യവസായവൽക്കരണം |
| (b) പി. സി. മഹാലനോബിസ് | ii. സോണിംഗ് (zoning) |
| (c) ബീഹാർക്ഷാമം | iii. കർഷകർ |
| (d) വർഗീസ് കുര്യൻ | iv. പാൽ സൊസൈറ്റികൾ |

5. സ്വാതന്ത്ര്യലബ്ധിയുടെ സമയത്ത്, ഇന്ത്യയുടെ വികസനത്തെ സംബന്ധിച്ച സമീപനങ്ങളിലുണ്ടായിരുന്ന പ്രധാന അഭിപ്രായവ്യത്യാസങ്ങൾ ഏതൊക്കെയായിരുന്നു? ആ സംവാദം പരിഹരിക്കപ്പെട്ടുവോ?

6. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഏറ്റവും പ്രധാന ഊന്നൽ എന്തായിരുന്നു? ഏതൊക്കെ വഴികളിൽ രണ്ടാം പദ്ധതി ഒന്നിൽനിന്നും വ്യത്യസ്തമാവുന്നു?

7. ഹരിതവിപ്ലവം എന്തായിരുന്നു? ഹരിതവിപ്ലവത്തിന്റെ അനുകൂലവും പ്രതികൂലവുമായ രണ്ടുവീതം അനന്തരഫലങ്ങൾ സൂചിപ്പിക്കുക.

8. രണ്ടാം പഞ്ചവത്സരപദ്ധതിയുടെ കാലത്ത്, വ്യവസായവൽക്കരണത്തിനും കാർഷിക വികസനത്തിനുമിടയിൽ ഉയർന്നുവന്ന സംവാദത്തിലെ പ്രധാന വാദങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കുക.

9. "സാമ്പത്തികവ്യവസ്ഥയിൽ രാഷ്ട്രത്തിന്റെ പങ്കിന് കൂടുതൽ ഊന്നൽ നൽകുകവഴി ഇന്ത്യൻ നയനിർമാതാക്കൾ ഒരു അബദ്ധമാണ് ചെയ്തത്. തുടക്കം മുതൽതന്നെ സ്വകാര്യമേഖലയെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിച്ചിരുന്നുവെങ്കിൽ ഇന്ത്യക്ക് കൂടുതൽ നന്നായി വികസിക്കുവാൻ കഴിയുമായിരുന്നു". ഈ അഭിപ്രായത്തിന് അനുകൂലമായോ പ്രതികൂലമായോ, വാദങ്ങൾ നിരത്തുക.

10. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

*"സ്വാതന്ത്ര്യത്തിന്റെ ആദ്യവർഷങ്ങളിൽ, രണ്ട് പരസ്പരവിരുദ്ധമായ പ്രവണതകൾ കോൺഗ്രസ് പാർട്ടിക്കുള്ളിൽ പ്രാമുഖ്യം നേടിയിരുന്നു. ഒരു ഭാഗത്ത് പാർട്ടിയുടെ ദേശീയ കാര്യനിർവഹണസമിതി, സോഷ്യലിസ്റ്റ് തത്ത്വങ്ങളായ രാഷ്ട്രത്തിന്റെ പൊതു ഉടമസ്ഥാവകാശം, സമ്പത്തികവ്യവസ്ഥയിലെ പ്രധാന മേഖലകളുടെ ക്രമീകരണവും നിയന്ത്രണവും, സമ്പത്തിന്റെ കേന്ദ്രീകരണം തടഞ്ഞുകൊണ്ടുള്ള ഉത്പാദനക്ഷമതയുടെ മെച്ചപ്പെടുത്തൽ എന്നിവ സ്വീകരിച്ചു. മറ്റൊരു ഭാഗത്ത് ദേശീയ കോൺഗ്രസ് ഗവൺമെന്റ് ഉദാര സാമ്പത്തികനയങ്ങൾ പിന്തുടരുകയും, സ്വകാര്യനിക്ഷേപങ്ങൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്തു. പരമാവധി ഉത്പാദനം കൈവരിക്കുക എന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അത് നീതികരിക്കപ്പെടുകയും ചെയ്തു.* – **ഫ്രാൻസൈൻ ഫ്രാങ്കൽ**

(a) ഗ്രന്ഥകർത്താവ് ഏത് വൈരുദ്ധ്യത്തെക്കുറിച്ചാണ് പറയുന്നത്? ഇത്തരത്തിലുള്ള വൈരുധ്യങ്ങളുടെ രാഷ്ട്രീയമായ സൂചന എന്തായിരിക്കും?

(b) ഗ്രന്ഥകർത്താവ് ശരിയാണെങ്കിൽ, എന്തുകൊണ്ടായിരിക്കണം കോൺഗ്രസ് ഈ നയം പിന്തുടർന്നത്? അത് പ്രതിപക്ഷപാർട്ടികളുടെ പ്രകൃതവുമായി ബന്ധപ്പെടുന്നതായിരുന്നുവോ?

(c) കോൺഗ്രസ് പാർട്ടിയുടെ ദേശീയ നേതൃത്വത്തിനും സംസ്ഥാനതല നേതാക്കൾക്കുമിടയിൽ ഒരു വൈരുദ്ധ്യമുണ്ടായിരുന്നുവോ?




നെഹ്റു, ഘാനയിൽ നിന്നുള്ള എൻ ക്രൂമ, ഈജിപ്തിൽ നിന്നുള്ള നാസർ, ഇന്തോനേഷ്യയിൽ നിന്നുള്ള സുകാർണോ, യൂഗോസ്ലാവിയയിൽ നിന്നുള്ള ടിറ്റോ എന്നിവർക്കൊപ്പം 1960 ഒക്ടോബറിൽ ന്യൂയോർക്കിൽ ചേരിചേരാ രാഷ്ട്രങ്ങളുടെ സമ്മേളനത്തിൽ. ഈ അഞ്ചുപേരാണ് ചേരിചേരാപ്രസ്ഥാനത്തിന്റെ പ്രമുഖ നേതാക്കൾ

**ഈ അധ്യായത്തിൽ...**

ഈ പുസ്തകത്തിൽ ഇതുവരെ നമ്മൾ ശ്രദ്ധയൂന്നിയത് രാജ്യത്തിനകത്തുണ്ടായ സംഭവവികാസങ്ങളിലും ആഭ്യന്തരമായ വെല്ലുവിളികളിലുമായിരുന്നു. ഇപ്പോൾ നമ്മൾ ബാഹ്യമായ വെല്ലുവിളികളിലേക്ക് തിരിയുന്നു. ചേരിചേരായ്മ എന്ന നൂതനവും ക്രിയാത്മകവുമായ പ്രതികരണത്തോടെയാണ് നമ്മുടെ നേതാക്കൾ ഇവിടെയും ഈ വെല്ലുവിളികളെ നേരിട്ടത്. പക്ഷെ അവർ അയൽരാജ്യങ്ങളുമായി സംഘർഷങ്ങളിലായിരുന്നു. 1962-ലും, 1965-ലും തുടർന്ന് 1971-ലുമുണ്ടായ മൂന്ന് യുദ്ധങ്ങളിലേക്ക് ഇന്ത്യയെ ഇത് നയിച്ചു. ഈ യുദ്ധങ്ങളും വിദേശബന്ധങ്ങൾ പൊതുവായും രാജ്യത്തെ രാഷ്ട്രീയം രൂപപ്പെടുത്തുകയും ഒപ്പം നിർണായകമായ സ്വാധീനം ചെലുത്തുകയും ചെയ്തു. താഴെ പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട്, ആഭ്യന്തരവും ബാഹ്യവുമായ രാഷ്ട്രീയത്തിന്റെ പരസ്പരബന്ധത്തിന്റെ ഈ കഥ നമ്മൾ ഈ അധ്യായത്തിൽ പഠിക്കുന്നു.

- ഇന്ത്യയുടെ വിദേശബന്ധങ്ങളെ രൂപപ്പെടുത്തിയ അന്താരാഷ്ട്ര സാഹചര്യം.
- ഇന്ത്യൻ വിദേശനയം നടത്തിക്കൊണ്ടുപോകുന്നതിന് രൂപംകൊടുത്ത പ്രവർത്തന തത്ത്വങ്ങൾ.
- ചൈനയും പാകിസ്ഥാനുമായുള്ള ഇന്ത്യയുടെ ബന്ധത്തിന്റെ ചരിത്രം.
- ഇന്ത്യയുടെ ആണവനയത്തിന്റെ വികാസം.

അധ്യായം 4

# ഇന്ത്യയുടെ വിദേശബന്ധങ്ങൾ (INDIA'S EXTERNAL RELATIONS)

K8F4A4

## അന്തർദേശീയ പശ്ചാത്തലം (International Context)

വളരെ ശ്രമകരവും വെല്ലുവിളി നിറഞ്ഞതുമായ ഒരു അന്തർദേശീയ പശ്ചാത്തലത്തിലാണ് ഇന്ത്യയുടെ ജനനം. ലോകം വിനാശകരമായ ഒരു യുദ്ധത്തിന് സാക്ഷ്യം വഹിക്കുകയും പുനർനിർമാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമായി മല്ലിടുകയും ചെയ്യുന്ന വേളയിൽത്തന്നെ ഒരു അന്താരാഷ്ട്ര സമിതി സ്ഥാപിക്കുന്നതിനുള്ള മറ്റൊരു ശ്രമവും നടന്നുകൊണ്ടിരുന്നു. കോളനിവാഴ്ചയുടെ തകർച്ചയുടെ ഫലമായി നിരവധി പുതിയ രാജ്യങ്ങൾ ഉയർന്നുവന്നു. പുതിയ രാഷ്ട്രങ്ങൾ മിക്കവയും ക്ഷേമം, ജനാധിപത്യം എന്നീ രണ്ടു വെല്ലുവിളികളെ നേരിടുന്നതിനുള്ള ശ്രമങ്ങളിലായിരുന്നു. സ്വാതന്ത്ര്യം ലഭിച്ച ഉടൻതന്നെ സ്വതന്ത്ര ഇന്ത്യ രൂപംനൽകിയ വിദേശനയത്തിൽ അക്കാലത്തെ എല്ലാ ആശങ്കകളും പ്രതിഫലിച്ചു. ആഗോളതലത്തിലുള്ള ഇത്തരം ഘടകങ്ങൾക്ക് പുറമെ ഇന്ത്യക്ക് അതിന്റേതായ ആശങ്കകളുമുണ്ടായിരുന്നു. ബ്രിട്ടീഷ് ഗവൺമെന്റ് പരിഹരിക്കാതെ ഉപേക്ഷിക്കുകയും അങ്ങനെ ഇന്ത്യക്ക് പൈതൃകമായി ലഭിക്കുകയും ചെയ്ത അനേകം അന്തർദേശീയ തർക്കങ്ങൾ; വിഭജനം സൃഷ്ടിച്ച സമ്മർദങ്ങൾ, ദാരിദ്ര്യനിർമാർജനം മുതലായവ പരിഹാരത്തിനായി ഇന്ത്യയെ കാത്തുനിന്നിരുന്നു. പൊതുവായ ഈ പശ്ചാലത്തിലാണ് ഒരു സ്വതന്ത്രദേശരാഷ്ട്രം എന്ന നിലക്ക് ഇന്ത്യ ലോകകാര്യങ്ങളിൽ ഇടപെടാനാരംഭിക്കുന്നത്.

ലോകയുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ജന്മംകൊണ്ട ഒരു രാജ്യം എന്ന നിലയിൽ, മറ്റെല്ലാ രാജ്യങ്ങളുടെയും പരമാധികാരത്തെ ബഹുമാനിക്കുന്നതായിരുന്നു ഇന്ത്യയുടെ നിലപാട്. സമാധാനം നിലനിർത്തുന്നതിലൂടെ സുരക്ഷിതത്വം നേടുക എന്ന ലക്ഷ്യത്തെ മുൻനിർത്തിയാണ് ഇന്ത്യ അതിന്റെ വിദേശബന്ധങ്ങൾ രൂപീകരിച്ചത്. രാഷ്ട്രനയത്തെ സംബന്ധിച്ചുള്ള നിർദേശകതത്ത്വങ്ങളിൽ ഈ ലക്ഷ്യം പ്രതിഫലിച്ചു കാണാം.

ഒരു വ്യക്തിയുടെയോ കുടുംബത്തിന്റെയോ പെരുമാറ്റരീതികളെ ആന്തരികവും ബാഹ്യവുമായ ഘടകങ്ങൾ സ്വാധീനിക്കുന്നതുപോലെ ആഭ്യന്തരവും അന്തർദേശീയവുമായ സാഹചര്യങ്ങൾ ഒരു രാഷ്ട്രത്തിന്റെ വിദേശനയത്തെയും സ്വാധീനിക്കുന്നു. വികസ്വരരാജ്യങ്ങൾക്ക്, അന്തർദേശീയ വ്യവസ്ഥയിൽ തങ്ങളുടെ ആവശ്യങ്ങൾ ഫലപ്രദമായി നേടിയെടുക്കുന്നതിന് മതിയായ വിഭവങ്ങളില്ല. ആയതിനാൽ അവർ വികസിത രാജ്യങ്ങളെ അപേക്ഷിച്ച് കൂടുതൽ എളിയ ലക്ഷ്യങ്ങൾ പിന്തുടരുന്നു. രാജ്യത്തിന്റെ സമീപപ്രദേശങ്ങളിൽ സമാധാനത്തിലും വികസനത്തിലും അവർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അതിലുപരിയായി സാമ്പത്തികവും സുരക്ഷാപരവുമായ കാര്യങ്ങളിൽ ശക്തരായ രാജ്യങ്ങളെ ആശ്രയിക്കുന്നത്, ചിലപ്പോഴൊക്കെ അവരുടെ വിദേശനയത്തെ സ്വാധീനിച്ചിട്ടുണ്ട്. രണ്ടാം ലോകയുദ്ധത്തിനു തൊട്ടുശേഷമുള്ള കാലഘട്ടത്തിൽ പല വികസ്വരരാഷ്ട്രങ്ങളും തങ്ങൾക്ക് വായ്പയും സഹായവും നൽകുന്ന ശക്തരായ രാജ്യങ്ങളുടെ വിദേശനയ മുൻഗണനകളെ പിന്തുണയ്ക്കാൻ തയാറായി. രണ്ടു വ്യക്തമായ ചേരികളായുള്ള ലോകരാജ്യങ്ങളുടെ വിഭജനത്തിലേക്ക് അത് നയിച്ചു, യു.എസിനും അതിന്റെ പാശ്ചാത്യ സഖ്യരാഷ്ട്രങ്ങൾക്കും സ്വാധീനമുള്ള ഒരു ചേരിയും അന്നത്തെ സോവിയറ്റ് യൂണിയന് സ്വാധീനമുള്ള മറ്റൊന്നും. സമകാലികലോകരാഷ്ട്രം എന്ന പാഠപുസ്തകത്തിൽ നിങ്ങൾ ഇതിനെക്കുറിച്ച് വായിച്ചിട്ടുണ്ട്. ചേരിചേരാപ്രസ്ഥാനം എന്നു വിളിക്കപ്പെടുന്ന പരീക്ഷണത്തെക്കുറിച്ചും അതിൽ കാണാം. അവിടെതന്നെ നിങ്ങൾ വായിച്ചതുപോലെ, ശീതയുദ്ധത്തിന്റെ അന്ത്യം, അന്തർദേശീയ ബന്ധങ്ങളുടെ പശ്ചാത്തലത്തെ പൂർണമായി മാറ്റി. ഇന്ത്യ സ്വാതന്ത്ര്യം നേടുകയും അതിന്റെ വിദേശനയം രൂപീകരിക്കപ്പെടുകയും ചെയ്യുന്ന സമയത്ത് ശീതയുദ്ധം ആരംഭിക്കുകയും ലോകം രണ്ടു ചേരികളായി വിഭജിക്കപ്പെടുകയുമായിരുന്നു. അമ്പതുകളിലെയും അറുപതുകളിലെയും ആഗോളരാഷ്ട്രീയത്തിൽ, ഇന്ത്യ ഇതിലേതെങ്കിലും ശാക്തികചേരികളിൽ ഉൾപ്പെട്ടിരു

> "സ്വാതന്ത്ര്യം എന്താണ് ഉൾക്കൊള്ളുന്നത്? അടിസ്ഥാനപരമായും മൗലികമായും വിദേശബന്ധങ്ങളാണ് അതുൾക്കൊള്ളുന്നത്. അതാണ് സ്വാതന്ത്ര്യത്തിന്റെ പരിശോധന. മറ്റുള്ളവയെല്ലാം പ്രാദേശിക സ്വയംഭരണമാണ്. ഒരിക്കൽ വിദേശബന്ധങ്ങൾ നിങ്ങളുടെ കൈകളിൽ നിന്ന് വിട്ട് മറ്റാരുടെയെങ്കിലും നിയന്ത്രണത്തിലേക്കു പോയാൽ, അത്രമാത്രം അളവിലും വ്യാപ്തിയിലും നിങ്ങൾ സ്വതന്ത്രരല്ല."
>
> **ജവഹർലാൽ നെഹ്റു**
>
> **1949 മാർച്ചിൽ ഭരണഘടനാനിർമാണ സമിതിയിലെ ഒരു ചർച്ചക്കിടയിൽ.**

**ഭരണഘടനാതത്ത്വങ്ങൾ (The Constitutional Principles)**

അന്തർദേശീയ സമാധാനവും സുരക്ഷിതത്ത്വവും പരിപോഷിപ്പിക്കുന്നതിനായി ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 51-ൽ ചില നിർദേശകതത്ത്വങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

രാഷ്ട്രം പ്രയത്നിക്കേണ്ടതുണ്ട്:

(a) അന്തർദേശീയ സമാധാനവും സുരക്ഷിതത്വവും പരിപോഷിപ്പിക്കാൻ

(b) രാഷ്ട്രങ്ങൾക്കിടയിൽ നീതിയുക്തവും അന്തസുറ്റതുമായ ബന്ധങ്ങൾ നിലനിർത്താൻ

(c) അന്തർദേശീയ നിയമങ്ങളെയും കരാർവ്യവസ്ഥകളെയും ബഹുമാനിച്ചുകൊണ്ടുള്ള സംഘടിത സമൂഹങ്ങളുടെ പരസ്പരമുള്ള ഇടപെടലുകളെ ബഹുമാനിക്കുക

(d) അന്തർദേശീയ തർക്കങ്ങൾ മധ്യസ്ഥ തീരുമാനത്തിലൂടെ പരിഹരിക്കുന്നതിന് പ്രേരിപ്പിക്കൽ

സ്വാതന്ത്ര്യത്തിനുശേഷമുള്ള രണ്ട് ദശാബ്ദക്കാലം ഇന്ത്യ എത്രത്തോളം ഫലപ്രദമായി ഈ തത്ത്വങ്ങളനുസരിച്ച് പ്രവർത്തിച്ചു? ഈ അധ്യായം വായിച്ചശേഷം നിങ്ങൾ ഈ ചോദ്യത്തിലേക്കു തിരിച്ചെത്തുക.

ന്നുവോ? സമാധാനപരമായും അന്തർദേശീയ സംഘർഷങ്ങൾ ഒഴിവാക്കിക്കൊണ്ടും വിദേശനയം നടത്തിക്കൊണ്ടുപോകുന്നതിൽ ഇന്ത്യ വിജയിച്ചിരുന്നുവോ?

## ചേരിചേരാനയം (The Policy of non-alignment)

ഇന്ത്യൻ ദേശീയപ്രസ്ഥാനം ഒരു ഒറ്റപ്പെട്ട പ്രക്രിയയായിരുന്നില്ല. സാമ്രാജ്യത്വത്തിനും കോളനിവാഴ്ചക്കുമെതിരായ ലോകവ്യാപകമായ പോരാട്ടത്തിന്റെ ഭാഗമായിരുന്നു അത്. ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിലെ നിരവധി വിമോചന പ്രസ്ഥാനങ്ങളെ ഇത് സ്വാധീനിച്ചു. സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ ഇന്ത്യൻ ദേശീയ നേതാക്കൾക്കും മറ്റ് കോളനികളിലെ ദേശീയ നേതാക്കൾക്കുമിടയിൽ ബന്ധങ്ങളുണ്ടായിരുന്നു. സാമ്രാജ്യത്വത്തിനും കോളനിവാഴ്ചക്കുമെതിരായ പൊതുവായ പോരാട്ടം എന്ന സമാനതയാണ് ഇവരെ യോജിപ്പിച്ചിരുന്നത്. രണ്ടാം ലോകമഹായുദ്ധക്കാലത്ത് നേതാജി സുഭാഷ് ചന്ദ്രബോസ് ഇന്ത്യൻ നാഷണൽ ആർമി (INA) രൂപീകരിച്ചത് ഇന്ത്യക്കും വിദേശ ഇന്ത്യക്കാർക്കുമിടയിൽ സ്വാതന്ത്ര്യസമരകാലത്തുണ്ടായിരുന്ന ബന്ധത്തിന്റെ തെളിച്ചമുള്ള സാക്ഷാത്കാരമാണ്.

ആഭ്യന്തരവും വൈദേശികവുമായ ഘടകങ്ങളുടെ കൂട്ടായ പ്രവർത്തനത്തെ പ്രതിഫലിപ്പിക്കുന്ന ഒന്നാണ് ഒരു രാജ്യത്തിന്റെ വിദേശനയം. അതുകൊണ്ടുതന്നെ ഇന്ത്യയുടെ സ്വാതന്ത്ര്യ പോരാട്ടത്തിന് പ്രചോദനമായ ആശയങ്ങൾ, ഇന്ത്യൻ വിദേശനയത്തിന്റെ രൂപീകരണത്തെ സ്വാധീനിച്ചിട്ടുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിയും ശീതയുദ്ധകാലഘട്ടത്തിന്റെ ആരംഭവും ഒരേ സമയത്തായത് യാദൃശ്ചികതയാണ്. സമകാലിക ലോകരാഷ്ട്രം എന്ന പാഠപുസ്തകത്തിലെ ഒന്നാം അധ്യായത്തിൽ നിങ്ങൾ വായിച്ചതുപോലെ, ആഗോളതലത്തിൽ യു.എസിന്റെയും യു.എസ്.എസ്.ആറിന്റെയും നേതൃത്വത്തിലുള്ള രണ്ട് ശാക്തികചേരികൾ തമ്മിലുള്ള രാഷ്ട്രീയവും സാമ്പത്തികവും സൈനികവുമായ ഏറ്റുമുട്ടലുകൾകൊണ്ട് രേഖപ്പെടുത്തപ്പെട്ടതാണ് ഈ കാലഘട്ടം. ഐക്യരാഷ്ട്രസഭയുടെ സ്ഥാപനം, ആണവായുധങ്ങളുടെ നിർമാണം, കമ്മ്യൂണിസ്റ്റ് ചൈനയുടെ ആവിർഭാവം അപകോളനീകരണത്തിന്റെ ആരംഭം തുടങ്ങിയ സംഭവവികാസങ്ങൾക്കും ഈ കാലഘട്ടം സാക്ഷ്യം വഹിച്ചു. ആയതിനാൽ, നിലനിന്നിരുന്ന അന്തർദേശീയ പാശ്ചാത്തലത്തിൽ ഇന്ത്യയുടെ നേതൃത്വത്തിന്, ദേശീയതാൽപര്യങ്ങൾ പിന്തുടരേണ്ടതുണ്ടായിരുന്നു.




### നെഹ്റുവിന്റെ പങ്ക് (Nehru's role)

ഇന്ത്യയുടെ ദേശീയ അജണ്ട രൂപപ്പെടുത്തുന്നതിൽ ആദ്യ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു വളരെ നിർണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. അദ്ദേഹം തന്നെയായിരുന്നു, വിദേശവകുപ്പ് കൈകാര്യം ചെയ്തിരുന്നത്. അങ്ങനെ, പ്രധാനമന്ത്രി എന്ന നിലയിലും വിദേശകാര്യ മന്ത്രി എന്ന നിലയിലും 1946

മുതൽ 1964 വരെ, ഇന്ത്യയുടെ വിദേശനയം രൂപപ്പെടുത്തുന്നതിലും നടപ്പാക്കുന്നതിലും അദ്ദേഹം ആഴത്തിലുള്ള സ്വാധീനം ചെലുത്തുകയുണ്ടായി. കഷ്ടപ്പെട്ടുനേടിയ പരമാധികാരം നിലനിർത്തുക, ഭൂമിശാസ്ത്രപരമായ അഖണ്ഡത സംരക്ഷിക്കുക, ദ്രുതഗതിയിലുള്ള സാമ്പത്തികവികസനത്തെ പ്രോത്സാഹിപ്പിക്കുക എന്നിവയായിരുന്നു നെഹ്റുവിന്റെ വിദേശനയത്തിന്റെ പ്രധാനപ്പെട്ട മൂന്ന് ലക്ഷ്യങ്ങൾ. ചേരിചേരായ്മ എന്ന തന്ത്രത്തിലൂടെയാണ് നെഹ്റു ഈ ലക്ഷ്യങ്ങൾ നേടുവാനാഗ്രഹിച്ചത്. ജനാധിപത്യത്തിനനുകൂലം എന്നവകാശപ്പെട്ടിരുന്ന അമേരിക്കൻ ചേരിയോട്, ഇന്ത്യ കൂടുതൽ സൗഹൃദം പുലർത്തുമെന്ന് വിശ്വസിച്ചിരുന്ന വിഭാഗങ്ങളും രാഷ്ട്രീയകക്ഷികളും തീർച്ചയായും അന്നും ഇന്ത്യയിലുണ്ടായിരുന്നു. ഈ രീതിയിൽ ചിന്തിച്ചിരുന്ന നേതാക്കളിൽ ഡോ. അംബേദ്കറിനെപ്പോലെയുള്ള നേതാക്കളുമുണ്ടായിരുന്നു. കമ്മ്യൂണിസത്തെ എതിർത്തിരുന്ന ചില രാഷ്ട്രീകക്ഷികളും ഇന്ത്യ ഒരു അമേരിക്കൻ അനുകൂല വിദേശനയം സ്വീകരിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ഭാരതീയ ജനസംഘവും പിൽക്കാലത്ത് സ്വതന്ത്രപാർട്ടിയും ഇതിലുൾപ്പെട്ടിരുന്നു. പക്ഷെ വിദേശനയം രൂപീകരിക്കുന്നതിൽ നെഹ്റുവിന് നിർണായകമായ മേൽക്കൈ ഉണ്ടായിരുന്നു.

### രണ്ടു ചേരികളിൽ നിന്നുമുള്ള അകലം (Distance from two camps)

ചേരിചേരായ്മ എന്ന നയം ഉയർത്തിപ്പിടിച്ചും ഐക്യരാഷ്ട്രസഭയുടെ സമാധാനം നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മനുഷ്യവിഭവശേഷി സംഭാവന ചെയ്തും, ശീതയുദ്ധസംഘർഷങ്ങൾ ലഘൂകരിച്ചും, സമാധാനവും ശാന്തിയും പുലരുന്ന ഒരു ലോകം എന്ന സ്വപ്നത്തെ സ്വതന്ത്ര ഇന്ത്യയുടെ വിദേശനയം തീവ്രമായി പിന്തുടരുന്നു. ശീതയുദ്ധകാലത്ത് രണ്ടിൽ ഒരു ചേരിയിലും എന്തുകൊണ്ട് ഇന്ത്യ ചേർന്നില്ലെന്ന് നിങ്ങൾ ചോദിച്ചേക്കാം. അമേരിക്കയും സോവിയറ്റ് യൂണിയനും പരസ്പരം എതിരായി രൂപീകരിച്ച സൈനിക സഖ്യങ്ങളിൽനിന്നും അകന്നുനിൽക്കാൻ ഇന്ത്യ ആഗ്രഹിച്ചു. 'സമകാലിക ലോക രാഷ്ട്രീയം' എന്ന പാഠപുസ്തകത്തിൽ നിങ്ങൾ വായിച്ചതുപോലെ, ശീതയുദ്ധകാലഘട്ടത്തിൽ യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയുടെ നേതൃത്വത്തിൽ അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈസേഷനും (NATO) സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള വാഴ്സാ ഉടമ്പടിയും (Warsaw Pact) നിലവിൽവന്നു. ചേരിചേരാനയമാണ് മാതൃകാ വിദേശനയസമീപനം എന്ന് ഇന്ത്യ വാദിച്ചു. ഇതൊരു പ്രയാസകരമായ സന്തുലിത പ്രവൃത്തിയായിരുന്നു (Balancing Act). ചിലപ്പോഴൊക്കെ ഈ സന്തുലനം കുറ്റമറ്റതായി കാണപ്പെട്ടില്ല. സൂയസ് കനാൽ വിഷയത്തിൽ, 1956-ൽ ബ്രിട്ടൻ ഈജിപ്തിനെ ആക്രമിച്ചപ്പോൾ, ഈ നവകൊളോണിയൽ അധിനിവേശത്തിനെതിരെയുള്ള ലോകവ്യാപകമായ പ്രതിഷേധത്തെ നയിച്ചത് ഇന്ത്യയാണ്. പക്ഷേ, അതേ വർഷംതന്നെ, യു.എസ്.എസ്.ആർ. ഹംഗറിയിൽ അതിക്രമിച്ചു കയറിയപ്പോൾ അതിനെ അപലപിച്ചവരോടൊപ്പം ഇന്ത്യ ചേർന്നില്ല. അത്തരം സാഹചര്യങ്ങൾ ഉണ്ടായിരുന്നെങ്കിലും അന്തർദേശീയ വിഷയങ്ങളിൽ മിക്കപ്പോഴും ഏറ്റക്കുറച്ചിലുകളോടെ ഇന്ത്യ സ്വതന്ത്രമായ നിലപാട് സ്വീകരിക്കുകയും, രണ്ട് ശാക്തികചേരികളിലെയും അംഗങ്ങളിൽനിന്നും സഹായവും പിന്തുണയും നേടുകയും ചെയ്തിരുന്നു.

ചേരിചേരായ്മ എന്ന നയത്തെക്കുറിച്ച് മറ്റ് വികസ്വരരാജ്യങ്ങളെ ബോധ്യപ്പെടുത്തുവാൻ ഇന്ത്യ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ, പാകിസ്ഥാൻ അമേരിക്കൻ നേതൃത്വത്തിലുള്ള സൈനികസഖ്യത്തിൽ അംഗമായി ചേർന്നു. ഇന്ത്യയുടെ ചേരിചേരാനയത്തിലും സ്വതന്ത്ര ഉദ്യമങ്ങളിലും യു.എസ്. ഒട്ടുംതന്നെ സന്തുഷ്ടരായിരുന്നില്ല. അതുകൊണ്ടുതന്നെ 1950-കളിലെ ഇന്ത്യ-യു.എസ്. ബന്ധങ്ങളിൽ കാര്യമായ അസ്വസ്ഥത നിലനിന്നിരുന്നു. സോവിയറ്റ് യൂണിയനുമായുള്ള ഇന്ത്യയുടെ വളർന്നുകൊണ്ടിരിക്കുന്ന പങ്കാളിത്തത്തിലും യു.എസ്. അമർഷം രേഖപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യ സ്വീകരിച്ച ആസൂത്രിത സാമ്പത്തികവികസനം എന്ന തന്ത്രത്തെക്കുറിച്ച് കഴിഞ്ഞ അധ്യായത്തിൽ നിങ്ങൾ പഠിച്ചിട്ടുണ്ട്. ഇറക്കുമതിക്ക് ബദൽ കണ്ടെത്തുക എന്ന ആശയത്തിന് ഇത് ഊന്നൽ നൽകുന്നു. വിഭവങ്ങളുടെ ഒരു അടിത്തറ വികസിപ്പിക്കുന്നതിന് നൽകുന്ന ഊന്നൽ അർഥമാക്കുന്നത്, കയറ്റുമതി

> "നമ്മുടെ പൊതുനയം, ശാക്തികരാഷ്ട്രീയത്തിൽ കുടുങ്ങികിടക്കുക എന്നതോ, പരസ്പരവിരുദ്ധമായി രൂപീകരിക്കപ്പെട്ട ഏതെങ്കിലും ഒരു ശാക്തിക കൂട്ടായ്മയിൽ ചേരുകയോ എന്നതല്ല. ഇന്നത്തെ ഏറ്റവും പ്രബലമായ രണ്ട് ഗ്രൂപ്പുകൾ, റഷ്യൻ ചേരിയും ആംഗ്ലോ അമേരിക്കൻ ചേരിയുമാണ്. ഒന്നിലും ചേരാതെ നമ്മൾ രണ്ടിനോടും സൗഹൃദം പുലർത്തണം. അമേരിക്കയും റഷ്യയും ഒരേപോലെ അസാധാരണമാംവിധം പരസ്പരം സംശയാലുക്കളാണ്, ഒപ്പം മറ്റ് രാജ്യങ്ങളോടും. എതിരാളിയോട് നമ്മൾ കൂടുതൽ ചായുന്നുവെന്ന്, രണ്ടുപേരും നമ്മളെ സംശയിച്ചേക്കാം എന്നത് നമ്മുടെ പാത ദുഷ്കരമാക്കുന്നു. ഇതിൽ ഒന്നും ചെയ്യാനില്ല."
>
> **ജവഹർലാൽ നെഹ്റു**
>
> **1947-ൽ കെ.പി.എസ്. മേനോനെഴുതിയ കത്ത്**

അടിസ്ഥാനമാക്കിയുള്ള വളർച്ച പരിമിതമായിരുന്നു എന്നാണ് ഈ വികസന തന്ത്രം പുറംലോകവുമായുള്ള ഇന്ത്യയുടെ സാമ്പത്തിക ഇടപാടുകളെ പരിമിതപ്പെടുത്തി.




### ആഫ്രോ-ഏഷ്യൻ ഐക്യം (Afro-Asian unity)

വലിപ്പം, സ്ഥാനം, ശാക്തികശേഷി എന്നിവ കണക്കിലെടുക്കുമ്പോൾ, ലോകകാര്യങ്ങളിൽ പ്രത്യേകിച്ച് ഏഷ്യൻ രാജ്യങ്ങളിൽ ഇന്ത്യക്ക് ഒരു സുപ്രധാന പങ്കുണ്ടാവണമെന്ന് നെഹ്റു വിഭാവനം ചെയ്തു. അടുത്തകാലത്തായി സ്വാതന്ത്ര്യം നേടിയ ഏഷ്യയിലെയും ആഫ്രിക്കയിലെയും രാജ്യങ്ങളുമായി ഇന്ത്യ സ്ഥാപിച്ച ബന്ധങ്ങളാൽ രേഖപ്പെടുത്തപ്പെട്ടതായിരുന്നു അദ്ദേഹത്തിന്റെ കാലഘട്ടം. 1940-കളിലും 1950-കളിലും ഉടനീളം ഏഷ്യൻ ഐക്യത്തിനുവേണ്ടി ശക്തമായി വാദിച്ചയാളായിരുന്നു നെഹ്റു. സ്വാതന്ത്ര്യം നേടുന്നതിന് അഞ്ചുമാസങ്ങൾക്കു മുമ്പ് 1947 മാർച്ച് മാസത്തിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇന്ത്യ, ഏഷ്യൻ റിലേഷൻസ് കോൺഫറൻസ് വിളിച്ചുചേർക്കുകയുണ്ടായി. ഡച്ച് കോളനിവാഴ്ചയിൽ നിന്നുള്ള ഇന്തോനേഷ്യയുടെ എത്രയും വേഗത്തിലുള്ള സ്വാതന്ത്ര്യലബ്ധിക്കായി ഇന്ത്യ ആത്മാർഥമായ ശ്രമങ്ങൾ നടത്തുകയും അവരുടെ സ്വാതന്ത്ര്യപോരാട്ടത്തിന് പിന്തുണ നൽകുന്നതിനായി 1949-ൽ ഇന്ത്യ ഒരു അന്തർദേശീയ സമ്മേളനം വിളിച്ചുചേർക്കുകയുമുണ്ടായി. അപകോളനീകരണത്തെ ഇന്ത്യ ശക്തമായി പിന്തുണച്ചതോടൊപ്പം, വംശീയതയെ പ്രത്യേകിച്ചും, ദക്ഷിണാഫ്രിക്കയിലെ വർണവിവേചനത്തെ ശക്തമായി എതിർത്തു. പുതിയതായി സ്വതന്ത്ര്യം പ്രാപിച്ച ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം അതിന്റെ പാരമ്യത്തിലെത്തിയത് ബന്ദുങ് കോൺഫറൻസ് എന്ന് പൊതുവെ അറിയപ്പെടുന്ന, 1955-ൽ ഇന്തോനേഷ്യൻ നഗരമായ ബന്ദുങിൽവച്ച് നടന്ന ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളുടെ സമ്മേളനത്തിലൂടെയായിരുന്നു. ബന്ദൂങ് സമ്മേളനം പിന്നീട് ചേരിചേരാപ്രസ്ഥാനത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ചു. 1961 സെപ്തംബറിൽ ബൽഗ്രേഡിൽ വച്ച് ചേരിചേരാപ്രസ്ഥാനത്തിന്റെ ആദ്യ ഉച്ചകോടി നടന്നു. ചേരിചേരാപ്രസ്ഥാനത്തിന്റെ സഹസ്ഥാപകനായിരുന്നു നെഹ്റു (സമകാലിക ലോകരാഷ്ട്രീയത്തിലെ അധ്യായം 1 കാണുക).

> “കരുത്തിന്റെ മൂന്ന് ഉപാധികളായ അസംസ്കൃതവസ്തുക്കൾ, മനുഷ്യവിഭവശേഷി, ധനം എന്നിവയില്ലാതെ ഒരു രാജ്യം സംസ്കൃതലോകത്തെ ഏറ്റവും വലിയ ധാർമികശക്തിയായി അതിവേഗം അംഗീകരിക്കപ്പെടുന്നു... മഹത്വ്യക്തികളുടെ സമിതികളിൽ അവളുടെ വാക്കുകൾ ആദരവോടെ സ്വീകരിക്കപ്പെടുന്നു.”
>
> **സി. രാജഗോപാലാചാരി**
> **1950-ൽ എഡ്വിന മൗണ്ട്ബാറ്റന് എഴുതിയ കത്ത്**

### ചൈനയുമായുള്ള സമാധാനവും സംഘർഷവും
### (Peace and conflict with China)

പാകിസ്ഥാനുമായുള്ള ഇന്ത്യയുടെ ബന്ധത്തിൽനിന്ന് വ്യത്യസ്തമായി, ചൈനയുമായുള്ള സ്വതന്ത്ര ഇന്ത്യയുടെ ബന്ധത്തിന്റെ തുടക്കം സൗഹാർദപരമായിരുന്നു. 1949-ലെ ചൈനീസ് വിപ്ളവത്തിനുശേഷം, ചൈനയിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ ആദ്യം അംഗീകരിച്ച രാഷ്ട്രങ്ങളിൽ ഒന്നായിരുന്നു ഇന്ത്യ. പാശ്ചാത്യ മേധാവിത്വത്തിന്റെ നിഴലിൽനിന്നും പുറത്തേക്കുവരുന്ന ഈ അയൽരാജ്യത്തെ നെഹ്റു ശക്തമായി പിന്തുണയ്ക്കുകയും അന്താരാഷ്ട്ര വേദികളിൽ ഈ പുതിയ ഗവൺമെന്റിനെ സഹായിക്കുകയും ചെയ്തു. ഭാവിയിലുണ്ടായേക്കാവുന്ന ഒരു ചൈനീസ് ആക്രമണത്തിന്റെ സാധ്യതയെക്കുറിച്ച് വല്ലഭ്ഭായി പട്ടേലിനെപ്പോലെയുള്ള നെഹ്റുവിന്റെ ചില സഹപ്രവർത്തകർ ആശങ്കപ്പെട്ടിരുന്നു. ചൈനയിൽനിന്നും ഇന്ത്യക്ക് ഒരാക്രമണം നേരിടേണ്ടിവരുന്ന സാഹചര്യം തീരെയുണ്ടാകില്ലെന്നാണ് നെഹ്റു ചിന്തിച്ചിരുന്നത്. ഏറെക്കാലം ചൈനീസ് അതിർത്തി സംരക്ഷിച്ചിരുന്നത് സൈന്യത്തിനുപകരം അർദ്ധസൈനികവിഭാഗമായിരുന്നു. ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന നെഹ്റുവും ചൈനീസ് പ്രീമിയറായിരുന്ന ചൗ എൻലായും 1954 ഏപ്രിൽ മാസം 29-ന് സംയുക്തമായി, സമാധാനപരമായ സഹവർത്തിത്വത്തിന്റെ അഞ്ച് തത്ത്വങ്ങളായ പഞ്ചശീലതത്ത്വങ്ങൾ പ്രഖ്യാപിച്ചു. രണ്ടു രാജ്യങ്ങൾക്കുമിടയിലുള്ള ബന്ധം കൂടുതൽ ശക്തമാക്കുന്ന ദിശയിലുള്ള ഒരു കാൽവയ്പ്പായിരുന്നു ഇത്.

ഇന്ത്യയിലെയും ചൈനയിലെയും നേതാക്കൾ പരസ്പരം രാജ്യങ്ങൾ സന്ദർശിക്കുകയും ആഹ്ളാദാരവങ്ങളോടെ വലിയ ജനക്കൂട്ടം അവരെ സ്വീകരിക്കുകയും ചെയ്തു.


The Hindustan Times

INDIA OFFERS SANCTUARY TO THE DALAI LAMA

Arrival In NEFA With 80 Others

LOK SABHA APPLAUDS NEHRU'S STATEMENT

AN EPIC ESCAPE

Dalai Lama Expected ... Tomorrow

## ടിബറ്റ്


Credit: Homai Vyarawalla

ദലൈലാമ അദ്ദേഹത്തിന്റെ അനുയായി കൾക്കൊപ്പം ഇന്ത്യയിലേക്ക് പ്രവേശിക്കുന്നു.

ചരിത്രപരമായി, ഇന്ത്യക്കും ചൈനക്കുമിടയിൽ സംഘർഷത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് മധ്യേഷ്യൻ പീഠഭൂമിയായ ടിബറ്റുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ചരിത്രത്തിൽ കാലാകാലങ്ങളിൽ ടിബറ്റിനുമേൽ ചൈന ഭരണപരമായ നിയന്ത്രണം അവകാശപ്പെട്ടിരുന്നു. പല കാലങ്ങളിലും ടിബറ്റ് സ്വതന്ത്രമായിരുന്നുതാനും. 1950-ൽ ചൈന ടിബറ്റിനുമേലുള്ള നിയന്ത്രണം കൈവശപ്പെടുത്തി. ടിബറ്റിലെ വലിയൊരുവിഭാഗം ജനങ്ങൾ ഇതിനെ എതിർത്തു. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ടിബറ്റിന്റെ അവകാശവാദങ്ങളെ അംഗീകരിപ്പിക്കുന്നതിനായി ഇന്ത്യ, ചൈനയെ പ്രേരിപ്പിക്കാൻ ശ്രമിച്ചു. ഇന്ത്യയും ചൈനയും 1954-ൽ പഞ്ചശീലതത്ത്വങ്ങൾ ഒപ്പുവച്ചപ്പോൾ, ഭൂമിശാസ്ത്രപരമായ അവണ്ഡതയും പരമാധികാരവും പരസ്പരം ബഹുമാനിക്കുക എന്നത് അതിലെ ഒരു വ്യവസ്ഥയായിരുന്നിട്ടുപോലും ടിബറ്റിന്റെ മേലുള്ള ചൈനയുടെ അവകാശവാദങ്ങളെ ഇന്ത്യ അംഗീകരിച്ചു. ചൈനീസ് പ്രീമിയർ ആയ ചൗ എൻലായ് 1956-ൽ ഇന്ത്യ സന്ദർശിച്ചവേളയിൽ, ടിബറ്റിന്റെ ആത്മീയ നേതാവായ ദലൈലാമ അദ്ദേഹത്തെ അനുഗമിക്കുകയുണ്ടായി. ടിബറ്റിലെ വഷളായിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളെക്കുറിച്ച് അദ്ദേഹം നെഹ്റുവിനെ ധരിപ്പിക്കുകയുണ്ടായി. ചൈനയിലെ മറ്റേതൊരു പ്രദേശത്തിനും അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ സ്വയംഭരണാധികാരം ടിബറ്റിന് നൽകുന്നതാണെന്ന് ചൈന മുമ്പേതന്നെ ഇന്ത്യക്ക് ഉറപ്പു നൽകിയിരുന്നു. ചൈനയുടെ കൈവശപ്പെടുത്തലിനെതിരെ 1958-ൽ ടിബറ്റിൽ സായുധമുന്നേറ്റങ്ങളുണ്ടായി. ഇതിനെ ചൈനീസ് പട്ടാളം അടിച്ചമർത്തി. കാര്യങ്ങൾ കൂടുതൽ വഷളാവുന്നുവെന്ന് ബോധ്യപ്പെട്ട ദലൈലാമ 1959-ൽ ഇന്ത്യൻ അതിർത്തി കടന്ന് ഇന്ത്യയിലേക്ക് പ്രവേശിക്കുകയും ഇന്ത്യയോട് അഭയം തേടുകയും ഇന്ത്യ അത് നൽകുകയും ചെയ്തു. ചൈനീസ് ഗവൺമെന്റ് ഇതിൽ ശക്തമായ എതിർപ്പ് പ്രകടിപ്പിക്കുകയുണ്ടായി. കഴിഞ്ഞ അര നൂറ്റാണ്ടിനിടയിൽ വളരെയധികം ടിബറ്റുകാർ ഇന്ത്യയിലും അതുപോലെ ലോകത്തെ മറ്റു പല രാജ്യങ്ങളിലും അഭയം തേടുകയുണ്ടായി. ഇന്ത്യയിൽ, പ്രത്യേകിച്ച് ഡൽഹിയിൽ ടിബറ്റൻ അഭയാർഥികളുടെ വലിയ വാസസ്ഥലങ്ങളുണ്ട്. ഹിമാചൽപ്രദേശിലെ ധർമശാലയായിരിക്കും ഒരുപക്ഷെ ഇന്ത്യയിലെ ഏറ്റവും വലിയ ടിബറ്റൻ അഭയാർഥികേന്ദ്രം. ദലൈലാമയും ഇന്ത്യയിലെ അദ്ദേഹത്തിന്റെ ഗൃഹമാക്കിമാറ്റിയത് ധർമശാലയാണ്. സോഷ്യലിസ്റ്റ് പാർട്ടിയും ജനസംഘവുമടക്കമുള്ള ഇന്ത്യയിലെ പല പാർട്ടികളും, നേതാക്കളും ടിബറ്റിന്റെ സ്വാതന്ത്ര്യത്തെ 1950-കളിലും 1960-കളിലും പിന്തുണച്ചിരുന്നു.

ചൈനയുടെ അവിഭാജ്യഘടകമായ ഒരു സ്വയംഭരണപ്രദേശമായി ടിബറ്റിനെ ചൈന മാറ്റിയെടുത്തു. ടിബറ്റ് തങ്ങളുടെ ഭൂപ്രദേശമാണെന്നുള്ള ചൈനയുടെ അവകാശവാദത്തെ ടിബറ്റുകാർ അംഗീകരിക്കുന്നില്ല. കൂടുതൽ ചൈനീസ് കുടിയേറ്റക്കാരെ ടിബറ്റിലേക്ക് കൊണ്ടുവരുന്ന ചൈനീസ് നയത്തെയും അവർ എതിർക്കുന്നു. ടിബറ്റിന് സ്വയംഭരണാധികാരം നൽകിയിട്ടുണ്ടെന്ന ചൈനയുടെ അവകാശവാദത്തോട് അവർ വിയോജിക്കുന്നു. പരമ്പരാഗതമായ അവരുടെ മതത്തെയും സംസ്കാരത്തെയും തകർക്കാൻ ചൈന ആഗ്രഹിക്കുന്നതായാണ് അവർ കരുതുന്നത്.






MENON GOES

Dramatic announcement by Mr Nehru

Tremendous cheers acclaim news

Ranadive, other Reds arrested




ചൈനയുമായുള്ള അതിർത്തി തർക്കം 1960-ൽ സ്ഫോടനാത്മകമായി. നെഹ്റുവും മാവോ സെ തുങ്ങും തമ്മിലുള്ള ചർച്ചകൾ നിഷ്ഫലമായി.



The Hindustan Times Weekly

Indian troops fall back in NEFA and Ladakh

Dhola, Khinzemane posts abandoned

Chinese advance pushed at heavy cost

We will not live

China has numerical and logistic edge

1962




Credit: R. K. Laxman






नईदुनिया

न द्वारा नेफा व लद्दाख क्षेत्र में एक साथ भीषण आक्रमण

दो भारतीय चौकियों का पतन



**വി.കെ. കൃഷ്ണമേനോൻ (1897–1974)**

നയതന്ത്രജ്ഞൻ, മന്ത്രി; 1934–നും 1947–നുമിടയിൽ ബ്രിട്ടനിലെ ലേബർ പാർട്ടിയിൽ സജീവം; യു.കെ.യിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ, പിന്നീട് യു.എസിലെ ഇന്ത്യൻ പ്രതിനിധി സംഘത്തിന്റെ തലവൻ; രാജ്യാസഭാംഗം, പിന്നീട് ലോക്സഭാംഗം; 1956 മുതൽ കേന്ദ്ര കാബനറ്റിൽ അംഗം; 1957 മുതൽ ഇന്ത്യൻ പ്രതിരോധമന്ത്രി; നെഹ്റുവിനോട് വളരെ അടുപ്പം പുലർത്തിയിരുന്ന വ്യക്തി; 1962–ലെ ഇന്ത്യാ–ചൈന യുദ്ധത്തിനുശേഷം രാജിവച്ചു.

## 1962–ലെ ചൈനീസ് ആക്രമണം (The Chinese invasion, 1962)

രണ്ടു സംഭവവികാസങ്ങൾ ഇന്ത്യ–ചൈന ബന്ധത്തെ വഷളാക്കി. 1950–ൽ ചൈന, ടിബറ്റ് കീഴടക്കുകയും തന്മൂലം ചരിത്രപരമായി ഇന്ത്യക്കും ചൈനക്കുമിടയിലുണ്ടായിരുന്ന ഒരു നിഷ്പക്ഷരാജ്യം (Buffer state) നീക്കം ചെയ്യപ്പെടുകയും ചെയ്തു. തുടക്കത്തിൽ ഇന്ത്യാ ഗവൺമെന്റ് ഇതിനെ പരസ്യമായി തുറന്നെതിർത്തിരുന്നില്ല. ടിബറ്റൻ സംസ്കാരത്തെ അടിച്ചമർത്തുന്നതിന്റെ കൂടുതൽ വിവരങ്ങൾ വന്നുതുടങ്ങിയതോടെ ഇന്ത്യാ ഗവൺമെന്റിന്റെ അതൃപ്തി കൂടുതൽ പ്രകടമായിത്തുടങ്ങി. ടിബറ്റിന്റെ ആത്മീയ നേതാവായ ദലൈലാമ 1959–ൽ ഇന്ത്യയോട് രാഷ്ട്രീയാഭയം തേടുകയും ലഭിക്കുകയും ചെയ്തു. ഇന്ത്യക്കുള്ളിൽ ചൈന വിരുദ്ധപ്രവർത്തനങ്ങൾക്ക് ഇന്ത്യ അനുവാദം നൽകുകയാണെന്ന ആരോപണം ചൈന ഉന്നയിച്ചു.

> “തുറന്നുപറഞ്ഞാൽ... ചൗ എൻ ലായിയെക്കുറിച്ച് എന്റെ ധാരണ വളരെ തൃപ്തികരമാണ്... ചൈനീസ് പ്രീമിയർ ഒരു നല്ല മനുഷ്യനും വിശ്വാസയോഗ്യനുമാണെന്ന് ഞാൻ വിശ്വസിക്കുന്നു.”
>
> **സി. രാജഗോപാലാചാരി**
> **1956 ഡിസംബറിലെ ഒരു കത്തിൽനിന്ന്.**

കുറച്ചു നാളുകൾക്കുമുമ്പ് ഇന്ത്യക്കും ചൈനക്കുമിടയിൽ ഒരു അതിർത്തിത്തർക്കം ഉയർന്നുവന്നിരുന്നു. കോളനിവാഴ്ച കാലത്തുതന്നെ പരിഹരിക്കപ്പെട്ട ഒന്നാണ് അതിർത്തി എന്നതായിരുന്നു ഇന്ത്യയുടെ നിലപാട്, എന്നാൽ കൊളോണിയൽ തീരുമാനങ്ങൾ തങ്ങൾക്ക് ബാധകമല്ല എന്നതായിരുന്നു ചൈനയുടെ നിലപാട്. നീണ്ട അതിർത്തിയിലെ കിഴക്കും പടിഞ്ഞാറും അറ്റങ്ങളിലാണ് പ്രധാനമായും തർക്കമുണ്ടായിരുന്നത്. ഇന്ത്യൻ ഭൂപ്രദേശത്തിനുള്ളിൽ രണ്ടു പ്രദേശങ്ങളിൽ ചൈന അവകാശവാദം ഉന്നയിച്ചു. ജമ്മുകാശ്മീരിലെ ലഡാക്ക് മേഖലയിലെ അക്സായിചിൻ പ്രദേശവും NEFA (North Eastern Frontier Agencey) എന്ന് മുമ്പ് അറിയപ്പെട്ടിരുന്ന അരുണാചൽപ്രദേശത്തിന്റ മിക്ക പ്രദേശങ്ങളും. 1957–നും 1959–നുമിടയിൽ ചൈന അക്സായിചിൻ പ്രദേശം കൈവശപ്പെടുത്തുകയും അവിടെ ഒരു തന്ത്രപ്രധാനമായ പാത നിർമിക്കുകയും ചെയ്തു. ഉന്നത നേതാക്കൾക്കിടയിൽ ദീർഘമായ എഴുത്തുകുത്തുകളും ചർച്ചകളും നടന്നുവെങ്കിലും ഈ അഭിപ്രായവ്യത്യാസങ്ങൾ പരഹരിക്കപ്പെടുകയുണ്ടായില്ല. രണ്ടു രാജ്യത്തെയും സൈന്യങ്ങൾ തമ്മിൽ അതിർത്തിപ്രദേശങ്ങളിൽ നിരവധി ചെറിയ ഏറ്റുമുട്ടലുകൾ ഉണ്ടാവുകയുണ്ടായി.

‘സമകാലിക ലോകരാഷ്ട്രീയം’ എന്ന പാഠപുസ്തകത്തിൽ ഒന്നാമത്തെ അധ്യായത്തിലെ ക്യൂബൻ മിസൈൽ പ്രതിസന്ധി നിങ്ങൾക്ക് ഓർമയുണ്ടോ? രണ്ട് വൻശക്തികൾ ഉൾപ്പെട്ട ഈ പ്രതിസന്ധിയിൽ മുഴുവൻ ലോകത്തിന്റെയും ശ്രദ്ധ പതിഞ്ഞിരുന്ന ആ സമയത്ത്, 1962 ഒക്ടോബർ മാസത്തിൽ ഈ രണ്ട് തർക്കപ്രദേശങ്ങളിലും വ്യാപകവും ദ്രുതഗതിയിലുള്ളതുമായ ഒരു സൈനിക അധിനിവേശം ചൈന നടത്തി. ഒരാഴ്ച നീണ്ട ആദ്യത്തെ ആക്രമണത്തിൽ അരുണാചൽപ്രദേശിന്റെ ചില ഭാഗങ്ങൾ ചൈനീസ് സൈന്യം കൈവശപ്പെടുത്തി. തൊട്ടടുത്ത മാസമാണ് ആക്രമണത്തിന്റെ രണ്ടാംഘട്ടമുണ്ടാകുന്നത്. പടിഞ്ഞാറ് ഭാഗത്ത്, ലഡാക്ക് മേഖലയിൽ ചൈനീസ് സൈന്യത്തിന്റെ മുന്നേറ്റം തടഞ്ഞുനിർത്താൻ ഇന്ത്യൻ സേനക്ക് കഴിഞ്ഞുവെങ്കിലും കിഴക്കുഭാഗത്ത്, അസം സമതലത്തിന്റെ പ്രവേശന കവാടംവരെ മുന്നേറുവാൻ ചൈനീസ് സൈന്യത്തിന് കഴിഞ്ഞു. ഒടുക്കം ഏകപക്ഷീയമായി ചൈന വെടിനിർത്തൽ പ്രഖ്യാപിക്കുകയും അധിനിവേശം ആരംഭിക്കുന്നതിനുമുമ്പുള്ള സ്ഥാനത്തേക്ക് അവരുടെ സൈന്യം പിൻവാങ്ങുകയും ചെയ്തു.




ചൈനായുദ്ധം ഇന്ത്യയിലും വിദേശത്തും ഇന്ത്യയുടെ പ്രതിച്ഛായക്കു മങ്ങലേൽപ്പിച്ചു. ഈ പ്രതിസന്ധി മറികടക്കാനുള്ള സൈനികസഹായത്തിന് അമേരിക്കയേയും ബ്രിട്ടനേയും ഇന്ത്യക്ക് സമീപിക്കേണ്ടിവന്നു. ഈ സംഘർഷസമയത്ത് സോവിയറ്റ് യൂണിയൻ നിഷ്പക്ഷത പുലർത്തി. ഇത് ദേശീയതലത്തിൽ അപമാനബോധവും അതേസമയം ദേശീയത എന്ന വികാരത്തെ ശക്തിപ്പെടുത്തുകയും ചെയ്തു. കരസേനയിലെ ഉയർന്ന ചില ഉദ്യോഗസ്ഥർ ഒന്നുകിൽ രാജിവയ്ക്കുകയോ അല്ലെങ്കിൽ വിരമിക്കുകയോ ചെയ്തു. അന്നത്തെ പ്രതിരോധമന്ത്രിയും നെഹ്റുവിന്റെ സന്തതസഹചാരിയുമായിരുന്ന ശ്രീ വി. കെ. കൃഷ്ണമേനോന് മന്ത്രിസഭയിൽനിന്ന് പുറത്തുപോകേണ്ടിവന്നു. ചൈനയുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമായി വിലയിരുത്തുന്നതിൽ പരാജയപ്പെട്ടതിനും ഇന്ത്യയുടെ സൈനികസന്നാഹത്തിന്റെ തയാറെടുപ്പില്ലായ്മക്കും നെഹ്റുവും നിശി

**ഓടിച്ചൊരു വായന...**
**ഇന്ത്യ-ചൈന ബന്ധങ്ങൾ**
**1962 മുതൽ**

സാധാരണബന്ധം പുനസ്ഥാപിക്കുന്നതിന് ഇന്ത്യയും ചൈനയും ഒരു ദശാബ്ദത്തിൽ കൂടുതലെടുത്തു. 1976-ലാണ് രണ്ടു രാഷ്ട്രങ്ങൾക്കുമിടയിലെ നയതന്ത്രബന്ധം പൂർണമായി പുനസ്ഥാപിക്കപ്പെടുന്നത്. 1979-ൽ അന്നത്തെ വിദേശകാര്യമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പേയിയാണ് ചൈന സന്ദർശിക്കുന്ന ആദ്യത്തെ മുതിർന്ന നേതാവ്. പിന്നീട്, ജവഹർലാൽ നെഹ്റുവിനുശേഷം ചൈന സന്ദർശിക്കുന്ന ആദ്യത്തെ ഇന്ത്യൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയായിരുന്നു. അതിനുശേഷമാണ് രണ്ടു രാജ്യങ്ങൾക്കുമിടയിലെ വ്യാപാര ബന്ധങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകാൻ ആരംഭിച്ചത് സമകാലിക ലോകരാഷ്ട്രീയം എന്ന പുസ്തകത്തിൽ ഈ സംഭവവികാസങ്ങളെക്കുറിച്ച് നിങ്ങൾ നേരത്തെതന്നെ വായിച്ചിട്ടുണ്ട്.

തവിമർശനത്തിന് വിധേയമാവുകയും അദ്ദേഹത്തിന്റെ ഔന്നത്യത്തെത്തന്നെ അത് പ്രതികൂലമായി ബാധിക്കുകയും ചെയ്തു. ആദ്യമായി, അദ്ദേഹത്തിന്റെ ഗവൺമെന്റിനെതിരായി ഒരു അവിശ്വാസപ്രമേയം ലോകസഭയിൽ അവതരിപ്പിക്കപ്പെടുകയും ചർച്ചചെയ്യുകയും ചെയ്തു. അതിനുശേഷം, ലോകസഭയിലേക്ക് നടന്ന ചില ഉപതിരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് പരാജയം നേരിട്ടു. രാജ്യത്തിന്റെ രാഷ്ട്രീയ മനോഭാവത്തിൽ മാറ്റം വന്നുതുടങ്ങി.

ഇന്ത്യ-ചൈന സംഘർഷം പ്രതിപക്ഷത്തെയും ബാധിച്ചു. ഇതും, ചൈനക്കും സോവിയറ്റ് യൂണിയനുമിടയിൽ വളർന്നു കൊണ്ടിരുന്ന അകൽച്ചയും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളിൽ പരിഹരിക്കാനാവാത്ത തരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങൾ സൃഷ്ടിച്ചു. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളിലെ (സി.പി.ഐ.) സോവിയറ്റ് അനുകൂലവിഭാഗം കോൺഗ്രസുമായി കൂടുതൽ അടുത്ത ബന്ധങ്ങളിലേക്കു നീങ്ങി. മറു വിഭാഗം, കുറച്ചുകാലം ചൈനയോട് അടുപ്പം പുലർത്തുകയും, കോൺഗ്രസുമായുള്ള ഏതുതരത്തിലുള്ള അടുപ്പത്തെയും എതിർക്കുകയും ചെയ്തു. പാർട്ടി 1964-ൽ പിളരുകയും, രണ്ടാമത്തെ വിഭാഗത്തിന്റെ നേതാക്കൾ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) സി.പി.ഐ. (എം) എന്ന പാർട്ടി രൂപീകരിക്കുകയും ചെയ്തു. ചൈനീസ് ആക്രമണത്തിന്റെ പാശ്ചാത്തലത്തിൽ, സി.പി.ഐ. (എം) ആയി മാറിയ വിഭാഗത്തിന്റെ പല നേതാക്കളും, ചൈന അനുകൂലനിലപാട് സ്വീകരിച്ചതിന്റെ പേരിൽ അറസ്റ്റു ചെയ്യപ്പെട്ടു.

വടക്കുകിഴക്കൻ മേഖലയിലെ കലുഷിതമായ സാഹചര്യങ്ങളെപ്പറ്റി, ചൈനയുമായുള്ള യുദ്ധം, ഇന്ത്യൻ നേതാക്കളെ ജാഗരൂകരാക്കി. ഒറ്റപ്പെട്ടുകിടക്കുന്നതും തീർത്തും അവികസിതവുമായ, ഈ മേഖല ഇന്ത്യയുടെ ദേശീയോദ്ഗ്രഥനത്തിനും രാഷ്ട്രീയ ഐക്യത്തിനും ഒരു വലിയ വെല്ലുവിളിയാണ്. ഈ മേഖലയെ പുനസംഘടിപ്പിക്കുന്നതിനുള്ള പ്രക്രിയ ചൈനീസ് യുദ്ധാനന്തരം എത്രയും പെട്ടെന്ന് ആരംഭിക്കുകയുണ്ടായി. നാഗാലാന്റിന് സംസ്ഥാനപദവി അനുവദിക്കപ്പെട്ടു. കേന്ദ്രഭരണപ്രദേശങ്ങളായിരുന്നെങ്കിലും മണിപ്പൂരിനും ത്രിപുരക്കും അവരവരുടേതായ നിയമനിർമാണസഭകളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള അധികാരം നൽകി.

**നമുക്കൊരു സിനിമ കാണാം**

**ഹക്കീകത്ത്**



ലഡാക്ക് മേഖലയിലെ ജിപ്സികൾ ഇന്ത്യൻ സൈന്യത്തിലെ ഒരു ചെറിയ പ്ലട്ടൂണിനെ (Platoon) രക്ഷപ്പെടുത്തി. ശത്രു അവരുടെ താവളം വളഞ്ഞിരുന്നു. ക്യാപ്റ്റൻ ബഹാദൂർ സിംഗും, അദ്ദേഹത്തിന്റെ പെൺസുഹൃത്തായ കാമോയും, പട്ടാളക്കാരെ താവളം ഒഴിയാൻ സഹായിച്ചു. കൂടുതൽ ആയുധശേഷിയുണ്ടായിരുന്ന ചൈനാക്കാരെ പ്രതിരോധിക്കുന്നതിനിടയിൽ ബഹാദൂർ സിംഗും, കാമോയും മറ്റ് പട്ടാളക്കാരും രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ചു.

1962-ലെ ഇന്ത്യ-ചൈന യുദ്ധത്തിന്റെ പാശ്ചാത്തലത്തിൽ ചിത്രീകരിക്കപ്പെട്ട ഈ സിനിമ, പട്ടാളക്കാരനെയും അവന്റെ ക്ലേശങ്ങളെയും വരച്ചുകാട്ടുന്നു. പട്ടാളക്കാരുടെ അവസ്ഥ ചിത്രീകരിക്കുന്നതിലൂടെ അവർക്ക് ശ്രദ്ധാഞ്ജലി അർപ്പിക്കുകയും, ഒപ്പം ചൈനയുടെ രാഷ്ട്രീയവഞ്ചനയിലുള്ള നിരാശ തുറന്നുകാണിക്കുകയും ചെയ്യുന്നു. യുദ്ധരംഗങ്ങൾ ഡോക്യുമെന്ററി രൂപത്തിലാണ് ഈ ചിത്രത്തിൽ ഉപയോഗിച്ചിട്ടുള്ളത്. ഹിന്ദിയിൽ നിർമിക്കപ്പെട്ട ആദ്യകാല യുദ്ധസിനിമകളിൽ ഒന്നാണിത്.

വർഷം: 1964
സംവിധാനം: ചേതൻ ആനന്ദ്
അഭിനേതാക്കൾ: ധർമേന്ദ്ര, പ്രയരാജ് വൻഷ്, ബൽരാജ് സാഹ്നി, ജയന്ത്, സുധീർ, സഞ്ജയ് ഖാൻ, വിജയ് ആനന്ദ്

## പാകിസ്ഥാനുമായുള്ള യുദ്ധങ്ങളും സമാധാനവും

## (Wars and Peace with Pakistan)

പാകിസ്ഥാന്റെ കാര്യത്തിൽ, വിഭജനത്തിനുശേഷം കാശ്മീരിനെച്ചൊല്ലിയുള്ള തർക്കത്തിലൂടെയാണ് സംഘർഷമാരംഭിക്കുന്നത്. ഈ തർക്കത്തെക്കുറിച്ച് അധ്യായം എട്ടിൽ നിങ്ങൾ കൂടുതൽ വായിക്കും. 1947-ൽതന്നെ ഇന്ത്യൻ സൈന്യവും പാകിസ്ഥാൻ സൈന്യവും തമ്മിലുള്ള ഒരു നിഴൽയുദ്ധം കാശ്മീരിൽ പൊട്ടിപ്പുറപ്പെട്ടു. പക്ഷെ ഇത് ഒരു പൂർണമായ യുദ്ധമായി മാറിയില്ല. വിഷയം ഐക്യരാഷ്ട്രസഭയുടെ പരിഗണനക്കായി വിട്ടു. ഇന്ത്യ-അമേരിക്ക ബന്ധത്തിലും തുടർന്ന് ഇന്ത്യ-ചൈന ബന്ധത്തിലും ഏറ്റവും നിർണായകഘടകമായി പെട്ടന്നുതന്നെ പാകിസ്ഥാൻ മാറി.

ഇന്ത്യ-പാകിസ്ഥാൻ ഗവൺമെന്റുകളുടെ സഹകരണത്തിന് കാശ്മീർ സംഘർഷം ഒരു തടസമായിരുന്നില്ല. വിഭജനകാലത്ത് തട്ടിക്കൊണ്ടുപോകപ്പെട്ട സ്ത്രീകളെ അവരുടെ സ്വന്തം കുടുംബങ്ങളിലേക്ക് തിരിച്ചെത്തിക്കുന്നതിന് രണ്ട് ഗവൺമെന്റുകളും ഒരുമിച്ച് പ്രവർത്തിച്ചു. ലോകബാങ്കിന്റെ മധ്യസ്ഥതയിൽ, ദീർഘനാളായി നിലനിന്നിരുന്ന നദീജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച തർക്കങ്ങൾ പരിഹരിച്ചു. ഇന്ത്യ, പാകിസ്ഥാൻ സിന്ധു നദീജല കരാർ (Indus Water Treaty) 1960-ൽ നെഹ്റുവും ജനറൽ അയൂബ്ഖാനും ഒപ്പുവച്ചു. ഇന്ത്യ-പാക് ബന്ധത്തിൽ പല ഉയർച്ചതാഴ്ചകൾ ഉണ്ടായിട്ടുണ്ടെങ്കിലും ഈ കരാർ നന്നായി പ്രവർത്തിക്കുന്നു.

രണ്ടു രാഷ്ട്രങ്ങൾക്കുമിടയിൽ കൂടുതൽ ഗുരുതരമായ ഒരു സൈനികസംഘർഷം ആരംഭിക്കുന്നത് 1965-ലാണ്. നിങ്ങൾ അടുത്ത അധ്യായത്തിൽ വായിക്കാൻ പോകുന്നതുപോലെ, അപ്പോഴേക്കും ലാൽ ബഹദൂർശാസ്ത്രി ഇന്ത്യയുടെ പ്രധാനമന്ത്രി പദം ഏറ്റെടുത്തിരുന്നു. ഗുജറാത്തിലെ റാൻ ഓഫ് കച്ച് മേഖലയിൽ 1966 ഏപ്രിൽ മാസത്തിൽ പാകിസ്ഥാൻ സൈനിക ആക്രമണം ആരംഭിച്ചു. ഇതിനെതുടർന്ന് ഓഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ ജമ്മുകാശ്മീർ മേഖലയിൽ പാകിസ്ഥാൻ വ്യാപക ആക്രമണം അഴിച്ചുവിട്ടു. അവിടുത്തെ പ്രാദേശിക ജനതയുടെ പിന്തുണ ലഭിക്കുമെന്ന പ്രതീക്ഷയിലാണ് ആക്രമണം ആരംഭിച്ചതെങ്കിലും അതുണ്ടായില്ല. കാശ്മീർ യുദ്ധമുന്നണിയിലെ സമ്മർദം ലഘൂകരിക്കുന്നതിനായി, പഞ്ചാബ് അതിർത്തിയിൽ പ്രത്യാക്രമണം നടത്തുവാൻ ശാസ്ത്രി സൈന്യത്തിന് ഉത്തരവ് നൽകി. രൂക്ഷമായ ഈ യുദ്ധത്തിൽ ഇന്ത്യൻ സൈന്യം ലാഹോറിന് സമീപംവരെ എത്തുകയുണ്ടായി.

ഐക്യരാഷ്ട്രസഭയുടെ ഇടപെടലോടുകൂടി യുദ്ധത്തിന് വിരാമമായി. പിന്നീട്, സോവിയറ്റ് യൂണിയന്റെ മധ്യസ്ഥതയിൽ ഇന്ത്യൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയും പാകിസ്ഥാൻ ജനറൽ അയൂബ്ഖാനും താഷ്ക്കന്റ് കരാറിൽ 1966 ജനുവരിയിൽ ഒപ്പുവച്ചു. പാകിസ്ഥാന് കനത്ത സൈനികനാശം വരുത്താൻ ഇന്ത്യക്ക് കഴിഞ്ഞെങ്കിലും, നേരത്തെതന്നെ ദുർബലമായിരുന്ന ഇന്ത്യൻ സാമ്പത്തികരംഗത്തെ 1965-ലെ യുദ്ധം കൂടുതൽ വഷളാക്കി.




### 1971-ലെ ബംഗ്ലാദേശ് യുദ്ധം (Bangladesh war, 1971)

1970-ന്റെ തുടക്കത്തിൽ, പാകിസ്ഥാൻ അതിന്റെ ഒരു വലിയ ആഭ്യന്തരപ്രതിസന്ധിയെ അഭിമുഖീകരിച്ചു. രാജ്യത്തെ ആദ്യ പൊതുതിരഞ്ഞെടുപ്പ് ഒരു വിഭജിത വിധിയാണ് നൽകിയത്. സുൽഫിക്കർ അലി ഭൂട്ടോയുടെ നേതൃത്വത്തിലുള്ള പാർട്ടി പടിഞ്ഞാറൻ പാകിസ്ഥാനിൽ വിജയിച്ചപ്പോൾ, ഷെയ്ഖ് മജിബുർ റഹ്മാന്റെ നേതൃത്വത്തിലുള്ള അവാമി ലീഗ് കിഴക്കൻ പാകിസ്ഥാനിൽ സീറ്റുകൾ തൂത്തുവാരി. പടിഞ്ഞാറൻ പാകിസ്ഥാനിൽനിന്നുള്ള ഭരണാധികാരികൾ കാലങ്ങളായി തങ്ങളെ രണ്ടാംതരം പൗരന്മാരായി കണക്കാക്കുന്നതിലുള്ള അമർഷം രേഖപ്പെടുത്തുന്ന രീതിയിലാണ് കിഴക്കൻ പാകിസ്ഥാനിലെ ബംഗാളി ജനത വോട്ടുചെയ്തത്. പക്ഷെ ജനാധിപത്യപരമായ ഈ വിധിയെ സ്വീകരിക്കാൻ പാകിസ്ഥാൻ ഭരണാധികാരികൾ തയാറായില്ല. മാത്രവുമല്ല ഒരു ഫെഡറേഷൻ രൂപീകരിക്കുക എന്ന അവാമി ലീഗിന്റെ ആവശ്യം അംഗീകരിക്കാനും അവർ തയാറല്ലായിരുന്നു.

പകരം, 1971-ന്റെ തുടക്കത്തിൽ പാകിസ്ഥാൻ സൈന്യം ഷെയ്ഖ് മുജിബുർ റഹ്മാനെ അറസ്റ്റു ചെയ്യുകയും, കിഴക്കൻ പാകിസ്ഥാനിലെ ജനങ്ങൾക്കുമേൽ ഒരു


The Times of India
OUR TROOPS ON OUTSKIRTS OF LAHORE
IAF Planes Blast Military Installations
PAK FORCES ON THE RUN IN CHHAMB AREA
Jaurian In Flames: Success In Uri Sector Too
"The Times of India" News Service
BLACK-OUT IS ORDERED IN GREATER BOMBAY
Indo-Pak Flights Cancelled
30 PAISE
The Hindustan Times
ALKOT-PASRUR RAILWAY TAKEN
IAF pounds Sargodha, Chak Jhumra airports
1965
The Hindustan Times
TROOPS MARCH INTO PAKISTAN
DRYCLEANED

ഭീകരഭരണം അഴിച്ചുവിടുകയും ചെയ്തു. ഇതിന് പ്രതികരണമെന്നോണം, ബംഗ്ലാദേശിനെ പാകിസ്ഥാനിൽനിന്നും മോചിപ്പിക്കുന്നതിനുള്ള ഒരു പോരാട്ടം ജനങ്ങൾ ആരംഭിച്ചു. 1971-ലുടനീളം കിഴക്കൻ പാകിസ്ഥാനിൽനിന്നും അഭയാർഥികളായി ഇന്ത്യയിലേക്കൊഴുകിയ 80 ലക്ഷത്തോളം അഭയാർഥികൾ കിഴക്കൻ പാകിസ്ഥാനോട് ചേർന്നുകിടക്കുന്ന ഇന്ത്യൻ പ്രദേശങ്ങളിൽ അഭയം പ്രാപിക്കുകയും, ആ ഭാരം ഇന്ത്യ വഹിക്കേണ്ടതായും വന്നു. ബംഗ്ലാദേശിലെ സ്വാതന്ത്ര്യസമരത്തിന് ഇന്ത്യ ധാർമികവും ഭൗതികവുമായ എല്ലാ പിന്തുണയും നൽകി. പാകിസ്ഥാനെ വിഭജിക്കാൻ ഇന്ത്യ ഗൂഢാലോചന നടത്തുന്നുവെന്ന് പാകിസ്ഥാൻ ഇന്ത്യയെ കുറ്റപ്പെടുത്തി.

സോവിയറ്റ് ചേരിയിൽ ചേരുന്നതായി ഇത് തോന്നിപ്പിക്കുന്നു. സോവിയറ്റ് യൂണിയനുമായി ഈ കരാർ ഒപ്പുവച്ചതിനുശേഷവും നമുക്ക് പറയാനാവുമോ, നമ്മൾ ചേരിചേരായ്മയിലാണെന്ന്.










ചൈനയിൽനിന്നും അമേരിക്കയിൽനിന്നും പാകിസ്ഥാന് പിന്തുണയെത്തി. 1960-കളിൽ ആരംഭിച്ച യു.എസ്.-ചൈന അനുരഞ്ജനം ഏഷ്യൻ ശക്തികൾക്കിടയിൽ ഒരു പുനർവിന്യാസത്തിന് ഇടയാക്കി. യു.എസ്. പ്രസിഡന്റായിരുന്ന റിച്ചാർഡ് നിക്സന്റെ ഉപദേഷ്ടാവായിരുന്ന ഹെന്റി കിസിംജർ പാകിസ്ഥാനിലൂടെ ചൈനയിലേക്ക് 1971 ജൂലൈ മാസത്തിൽ ഒരു രഹസ്യയാത്ര നടത്തി. യു.എസ്., ചൈന, പാകിസ്ഥാൻ അച്ചുതണ്ടിനെ പ്രതിരോധിക്കുന്നതിനായി ഇന്ത്യ സോവിയറ്റ് യൂണിയനുമായി 20 വർഷത്തേക്കുള്ള സമാധാന സൗഹൃദ ഉടമ്പടി 1971 ആഗസ്റ്റിൽ ഒപ്പുവച്ചു. ഏതെങ്കിലും ആക്രമണത്തെ ഇന്ത്യ നേരിടുകയാണെങ്കിൽ സോവിയറ്റ് പിന്തുണ ഉറപ്പുവരുത്തുന്നതായിരുന്നു ഈ ഉടമ്പടി. മാസങ്ങൾ നീണ്ട നയതന്ത്ര പിരിമുറുക്കങ്ങൾക്കും സൈനിക തയാറെടുപ്പുകൾക്കും ശേഷം 1971 ഡിസംബറിൽ ഇന്ത്യക്കും പാകിസ്ഥാനുമിടയിൽ ഒരു സമ്പൂർണയുദ്ധം പൊട്ടിപ്പുറപ്പെട്ടു. പാകിസ്ഥാൻ യുദ്ധവിമാനങ്ങൾ പഞ്ചാബും രാജസ്ഥാനും ആക്രമിക്കുകയും ഒപ്പം കരസേന ജമ്മുകാശ്മീരിൽ യുദ്ധമുന്നണിയിലേക്കു നീങ്ങുകയും ചെയ്തു. നാവിക, കര, വ്യോമസേനകളെ പങ്കെടുപ്പിച്ചുകൊണ്ട് ഇന്ത്യ കിഴക്കും പടിഞ്ഞാറുമുള്ള പോർമുഖങ്ങളിൽ ശക്തമായി തിരിച്ചടിച്ചു. കിഴക്കൻ പാകിസ്ഥാനിലെ ജനങ്ങൾ ഇന്ത്യൻ സൈന്യത്തെ സ്വാഗതം ചെയ്യുകയും, അവരുടെ പിന്തുണയോടുകൂടി കരസേന അതിവേഗം മുന്നേറുകയും ചെയ്തു. പത്തു ദിവസത്തിനുള്ളിൽ മൂന്ന് ഭാഗത്തുനിന്നും ഇന്ത്യൻ സേന ധാക്ക വളയുകയും ഏതാണ്ട് 90000 ത്തോളം വരുന്ന പാകിസ്ഥാനി സൈന്യം ഇന്ത്യൻ സേനക്ക് മുമ്പിൽ കീഴടങ്ങുകയും ചെയ്തു. ബംഗ്ലാദേശ് ഒരു സ്വതന്ത്രരാഷ്ട്രമായതോടെ ഇന്ത്യ ഏകപക്ഷീയമായി വെടിനിർത്തൽ പ്രഖ്യാപിച്ചു. പിന്നീട് 1972 ജൂലൈ മൂന്നിന് ഇന്ദിരാഗാന്ധിയും സുൽഫിക്കർ അലി ഭൂട്ടോയും സിംലകരാറിൽ ഒപ്പു വയ്ക്കുകയും ഔപചാരികമായി സമാധാനം പുനസ്ഥാപിക്കപ്പെടുകയും ചെയ്തു.

യുദ്ധത്തിലെ നിർണായകമായ വിജയം ഇന്ത്യയിൽ ദേശീയ ആഘോഷത്തിന് വഴിവെച്ചു. കൂടുതൽപേരും ഇതിനെ ഒരു മഹനീയ നിമിഷമായും ഇന്ത്യയുടെ വളരുന്ന സൈനികശേഷിയുടെ വ്യക്തമായ സൂചനയുമായാണ് കണ്ടത്. നിങ്ങൾ അടുത്ത അധ്യായത്തിൽ പഠിക്കാൻ പോകുന്നതുപോലെ, ഇന്ദിരാഗാന്ധിയായിരുന്നു അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി. ഇതിനോടകം തന്നെ അവർ 1971-ലെ ലോക

**ഓടിച്ചൊരു വായന... കാർഗിൽ ഏറ്റുമുട്ടൽ (Kargil confrontation)**

1999-ന്റെ തുടക്കത്തിൽ നിയന്ത്രണരേഖയുടെ ഇന്ത്യൻ ഭാഗത്തുള്ള മാഷ്കോ, ദ്രാസ്, കാക്സർ, ബട്ടാലിക് എന്നീ പ്രദേശങ്ങളിലുള്ള നിരവധി കേന്ദ്രങ്ങൾ മുജാഹിദീനുകൾ എന്നവകാശപ്പെടുന്ന ചില ശക്തികൾ കൈവശപ്പെടുത്തുകയുണ്ടായി. ഈ കയ്യേറ്റത്തിൽ പാകിസ്ഥാൻ സൈന്യത്തിന്റെ പങ്കാളിത്തം സംശയിച്ച ഇന്ത്യൻ സേന ഇതിനെതിരെ പ്രതികരിക്കാൻ ആരംഭിച്ചു. ഇത് രണ്ട് രാജ്യങ്ങൾ തമ്മിലുള്ള ഒരു ഏറ്റുമുട്ടലിലേക്ക് നയിച്ചു. ഇത് കാർഗിൽ സംഘർഷം എന്നറിയപ്പെടുന്നു. ഈ സംഘർഷം 1999 മേയ്, ജൂൺ മാസങ്ങളിൽ തുടർന്നു. 1999 ജൂലൈ 26-ഓടെ നഷ്ടപ്പെട്ട നിരവധി കേന്ദ്രങ്ങളുടെ നിയന്ത്രണം ഇന്ത്യ തിരിച്ചുപിടിച്ചു. കാർഗിൽ സംഘർഷം പെട്ടന്നുതന്നെ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധയാകർഷിച്ചു. കാരണം, അതിന് ഒരു വർഷം മുമ്പു മാത്രമാണ് ഇന്ത്യയും പാകിസ്ഥാനും ആണവശേഷി ആർജിച്ചത്. എന്നിരുന്നാലും, ഈ സംഘർഷം കാർഗിൽ മേഖലയിൽ മാത്രമായി ഒതുങ്ങിനിന്നു. പാകിസ്ഥാനിൽ, ഈ സംഘർഷം വലിയ വിവാദങ്ങൾക്ക് കാരണമായി. പാകിസ്ഥാൻ കരസേന മേധാവി പ്രധാനമന്ത്രിയെ കാര്യങ്ങൾ അറിയിക്കുകയോ വസ്തുതകൾ ധരിപ്പിക്കുയോ ചെയ്തില്ലെന്ന ആരോപണമുയർന്നു. ഈ സംഘർഷത്തിനുശേഷം, അധികം വൈകാതെ പാകിസ്ഥാന്റെ കരസേനാ മേധാവിയായിരുന്ന ജനറൽ പർവെസ് മുഷറഫിന്റെ നേതൃത്വത്തിൽ സൈന്യം അധികാരം പിടിച്ചെടുത്തു.



1971
THE TIMES OF INDIA
YAHYA YIELDS TO INDIRA, ENDS WAR
Somersault by General as
hails Delhi
keeps out
Remain alert, warr
The surrender document
THE HINDUSTAN TIMES
MUJIB TAKES OVER 'BANGLA DESH'
PAK PLANES BOMB BANGLA DESH
Freedom fighters
Baluchistan, NWFP are
Cong (N) majority in UP now

സഭാ തിരഞ്ഞെടുപ്പിൽ വിജയം നേടിയിരുന്നു. 1971-ലെ യുദ്ധത്തിനുശേഷം അവരുടെ വ്യക്തിപരമായ പ്രശസ്തി കുതിച്ചുയർന്നു. യുദ്ധത്തിനുശേഷമാണ് മിക്ക സംസ്ഥാനങ്ങളിലും നിയമസഭാ തെരഞ്ഞെടുപ്പ് നടന്നത്. പല സംസ്ഥാനങ്ങളിലും കോൺഗ്രസ് പാർട്ടിക്ക് വൻഭൂരിപക്ഷം ലഭിക്കുകയുണ്ടായി.

പരിമിതമായ വിഭവങ്ങളോടെയാണെങ്കിലും ഇന്ത്യ വികസനോന്മുഖ ആസൂത്രണത്തിന് തുടക്കം കുറിച്ചിരുന്നു. എന്നാൽ അയൽരാജ്യങ്ങളുമായുള്ള സംഘർഷങ്ങൾ പഞ്ചവത്സരപദ്ധതികളുടെ താളംതെറ്റിച്ചു. ഇന്ത്യക്ക് അതിന്റെ പരിമിതമായ വിഭവങ്ങൾ പ്രതിരോധമേഖലയിലേക്ക് വകമാറ്റി ചെലഴിക്കേണ്ടിവന്നു. പ്രത്യേകിച്ച് 1962-നുശേഷം, എന്തുകൊണ്ടെന്നാൽ, ഇന്ത്യക്ക് അതിന്റെ സൈനിക ആധുനികവൽക്കരണപ്രക്രിയ ആരംഭിക്കേണ്ടതുണ്ടായിരുന്നു. ഡിപ്പാർട്ടുമെന്റ് ഓഫ് ഡിഫൻസ് പ്രൊഡക്ഷൻ 1962 നവംബറിലും ഡിപ്പാർട്ടുമെന്റ് ഓഫ് ഡിഫൻസ് സപ്ലൈസ് 1965 നവംബറിലും സ്ഥാപിക്കപ്പെട്ടു.തടസപ്പെട്ടുപോയ മൂന്നാം പഞ്ചവത്സരപദ്ധതി (1961-66) ക്കുശേഷം മൂന്ന് വാർഷിക പദ്ധതികൾ ആവിഷ്കരിച്ചു. നാലാം പഞ്ചവത്സരപദ്ധതി 1969-ൽ മാത്രമാണ് ആരംഭിക്കാനായത്. യുദ്ധങ്ങൾക്കുശേഷം ഇന്ത്യയുടെ പ്രതിരോധചെലവ് ക്രമാതീതമായി വർധിച്ചു.

## ഇന്ത്യയുടെ ആണവനയം (India's nuclear policy)

ഈ കാലഘട്ടത്തിലെ മറ്റൊരു നിർണായകമായ സംഭവവികാസം 1974 മെയ് മാസത്തിൽ ഇന്ത്യ ആദ്യത്തെ ആണവവിസ്ഫോടനം നടത്തി എന്നതാണ്. ഒരു ആധുനിക ഇന്ത്യയെ അതിവേഗം പടുത്തുയർത്തുയർത്തുന്നതിൽ നെഹ്റു എല്ലായ്പ്പോഴും ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും വിശ്വാസമർപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ വ്യവസായവൽക്കരണ പദ്ധതികളുടെ ഒരു പ്രധാനപ്പെട്ട ഘടകംതന്നെയായിരുന്നു 1940-കളുടെ ഒടുക്കം ഹോമി ജെ. ഭാഭയുടെ മാർഗനിർദേശത്തിൽ ആരംഭിച്ച ആണവപദ്ധതി. സമാധാനപരമായ ആവശ്യങ്ങൾക്കായി ആണവോർജം ഉൽപ്പാദിപ്പിക്കുവാൻ ഇന്ത്യ ആഗ്രഹിച്ചു. ആണവായുധങ്ങൾക്കെതിരായിരുന്നു നെഹ്റു. അതുകൊണ്ടു സമഗ്ര ആണവനിരായുധീകരണത്തിനായി അദ്ദേഹം വൻശക്തികളോട് അഭ്യർഥിച്ചിരുന്നു. എന്നിരുന്നാലും ആണവായുധശേഖരം വർധിച്ചുകൊണ്ടേയിരുന്നു. 1964 ഒക്ടോബറിൽ കമ്മ്യൂണിസ്റ്റ് ചൈന ആണവപരീക്ഷണം നടത്തിയതോടുകൂടി, ലോകത്തെ അഞ്ച് ആണവശക്തികളും, ഐക്യരാഷ്ട്രസഭ രക്ഷാസമിതിയിലെ സ്ഥിരാംഗങ്ങളുമായ യു.എസ്., യു.കെ., യു.എസ്.എസ്.ആർ., ഫ്രാൻസ്, ചൈന (തായ്‌വാൻ) എന്നീ രാജ്യങ്ങൾ, 1968-ലെ ആണവനിർവ്യാപനകരാർ (NPT) മറ്റ് രാജ്യങ്ങളുടെമേൽ അടിച്ചേൽപ്പിക്കുവാൻ ശ്രമിച്ചു. ആണവനിർവ്യാപന കരാർ (NPT) വിവേചനപരമാണെന്ന നിലപാടാണ് ഇന്ത്യ എല്ലാകാലത്തും സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ അതിൽ ഒപ്പുവയ്ക്കാൻ ഇന്ത്യ വിസമ്മതിച്ചു. ഇന്ത്യ അതിന്റെ ആദ്യ ആണവപരീക്ഷണം നടത്തിയപ്പോൾ, സമാധാനപരമായ വിസ്ഫോടനം എന്നാണ് അത് വിശേഷിപ്പിക്കപ്പെട്ടത്. സമാധാനപരമായ ആവശ്യങ്ങൾക്കായി ആണവോർജം ഉപയോഗിക്കുക എന്ന നയത്തോടാണ് ഇന്ത്യക്ക് പ്രതിബദ്ധതയുള്ളതെന്നായിരുന്നു ഇന്ത്യയുടെ നിലപാട്.

ഞാൻ ആശയക്കുഴപ്പത്തിലാണ്. ഇതെല്ലാം അണുബോംബിനെക്കുറിച്ചല്ലേ? എന്തുകൊണ്ടാണ് നമ്മൾ അങ്ങനെ പറയാത്തത്?



ആഭ്യന്തരരാഷ്ട്രീയം കലുഷിതമായിരുന്ന ഒരു കാലഘട്ടത്തിലാണ് ഇന്ത്യ ആണവപരീക്ഷണം നടത്തുന്നത്. 1973-ലെ അറബ്-ഇസ്രായേൽ യുദ്ധത്തെത്തുടർന്ന്, അറബ് രാഷ്ട്രങ്ങൾ എണ്ണയുടെ വില കുത്തനെ വർധിപ്പിച്ചതിന്റെ ഫലമായി മുഴുവൻ ലോകത്തെയും ഒരു 'ഓയിൽ ഷോക്ക്' ബാധിച്ചിരുന്നു. ഇത് ഇന്ത്യയിൽ സാമ്പത്തിക കുഴപ്പങ്ങൾക്കും അതുവഴി ഉയർന്ന പണപ്പെരുപ്പത്തിലേക്കും നയിച്ചു. നിങ്ങൾ ആറാമത്തെ അധ്യായത്തിൽ വായിക്കുവാൻ പോകുന്നതുപോലെ, ഏതാണ്ടിതേ സമയത്തുതന്നെയാണ് ദേശവ്യാപകമായ ഒരു റെയിൽവെ സമരം ഉൾപ്പെടെ പല പ്രക്ഷോഭങ്ങളും രാജ്യത്തുടനീളം നടന്നുകൊണ്ടിരുന്നത്.

വിദേശബന്ധങ്ങൾ എങ്ങനെയാണ് നടത്തിക്കൊണ്ടുപോകേണ്ടത് എന്ന വിഷയത്തിൽ രാഷ്ട്രീയപാർട്ടികൾക്കിടയിൽ ചെറിയ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും, ദേശീയ അഖണ്ഡത, അന്താരാഷ്ട്ര അതിർത്തികളുടെ സംരക്ഷണം, ദേശീയ താൽപ്പര്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു വിശാലമായ ധാരണയിൽ അധിഷ്ഠിതമായിരുന്നു ഇന്ത്യൻ രാഷ്ട്രീയം. അതുകൊണ്ടു ഇന്ത്യ മൂന്ന് യുദ്ധങ്ങളെ നേരിട്ട 1962-1971 ദശാബ്ദത്തിനും, അതിനുശേഷവും കാലാകാലങ്ങളിൽ വ്യത്യസ്തമായ പാർട്ടികൾ അധികാരത്തിലെത്തിയപ്പോൾപ്പോലും വിദേശനയത്തിന് കക്ഷിരാഷ്ട്രീയത്തിൽ വളരെ പരിമിതമായ ഒരു പങ്ക് മാത്രമെ ഉണ്ടായിരുന്നുള്ളുവെന്ന് നമുക്ക് കാണാം.

## ഓടിച്ചൊരു വായന... ഇന്ത്യയുടെ ആണവപദ്ധതി

ആണവനിർവ്യാപനത്തെ ലക്ഷ്യംവയ്ക്കുന്ന അന്താരാഷ്ട്ര ഉടമ്പടികളെ ഇന്ത്യ എതിർത്തിരുന്നു. കാരണം അവ ആണവേതരശക്തികൾക്ക് മാത്രം ബാധകമാവുന്നതും അഞ്ച് ആണവശക്തികളുടെ ആണവായുധ കുത്തകയെ നിയമസാധുതയുള്ളതാക്കുന്നതുമാണ്. അതുകൊണ്ടാണ് 1995-ൽ എൻ.പി.ടി. അനിശ്ചിതമായി ദീർഘിപ്പിക്കുന്നതിനെ ഇന്ത്യ എതിർത്തതും, സമഗ്ര ആണവപരീക്ഷണ നിരോധന ഉടമ്പടി (Comprehensive Test Ban Treaty) ഒപ്പുവയ്ക്കാൻ ഇന്ത്യ വിസമ്മതിച്ചതും.

1998 മെയ് മാസത്തിൽ ഇന്ത്യ ആണവപരീക്ഷണങ്ങളുടെ ഒരു പരമ്പരതന്നെ നടത്തുകയും ആണവോർജത്തെ സൈനികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള അതിന്റെശേഷി പ്രകടമാക്കുകയും ചെയ്തു. ഇന്ത്യയെ പിന്തുടർന്ന് പാകിസ്ഥാനും ആണവപരീക്ഷണം നടത്തുകയും, അതുവഴി ആണവായുധ പ്രയോഗത്തിന് സാധ്യതകൂടിയ ഒരു മേഖലയായി ഇത് മാറുകയും ചെയ്തു. അന്താരാഷ്ട്രസമൂഹം, ഈ ഉപഭൂഖണ്ഡത്തിൽ നടന്ന ആണവപരീക്ഷണങ്ങളെ നിശിതമായി വിമർശിക്കുകയും രണ്ട് രാജ്യങ്ങൾക്കുമെതിരെ ഉപരോധങ്ങൾ ഏർപ്പെടുത്തുകയും ചെയ്തെങ്കിലും പിന്നീടവ പിൻവലിക്കപ്പെട്ടു. ഇന്ത്യയുടെ ആണവസിദ്ധാന്തമായ ക്രഡിബിൾ മിനിമം ന്യൂക്ലിയർ ഡിറ്ററൻസ് (Credible Minimum Nuclear Deterrence) അവകാശപ്പെടുന്നത് ആണവായുധം ആദ്യം പ്രയോഗിക്കില്ല എന്നാണ്. ഒപ്പം ആണവായുധവിമുക്ത ലോകത്തേക്ക് നയിക്കുന്ന വിവേചനരഹിതവും പരിശോധിക്കപ്പെടാവുന്നതുമായ ഒരു ആഗോള ആണവ നിരായുധീകരണത്തോടുള്ള ഇന്ത്യയുടെ പ്രതിബദ്ധതയും ആവർത്തിച്ചു പറയുന്നു.

### ലോകരാഷ്ട്രീയത്തിലെ മാറുന്ന സഖ്യങ്ങൾ (Shifting alliances in world politics)

ആറാം അധ്യായത്തിലും ഒമ്പതാം അധ്യായത്തിലും നിങ്ങൾ വായിക്കുവാൻ പോകുന്നതുപോലെ, 1977-ന് ശേഷമുള്ള കാലഘട്ടത്തിൽ നിരവധി കോൺഗ്രസിതര സർക്കാരുകൾ ഇന്ത്യയിൽ അധികാരത്തിൽവന്നു. ലോകരാഷ്ട്രീയത്തിൽ നാടകീയമാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരുന്ന ഒരു സമയംകൂടിയായിരുന്നു ഇത്. ഇത് ഇന്ത്യയുടെ വൈദേശികബന്ധങ്ങളെ എങ്ങനെയൊക്കെയാണ് സ്വാധീനിച്ചത്?

ശരിയായ ചേരിചേരാനയമായിരിക്കും തങ്ങൾ പിന്തുടരുകയെന്ന് 1977-ൽ അധികാരത്തിൽവന്ന ജനതാ സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ഇന്ത്യൻ വിദേശനയത്തിലെ സോവിയറ്റ് അനുകൂല ചായ്‌വ് തങ്ങൾ തിരുത്തുമെന്നാണ് ഇതർഥമാക്കുന്നത്. അന്നുമുതൽ എല്ലാ സർക്കാരുകളും, കോൺഗ്രസായാലും, കോൺഗ്രസിതരമായാലും ചൈനയുമായി മെച്ചപ്പെട്ട ബന്ധം പുനസ്ഥാപിക്കുന്നതിലും അമേരിക്കയുമായി അടുത്തബന്ധത്തിലേർപ്പെടുന്നതിനുമുള്ള ശ്രമങ്ങൾക്ക് മുൻകൈയെടുത്തിട്ടുണ്ട്. ഇന്ത്യൻ രാഷ്ട്രീയത്തിലും ജനങ്ങളുടെ മനസ്സിലും ഇന്ത്യയുടെ വിദേശനയം രണ്ട് ചോദ്യങ്ങളുമായി അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു. ഒന്ന്, ഇന്ത്യയുടെ പാകിസ്ഥാനോടുള്ള നിലപാട്, അതുപോലെ തിരിച്ച് പാകിസ്ഥാന്റെ ഇന്ത്യയോടുള്ള നിലപാട്. അടുത്തത് ഇന്ത്യ-അമേരിക്ക ബന്ധങ്ങൾ. അമേരിക്കൻ അനുകൂല വിദേശനയത്തിന്റെ പേരിൽ 1990-നുശേഷമുള്ള ഭരണകക്ഷികൾ മിക്കപ്പോഴും വിമർശിക്കപ്പെട്ടിട്ടുണ്ട്.

ദേശീയ താൽപ്പര്യത്തെക്കുറിച്ചുള്ള ആശയങ്ങളാണ് എല്ലായ്പ്പോഴും വിദേശനയത്തെ നിർണയിക്കുന്നത്. ഇന്ത്യയുടെ പ്രധാനപ്പെട്ട സുഹൃദ്‌രാഷ്ട്രമായി തുടരുമ്പോൾതന്നെ 1990-നുശേഷം റഷ്യക്ക് അതിന്റെ ആഗോള ഔന്നത്യം നഷ്ടമായി. ആയതിനാൽ ഇന്ത്യയുടെ വിദേശനയം അമേരിക്കൻ അനുകൂലതലത്തിലേക്ക് മാറുകയുണ്ടായി. കൂടാതെ, സൈനിക താൽപ്പര്യങ്ങളേക്കാൾ, സാമ്പത്തികതാൽപ്പര്യങ്ങളാണ് സമകാലിക അന്തർദേശീയ സാഹചര്യങ്ങളെ കൂടുതൽ സ്വാധീനിക്കുന്നത്. ഇന്ത്യൻ വിദേശനയത്തിന്റെ ദിശാനിർണയത്തിൽ ഇതും സ്വാധീനിച്ചിട്ടുണ്ട്. അതേസമയം ഈ കാലഘട്ടത്തിൽ ഇന്ത്യാ-പാകിസ്ഥാൻ ബന്ധം, നിരവധി സംഭവവികാസങ്ങൾക്ക് സാക്ഷ്യംവഹിച്ചു. കാശ്മീർ മുഖ്യപ്രശ്നമായി ഇരുരാജ്യങ്ങൾക്കുമിടയിൽ തുടരുമ്പോൾ തന്നെ സാധാരണ ബന്ധം പുനസ്ഥാപിക്കുന്നതിനുള്ള നിരവധി ശ്രമങ്ങളുമുണ്ടായി. പരസ്പരമുള്ള സാംസ്കാരിക വിനിമയങ്ങളും പൗരന്മാരുടെ സഞ്ചാരവും, സാമ്പത്തികസഹകരണവും രണ്ടു രാജ്യങ്ങളും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട് എന്നതാണ് ഇതുകൊണ്ടർഥമാക്കുന്നത്. ഈ രണ്ടു രാജ്യങ്ങൾക്കുമിടയിൽ ഒരു ട്രെയിൻ സർവീസും ഒരു ബസ് സർവീസും പ്രവർത്തിക്കുന്നതായി നിങ്ങൾക്കറിയാമോ? അടുത്തകാലത്തുണ്ടായ ഒരു സുപ്രധാന നേട്ടമാണിത്. പക്ഷെ അതിനൊന്നും 1999-ലുണ്ടായ ഒരു യുദ്ധസമാനമായ സാഹചര്യത്തെ ഒഴിവാക്കുവാൻ കഴിഞ്ഞില്ല. സമാധാനപ്രക്രിയയ്ക്കേറ്റ ഈ തിരിച്ചടിക്കുശേഷം ശാശ്വതസമാധാനം സ്ഥാപിക്കുന്നതിനുള്ള ചർച്ചകൾ തുടർന്നുകൊണ്ടേയിരിക്കുന്നു.

# അഭ്യാസം

1. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾക്ക് നേരെ തെറ്റോ, ശരിയോ എന്നെഴുതുക.

   (a) യു.എസ്.എയിൽ നിന്നും യു.എസ്.എസ്.ആറിൽ നിന്നും സഹായം സ്വീകരിക്കുവാൻ ചേരിചേരായ്മ ഇന്ത്യയെ അനുവദിച്ചിരുന്നു.

   (b) അയൽക്കാരുമായുള്ള ഇന്ത്യയുടെ ബന്ധം തുടക്കം മുതലേ വഷളായിരുന്നു.

   (c) ശീതയുദ്ധം, ഇന്ത്യാ-പാകിസ്ഥാൻ ബന്ധത്തെ ബാധിച്ചു.

   (d) 1971-ലെ സമാധാന സൗഹൃദ ഉടമ്പടി ഇന്ത്യക്ക് അമേരിക്കയോടുള്ള അടുപ്പത്തിന്റെ ഫലമായുണ്ടായതാണ്.

2. ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (a) | 1950 മുതൽ 64 വരെയുള്ള കാലഘട്ടത്തിൽ ഇന്ത്യൻ വിദേശനയത്തിന്റെ ലക്ഷ്യം | i. | അതിർത്തികടന്ന് ഇന്ത്യയിലേക്ക് വന്ന ടിബറ്റൻ ആത്മീയ നേതാവ് |
| (b) | പഞ്ചശീലതത്ത്വങ്ങൾ | ii. | ഭൂമിശാസ്ത്രപരമായ അഖണ്ഡത, പരമാധികാരം എന്നിവയുടെ സംരക്ഷണം |
| (c) | ബണ്ടുങ്ങ് സമ്മേളനം | iii. | സമാധാനപരമായ സഹവർത്തിത്വത്തിന്റെ അഞ്ച് തത്ത്വങ്ങൾ |
| (d) | ദലൈലാമ | iv. | ചേരിചേരാപ്രസ്ഥാനത്തിന്റെ സ്ഥാപനത്തിലേക്ക് നയിച്ചു |

3. സ്വാതന്ത്ര്യത്തിന്റെ അനിവാര്യമായ ഒരു സൂചകമാണ് വിദേശനയത്തിന്റെ നടത്തിപ്പെന്നു നെഹ്റു കരുതുന്നതെന്തുകൊണ്ട്? നിങ്ങളുടെ ഉത്തരത്തിന് പിൻബലമായി രണ്ട് കാരണങ്ങൾ ഉദാഹരണസഹിതം സമർഥിക്കുക.

4. ആന്തരിക സമ്മർദങ്ങളുടെയും അന്തർദേശീയ സാഹചര്യങ്ങളുടെയും പരസ്പരമുള്ള ഇടപെടലുകളുടെ ഫലമാണ് വിദേശകാര്യങ്ങളുടെ നടത്തിപ്പ്. 1960-കളിലെ ഇന്ത്യയുടെ വിദേശ ബന്ധങ്ങളിൽനിന്നും ഒരു ഉദാഹരണമെടുത്ത് നിങ്ങളുടെ ഉത്തരം സാധൂകരിക്കുക.

5. നിങ്ങളാണ് തീരുമാനിക്കുന്നതെങ്കിൽ, ഇന്ത്യയുടെ വിദേശനയത്തിൽ നിങ്ങൾ നിലനിർത്താനാഗ്രഹിക്കുന്ന രണ്ട് കാഴ്ചപ്പാടുകളും നിങ്ങൾ മാറ്റാനാഗ്രഹിക്കുന്ന രണ്ടെണ്ണവും കണ്ടെത്തുക. നിങ്ങളുടെ നിലപാടിനെ പിന്തുണയ്ക്കുന്ന കാരണങ്ങൾ നൽകുക.

6. താഴെ കൊടുത്തിരിക്കുന്നവയെക്കുറിച്ച് ലഘുകുറിപ്പുകളെഴുതുക.

   (a) ഇന്ത്യയുടെ ആണവനയം

   (b) വിദേശനയവിഷയത്തിലുള്ള സമവായം

7. സമാധാനം, സഹകരണം എന്നീ തത്ത്വങ്ങളിലാണ് ഇന്ത്യൻ വിദേശനയം നിർമിച്ചിട്ടുള്ളത്. പക്ഷെ 1962-നും 71-നുമിടയ്ക്കുള്ള പത്തുവർഷത്തിനുള്ളിൽ ഇന്ത്യ മൂന്ന് യുദ്ധങ്ങൾ നടത്തി. ഇത് വിദേശനയത്തിന്റെ പരാജയമെന്ന് നിങ്ങൾ പറയുമോ? അതോ അന്തർദേശീയ സാഹചര്യത്തിന്റെ ഫലമാണ് ഇതെന്നാണോ പറയുക? നിങ്ങളുടെ ഉത്തരത്തെ സാധൂകരിക്കുന്ന കാരണങ്ങൾ നൽകുക.

8. ഒരു പ്രധാനപ്പെട്ട പ്രാദേശിക ശക്തിയാവണമെന്ന ഇന്ത്യയുടെ ആഗ്രഹത്തെ ഇന്ത്യൻ വിദേശനയം പ്രതിഫലിപ്പിക്കുന്നുണ്ടോ? 1971-ലെ ബംഗ്ലാദേശ് യുദ്ധത്തെ ഒരു ഉദാഹരണമാക്കി നിങ്ങളുടെ നിലപാട് വ്യക്തമാക്കുക.

9. എങ്ങനെയാണ് ഒരു രാജ്യത്തിന്റെ രാഷ്ട്രീയ നേതൃത്വം അവരുടെ വിദേശനയത്തെ ബാധിക്കുന്നത്? ഇന്ത്യയുടെ വിദേശനയത്തിൽ നിന്നുള്ള ഉദാഹരണങ്ങൾസഹിതം ഇത് വിശദീകരിക്കുക.

10. ഈ ഖണ്ഡിക വായിച്ച് താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

*"വിശാലമായ അർഥത്തിൽ ചേരിചേരായ്മ അർഥമാക്കുന്നത് സൈനിക ചേരികളിൽനിന്നും നിങ്ങൾ സ്വയം അകന്നുനിൽക്കലല്ല. അതർഥമാക്കുന്നത്, സാധ്യമാകുന്നിടത്തോളം, സൈനിക വീക്ഷണത്തിലൂടെയല്ലാതെ; ചിലപ്പോഴൊക്കെ അങ്ങനെയാവാമെങ്കിലും, സ്വതന്ത്രമായും എല്ലാ രാജ്യങ്ങളുമായും സൗഹൃദബന്ധം നിലനിർത്താൻ ശ്രമിക്കുന്നതിലൂടെയും കാര്യങ്ങളെ കാണുക എന്നതാണ്."* **-ജവഹർലാൽ നെഹ്റു**

(a) എന്തുകൊണ്ടാണ് നെഹ്റു സൈനിക ചേരികളിൽനിന്നും അകന്നുനിൽക്കാൻ ആവശ്യപ്പെടുന്നത്?

(b) ഇന്ത്യ-സോവിയറ്റ് സൗഹൃദ ഉടമ്പടി ചേരിചേരായ്മ എന്ന ആശയത്തിന്റെ ലംഘനമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളുടെ ഉത്തരത്തിന് കാരണങ്ങൾ നൽകുക.

(c) സൈനികചേരികൾ ഉണ്ടായിരുന്നില്ലെങ്കിൽ ചേരിചേരായ്മ അനാവശ്യമാവുകമായിരുന്നേനെ എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ?

അഭ്യാസം




Credit: R. K. Laxman in the Times of India

കോൺഗ്രസിന്റെ തെരഞ്ഞെടുപ്പ് ചിഹ്നം ഒരു ജോടി കാളകളായിരുന്നു. കോൺഗ്രസിനുള്ളിലെ മാറ്റങ്ങൾ സ്വാതന്ത്ര്യം നേടി 22-ാമത്തെ വർഷം ഒരു ഏറ്റുമുട്ടലിലേക്ക് നയിച്ചത് എങ്ങനെയെന്ന് പ്രശസ്തമായ കാർട്ടൂൺ ചിത്രീകരിക്കുന്നു.

**ഈ അധ്യായത്തിൽ...**

കോൺഗ്രസ് വ്യവസ്ഥയുടെ ആരംഭത്തെക്കുറിച്ച് രണ്ടാമധ്യായത്തിൽ നമ്മൾ വായിച്ചു. 1960-കളിൽ ഈ വ്യവസ്ഥ ആദ്യമായി ചോദ്യം ചെയ്യപ്പെട്ടു. രാഷ്ട്രീയമത്സരം കൂടുതൽ തീവ്രമായപ്പോൾ കോൺഗ്രസിന് ആധിപത്യം നിലനിർത്താൻ പ്രയാസമായിവന്നു. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് കൂടുതൽ ശക്തമായ വെല്ലുവിളികളെ നേരിടേണ്ടിവന്നു. വൈവിധ്യങ്ങളെ എല്ലാ അർഥത്തിലും ഉൾക്കൊള്ളാൻ കഴിയാത്തതിനാൽ കോൺഗ്രസിന് ആഭ്യന്തര വെല്ലുവിളി നേരിടേണ്ടിവന്നു. ഈ അധ്യായത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിന് രണ്ടാം അധ്യായത്തിൽ നാം ഒഴിവാക്കിയ ചില വിഷയങ്ങൾ പരിശോധിക്കുന്നു.

- നെഹ്റുവിനു ശേഷമുള്ള രാഷ്ട്രീയപരിവർത്തനം നടന്നത് എങ്ങനെയയെന്ന് മനസ്സിലാക്കുക.
- പ്രതിപക്ഷ ഐക്യവും കോൺഗ്രസിലെ പിളർപ്പും കോൺഗ്രസ് മേധാവിത്വത്തിനു വെല്ലുവിളിയായതെങ്ങനെയെന്ന് വിവരിക്കുക.
- ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള പുതിയ കോൺഗ്രസ് ഈ വെല്ലുവിളികളെ എങ്ങനെയാണ് തരണം ചെയ്തതെന്ന് വിശദീകരിക്കുക.
- പുതിയ നയങ്ങളും പ്രത്യയശാസ്ത്രങ്ങളും എങ്ങനെയാണ് കോൺഗ്രസ് വ്യവസ്ഥയുടെ പുനസ്ഥാപനത്തിന് സഹായിച്ചത്.

അദ്ധ്യായം 5

# കോൺഗ്രസ് വ്യവസ്ഥ: വെല്ലുവിളികളും പുനഃസ്ഥാപനവും (CHALLENGES TO AND RESTORATION OF THE CONGRESS SYSTEM)

Z7U1U3


The Hindustan Times

PRIME MINISTER NEHRU IS DEAD

100,000 wait to pay last homage

Country stunned by sudden end

State mourning for twelve days

New Delhi, May 27—Prime Minister Nehru is dead. His life ebbed away a little before 2 p.m. He had been unconscious since early in the morning.

Sir Alec and Rusk

The Void

## രാഷ്ട്രീയ പിന്തുടർച്ചയുടെ വെല്ലുവിളി (Challenges of Political Succession)

പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു 1964 മെയ് മാസത്തിൽ അന്തരിച്ചു. ഒരു വർഷത്തിലധികമായി അദ്ദേഹം രോഗബാധിതനായിരുന്നു. നെഹ്റുവിനു ശേഷം ആര്? പിന്തുടർച്ച സംബന്ധിച്ച ഈ ചോദ്യം വളരെയേറെ ഊഹാപോഹങ്ങൾക്ക് വഴിവച്ചു. എന്നാൽ ഇന്ത്യയെപോലെയുള്ള ഒരു പുതിയ സ്വതന്ത്ര രാജ്യത്ത് ഈ സാഹചര്യം കുറച്ചുകൂടി ഗൗരവമായ ചോദ്യങ്ങൾക്ക് ഇടം നൽകി. നെഹ്റുവിനു ശേഷം എന്ത്?

നെഹ്റുവിനു ശേഷം ഇന്ത്യയിലെ ജനാധിപത്യ പരീക്ഷണം നിലനിൽക്കുമോയെന്ന് പുറത്തുനിന്നുള്ള നിരവധിപേർ കുറച്ചുകൂടി ഗൗരവമായ രണ്ടാമത്തെ ചോദ്യം ഉന്നയിച്ചു. പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച മറ്റു പല രാജ്യങ്ങളിലും സംഭവിച്ചതുപോലെ ഇന്ത്യയിലും ജനാധിപത്യപിന്തുടർച്ച ഉണ്ടാവുകയില്ലെന്ന് ഭയപ്പെട്ടു. കൂടാതെ പരിഹാരം കാണേണ്ട നിരവധി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പുതിയ നേതൃത്വത്തിന് കഴിയുമോയെന്നുള്ള ആശങ്കയും ഉണ്ടായിരുന്നു. ജനാധിപത്യസംവിധാനത്തിന്റെ പരാജയത്തിലേക്കോ രാജ്യത്തിന്റെ ശിഥിലീകരണത്തിലേക്കോ നയിച്ചേക്കാവുന്ന ഇനിയും പരിഹരിക്കാൻ കഴിയാത്ത വിഷയങ്ങളായ ദാരിദ്ര്യം, അസമത്വം, വർഗീയത, പ്രാദേശിക വിഭജനങ്ങൾ തുടങ്ങിയവയുടെ സാന്നിധ്യം 1960-കളെ അപകടകരമായ പതിറ്റാണ്ട് എന്ന് വിശേഷിപ്പിക്കപ്പെടുന്നതിന് കാരണമായി. നേതൃത്വം പരാജയപ്പെട്ടാൽ പട്ടാളം രാഷ്ട്രീയത്തിൽ ഇടപെടുമെന്നുപോലും ഭയപ്പെട്ടു.



ഫ്രാൻസിനോ കാനഡക്കോ സമാനമായ പ്രശ്നമുണ്ടായാൽ ആരും പരാജയത്തെക്കുറിച്ചോ ശിഥിലീകരണത്തെക്കുറിച്ചോ സംസാരിക്കാറില്ല. എന്തുകൊണ്ടാണ് നമ്മൾ ഇങ്ങനെ നിരന്തരം സംശയാലുക്കളാകുന്നത്.

## നെഹ്റു മുതൽ ശാസ്ത്രി വരെ (From Nehru to Shashtri)

നെഹ്റുവിനു ശേഷമുള്ള പിന്തുടർച്ച സുഗമമായി നടന്നത് എല്ലാ വിമർശകരുടെയും വാദഗതികൾ തെറ്റാണെന്നു തെളിയിച്ചു. നെഹ്റുവിന്റെ മരണശേഷം കോൺഗ്രസ് പാർട്ടിയുടെ പ്രസിഡന്റായ കെ. കാമരാജ്, കോൺഗ്രസ് പാർട്ടി നേതാക്കന്മാരുമായും പാർലമെന്റ് അംഗങ്ങളുമായും കൂടികാഴ്ച നടത്തി ലാൽബഹദൂർ ശാസ്ത്രിക്കനുകൂലമായ സമവായമുണ്ടാക്കി. അദ്ദേഹത്തെ കോൺഗ്രസ് പാർലമെന്ററി പാർട്ടി നേതാവായി ഐക്യകണ്ഠേന തെരഞ്ഞെടുക്കുകയും അങ്ങനെ അദ്ദേഹം ഇന്ത്യയുടെ അടുത്ത പ്രധാന മന്ത്രിയാവുകയും ചെയ്തു. നെഹ്റുവിന്റെ ക്യാബിനറ്റിൽ നിരവധിതവണ മന്ത്രിയായിരുന്ന, ഉത്തർപ്രദേശിൽ നിന്നുള്ള വിവാദത്തിനതീതനായ ഒരു നേതാവായിരുന്നു ശാസ്ത്രി. നെഹ്റു മന്ത്രിസഭയിൽ നിരവധി പ്രാവശ്യം അംഗമായിരുന്നു. നെഹ്റു തന്റെ അവസാന നാളുകളിൽ അദ്ദേഹത്തെ കൂടുതൽ ആശ്രയിക്കേണ്ടതായിവന്നു. ലാളിത്യത്തിനും ആദർശങ്ങളോടുള്ള പ്രതിബദ്ധതയ്ക്കും പേരുകേട്ട ആളായിരുന്നു അദ്ദേഹം. ഒരു വൻ തീവണ്ടി അപകടത്തിന്റെ ധാർമിക ഉത്തരവാദിത്വം ഏറ്റെടുത്ത് അദ്ദേഹം മുമ്പ് റയിൽവേ മന്ത്രി സ്ഥാനം രാജിവച്ചിരുന്നു.

1964 മുതൽ 1966 വരെ ശാസ്ത്രി ആയിരുന്നു രാജ്യത്തെ പ്രധാനമന്ത്രി. അദ്ദേഹത്തിന്റെ ഹ്രസ്വമായ പ്രധാനമന്ത്രി കാലഘട്ടത്തിൽ രാജ്യത്തിന് രണ്ട് പ്രധാന വെല്ലുവിളികൾ നേരിടേണ്ടി വന്നു. ചൈനയുമായുള്ള യുദ്ധം മൂലമുള്ള സാമ്പത്തിക പ്രതിസന്ധിയിൽ നിന്നു കരകയറുന്നതിനിടയിൽ മൺസൂണിന്റെ പരാജയവും, വരൾച്ചയും ഗുരുതര ഭക്ഷ്യപ്രതിസന്ധിയും വലിയ വെല്ലുവിളി ഉയർത്തി. കഴിഞ്ഞ അധ്യായത്തിൽ വിശദീകരിച്ചതുപോലെ 1965 ൽ രാജ്യം പാകിസ്ഥാനുമായി യുദ്ധത്തിൽ ഏർപ്പെടേണ്ടി വന്നു. ഈ രണ്ടു വെല്ലുവിളികളെയും നേരിടുവാനുള്ള രാജ്യത്തിന്റെ ദൃഢനിശ്ചയത്തിന്റെ പ്രതീകമാണ് ശാസ്ത്രിയുടെ പ്രശസ്തമായ 'ജയ് ജവാൻ ജയ് കിസാൻ' എന്ന മുദ്രാവാക്യം.

യു.എസ്.എസ്.ആറിന്റെ ഭാഗമായിരുന്ന ഉസ്ബക്കിസ്ഥാന്റെ ഇപ്പോഴത്തെ തലസ്ഥാനമായ താഷ്കന്റിൽവച്ച് 1966 ജനുവരി 10-ന് ശാസ്ത്രി മരണപ്പെട്ടു. യുദ്ധം അവസാനിപ്പിക്കുന്നതിനായി അന്നത്തെ പാകിസ്ഥാൻ പ്രസിഡന്റായിരുന്ന മുഹമ്മദ് അയൂബ് ഖാനുമായി ചർച്ച നടത്തുന്നതിനും കരാർ ഒപ്പിടുന്നതിനുമായി അവിടെയെത്തിയതായിരുന്നു അദ്ദേഹം.



**ലാൽ ബഹദൂർ ശാസ്ത്രി**
(1904–1966)

ഇന്ത്യയുടെ പ്രധാനമന്ത്രി; 1930 മുതൽ ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ പങ്കെടുത്തു; ഉത്തർപ്രദേശിലെ ക്യാബിനറ്റ് മന്ത്രി; കോൺഗ്രസ് ജനറൽ സെക്രട്ടറി; തീവണ്ടി അപകടത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് രാജി വയ്ക്കുന്നതുവരെ 1951 മുതൽ 1956 വരെ കേന്ദ്ര ക്യാബിനറ്റ് മന്ത്രി; പിന്നീട് 1957 മുതൽ 1964 വരെ കേന്ദ്ര ക്യാബിനറ്റ് മന്ത്രി; 'ജയ് ജവാൻ ജയ് കിസാൻ' എന്ന മുദ്രാവാക്യത്തിന്റെ ഉപജ്ഞാതാവ്.

## ശാസ്ത്രി മുതൽ ഇന്ദിരാഗാന്ധിവരെ (From Shashtri to Indira Gandhi)

അങ്ങനെ കോൺഗ്രസിന് രണ്ടു വർഷത്തിനുള്ളിൽ രണ്ടാം തവണയും രാഷ്ട്രീയ പിന്തുടർച്ചയുമായി ബന്ധപ്പെട്ട വെല്ലുവിളികളെ നേരിടേണ്ടി വന്നു. ഇത്തവണ മൊറാർജി ദേശായിയും ഇന്ദിരാഗാന്ധിയും തമ്മിൽ രൂക്ഷമായ മത്സരമുണ്ടായി. മൊറാർജി ദേശായി മുമ്പ് ബോംബെ സംസ്ഥാനത്തിന്റെ (ഇപ്പോഴത്തെ മഹാരാഷ്ട്രയും ഗുജറാത്തും ചേർന്നത്) മുഖ്യമന്ത്രിയായും കേന്ദ്രമന്ത്രിയായും സേവനമനുഷ്ഠിച്ചിരുന്നു. നെഹ്റുവിന്റെ മകളായ ഇന്ദിരാഗാന്ധി കോൺഗ്രസ് പ്രസിഡന്റായും ശാസ്ത്രി മന്ത്രിസഭയിൽ ക്യാബിനറ്റ് പദവിയുള്ള വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി ആയും പ്രവർത്തിച്ചിരുന്നു. ഈ തവണ പാർട്ടിയിലെ മുതിർന്ന നേതാക്കന്മാരെല്ലാം ഇന്ദിരാഗാന്ധിയെ പിന്തുണയ്ക്കാൻ തീരുമാനിച്ചുവെങ്കിലും തീരുമാനം ഏകകണ്ഠമായിരുന്നില്ല. ഈ വിഷയം കോൺഗ്രസ് എം.പി. മാരുടെ രഹസ്യബാലറ്റിലൂടെ പരിഹരിച്ചു. പാർട്ടിയിലെ 2/3-ൽ കൂടുതൽ എം.പി.മാരുടെ പിന്തുണയോടെ ഇന്ദിരാഗാന്ധി മൊറാർജി ദേശായിയെ പരാജയപ്പെടുത്തി. നേതൃസ്ഥാനത്തിനു വേണ്ടിയുള്ള തീവ്രമത്സരം ഉണ്ടായിട്ടും സമാധാനപരമായി ഒരു അധികാര കൈമാറ്റം നടത്താൻ കഴിഞ്ഞു എന്നത് ഇന്ത്യൻ ജനാധിപത്യം പക്വത കൈവരിച്ചതിന്റെ അടയാളമായി കണക്കാക്കപ്പെട്ടു.

"നിരവധി ആശങ്കകൾക്കിടയിലും ഏറ്റവും അടിയന്തിരമായും ഉചിതവുമായ രീതിയിൽ ഇന്ത്യൻ പ്രധാനമന്ത്രിയുടെ പേര് നിർദേശിക്കപ്പെട്ടു. ബ്രിട്ടൻ പുതിയ പ്രധാനമന്ത്രിയെ കണ്ടെത്തുന്നതിനേക്കാൾ..."

1964 ജൂൺ 3 ലെ മാഞ്ചസ്റ്റർ ഗാർഡിയൻ ദിനപത്രത്തിന്റെ എഡിറ്റോറിയൽ നെഹ്റുവിനു ശേഷമുള്ള രാഷ്ട്രീയ പിന്തുടർച്ചാനാടകം ബ്രിട്ടനിലെ [illegible]




പുതിയ പ്രധാനമന്ത്രി കാര്യങ്ങൾ മനസിലാക്കി എടുക്കുന്നതിന് കുറച്ചു സമയമെടുത്തു. ദീർഘകാലമായി ഇന്ദിരാഗാന്ധി രാഷ്ട്രീയത്തിൽ സജീവമായിരുന്നുവെങ്കിലും കുറച്ചുകാലം മാത്രമേ ശാസ്ത്രി മന്ത്രിസഭയിൽ അംഗമായി സേവനമനുഷ്ഠിച്ചിരുന്നുള്ളൂ. ഇന്ദിരാഗാന്ധിക്ക് ഭരണപരവും രാഷ്ട്രീയപരവുമായ പരിചയമില്ലായ്മ കാരണം അവർ എപ്പോഴും തങ്ങളുടെ സഹായവും പിന്തുണയും തേടുമെന്ന വിശ്വാസത്തിലാണ് കോൺഗ്രസ് പാർട്ടിയിലെ മുതിർന്ന നേതാക്കന്മാർ ഇന്ദിരാഗാന്ധിയെ പിന്തുണച്ചത്. പ്രധാനമന്ത്രി ആയി ഒരു വർഷത്തിനുള്ളിൽ ഇന്ദിരാഗാന്ധിക്ക് പാർട്ടിയെ ഒരു ലോക്സഭാ തെരഞ്ഞെടുപ്പിലേക്ക് നയിക്കേണ്ടി വന്നു. ഈ കാലയളവിൽ രാജ്യത്തിന്റെ സാമ്പത്തിക സാഹചര്യം കൂടുതൽ വഷളാവുകയും അവർക്ക് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ പ്രതിസന്ധികളെ അഭിമുഖീകരിച്ച് പാർട്ടിയുടെ നിയന്ത്രണം നേടുവാനും നേതൃത്വപരമായ കഴിവുകൾ പ്രകടിപ്പിക്കുവാനും അവർക്കായി.

**ഇന്ദിരാഗാന്ധി (1917–1984)**: 1966 മുതൽ 1977 വരെയും 1980 മുതൽ 1984 വരെയും ഇന്ത്യയുടെ പ്രധാനമന്ത്രി, ജവഹർലാൽ നെഹ്റുവിന്റെ മകൾ, ഒരു യുവ കോൺഗ്രസ് പ്രവർത്തകയായി സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു, 1958-ൽ കോൺഗ്രസ് പ്രസിഡന്റ്, 1964 മുതൽ 1966 വരെ ശാസ്ത്രി മന്ത്രിസഭയിൽ ക്യാബിനറ്റ് മന്ത്രി, 1967, 1971, 1980-ലും പൊതുതെരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടിയെ വിജയത്തിലേക്ക് നയിച്ചു. ഗരീബി ഹഠാവോ മുദ്രാവാക്യത്തിന്റെ ശില്പി, 1971-ലെ യുദ്ധത്തിന്റെ വിജയശില്പി, പ്രിവി പഴ്സ് നിർത്തലാക്കൽ, ബാങ്ക് ദേശസാൽക്കരണം, ആണവപരീക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നീ നയങ്ങൾക്ക് മുൻകൈ എടുത്തു. 1984 ഒക്ടോബർ 31-ന് കൊല്ലപ്പെട്ടു.





അവർക്കിത് തീർച്ചയായും പ്രയാസകരമായിരിക്കും. പുരുഷന്മാരുടെ ആധിപത്യമുള്ള ലോകത്തിലെ ഒരു സ്ത്രീ എന്ന നിലയിൽ ഇത്തരം പദവികളിൽ നമുക്ക് എന്തുകൊണ്ട് കൂടുതൽ സ്ത്രീകൾ ഇല്ലാത്തത്?



## 1967 – ലെ നാലാമത് പൊതുതെരഞ്ഞെടുപ്പുകൾ
## (Fourth General Elections - 1967)

1967 ഇന്ത്യയിലെ രാഷ്ട്രീയതെരഞ്ഞെടുപ്പു ചരിത്രത്തിലെ നാഴികക്കല്ലായിരുന്നു. 1952 മുതൽ രാജ്യത്തുടനീളം കോൺഗ്രസ് പാർട്ടി ഒരു പ്രധാന രാഷ്ട്രീയ ശക്തിയായി മാറിയതെങ്ങനെയെന്ന് നിങ്ങൾ രണ്ടാം പാഠഭാഗത്തിൽ വായിച്ചുവല്ലോ? 1967-ലെ തിരഞ്ഞെടുപ്പോടുകൂടി ഈ പ്രവണതയ്ക്ക് വലിയ മാറ്റം സംഭവിച്ചു.

### തെരഞ്ഞെടുപ്പുകളുടെ സാഹചര്യം (Context of the Elections)

നാലാം പൊതുതെരഞ്ഞെടുപ്പുവരെയുള്ള വർഷങ്ങളിൽ രാജ്യം നിരവധി മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. രണ്ടു പ്രധാനമന്ത്രിമാർ ചുരുങ്ങിയ കാലയളവിൽ മരണപ്പെടുകയും അതുപോലെതന്നെ രാഷ്ട്രീയത്തിൽ തുടക്കക്കാരിയായ പുതിയ പ്രാധാനമന്ത്രിക്ക് ഒരു വർഷത്തിൽ താഴെ പരിചയം മാത്രമെ ഉണ്ടായിരുന്നുള്ളു. ഈ കാലയളവിൽ സംഭവിച്ച തുടർച്ചയായ മൺസൂൺ പരാജയത്തിന്റെ ഫലമായി ഉണ്ടായ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധികൾ, വ്യാപകമായ വരൾച്ച, കാർഷിക ഉൽപാദനത്തിന്റെ കുറവ്, രൂക്ഷമായ ഭക്ഷ്യക്ഷാമം, വിദേശ വിനിമയ കരുതലിന്റെ ശോഷണം, വ്യാവസായിക ഉത്പാദനത്തിന്റെയും കയറ്റുമതിയുടെയും കുറവ്, സൈനിക ചിലവിൽ വന്ന വർദ്ധനവ്, ആസൂത്രണത്തിനും സാമ്പത്തിക വികസനത്തിനും കരുതിയിരുന്ന വിഭവങ്ങളെ വകമാറ്റി ചെലവഴി

ക്കൽ എന്നിവയെക്കുറിച്ചെല്ലാം മൂന്നാം അധ്യായത്തിലും ഈ അധ്യായത്തിന്റെ മുൻഭാഗത്തും നമ്മൾ ചർച്ച ചെയ്തതാണ്. അമേരിക്കൻ സമർദത്തിന് വഴങ്ങി രൂപയുടെ മൂല്യം കുറയ്ക്കുക എന്നതായിരുന്നു ഇന്ദിരാഗാന്ധി മന്ത്രിസഭയുടെ ആദ്യതീരുമാനങ്ങളിലൊന്ന്. മുൻപ് 5 രൂപയ്ക്ക് ഒരു അമേരിക്കൻ ഡോളർ വാങ്ങാമായിരുന്നുവെങ്കിൽ രൂപയുടെ മൂല്യം കുറച്ചതിനുശേഷം ഒരു അമേരിക്കൻ ഡോളറിന്റെ വില 7 രൂപയ്ക്ക് മുകളിലെത്തി.

സാമ്പത്തികാവസര വില വർദ്ധനവിനു കാരണമായി. അവശ്യസാധനങ്ങളുടെ വിലവർദ്ധന, ഭക്ഷ്യക്ഷാമം, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ രാജ്യത്തെ മൊത്തം സാമ്പത്തികസ്ഥിതി എന്നിവയ്ക്കെതിരെ ജനങ്ങൾ പ്രതിഷേധിച്ചു. രാജ്യത്തുടനീളം ബന്ദുകളും ഹർത്താലുകളും നിരന്തരം പ്രഖ്യാപിക്കപ്പെട്ടു. ക്രമസമാധാന പ്രശ്നമായിട്ടാണ് ഗവൺമെന്റ് ഈ പ്രശ്നങ്ങളെ കണ്ടത് അല്ലാതെ ജനങ്ങളുടെ പ്രശ്നമായിട്ടല്ല. ഇത് പൊതുജനങ്ങൾക്കിടയിൽ അസംതൃപ്തിയുണ്ടാക്കുകയും ജനങ്ങളുടെ ഉത്കണ്ഠകളെ ശക്തിപ്പെടുത്തുകയും ചെയ്തു.

കമ്മ്യൂണിസ്റ്റ്, സോഷ്യലിസ്റ്റ് പാർട്ടികൾ കൂടുതൽ സമത്വത്തിനായുള്ള പ്രക്ഷോഭ പരിപാടികൾക്ക് തുടക്കം കുറിച്ചു. എങ്ങനെയാണ് കുറച്ച് ആളുകൾ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) നിന്ന് വേർപിരിഞ്ഞ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്-ലെനിനിസ്റ്റ്) രൂപീകരിക്കുകയും സായുധകർഷക കലാപവും കാർഷികമേഖലയിലെ പ്രക്ഷോഭവും സംഘടിപ്പിച്ചതെന്നും നിങ്ങൾ അടുത്ത അധ്യായത്തിൽ പഠിക്കും. സ്വാതന്ത്ര്യത്തിനുശേഷം നടന്ന ചില രൂക്ഷമായ ഹിന്ദു-മുസ്ലിം ലഹളകൾക്കും ഈ കാലയളവ് സാക്ഷ്യംവഹിച്ചു.

### കോൺഗ്രസിതരത്വം (Non-Congressism)

രാജ്യത്തെ കക്ഷിരാഷ്ട്രീയത്തിൽ നിന്ന് ഈ സാഹചര്യങ്ങളെ മാറ്റിനിർത്താൻ കഴിയില്ല. പൊതുപ്രതിഷേധങ്ങൾ സംഘടിപ്പിക്കുന്നതിലും ഗവൺമെന്റിൽ സമ്മർദം ചെലുത്തുന്നതിലും പ്രതിപക്ഷകക്ഷികൾ മുൻനിരയിലുണ്ടായിരുന്നു. കോൺഗ്രസിനെ അധികാരത്തിൽ നിലനിർത്തുന്നത് തങ്ങളുടെ വോട്ടുകൾ വിഭജിക്കുന്നതു കാരണമാണെന്ന് കോൺഗ്രസിനെ എതിർക്കുന്ന രാഷ്ട്രീയ കക്ഷികൾ മനസ്സിലാക്കി. ആയതിനാൽ

### ഒരു രാജസ്ഥാൻ ഗ്രാമത്തിലെ തെരഞ്ഞെടുപ്പ്




1967–ലെ അസംബ്ലി തെരഞ്ഞെടുപ്പിന്റെ ഒരു കഥയാണിത്. ചോമു നിയോജക മണ്ഡലത്തിൽ മത്സരരംഗത്തുണ്ടായിരുന്ന മുഖ്യപാർട്ടികൾ കോൺഗ്രസും സ്വതന്ത്ര പാർട്ടിയുമായിരുന്നു. എന്നാൽ ദേവിസാർ ഗ്രാമത്തിലെ തദ്ദേശീയ രാഷ്ട്രീയചലനങ്ങൾ ഈ രണ്ടു പാർട്ടികൾ തമ്മിലുള്ള മത്സരമായി കൂടിക്കുഴഞ്ഞു. ഈ ഗ്രാമത്തിലെ രാഷ്ട്രീയത്തിൽ ദീർഘകാലമായി ആധിപത്യം പുലർത്തിയിരുന്നത് ഷേർസിംഗ് ആയിരുന്നു. എന്നാൽ കാലക്രമേണ അയാളുടെ അനന്തിരവനായ ഭീംസിംഗ് ജനകീയ നേതാവും ഇദ്ദേഹത്തിന്റെ മുഖ്യ എതിരാളിയുമായി മാറി. രണ്ടു പേരും രജപുത്രരായിരുന്നുവെങ്കിലും ഭീംസിംഗ് പഞ്ചായത്ത് മുഖ്യൻ ആയതിനുശേഷം ഗ്രാമത്തിലെ രജപുത്രരല്ലാത്തവരുടെ ആവശ്യങ്ങൾ പരിഗണിക്കുകയും അതുവഴി അവരുടെയും പിന്തുണ നേടിയെടുക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം രജപുത്രരും രജപുത്രരല്ലാത്തവരും തമ്മിൽ ഒരു സംഖ്യമുണ്ടാക്കി.

മറ്റു ഗ്രാമങ്ങളിൽനിന്നുള്ള സ്ഥാനാർഥികളെ ഗ്രാമുഖ്യന്റെ സ്ഥാനത്തേക്ക് പിന്തുണക്കുന്നതുവഴി അദ്ദേഹം ഗ്രാമത്തിലുട നീളം സഖ്യങ്ങൾ രൂപീകരിക്കുന്നതിന് തന്ത്രശാലിയാണെന്ന് തെളിയിച്ചു. നിയമസഭാ തെരഞ്ഞെടുപ്പിൽ തന്റെ അടുത്ത ഗ്രാമത്തിൽ നിന്നുള്ള സുഹൃത്തുക്കളിൽ ഒരാളെ കോൺഗ്രസ് സ്ഥാനാർഥിയാക്കുവാൻ സമ്മർദം ചെലുത്തുന്നതിനായി സംസ്ഥാന മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ മോഹൻലാൽ സുഖാദിയയെ കാണുവാൻ മുൻകൈ എടുത്ത് ഒരു പ്രതിനിധിസംഘത്തെ അയച്ചു. സുഖാദിയ, മറ്റൊരാളുടെ പേര് ഈ സ്ഥാനത്തേക്ക് നിർദേശിച്ചപ്പോൾ ഭീംസിംഗ് പാർട്ടി സ്ഥാനാർഥിക്കുവേണ്ടി എല്ലാവരും പ്രവർത്തിക്കണമെന്ന കാര്യം ഗ്രാമവാസികളെ ബോധ്യപ്പെടുത്തി. പാർട്ടിസ്ഥാനാർത്ഥി തന്റെ മണ്ഡലത്തിൽനിന്ന് ജയിക്കുകയാണെങ്കിൽ ആ സ്ഥാനാർഥി മന്ത്രിയാവുകയും അതുവഴി അദ്ദേഹത്തിന് ഒരു മന്ത്രിയുമായി ആദ്യമായി നേരിട്ട് ബന്ധമുണ്ടാവുകയും ചെയ്യുമെന്ന് ഭീംസിംഗ് മനസ്സിലാക്കി.

ജാഗിർദാറായ സ്വതന്ത്രപാർട്ടി സ്ഥാനാർഥിക്കുവേണ്ടി പ്രവർത്തിക്കുകയല്ലാതെ മറ്റുമാർഗമൊന്നും ഷേർസിംഗിന് ഇല്ലായിരുന്നു. ഈ ജഗീർദാർ, ഗ്രാമീണവിദ്യാലയത്തിന്റെ നിർമാണത്തിന് സഹായിക്കുമെന്നും പ്രദേശത്തിന്റെ വികസനത്തിനായി അദ്ദേഹത്തിന്റെ വിഭവങ്ങൾ ഉപയോഗിക്കുമെന്നും ഷേർസിംഗ് ജനങ്ങൾക്കിടയിൽ പ്രചരണം നടത്തി. ദേവിസാർ ഗ്രാമത്തിലെങ്കിലും ഈ അസംബ്ലിതെരഞ്ഞെടുപ്പ് അമ്മാവനും അനന്തിരവനും തമ്മിലുള്ള മത്സരമായിമാറി.

ആനന്ദ് ചക്രവർത്തിയുടെ "രാജസ്ഥാനിലെ ചോമു അസംബ്ലി മണ്ഡലത്തിലെ ഒരു ഗ്രാമം" എന്ന പഠനത്തെ ആസ്പദമാക്കിയത്.

പ്രത്യാശാസ്ത്രത്തിലും നയപരിപാടികളിലും തികച്ചും വ്യത്യസ്തത പുലർത്തുന്ന രാഷ്ട്രീയപാർട്ടികൾ ചില സംസ്ഥാനങ്ങളിൽ കോൺഗ്രസ് ഇതരമുന്നണികൾ രൂപീകരിക്കുന്നതിനായി ഒരുമിക്കുകയും മറ്റിടങ്ങളിൽ സീറ്റ് പങ്കിടുന്നതിനെ സംബന്ധിച്ച ധാരണയിലെത്തുകയും ചെയ്തു. ഇന്ദിരാഗാന്ധിയുടെ പരിചയക്കുറവും കോൺഗ്രസ് പാർട്ടിക്കകത്തെ വിഭാഗീയതയും കോൺഗ്രസിനെ മറിച്ചിടാൻ അവസരം ലഭിക്കുമെന്ന് അവർ കരുതി. ഈ തന്ത്രത്തെ സോഷ്യലിസ്റ്റ് നേതാവ് റാം മനോഹർ ലോഹ്യ കോൺഗ്രസ് ഇതരത്വം (Non Congressism) എന്നു വിളിച്ചു. ഇത് സമർഥിക്കുന്നതിനായി അദ്ദേഹം ഒരു സൈദ്ധാന്തികവാദഗതി മുന്നോട്ടുവച്ചു. കോൺഗ്രസ് ഭരണം ജനാധിപത്യവിരുദ്ധവും സാധാരണക്കാരായ പാവപ്പെട്ടവരുടെ താൽപര്യങ്ങൾക്ക് എതിരുമായതിനാൽ ജനകീയ ജനാധിപത്യത്തിന്റെ പുനസ്ഥാപനത്തിന് കോൺഗ്രസ് ഇതര കക്ഷികളുടെ ഒത്തുചേരൽ അനിവാര്യമാണ്.

> “ഇന്ത്യയിൽ ഇപ്പോഴത്തെ പ്രവണത തുടരുകയാണെങ്കിൽ... ചിട്ടയായ ഒരു സാമൂഹികഘടന നിലനിർത്തുന്നതിന് ഭരണകൂടത്തിന് കഴിയാതെവരികയും അധികാരത്തിന്റെയും സാമൂഹ്യക്രമത്തിന്റെയും ഒരേ ഒരു ബദൽ ഉറവിടം സൈന്യം മാത്രമായിമാറും... ജനാധിപത്യ ചട്ടക്കൂടിനുള്ളിൽ നിന്നുള്ള ഇന്ത്യയുടെ വികസനം എന്ന മഹത്തായ പരീക്ഷണം പരാജയപ്പെടും.”

**നെവില്ലി മാക്സ്‌വെൽ**
"ശിഥിലീകരിക്കപ്പെടുന്ന ഇന്ത്യൻ ജനാധിപത്യം" 1967-ൽ ലണ്ടൻ ടൈംസ് പ്രസിദ്ധീകരിച്ച ലേഖനം



**സി. നടരാജൻ അണ്ണാദുരൈ (1909–1969):** 1967 മുതൽ മദ്രാസ് (തമിഴ്നാട്) മുഖ്യമന്ത്രി, ഒരു പത്രപ്രവർത്തകൻ, ജനകീയ എഴുത്തുകാരനും പ്രാസംഗികനും, മദ്രാസ് പ്രവിശ്യയിലെ ജസ്റ്റീസ് പാർട്ടിയുടെ ആദ്യകാല പ്രവർത്തകൻ. പിന്നീട് ദ്രാവിഡ കഴകത്തിൽ (1934) ചേർന്നു. ഡി.എം.കെയെ ഒരു രാഷ്ട്രീയപാർട്ടിയായി 1949–ൽ രൂപീകരിച്ചു. ദ്രാവിഡസംസ്കാരത്തിന്റെ ഉപജ്ഞാതക്കളിൽ ഒരാൾ. ഹിന്ദി അടിച്ചേൽപ്പിക്കുന്നതിനെ എതിർക്കുകയും ഹിന്ദിവിരുദ്ധ പ്രക്ഷോഭങ്ങൾ നയിക്കുകയും സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുന്നതിനെ പിന്തുണയ്ക്കുകയും ചെയ്തു.

## തെരഞ്ഞെടുപ്പു ഫലം (Election Verdict)

വർദ്ധിച്ചു വരുന്ന ജനകീയ അസംതൃപ്തിയുടെയും രാഷ്ട്രീയശക്തികളുടെ ധ്രുവീകരണത്തിന്റെയും സാഹചര്യത്തിലാണ് 1967 ഫെബ്രുവരിയിൽ ലോക്സഭയിലേക്കുള്ള നാലാമത്തെ പൊതുതെരഞ്ഞെടുപ്പും സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പുകളും നടക്കുന്നത്. ആദ്യമായിട്ടാണ് നെഹ്റു ഇല്ലാതെ കോൺഗ്രസ് വോട്ടർമാരെ അഭിമുഖീകരിക്കുന്നത്.



**റാം മനോഹർ ലോഹ്യ (1910–1967):** സോഷ്യലിസ്റ്റ് നേതാവും ചിന്തകനും; സ്വാതന്ത്ര്യസമരസേനാനിയും കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ സ്ഥാപകനും; മാതൃപാർട്ടിയിലെ പിളർപ്പിനുശേഷം സോഷ്യലിസ്റ്റ് പാർട്ടി നേതാവ്; 1963–67 കാലഘട്ടത്തിൽ ലോകസഭ അംഗം, മാൻ കൈൻഡ് ആന്റ് ജെൻ (Mankind and Jan) സ്ഥാപക എഡിറ്റർ; യൂറോപ്യൻ ഇതര സോഷ്യലിസ്റ്റ് സിദ്ധാന്തത്തിന് അടിസ്ഥാന സംഭാവന നൽകിയ ആൾ; ഒരു രാഷ്ട്രീയ നേതാവെന്ന നിലയിൽ നെഹ്റുവിന്റെ ശക്തനായ എതിരാളി; കോൺഗ്രസ് ഇതര സിദ്ധാന്തത്തിന്റെ തന്ത്രശാലി; പിന്നാക്കസംവരണത്തിന്റെ വക്താവും ഇംഗ്ലീഷ് വിരോധിയും.

ദേശീയ, സംസ്ഥാന തലങ്ങളിലെ തെരഞ്ഞെടുപ്പുഫലം കോൺഗ്രസിനെ ഞെട്ടിച്ചു. സമകാലികരാഷ്ട്രീയ നിരീക്ഷകരിൽ പലരും ഇതിനെ ഒരു രാഷ്ട്രീയ ഭൂകമ്പമായി (Political earthquake) വിശേഷിപ്പിച്ചു. കോൺഗ്രസിന് ലോക്സഭയിൽ ഭൂരിപക്ഷം നേടാനായെങ്കിലും 1952-ന് ശേഷം കിട്ടുന്ന ഏറ്റവും കുറച്ച് സീറ്റും കുറച്ചു വോട്ടുമായിരുന്നു. ഇന്ദിരാഗാന്ധിയുടെ ക്യാബിനറ്റിലെ പകുതിയിലധികം മന്ത്രിമാർ പരാജയപ്പെട്ടു. രാഷ്ട്രീയ അതികായകന്മാരായ തമിഴ്നാട്ടിലെ കാമരാജ്, മഹാരാഷ്ട്രയിലെ എസ്.കെ. പാട്ടീൽ, പശ്ചിമ ബംഗാളിലെ അതുല്യഘോഷ്, ബീഹാറിലെ കെ.ബി. സഹായ് എന്നിവർ അവരുടെ നിയോജകമണ്ഡലങ്ങളിൽ പരാജയപ്പെട്ടു.

രാഷ്ട്രീയത്തിലെ നാടകീയമായ ഈ മാറ്റം നിങ്ങൾക്ക് കുറച്ചുകൂടി പ്രകടമാകുന്നത് സംസ്ഥാനതലങ്ങളിലാണ്. കോൺഗ്രസിന് ഏഴ് സംസ്ഥാനങ്ങളിൽ ഭൂരിപക്ഷം നഷ്ട

## അസംബ്ലി തെരഞ്ഞെടുപ്പ് ഫലം – 1967




കുറിപ്പ്: ഈ ഭൂപടം സ്കെയിലിന് അടിസ്ഥാനമാക്കി തയാറാക്കിയതല്ല. അതുകൊണ്ടുതന്നെ ഇന്ത്യയുടെ അതിർത്തികളുടെ ആധികാരികരേഖയായി ഇത് കണക്കാക്കാൻ പാടില്ല



പ്പെട്ടു. രണ്ടു സംസ്ഥാനങ്ങളിൽ കൂറുമാറ്റം കോൺഗ്രസിനെ ഗവൺമെന്റ് രൂപീകരിക്കുന്നതിൽ നിന്ന് തടഞ്ഞു, രാജ്യമെമ്പാടുമുള്ള ഒൻപത് സംസ്ഥാനങ്ങളിൽ - പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, മധ്യപ്രദേശ്, ബീഹാർ, പശ്ചിമബംഗാൾ, ഒറീസ, മദ്രാസ്, കേരളം എന്നിവിടങ്ങളിൽ കോൺഗ്രസിന് അധികാരം നഷ്ടപ്പെട്ടു. മദ്രാസ് സംസ്ഥാനത്തിൽ (ഇപ്പോൾ തമിഴ്നാട്) ഒരു പ്രാദേശികപാർട്ടിയായ ദ്രാവിഡ മുന്നേറ്റ കഴകം (DMK) വ്യക്തമായ ഭൂരിപക്ഷത്തോടുകൂടി അധികാരത്തിലെത്തി. ഹിന്ദി ഔദ്യോഗികഭാഷയായി അടിച്ചേൽപ്പിക്കാനുള്ള കേന്ദ്രഗവൺമെന്റ് നയത്തിനെതിരെ വിദ്യാർഥികളെ സംഘടിപ്പിച്ച് ഹിന്ദിവിരുദ്ധ പ്രക്ഷോഭം നടത്തിയതിനു ശേഷമായിരുന്നു ഡി.എം.കെ. അധികാരത്തിൽ വന്നത്. ഇന്ത്യയിൽ ആദ്യമായി ഒരു സംസ്ഥാനത്ത് കോൺഗ്രസ് ഇതരപാർട്ടി സ്വന്തമായി ഭൂരിപക്ഷം നേടി അധികാരത്തിൽ വന്നത് ഇത് ആദ്യമായാണ്. മറ്റ് എട്ട് സംസ്ഥാനങ്ങളിൽ വ്യത്യസ്ത കോൺഗ്രസ് ഇതരപാർട്ടികളുടെ കൂട്ടുകക്ഷി ഗവൺമെന്റുകൾ രൂപീകരിക്കപ്പെട്ടു. ഡൽഹിയിൽ നിന്നും ഹൗറ വരെ ട്രെയിനിൽ യാത്ര ചെയ്യുന്ന ഒരാൾ കോൺഗ്രസ് ഭരിക്കുന്ന ഒരു സംസ്ഥാനത്തുകൂടെയും കടന്നുപോകുകയില്ലെന്ന് ഒരു പൊതു വർത്തമാനമുണ്ട്. കോൺഗ്രസിനെ എല്ലാ കാലത്തും അധികാരത്തിൽ കണ്ടിരുന്നവർക്ക് ഒരു വിചിത്ര അനുഭവമായിരുന്നു. അതുകൊണ്ട് കോൺഗ്രസിന്റെ മേധാവിത്വത്തിന് ആന്ത്യമായോ?

തൂക്കുനിയമസഭകളിലും മുന്നണി ഗവൺമെന്റിലും എന്താണ് അസ്വാഭാവികമായിട്ടുള്ളത്?

നമ്മൾ എപ്പോഴും കാണുന്നത് ഇതുതന്നെയല്ലേ?



## സഖ്യങ്ങൾ (Coalitions)

1967-ലെ തെരഞ്ഞെടുപ്പാണ് കൂട്ടുകക്ഷി സംവിധാനം എന്ന പ്രതിഭാസം ചിത്രത്തിലേക്ക് കൊണ്ടുവന്നത്. ഒരു രാഷ്ട്രീയകക്ഷിക്ക് മാത്രമായി ഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യത്തിൽ കോൺഗ്രസ് ഇതരപാർട്ടികൾ ഒത്തുചേർന്നുകൊണ്ട് സംയുക്ത നിയമസഭാകക്ഷികൾ (ഹിന്ദിയിൽ ഇതിനെ സംയുക്ത വിധായക് ദൾ) കോൺഗ്രസ് ഇതര ഗവൺമെന്റുകളെ പിന്തുയ്ക്കുകകയും ചെയ്തു. അതുകൊണ്ടാണ് ഈ ഗവൺമെന്റുകളെ SVD ഗവൺമെന്റുകൾ എന്നു വിളിക്കുന്നത്. ഇവയിൽ ഭൂരിഭാഗത്തിലെയും കൂട്ടുകക്ഷിപങ്കാളികൾ പ്രത്യയശാസ്ത്രപരമായി പൊരുത്തമില്ലാത്തതാണ്. ഉദാഹരണത്തിന്, ബീഹാറിലെ എസ്.ഡി.വി. ഗവൺമെന്റ് എസ്.എസ്.പി., പി.എസ്.പി. എന്നീ രണ്ട് സോഷ്യലിസ്റ്റ് പാർട്ടികളെ ഉൾക്കൊള്ളുന്നതോടൊപ്പം ഇടതുപക്ഷത്തു നിന്നുള്ള സി.പി.ഐയെയും വലതുപക്ഷത്തു നിന്നുള്ള ജനസംഘത്തിനെയും ഉൾക്കൊണ്ടു. ഈ കൂട്ടുകെട്ട് സമ്പ്രദായം പഞ്ചാബിൽ 'ജനകീയ ഐക്യമുന്നണി' (Popular United Front) എന്നറിയപ്പെട്ടു. ഈ മുന്നണി സന്ത്ഗ്രൂപ്പ്, മാസ്റ്റർ ഗ്രൂപ്പ് എന്നി രണ്ട് വിരുദ്ധ അകാലിപാർട്ടികളെ ഉൾക്കൊള്ളുന്നതോടൊപ്പം സി.പിഐ., സി.പി.എം. എന്നീ രണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടികളെയും എസ്.എസ്.പി. റിപ്പബ്ലിക്കൻ പാർട്ടി, ഭാരതീയ ജനസംഘ് എന്നീ പാർട്ടികളെയും ഉൾക്കൊള്ളിച്ചു.



### കുറുമാറ്റം (Defection)

1967-ലെ തെരഞ്ഞെടുപ്പിനുശേഷമുള്ള ഇന്ത്യൻ രാഷ്ട്രീയത്തിന്റെ മറ്റൊരു പ്രധാന സവിശേഷത സംസ്ഥാനങ്ങളിൽ ഗവൺമെന്റുകൾ രൂപീകരിക്കുന്നതിനും രൂപീകരിക്കാതിരിക്കുന്നതിനും കൂറുമാറ്റത്തിനുള്ള നിർണായക പങ്കാണ്. തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രതിനിധി അവന്റെ/അവളുടെ പാർട്ടിയും ചിഹ്നവും ഉപേക്ഷിച്ച് മറ്റൊരു പാർട്ടിയിൽ ചേരുന്നതിനെയാണ് കൂറുമാറ്റം എന്നു പറയുന്നത്. 1967-ലെ പൊതു തെരഞ്ഞെടുപ്പിനുശേഷം കോൺഗ്രസിൽ നിന്നു വിട്ടുപോയ നിയമസഭാംഗങ്ങൾ ഹരിയാന, മധ്യപ്രദേശ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ കോൺഗ്രസ് ഇതര ഗവൺമെന്റുകൾ രൂപീകരിക്കുവാൻ മുഖ്യപങ്കുവഹിച്ചു. ഈ കാലഘട്ടത്തിൽ നടന്ന നിരന്തരമായ പുനക്രമീകരണവും രാഷ്ട്രീയ കൂറുമാറ്റവും 'ആയാ റാം ഗയാ റാം' എന്ന പ്രയോഗത്തിന് തുടക്കം കുറിച്ചു.

**'ആയാ റാം ഗയാ റാം'ന്റെ കഥ**
**(The Story of Aya Ram Gaya Ram)**




നിയമസഭാംഗങ്ങളുടെ നിരന്തരമായ കൂറുമാറ്റത്തെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചതിലൂടെയാണ് ഇന്ത്യയുടെ രാഷ്ട്രീയ പദവാലിയിൽ 'ആയാ റാം ഗയാ റാം' എന്ന പ്രയോഗം പ്രസിദ്ധി നേടുന്നത്. ഇതിന്റെ പദാനുപദ വിവർത്തനം റാം വന്നു റാം പോയി എന്നാകുന്നു. 1967-ൽ ഹരിയാന എം.എൽ.എ. ആയിരുന്ന ഗയാലാലിന്റെ അത്ഭുതപ്പെടുത്തുന്ന സാഹസിക കൂറുമാറ്റത്തോടുകൂടിയാണ് ഈ പ്രയോഗം ആവിർഭവിച്ചത്. അദ്ദേഹം രണ്ടാഴ്ചയ്ക്കുള്ളിൽ മൂന്നുപ്രാവശ്യം പാർട്ടി മാറുകയുണ്ടായി. ആദ്യം കോൺഗ്രസിൽ നിന്ന് ഐക്യമുന്നണിയിലേക്കും പിന്നീട് തിരിച്ച് കോൺഗ്രസിലേക്കും, 9 മണിക്കൂറിനുള്ളിൽ വീണ്ടും ഐക്യമുന്നണിയിലേക്കും അദ്ദേഹം മാറുകയുണ്ടായി. ഗയാലാൽ ഐക്യ മുന്നണി വിട്ട് കോൺഗ്രസിൽ ചേരുവാനുള്ള തീരുമാനം പ്രഖ്യാപിച്ചപ്പോൾ കോൺഗ്രസ് നേതാവായ റാവു ബീരേന്ദ്രസിംഗ് അദ്ദേഹത്തെ ചണ്ഡിഗഡിലെ പത്രസമ്മേളനത്തിലേക്ക് കൊണ്ടുവരികയും 'ഗയാ റാം ഇപ്പോൾ ആയാ റാം' ആയതായി പ്രഖ്യാപിക്കുകയും ചെയ്തു.

ഗയാലാലിന്റെ ഈ സാഹസകൃത്യം 'ആയാ റാം, ഗയാ റാം' എന്ന പ്രയോഗത്തെ അനശ്വരമാക്കുകയും പല കാർട്ടൂണുകളുടെയും ഫലിതങ്ങളുടെയും ചർച്ചാ വിഷയമാവുകയും ചെയ്തു. പിന്നീട് കൂറുമാറ്റങ്ങൾ തടയുന്നതിനായി ഭരണഘടന ഭേദഗതി ചെയ്തു.

### കോൺഗ്രസിലെ പിളർപ്പ് (Split in the Congress)

1967-ലെ തെരഞ്ഞെടുപ്പിനുശേഷം കോൺഗ്രസ് വളരെ കുറഞ്ഞ ഭൂരിപക്ഷത്തോടെ കേന്ദ്രത്തിൽ അധികാരം നിലനിർത്തുകയും മിക്ക സംസ്ഥാനങ്ങളിലും അധികാരം നഷ്ടപ്പെടുകയും ചെയ്യുന്നത് നാം കണ്ടു. ഏറ്റവും പ്രധാനകാര്യം കോൺഗ്രസിനെ തെരഞ്ഞെടുപ്പുകളിൽ പരാജയപ്പെടുത്താൻ കഴിയുമെന്ന് ഈ ഫലങ്ങൾ തെളിയിച്ചു. എന്നാൽ കോൺഗ്രസിന് പകരം വയ്ക്കാൻ മറ്റൊന്നില്ലായിരുന്നു. മിക്ക സംസ്ഥാനങ്ങളിലും കോൺഗ്രസ് ഇതര ഗവൺമെന്റുകൾ അധികകാലം അതിജീവിച്ചില്ല. ഇവിടെയെല്ലാം ഭൂരിപക്ഷം നഷ്ടപ്പെടുകയോ ഒന്നുകിൽ പുതിയസഖ്യങ്ങൾ രൂപീകരിക്കുകയോ അതുമല്ലെങ്കിൽ പ്രസിഡന്റ് ഭരണം അടിച്ചേൽപ്പിക്കുകയോ ചെയ്തു.

### ഇന്ദിര 'സിൻഡിക്കേറ്റി'നെതിരെ (Indira vs the 'Syndicate')

ഇന്ദിരാഗാന്ധി നേരിട്ട യഥാർഥ വെല്ലുവിളി പ്രതിപക്ഷത്തു നിന്നായിരുന്നില്ല മറിച്ച് സ്വന്തം പാർട്ടിക്കുള്ളിൽ നിന്നായിരുന്നു. കോൺഗ്രസിനുള്ളിലെ ശക്തരും സ്വാധീനമുള്ളവരുമായ



**കെ. കാമരാജ് (1903-1975):** സ്വാതന്ത്ര്യസമര സേനാനിയും കോൺഗ്രസ് പ്രസിഡന്റും; മദ്രാസ് (തമിഴ്നാട്) മുഖ്യമന്ത്രി; വിദ്യാഭ്യാസം ലഭിക്കാതെ കഷ്ടപ്പെട്ടു; മദ്രാസ് പ്രവിശ്യയിൽ വിദ്യാഭ്യാസം വ്യാപിപ്പിക്കുന്നതിനുള്ള പരിശ്രമം; സ്കൂളുകളിൽ ഉച്ചഭക്ഷണപദ്ധതി ആരംഭിച്ചു; 1963-ൽ മുതിർന്ന കോൺഗ്രസ് നേതാക്കന്മാർ യുവക്കാളായ പാർട്ടിപ്രവർത്തകർക്കായി രാജിവച്ച് വഴിമാറണമെന്ന് നിർദേശിച്ചു - ഈ നിർദേശമാണ് പ്രസിദ്ധമായ 'കാമരാജ് പ്ലാൻ.'

### കോൺഗ്രസ് 'സിൻഡിക്കേറ്റ്'

പാർട്ടിസംഘടനയുടെ നിയന്ത്രണമുള്ള ഒരു വിഭാഗം കോൺഗ്രസ് നേതാക്കന്മാരെ അനൗദ്യോഗികമായി വിളിക്കുന്ന പേരാണ് സിൻഡിക്കേറ്റ്. തമിഴ്നാട് മുഖ്യമന്ത്രിയും കോൺഗ്രസ് പ്രസിഡന്റുമായിരുന്ന കെ. കാമരാജായിരുന്നു ഇതിനെ നയിച്ചത്. ബോംബെ സിറ്റി (പിന്നീട് മുംബൈ എന്ന് നാമകരണപ്പെട്ടു) യിലെ എസ്.കെ. പാട്ടീൽ, മൈസൂറി (പിന്നീട് കർണാടക) ലെ എസ്. നിജലിംഗപ്പ, ആന്ധ്രാപ്രദേശിലെ നീലം സഞ്ജീവറെഡ്ഡി, പശ്ചിമബംഗാളിലെ അതുല്യഘോഷ് എന്നിവരായിരുന്നു ഈ വിഭാഗത്തിലെ നേതാക്കന്മാർ. ലാൽബഹദൂർ ശാസ്ത്രിക്കും ഇന്ദിരാഗാന്ധിക്കും അവരുടെ സ്ഥാനം ഉറപ്പിക്കുന്നതിനാവശ്യമായ പിന്തുണ സിൻഡിക്കേറ്റിൽനിന്നു ലഭിച്ചിരുന്നു. ഇന്ദിരാഗാന്ധിയുടെ ആദ്യ മന്ത്രിസഭയിലും അതിന്റെ നയരൂപീകരണത്തിലും നടപ്പാക്കലിലും ഈ ഗ്രൂപ്പ് നിർണായക പങ്കുവഹിച്ചു. കോൺഗ്രസ് പിളർപ്പിനുശേഷം സിൻഡിക്കേറ്റ് നേതാക്കന്മാരിൽ സിൻഡിക്കേറ്റിനോട് കൂറുള്ളവർ കോൺഗ്രസ് (O) യിൽ തുടർന്നു. ജനപിന്തുണാ പരീക്ഷണത്തിൽ ഇന്ദിരാഗാന്ധിയുടെ കോൺഗ്രസ് (R) ന്റെ വിജയത്തോടെ ഇന്ത്യൻ രാഷ്ട്രീയത്തിലെ ഈ ശക്തരായ നേതാക്കന്മാർക്ക് അവരുടെ അധികാരവും അന്തസും 1971-നുശേഷം നഷ്ടപ്പെട്ടു.




**എസ്. നിജലിംഗപ്പ (1902–2000):** കോൺഗ്രസിലെ മുതിർന്ന നേതാവ്; ഭരണഘടനാ നിർമാണസമിതി അംഗം; ലോക്സഭ അംഗം; മൈസൂർ (ഇപ്പോഴത്തെ കർണാടക) സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി; ആധുനിക കർണാടകയുടെ ശില്പിയായി കരുതപ്പെടുന്നു; 1968-71 കാലഘട്ടത്തിലെ കോൺഗ്രസ് പ്രസിഡന്റ്.



സംസ്ഥാനതല നേതാക്കന്മാർ കേന്ദ്രത്തിൽ ഗവൺമെന്റ് രൂപീകരണത്തിൽ മുഖ്യസൂത്രധാരന്മാരാകുന്നതിൽ പുതുമയൊന്നുമില്ല. ഞാൻ വിചാരിക്കുന്നത് 1990-കളിൽ മാത്രമാണ് ഇത് സംഭവിച്ചതെന്ന്.

ഒരു കൂട്ടം നേതാക്കന്മാരുൾപ്പെടുന്ന സിൻഡിക്കേറ്റിനെ (Syndicate) ഇന്ദിരയ്ക്ക് നേരിടേണ്ടതായി വന്നു. പാർലമെന്ററി പാർട്ടി നേതാവായി തെരഞ്ഞെടുത്ത് ഇന്ദിരാഗാന്ധിയെ പ്രധാനമന്ത്രി പദത്തിൽ എത്തിക്കുന്നതിൽ സിൻഡിക്കേറ്റ് പ്രധാന പങ്കു വഹിച്ചിരുന്നു. ഇന്ദിരാഗാന്ധി തങ്ങളുടെ ഉപദേശം സ്വീകരിക്കുമെന്നാണ് ഈ നേതാക്കൾ കരുതിയിരുന്നത്. എന്നാൽ ക്രമേണ പാർട്ടിയിലും ഗവൺമെന്റിലും ഇന്ദിരാഗാന്ധി തന്റെ സ്ഥാനം ഉറപ്പിക്കുവാൻ ശ്രമിച്ചു. പാർട്ടിക്കുപുറത്തുനിന്ന് അവർ തന്റെ വിശ്വസ്ത ഉപദേശകരെ തിരഞ്ഞെടുത്തു. സാവധാനവും ശ്രദ്ധയോടുംകൂടിയും സിൻഡിക്കേറ്റിനെ അവർ അപ്രസക്തമാക്കി.




**കർപ്പൂരി താക്കൂർ (1924–1988):** 1970 ഡിസംബറിനും 1971 ജൂണിനും ഇടയിലും 1977 ജൂണിനും 1979 ഏപ്രിലിനുമിടയിൽ ബീഹാർ മുഖ്യമന്ത്രിയായിരുന്നു; സ്വാതന്ത്ര്യ സമരസേനാനിയും സോഷ്യലിസ്റ്റ് നേതാവും; തൊഴിലാളി-കർഷക പ്രക്ഷോഭങ്ങളിലെ സജീവസാന്നിധ്യം; ലോഹിയയുടെ ശക്തനായ പിന്തുടർച്ചക്കാരൻ; ജയപ്രകാശ് നാരായണൻ നയിച്ച പ്രക്ഷോഭത്തിൽ പങ്കെടുത്തു; രണ്ടാമത് മുഖ്യമന്ത്രിയായപ്പോൾ ബീഹാറിലെ പിന്നാക്കസമുദായങ്ങൾക്ക് സംവരണം ഏർപ്പെടുത്തുന്നതിനുള്ള തീരുമാനത്തിലൂടെ പ്രസിദ്ധനായി; ഇംഗ്ലീഷ് ഭാഷ ഉപയോഗത്തിന്റെ ശക്തനായ വിരോധി.

ഇന്ദിരാഗാന്ധി അങ്ങനെ രണ്ടു വെല്ലുവിളികളെ നേരിട്ടു. സിൻഡിക്കേറ്റിൽ നിന്നും സ്വതന്ത്രമാകേണ്ടത് അവരുടെ ആവശ്യമായി വന്നു. 1967-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസിനു നഷ്ടപ്പെട്ട പ്രതാപം തിരിച്ചു പിടിക്കുക എന്നത് അവരുടെ മറ്റൊരു ആവശ്യമായിരുന്നു. ഇന്ദിരാഗാന്ധി ഇതിനായി വളരെ ധീരമായ ഒരു തന്ത്രം സ്വീകരിച്ചു. കേവലം ഒരു അധികാരപോരാട്ടത്തെ അവർ ഒരു പ്രത്യയശാസ്ത്ര പോരാട്ടമായി പരിവർത്തനം ചെയ്തു. സർക്കാർ നയത്തിന് ഒരു ഇടത് ദിശാബോധം നൽകുന്നതിനായി അവർ ധാരാളം പ്രവർത്തനങ്ങൾ ഏറ്റെടുത്തു. കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി പത്തിനപരിപാടികൾ ഏറ്റെടുത്തു നടത്തുന്നതിനായി 1967-മെയ് മാസത്തിൽ അനുമതി നൽകി. ബാങ്കുകളുടെ സാമൂഹിക നിയന്ത്രണം, ജനറൽ ഇൻഷുറൻസിന്റെ ദേശസാൽക്കരണം, നഗരസ്വത്തിനും വരുമാനത്തിനും പരിധി നിശ്ചയിക്കൽ, ഭക്ഷ്യധാന്യങ്ങളുടെ പൊതുവിതരണം, ഭൂപരിഷ്ക്കരണം,

ഗ്രാമീണ ദരിദ്രർക്ക് ഭവനനിർമാണത്തിനുള്ള ഭൂമി നൽകൽ എന്നിവ ഈ പദ്ധതികളിലുൾപ്പെടുന്നു. എന്നാൽ സിൻഡിക്കേറ്റ് (Syndicate) നേതാക്കന്മാർ ഈ ഇടതുപക്ഷനയങ്ങളെ തത്ത്വത്തിൽ അംഗീകരിച്ചെങ്കിലും അവർക്ക് ഇതിൽ ധാരാളം ആശങ്കകളുണ്ടായിരുന്നു.

### 1969-ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പ് (Presidential election, 1969)

1969-ൽ ഇന്ദിരാഗാന്ധിയും സിൻഡിക്കേറ്റും തമ്മിലുള്ള ചേരിപ്പോര് മറനീക്കി പുറത്തുവന്നു. ഇന്ത്യൻ പ്രസിഡന്റായിരുന്ന സക്കീർ ഹുസൈൻ 1969-ൽ മരണപ്പെട്ടതിനെ തുടർന്ന് പ്രസിഡന്റ് സ്ഥാനത്ത് ഒഴിവുവന്നു. ഇന്ദിരാഗാന്ധിയുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട്, അവരുടെ എക്കാലത്തെയും വലിയ പ്രതിയോഗിയും അപ്പോഴത്തെ ലോകസഭാ സ്പീക്കറുമായ നീലം സഞ്ജീവറെഡ്ഡിയെ വരാൻപോകുന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ ഔദ്യോഗിക സ്ഥാനാർഥിയായി നാമനിർദേശം ചെയ്യാൻ സിൻഡിക്കേറ്റിന് കഴിഞ്ഞു. വൈസ് പ്രസിഡന്റായിരുന്ന വി.വി. ഗിരിയെ സ്വതന്ത്രസ്ഥാനാർഥിയായി നാമനിർദേശ പത്രിക സമർപ്പിക്കാൻ പ്രോൽസാഹിപ്പിച്ചുകൊണ്ട് ഇന്ദിരാഗാന്ധി തിരിച്ചടിച്ചു. ഇതു കൂടാതെ 14 മുൻനിര സ്വകാര്യ ബാങ്കുകളുടെ ദേശസാൽക്കരണം, മുൻ രാജാക്കന്മാർക്കു നൽകിവന്നിരുന്ന പ്രിവിപഴ്സ് എന്ന സവിശേഷ ആനുകൂല്യം റദ്ദാക്കുക തുടങ്ങി ബൃഹത്തും ജനപ്രിയമായതുമായ നയങ്ങൾ

**വി.വി. ഗിരി (1894–1980):**



1969 മുതൽ 1974 വരെ ഇന്ത്യയുടെ പ്രസിഡന്റ്; കോൺഗ്രസ് പ്രവർത്തകനും ആന്ധ്രാപ്രദേശിൽ നിന്നുള്ള തൊഴിലാളി നേതാവും; സിലോണിലെ (ശ്രീലങ്ക) ഇന്ത്യൻ ഹൈക്കമ്മീഷണർ; കേന്ദ്ര ക്യാബിനറ്റിലെ തൊഴിൽ മന്ത്രി; ഉത്തർപ്രദേശ്, കേരള, മൈസൂർ (കർണാടക) എന്നിവങ്ങളിലെ ഗവർണർ; 1967–1969 കാലഘട്ടത്തിൽ ഉപരാഷ്ട്രപതി; സക്കീർ ഹുസൈന്റെ മരണത്തെതുടർന്ന് രാഷ്ട്രപതിയുടെ ചുമതല രാജിവച്ച് രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ മത്സരിച്ചു; രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധിയുടെ പിന്തുണ ലഭിച്ചു.




Credit: R. K. Laxman in The Times of India, 21 August 1969

അവർ പ്രഖ്യാപിച്ചു. ഉപപ്രധാനമന്ത്രിയും ധനകാര്യമന്ത്രിയുമായിരുന്നു മൊറാർജി ദേശായി. മേൽപ്പറഞ്ഞ രണ്ടു കാര്യങ്ങളിലും അദ്ദേഹവും പ്രധാനമന്ത്രിയും തമ്മിൽ ഗുരുതരമായ അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുത്തതിന്റെ ഫലമായി മൊറാർജി ദേശായി ഗവൺമെന്റിൽ നിന്ന് രാജി വച്ചു.

മുൻപും കോൺഗ്രസ്സിൽ ഇത്തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. ഇത്തവണ രാഷ്ട്രപതി തെരഞ്ഞെടുപ്പിനെ ശക്തിപ്രകടനത്തിനുള്ള അവസരമായി ഇരുവിഭാഗങ്ങളും കണ്ടു. പാർട്ടിയുടെ ഔദ്യോഗിക സ്ഥാനാർഥിയായ സഞ്ജീവറെഡ്ഡിക്ക് അനുകൂലമായി വോട്ട് ചെയ്യാൻ എല്ലാ കോൺഗ്രസ് എം.പി. മാർക്കും എം.എൽ.എ. മാർക്കും അന്നത്തെ കോൺഗ്രസ് പ്രസിഡന്റായിരുന്ന നിജലിംഗപ്പ 'വിപ്പ്' നൽകി. എ.ഐ.സി.സിയുടെ ഒരു പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കാൻ ഇന്ദിരാഗാന്ധിയെ പിന്തുണക്കുന്നവർ ആവശ്യപ്പെട്ടെങ്കിലും അത് നിരസിക്കപ്പെട്ടു (അതുകൊണ്ടാണ് ഈ വിഭാഗം റിക്വിസിഷനിസ്റ്റ്സ് എന്നറിയപ്പെട്ടത്). നിശബ്ദമായി വി.വി. ഗിരിയെ പിന്തുണച്ച ശേഷം, പ്രധാനമന്ത്രി പരസ്യമായി മനസാക്ഷി വോട്ടിന് ആഹ്വാനം ചെയ്തു. അതായത് കോൺഗ്രസ് എം.പി. മാർക്കും എം.എൽ.എ. മാർക്കും അവർ ആഗ്രഹിക്കുന്ന തരത്തിൽ വോട്ട് ചെയ്യാനുള്ള സ്വാതന്ത്ര്യം ഉണ്ട് എന്നാണ് ഇത് അർഥമാക്കുന്നത്. ഈ തെരഞ്ഞെടുപ്പ് സ്വതന്ത്ര സ്ഥാനാർഥിയായ വി.വി. ഗിരിയുടെ വിജയത്തിലും കോൺഗ്രസ്സിന്റെ ഔദ്യോഗിക സ്ഥാനാർഥിയായ സഞ്ജീവറെഡ്ഡിയുടെ പരാജയത്തിലും കലാശിച്ചു.

> "ദുരന്തങ്ങൾ നിറഞ്ഞ ചരിത്രം ജനാധിപത്യത്തെ പലപ്പോഴായി കീഴടക്കിയിട്ടുണ്ട്. ജനകീയ തരംഗത്തിലൂടെയോ ജനാധിപത്യപ്രസ്ഥാനത്തിന്റെ പിന്തുണയോടെയോ അധികാരത്തിലെത്തുന്ന ഒരു നേതാവ് ആത്മരതിക്ക് ഇരയാക്കപ്പെടുകയും തത്വദീക്ഷയില്ലാത്ത രാഷ്ട്രീയ അനുയായിവൃന്ദത്തിന്റെ പ്രേരണയാൽ വിധ്വംസിത്തം പ്രവർത്തിക്കുകയും ചെയ്യും."
>
> **എസ്. നിജലിംഗപ്പ**
>
> 1969 നവംബർ 11-ന് ഇന്ദിരാഗാന്ധിയെ പുറത്താക്കിക്കൊണ്ട് അവർക്ക് അയച്ച കത്ത്

ഔദ്യോഗിക കോൺഗ്രസ് സ്ഥാനാർഥിയുടെ പരാജയം പാർട്ടിയിലെ പിളർപ്പ് പൂർണമാക്കി. കോൺഗ്രസ് പ്രസിഡന്റ്, പ്രധാനമന്ത്രിയെ പാർട്ടിയിൽ നിന്ന് പുറത്താക്കി, എന്നാൽ തങ്ങളുടെ വിഭാഗമാണ് യഥാർഥ കോൺഗ്രസ്സെന്ന് ഇന്ദിരാഗാന്ധി അവകാശപ്പെട്ടു. 1969 നവംബറോടു കൂടി സിൻഡിക്കേറ്റിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് വിഭാഗത്തെ സംഘടന കോൺഗ്രസ് എന്ന് വിളിക്കുകയും ഇന്ദിരാഗാന്ധി നേതൃത്വം കൊടുക്കുന്ന വിഭാഗത്തെ കോൺഗ്രസ് റിക്വിസിഷനിസ്റ്റ്സ് എന്നു വിളിക്കുകയും ചെയ്തു. ഈ രണ്ടു പാർട്ടികളെയും പഴയ കോൺഗ്രസ് എന്നും പുതിയ കോൺഗ്രസ് എന്നും വിശേഷിപ്പിക്കുന്നു. ഇന്ദിരാ

**പ്രിവി പഴ്സ് നിർത്തലാക്കൽ**

ഒന്നാമത്തെ അധ്യായത്തിൽ നാട്ടു രാജ്യങ്ങളുടെ സംയോജനത്തെക്കുറിച്ച് നിങ്ങൾ വായിച്ചുവല്ലോ? നാട്ടുരാജ്യങ്ങളുടെ അന്നത്തെ ഭരണാധികാരികൾക്കും കുടുംബങ്ങൾക്കും നിശ്ചിതമായ സ്വകാര്യ സ്വത്ത് കൈവശം വയ്ക്കാൻ അനുവദിക്കുമെന്നും ലയിപ്പിക്കുന്ന നാട്ടുരാജ്യത്തിന്റെ വലിപ്പം, വരുമാനം, ശേഷി എന്നിവ അടിസ്ഥാനമാക്കി കണക്കാക്കുന്ന ഒരു പാരമ്പര്യധനസഹായം (Grand in heridity) അഥവാ ഗവൺമെന്റ് ബത്ത ലയനത്തെ തുടർന്ന് നൽകുന്നതാണന്ന് ഉറപ്പുനൽകിയിരുന്നു. ഈ ധനസഹായത്തെ പ്രിവിപഴ്സ് എന്നു വിളിക്കുന്നു. നാട്ടുരാജ്യങ്ങളെ കൂട്ടിച്ചേർക്കുന്ന സമയത്ത് ഈ ആനുകൂല്യങ്ങൾ സംബന്ധിച്ച് യാതൊരു വിമർശനവും ഉണ്ടായില്ല. എന്തെന്നാൽ സംയോജനവും ഏകീകരണവുമായിരുന്നു അന്നത്തെ പ്രധാന ലക്ഷ്യം.

എന്നിരുന്നാലും ഇന്ത്യൻ ഭരണഘടനയിൽ ഉൾചേർത്ത സമത്വം, സാമൂഹിക സാമ്പത്തിക നീതി എന്നിവയുമായി ഇണങ്ങുന്നതായിരുന്നില്ല ഈ പാരമ്പര്യ ആനുകൂല്യങ്ങൾ, ഈ വിഷയത്തിൽ ജവഹർലാൽ നെഹ്റു അപ്പോഴും അതിനുശേഷവും അതൃപ്തി പ്രകടിപ്പിച്ചിരുന്നു. 1967-ലെ തെരഞ്ഞെടുപ്പിനുശേഷം ഗവൺമെന്റ് പ്രിവിപേഴ്സ് നിർത്തലാക്കണമെന്ന ആവശ്യത്തെ ഇന്ദിരാഗാന്ധി പിന്തുണച്ചു. എന്നാൽ മൊറാർജി ദേശായ് ഈ നീക്കം ധാർമികമായി തെറ്റാണെന്നും രാജാക്കന്മാരുമായുള്ള വിശ്വാസലംഘനത്തിനിടയാക്കുമെന്നും പ്രസ്താവിച്ചു.

ഗവൺമെന്റ് 1970-ൽ ഒരു ഭരണഘടനാ ഭേദഗതികൊണ്ടുവരുന്നതിന് ശ്രമിച്ചു. എന്നാൽ രാജ്യസഭയിൽ അതു പാസായില്ല. ഗവൺമെന്റ് പിന്നീട് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. എന്നാൽ സുപ്രീംകോടതി അതു റദ്ദാക്കി. 1971-ൽ ഇന്ദിരാഗാന്ധി ഒരു സുപ്രധാന തെരഞ്ഞെടുപ്പു വിഷയമാക്കുകയും പൊതുജനപിന്തുണ നേടുകയും ചെയ്തു. 1971-ലെ ഉജ്ജ്വലമായ തെരഞ്ഞെടുപ്പുവിജയത്തെ തുടർന്ന് പ്രിവിപഴ്സ് നിർത്തലാക്കുന്നതിനുള്ള നിയമതടസങ്ങൾ നീക്കുന്നതിന് ഭരണഘടന ഭേദഗതിചെയ്തു.



JEWELLERY
PEARLS, EMERALDS
RUBIES NAVRATAN
NEW DESIGNS
GIRDHARILAL

THE HINDUSTAN TIMES

Regd. No. 0744 New Delhi Saturday August 16 1969 Eighteen Paise

KUTAB MINAR ARTIST PENCILS

# PM INSISTS ON FREE VOTE

## Congress splits on historic day

### No-confidence move against Nijalingappa

Hindustan Times Correspondent

New Delhi, Aug. 15—Confirming the worst fears of the past few

### States trend shows no major change

A decision to stand by the mandate and an equally pronounced reiteration of the demand for a free vote in the Presidential poll marked the final phase of the campaign by rival Congress factions in the States. The following developments were reported on Thursday by Hindustan Times Correspondents:




Credit: Vijayan, Shankar's Weekly

1969-ൽ കോൺഗ്രസ് പാർട്ടിയിലുണ്ടായ പിളർപ്പിനെക്കുറിച്ചുള്ള ഒരു കാർട്ടൂണിസ്റ്റിന്റെ ഭാവനയിൽ

1969 ജൂലൈ 20

ഗാന്ധി ഈ പിളർപ്പിനെ സോഷ്യലിസ്റ്റുകളും യഥാസ്ഥിതികരും തമ്മിലുള്ള പ്രത്യയശാസ്ത്രപരമായ ഭിന്നിപ്പായും ധനികരെ പിന്തുണയ്ക്കുന്നവരും ദരിദ്രരെ പിന്തുണയ്ക്കുന്നവരും തമ്മിലുള്ള വിഭജനമായും ഉയർത്തിക്കാട്ടി.

## 1971-ലെ തെരഞ്ഞെടുപ്പും കോൺഗ്രസ്സിന്റെ പുനഃസ്ഥാപനവും (The 1971 Election and Restoration of Congress)

കോൺഗ്രസ്സിലെ പിളർപ്പ് ഇന്ദിരാഗാന്ധി ഗവൺമെന്റിനെ ഒരു ന്യൂനപക്ഷമാക്കി മാറ്റി. എന്നിട്ടും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ, ഡി.എം.കെ. ഉൾപ്പെടെയുള്ള മറ്റു ചില പാർട്ടികളുടെ വിഷയാധിഷ്ഠിത പിന്തുണയോടെ അവരുടെ ഗവൺമെന്റ് അധികാരത്തിൽ തുടർന്നു. ഈ കാലയളവിൽ അവരുടെ ഗവൺമെന്റ് സോഷ്യലിസ്റ്റ് കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കാൻ ബോധപൂർവമായ ശ്രമം നടത്തി. നിലവിലുള്ള ഭൂപരിഷ്കരണ നിയമങ്ങൾ നടപ്പാക്കണമെന്ന് ഇന്ദിരാഗാന്ധി ശക്തമായി പ്രചരണം നടത്തിയതും കൂടുതൽ ഭൂപരിധി നിർണയ നിയമനിർമാണങ്ങൾ നടത്തിയതും ഈ ഘട്ടത്തിലാണ്. മറ്റു പാർട്ടികളുടെ ആശ്രിതത്വം ഒഴിവാക്കുന്നതിനും പാർലമെന്റിൽ സ്വന്തം പാർട്ടിയുടെ സ്ഥാനം ശക്തിപ്പെടുത്തുന്നതിനും അവരുടെ പദ്ധതികൾക്ക് ജനസമ്മതി നേടിയെടുക്കുന്നതിനും വേണ്ടി, 1970 ഡിസംബറിൽ ലോകസഭ പിരിച്ചുവിടാൻ ഇന്ദിരാഗാന്ധി ഗവൺമെന്റ് ശുപാർശ ചെയ്തു. അതിശയിപ്പിക്കുന്നതും ശക്തവുമായ മറ്റൊരു കരുനീക്കമായിരുന്നു ഇത്. ലോകസഭയിലേക്കുള്ള അഞ്ചാമത്തെ പൊതു തെരഞ്ഞെടുപ്പ് 1971 ഫെബ്രുവരിയിൽ നടന്നു.

### മത്സരം (The Contest)

തെരഞ്ഞെടുപ്പു മത്സരം കോൺഗ്രസ് (R) നെതിരെയുള്ള കേന്ദ്രീകരണമായി കാണപ്പെട്ടു. എല്ലാത്തിനുപരി പുതിയ കോൺഗ്രസ് എന്നത് ഇതിനകം തന്നെ ദുർബലമായ പാർട്ടിയുടെ ഒരു വിഭാഗം മാത്രമായിരുന്നു. എല്ലാവരും, വിശ്വസിച്ചിരുന്നത്, കോൺഗ്രസ്സിന്റെ യഥാർഥ സംഘടനാശക്തി കോൺഗ്രസ് (O) യുടെ കീഴിലായിരുന്നു എന്നാണ്. പ്രധാനപ്പെട്ട കമ്മ്യൂണിസ്റ്റിതര, കോൺഗ്രസ്സിതര കക്ഷികൾ ചേർന്ന് മഹാസഖ്യം എന്ന തെരഞ്ഞെടുപ്പ് സഖ്യം രൂപീകരിച്ചത് ഇന്ദിരാഗാന്ധിയുടെ നില കൂടുതൽ പരുങ്ങലിലാക്കി. SSP, PSP ഭാരതീയ ജനസംഘ്, സ്വതന്ത്രപാർട്ടി, ഭാരതീയ ക്രാന്തിദൾ തുടങ്ങിയവ ഈ കുടക്കീഴിൽ അണിനിരന്നു. ഭരണകക്ഷിക്ക് സി.പി.ഐയുമായി സഖ്യമുണ്ടായിരുന്നു.

എന്നിട്ടും പുതിയ കോൺഗ്രസ്സിന് അതിന്റെ ശക്തരായ പ്രതിയോഗികൾക്ക് ഇല്ലാത്ത ചില വിഷയങ്ങളും ഒരു അജണ്ടയും ക്രിയാത്മകമായ ഒരു മുദ്രാവാക്യവും ഉണ്ടായിരുന്നു. മഹാസഖ്യത്തിന് ജനങ്ങളെ ആകർഷിക്കത്തക്ക ഒരു രാഷ്ട്രീയ കർമപദ്ധതിയില്ലായിരുന്നു. ഇന്ദിരാ ഹഠാവോ (ഇന്ദിരയെ നീക്കം ചെയ്യുക) എന്ന ഒരു പൊതുപരിപാടി മാത്രമേ പ്രതിപക്ഷ സഖ്യത്തിന് ഉള്ളൂ എന്നാണ് ഇന്ദിരാഗാന്ധി അഭിപ്രായപ്പെട്ടത്. ഇതിനു ബദലായി ഗരീബി ഹഠാവോ (ദാരിദ്ര്യം നിർമാർജനം ചെയ്യുക) എന്ന പ്രസിദ്ധമായ മുദ്രവാക്യത്തിലൂടെ ഒരു ക്രിയാത്മക പരിപാടി ഇന്ദിരാഗാന്ധി മുന്നോട്ടു വച്ചു. പൊതുമേഖലയുടെ വളർച്ച, ഗ്രാമീണ കൈവശ ഭൂമിക്കും നഗരസ്വത്തിനും പരിധി നിർണയിക്കുക, വരുമാനത്തിലും അവസരങ്ങളിലുമുള്ള അസമത്വം നീക്കം ചെയ്യൽ, നാട്ടു രാജാക്കന്മാർക്കുള്ള സവിശേഷ ആനുകൂല്യങ്ങൾ നിർത്തലാക്കൽ എന്നിവയിൽ ശ്രദ്ധ ചെലുത്തി. ദാരിദ്ര്യനിർമാർജനം എന്ന മുദ്രവാക്യത്തിലൂടെ അധസ്ഥിത വിഭാഗങ്ങൾ, പ്രത്യേകിച്ച് ഭൂരഹിതരായ തൊഴിലാളികൾ, ദളിതുകൾ, ആദിവാസികൾ, ന്യൂനപക്ഷങ്ങൾ, സ്ത്രീകൾ, തൊഴിൽ രഹിതർ എന്നിവരുടെ പിന്തുണ ആർജിക്കാൻ ശ്രമിച്ചു. ദാരിദ്ര്യ നിർമാർജനം എന്ന മുദ്രാവാക്യവും തുടർന്നുള്ള പരി

ഗരീബി ഹഠാവോ എന്ന മുദ്രാവാക്യം ഉയർന്നിട്ട് നാല് ദശാബ്ദങ്ങൾക്കുശേഷവും നമുക്കുചുറ്റും ഏറെ ദാരിദ്ര്യം നിലനിൽപുണ്ട്. ഈ മുദ്രാവാക്യം ഒരു തെരഞ്ഞെടുപ്പ് തട്ടിപ്പു മാത്രമായിരുന്നോ?



പാടികളും ദേശവ്യാപകമായി സ്വതന്ത്ര രാഷ്ട്രീയ പിന്തുണ നേടിയെടുക്കാനുള്ള ഇന്ദിരാഗാന്ധിയുടെ രാഷ്ട്രീയ തന്ത്രത്തിന്റെ ഭാഗമായിരുന്നു.

## തെരഞ്ഞെടുപ്പ് ഫലവും അതിനുശേഷവും (The Outcome and After)

1971 ലെ ലോകസഭാ തെരഞ്ഞെടുപ്പു ഫലം തെരഞ്ഞെടുപ്പു പ്രഖ്യാപനത്തെപ്പോലെ തന്നെ നാടകീയമായിരുന്നു. ആദ്യ നാല് പൊതു തെരഞ്ഞെടുപ്പിൽ നേടിയതിനെക്കാൾ കൂടുതൽ സീറ്റുകളും വോട്ടുകളും കോൺഗ്രസ് (R) – സിപിഐ സഖ്യം നേടി. അവർ യോജിച്ച് ലോകസഭയിൽ 375 സീറ്റുകളും 48.4 ശതമാനം വോട്ടുകളും നേടി. ഇന്ദിരാഗാന്ധിയുടെ കോൺഗ്രസ് (R) 352 സീറ്റുകളും 44 ശതമാനം ജനകീയ വോട്ടുകളും സ്വന്തമാക്കി. ഇതിനു വിരുദ്ധമായി നിരവധി അതികായന്മാർ നയിച്ച കോൺഗ്രസ് (O) ക്ക് ഇന്ദിരാഗാന്ധിയുടെ പാർട്ടി നേടിയതിന്റെ 1/4 നു താഴെ വോട്ടുകളും വെറും 16 സീറ്റുകളും മാത്രമെ നേടാനായുള്ളു. ഇതോടെ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് പാർട്ടിയാണ് യഥാർഥ കോൺഗ്രസ്സെന്ന അവകാശ വാദം സ്ഥാപിക്കുകയും ഇന്ത്യൻ രാഷ്ട്രീയത്തിലെ മേധാവിത്വസ്ഥാനം പുനസ്ഥാപിക്കുകയും ചെയ്തു. പ്രതിപക്ഷത്തിന്റെ മഹാസഖ്യം ഒരു മഹാപരാജയമാണെന്ന് തെളിയിക്കപ്പെട്ടു. അവർക്കെല്ലാവർക്കും കൂടി യോജിച്ച് നേടാൻ കഴിഞ്ഞത് 40-ൽ താഴെ സീറ്റുകൾമാത്രമാണ്.




Credit: R. K. Laxman in The Times of India



Credit: R. K. Laxman in The Times of India

1971-ലെ ലോകസഭാ തെരഞ്ഞെടുപ്പു കഴിഞ്ഞ ഉടൻ തന്നെ കിഴക്കൻ പാകിസ്ഥാനിൽ (ഇപ്പോഴത്തെ ബംഗ്ലാദേശ്) രാഷ്ട്രീയവും സൈനികവുമായ ഒരു പ്രതിസന്ധി ഉടലെടുത്തു. നാലാമത്തെ അധ്യായത്തിൽ നിങ്ങൾ വായിച്ചപോലെ 1971 ലെ തെരഞ്ഞെടുപ്പിനെ തുടർന്നുണ്ടായ കിഴക്കൻ പാകിസ്ഥാനിലെ പ്രതിസന്ധിയും ഇന്ത്യാ – പാക് യുദ്ധവും ബംഗ്ലാദേശിന്റെ രൂപീകരണത്തിലേക്ക് നയിച്ചു. ഈ സംഭവങ്ങൾ ഇന്ദിരാഗാന്ധിയുടെ പ്രശസ്തി വർദ്ധിപ്പിച്ചു. പ്രതിപക്ഷ നേതാക്കൾപോലും അവരുടെ രാഷ്ട്രതന്ത്രജ്ഞതയെ പുകഴ്ത്തി. 1972 – ൽ നടന്ന സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പുകൾ അവരുടെ പാർട്ടി തൂത്തുവാരി. പാവപ്പെട്ടവരുടെയും നിരാലംബരുടെയും സംരക്ഷക മാത്രമല്ല ഒരു ശക്തയായ ദേശീയ നേതാവു കൂടിയായി അവർ കണക്കാക്കപ്പെട്ടു. പാർട്ടിക്കുള്ളിലോ പുറത്തോ അവരോടുള്ള എതിർപ്പ് ഒരു പ്രശ്നമായില്ല.

കേന്ദ്രത്തിലും സംസ്ഥാന തലത്തിലുമുള്ള തുടർച്ചയായ രണ്ടു തെരഞ്ഞെടുപ്പ് വിജയങ്ങളിലൂടെ കോൺഗ്രസ്സിന്റെ മേധാവിത്വം പുനസ്ഥാപിക്കപ്പെട്ടു. ഏകദേശം എല്ലാ സംസ്ഥാനങ്ങളിലും കോൺഗ്രസ് അധികാരത്തിലെത്തി. വ്യത്യസ്ത സാമൂഹിക വിഭാഗങ്ങൾക്കിടയിൽ ഇത് വളരെ ജനപ്രിയവുമായിരുന്നു. നാലു വർഷത്തിനിടയിൽ ഇന്ദിരാഗാന്ധി തന്റെ നേതൃത്വത്തിനും കോൺഗ്രസ് പാർട്ടിയുടെ ആധിപത്യ സ്ഥാനത്തിനുമുള്ള വെല്ലുവിളി ഒഴിവാക്കി.



Credit: Kutty

മുഖ്യമന്ത്രിമാരെ തെരഞ്ഞെടുക്കുവാൻ ഇന്ദിരാ ഗാന്ധി അവലംബിച്ച പുതിയ രീതി ഈ കാർട്ടൂണിന് പ്രചോദനമായി.

## പുനസ്ഥാപനം? (Restoration?)

എന്നാൽ കോൺഗ്രസ് വ്യവസ്ഥ പുനഃസ്ഥാപിക്കപ്പെട്ടു എന്നാണോ ഇതിനർഥം? പഴയ കോൺഗ്രസ് പാർട്ടിയുടെ പുനരുജ്ജീവനമായിരുന്നില്ല, മറിച്ച് പലതരത്തിൽ പാർട്ടിയെ പരിഷ്ക്കരിക്കുവാനാണ് ഇന്ദിരാഗാന്ധി ശ്രമിച്ചത്. ജനപ്രീതിയുടെ കാര്യത്തിൽ മുൻകാലങ്ങളിലെന്നപോലെ പാർട്ടി അതിന്റെ സ്ഥാനം തിരിച്ചു പിടിച്ചു. പക്ഷേ അത് വ്യത്യസ്തമായ ഒരു പാർട്ടി ആയിരുന്നു. അത് പൂർണ്ണമായും പരമോന്നത നേതാവിന്റെ ജനപ്രീതിയെ ആശ്രയിച്ചിരുന്നു. അതിന്റെ സംഘടനാ സംവിധാനം ഒരു പരിധിവരെ ദുർബലമായിരുന്നു. ഈ കോൺഗ്രസ് പാർട്ടിക്ക് വിവിധ വിഭാഗങ്ങൾ ഇല്ലാതിരുന്നതിനാൽ എല്ലാതരത്തിലുമുള്ള അഭിപ്രായങ്ങളെയും താൽപര്യങ്ങളെയും ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. തെരഞ്ഞെടുപ്പുകൾ ജയിച്ചപ്പോഴൊക്കെ ഇവർ ദരിദ്രർ, സ്ത്രീകൾ, ദളിതർ, ആദിവാസികൾ ന്യൂനപക്ഷങ്ങൾ തുടങ്ങിയ ചില സാമുദായിക വിഭാഗങ്ങളെയാണ് കൂടുതലായി ആശ്രയിച്ചത്. പുതുതായി ഉടലെടുത്ത ഒരു പുതിയ കോൺഗ്രസായിരുന്നു അത്. അങ്ങനെ, കോൺഗ്രസ് വ്യവസ്ഥയുടെ സ്വഭാവത്തെ തന്നെ മാറ്റിക്കൊണ്ട് ഇന്ദിരാഗാന്ധി കോൺഗ്രസ്‌വ്യവസ്ഥയെ പുനസ്ഥാപിച്ചു.

കൂടുതൽ ജനകീയമാകുന്നതിനു പരി കോൺഗ്രസ് വ്യവസ്ഥയിൽ പ്രകടമായിരുന്ന എല്ലാ സംഘർഷങ്ങളെയും പ്രശ്നങ്ങളെയും ഉൾക്കൊള്ളുന്നതിനുള്ള ശേഷി ഈ പുതിയ കോൺഗ്രസിനില്ലായിരുന്നു. കോൺഗ്രസ് അതിന്റെ സ്ഥാനം ഉറപ്പിക്കുകയും ഇന്ദിരാഗാന്ധി അഭൂതപൂർവമായ രാഷ്ട്രീയ അധികാരം ഏറ്റെടുക്കുകയും ചെയ്തതോടെ ജനങ്ങളുടെ ജനാധിപത്യ അഭിലാഷങ്ങൾക്കുള്ള ഇടം യഥാർഥത്തിൽ ചുരുങ്ങിപ്പോയി. വികസന പദ്ധതികളുമായി ബന്ധപ്പെട്ട ജനകീയ പ്രക്ഷോഭങ്ങളും സാമ്പത്തിക മാന്ദ്യവും വർദ്ധിത തോതിൽ തുടർന്നു. ഈ രാജ്യത്തെ ഭരണഘടനാനുസൃത ജനാധിപത്യത്തിന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയാകുന്ന ഒരു രാഷ്ട്രീയ പ്രതിസന്ധിയിലേക്ക് ഈ സംഭവവികാസങ്ങൾ എങ്ങനെ നയിച്ചുവെന്ന് അടുത്ത അധ്യായത്തിൽ നിങ്ങൾ വായിക്കും.



### നമുക്കൊരു സിനിമ കാണാം

**സാൻജീർ**




വിജയ് എന്ന പോലീസ് ഉദ്യോഗസ്ഥനെ ഗുണ്ടാസംഘങ്ങളുമായുള്ള പോരാട്ടത്തെ തുടർന്ന് ജയിലിലേക്ക് അയയ്ക്കുന്നു. ജയിലിൽനിന്നും സ്വതന്ത്രമായ വിജയ് പ്രതികാരം ചെയ്യാൻ തീരുമാനിക്കുന്നു. അദ്ദേഹം തിന്മകൾക്കെതിരെ പോരാടി വില്ലന്മാരെയെല്ലാം നിഷ്കാസനം ചെയ്യുന്നു. വിജയ് സാമൂഹികവിരുദ്ധ ശക്തികൾക്കെതിരെ പോരാടുകയും ഇതിന് വ്യവസ്ഥകൾക്കുള്ളിലെ മറ്റു ചിലരിൽനിന്നും നിശബ്ദ പിന്തുണ ലഭിക്കുകയും ചെയ്യുന്നു.

ധാർമികമൂല്യങ്ങളുടെ ചോർച്ചയും അതിലൂടെ ആഴത്തിൽ ഉയർന്നുവരുന്ന മോഹഭംഗവും സിനിമ ചിത്രീകരിക്കുന്നു. ഭരണവ്യവസ്ഥയുട അനാസ്ഥയും അതിനെതിരെ അഗ്നിപർവതംപോലെ തീവ്രമായി ഉയർന്നുവരുന്ന പ്രതിക്ഷേധവുമാണ് വിജയ്‌യുടെ കോപത്തിലൂടെ സിനിമ പ്രധിനിധാനം ചെയ്യുന്നത്. എഴുപതുകളിലെ രോക്ഷാകുലനായ ചെറുപ്പക്കാരൻ എന്ന് പിന്നീടറിയപ്പെടുന്ന പ്രവണതക്ക് ചിത്രം തുടക്കം കുറിച്ചു.

വർഷം: 1973
സംവിധായകൻ: പ്രകാശ് മെഹ്റ
തിരക്കഥ: ജാവേദ് അക്തർ
അഭിനേതാക്കൾ: അമിതാഭ് ബച്ചൻ, അജിത്, ജയാ ബഹാദുരി, പ്രാൺ

# അഭ്യാസം

1. 1967-ലെ തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള താഴെതന്നിരിക്കുന്ന പ്രസ്താവനകൾ ഏതെല്ലാം ശരിയാണ്?
   a) ലോകസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് വിജയിച്ചുവെങ്കിലും നിരവധി സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പുകളിൽ അവർ പരാജയപ്പെട്ടു.
   b) ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും കോൺഗ്രസ് പരാജയപ്പെട്ടു.
   c) കോൺഗ്രസിന് ലോക്സഭയിൽ ഭൂരിപക്ഷം നഷ്ടപ്പെട്ടുവെങ്കിലും മറ്റു പാർട്ടികളുടെ പിന്തുണയോടുകൂടി മുന്നണി ഗവൺമെന്റ് രൂപീകരിച്ചു.
   d) കോൺഗ്രസ് വലിയ ഭൂരിപക്ഷത്തോടെ കേന്ദ്രത്തിൽ അധികാരം നിലനിർത്തി.

2. ചേരുംപടി ചേർക്കുക

| | |
|---|---|
| (a) സിൻഡിക്കേറ്റ് | i. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധി തനിക്ക് സീറ്റ് നൽകിയ പാർട്ടി വിടുന്നു |
| (b) കൂറുമാറ്റം | ii. പൊതുജനശ്രദ്ധ നേടുന്ന ആകർഷകമായ വാചകം |
| (c) മുദ്രാവാക്യം | iii. കോൺഗ്രസിനെയും അതിന്റെ നയങ്ങളെയും എതിർക്കുന്നതിനായി വ്യത്യസ്ത ആശയങ്ങളുള്ള പാർട്ടികളുടെ ഒത്തുചേരൽ |
| (d) കോൺഗ്രസ് വിരുദ്ധത | iv. കോൺഗ്രസിനുള്ളിലെ ശക്തരും സ്വാധീനശേഷിയുമുള്ള ഒരു കൂട്ടം നേതാക്കൾ |

3. താഴെ കൊടുത്തിരിക്കുന്ന മുദ്രാവാക്യം/വാചകം ആരുമായി ബന്ധപ്പെട്ടതാണ്?
   a) ജയ്ജവാൻ ജയ് കിസാൻ
   b) ഇന്ദിരാ ഹഠാവോ
   c) ഗരീബി ഹഠാവോ

4. താഴെ പറയുന്നവയിൽ 1971-ലെ മഹാസഖ്യവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത്?
   a) കോൺഗ്രസ് ഇതര കമ്മ്യൂണിസ്റ്റ് ഇതര കക്ഷികളാണ് രൂപീകരിച്ചത്
   b) വ്യക്തമായ രാഷ്ട്രീയ-പ്രത്യയശാസ്ത്രപരിപാടികൾ ഉണ്ടായിരുന്നു
   c) എല്ലാ കോൺഗ്രസ് ഇതര പാർട്ടികളും ചേർന്നാണ് രൂപീകരിച്ചത്

5. എങ്ങനെയാണ് ഒരു രാഷ്ട്രീയപാർട്ടി അതിന്റെ ആഭ്യന്തര അഭിപ്രായങ്ങൾ പരിഹരിക്കുന്നത്? ചില നിർദേശങ്ങൾ ഇവിടെ കൊടുക്കുന്നു. ഇവ ഓരോന്നും മനസ്സിലാക്കി അവയുടെ മേന്മയും പോരായ്മയും പട്ടികപ്പെടുത്തുക.
   a) പാർട്ടി പ്രസിഡന്റിനെ അനുസരിക്കുക
   b) ഭൂരിപക്ഷത്തിന്റെ അഭിപ്രായം അംഗീകരിക്കുക
   c) ഓരോ പ്രശ്നത്തിന്മേലും രഹസ്യബാലറ്റ് വോട്ടിംഗ് നടത്തുക
   d) പാർട്ടിയിലെ മുതിർന്നവരും പരിചയസമ്പന്നരുമായ നേതാക്കന്മാരുമായി ആലോചിക്കുക

6. താഴെ പറുന്നവയിൽ ഏതൊക്കെയാണ് 1967-ലെ കോൺഗ്രസിന്റെ പരാജയത്തിന് കാരണമായത്. നിങ്ങളുടെ ഉത്തരത്തിന് മതിയായ വിശദീകരണം നൽകുക.
   a) കോൺഗ്രസ് പാർട്ടിയിൽ വ്യക്തിപ്രഭാവമുള്ള ഒരു നേതാവിന്റെ അഭാവം.

b) കോൺഗ്രസ് പാർട്ടിക്കുള്ളിലെ പിളർപ്പ്

c) പ്രാദേശിക, വംശീയ, വർഗീയ വിഭാഗങ്ങളുടെ വർധിച്ചതോതിലുള്ള പടയൊരുക്കം

d) കോൺഗ്രസ് ഇതരപാർട്ടികളുടെ വർധിച്ചുവരുന്ന ഐക്യം

e) കോൺഗ്രസ് പാർട്ടിക്കുള്ളിലെ ആഭ്യന്തര വിയോജിപ്പ്

7. ഏതെല്ലാം ഘടകങ്ങളാണ് 1970-കളുടെ ആരംഭത്തിൽ ഇന്ദിരാഗാന്ധി ഗവൺമെന്റിനുണ്ടായ ജനസമ്മതിയിലേക്ക് നയിച്ചത്?

8. 1960-കളിലെ കോൺഗ്രസ് പാർട്ടിയുടെ പശ്ചാത്തലത്തിൽ 'സിൻഡിക്കേറ്റ്' എന്ന പദംകൊണ്ട് അർഥമാക്കുന്നതെന്താണ്. കോൺഗ്രസ് പാർട്ടിയിൽ സിൻഡിക്കേറ്റ് വഹിച്ച പങ്ക് എന്തായിരുന്നു.

9. 1969-ലെ കോൺഗ്രസ് പിളർപ്പിലേക്ക് നയിച്ച പ്രധാന വിഷയങ്ങൾ ചർച്ചചെയ്യുക.

10. ഖണ്ഡിക വായിച്ച് താഴെതന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

*...ആദ്യകാലത്ത് നെഹ്റു നയിച്ച ഫെഡറൽ, ജനാധിപത്യ, പ്രത്യയശാസ്ത്ര കൂട്ടായ്മ എന്ന സ്വഭാവത്തിൽനിന്നും കോൺഗ്രസിനെ ഇന്ദിരാഗാന്ധി അത്യധികം കേന്ദ്രീകൃതവും ജനാധിപത്യരഹിതവുമായ പാർട്ടി സംഘടനയാക്കി മാറ്റി... പക്ഷേ രാഷ്ട്രീയത്തിന്റെ സ്വഭാവത്തെ മുഴുവൻ ഇന്ദിരാഗാന്ധി മാറ്റി മറിച്ചില്ലായിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നില്ല. ഈ പുതിയ ജനകീയ രാഷ്ട്രീയ പ്രത്യയശാസ്ത്രത്തെ മാറ്റിമറിച്ച് വെറും തെരഞ്ഞെടുപ്പ് ചർച്ചയാക്കിയും ഗവൺമെന്റ് നയമായി പരിവർത്തനം ചെയ്യാനും ഉദ്ദേശിച്ചിട്ടില്ലാത്ത നിരവധി മുദ്രാവാക്യങ്ങളുടെ ഉപയോഗം മാത്രമാക്കി മാറ്റി... 1970-കളുടെ തുടക്കത്തിലെ വലിയ തെരഞ്ഞെടുപ്പു വിജയങ്ങളുടെ അമിതാഹ്ലാദത്തിൽ, ഒരു രാഷ്ട്രീയസംഘടന എന്ന നിലയിൽ കോൺഗ്രസ് പാർട്ടിയുടെ അന്ത്യമായിരുന്നു ...* **–സുദിപ്തകവിരാജ്**

a) ഗ്രന്ഥകാരന്റെ അഭിപ്രായത്തിൽ നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും തന്ത്രങ്ങളിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

b) കോൺഗ്രസ് പാർട്ടി എഴുപതുകളിൽ അന്തരിച്ചുവെന്ന് ഗ്രന്ഥകാരൻ പറയുന്നതെന്തുകൊണ്ട്?

c) കോൺഗ്രസ് പാർട്ടിയിലുണ്ടായ മാറ്റം ഏതുതരത്തിലാണ് മറ്റ് രാഷ്ട്രീയകക്ഷികളെ ബാധിച്ചത്?

## നമുക്കിതു ഒരുമിച്ച് ചെയ്യാം

- രാഷ്ട്രീയപാർട്ടികൾ മുന്നോട്ടുവച്ച മുദ്രാവാക്യങ്ങളുടെ പട്ടിക തയാറാക്കുക.
- രാഷ്ട്രീയപാർട്ടികളുടെ പരസ്യവും പ്രകടനപത്രികയും തമ്മിലും മുദ്രാവാക്യങ്ങളും പരസ്യങ്ങളും തമ്മിലുള്ള സാമ്യങ്ങൾ എന്തെല്ലാം.
- രാഷ്ട്രീയപാർട്ടികളുടെ രാഷ്ട്രീയ ഭാഗധേയത്തെ വിലക്കയറ്റം എങ്ങനെ ബാധിക്കുന്നുവെന്ന് ചർച്ചചെയ്യുക.

അഭ്യാസം




എഡിറ്റോറിയൽ ശൂന്യമാക്കിയിട്ടതൊഴിച്ചാൽ 1975 ജൂൺ 27-ലെ നയി ദുനിയയിലെ എഡിറ്റോറിയൽ പേജ് മറ്റേത് ദിവസത്തെയുംപോലെയായിരുന്നു. അടിയന്തരാവസ്ഥയിലെ അധികാരങ്ങൾ ഉപയോഗിച്ച് എഡിറ്റോറിയൽ സെൻസർ ചെയ്യുന്നതിനോട് പ്രതിഷേധിച്ച് മറ്റു പത്രങ്ങളും ഇങ്ങനെ എഡിറ്റോറിയൽ പേജ് ശൂന്യമായിട്ടിരുന്നു. പിന്നീട് എഡിറ്റോറിയൽ പേജ് ശൂന്യമായിടുന്നതും നിരോധിക്കപ്പെട്ടു.

**ഈ അധ്യായത്തിൽ...**

1971-ൽ കോൺഗ്രസ്സ് പുനസ്ഥാപിക്കപ്പെട്ടത് നമ്മൾ കണ്ടു, പക്ഷേ പഴയ രീതിയിലുള്ള ഒരു പാർട്ടിയായിരുന്നില്ല ഇത്. ഇന്ത്യയുടെ ജനാധിപത്യ രാഷ്ട്രീയത്തിനും ഭരണഘടന നിർദേശിച്ചിരിക്കുന്ന സ്ഥാപനപരമായ സന്തുലിതാവസ്ഥയ്ക്കും വെല്ലുവിളികൾ ഉയർത്തിക്കൊണ്ട് 1973-നും 1975-നും ഇടയിലുണ്ടായ സംഭവപരമ്പരകളിൽ ഈ മാറ്റം ദൃശ്യമാണ്. ഈ സംഭവവികാസങ്ങൾ 1975 ജൂണിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിലേക്ക് നയിച്ചു. സാധാരണയായി നമ്മൾ അടിയന്തരാവസ്ഥയെ കാണുന്നത് യുദ്ധമോ ആക്രമണമോ പ്രകൃതിദുരന്തമോ ആയി ബന്ധിപ്പിച്ചാണ്. പക്ഷേ ഈ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് ആഭ്യന്തരഭീഷണികളുടെ പേരിലാണ്. അടിയന്തരാവസ്ഥയുടെ ആരംഭം പോലെതന്നെ നാടകീയമായിരുന്നു അതിന്റെ അന്ത്യവും. ഇതിന്റെ ഫലമായി 1977-ലെ ലോക്സഭ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പരാജയപ്പെട്ടു.

- എന്തുകൊണ്ടാണ് അടിയന്തരാവസ്ഥ ഏർപ്പെടുത്തിയത്? അത് ആവശ്യമായിരുന്നോ?
- പ്രായോഗികമായി എന്തായിരുന്നു അടിയന്തരാവസ്ഥകൊണ്ടർഥമാക്കിയിരുന്നത്?
- കക്ഷിരാഷ്ട്രീയത്തിൽ എന്തൊക്കെയായിരുന്നു അടിയന്തരാവസ്ഥയുടെ പ്രത്യാഘാതങ്ങൾ?
- അടിയന്തരാവസ്ഥ ഇന്ത്യൻ ജനാധിപത്യത്തിനു നൽകിയ പാഠങ്ങൾ എന്തൊക്കെ?

അദ്ധ്യായം 6

# ജനാധിപത്യക്രമത്തിന്റെ പ്രതിസന്ധി (THE CRISIS OF DEMOCRATIC ORDER)

## അടിയന്തരാവസ്ഥയുടെ പശ്ചാത്തലം (Background to Emergency)

1967-നുശേഷമുള്ള രാഷ്ട്രീയത്തിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് നമ്മൾ പഠിച്ചുകഴിഞ്ഞു. അതിശക്തമായ ജനപിന്തുണയോടെ തലയെടുപ്പുള്ള നേതാവായി ഇന്ദിരാഗാന്ധി മാറി. രാഷ്ട്രീയകക്ഷികൾ തമ്മിലുള്ള മത്സരം കൂടുതൽ തീവ്രതക്കും ധ്രുവീകരണത്തിനും വഴിമാറുന്നതും ഈ കാലയളവിലാണ്. ഈ കാലഘട്ടത്തിൽ തന്നെയാണ് ഗവൺമെന്റും കോടതിയും തമ്മിൽ കൂടുതൽ അസ്വാരസ്യങ്ങൾ ഉണ്ടാകുന്നത്. ഗവൺമെന്റിന്റെ പല നടപടികളും ഭരണഘടനാലംഘനമാണെന്ന് സുപ്രീംകോടതി കണ്ടെത്തി. കോടതിയുടെ കാഴ്ചപ്പാടുകൾ ജനാധിപത്യത്തിന്റെ തത്ത്വങ്ങൾക്കും പാർലമെന്റിന്റെ പരമാധികാരത്തിനും എതിരാണെന്ന നിലപാടാണ് കോൺഗ്രസ് സ്വീകരിച്ചത്. കോടതി ഒരു യാഥാസ്ഥിതിക സ്ഥാപനമാണെന്നും പാവപ്പെട്ടവർക്കു വേണ്ടിയുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിന് അത് ഒരു തടസ്സമായി നിൽക്കുന്നുവെന്നും കോൺഗ്രസ്സ് ആരോപിച്ചു. രാഷ്ട്രീയം കൂടുതൽ വ്യക്തിവൽകരിക്കപ്പെടുന്നുവെന്നും ഗവൺമെന്റിന്റെ അധികാരം വ്യക്തി കേന്ദ്രീകൃതമാകുന്നുവെന്നും കോൺഗ്രസ്സിന്റെ എതിർകക്ഷികൾ മനസ്സിലാക്കി. കോൺഗ്രസിലെ പിളർപ്പ് ഇന്ദിരാഗാന്ധിയും അവരുടെ പ്രതിയോഗികളും തമ്മിലുള്ള ഭിന്നിപ്പ് രൂക്ഷമാക്കി.

### സാമ്പത്തിക പശ്ചാത്തലം (Economic context)

1971-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് ഉയർത്തിയ മുദ്രാവാക്യമാണ് ഗരിബി ഹഠാവോ (ദാരിദ്ര്യ നിർമാർജനം). പക്ഷേ രാജ്യത്തിന്റെ സാമ്പത്തികവും സാമൂഹ്യവുമായ അവസ്ഥ പ്രതീക്ഷിച്ചത്ര മെച്ചപ്പെടുത്താൻ 1971-72 നുശേഷം കഴിഞ്ഞില്ല. ബംഗ്ലാദേശ് പ്രതിസന്ധി ഇന്ത്യയുടെ സാമ്പത്തികരംഗത്ത് കടുത്ത ആഘാതം ഏൽപ്പിച്ചു. ഏകദേശം 8 ദശലക്ഷത്തോളം ജനങ്ങളാണ് കിഴക്കൻ പാകിസ്താന്റെ അതിർത്തി കടന്ന് ഇന്ത്യയിലേക്ക് വന്നത്. ഇതിന്റെ തുടർച്ചയായി ഇന്ത്യയും പാകിസ്താനും ഒരു യുദ്ധത്തിൽ ഏർപ്പെട്ടു. യുദ്ധത്തിനുശേഷം ഇന്ത്യക്കുള്ള എല്ലാ സഹായവും അമേരിക്ക നിർത്തി വച്ചു. ഈ കാലയളവിൽ അന്താരാഷ്ട്ര കമ്പോളത്തിൽ എണ്ണ വില പതിൻമടങ്ങ് വർദ്ധിച്ചു. എല്ലാവിധ സാധനങ്ങളുടെയും വില വർദ്ധനവിനു ഇതു കാരണമായി. 1973-ൽ 23 ശതമാനവും 1974-ൽ 30 ശതമാനവുമാണ് വില വർദ്ധനവുണ്ടായത്. അത്തരത്തിൽ ഉയർന്ന നിരക്കിലുള്ള പണപ്പെരുപ്പം ജനങ്ങളുടെ ദുരിതങ്ങൾ വർദ്ധിക്കാൻ കാരണമായി.




വ്യാവസായിക വളർച്ച കുറവും തൊഴിലില്ലായ്മ കൂടുതലുമായിരുന്നു, പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ. ചിലവ് ചുരുക്കാൻ വേണ്ടി ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ വേതനം മരവിപ്പിച്ചു. സർക്കാരുദ്യോഗസ്ഥരുടെ ഇടയിൽ കൂടുതൽ അസംതൃപ്തി പടരാൻ ഇതു കാരണമായി. 1972-73 കാലഘട്ടത്തിൽ കാലവർഷം പരാജയപ്പെട്ടത് കാർഷികോൽപ്പാദനത്തിൽ വലിയ ഇടിവുണ്ടാക്കി. ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനത്തിൽ 8 ശതമാനം കുറവുണ്ടായി. രാജ്യത്തുടനീളം നിലവിലുള്ള സാമ്പത്തിക അവസ്ഥയിൽ പൊതുവെ അസന്തുഷ്ടി നിറഞ്ഞ അന്തരീക്ഷമായിരുന്നു നിലനിന്നിരുന്നത്. ഈ സാഹചര്യത്തിൽ കോൺഗ്രസിതര പ്രതിപക്ഷപാർട്ടികൾക്ക് ശക്തമായ ജനകീയപ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുവാൻ കഴിഞ്ഞു. 1960-കളുടെ അവസാന പാദം മുതൽ നിലവിലിരുന്ന അക്രമാസക്തമായ വിദ്യാർഥിപ്രക്ഷോഭങ്ങൾ ഈ കാലയളവിൽ കൂടുതൽ കരുത്താർജിച്ചു. പാർലമെന്ററി രാഷ്ട്രീയത്തിൽ വിശ്വസിക്കാത്ത മാർക്സിസ്റ്റ് വിഭാഗങ്ങളുടെ പ്രവർത്തനവും ശക്തിപ്രാപിച്ചു. ഈ വിഭാഗങ്ങൾ സായുധമാർഗങ്ങളിലൂടെ നിലവിലുള്ള മുതലാളിത്ത വ്യവസ്ഥയെയും നിലവിലുള്ള രാഷ്ട്രീയ വ്യവ




പാവപ്പെട്ടവർക്ക് കഠിനമായൊരു കാലമായിരുന്നു മുന്നിലുണ്ടായിരുന്നത്. ഗരീബി ഹഠാവോ എന്ന വാഗ്ദാനത്തിനെന്തു സംഭവിച്ചു?

സ്ഥയെയും ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചു. മാർക്സിസ്റ്റ് ലെനിനിസ്റ്റ് ഗ്രൂപ്പുകൾ (ഇപ്പോൾ മാവോയിസ്റ്റുകൾ) അല്ലെങ്കിൽ നക്സലൈറ്റുകൾ എന്നറിയപ്പെടുന്ന ഈ വിഭാഗങ്ങൾ പ്രത്യേകിച്ചും ബംഗാളിൽ പ്രബലമായിരുന്നു, അവിടുത്തെ ഗവൺമെന്റ് കർശനമായ നടപടികളിലൂടെ അവരെ അടിച്ചമർത്താൻ ശ്രമിച്ചു.

### ഗുജറാത്തിലെയും ബീഹാറിലെയും പ്രസ്ഥാനങ്ങൾ (Gujarat and Bihar movements)

കോൺഗ്രസ് ഭരിച്ചുകൊണ്ടിരുന്ന ഗുജറാത്തിലെയും ബീഹാറിലേയും വിദ്യാർഥി പ്രക്ഷോഭങ്ങൾ ഈ സംസ്ഥാനങ്ങളിലെ രാഷ്ട്രീയത്തിലും ദേശീയ രാഷ്ട്രീയത്തിലും ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കി. 1974 ജനുവരിയിൽ ഗുജറാത്തിലെ വിദ്യാർഥികൾ ഭക്ഷ്യസാധനങ്ങൾ, ഭക്ഷ്യഎണ്ണ, മറ്റു അവശ്യസാധനങ്ങൾ എന്നിവയുടെ വിലക്കയറ്റത്തിനെതിരെയും, ഉന്നതസ്ഥാനങ്ങളിലെ അഴിമതിക്കെതിരെയും പ്രക്ഷോഭം ആരംഭിച്ചു. പ്രധാന പ്രതിപക്ഷകക്ഷികൾ ഈ വിദ്യാർഥി പ്രക്ഷോഭത്തോടൊപ്പം ചേർന്ന് പ്രക്ഷോഭം വ്യാപകമാകുകയും അത് സംസ്ഥാനത്ത് രാഷ്ട്രപതി ഭരണത്തിനു വഴിതെളിക്കുകയും ചെയ്തു. സംസ്ഥാന നിയമസഭയിലേക്ക് പുതുതായി തെരഞ്ഞെടുപ്പ് നടത്തണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു. കോൺഗ്രസ്സ് (O) ന്റെ ഒരു പ്രമുഖ നേതാവും, കോൺഗ്രസിലുണ്ടായിരുന്നപ്പോൾ ഇന്ദിരഗാന്ധിയുടെ വലിയ പ്രതിയോഗിയുമായിരുന്ന മൊറാർജി ദേശായി, സംസ്ഥാനത്ത് പുതിയ തെരഞ്ഞെടുപ്പ് നടത്തിയില്ലെങ്കിൽ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം ആരംഭിക്കുമെന്നു പ്രഖ്യാപനം നടത്തി. പ്രതിപക്ഷ പാർട്ടികളുടെ പിന്തുണയോടെ വിദ്യാർഥികൾ ചെലുത്തിയ കടുത്ത സമ്മർദത്തെ തുടർന്ന്, 1975 ജൂണിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടന്നു. ഈ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പരാജയപ്പെട്ടു.

"സമ്പൂർണവിപ്ലവമാണ് നമ്മുടെ ആപ്തവാക്യമെങ്കിൽ, ഭാവി നമുക്കുള്ളതാണ്."

1974 ലെ ബീഹാർ പ്രസ്ഥാനത്തിന്റെ കാലത്തെ ഒരു മുദ്രാവാക്യം.

1974 മാർച്ചിൽ ബീഹാറിൽ വിലക്കയറ്റത്തിനും ഭക്ഷ്യദൗർലഭ്യത്തിനും തൊഴിലില്ലായ്മക്കും അഴിമതിക്കും എതിരെ വിദ്യാർഥികൾ ഒത്തുചേർന്ന് പ്രതിഷേധിച്ചു. ഒരു ഘട്ടത്തിനുശേഷം, ഈ വിദ്യാർഥി പ്രക്ഷോഭത്തെ നയിക്കാൻ അവർ സജീവ രാഷ്ട്രീയം ഉപേക്ഷിച്ച് സാമൂഹ്യപ്രവർത്തനത്തിൽ മുഴുകിയ ജയപ്രകാശ് നാരായണെ (JP) ക്ഷണിച്ചു. പ്രസ്ഥാനം അഹിംസപരമായിരിക്കണമെന്നും അത് ബീഹാറിൽ മാത്രം ഒതുങ്ങാൻ പാടില്ലെന്നുമുള്ള നിബന്ധനകളോടെ അദ്ദേഹം നേതൃത്വം ഏറ്റെടുക്കാൻ സമ്മതിച്ചു. അങ്ങനെ വിദ്യാർഥി പ്രസ്ഥാനത്തിനു രാഷ്ട്രീയസ്വഭാവം കൈവരുകയും അതു ദേശീയപ്രാധാന്യം കൈവരിക്കുകയും ചെയ്തു. ജീവിതത്തിന്റെ നാനാതുറയിലുള്ള ജനങ്ങൾ പ്രസ്ഥാനത്തിന്റെ ഭാഗമാകാൻ തുടങ്ങി. ഈ സന്ദർഭത്തിൽ ജയപ്രകാശ് നാരായൺ ബീഹാറിലെ കോൺഗ്രസ് ഗവൺമെന്റിനെ പിരിച്ചുവിടണമെന് ആവശ്യപ്പെടുകയും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ മേഖലകളിൽ ഒരു സമ്പൂർണവിപ്ലവത്തിനു ആഹ്വാനം ചെയ്യുകയും ചെയ്തു. ഇതിലൂടെ മാത്രമേ യഥാർഥ ജനാധിപത്യം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ബീഹാർ ഗവൺമെന്റിനെതിരെ പ്രതിഷേധിച്ചു കൊണ്ട് ബന്ദുകൾ, ഘരാവോ, സമരങ്ങൾ എന്നിവയുടെ ഒരു പരമ്പര തന്നെ ഉണ്ടായി. എന്നിരുന്നാലും ഗവൺമെന്റ് രാജിവയ്ക്കാൻ തയാറായില്ല.

"ഇന്ദിരയെന്നാൽ ഇന്ത്യ; ഇന്ത്യയെന്നാൽ ഇന്ദിര."

1974-ൽ കോൺഗ്രസ് പ്രസിഡന്റായിരുന്ന ഡി.കെ. ബറുവ ഉയർത്തിയ മുദ്രാവാക്യം.

ഈ പ്രസ്ഥാനം പതുക്കെ ദേശീയരാഷ്ട്രീയത്തിൽ സ്വാധീനം ചെലുത്താൻ തുടങ്ങി. പ്രസ്ഥാനത്തെ മറ്റു സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ജയപ്രകാശ് നാരായൺ ആഗ്രഹിച്ചിരുന്നു. ജയപ്രകാശ് നാരായണന്റെ പ്രക്ഷോഭത്തോടൊപ്പം റെയിൽവേ തൊഴിലാളികൾ ദേശവ്യാപകമായ സമരത്തിനു ആഹ്വാനം

## നക്സലൈറ്റ് പ്രസ്ഥാനം (The Naxalite Movement)

1967 ൽ പശ്ചിമ ബംഗാളിലെ ഡാർജിലിംഗ് മലയോര ജില്ലയിലെ നക്സൽ ബാരി പോലീസ് സ്റ്റേഷൻ പരിധിയിൽ, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ന്റെ പ്രാദേശിക പ്രവർത്തകരുടെ നേതൃത്വത്തിൽ ഒരു കർഷക മുന്നേറ്റം നടന്നു. നക്സൽ ബാരി പോലീസ് സ്റ്റേഷനിൽ നിന്നും ആരംഭിച്ച ഈ കർഷക മുന്നേറ്റം ഇന്ത്യയിലെ നിരവധി സംസ്ഥാനങ്ങളിലേക്ക് വ്യാപിക്കുകയും പൊതുവേ നക്സൽ ബാരി പ്രസ്ഥാനം എന്നറിയപ്പെടുകയും ചെയ്യുന്നു. 1969 ൽ അവർ സി.പി.ഐ (എം) പിളർത്തി കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്-ലെനിനിസ്റ്റ്) (സി.പി.ഐ -എം.എൽ.) എന്ന പുതിയ പാർട്ടി, ചാരു മജുംദാറിന്റെ നേതൃത്വത്തിൽ രൂപീകരിക്കുകയും ചെയ്തു. ഇന്ത്യയിലെ ജനാധിപത്യം ഒരു കാപട്യമാണെന്ന് ഇവർ വാദിക്കുകയും ഒരു വിപ്ലവത്തിനുവേണ്ടി ഗറില്ലായുദ്ധ മുറ എന്ന തന്ത്രം സ്വീകരിക്കുകയും ചെയ്തു.




നക്സലൈറ്റ് പ്രസ്ഥാനം ധനികരായ ഭൂവുടമകളിൽ നിന്നും ഭൂമി ബലമായി പിടിച്ചെടുത്ത് ദരിദ്രർക്കും ഭൂരഹിതർക്കുമായി നൽകുകയുണ്ടായി. ഇതിനെ പിന്തുണക്കുന്നവർ അവരുടെ രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടാൻ അക്രമ മാർഗങ്ങൾ സ്വീകരിക്കുന്നതിനെ അനുകൂലിച്ചിരിന്നു. പശ്ചിമബംഗാൾ ഭരിച്ചിരുന്ന കോൺഗ്രസ്സ് പാർട്ടി കരുതൽ തടങ്കലും മറ്റു കടുത്ത നടപടികളും ഉപയോഗിച്ചെങ്കിലും, നക്സലൈറ്റ് പ്രസ്ഥാനം അവസാനിക്കുകയുണ്ടായില്ല. പിന്നീടുള്ള വർഷങ്ങളിൽ അത് രാജ്യത്തിന്റെ മറ്റു പല ഭാഗങ്ങളിലേക്കും വ്യാപിക്കുകയുണ്ടായി. നക്സലൈറ്റ് പ്രസ്ഥാനം ഇപ്പോൾ അനവധി പാർട്ടികളായും സംഘടനകളായും പിളർന്നിട്ടുണ്ട്. സി.പി.ഐ - എം.എൽ (ലിബറേഷൻ) പോലെയുള്ള ചില പാർട്ടികൾ തുറന്ന ജനാധിപത്യ രാഷ്ട്രീയത്തിൽ പങ്കാളികളായിട്ടുണ്ട്.

ഇപ്പോൾ ഒമ്പത് സംസ്ഥാനങ്ങളിലെ 75 ജില്ലകൾ നക്സലൈറ്റ് അക്രമബാധിത പ്രദേശങ്ങളാണ്. ഇവയിൽ മിക്കവാറും പ്രദേശങ്ങൾ ആദിവാസികൾ ജീവിക്കുന്ന പിന്നാക്കമേഖലകളാണ്. ഈ മേഖലകളിലെ പങ്കുകൃഷിക്കാർക്കും, കുടിയാൻമാർക്കും, ചെറുകിട കർഷകർക്കും അവരുടെ അടിസ്ഥാന അവകാശങ്ങളായ പാട്ട സംരക്ഷണവും, വിളവിലെ പങ്കും, ന്യായമായ വേതനവും നിഷേധിക്കപ്പെടുന്നു. നിർബന്ധിത ജോലി, പുറമേ നിന്നുള്ളവർ വിഭവങ്ങൾ കടത്തുക, പണമിടപാടുകാരുടെ ചൂഷണം എന്നിവ ഈ മേഖലയിൽ സർവസാധാരണമായിരുന്നു. ഈ സാഹചര്യങ്ങൾ നക്സലൈറ്റ് പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് കാരണമായി.



**ചാരു മജുംദാർ (1918–1972):**
കമ്മ്യൂണിസ്റ്റ് വിപ്ലവകാരിയും നക്സൽ ബാരി മുന്നേറ്റത്തിന്റെ നേതാവും. സ്വാതന്ത്ര്യത്തിനു മുന്നേയുള്ള തേഭാഗ പ്രസ്ഥാനത്തിൽ പങ്കെടുത്തിട്ടുണ്ട്., സി.പി.ഐ. വിടുകയും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്-ലെനിനിസ്റ്റ്) സ്ഥാപിക്കുകയും ചെയ്തു. മാവോയിസ്റ്റ് പാതയിലുള്ള കർഷക കലാപങ്ങളിൽ വിശ്വസിക്കുകയും വിപ്ലവകരമായ അക്രമങ്ങളെ ന്യായീകരിക്കുകയും ചെയ്തിരുന്നു. പോലീസ് കസ്റ്റഡിയിൽ വെച്ച് മരണമടഞ്ഞു.

നക്സലൈറ്റ് പ്രസ്ഥാനത്തെ നേരിടുന്നതിന് ഗവൺമെന്റുകൾ കടുത്ത നടപടികൾ സ്വീകരിച്ചുവരുന്നു. നക്സലൈറ്റുകളെ നേരിടാൻ ഗവൺമെന്റ് ഭരണഘടനയുടെ മൂല്യങ്ങളെ ലംഘിക്കുന്നുവെന്നുള്ള വിമർശനം മനുഷ്യാവകാശ പ്രവർത്തകർ ഉയർത്തുന്നുണ്ട്. നക്സലൈറ്റുകൾ നടത്തിയ അക്രമങ്ങളിലും ഗവൺമെന്റിന്റെ നക്സൽവിരുദ്ധ അക്രമങ്ങളിലുംപെട്ട് ആയിരക്കണക്കിന് മനുഷ്യർക്കാണ് ജീവൻ നഷ്ടപ്പെട്ടത്.



Credit: R. K. Laxman in The Times of India, 16 April 1974



**ലോക് നായക് ജയപ്രകാശ് നാരായൺ (ജെ.പി.) (1902–1979):** യുവാവായിരിക്കുമ്പോൾ മാർക്സിസ്റ്റായിരുന്നു; കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടികളുടെയും സോഷ്യലിസ്റ്റ് പാർട്ടിയുടെയും സ്ഥാപക ജനറൽ സെക്രട്ടറി; 1942 ലെ ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന്റെ നായകൻ; നെഹ്റുവിന്റെ മന്ത്രിസഭയിൽ അംഗമാകാനുള്ള ക്ഷണം നിരസിക്കുന്നു; 1955 നുശേഷം സജീവരാഷ്ട്രീയത്തിൽ നിന്നും പിൻവാങ്ങി, ഗാന്ധിയനാകുകയും ഭൂദാന പ്രസ്ഥാനത്തിൽ പങ്കെടുക്കുകയും ചെയ്തു; നാഗാകലാപകാരികളുമായി അനുരഞ്ജന സംഭാഷണങ്ങൾ നടത്തുകയും കാശ്മീരിലെ സ്വാതന്ത്ര്യശ്രമങ്ങൾക്ക് മുൻകയ്യെടുക്കുകയും ചമ്പൽ കൊള്ളക്കാരുടെ കീഴടങ്ങൽ ഉറപ്പിച്ചതും ഇദ്ദേഹമായിരുന്നു; ബീഹാർ പ്രസ്ഥാനത്തിന്റെ നേതാവ് ആയ ഇദ്ദേഹം അടിയന്തരാവസ്ഥയോടുള്ള എതിർപ്പിന്റെ പ്രതീകമായി മാറുകയും ജനതാപാർട്ടിയുടെ രൂപീകരണത്തിനു പിന്നിലെ ചാലകശക്തിയായി പ്രവർത്തിച്ചു.

നൽകി. ഇത് രാജ്യത്തെ സ്തംഭനാവസ്ഥയിലേക്ക് നയിക്കുമെന്ന ഭീതിയുണ്ടാക്കി. 1975-ൽ ജെ.പി. പാർലമെന്റിലേക്ക് വലിയൊരു ബഹുജന മാർച്ച് നടത്തി. തലസ്ഥാനത്തു നടന്നിട്ടുള്ള എക്കാലത്തെയും വലിയ രാഷ്ട്രീയ റാലികളിൽ ഒന്നായിരുന്നു ഇത്. അദ്ദേഹത്തിനപ്പോൾ കോൺഗ്രസ്സിതര പ്രതിപക്ഷ പാർട്ടികളായ ഭാരതീയ ജനസംഘം, കോൺഗ്രസ് (O) ഭാരതീയ ലോക്ദൾ, സോഷ്യലിസ്റ്റ് പാർട്ടി എന്നിവരുടെ പിന്തുണയുണ്ടായിരുന്നു. ഇന്ദിരാഗാന്ധിക്ക് ഒരു ബദലായി ഈ പാർട്ടികൾ ജെ.പി.യെ ഉയർത്തികാട്ടി. എന്നിരുന്നാലും അദ്ദേഹത്തിന്റെ ആശയങ്ങൾക്കെതിരെയും അദ്ദേഹം ഉപയോഗിച്ച ബഹുജനപ്രക്ഷോഭത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ചും ധാരാളം വിമർശനങ്ങൾ ഉയർന്നു വന്നിരിക്കുന്നു. ഗുജറാത്തിലെയും ബീഹാറിലെയും പ്രക്ഷോഭങ്ങൾ കോൺഗ്രസ്സ് വിരുദ്ധമെന്ന നിലയിലും, സംസ്ഥാന ഗവൺമെന്റുകളോടുള്ള എതിർപ്പിന് ഉപരിയായി അത് ഇന്ദിരാഗാന്ധിയുടെ നേതൃ

ത്വത്തിനെതിരെയുള്ള പ്രതിഷേധമായിട്ടാണ് കണക്കാക്കപ്പെട്ടത്. തനിക്ക് നേരെയുള്ള വ്യക്തിപരമായ എതിർപ്പാണ് ഈ പ്രസ്ഥാനങ്ങൾക്ക് പ്രേരകമായതെന്നാണ് ഇന്ദിരാഗാന്ധിയും വിശ്വസിച്ചിരുന്നത്.

**1974-ലെ റയിൽവേ സമരം (Railway Strike of 1974)**

റയിൽ ഗതാഗതം നിർത്തിയാൽ എന്തു സംഭവിക്കും? ഒന്നോ രണ്ടോ ദിവസമല്ല, ഒരാഴ്ചയിൽ കൂടുതൽ? തീർച്ചയായും ഒരുപാട് പേർക്ക് അത് ബുദ്ധിമുട്ടുണ്ടാക്കും. അതിനെല്ലാം ഉപരിയായി ഒരു ഭാഗത്ത് നിന്ന് മറ്റൊരു ഭാഗത്തേക്കുള്ള ചരക്ക് ഗതാഗതം ട്രെയിൻ വഴിയായതിനാൽ തടസ്സപ്പെട്ടതുകൊണ്ട് രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ നിശ്ചലമാകും.

1974-ൽ അങ്ങനെ ഒരു അവസ്ഥ യഥാർത്ഥത്തിൽ സംഭവിക്കുകയുണ്ടായി എന്നു നിങ്ങൾക്കറിയാമോ? ജോർജ് ഫെർണാണ്ടസ് നേതൃത്വം വഹിച്ച റയിൽവേ ജീവനക്കാരുടെ സമരത്തിന്റെ ദേശീയ ഏകോപന സമിതി, അവരുടെ ബോണസ്സും സേവനവ്യവസ്ഥയും നേടിയെടുക്കാൻവേണ്ടി, റയിൽവേ തൊഴിലാളികളോട് ദേശവ്യാപകമായ ഒരു പണിമുടക്കിന് ആഹ്വാനം ചെയ്തു. ഈ ആവശ്യങ്ങളോട് ഗവൺമെന്റിന് എതിർപ്പായിരുന്നു. അതുകൊണ്ട് തന്നെ ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖല സ്ഥാപനത്തിലെ തൊഴിലാളികൾ 1974 മെയ് മാസത്തിൽ റയിൽ സമരം ആരംഭിച്ചു. റയിൽവേ തൊഴിലാളികളുടെ സമരം തൊഴിൽ മേഖലയിൽ അന്തരീക്ഷം കൂടുതൽ കലുഷിതമാക്കി. തൊഴിലാളികളുടെ അവകാശങ്ങളെ സംബന്ധിച്ചും അവശ്യസേവനമേഖലയിൽ ഉൾപ്പെട്ട തൊഴിലാളികൾക്ക് പണിമുടക്ക് പോലുള്ള മാർഗങ്ങൾ സ്വീകരിക്കാമോ തുടങ്ങിയ പ്രശ്നങ്ങൾ ഇത് ഉയർത്തിവിട്ടു.

സമരത്തെ നിയമവിരുദ്ധമായി ഗവൺമെന്റ് പ്രഖ്യാപിച്ചു. പണിമുടക്കിയ തൊഴിലാളികളുടെ ആവശ്യങ്ങൾ പരിഗണിക്കാൻ വിസമ്മതിച്ച ഗവൺമെന്റ് അതിന്റെ നിരവധി നേതാക്കളെ അറസ്റ്റ് ചെയ്യുകയും റയിൽവേ പാളങ്ങൾ സംരക്ഷിക്കാൻ കരസേനയെ വിന്യസിക്കുകയും ചെയ്തു. യാതൊരുവിധ പരിഹാരവുമില്ലാതെ 20 ദിവസത്തിനുശേഷം സമരം പിൻവലിക്കേണ്ടിവന്നു.

### നീതിന്യായവിഭാഗങ്ങളുമായുള്ള ഏറ്റുമുട്ടൽ (Conflict with Judiciary)

ഗവൺമെന്റിനും ഭരണകക്ഷിക്കും കോടതിയുമായുള്ള അഭിപ്രായഭിന്നതകൾ വർധിച്ച ഒരു കാലഘട്ടം കൂടിയായിരുന്നു ഇത്. കോടതിയും പാർലമെന്റും തമ്മിലുള്ള നീണ്ടകാലത്തെ ഏറ്റുമുട്ടലുകളെ കുറിച്ചുള്ള ചർച്ചകൾ നിങ്ങൾ ഓർക്കുന്നുണ്ടല്ലോ? കഴിഞ്ഞ വർഷം നിങ്ങൾ അതിനെക്കുറിച്ച് പഠിച്ചിട്ടുണ്ട്. ഭരണഘടനാപരമായ മൂന്നു ചോദ്യങ്ങൾ ഈ സാഹചര്യത്തിൽ ഉയർന്നു വന്നു. ഇതിൽ ആദ്യത്തെ ചോദ്യം മൗലികാവകാശങ്ങളെ വെട്ടിച്ചുരുക്കാൻ പാർലമെന്റിന് കഴിയുമോ എന്നതായിരുന്നു. കഴിയില്ല എന്നാണ് സുപ്രീംകോടതി അഭിപ്രായപ്പെട്ടത്. ഭരണഘടനാ ഭേദഗതിയിലൂടെ പാർലമെന്റിനു സ്വത്തവകാശം വെട്ടിചുരുക്കുവാൻ കഴിയുമോ എന്നതായിരുന്നു രണ്ടാമത്തെ ചോദ്യം. അത്തരത്തിൽ അവകാശങ്ങളെ വെട്ടിച്ചുരുക്കുന്നതിനായി ഭരണഘടനയിൽ ഭേദഗതികൾ വരുത്താൻ പാർലമെന്റിനു അധികാരമില്ലെന്നു കോടതി വീണ്ടും പ്രസ്താവിച്ചു. മൂന്നാമതായി, നിർദേശക തത്ത്വങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതിനായി മൗലികാവകാശങ്ങൾ നീക്കം ചെയ്യുന്നു എന്നു പറഞ്ഞു കൊണ്ട് പാർലമെന്റ് ഭരണഘടന ഭേദഗതി ചെയ്യുകയുണ്ടായി. പക്ഷേ ഈ വ്യവസ്ഥയേയും സുപ്രീംകോടതി നിരസിക്കുകയുണ്ടായി. ഇത് ഗവൺമെന്റും കോടതിയും തമ്മിലുള്ള ബന്ധത്തിൽ ഒരു പ്രതിസന്ധി തന്നെ സൃഷ്ടിക്കുകയുണ്ടായി. ഈ പ്രതിസന്ധി കേശവാനന്ദഭാരതി കേസിൽ പ്രതിഫലിച്ചത് നിങ്ങൾ ഓർക്കുന്നുണ്ടാകും. ഭരണഘടനക്ക് ചില അടിസ്ഥാന സവിശേഷതകളുണ്ടെന്നും പാർലമെന്റിന് അവയിൽ ഭേദഗതി വരുത്താൻ കഴിയില്ലെന്നും ഈ കേസിൽ കോടതി വിധിക്കുകയുണ്ടായി.



നീതിന്യായ വിഭാഗവും കാര്യനിർവഹണ വിഭാഗവും തമ്മിലുള്ള പിരിമുറുക്കം വർധിപ്പിച്ച രണ്ടു സംഭവവികാസങ്ങൾ കൂടിയുണ്ടായി. 1973–ലെ കേശവാനന്ദഭാരതി കേസിൽ സുപ്രീംകോടതി വിധിവന്ന് അധികം താമസിയാതെ ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് പദവിയിലേക്ക് ഒഴിവു വന്നു. സുപ്രീം കോടതിയിലെ ഏറ്റവും മുതിർന്ന ജഡ്ജിയെ ചീഫ് ജസ്റ്റിസായി നിയമിക്കുക എന്നതായിരുന്നു അതുവരെയുള്ള കീഴ്വഴക്കം. പക്ഷേ, 1973–ൽ മൂന്നു ജഡ്ജിമാരുടെ സീനിയോറിറ്റി മറികടന്നു കൊണ്ട് ഗവൺമെന്റ് ജസ്റ്റിസ് എ.എൻ. റേയെ ഇന്ത്യയുടെ ചീഫ് ജസ്റ്റിസായി നിയമിച്ചു. ഈ നിയമനം രാഷ്ട്രീയ വിവാദത്തിനു വഴിതെളിച്ചു. കാരണം തഴയപ്പെട്ട മൂന്നു ജഡ്ജിമാരും ഗവൺമെന്റിന്റെ നിലപാടിനെതിരെ വിധിയെഴുതിയവരായിരുന്നു. അങ്ങനെ ഭരണഘടന വ്യാഖ്യാനങ്ങളും രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളും അതിവേഗം കൂടിക്കലരാൻ തുടങ്ങി. പ്രധാനമന്ത്രിയോടു അടുപ്പമുള്ള ആളുകൾ, നിയമനിർമാണ സഭയുടെയും കാര്യനിർവഹണ വിഭാഗത്തിന്റെയും കാഴ്ചപ്പാടിനോട് പ്രതിബദ്ധതയുള്ള നീതിന്യായവിഭാഗത്തിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിക്കാൻ തുടങ്ങി. ഈ ഏറ്റുമുട്ടലിന്റെ പരകോടിയിൽ ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് ഹൈക്കോടതി അസാധുവാക്കുന്നതിലേക്ക് കാര്യങ്ങൾ ചെന്നെത്തി.

## അടിയന്തരാവസ്ഥയുടെ പ്രഖ്യാപനം (Declaration of Emergency)

1975, ജൂൺ 12–ന് അലഹബാദ് ഹൈക്കോടതിയിലെ ജഗമോഹൻ ലാൽ സിൻഹ ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് അസാധുവാക്കി കൊണ്ട് വിധി പ്രസ്താവിക്കുകയുണ്ടായി. 1971–ൽ ഇന്ദിരാഗാന്ധിക്കെതിരെ മത്സരിച്ച രാജ്നരൈൻ എന്ന സോഷ്യലിസ്റ്റ് നേതാവ് നൽകിയ ഒരു തെരഞ്ഞെടുപ്പ് പരാതിയിലാണ് കോടതി ഈ വിധി പുറപ്പെടുവിച്ചത്. തെരഞ്ഞെടുപ്പ് പ്രചരണത്തിന് ഇന്ദിരാഗാന്ധി ഗവൺമെന്റ് ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി എന്നതിന്റെ അടിസ്ഥാനത്തിൽ ഈ പരാതിയിൽ അവരുടെ തെരഞ്ഞെടുപ്പ് വിജയത്തെ ചോദ്യം ചെയ്യുകയുണ്ടായി. നിയമപരമായി ഇന്ദിരാഗാന്ധിക്ക് ഒരു പാർലമെന്റംഗമായി തുടരാനാകില്ലെന്നും, ആറുമാസത്തിനകം വീണ്ടു തെരഞ്ഞെടുക്കപ്പെട്ടില്ലെങ്കിൽ പ്രധാനമന്ത്രി സ്ഥാനത്ത് തുടരാനാകില്ലെന്നുമായിരുന്നു ഹൈക്കോടതി വിധിയുടെ അർഥം. ജൂൺ 24–ന്, ഈ ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതി അവരുടെ അപ്പീലിൽ ഭാഗിക സ്റ്റേ നൽകുകയും തീർപ്പു കൽപിക്കുന്നതുവരെ അവർക്ക് പാർലമെന്റംഗമായി തുടരാമെന്നും എന്നാൽ ലോക്സഭയുടെ നടപടിക്രമങ്ങളിൽ പങ്കെടുക്കാൻ കഴിയില്ലെന്നും പ്രസ്താവിക്കുകയുണ്ടായി.

സൈന്യം ഗവൺമെന്റിനെ അനുസരിക്കേണ്ടെന്നു പറയുന്നതുപോലെയല്ലേ അത്. അത് ജനാധിപത്യപരമാണോ?



### പ്രതിസന്ധിയും പ്രതികരണവും (Crisis and response)

ഒരു വലിയ രാഷ്ട്രീയ ഏറ്റുമുട്ടലിനു വേദിയൊരുങ്ങുകയായിരുന്നു. ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ പ്രതിപക്ഷ പാർട്ടികൾ ഇന്ദിരാഗാന്ധിയുടെ രാജിക്കായി സമ്മർദ്ദം ഉയർത്തുകയും, 1975 ജൂൺ 25 നു ഡൽഹിയിലെ രാംലീല മൈതാനിയിൽ വലിയൊരു പ്രകടനം സംഘടിപ്പിക്കുകയും ചെയ്തു. ഇന്ദിരാഗാന്ധിയുടെ രാജിക്കുവേണ്ടി, ജെ.പി. ദേശവ്യാപകമായ സത്യാഗ്രഹം പ്രഖ്യാപിക്കുകയും, നിയമവിരുദ്ധവും അധാർമികവുമായ ഉത്തരവുകൾ അനുസരിക്കരുതെന്നു പോലീസിനോടും, സൈന്യത്തോടും, സർക്കാരുദ്യോഗസ്ഥരോടും ആഹ്വാനം ചെയ്യുകയും ചെയ്തു. ഇത് ഗവൺമെന്റ് പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കുമെന്ന് ഭീഷണിയുയർത്തി. രാജ്യത്തിന്റെ രാഷ്ട്രീയ മനോഭാവം എക്കാലത്തേക്കാളും കോൺഗ്രസിനെതിരായി തിരിഞ്ഞു.

അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു കൊണ്ടാണ് ഗവൺമെന്റ് ഇതിനോട് പ്രതികരിച്ചത്. 1975 ജൂൺ 25 നു ആഭ്യന്തര സുരക്ഷ ഭീഷണിയുടെ സാഹചര്യത്തിൽ ഭരണഘടനയുടെ 352–ാം അനുച്ഛേദം പ്രയോഗിക്കുകയാണെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു. ഈ അനുച്ഛേദത്തിന്റെ വ്യവസ്ഥയനുസരിച്ച്, ഗവൺമെന്റിന് ബാഹ്യമോ ആഭ്യന്തരമോ ആയ സുരക്ഷാഭീഷണിയുടെ സാഹചര്യത്തിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാവുന്നതാണ്. അടിയന്തരാവസ്ഥ ആവശ്യമായ നിലയിലുള്ള ഗുരുതര




Credit: R. K. Laxman in The Times of India, 26 June 1975

രാഷ്ട്രീയ പ്രതിസന്ധിയെ പ്രതിഫലിപ്പിക്കുന്ന ഈ കാർട്ടൂൺ അടിയന്തരാവസ്ഥ പ്രഖ്യാപനത്തിന് കുറേ ദിവസങ്ങൾക്ക് മുമ്പേ പ്രത്യക്ഷപ്പെട്ടതാണ്. കസേരക്ക് പിന്നിൽ നിൽക്കുന്ന ആൾ കോൺഗ്രസ്സ് പ്രസിഡന്റ് ഡി.കെ. ബറുവയാണ്.

മായ പ്രതിസന്ധി ഉണ്ടായിരിക്കുന്നുവെന്ന് ഗവൺമെന്റ് വിലയിരുത്തി. സാങ്കേതികമായി പറഞ്ഞാൽ അടിയന്തിരാവസ്ഥാ പ്രഖ്യാപനം ഗവൺമെന്റിന്റെ അധികാര പരിധിക്കുള്ളിൽ വരുന്നതാണ്. ഒരിക്കൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചാൽ അത് ഗവൺമെന്റിന് ചില സവിശേഷ അധികാരങ്ങൾ നൽകുന്നു.

ഒരിക്കൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു കഴിഞ്ഞാൽ, ഫെഡറൽ അധികാര വിഭജനങ്ങൾ താൽക്കാലികമായി റദ്ദാക്കപ്പെടുകയും യൂണിയൻ ഗവൺമെന്റിലേക്ക് എല്ലാ അധികാരങ്ങളും കേന്ദ്രീകരിക്കപ്പെടുകയും ചെയ്യും. രണ്ടാമതായി, മൗലികാവകാശങ്ങൾ എടുത്തു കളയാനോ നിയന്ത്രിക്കാനോ ഉള്ള അവകാശം അടിയന്തരാവസ്ഥയുടെ ഘട്ടത്തിൽ ഗവൺമെന്റിനു കൈവരുന്നു. ഭരണഘടനാവ്യവസ്ഥയിലെ വാചകങ്ങളിൽ നിന്ന് അടിയന്തരാവസ്ഥയിൽ സാധാരണ ജനാധിപത്യ രാഷ്ട്രീയം പ്രവർത്തിക്കാത്ത അസാധാരണമായ സാഹചര്യമാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് തന്നെ ഗവൺമെന്റിന് സവിശേഷമായ അധികാരങ്ങൾ ഈ സമയത്ത് ലഭിക്കുന്നു.

1975 ജൂൺ 25 രാത്രിയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ പ്രധാനമന്ത്രി പ്രസിഡന്റ് ഫക്രുദീൻ അലി അഹമ്മദിന് ശുപാർശ നൽകി. ഉടൻതന്നെ അദ്ദേഹം അടിയന്തരാവസ്ഥ പ്രഖ്യാപനം നടത്തി. തുടർന്ന് അർധരാത്രിക്ക് ശേഷം, എല്ലാ പ്രധാന പത്രംഓഫീസുകളിലേക്കുമുള്ള വൈദ്യുതിബന്ധം വിഛേദിക്കപ്പെട്ടു. പ്രതിപക്ഷ പാർട്ടികളുടെ നിരവധി നേതാക്കന്മാരും പ്രവർത്തകരും അതിരാവിലെ തന്നെ അറസ്റ്റ് ചെയ്യപ്പെട്ടു. ഇതെല്ലാം സംഭവച്ചതിനുശേഷം, ജൂൺ 26 രാവിലെ ആറുമണിക്ക് ചേർന്ന പ്രത്യേകയോഗത്തിൽ വച്ചാണ് മന്ത്രിസഭയ്ക്ക് ഇക്കാര്യങ്ങളെക്കുറിച്ചുള്ള വിവരം ലഭിക്കുന്നത്.





नईदुनिया
अखबारों पर बंदिश लगी, हटी
देश में तानाशाही रोकने के लंबे संघर्ष हेतु तैयार रहें
Message to Chief Sub, Bombay/Ahmedabad, from Chief Sub, Delhi.
The censor rang up to say that the Prime Minister's interview to the correspondent of the "Daily Telegraph" should be sent to him before publication.
No news, comments, rumour or other reports relating to the family planning programme should be published without clearance from the Censor.
Editorial, 7/2/1976
11 December 1975
IMES OF INDIA
STATE OF EMERGENCY DECLARED
Security in peril, says P.M.
Several leaders arrested
CM warns against call
Rights suspended
Be vigilant, states told
CHIEF SUBS/SUBS/CHIEF REPORTER/REPORTERS:
Chief Sub, Delhi, to Chief Sub, Bombay/Ahmedabad:
Phone from censor (Mr. Laxmi Chand) : "Only official version of Indo-Pak talks today to be used. No comments or editorials to be written


नया आपात्काल : जयप्रकाश और कई नेता गिरफ्तार
Emergency ensures YOUR Security— and the NATION'S
WORK MORE TALK LESS
प्रधान मन्त्री का क्रान्तिकारी कार्यक्रम आइए, इसे सफल बनाएं
To our readers
The city edition of Friday and dak editions of Friday and Saturday of the Hindustan Times could not be brought out as no power was available from 12-45 p m on Thursday till 7-15 p m on Friday The inconvenience is deeply regretted
THE HINDUSTAN TIMES
MRS GANDHI DEFEATED
Janta Party forges ahead in North
Bansi Lal, Sanjay out
We've always practised Compulsory Sterilisation
Cong rout in Delhi total
Nightmare over, says Vajpayee
The night the ... didn't sleep

## പ്രത്യാഘാതങ്ങൾ (Consequences)

ഈ സംഭവവികാസങ്ങൾ പ്രക്ഷോഭങ്ങൾ പെട്ടെന്ന് നിലക്കാൻ കാരണമായി, സമരങ്ങൾ നിരോധിക്കപ്പെട്ടു. അനേകം പ്രതിപക്ഷ നേതാക്കാന്മാരെ ജയിലിലടച്ചു. രാഷ്ട്രീയസ്ഥിതിഗതികൾ പിരിമുറുക്കത്തതിന്റേതായിരുന്നുവെങ്കിലും ശാന്തമായിരുന്നു. അടിയന്തരാവസ്ഥ വ്യവസ്ഥകൾ നൽകുന്ന പ്രത്യേക അധികാരം ഉപയോഗിച്ചു കൊണ്ട് ഗവൺമെന്റ് പത്രസ്വാതന്ത്ര്യം റദ്ദ് ചെയ്തു. പത്രങ്ങൾ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന എല്ലാത്തരം വാർത്തകൾക്കും മുൻകൂട്ടിയുള്ള അനുമതി ആവശ്യമായി വന്നു. ഇത് പത്രങ്ങളുടെ സെൻസർഷിപ്പെന്നു അറിയപ്പെടുന്നു. സാമൂഹികവും സാമുദായികവുമായ സൗഹാർദത്തിന് ഭീഷണി എന്ന അനുമാനത്തിൽ ഗവൺമെന്റ് രാഷ്ട്രീയ സ്വയം സേവക് സംഘത്തെയും (RSS) ജമാഅത്തെ ഇസ്ലാമിയേയും നിരോധിച്ചു. പ്രതിഷേധങ്ങൾ, സമരങ്ങൾ അതുപോലെ പരസ്യമായ പ്രകടനങ്ങൾ എന്നിവ അനുവദിക്കപ്പെട്ടിരുന്നില്ല. അടിയന്തരാവസ്ഥ വ്യവസ്ഥകൾ പ്രകാരം, മൗലികാവകാശങ്ങൾ സംരക്ഷിക്കാൻ കോടതിയെ സമീപിക്കാനുള്ള അവകാശം ഉൾപ്പെടെ നിരവധി മൗലികാവകാശങ്ങൾ നിരോധിക്കപ്പെട്ടു.

അപ്പോൾ സുപ്രീം കോടതിയും കീഴടങ്ങി. അക്കാലത്ത് എല്ലാവർക്കും എന്താണ് സംഭവിച്ചത്?



ഗവൺമെന്റ് വ്യാപകമായ തോതിൽ കരുതൽതടങ്കൽ വ്യവസ്ഥകൾ ഉപയോഗിക്കുവാൻ തുടങ്ങി. ഈ വ്യവസ്ഥയനുസരിച്ച്, ആളുകൾ കുറ്റം ചെയ്തതുകൊണ്ടല്ല അവരെ അറസ്റ്റ് ചെയ്യുന്നതും തടങ്കലിൽ വക്കുന്നതും, മറിച്ച് കുറ്റം ചെയ്തേക്കാമെന്ന ഊഹത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നടപടി. കരുതൽതടങ്കൽ നിയമം ഉപയോഗിച്ചു കൊണ്ട് ഗവൺമെന്റ് അടിയന്തരാവസ്ഥ കാലത്ത് വൻതോതിൽ അറസ്റ്റുകൾ നടത്തി. അറസ്റ്റ് ചെയ്യപ്പെട്ട രാഷ്ട്രീയ പ്രവർത്തകർക്ക് ഹേബിയസ് കോർപസ് ഹർജിയിലൂടെ അറസ്റ്റിനെ ചോദ്യം ചെയ്യുന്നതിനു കഴിഞ്ഞിരുന്നില്ല. അറസ്റ്റ് ചെയ്യപ്പെട്ടവർ സ്വന്തമായോ അല്ലെങ്കിൽ അവർക്ക് വേണ്ടി മറ്റുള്ളവരോ നിരവധി കേസുകൾ സുപ്രീം കോടതിയിലും ഹൈക്കോടതികളിലും കൊടുത്തിരുന്നെങ്കിലും, അറസ്റ്റിനുള്ള കാരണം അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിക്ക് ബോധ്യപ്പെടുത്തിക്കൊടുക്കേണ്ടതുപോലും ആവശ്യമില്ലെന്ന വാദമാണ് ഗവൺമെന്റ് സ്വീകരിച്ചത്. അടിയന്തരാവസ്ഥ പ്രഖ്യാപനത്തിനുശേഷവും ഒരു വ്യക്തി അയാളുടെ/അവളുടെ തടങ്കലിനെ ചോദ്യം ചെയ്തു കൊണ്ട് നൽകുന്ന ഹേബിയസ് കോർപ്പസ് റിട്ട് ഹർജി പരിഗണിക്കാമെന്നാണ് പല ഹൈക്കോടതികളും വിധി പ്രസ്താവം നടത്തിയിരുന്നത്. 1976 ഏപ്രിലിൽ സുപ്രീം കോടതിയുടെ ഭരണഘടന ബഞ്ച് ഹൈക്കോടതികളുടെ ഈ വിധിയെ തള്ളിക്കളയുകയും ഗവൺമെന്റിന്റെ വാദങ്ങൾ അംഗീകരിക്കുകയും ചെയ്തു. അടിയന്തരാവസ്ഥാസമയത്ത് ഗവൺമെന്റിന് പൗരന്റെ ജീവിക്കുവാനുള്ള വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള അവകാശത്തെ ലംഘിക്കാം എന്നായിരുന്നു ഇതിന്റെ അർഥം. ഈ വിധിയിലൂടെ സുപ്രീം കോടതി അതിന്റെ വാതിലുകൾ പൗരനു മുന്നിൽ കൊട്ടിയടച്ചു. അതുകൊണ്ട് തന്നെ സുപ്രീം കോടതിയുടെ ഏറ്റവും വിവാദപരമായ വിധിന്യായങ്ങളിൽ ഒന്നായിട്ടാണിതിനെ കണക്കാക്കുന്നത്.

അടിയന്തരാവസ്ഥക്കെതിരെ നിരവധി പ്രതിഷേധ-പ്രതിരോധ പ്രവർത്തനങ്ങൾ നടന്നിരുന്നു. ആദ്യഘട്ടത്തിൽ അറസ്റ്റ് ചെയ്യപ്പെടാത്ത അനേകം രാഷ്ട്രീയ പ്രവർത്തകർ ഒളിവിൽ പോകുകയും, അവിടെ നിന്നും ഗവൺമെന്റിനെതിരെ പ്രതിഷേധങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ഇന്ത്യൻ എക്സ്പ്രസ്, സ്റ്റേറ്റ്സ്മാൻ തുടങ്ങിയ പത്രങ്ങൾ സെൻസർ ചെയ്ത വാർത്തകൾ പ്രസിദ്ധീകരിക്കേണ്ട ഇടങ്ങൾ ശൂന്യമായി ഇട്ടുകൊണ്ട് സെൻസർഷിപ്പിനെതിരെ പ്രതിഷേധിച്ചു. സെമിനാർ, മെയിൻസ്ട്രീം തുടങ്ങിയ മാഗസിനുകൾ സെൻസർഷിപ്പിനു വിധേയമാകാൻ കൂട്ടാക്കാതെ പ്രസിദ്ധീകരണം നിർത്തിവച്ചു. അടിയന്തരാവസ്ഥയ്ക്കെതിരെ എഴുതിയ നിരവധി പത്രപ്രവർത്തകർ അറസ്റ്റ് ചെയ്യപ്പെട്ടു. സെൻസർഷിപ്പിനെ മറികടക്കാൻ രഹസ്യമായി അനേകം വാർത്താ കുറിപ്പുകളും ലഘുലേഖകളും പ്രസിദ്ധീകരിച്ചു. പത്മഭൂഷൻ നേടിയ കന്നട എഴുത്തുകാരനായ ശിവരാമ കാരന്തും പത്മശ്രീ നേടിയ ഫനീശ്വർ നാഥ് രേണുവും ജനാധിപത്യത്തെ ഇല്ലായ്മ ചെയ്തതിൽ പ്രതിഷേധിച്ച് തങ്ങളുടെ അവാർഡുകൾ തിരിച്ചു നൽകി. എങ്കിലും, പൊതുവെ പറഞ്ഞാൽ അത്തരം പരസ്യമായ എതിർപ്പുകളും പ്രതിരോധവും വളരെ കുറവായിരുന്നു.

പാർലമെന്റും ഭരണഘടനയിൽ കുറെ മാറ്റങ്ങൾ കൊണ്ടുവരികയുണ്ടായി. ഇന്ദിരാഗാന്ധി കേസിൽ അലഹബാദ് ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ, രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവരുടെ തിരഞ്ഞെടുപ്പുകൾ കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലെന്ന് പ്രഖ്യാപിക്കുന്ന ഒരു ഭരണഘടനാ ഭേദഗതി കൊണ്ടുവന്നു. അതുപോലെ തന്നെ അടിയന്തരാവസ്ഥയുടെ കാലത്താണ് 42-ാം ഭരണഘടനാ ഭേദഗതി പാസ്സാക്കിയത്. ഭരണഘടനയുടെ പല ഭാഗങ്ങളിലും ഈ ഭേദഗതി നിരവധി മാറ്റങ്ങൾ കൊണ്ടുവന്നു എന്നുള്ളത് നിങ്ങൾ നേരത്തെ പഠിച്ചിട്ടുണ്ടല്ലോ. ഈ ഭേദഗതി കൊണ്ടുവന്ന അനേകം മാറ്റങ്ങളിലൊന്ന്, രാജ്യത്തെ നിയമനിർമാണ സഭകളുടെ കാലാവധി അഞ്ചിൽ നിന്നും ആറു വർഷത്തേക്ക് നീട്ടി എന്നതാണ്. ഈ മാറ്റം അടിയന്തരാവസ്ഥ കാലത്തേക്ക് മാത്രമല്ല, മറിച്ച് ഇതിനെ സ്ഥിര സംവിധാനമാക്കാനായിരുന്നു ഉദ്ദേശിച്ചത്. ഇതു കൂടാതെ അടിയന്തരാവസ്ഥ കാലത്ത് ഒരു വർഷത്തേക്ക് തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കാനുള്ള വ്യവസ്ഥ ഉണ്ടായിരുന്നു. അതുകൊണ്ട്, ഫലത്തിൽ 1971-നുശേഷം 1976-നുപകരം, 1978-ൽ മാത്രം തെരഞ്ഞെടുപ്പ് നടത്തിയാൽ മതിയാകുമായിരുന്നു.




## അടിയന്തരാവസ്ഥയുമായി ബന്ധപ്പെട്ട വിവാദങ്ങൾ
## (Controversies regarding Emergencies)

ഇന്ത്യൻ രാഷ്ട്രീയത്തിലെ ഏറ്റവും വലിയ വിവാദ സംഭവമായിരുന്നു അടിയന്തരാവസ്ഥ. ഈ വിവാദങ്ങൾക്കൊരു കാരണം, അടിയന്തരാവസ്ഥാ പ്രഖ്യാപനത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് നിരവധി ഭിന്നാഭിപ്രായങ്ങൾ നിലനിന്നിരുന്നു എന്നതാണ്. മറ്റൊരു കാരണം, ഭരണഘടന നൽകുന്ന അധികാരം ഉപയോഗിച്ചു കൊണ്ട് ഗവൺമെന്റ് ജനാധിപത്യത്തിന്റെ പ്രവർത്തനത്തെ തീർത്തും മരവിപ്പിച്ചു. അടിയന്തരാവസ്ഥയ്ക്ക് ശേഷം ഷാ കമ്മീഷൻ നടത്തിയ അന്വേഷണത്തിൽ ഇക്കാലത്തെ നിരവധി അതിക്രമങ്ങൾ പുറത്തു കൊണ്ടുവന്നു. അവസാനമായി, ഇന്ത്യയിൽ ജനാധിപത്യ പ്രവർത്തനത്തിനു അടിയന്തരാവസ്ഥ നൽകുന്ന പാഠങ്ങളെ കുറിച്ച് ഇവിടെ വിഭിന്നങ്ങളായ വിലയിരുത്തലുകളുണ്ട്. അവയെ ഓരോന്നോരോന്നായി നമുക്ക് പരിശോധിക്കാം.

### അടിയന്തരാവസ്ഥ ആവശ്യമായിരുന്നോ?
### (Was the Emergency necessary?)

'ആഭ്യന്തര കുഴപ്പ'ങ്ങളുണ്ടാകുമ്പോൾ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാമെന്ന് ഭരണഘടനയിൽ ലളിതമായി പറയുന്നുണ്ട്. 1975-നുമുമ്പ്, ഈ ഒരു കാരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടില്ലായിരുന്നു. രാജ്യത്താകമാനം നടന്ന പ്രതിഷേധങ്ങളെ നമ്മൾ ശ്രദ്ധിച്ചതാണല്ലോ. അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ ഇത് മതിയായ കാരണമായിരുന്നോ? ഒരു ജനാധിപത്യത്തിൽ തെരഞ്ഞെടുപ്പിൽ വിജയിച്ച ഭരണകക്ഷിയെ അതിന്റെ നയങ്ങൾക്കനുസരിച്ച് ഭരിക്കാൻ പ്രതിപക്ഷ പാർട്ടികൾ അനുവദിക്കണമെന്ന് ഗവൺമെന്റ് വാദിച്ചു. നിരന്തരം പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും സംഘടിത പ്രവർത്തനങ്ങളും ജനാധിപത്യത്തിന് ഭൂഷണമല്ലെന്ന് ഗവൺമെന്റ് വിലയിരുത്തി. ഗവൺമെന്റിനെ ലക്ഷ്യം വച്ചു കൊണ്ട് പാർലമെന്റ‌റിവിരുദ്ധ രാഷ്ട്രീയപ്രവ ർത്തനം തുടർച്ചയായി നടത്താൻ ആർക്കും അവകാശമില്ലെന്നു ഇന്ദിരഗാന്ധിയെ പിന്തുണയ്ക്കുന്നവർ അഭിപ്രായപ്പെട്ടു.

**ഷാ കമ്മീഷന്റെ അന്വേഷണം**
**(Shah Commission of Inquiry)**

1977 മെയിൽ ജനതാപാർട്ടി ഗവൺമെന്റ്, 1975 ജൂൺ 25-നു പ്രഖ്യാപിച്ച അടിയന്തരാവസ്ഥായുടെ കാലത്തു നടന്ന അധികാര ദുർവിനിയോഗം, അതിക്രമങ്ങൾ, ക്രമക്കേടുകൾ എന്നീ ആരോപണങ്ങളുടെ വിവിധതലങ്ങൾ പരിശോധിക്കാൻ വിരമിച്ച സുപ്രീം കോടതി ചീഫ് ജസ്റ്റിസായ ജെ.സി. ഷായുടെ നേതൃത്വത്തിൽ ഒരു അന്വേഷണ കമ്മീഷനെ നിയമിച്ചു. കമ്മീഷൻ വിവിധ തരത്തിലുള്ള തെളിവുകൾ പരിശോധിക്കുകയും മൊഴിയെടുക്കുന്നതിനായി സാക്ഷികളെ വിളിച്ചു വരുത്തുകയും ചെയ്തു. ഇതിലൊരാളായ ഇന്ദിരാഗാന്ധി, കമ്മീഷനു മുന്നിൽ ഹാജരായെങ്കിലും ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ വിസമ്മതിച്ചു.

ഷാ കമ്മീഷന്റെ രണ്ട് ഇടക്കാല റിപ്പോർട്ടുകളിലും മൂന്നാമത്തെയും അവസാനത്തെയും റിപ്പോർട്ടുകളിലും ഉൾപ്പെട്ട കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശുപാർശകളും ഇന്ത്യാ ഗവൺമെന്റ് അംഗീകരിക്കുകയുണ്ടായി. റിപ്പോർട്ട് പാർലമെന്റിന്റെ ഇരു സഭകളുടെയും മേശപ്പുറത്ത് വക്കുകയും ചെയ്തു.

“ജനാധിപത്യത്തിന്റെ പേരിൽ ജനാധിപത്യത്തിന്റെ പ്രവർത്തനത്തെ തന്നെ നിഷേധിക്കാൻ ഉദ്ദേശിക്കുകയാണ്. തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനെ പ്രവർത്തിക്കാൻ അനുവദിക്കുന്നില്ല.... പ്രക്ഷോഭങ്ങൾ അന്തരീക്ഷത്തെ കലുഷിതമാക്കുകയും, അക്രമാസക്തമായ സംഭവങ്ങളിലേക്ക് നയിക്കുകയും ചെയ്യുന്നു. ചില ആളുകൾ നമ്മുടെ സൈന്യത്തെ കലാപത്തിനും പോലീസിനെ വിമതരാക്കാനും പ്രേരിപ്പിക്കുന്ന തലത്തോളം എത്തിയിരിക്കുന്നു. വിഘടനശക്തികൾ സ്വതന്ത്രമായി വിഹരിക്കുകയും, സാമുദായിക വികാരങ്ങൾ ആളിക്കത്തിക്കുകയും ചെയ്തുകൊണ്ട് നമ്മുടെ ഐക്യത്തിനു ഭീഷണി ഉയർത്തിയിരിക്കുന്നു. കുറച്ചു പേരുടെ പ്രവർത്തികൾ ബഹുഭൂരിപക്ഷത്തിന്റെയും അവകാശങ്ങളെ അപകടത്തിലാക്കിയിരിക്കുന്നു.”

**ഇന്ദിരാഗാന്ധി, 1975 ജൂൺ 26 ന്, ആൾ ഇന്ത്യാ റേഡിയോയിലൂടെ രാഷ്ട്രത്തെ അഭിസംബോധ ചെയ്തത്.**




Credit: R. K. Laxman in the Times of India

**ഷാ കമ്മീഷൻ റിപ്പോർട്ട് പുറത്തുവന്ന വേളയിൽ കമ്മീഷനും ഇന്ദിരാഗാന്ധിയുമായുള്ള ഏറ്റുമുട്ടലാണ് ഈ കാർട്ടൂണിന് പ്രേരകമായത്.**

ഇത് അസ്ഥിരതയിലേക്കും, ഗവൺമെന്റിനെ പതിവ് വികസന പ്രവർത്തനങ്ങളിൽ നിന്നും വഴിതിരിച്ചും വിടുമെന്നുമുള്ള കാഴ്ചപ്പാടായിരുന്നു അവർക്കുണ്ടായിരുന്നത്. ക്രമസമാധാന പാലനത്തിനായി ഗവൺമെന്റിന് അതിന്റെ എല്ലാ ഊർജവും വിനിയോഗിക്കേണ്ടി വന്നു. വിധ്വംസക ശക്തികൾ ഗവൺമെന്റിന്റെ പുരോഗമന പരിപാടികളെ തടസ്സപ്പെടുത്താൻ ശ്രമിക്കുകയായിരുന്നുവെന്നും, ഭരണഘടനാതീത മാർഗങ്ങളിലൂടെ തന്നെ സ്ഥാനഭ്രഷ്ടയാക്കാൻ ശ്രമിച്ചിരുന്നതായും ഇന്ദിരാഗാന്ധി ഷാ കമ്മീഷനയച്ച കത്തിൽ എഴുതിയിരുന്നു.

അടിയന്തരാവസ്ഥ കാലത്ത് കോൺഗ്രസ്സിനെ പിന്തുണച്ചിരുന്ന സി.പി.ഐ പോലുള്ള മറ്റുചില പാർട്ടികൾ വിശ്വസിച്ചിരുന്നത് ഇന്ത്യയുടെ ഐക്യത്തിനെതിരെ ഒരു അന്താരാഷ്ട്ര ഗൂഡാലോചന ഉണ്ടായിരുന്നുവെന്നാണ്. ഇത്തരം സാഹചര്യ

**ഡൽഹി ടർക്ക്മാൻ ഗേറ്റിലെ തകർക്കൽ**
**(Demolitions in Turkmen Gate area, Delhi)**

ഡൽഹിയിലെ ദരിദ്രമായ പ്രദേശങ്ങളിൽ ജീവിച്ചിരുന്ന ആളുകൾ കുടിയൊഴിപ്പിക്കപ്പെടുന്നതിന് അടിയന്തിരാവസ്ഥ സാക്ഷ്യംവഹിച്ചു. ചേരിയിലെ കുടിലുകളിൽ ജീവിച്ചിരുന്നവരെ നിർബന്ധപൂർവം യമുന നദിക്ക് അക്കരെയുള്ള ഊഷരമായ പ്രദേശങ്ങളിലേക്ക് മാറ്റി പാർപ്പിച്ചു. അത്തരത്തിൽ ദുരിതമനുഭവിച്ച ഒരു പ്രദേശം ടർക്ക്മാൻ ഗേറ്റിലെ കോളനികളായിരുന്നു. ഈ പ്രദേശത്തെ നൂറുകണക്കിനാളുകൾ നിർബന്ധപൂർവം വന്ധ്യംകരിക്കപ്പെട്ടു. അതേസമയം തന്നെ കുറേ പേർ മറ്റുള്ളവരെ വന്ധ്യംകരണത്തിന് പ്രോത്സാഹിപ്പിച്ചുകൊണ്ട് സ്വയം അതിൽനിന്നും രക്ഷപ്പെടുകയും, അങ്ങനെ ഒരു തുണ്ട് ഭൂമിക്ക് പട്ടയം സ്വന്തമാക്കുക എന്ന ബഹുമതി നേടുകയും ചെയ്തു. അങ്ങനെ കുറെപ്പേർ ഗവൺമെന്റ് പ്രായോജകരായ നടപടികളുടെ ഇരകളായപ്പോൾ, വേറെ ചിലർ ഒരു തുണ്ട് ഭൂമി നിയമപരമായി നേടാനുള്ള ആഗ്രഹംകൊണ്ട് മറ്റുള്ളവരെ ഇരകളാക്കിമാറ്റുന്നതിനും ശ്രമിച്ചു. അങ്ങനെ അവർ വിവേചനരഹിതമായ കുടിയൊഴിപ്പിക്കലിൽനിന്നും രക്ഷപ്പെട്ടു.

**സ്രോതസ്സ്: ഷാ കമ്മീഷൻ അന്വേഷണം, ഇടക്കാല റിപ്പോർട്ട്**

1975-1977 കാലഘട്ടത്തിലെ അനുഭവങ്ങളെക്കുറിച്ച് നിങ്ങളുടെ രക്ഷകർത്താക്കളോടോ അല്ലെങ്കിൽ കുടുംബത്തിലെയോ അയൽപക്കത്തെയോ മുതിർന്നവരോട് ചോദിക്കുക. താഴെ പറയുന്നവയെ സംബന്ധിച്ച് കുറിപ്പുകൾ തയാറാക്കുക.

- അടിയന്തിരാവസ്ഥയിലെ അവരുടെ വ്യക്തിപരമായ അനുഭവങ്ങൾ
- നിങ്ങളുടെ പ്രദേശത്ത് അടിയന്തിരാവസ്ഥയെ പിന്തുണച്ചോ എതിർത്തതോ ആയ എന്തെങ്കിലും വിവരങ്ങൾ
- അവരുടെ 1977-ലെ തെരഞ്ഞെടുപ്പ് പങ്കാളിത്തവും അവർ വോട്ട് ചെയ്തതിന്റെ അടിസ്ഥാനവും

നിങ്ങളുടെ കുറിപ്പുകളെല്ലാം കൂട്ടിച്ചേർത്ത് അടിയന്തിരാവസ്ഥ എന്റെ നഗരത്തിൽ/ഗ്രാമത്തിൽ എന്ന പേരിൽ ഒരു സംയോജിത റിപ്പോർട്ട് തയാറാക്കുക.

ങ്ങളിൽ പ്രതിഷേധങ്ങൾക്കുമേലുള്ള ചില നിയന്ത്രണങ്ങൾക്ക് കുറച്ച് ന്യായീകരണമുണ്ടെന്നാണ് അവർ വിശ്വസിച്ചിരുന്നത്. ജെ.പി. നയിച്ച പ്രക്ഷോഭങ്ങളിൽ പ്രധാനമായും പങ്കെടുത്തത് കോൺഗ്രസ്സിന്റെ പുരോഗമന നയങ്ങളോട് എതിർപ്പുണ്ടായിരുന്ന മധ്യവർഗമായിരുന്നുവെന്ന കാഴ്ചപ്പാടാണ് സി.പി.ഐക്കുണ്ടായിരുന്നത്. എന്നാൽ അടിയന്തരാവസ്ഥയ്ക്കുശേഷം, ഈ വിലയിരുത്തൽ ശരിയായിരുന്നില്ലെന്നും അടിയന്തരാവസ്ഥയെ പിന്തുണച്ചത് തെറ്റായി പോയെന്നുമായിരുന്നു സി.പി.ഐ. അഭിപ്രായപ്പെട്ടത്.

നേരെമറിച്ച്, സ്വാതന്ത്ര്യസമരത്തിന്റെ കാലം മുതൽ ഇന്ത്യൻ രാഷ്ട്രീയത്തിന് ജനകീയ പ്രക്ഷോഭങ്ങളുടെ ചരിത്രമാണുള്ളതെന്ന് അടിയന്തരാവസ്ഥയുടെ വിമർശകർ വാദിച്ചു. ഒരു ജനാധിപത്യത്തിൽ ജനങ്ങൾക്ക് ഗവൺമെന്റിനെതിരെ പരസ്യമായി പ്രതിഷേധിക്കാനുള്ള അവകാശമുണ്ടെന്ന കാഴ്ചപ്പാടാണ് ജെ.പിക്കും മറ്റു പ്രതിപക്ഷ നേതാക്കൾക്കുമുണ്ടായിരുന്നത്. ബീഹാറിലെയും ഗുജറാത്തിലെയും പ്രക്ഷോഭങ്ങൾ മിക്കവാറും സമാധാനപരവും അക്രമരഹിതവുമായിരുന്നു. അറസ്റ്റ് ചെയ്യപ്പെട്ട ആരെയും തന്നെ ഏതെങ്കിലും ദേശവിരുദ്ധ പ്രവർത്തനത്തിന്റെ പേരിൽ വിചാരണ ചെയ്തിരുന്നില്ല. മാത്രമല്ല തടങ്കലിലാക്കപ്പെട്ട മിക്കവാറും ഉള്ളവരുടെ മേൽ ഒരു കേസും രജിസ്റ്റർ ചെയ്തിരുന്നില്ല. രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങൾ നിരീക്ഷിക്കാൻ ചുമതലയുള്ള ആഭ്യന്തര മന്ത്രാലയം പോലും രാജ്യത്തിന്റെ ക്രമസമാധാന സാഹചര്യത്തെ കുറിച്ച് ഒരു തരത്തിലുള്ള ഉത്കണ്ഠയും പ്രകടിപ്പിച്ചിരുന്നില്ല. ഇനി ചില പ്രക്ഷോഭങ്ങൾ അതിന്റെ പരിധികൾ ലംഘിച്ചുവെങ്കിൽ തന്നെ, ഗവൺമെന്റിന്റെ പതിവ് അധികാരങ്ങൾ ഉപയോഗിച്ച് തന്നെ അവയൊക്കെ നിലക്ക് നിർത്താമായിരുന്നു. അതിനുവേണ്ടി ജനാധിപത്യ പ്രവർത്തനത്തെ ഇല്ലാതാക്കുകയോ, അടിയന്തരാവസ്ഥ പോലെ നിഷ്ഠൂരമായ മാർഗങ്ങൾ സ്വീകരിക്കേണ്ട ആവശ്യകതയോ ഇല്ലായിരുന്നു. യഥാർഥത്തിൽ, രാജ്യത്തിന്റെ ഐക്യത്തിനോ അഖണ്ഡതക്കോ അല്ലായിരുന്നു ഭീഷണി, മറിച്ച് ഭരണകക്ഷിക്കും പ്രധാനമന്ത്രിക്കുമായിരുന്നു. രാഷ്ട്രത്തിന്റെ സംരക്ഷണത്തിനു ഉപയോഗിക്കേണ്ടിയിരുന്ന ഭരണഘടനാവ്യവസ്ഥകൾ സ്വന്തം വ്യക്തിപരമായ അധികാരങ്ങൾ സംരക്ഷിക്കാൻ ഇന്ദിരാഗാന്ധി ദുരുപയോഗം ചെയ്തെന്നും വിമർശകർ ആരോപിച്ചു.

### അടിയന്തരാവസ്ഥകാലത്ത് എന്ത് സംഭവിച്ചു? (What happend during Emeregency?)

അടിയന്തരാവസ്ഥയുടെ യഥാർത്ഥത്തിലുള്ള നടപ്പിലാക്കലിനെ കുറിച്ചാണ് മറ്റൊരു വിവാദം. ഗവൺമെന്റ് അതിന്റെ അടിയന്തരാവസ്ഥാധികാരങ്ങൾ ദുരുപയോഗം ചെയ്തോ? അവിടെ അമിതാധികാര പ്രയോഗവും അധികാര ദുരുപയോഗവും നടന്നോ? ക്രമസമാധാനം നടപ്പിലാക്കാനും, കാര്യക്ഷമത പുനസ്ഥാപിക്കാനും എല്ലാത്തിനും ഉപരിയായി പാവങ്ങൾക്കുവേണ്ടിയുള്ള ക്ഷേമപരിപാടികൾ നടപ്പിലാക്കാനുമാണ് അടിയന്തരാവസ്ഥ ഉപയോഗിച്ചതെന്നായിരുന്നു ഗവൺമെന്റിന്റെ വാദം. ഈ ലക്ഷ്യം മുൻനിർത്തി, ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഒരു ഇരുപതിന

പരിപാടി പ്രഖ്യാപിക്കുകയും അത് നടപ്പിലാക്കുന്നതിനുള്ള ഗവൺമെന്റിന്റെ നിശ്ചയദാർഢ്യം വ്യക്തമാക്കുകയും ചെയ്തു. ഭൂപരിഷ്കരണം, ഭൂമിയുടെ പുനർവിതരണം, കാർഷിക വേതനത്തെക്കുറിച്ചുള്ള പുനപരിശോധന, മാനേജ്മെന്റിൽ തൊഴിലാളികൾക്കുള്ള പങ്കാളിത്തം, നിർബന്ധിത ജോലിയുടെ നിർമാർജനം തുടങ്ങിയവയായിരുന്നു ഈ ഇരുപതിന പരിപാടിയിൽ ഉൾപ്പെട്ടിരുന്നത്. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിനു ശേഷമുള്ള ആദ്യത്തെ മാസങ്ങളിൽ, പ്രക്ഷോഭങ്ങൾ നിലച്ചതിലും ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ മേൽ അച്ചടക്കം നടപ്പിലാക്കിയതിലും, നഗരങ്ങളിലെ മധ്യവർഗങ്ങൾ പൊതുവെ സന്തുഷ്ടരായിരുന്നു. ദരിദ്രരും, ഗ്രാമീണരും ഗവൺമെന്റ് വാഗ്ദാനം നൽകിയ ക്ഷേമ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. അങ്ങനെ, സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങൾക്ക് അടിയന്തരാവസ്ഥയെ സംബന്ധിച്ച് വ്യത്യസ്തമായ പ്രതീക്ഷകളും കാഴ്ചപ്പാടുകളുമാണുണ്ടായിരുന്നത്.




Credit: R. K. Laxman in the Times of India

ഈ വാഗ്ദാനങ്ങളിൽ ഭൂരിഭാഗവും ഗവൺമെന്റ് നടപ്പിലാക്കിയില്ലെന്നും ഇവയൊക്കെ അതിക്രമങ്ങളിൽ നിന്നും ശ്രദ്ധ തിരിച്ചുവിടാനുള്ള ശ്രമങ്ങൾ മാത്രമായിരുന്നുവെന്നും വിമർശകർ ചൂണ്ടിക്കാട്ടി. വൻതോതിൽ കരുതൽ തടങ്കൽ ഉപയോഗിച്ചതിനെ അവർ ചോദ്യം ചെയ്തു. നിരവധി പ്രമുഖരായ രാഷ്ട്രീയ നേതാക്കൾ അറസ്റ്റ് ചെയ്യപ്പെട്ട കാര്യം നമ്മൾ ശ്രദ്ധിച്ചിട്ടുണ്ടല്ലോ. മൊത്തത്തിൽ 676 പ്രതിപക്ഷ നേതാക്കൻമാർ അറസ്റ്റിലായി. ഷാ കമ്മീഷന്റെ കണക്കനുസരിച്ച്, ഏകദേശം ഒരു ലക്ഷത്തി പതിനൊന്നായിരം ആളുകൾ കരുതൽ തടങ്കൽ നിയമം അനുസരിച്ച് അറസ്റ്റ് ചെയ്യപ്പെട്ടു. നിയമത്തിന്റെ സാധുതയില്ലാതെ തന്നെ പലപ്പോഴും പത്രങ്ങൾക്കുമേൽ കടുത്ത നിയന്ത്രണങ്ങൾ നടപ്പിലാക്കി. 1975 ജൂൺ 26 രാത്രി രണ്ടുമണിക്ക് പത്രം ഓഫീസുകളിലേക്കുള്ള വൈദ്യുതി വിഛേദിക്കാൻ വാക്കാലുള്ള ഉത്തരവ്, ഡൽഹി ഊർജവിതരണ കോർപ്പറേഷൻ ജനറൽ മാനേജർക്ക്, ഡൽഹിയുടെ ലഫ്റ്റനന്റ് ഗവർണറുടെ ഓഫീസിൽനിന്നും ലഭിച്ചുവെന്ന് ഷാ കമ്മീഷൻ റിപ്പോർട്ട് പരാമർശിക്കുന്നു. സെൻസർഷിപ്പ് സംവിധാനത്തിനു

**രാജന്റെ കസ്റ്റഡി മരണം (Custodial death of Rajan)**

1976 മാർച്ച് 1-ന് കേരളത്തിലെ കാലിക്കറ്റ് എഞ്ചിനീയറിംഗ് കോളേജ് വിദ്യാർഥിയായിരുന്ന രാജനെയും സുഹൃത്ത് ജോസഫ് ചാലിയെയും പുലർച്ചെ ഹോസ്റ്റലിൽനിന്നും കടത്തികൊണ്ടുപോയി. രാജന്റെ അച്ഛൻ ഈച്ചരവാര്യർ തന്റെ മകനെ കണ്ടെത്താൻ ഭ്രാന്തമായ ഉദ്യമങ്ങൾ നടത്തി. അദ്ദേഹം നിയമസഭാംഗംങ്ങളെ കാണുകയും, ബന്ധപ്പെട്ട അധികാരികൾക്ക് പരാതി നൽകുകയും ചെയ്തു. അന്നത്തെ ആഭ്യന്തരമന്ത്രിയായിരുന്ന കെ. കരുണകരനോടും അദ്ദേഹം സഹായം അഭ്യർഥിച്ചു. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നതുകൊണ്ട് പൗരന്റെ വ്യക്തിസ്വാന്ത്ര്യത്തെ സംബന്ധിച്ച പ്രശ്നങ്ങൾ കോടതിക്കുമുന്നിൽ കൊണ്ടുവരാൻ കഴിയില്ലായിരുന്നു. അടിയന്തരാവസ്ഥ പിൻവലിച്ചശേഷം, ഈച്ചരവാര്യർ എറണാകുളത്തുള്ള കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തു. രാജനെ ഹോസ്റ്റലിൽനിന്നും അടുത്ത ദിവസം കോഴിക്കോട്ടുള്ള ടൂറിസ്റ്റു ബംഗ്ലാവിലേക്ക് മാറ്റുകയും അവിടെവച്ച് മർദ്ദനത്തിനിരയാകുകയും ചെയ്തു. തുടർന്നുള്ള വിചാരണയിൽ രാജൻ "നിയമവിരുദ്ധമായി പോലീസ് കസ്റ്റഡിയിൽ വെച്ച്" നിരന്തരമായ പോലീസ് മർദ്ദനത്തെത്തുടർന്ന് മരണമടഞ്ഞുവെന്ന് ഗവൺമെന്റ് കോടതിയോടു പറഞ്ഞു. കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് കരുണാകരൻ കോടതിയോട് കള്ളം പറഞ്ഞുവെന്ന് പ്രസ്താവിച്ചു. അപ്പോഴെക്കും മുഖ്യമന്ത്രിയായിമാറിയ കെ. കരുണാകരന് കോടതിയുടെ കുറ്റപ്പെടുത്തലുകാരണം രാജിവയ്ക്കേണ്ടിവന്നു.

**സ്രോതസ്സ്: ഷാ കമ്മീഷൻ അന്വേഷണം, ഇടക്കാല റിപ്പോർട്ട് II**

രൂപം നൽകി രണ്ടോ മൂന്നോ ദിവസത്തിനു ശേഷമാണ് വൈദ്യുതി ബന്ധം പുനസ്ഥാപിച്ചത്.

യാതൊരു ഔദ്യോഗിക സ്ഥാനങ്ങളും വഹിക്കാത്തവർ ഗവൺമെന്റിന്റെ അധികാരങ്ങൾ ഉപയോഗിച്ചു എന്ന ഗുരുതരമായ ആരോപണങ്ങൾ ഉയർന്നുവന്നു. ഇന്ദിരാഗാന്ധിയുടെ ഇളയമകനായ സഞ്ജയ് ഗാന്ധി അക്കാലത്ത് ഒരു ഔദ്യോഗിക സ്ഥാനവും വഹിച്ചിരുന്നില്ല. എന്നിട്ടും അദ്ദേഹം ഭരണത്തിൽ നിയന്ത്രണം നേടുകയും ആരോപണം ഉയരത്തക്കവിധം ഗവൺമെന്റിന്റെ പ്രവർത്തനത്തിൽ ഇടപെടുകയും ചെയ്തു. ഡൽഹിയിലെ ചേരികൾ തകർക്കലിലും നിർബന്ധിത വന്ധ്യംകരണത്തിലും സഞ്ജയ് ഗാന്ധിയുടെ പങ്ക് വലിയ വിവാദങ്ങളുണ്ടാക്കി.

> "D.E.M.O Cracy യുടെ മരണത്തിന് അയാളുടെ ഭാര്യ **T. Ruth,** മകൻ **L. I. Bertie** യും പെൺമക്കളായ **Hope, Justice** എന്നിവർ അനുശോചിക്കുന്നു."
>
> **ടൈംസ് ഓഫ് ഇന്ത്യയിലെ പേരുവയ്ക്കാത്ത ഒരു പരസ്യം, അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിനു ശേഷം ഉടനടി പ്രസിദ്ധീകരിച്ചത്, 1975**

രാഷ്ട്രീയ നേതാക്കളുടെ അറസ്റ്റും പത്രങ്ങളുടെമേലുള്ള നിയന്ത്രണവും കൂടാതെ നിരവധി സന്ദർഭങ്ങളിൽ അടിയന്തരാവസ്ഥ സാധാരണ ജനതയുടെ ജീവിതത്തെ ബാധിച്ചിട്ടുണ്ട്. മർദനവും കസ്റ്റഡിമരണവും അടിയന്തരാവസ്ഥ കാലത്ത് നടക്കുകയുണ്ടായി. ദരിദ്രരായ ജനങ്ങളെ ഏകാധിപത്യപരമായി കുടിയൊഴിപ്പിക്കുകയുണ്ടായി. ഒപ്പം ജനസംഖ്യാനിയന്ത്രണത്തിനുള്ള അത്യുൽസാഹം നിർബന്ധിത വന്ധ്യംകരണത്തിലേക്കും നയിച്ചു. സാധാരണ ജനാധിപത്യപ്രക്രിയ മരവിപ്പിച്ചാൽ എന്തൊക്കെ നടക്കുമെന്ന് ഈ സംഭവങ്ങൾ തെളിയിക്കുന്നു.

## അടിയന്തരാവസ്ഥയുടെ പാഠങ്ങൾ (Lessons of Emergency)

അടിയന്തരാവസ്ഥ ഇന്ത്യൻ ജനാധിപത്യത്തിന്റെ ശക്തിയും ദൗർബല്യവും ഒരുമിച്ച് പുറത്തുകൊണ്ടുവന്നു. അടിയന്തരാവസ്ഥയോട് കൂടി ഇന്ത്യയിൽ ജനാധിപത്യം അപ്രത്യക്ഷമാകുമെന്ന് നിരവധി നിരീക്ഷകർ വിലയിരുത്തിയെങ്കിലും, വളരെ ചെറിയ ഒരു കാലയളവിനുള്ളിൽ സാധാരണ ജനാധിപത്യപ്രക്രിയ പുനസ്ഥാപിക്കപ്പെട്ടു എന്നത് ശ്രദ്ധേയമായ ഒരു കാര്യമാണ്. അതുകൊണ്ട് തന്നെ, ഇന്ത്യയിൽ നിന്നും ജനാധിപത്യത്തെ ഇല്ലാതാക്കുക തീർത്തും പ്രയാസകരമാണെന്ന ഒരു പാഠമാണ് അടിയന്തരാവസ്ഥ നൽകുന്നത്.

രണ്ടാമതായി, അത് ഇന്ത്യൻ ഭരണഘടനയിലെ അടിയന്തരാവസ്ഥ വ്യവസ്ഥകളെ സംബന്ധിക്കുന്ന പരിഹരിക്കപ്പെടേണ്ട ചില അവ്യക്തതകൾ പുറത്തു കൊണ്ട് വന്നു. ഇപ്പോൾ സായുധകലാപത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആഭ്യന്തര അടിയന്തരാവസ്ഥ പ്രഖ്യാപിക്കുവാൻ കഴിയുകയുള്ളു, അതുപോലെ അടിയന്തരാവസ്ഥ

പ്രഖ്യാപിക്കുവാനുള്ള പ്രസിഡന്റിനുള്ള ഉപദേശം മന്ത്രിസഭ രേഖാമൂലം നൽകേണ്ടതാണ്.

മൂന്നാമതായി, അടിയന്തരാവസ്ഥ പൗരസ്വാതന്ത്ര്യത്തിന്റെ മൂല്യത്തെ കുറിച്ച് എല്ലാവരെയും കൂടുതൽ ബോധവാന്മാരാക്കി. കോടതിയും അടിയന്തരാവസ്ഥയ്ക്ക് ശേഷം വ്യക്തികളുടെ പൗരവകാശങ്ങൾ സംരക്ഷിക്കാൻ സജീവമായി പ്രവർത്തിച്ചു തുടങ്ങി. അടിയന്തരാവസ്ഥ കാലത്ത് പൗരസ്വാതന്ത്ര്യം സംരക്ഷിക്കാൻ നീതിന്യായ വിഭാഗത്തിന് കഴിയാതെ പോയതിനോടുള്ള പ്രതികരണമായിരുന്നു ഇത്. ഈ അനുഭവത്തിനുശേഷം നിരവധി പൗരസ്വാതന്ത്ര്യ പ്രസ്ഥാനങ്ങൾ നിലവിൽ വന്നു.

എന്നിരുന്നാലും, അടിയന്തരാവസ്ഥകളുടെ നിർണായക വർഷങ്ങൾ ഇതുവരെ പരിഹരിക്കപ്പെടാത്ത നിരവധി പ്രശ്നങ്ങൾ പുറത്തു കൊണ്ട് വന്നു. ഒരു ജനാധിപത്യ ഗവൺമെന്റിന്റെ പതിവ് പ്രവർത്തനങ്ങളും രാഷ്ട്രീയപാർട്ടികളുടെയും മറ്റു സംഘടനകളുടെയും തുടർച്ചയായ രാഷ്ട്രീയ പ്രക്ഷോഭങ്ങളും തമ്മിൽ ചില അസ്വരാസ്യങ്ങൾ നിലനിൽക്കുന്നതായി ഈ അധ്യായത്തിൽ നമ്മൾ കണ്ടതാണല്ലോ. രണ്ടും തമ്മിലുള്ള ശരിയായ സന്തുലിതാവസ്ഥ എന്താണ്? പ്രതിഷേധ പ്രവർത്തനത്തിൽ പങ്കെടുക്കാൻ പൗരന്മാർക്ക് പൂർണ സ്വാതന്ത്ര്യം ഉണ്ടോ അതോ അവർക്ക് അതിനുള്ള യാതൊരു സ്വാതന്ത്ര്യവും ഇല്ലേ? അന്നത്തെ പ്രക്ഷോഭങ്ങൾക്കുള്ള പരിമിതികൾ എന്തെല്ലാം?

> ഇന്ന് ഇന്ത്യയുടെ സ്വാതന്ത്ര്യദിനമാണ്... ഇന്ത്യൻ ജനാധിപത്യത്തിന്റെ വെളിച്ചം കെടുത്താൻ അനുവദിക്കരുത്.

**'ജെ.പിയെ മോചിപ്പിക്കുക' എന്ന പ്രചരണത്തിന്റെ ഭാഗമായി 1975 ആഗസ്റ്റ് 15-ന് ലണ്ടൻ ടൈംസിൽ വന്ന പരസ്യം**

രണ്ടാമതായി, അടിയന്തരാവസ്ഥ യഥാർഥത്തിൽ നടപ്പിലാക്കിയത് പോലീസും ഭരണകൂടവുമാണ്. ഈ സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിഞ്ഞില്ല. അവ ഭരണകക്ഷിയുടെ രാഷ്ട്രീയ ഉപകരണങ്ങളായി മാറി. ഷാ കമ്മീഷന്റെ റിപ്പോർട്ടനുസരിച്ച് പോലീസും ഭരണകൂടവും രാഷ്ട്രീയ സമ്മർദത്തിനു വിധേയമാക്കപ്പെടുകയായിരുന്നു. അടിയന്തരാവസ്ഥയ്ക്ക് ശേഷവും ഈ പ്രശ്നം അവസാനിച്ചിട്ടില്ല.

## അടിയന്തരാവസ്ഥയ്ക്കു ശേഷമുള്ള രാഷ്ട്രീയം (Politics after Emergencey)

അടിയന്തിരാവസ്ഥയുടെ ഏറ്റവും മൂല്യവത്തായതും സ്ഥായിയായതുമായ പാഠം പഠിച്ചത് അടിയന്തരാവസ്ഥ അവസാനിപ്പിച്ച് ലോക്സഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടെയാണ്. 1977-ലെ തെരഞ്ഞെടുപ്പ് അടിയന്തരാവസ്ഥ അനുഭവങ്ങളുടെ ഒരു ജനഹിത പരിശോധനായായി മാറി, പ്രത്യേകിച്ച് അടിയന്തരാവസ്ഥ ഏറ്റവും കൂടുതൽ ബാധിച്ച ഉത്തരേന്ത്യയിൽ ജനാധിപത്യത്തെ രക്ഷിക്കൂ എന്ന് മുദ്രാവാക്യം ഉയർത്തി കൊണ്ടുവന്നാണ് പ്രതിപക്ഷം തെരഞ്ഞെടുപ്പിനെ നേരിട്ടത്. ജനവിധി തീർത്തും അടിയന്തരാവസ്ഥയ്ക്ക് എതിരായിരുന്നു. ഈ പാഠം വളരെ വ്യക്തമായിരുന്നു. തുടർന്ന് നടന്ന സംസ്ഥാനതല തെരഞ്ഞെടുപ്പിൽ ഇത് ആവർത്തിക്കുകയും ചെയ്തു. ജനാധിപത്യവിരുദ്ധമായി പ്രവർത്തിച്ച ഗവൺമെന്റുകൾക്ക് കടുത്ത ശിക്ഷ തന്നെ ജനങ്ങൾ നൽകി. ഒരു അർത്ഥത്തിൽ 1975-77 കാലഘട്ടത്തിലെ അനുഭവം ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിത്തറയെ ശക്തിപ്പെടുത്തി കൊണ്ടാണ് അവസാനിച്ചത്.

### 1977-ലെ ലോക്സഭാ തെരഞ്ഞെടുപ്പ് (Lok Sabha Election, 1977)

അടിയന്തരാവസ്ഥ ആരംഭിച്ചു പതിനെട്ട് മാസങ്ങൾക്ക് ശേഷം, 1977 ജനുവരിയിൽ ഗവൺമെന്റ് തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിക്കുന്നു. അതിനെ തുടർന്ന് എല്ലാ നേതാക്കന്മാരെയും പ്രവർത്തകരെയും ജയിലിൽ നിന്നും മോചിപ്പിച്ചു. 1977 മാർച്ചിൽ തെരഞ്ഞെടുപ്പ് നടന്നു. പ്രതിപക്ഷത്തിനു കുറച്ച് സമയം മാത്രമേ ലഭിച്ചുള്ളു. എന്നാൽ രാഷ്ട്രീയ സംഭവവികാസങ്ങൾ അതിവേഗം രൂപം കൊള്ളുകയായിരുന്നു. പ്രധാനപ്പെട്ട പ്രതിപക്ഷപാർട്ടികളെല്ലാം അടിയന്തരാവസ്ഥയ്ക്കു മുന്നേ തന്നെ കൂടുതൽ അടുത്തിരുന്നു. തെരഞ്ഞെടുപ്പിന്റെ സമയത്ത് അവരെല്ലാം ഒരുമിച്ചു ചേർന്ന് ജനതാപാർട്ടി എന്ന പേരിൽ ഒരു പുതിയ പാർട്ടി രൂപീകരിച്ചു. പുതിയ പാർട്ടി ജയപ്രകാശ് നാരായണന്റെ നേതൃത്വം അംഗീക

രിച്ചു. അടിയന്തിരാവസ്ഥയെ എതിർത്തിരുന്ന ചില കോൺഗ്രസ് നേതാക്കന്മാരും ഈ പുതിയ പാർട്ടിയിൽ ചേർന്നു. മറ്റു ചില കോൺഗ്രസ് നേതാക്കൾ പാർട്ടി വിട്ട് പുറത്തുവരികയും ജഗജീവൻ റാമിന്റെ നേതൃത്വത്തിൽ കോൺഗ്രസ്സ് ഫോർ ഡെമോക്രസി എന്ന പേരിൽ പുതിയ പാർട്ടി രൂപീകരിക്കുകയും ചെയ്തു. പിന്നീട് ഇത് ജനതാപാർട്ടിയിൽ ലയിച്ചു.

ജനതാപാർട്ടി ഈ തെരഞ്ഞെടുപ്പിനെ അടിയന്തരാവസ്ഥയുടെ ജനഹിത പരിശോധനയാക്കി മാറ്റി. ഭരണത്തിന്റെ ജനാധിപത്യവിരുദ്ധ സ്വഭാവത്തെയും ഈ കാലഘട്ടത്തിൽ നടന്ന നിരവധി അതിക്രമങ്ങളെയും അടിസ്ഥാനമാക്കിയായിരുന്നു പ്രതിപക്ഷത്തിന്റെ തെരഞ്ഞെടുപ്പ് പ്രചരണം. ആയിരകണക്കിന് ആൾക്കാരുടെ അറസ്റ്റിന്റെയും പത്ര സെൻസർഷിപ്പിന്റെയും പശ്ചാത്തലത്തിൽ, പൊതുജനാഭിപ്രായം കോൺഗ്രസ്സിന് എതിരായിരുന്നു. ജയപ്രകാശ് നാരായൺ ജനാധിപത്യ പുനസ്ഥാപനത്തിന്റെ ജനകീയ പ്രതീകമായി മാറി. ജനതാപാർട്ടിയുടെ രൂപീകരണം കോൺഗ്രസ് വിരുദ്ധവോട്ടുകൾ വിഭജിച്ചു പോകില്ലായെന്ന് ഉറപ്പാക്കി. മത്സരം കോൺഗ്രസിനു എളുപ്പമായിരിക്കുകയില്ലെന്ന് വളരെ വ്യക്തമായിരുന്നു.

എന്നിരുന്നാലും, അവസാന ഫലം എല്ലാവരേയും അതിശയിപ്പിച്ചു. സ്വാതന്ത്ര്യത്തിനു ശേഷം, കോൺഗ്രസ്സ് ആദ്യമായി ലോക്സഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. കോൺഗ്രസിനു 154 ലോക്സഭാ സീറ്റിൽ മാത്രമേ ജയിക്കാൻ കഴിഞ്ഞുള്ളു. മൊത്തം ജനകീയവോട്ടിൽ അതിന്റെ പങ്ക് 35 ശതമാനത്തിനു താഴേക്കുപോയി. ജനതാപാർട്ടിയും അതിന്റെ സഖ്യകക്ഷികളും 542-ൽ 330 സീറ്റുകൾ ലോക്സഭയിൽ നേടി; ജനതാപാർട്ടി തനിച്ച് 295 സീറ്റുകൾക്ക് വിജയിച്ചു കൊണ്ട് വ്യക്തമായ ഭൂരിപക്ഷംനേടി. വടക്കേന്ത്യയിൽ കോൺഗ്രസിനെതിരായ വലിയ തെരഞ്ഞെടുപ്പ് തരംഗം തന്നെയുണ്ടായി. കോൺഗ്രസ് ബീഹാർ, ഉത്തർപ്രദേശ്, ഡൽഹി, ഹരിയാന എന്നീ സംസ്ഥാനങ്ങളിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും പരാജയപ്പെട്ടു. മധ്യപ്രദേശിലും രാജസ്ഥാനിലും ഓരോ സീറ്റിൽ മാത്രം വിജയിക്കുകയും ചെയ്തു. ഇന്ദിരാഗാന്ധി റായിബറേലിയിലും അവരുടെ മകൻ സഞ്ജയ്ഗാന്ധി അമേഠിയിലും പരാജയപ്പെട്ടു.



**മൊറാർജി ദേശായി (1896–1995)**: സ്വാതന്ത്ര്യസമര സേനാനി; ഗാന്ധിയൻ നേതാവ്; ഖാദിയുടെയും പ്രകൃതി ചികിത്സയുടെയും മദ്യനിരോധനത്തിന്റെയും പ്രചാരകൻ; ബോംബെ മുഖ്യ മന്ത്രി; ഉപപ്രധാനമന്ത്രി (1967–1969); പാർട്ടിയിലെ പിളർപ്പിനെ തുടർന്ന് കോൺഗ്രസ് (O) യിൽ ചേർന്നു; 1977–1979 കാലത്ത് പ്രധാനമന്ത്രി – കോൺഗ്രസ് ഇതര പാർട്ടിയുടെ ആദ്യത്തെ പ്രധാനമന്ത്രി.




Credit: R. K. Laxman in The Times of India, 29 March 1977

1977-ലെ തെരഞ്ഞെടുപ്പിൽ ആരാണ് വിജയിച്ചതെന്നും എന്താണ് പരാജയപ്പെട്ടതെന്നുമുള്ള ഒരു കാർട്ടൂണിസ്റ്റിന്റെ വായന. 'common man' ഒപ്പം നിൽക്കുന്നവരിൽ ജഗജീവൻ റാം, മൊറാർജി ദേശായി, ചരൺസിങ്, അടൽബിഹാരി വാജ്പേയി എന്നിവരുൾപ്പെടുന്നു.

പക്ഷേ തെരഞ്ഞെടുപ്പ് ഫലം കാണിക്കുന്ന ഭൂപടം നോക്കി കഴിഞ്ഞാൽ രാജ്യത്ത് ആകമാനം കോൺഗ്രസ് പരാജയപ്പെട്ടില്ല എന്ന കാര്യം നിങ്ങൾക്ക് മനസ്സിലാകും. അത് മഹാരാഷ്ട്ര, ഗുജറാത്ത്, ഒറീസ്സ എന്നിവടങ്ങളിൽ നിരവധി സീറ്റുകൾ നിലനിർത്തുകയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ തൂത്തുവാരുകയും ചെയ്തു. ഇതിന് അനവധി കാരണങ്ങളുണ്ട്. ഒന്നാമതായി അടിയന്തരാവസ്ഥ എല്ലാ സംസ്ഥാനങ്ങളെയും ഒരുപോലെയല്ല ബാധിച്ചത്. നിർബന്ധിത കുടിയൊഴിപ്പിക്കലും മാറ്റിപാർപ്പിക്കലും, നിർബന്ധിത വന്ധ്യംകരണവും പ്രധാനമായും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ കേന്ദ്രീകരിച്ചാണ് നടന്നിരുന്നത്. പക്ഷേ ഏറ്റവും പ്രധാനമായി, ഉത്തരേന്ത്യയിൽ ദീർഘകാല അടിസ്ഥാനത്തിലുള്ള മാറ്റങ്ങൾ രാഷ്ട്രീയ മത്സരത്തിന്റെ രൂപത്തിൽ അനുഭവപ്പെട്ടു. ഉത്തരേന്ത്യയിലെ മധ്യവർഗങ്ങൾ കോൺഗ്രസിൽ നിന്നും അകലുകയും ജനതാപാർട്ടി ഇവയിൽ പല വിഭാഗങ്ങൾക്കും ഒത്തുചേരാനുള്ള ഒരു വേദിയായി മാറുകയും ചെയ്തു. ഈ അർഥത്തിൽ 1977-ലെ തെരഞ്ഞെടുപ്പ് കേവലം അടിയന്തരാവസ്ഥയുമായി മാത്രം ബന്ധപ്പെട്ടതായിരുന്നില്ല.

### ജനതാ ഗവൺമെന്റ് (Janata Government)

1977-ലെ തെരഞ്ഞെടുപ്പിനു ശേഷം അധികാരത്തിൽ വന്ന ജനതാഗവൺമെന്റിന് ഒത്തൊരുമ തീരെയില്ലായിരുന്നു. തെരഞ്ഞെടുപ്പിനു ശേഷം മൂന്നു നേതാക്കന്മാർ തമ്മിൽ പ്രധാനമന്ത്രി പദത്തിനുവേണ്ടി കടുത്ത മത്സരമുണ്ടായി- 1966-67 കാലഘട്ടത്തിൽ ഇന്ദിരാഗാന്ധിയുടെ എക്കാലത്തെയും വലിയ പ്രതിയോഗിയായിരുന്ന മൊറാർജി ദേശായി, ഭാരതീയ ലോക്ദളിന്റെ നേതാവും യു.പി.യിലെ കർഷകരുടെ നേതാവുമായിരുന്ന ചരൺസിംഗ്, അതുപോലെ കോൺഗ്രസ്സ് ഗവണമെന്റുകളിൽ മുതിർന്ന മന്ത്രിസഭാംഗം എന്ന നിലയിൽ അത്യധികം പരിചയ സമ്പന്നനായിരുന്ന ജഗജീവൻ റാം. അവസാനം, മൊറാർജി ദേശായി പ്രധാനമന്ത്രിയായെങ്കിലും അതു പാർട്ടിക്കുള്ളിലെ അധികാര വടംവലി അവസാനിപ്പിച്ചില്ല.



1977-ല് ആദ്യത്തെ കോൺഗ്രസ് ഇതര ഗവൺമെന്റ് സത്യപ്രതിജ്ഞ ചെയ്യുന്നു. ജയപ്രകാശ് നാരായണൻ, ജെ.ബി. കൃപലാനി, മൊറാർജി ദേശായി, അടൽബിഹാരി വാജ്പേയി എന്നിവരെ ചിത്രത്തിൽ കാണാം.




Source: Election Commission of India

ഭൂപടം വായിച്ചതിനുശേഷം താഴെ പറയുന്നവ കണ്ടെത്തുക.

- കോൺഗ്രസ് പരാജയപ്പെട്ട സംസ്ഥാനങ്ങൾ
- കോൺഗ്രസിന് വലിയ പരാജയം സംഭവിച്ച സംസ്ഥാനങ്ങൾ
- കോൺഗ്രസും അതിന്റെ സംഖ്യകക്ഷികളും വൻവിജയം നേടിയ സംസ്ഥാനങ്ങൾ

വടക്കേ ഇന്ത്യയിൽ കോൺഗ്രസിന് വിജയിക്കാൻ കഴിഞ്ഞ മണ്ഡലങ്ങൾ ഏതൊക്കെയാണ്?

വടക്കും തെക്കും വ്യത്യസ്തമായ രീതിയിൽ വോട്ട് ചെയ്ത സാഹചര്യത്തിൽ, ജനഹിതം അഥവാ 1977-ലെ ജനവിധിയെ കുറിച്ച് നമുക്ക് ഏതുവിധത്തിൽ സംസാരിക്കാൻ കഴിയും?





**ചൗധരി ചരൺസിങ് (1902–1987):** 1979 ജൂലൈക്കും 1980 ജനുവരിക്കും മധ്യേ ഇന്ത്യയുടെ പ്രധാനമന്ത്രി; സ്വാതന്ത്ര്യസമര സേനാനി; ഉത്തർപ്രദേശ് രാഷ്ട്രീയത്തിലെ സജീവ സാന്നിധ്യം, ഗ്രാമീണ-കാർഷിക വികസനത്തിന്റെ പ്രയോക്താവ്; കോൺഗ്രസ് പാർട്ടിവിട്ട 1967-ൽ ഭാരതീയ ക്രാന്തിദൾ സ്ഥാപിച്ചു; രണ്ടുതവണ ഉത്തർപ്രദേശ് മുഖ്യമന്ത്രി; പിന്നീട് ജനതാപാർട്ടിയുടെ സ്ഥാപകനേതാക്കളിൽ ഒരാളും ഉപപ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയും (1977–1979); ലോക്ദളിന്റെ സ്ഥാപകൻ




Credit: Atanu Roy/India Today




Credit: R. K. Laxman in The Times of India, 13 November 1979




Credit: R. K. Laxman in the Times of India




ജനതാപാർട്ടിയിലെ പേരിപ്പോര് അക്കാലത്ത് നിരവധി കാർട്ടൂണിസ്റ്റുകളെ ആകർഷിക്കുകയുണ്ടായി. അതിൽനിന്നും തിരഞ്ഞെടുത്തവയാണിവിടെ കൊടുത്തിരിക്കുന്നത്.

അടിയന്തരാവസ്ഥക്കെതിരെയുള്ള എതിർപ്പ് കുറച്ച് കാലത്തേക്ക് മാത്രമേ ജനതാപാർട്ടിയെ ഒറ്റക്കെട്ടായി നിർത്താൻ സഹായിച്ചുള്ളു. ജനതാപാർട്ടിക്ക് ദിശാബോധവും, നേതൃത്വവും, ഒരു പൊതുവായ പരിപാടിയും ഇല്ലായിരുന്നുവെന്ന് അതിന്റെ വിമർശകർ ചൂണ്ടികാണിക്കുന്നു. കോൺഗ്രസ് പിന്തുടർന്നിരുന്ന നയങ്ങളിൽ മൗലികമായ മാറ്റം കൊണ്ടുവരാൻ ജനതാപാർട്ടി ഗവണമെന്റിന് കഴിഞ്ഞിരുന്നില്ല. കഷ്ടിച്ചു 18 മാസങ്ങൾക്കുള്ളിൽ തന്നെ ജനതാപാർട്ടി പിളരുകയും മൊറാർജി ദേശായി നയിച്ച ഗവൺമെന്റിനു ഭൂരിപക്ഷം നഷ്ടമാകുകയും ചെയ്തു. കോൺഗ്രസ് പിന്തുണക്കുമെന്ന ഉറപ്പിന്മേൽ ചരൺസിംഗിന്റെ നേതൃത്വത്തിൽ മറ്റൊരു ഗവൺമെന്റ് രൂപീകരിക്കപ്പെട്ടു. പക്ഷേ കോൺഗ്രസ് പിന്നീട് പിന്തുണ പിൻവലിക്കാൻ തീരുമാനിച്ചതിന്റെ ഫലമായി ചരൺസിംഗ് ഗവൺമെന്റിനു നാലു മാസം മാത്രമേ അധികാരത്തിൽ തുടരാൻ കഴിഞ്ഞുള്ളു. പുതിയ തെരഞ്ഞെടുപ്പ് 1980 ജനുവരിയിൽ നടക്കുകയും അതിൽ ജനതാ പാർട്ടി വൻപരാജയം ഏറ്റു വാങ്ങുകയും ചെയ്തു, പ്രത്യേകിച്ച് 1977-ൽ പാർട്ടി വൻവിജയം നേടിയ ഉത്തരേന്ത്യയിൽ. കോൺഗ്രസ് പാർട്ടി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ ഏകദേശം 1971-ലേതിനു സമാനമായ വൻവിജയം കൈവരിച്ചു. 353 സീറ്റുകൾ നേടി കോൺഗ്രസ് അധികാരത്തിൽ തിരിച്ചെത്തി. 1977-79-ലെ അനുഭവം ജനാധിപത്യ രാഷ്ട്രീയത്തിന്റെ മറ്റൊരു പാഠം കൂടി പഠിപ്പിക്കുന്നു; അസ്ഥിരവും കലഹിക്കുന്നതുമായി കാണപ്പെടുന്ന ഗവൺമെന്റുകളെ വോട്ടർമാർ കഠിനമായി ശിക്ഷിക്കും.

### പൈതൃകം (Legacy)

പക്ഷേ ഇത് ഇന്ദിരാഗാന്ധിയുടെ തിരിച്ചു വരവിന്റെ കാര്യം മാത്രമായിരുന്നോ? 1977-1980 തെരഞ്ഞെടുപ്പുകൾക്കിടയിൽ പാർട്ടി സമ്പ്രദായത്തിലും നാടീകയമായ മാറ്റങ്ങൾ സംഭവിക്കുകയുണ്ടായി. 1969 മുതൽ, വ്യത്യസ്ത പ്രത്യയശാസ്ത്രങ്ങളും കാഴ്ചപ്പാടുകളുമുള്ള നേതാക്കളെ സ്വീകരിച്ച് ഒരു കുടക്കീഴിൽ കൊണ്ടു വരുന്ന പാർട്ടി എന്ന അതിന്റെ പഴയ സ്വഭാവം കോൺഗ്രസിനു നഷ്ടപ്പെടാൻ തുടങ്ങി. കോൺഗ്രസ് പാർട്ടി അപ്പോൾ ഒരു പ്രത്യേക പ്രത്യയശാസ്ത്രത്തിലേക്ക് താദാത്മ്യം പ്രാപിക്കുകയും, ദരിദ്രർക്കു വേണ്ടിയുള്ളതും സോഷ്യലിസ്റ്റുമായിട്ടുള്ളതുമായ ഒരേ ഒരു പാർട്ടി എന്ന് അവകാശപ്പെടുകയും ചെയ്തു. അങ്ങനെ 1970 കളുടെ തുടക്കത്തിൽ, സാമൂഹികവും പ്രത്യയശാസ്ത്രപരവുമായ കൃത്യമായ വിഭജനത്തിലൂടെയും ഇന്ദിരാഗാന്ധി എന്ന ഏക നേതാവിന്റെയും പിൻബലത്തിൽ ജനങ്ങളെ ആകർഷിക്കാൻ സാധിച്ചു എന്നിതിലായിരുന്നു കോൺഗ്രസിന്റെ രാഷ്ട്രീയ വിജയം. കോൺഗ്രസ് പാർട്ടിയുടെ സ്വഭാവത്തിൽ ഉണ്ടായ ഈ മാറ്റത്തോടെ, പ്രതിപക്ഷ പാർട്ടികൾ കൂടുതൽ കൂടുതൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ കോൺഗ്രസ്സിതരത്വം (Non - Congressism) എന്നറിയപ്പെടുന്നതിനെ ആശ്രയിച്ചു തുടങ്ങി. തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് ഇതര വോട്ടുകൾ ഭിന്നിച്ചു പോകുന്നത് ഒഴിവാക്കേണ്ടതിന്റെ ആവശ്യകത അവർ തിരിച്ചറിയുകയും ചെയ്തു. ഈ ഘടകം 1977-ലെ തെരഞ്ഞെടുപ്പിൽ ഒരു പ്രധാന പങ്കുവഹിക്കുയുണ്ടായി.

പരോക്ഷമായ രീതിയിൽ പിന്നാക്കജാതിക്കാരുടെ ക്ഷേമം സംബന്ധിച്ച പ്രശ്നവും 1977 മുതലുള്ള തെരഞ്ഞെടുപ്പിൽ ആധിപത്യം പുലർത്താൻ തുടങ്ങി. നാം മുകളിൽ കണ്ടതുപോലെ, വടക്കേന്ത്യയിലെ പിന്നാക്കജാതിക്കാരുടെ ഇടയിലുണ്ടായ മാറ്റം ഭാഗികമായെങ്കിലും 1977-ലെ തെരഞ്ഞെടുപ്പ് ഫലത്തെ നിർണയിക്കുകയുണ്ടായി. 1977-ലെ ലോക്സഭാ തിരഞ്ഞെടുപ്പിനുശേഷം, പല സംസ്ഥാനങ്ങളിലും നിയമസഭാ തെരഞ്ഞെടുപ്പുകൾ നടന്നു. വടക്കേന്ത്യൻ സംസ്ഥാനങ്ങളും കോൺഗ്രസിതര ഗവൺമെന്റുകളെ തെരഞ്ഞെടുക്കുകയും അതിൽ പിന്നാക്കജാതി നേതാക്കന്മാർ പ്രധാന പങ്ക് വഹിക്കുകയും ചെയ്തു. മറ്റു പിന്നോക്കവിഭാഗങ്ങളുടെ സംവരണപ്രശ്നങ്ങൾ ബീഹാറിൽ വലിയ വിവാ



**ജഗ്ജീവൻ റാം (1902-1987)**: ബീഹാറിൽ നിന്നുള്ള സ്വാതന്ത്ര്യസമരസേനാനിയും കോൺഗ്രസ് നേതാവും; ഇന്ത്യയുടെ ഉപ പ്രധാനമന്ത്രി (1977-79); ഭരണഘടന നിർമാണസഭയിലെ അംഗം; 1952 മുതൽ മരണം വരെ പാർലമെന്റംഗം; ആദ്യ മന്ത്രി സഭയിലെ തൊഴിൽമന്ത്രി; 1952 മുതൽ 1977 വരെയുള്ള വിവിധ മന്ത്രിസഭകളിൽ അംഗം; പണ്ഡിതനും വിവേകശാലിയുമായ ഭരണാധികാരി.




Credit: India Today




Credit: R. K. Laxman in the Times of India

1980-ലെ തെരഞ്ഞെടുപ്പുഫലത്തിനുശേഷം ഈ കാർട്ടൂൺ പ്രത്യക്ഷപ്പെട്ടു

ദമാകുകയും തുടർന്ന് കേന്ദ്രത്തിലെ ജനതാപാർട്ടി ഗവൺമെന്റ് മണ്ഡൽ കമ്മീഷനെ നിയമിക്കുകയും ചെയ്തു. ഇതിനെക്കുറിച്ചും പിന്നാക്കജാതിക്കാരുടെ രാഷ്ട്രീയത്തിന്റെ പങ്കിനെക്കുറിച്ചും അവസാന അധ്യായത്തിൽ നിങ്ങൾക്ക് കൂടുതലായി വായിക്കാൻ കഴിയും. അടിയന്തരാവസ്ഥയ്ക്ക് ശേഷമുള്ള തെരഞ്ഞെടുപ്പ് പാർട്ടിവ്യവസ്ഥയിലെ ഈ മാറ്റങ്ങൾക്ക് ആക്കം വർധിപ്പിച്ചു.

അടിയന്തരാവസ്ഥയും അതിനോടനുബന്ധിച്ചുള്ള കാലഘട്ടത്തെയും ഭരണഘടനാപ്രതിസന്ധിയുടെ കാലഘട്ടം എന്നു വിളിക്കാം, എന്തുകൊണ്ടെന്നാൽ അധികാരപരിധിയെ സംബന്ധിച്ച് പാർലമെന്റും കോടതിയും തമ്മിലുള്ള ഭരണഘടനാ പോരാട്ടത്തിൽ നിന്നാണത് ആരംഭിച്ചത്. മറ്റൊരുതരത്തിൽ ഇത് രാഷ്ട്രീയ പ്രതിസന്ധിയുടെ ഒരു കാലഘട്ടം കൂടിയായിരുന്നു. അധികാരത്തിലിരുന്ന പാർട്ടിക്ക് കേവലഭൂരിപക്ഷം ഉണ്ടായിരുന്നു, എന്നിട്ടും അതിന്റെ നേതൃത്വം ജനാധിപത്യപ്രക്രിയയെ മരവിപ്പിക്കാൻ തീരുമാനിച്ചു. ഇന്ത്യൻ ഭരണഘടനയുടെ നിർമാതാക്കൾ വിശ്വസിച്ചിരുന്നത് എല്ലാ രാഷ്ട്രീയ പാർട്ടികളും

അടിസ്ഥാനപരമായി ജനാധിപത്യ തത്ത്വങ്ങൾ അനുസരിക്കും എന്നായിരുന്നു. അടിയന്തരാവസ്ഥ കാലത്തു പോലും, ഗവൺമെന്റ് അസാധാരണ മായ അധികാരങ്ങൾ ഉപയോഗിക്കുമ്പോൾ, അതിന്റെ ഉപയോഗം നിയമവാഴ്ചയുടെ മാനദ ണ്ഡങ്ങൾക്കുള്ളിൽ നിന്നു കൊണ്ടായിരിക്കണം. ഈ പ്രതീക്ഷയാണ് അടിയന്തരാവസ്ഥ സമയത്തു ഗവൺമെന്റിനു വിശാലവും തുറന്നതുമായ അധി കാരങ്ങൾ നൽകുന്നതിലേയ്ക്ക് നയിച്ചത്. അടി യന്തരാവസ്ഥകാലത്ത് ഈ വ്യവസ്ഥകൾ ദുരുപ യോഗം ചെയ്യപ്പെട്ടു. ഈ രാഷ്ട്രീയ പ്രതിസന്ധി ഭരണഘടനാ പ്രതിസന്ധിയേക്കാൾ ഗൗരവം ഉള്ള തായിരുന്നു.

പാർലമെന്ററി ജനാധിപത്യത്തിൽ ജനകീയ പ്രതിഷേധങ്ങളുടെ വ്യാപ്തിയെയും പങ്കിനെയും കുറിച്ചുള്ളതാണ് ഈ കാലയളവിൽ ഉയർന്നു വന്ന മറ്റൊരു ഗൗരവമായ പ്രശ്നം. സ്ഥാപന അടി സ്ഥാനത്തിലുള്ള ജനാധിപത്യവും നൈസർഗിക മായ ജനകീയ പങ്കാളിത്തവും തമ്മിലുള്ള വ്യക്ത മായ സംഘർഷം അവിടെയുണ്ടായിരുന്നു. ജന ങ്ങളുടെ അഭിലാഷങ്ങളെ ഉൾക്കൊള്ളാൻ പാർട്ടിവ്യവസ്ഥയ്ക്ക് കഴിയാതെ പോയതാണ് ഈ സംഘർഷത്തിനു കാരണം. തുടർന്നു വരുന്ന രണ്ടു അധ്യായങ്ങളിൽ ഈ സംഘർഷത്തിന്റെ പ്രകടനമാണ് നമ്മൾ പഠിക്കാൻ പോകുന്നത്, പ്രത്യേകിച്ച് ജനകീയ പ്രസ്ഥാനങ്ങളും പ്രാദേശിക സ്വത്വത്തെ പറ്റിയുള്ള സംവാദവും.

**നമുക്കൊരു സിനിമ കാണാം**

**ഹസാരോ ഖ്വാസിഷേൻ ഐസി**




സിദ്ധാർഥ്, വിക്രം, ഗീത എന്നിവർ ഊർജസ്വലരും സാമൂഹ്യ ഇടപെടലു കൾ നടത്തുന്ന വിദ്യാർഥികളുമാണ്. ഡൽഹിയിൽനിന്നും ബിരുദം നേടിയ ശേഷം, അവർ വ്യത്യസ്തമായ വഴികൾ സ്വീകരിക്കുന്നു. സാമൂഹ്യമാറ്റത്തിനു വേണ്ടി വിപ്ലവപ്രത്യയശാസ്ത്രത്തെ സിദ്ധാർഥ് ശക്തമായി പിന്തുണയ്ക്കു ന്നു. അതേസമയം എന്തു വിലകൊ ടുത്തും ജീവിതത്തിൽ വിജയം നേടേ ണ്ടതിനെയാണ് വിക്രം അനുകൂലിക്കു ന്നത്. അവരുടെ ലക്ഷ്യത്തിലേക്കുള്ള യാത്രകളെയും നിരാശകളെയുമാണ് സിനിമ ചിത്രീകരിച്ചിരിക്കുന്നത്.

1970-കളുടെ പശ്ചാത്തലത്തിലാണ് ഈ സിനിമയെടുത്തിട്ടുള്ളത്. ഇതിലുള്ള കഥാപാത്രങ്ങൾ ആ കാലഘട്ടത്തിലെ പ്രതീക്ഷകളുടെയും ആദർശങ്ങളുടെ യും ഉൽപ്പന്നങ്ങളാണ്. ഒരു വിപ്ലവം നട ത്തുക എന്ന സിദ്ധാർഥിന്റെ ആഗ്രഹം സഫലമായില്ല, പക്ഷേ പാവപ്പെട്ടവരുടെ അവസ്ഥയിൽ ഇടപെട്ട് അവരുടെ ഉന്ന മനത്തിനുവേണ്ടി പ്രവർത്തിക്കുന്നത് വിപ്ലവത്തേക്കാൾ മൂല്യവത്താണെന്ന് അയാൾ കണ്ടെത്തുന്നു. മറുവശത്ത്, വിക്രം ഒരു തനി രാഷ്ട്രീയക്കാരനാണ്, പക്ഷേ അയാളുടെ മുന്നോട്ടുള്ള പോക്ക് അത്ര സുഖകരമായിരുന്നില്ല.

വർഷം: 2005
സംവിധാനം: സുധീർ മിശ്ര
തിരക്കഥ: സുധീർ മിശ്ര, രുചിനരൈൻ, ശിവകുമാർ സുബ്രമണ്യൻ
അഭിനേതാക്കൾ: കെ.കെ. മേനോൻ, ഷിനേ അഹൂജ, ചിത്രാംഗന്ദ സിംഗ്

# അഭ്യാസം

1. അടിയന്തിരാവസ്ഥയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്നെഴുതുക.

   a) 1975-ൽ ഇന്ദിരാഗാന്ധിയാണ് ഇത് പ്രഖ്യാപിച്ചത്.

   b) ഇത് മൗലികാവകാശങ്ങളുടെ താൽകാലിക മരവിപ്പിലേക്ക് നയിച്ചു.

   c) സാമ്പത്തികസ്ഥിതി വഷളായതിനാലാണ് ഇത് പ്രഖ്യാപിക്കപ്പെട്ടത്.

   d) അടിയന്തരാവസ്ഥകാലത്ത് നിരവധി പ്രതിപക്ഷ നേതാക്കൾ അറസ്റ്റു ചെയ്യപ്പെട്ടു

   e) സി.പി.ഐ. അടിയന്തരാവസ്ഥാപ്രഖ്യാപനത്തെ പിന്തുണച്ചു.

2. അടിയന്തരാവസ്ഥ പ്രഖ്യാപനവുമായി ബന്ധമില്ലാത്തവ കണ്ടെത്തുക.

   a) സമ്പൂർണവിപ്ളവത്തിനുള്ള ആഹ്വാനം

   b) 1974-ലെ റെയിൽവെ സമരം

   c) നക്സലൈറ്റ് പ്രസ്ഥാനം

   d) അലഹാബാദ് ഹൈക്കോടതി വിധി

   e) ഷാ കമ്മീഷൻ റിപ്പോർട്ടിലെ കണ്ടെത്തലുകൾ

3. ചേരുംപടി ചേർക്കുക

| | |
|---|---|
| (a) സമ്പൂർണവിപ്ലവം | i. ഇന്ദിരാഗാന്ധി |
| (b) ഗരീബി ഹഠാവോ | ii. ജയപ്രകാശ് നാരായണൻ |
| (c) വിദ്യാർഥിപ്രക്ഷോഭം | iii. ബീഹാർ പ്രസ്ഥാനം |
| (d) റെയിൽവേസമരം | iv. ജോർജ് ഫെർണാണ്ടസ് |

4. 1980-ൽ ഇടക്കാല തെരഞ്ഞെടുപ്പിലേക്ക് നയിച്ച കാരണങ്ങൾ എന്തെല്ലാം?

5. 1977-ലെ ജനതാപാർട്ടി ഗവൺമെന്റ് ഷാ കമ്മീഷനെ നിയമിച്ചു. എന്തിനാണ് ഈ കമ്മീഷനെ നിയമിച്ചത്? എന്തൊക്കെയായിരുന്നു ഇതിന്റെ കണ്ടെത്തലുകൾ?

6. 1975-ലെ അടിയന്തരാവസ്ഥ പ്രഖ്യാനത്തിന് ഗവൺമെന്റ് നൽകിയ കാരണങ്ങൾ എന്തൊക്കെയായിരുന്നു?

7. രാജ്യത്ത് ആദ്യമായി പ്രതിപക്ഷം കേന്ദ്രത്തിൽ അധികാരത്തിൽ വരുന്നത് 1977-ലെ തെരഞ്ഞെടുപ്പിൽ കണ്ടു. ഈ സംഭവവികാസത്തിന്റെ കാരണങ്ങളായി നിങ്ങൾ പരിഗണിക്കുന്നവ എന്തെല്ലാമാണ്?

8. നമ്മുടെ രാഷ്ട്രീയവ്യവസ്ഥയുടെ താഴെ പറയുന്ന മേഖലകളിൽ അടിയന്തിരാവസ്ഥ എങ്ങനെ ബാധിച്ചുവെന്ന് ചർച്ചചെയ്യുക.

   - പൗരസ്വാതന്ത്ര്യത്തിനുമേൽ അടിയന്തിരാവസ്ഥ എങ്ങനെ ബാധിച്ചു.
   - കാര്യനിർവഹണ, നീതിന്യായവിഭാഗങ്ങൾ തമ്മിലുള്ള ബന്ധത്തെ എങ്ങനെ ബാധിച്ചു.
   - മാധ്യമപ്രവർത്തനം.
   - പോലീസിന്റെയും ഉദ്യോഗസ്ഥവൃന്ദത്തിന്റെയും പ്രവർത്തനം.

9. ഇന്ത്യയിൽ കക്ഷിസമ്പ്രദായത്തെ അടിയന്തരാവസ്ഥ ഏതെല്ലാം രീതിയിലാണ് ബാധിച്ചത്? ഉദാഹരണങ്ങളിലൂടെ നിങ്ങളുടെ ഉത്തരം വിശദമാക്കുക.

10. ഖണ്ഡിക വായിച്ച് താഴെതന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

*...1977-ലെ തെരഞ്ഞെടുപ്പുകാലത്തെപ്പോലെ, ദ്വികക്ഷി സമ്പ്രദായവുമായി ഇന്ത്യൻ ജനാധിപത്യത്തിന് മുമ്പെങ്ങും അത്രയ്ക്ക് ബന്ധമുണ്ടായിരന്നില്ല. എന്നാൽ ഇതിനെ തുർന്നുള്ള വർഷങ്ങൾ ഒരു വലിയ മാറ്റം കണ്ടു. പരാജയത്തിനുശേഷം കോൺഗ്രസ് രണ്ടു ഗ്രൂപ്പുകളായി പിളർന്നു. ജനതാപാർട്ടിയും വലിയ അസ്വസ്ഥകളിലൂടെ കടന്നുപോയി* – ഡേവിഡ് ബട്‌ലർ, അശോക് ലാഹിരി, പ്രണോയ് റോയ്. **– പാർത്ഥ ചാറ്റർജി**

a) 1977-ലെ ഇന്ത്യയിലെ കക്ഷിവ്യവസ്ഥയെ ദ്വികക്ഷിസമ്പ്രദായമായി പരിഗണിക്കുവാനുള്ള കാരണമെന്തായിരുന്നു?

b) 1977-ൽ രണ്ടിൽ കൂടുതൽ പാർട്ടികൾ നിലവിലുണ്ടായിരുന്നു. പിന്നെ എന്തിനാണ് ഗ്രന്ഥകാരന്മാർ ഈ കാലഘട്ടത്തെ ദ്വികക്ഷി സമ്പ്രദായത്തോട് അടുത്തുനിൽക്കുന്നതെന്ന് വിശേഷിപ്പിക്കുന്നത്?

c) കോൺഗ്രസിലും ജനതാപാർട്ടിയിലുമുണ്ടായ പിളർപ്പുകൾക്ക് കാരണമെന്ത്?



Credit: Bhawan Singh

### ഈ അധ്യായത്തിൽ...

സ്വാതന്ത്ര്യം നേടി മൂന്ന് പതിറ്റാണ്ടുകൾ പിന്നിട്ടപ്പോൾ ജനങ്ങൾ അക്ഷമരാകാൻ തുടങ്ങി. അവരുടെ ഈ അക്ഷമ പലരൂപത്തിലും പ്രകടിപ്പിക്കപ്പെട്ടു. മുൻ അധ്യായത്തിൽ, തെരഞ്ഞെടുപ്പ് കോളിളക്കങ്ങളുടെയും രാഷ്ട്രീയ പ്രതിസന്ധികളുടെയും ചരിത്രത്തിലൂടെ നാം കടന്നുപോയി. എന്നാൽ ജനങ്ങളുടെ അസംതൃപ്തിയുടെ ഒരേയൊരു രൂപമായിരുന്നില്ല ഇത്. 1970-കളിൽ, ഇന്ത്യയിലെ വ്യത്യസ്ത സാമൂഹികവിഭാഗങ്ങളായ സ്ത്രീകൾ, വിദ്യാർഥികൾ, ദളിതർ, കൃഷിക്കാർ എന്നിവർ ജനാധിപത്യ രാഷ്ട്രീയം തങ്ങളുടെ ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും പരിഗണിക്കുന്നില്ലെന്ന് ചിന്തിച്ചു തുടങ്ങി. അതിനാൽ അവരുടെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിനായി വിവിധ സാമൂഹിക സംഘടനകൾക്ക് കീഴിൽ അവർ ഒരുമിച്ച് ചേർന്നു. ഇത്തരം വാദങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ ജനകീയപ്രസ്ഥാനങ്ങളുടെ അല്ലെങ്കിൽ പുതിയ സാമൂഹികപ്രസ്ഥാനങ്ങളുടെ ഉദയം കുറിച്ചു.

താഴെ പറഞ്ഞിരിക്കുന്ന വസ്തുതകൾ മനസ്സിലാക്കുന്നതിലേക്കായി, 1970 കൾക്കുശേഷം ഉയർന്നുവന്ന ചില ജനകീയപ്രസ്ഥാനങ്ങളുടെ പ്രയാണമാണ് ഈ അധ്യായത്തിൽ നാം പിന്തുടരുന്നത്.

- ജനകീയപ്രസ്ഥാനങ്ങൾ എന്നാൽ എന്ത്?
- ഇന്ത്യൻ സമൂഹത്തിലെ ഏതെല്ലാം ജനവിഭാഗങ്ങളെയാണ് ഇവർ സംഘടിപ്പിച്ചത്?
- ഈ പ്രസ്ഥാനങ്ങളുടെ പ്രധാന അജണ്ട എന്തായിരുന്നു?
- നമ്മുടേതുപോലുള്ള ജനാധിപത്യ സംവിധാനത്തിൽ ഇവർ വഹിക്കുന്ന പങ്കെന്ത്?

രാജ്യത്തെ ആദ്യത്തെ പാരിസ്ഥിതിക പ്രസ്ഥാനങ്ങളിൽ ഒന്നായി അറിയപ്പെട്ട ചിപ്കോ പ്രസ്ഥാനത്തിന്റെ നേതാക്കന്മാരുടെയും അതിൽ പങ്കെടുത്തവരുടെയും ചിത്രങ്ങളാണ് ഈ പേജിലും അടുത്ത പേജിലും നൽകിയിരിക്കുന്നത്.

അധ്യായം 7

# ജനകീയ പ്രസ്ഥാനങ്ങളുടെ ആവിർഭാവം (RISE OF POPULAR MOVEMENTS)

## ജനകീയ പ്രസ്ഥാനങ്ങളുടെ സ്വഭാവം (Nature of Popular Movements)

ഈ അധ്യായത്തിന്റെ തുടക്കത്തിൽ നൽകിയിരിക്കുന്ന ചിത്രം നോക്കുക. നിങ്ങൾ എന്താണ് കാണുന്നത്? അക്ഷരാർത്ഥത്തിൽ ഗ്രാമവാസികൾ മരങ്ങളെ ആലിംഗനം ചെയ്യുന്നു. അവർ എന്തെങ്കിലും കളികളിൽ ഏർപ്പെട്ടിരിക്കുകയാണോ? അതോ എതെങ്കിലും ആചാരങ്ങളിലോ ഉത്സവങ്ങളിലോ പങ്കെടുക്കുകയാണോ? തീർച്ചയായും അല്ല. 1973 ന്റെ ആരംഭത്തിൽ, ഇപ്പോൾ ഉത്തരാഖണ്ഡ് എന്നറിയപ്പെടുന്ന സംസ്ഥാനത്തിലെ ഒരു ഗ്രാമത്തിലെ സ്ത്രീകളും പുരുഷന്മാരും നടത്തിയ അസാധാരണ രൂപത്തിലുള്ള ഒരു സംഘടിത പ്രവർത്തനത്തിന്റെ ചിത്രീകരണമാണിത്. ഗവൺമെന്റ് അനുമതിയോടെ വാണിജ്യാവശ്യങ്ങൾക്കായി മരം മുറിക്കുന്നതിനെതിരെ ആയിരുന്നു ഈ ഗ്രാമവാസികൾ പ്രതിഷേധിച്ചുകൊണ്ടിരിക്കുന്നത്. ഒരു പുതുമയുള്ള മാർഗം പ്രതിഷേധത്തിനായി അവർ ഉപയോഗിച്ചു. മരങ്ങൾ മുറിക്കുന്നത് തടയുവാൻ അവർ മരങ്ങളെ ആലിംഗനം ചെയ്തുനിന്നു. നമ്മുടെ രാജ്യത്ത് ഉയർന്നുവന്ന ചിപ്കോ പ്രസ്ഥാനം എന്ന ലോകപ്രസിദ്ധമായ ഒരു പരിസ്ഥിതി പ്രസ്ഥാനത്തിന്റെ ഉദയം കുറിക്കുന്നതായിരുന്നു ഈ പ്രതിഷേധ സംഭവം.

### ചിപ്കോ പ്രസ്ഥാനം (Chipko Movement)

കാർഷികോപകരണങ്ങൾ നിർമിക്കുന്നതിലേക്കായി ആഷ് മരങ്ങൾ മുറിക്കുന്നതിനുള്ള അനുവാദം ഗ്രാമീണർക്ക് വനം വകുപ്പ് നിഷേധിച്ചപ്പോൾ, ഉത്തരാഖണ്ഡിലെ രണ്ടോ മൂന്നോ ഗ്രാമങ്ങളിലാണ് ഈ പ്രസ്ഥാനം ആരംഭിച്ചത്. അതേ സമയം, സ്പോർട്സ് ഉപകരണങ്ങൾ നിർമിക്കുന്ന ഒരു കമ്പനിക്ക് ഇതേ പ്രദേശം വാണിജ്യ ഉപയോഗത്തിനായി വനംവകുപ്പ് നല്കി. ഇത് ഗ്രാമീണരെ പ്രകോപിതരാക്കുകയും ഗവൺമെന്റിന്റെ ഈ നീക്കത്തിനെതിരെ അവർ പ്രതിഷേധിക്കുകയും ചെയ്തു. ഈ പ്രക്ഷോഭം ഉത്തരാഖണ്ഡിന്റെ വിവിധ ഭാഗങ്ങളിലേക്ക് വേഗത്തിൽ വ്യാപിച്ചു. ഈ പ്രദേശത്തെ പാരിസ്ഥിതിക, സാമ്പത്തിക ചൂഷണങ്ങളുമായി ബന്ധപ്പെട്ട ഗൗരവതരമായ വിഷയങ്ങൾ ഉന്നയിക്കപ്പെട്ടു. പുറമെ നിന്നുള്ളവർക്ക് വനത്തെ ചൂഷണം ചെയ്യുവാനുള്ള കരാറുകൾ നല്കരുതെന്നും, തദ്ദേശീയ ജനതയ്ക്ക് പ്രകൃതി വിഭവങ്ങളായ ഭൂമി, ജലം, വനം തുടങ്ങിയവയുടെമേൽ പൂർണ നിയന്ത്രണാധികാരമുണ്ടായിരിക്കണമെന്നും ഗ്രാമീണർ ആവശ്യപ്പെട്ടു. ഗവൺമെന്റ് ചെറുകിടവ്യവസായങ്ങൾക്ക് ചെലവുകുറഞ്ഞ നിരക്കിൽ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കണമെന്നും പാരിസ്ഥിതിക സന്തുലിതാവസ്ഥയെ തകിടം മറിക്കാതെ ഈ മേഖലയുടെ വികസനം ഉറപ്പുവരുത്തണമെന്നും ഇവർ ആവശ്യപ്പെട്ടു. വനങ്ങളിൽ പണിയെടുക്കുന്ന ഭൂരഹിതരുടെ സാമ്പത്തിക പ്രശ്നങ്ങൾ ഈ പ്രസ്ഥാനം ഏറ്റെടുക്കുകയും ഇവർക്ക് നിശ്ചിത വേതനം ഉറപ്പുവരുത്തുവാൻ ഗവൺമെന്റിനോടാവശ്യപ്പെടുകയും ചെയ്തു.







ഉത്തരാഖണ്ഡിലെ ചമോലിയിലെ ആദ്യകാല ചിപ്കോ പ്രസ്ഥാനത്തിന്റെ രണ്ട് ചരിത്ര ചിത്രങ്ങൾ

ചിപ്കോ പ്രക്ഷോഭത്തിലെ ഏറ്റവും പുതുമയുള്ള വശം സ്ത്രീകളുടെ സജീവ പങ്കാളിത്തമായിരുന്നു. ഈ പ്രദേശത്തെ വനം കരാറുകാർ തന്നെയായിരുന്നു അവിടുത്തെ പുരുഷന്മാർക്കുവേണ്ട മദ്യം നൽകിയിരുന്നവർ. സ്ത്രീകൾ പുരുഷന്മാരുടെ മദ്യപാനശീലത്തിനെതിരെ നിരന്തരമായ പ്രക്ഷോഭം നടത്തുകയും മറ്റ് സാമൂഹികപ്രശ്നങ്ങൾ ഉൾക്കൊള്ളിക്കുന്നതിനായി പ്രസ്ഥാനത്തിന്റെ അജണ്ട വിപുലീകരിക്കുകയും ചെയ്തു. ഹിമാലയൻ പ്രദേശത്ത് പൂർണമായും പച്ചപ്പ് പുനസ്ഥാപിക്കും വരെ പതിനഞ്ച് വർഷത്തേയ്ക്ക് മരങ്ങൾ വെട്ടിമാറ്റുന്നതിന് സർക്കാർ നിരോധനമേർപ്പെടുത്തിയപ്പോൾ ഈ പ്രസ്ഥാനം വിജയം നേടി. അതിലുപരിയായി, ഒരു പ്രശ്നത്തിന്റെ പേരിൽമാത്രം ആരംഭിച്ച ചിപ്കോ പ്രസ്ഥാനം 1970-കളിലും അതിനുശേഷവും രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ഉയർന്നുവന്ന ധാരാളം ജനകീയപ്രസ്ഥാനങ്ങളുടെ ഒരു പ്രതീകമായി മാറുകയുണ്ടായി. ഇത്തരത്തിലുള്ള ചില പ്രസ്ഥാനങ്ങളെക്കുറിച്ച് നമുക്ക് ഈ അധ്യായത്തിൽ പഠിക്കാം.

## പാർട്ടി അധിഷ്ഠിത പ്രസ്ഥാനങ്ങൾ (Party Based Movements)

ജനകീയപ്രസ്ഥാനങ്ങൾ സാമൂഹികപ്രസ്ഥാനങ്ങളുടെയോ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയോ രൂപം പ്രാപിച്ചേക്കാം. മിക്കപ്പോഴും ഇവ രണ്ടിനുമിടയിൽ ഇത്തരത്തിലുള്ള രൂപമാറ്റം സാധാരണമാണ്. ഉദാഹരണത്തിന്, ദേശീയപ്രസ്ഥാനം മുഖ്യമായും ഒരു രാഷ്ട്രീയപ്രസ്ഥാനമായിരുന്നു. എന്നാൽ, കോളനിവൽക്കരണ കാലഘട്ടത്തിലെ സാമ്പത്തിക-സമൂഹികപ്രശ്നങ്ങളിന്മേൽ നടന്ന ചർച്ചകളാണ് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജാതിവിരുദ്ധ പ്രസ്ഥാനം, കിസാൻ സഭ, ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ തുടങ്ങിയ സ്വതന്ത്ര സാമൂഹികപ്രസ്ഥാനങ്ങളുടെ ഉദയത്തിന് കാരണമായതെന്നും നമുക്കറിയാം. സാമൂഹിക സംഘർഷങ്ങളുമായി ബന്ധപ്പെട്ടുണ്ടായ ചില പ്രധാന വിഷയങ്ങളാണ് ഈ പ്രസ്ഥാനങ്ങളെല്ലാം ഉന്നയിച്ചത്.

ഈ പ്രസ്ഥാനങ്ങളിൽ ചിലത് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലും തുടർന്നു. മുംബെ, കൊൽക്കത്ത, കാൺപൂർ തുടങ്ങിയ പ്രധാനപ്പെട്ട പട്ടണങ്ങളിലെല്ലാമുള്ള വ്യാവസായിക തൊഴിലാളികളുടെയിടയിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ ശക്തമായ സാന്നിധ്യമുണ്ടായിരുന്നു. തൊഴിലാളി വിഭാഗങ്ങളെ സംഘടിപ്പിക്കുന്നതിലേക്കായി പ്രധാന രാഷ്ട്രീയപാർട്ടികളെല്ലാം അവരുടെ സ്വന്തം ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ സ്ഥാപിച്ചു. സ്വാതന്ത്ര്യം നേടി ആദ്യ കാലഘട്ടങ്ങളിൽ ഭൂമി കൃഷിക്കാർക്ക് പുനർവിതരണം നടത്തണമെന്ന് ആവശ്യമുയർത്തി കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ നേതൃത്വത്തിൽ ആന്ധ്രാപ്രദേശിലെ തെലുങ്കാന മേഖലയിലെ കർഷകർ ജനകീയപ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു. നക്സലൈറ്റുകൾ എന്നറിയപ്പെട്ടിരുന്ന മാർക്സിസ്റ്റ് - ലെനിനിസ്റ്റ് പ്രവർത്തകരുടെ നേതൃത്വത്തിൻ കീഴിൽ ആന്ധ്രാപ്രദേശ്, പശ്ചിമബംഗാൾ, ബീഹാർ, ഇവയുമായി ബന്ധപ്പെട്ടു കിടക്കുന്ന സമീപപ്രദേശങ്ങൾ എന്നിവിടങ്ങളിലെ കർഷകരും കർഷക തൊഴിലാളികളും പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചുകൊണ്ടിരുന്നു. (നക്സലൈറ്റ് പ്രസ്ഥാനങ്ങളെക്കുറിച്ച് കഴിഞ്ഞ അധ്യായത്തിൽ നിങ്ങൾ വായിച്ചിട്ടുണ്ട്.) സാമ്പത്തിക അനീതി, അസമത്വം തുടങ്ങിയ വിഷയങ്ങളിന്മേലാണ് കർഷകരുടെയും തൊഴിലാളികളുടെയും പ്രസ്ഥാനങ്ങൾ പ്രധാനമായും ശ്രദ്ധകേന്ദ്രീകരിച്ചിരുന്നത്.




ഈ പ്രസ്ഥാനങ്ങളൊന്നും ഔപചാരികമായി തെരെഞ്ഞെടുപ്പുകളിൽ പങ്കെടുത്തിരുന്നില്ല. എന്നാൽ വ്യക്തികളായും സംഘടനകളായും ഈ പ്രസ്ഥാനങ്ങളിൽ പങ്കെടുത്ത ധാരാളംപേർ രാഷ്ട്രീയപാർട്ടികളുമായി സജീവമായി സഹകരിച്ചുനിന്നതുകൊണ്ട് ഈ പ്രസ്ഥാനങ്ങൾ രാഷ്ട്രീയ പാർട്ടികളുമായുള്ള ബന്ധം നിലനിർത്തി. ഇത്തരം ബന്ധങ്ങൾ വിവിധ സാമൂഹിക വിഭാഗങ്ങളുടെ ആവശ്യങ്ങൾക്ക് പാർട്ടി രാഷ്ട്രീയത്തിലെ പ്രാതിനിധ്യം ഉറപ്പാക്കുവാൻ ഇടയാക്കി.

## പാർട്ടി ഇതര പ്രസ്ഥാനങ്ങൾ (Non-party Movements)

1970-കളിലും 1980-കളിലും സമൂഹത്തിലെ പല വിഭാഗങ്ങളും രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനങ്ങളിൽ നിരാശരായി തീർന്നു. ജനതാ പരീക്ഷണത്തിന്റെ പരാജയവും തൽഫലമായി ഉടലെടുത്ത രാഷ്ട്രീയ അസ്ഥിരതയുമായിരുന്നു ഇതിന്റെ പെട്ടെന്നുള്ള കാരണം. എന്നാൽ ദീർഘകാല അടിസ്ഥാനത്തിൽ നോക്കിയാൽ രാഷ്ട്രത്തിന്റെ സാമ്പത്തിക നയങ്ങളിൻമേലും ജനങ്ങൾ നിരാശരായിരുന്നു. വളർച്ച, പുനർവിതരണം എന്നീ ഇരട്ട ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു സ്വാതന്ത്ര്യത്തിനുശേഷം നാം അനുവർത്തിച്ച ആസൂത്രിത വികസനമാതൃക. നിങ്ങൾ മൂന്നാം അധ്യായത്തിൽ ഇതിനെക്കുറിച്ച് വായിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷമുള്ള ആദ്യ ഇരുപത് വർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയുടെ പല മേഖലകളിലും ശ്രദ്ധേയമായ വളർച്ച ഉണ്ടായിരുന്നിട്ടും ദാരിദ്ര്യവും അസമത്വങ്ങളും വളരെ ഉയർന്ന തോതിൽ നിലനിന്നിരുന്നു. സാമ്പത്തികവളർച്ചയുടെ നേട്ടങ്ങൾ എല്ലാ വിഭാഗങ്ങൾക്കിടയിലും സമമായി എത്തിയില്ല. ജാതി, ലിംഗഭേദം തുടങ്ങി അന്ന് നിലനിന്നിരുന്ന സാമൂഹിക അസമത്വങ്ങൾ ദാരിദ്ര്യമെന്ന വിഷയത്തെ പലവിധത്തിൽ വർധിപ്പിക്കുകയും സങ്കീർണമാക്കുകയും ചെയ്തു. നഗര വ്യവസായമേഖലയും ഗ്രാമീണ കാർഷികമേഖലയും തമ്മിൽ വലിയൊരു അന്തരം അവിടെ നിലനിന്നിരുന്നു. നീതി നിഷേധത്തിന്റെയും അവഗണനയുടേയും ഒരു ബോധം വിവിധ  വിഭാഗങ്ങൾക്കിടയിൽ വളർന്നു.

രാഷ്ട്രീയപരമായി സജീവമായിരുന്ന പല വിഭാഗങ്ങൾക്കും നിലനിൽക്കുന്ന ജനാധിപത്യസ്ഥാപനങ്ങളിലും തെരെഞ്ഞെടുപ്പ് രാഷ്ട്രീയത്തിലുമുള്ള വിശ്വാസം നഷ്ടപ്പെട്ടു. അതിനാൽ അവർ പാർട്ടി രാഷ്ട്രീയത്തിൽ നിന്ന് പുറത്തുകടക്കുവാൻ തീരുമാനിക്കുകയും അവരുടെ പ്രതിഷേധങ്ങളെ പ്രകടിപ്പിക്കുന്നതിനുവേണ്ടി ബഹുജനങ്ങളെ സംഘടിപ്പിക്കുന്നതിൽ ഏർപ്പെടുകയും ചെയ്തു. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളായ ദളിതരെയും ആദിവാസികളെയും സംഘടിപ്പിക്കുന്നതിന്റെ മുൻനിരയിൽ സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളിൽനിന്നുള്ള വിദ്യാർഥികളും യുവ രാഷ്ട്രീയ പ്രവർത്തകരും അണിനിരന്നു. മധ്യവർഗ യുവപ്രവർത്തകർ ഗ്രാമീണ ദരിദ്രർക്കായി സർവീസ് സംഘടനകളും ക്രിയാത്മകമായ പരിപാടികളും ആരംഭിച്ചു. ഇവരുടെ സാമൂഹിക പ്രവർത്തനങ്ങൾക്ക് സന്നദ്ധ സ്വഭാവമുണ്ടാകയാൽ ഈ സംഘടനകളിൽ പലതും സന്നദ്ധസംഘടനകൾ അഥവാ സന്നദ്ധവിഭാഗ സംഘടനകൾ എന്നറിയപ്പെട്ടു.

ഈ സന്നദ്ധസംഘടനകൾ പാർട്ടി രാഷ്ട്രീയത്തിന് പുറത്ത് നിൽക്കുവാൻ തീരുമാനിച്ചു. അവർ പ്രാദേശിക തലത്തിലോ മേഖലാ തലത്തിലോ തെരെഞ്ഞെടുപ്പുകളിൽ മത്സരിക്കുകയോ  അല്ലെങ്കിൽ ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയെ പിന്തുണയ്ക്കുകയോ ചെയ്തില്ല. എന്നാൽ ഈ ഗ്രൂപ്പുകളിൽ ഭൂരിഭാഗവും രാഷ്ട്രീയത്തിൽ വിശ്വസിക്കുകയും രാഷ്ട്രീയ പാർട്ടികളിലൂടെയല്ലാതെ രാഷ്ട്രീയത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുകയും ചെയ്തു. അതിനാൽ ഈ സംഘടനകൾ "പാർട്ടി ഇതര രാഷ്ട്രീയരൂപങ്ങൾ" എന്ന് വിളിക്കപ്പെട്ടു. പ്രാദേശിക തലത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രാദേശിക പൗരസമിതികളുടെ നേരിട്ടുള്ളതും സജീവവുമായ പങ്കാളിത്തം രാഷ്ട്രീയ പാർട്ടികളുടെതിനേക്കാൾ ഫലപ്രദമായിരിക്കുമെന്ന് അവർ കരുതി. ജനങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തം ജനാധിപത്യ ഗവൺമെന്റിന്റെ സ്വഭാവത്തെതന്നെ പരിഷ്കരിക്കുമെന്നും ഇവർ ചിന്തിച്ചു.

ഇത്തരം സന്നദ്ധവിഭാഗ സംഘടനകൾ ഇപ്പോഴും അവരുടെ പ്രവർത്തനങ്ങൾ ഗ്രാമ, നഗര പ്രദേശങ്ങളിൽ തുടരുന്നു. എന്നിരുന്നാലും അവയുടെ സ്വഭാവത്തിൽ മാറ്റം വന്നിട്ടുണ്ട്. ഈ അടുത്തകാലത്ത്, അന്തർദേശീയ സേവന ഏജൻസികൾ ഉൾപ്പെടെയുള്ള വിദേശ ഏജൻസികളാണ് ഈ സംഘടനകളിൽ പലതിനും ധനസഹായം നൽകുന്നത്. ഈ സംഘടനകൾക്ക് വിദേശത്തുനിന്ന് വൻതോതിലുള്ള ധനസഹായം ലഭിക്കുന്നതിനാൽ പ്രാദേശികസംരംഭം എന്ന ആശയം ദുർബലമായി.



Credit: Design and People






ഈ പോസ്റ്ററുകൾപോലുള്ള കലാപരമായ സൃഷ്ടികളെ ജനകീയപ്രസ്ഥാനങ്ങൾ പ്രചോദിപ്പിച്ചു. ഒരു കൊക്കകോള നിർമ്മാണ ശാലയ്ക്കെതിരെയുള്ള പ്രചരണം, ഒരു ദേശീയ പാതയ്ക്കെതിരെയുള്ള പ്രക്ഷോഭം, പെരിയാർ നദി സംരക്ഷണപ്രസ്ഥാനം എന്നിവയുമായി ബന്ധപ്പെട്ടതാണ് ഈ മൂന്ന് പോസ്റ്ററുകൾ

**നാംദേവ് ദസാൽ**



സൂര്യനു നേരെ പിന്തിരിഞ്ഞ് അവർ നൂറ്റാണ്ടുകളായി യാത്രയിലാണ്.
ഇപ്പോൾ, ഇപ്പോൾ തന്നെ വിസമ്മതിക്കണം
അന്ധകാരത്തിന്റെ തീർത്ഥാടകരാകാൻ
അതിലൊരാൾ നമ്മുടെ പിതാവ്, ഇരുട്ടിന്റെ ഭാരം പേറി പേറി
നടുവ് കൂനിപോയിരിക്കുന്നു.
ഇപ്പോൾ, ഇപ്പോൾതന്നെ ഇറക്കിവയ്ക്കാം അയാളുടെ മുതുകിൽ നിന്നാഭാരം
നമ്മൾ ഈ മഹത്തായ നഗരത്തിനുവേണ്ടി ചോരചിന്തി
പകരം നമുക്ക് കിട്ടിയത്
വെറും കല്ലുകൾ തിന്നാനുള്ള അവകാശവും
ഇപ്പോൾ, ഇപ്പോൾതന്നെ ആകാശത്തെ ചുംബിച്ചു നിൽക്കുന്ന
ഈ പടുകൂറ്റൻ എടുപ്പുകളെ തച്ചുതകർക്കണം.
ഒരായിരം വർഷങ്ങൾക്കുശേഷം
സൂര്യകാന്തിപ്പൂക്കൾ നൽകുന്ന
ഫക്കീറിനാൽ നാം അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു
ഇപ്പോൾ, ഇപ്പോൾതന്നെ മുഖം സൂര്യനു നേരെ തിരിക്കണം
സൂര്യകാന്തി പൂക്കളെപ്പോലെ

*നാംദേവ് ദസാലിന്റെ ഗോൽപിത എന്ന മറാത്തി കവിതയുടെ ഒരു ഭാഗത്തിന്റെ മലയാളം പരിഭാഷ*

## ദളിത് പാന്തേഴ്സ് (Dalit Panthers)

നാംദേവ് ദസാൽ എന്ന വളരെ പ്രശസ്തനായ മറാത്തി കവിയുടെ ഈ കവിത വായിക്കുക. ഈ കവിതയിൽ പ്രതിപാദിച്ചിരിക്കുന്ന "അന്ധകാരത്തിന്റെ തീർത്ഥാടകർ" ആരാണെന്നും അവരെ അനുഗ്രഹിച്ച "സൂര്യകാന്തി പൂവ് നൽകുന്ന ഫക്കീർ" ആരാണെന്നും നിങ്ങൾക്കറിയുമോ? നമ്മുടെ സമൂഹത്തിൽ ദീർഘകാലമായി മൃഗീയമായ ജാതി അനീതികൾ സഹിച്ചുവരുന്ന ദളിത് സമുദായക്കാർ ഇതിലെ തീർത്ഥാടകരാണ്. ഡോ. അംബേദ്കറെ ഇവരുടെ വിമോചകനായി കവി സൂചിപ്പിക്കുന്നു. എഴുപതുകളിൽ, മഹാരാഷ്ട്രയിലെ ദളിത് കവികൾ ഇത്തരം നിരവധി കവിതകൾ എഴുതി. സ്വാതന്ത്ര്യംനേടി ഇരുപത് വർഷം കഴിഞ്ഞിട്ടും ദളിത് ജനത അനുഭവിച്ചുകൊണ്ടിരിക്കുന്ന വേദനയുടെ പ്രകടനമായിരുന്നു ഈ കവിതകൾ. പക്ഷേ, ദളിത് വിഭാഗങ്ങൾ തങ്ങൾക്കുവേണ്ടി തങ്ങൾ രൂപീകരിക്കുന്ന ഒരു ഭാവിയെക്കുറിച്ച് നിറയെ പ്രതീക്ഷകളുള്ളവരായിരുന്നു. സാമൂഹിക-സാമ്പത്തികസ്ഥിതി സംബന്ധിച്ച അംബേദ്കറുടെ ദർശനങ്ങളെക്കുറിച്ചും ഹിന്ദുമതത്തിലെ ജാതിയധിഷ്ഠിത സാമൂഹികഘടനയ്ക്ക് പുറത്ത് ദളിതരുടെ മാന്യമായ ഒരു ഭാവിയ്ക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ നിരന്തരമായ പോരാട്ടങ്ങളെക്കുറിച്ചും നിങ്ങൾക്കറിവുണ്ട്. ദളിത് വിമോചന രചനകളിൽ പലതിലും ഡോ. അംബേദ്കർ പ്രസിദ്ധവും പ്രചോദനാത്മകവുമായ ഒരു രൂപമായി ഇന്നും തുടരുന്നതിൽ അതിശയിക്കാനാകില്ല.

### ഉത്ഭവം (Origns)



**അന്നുമുതൽ ദളിതരുടെ അവസ്ഥയിൽ വലിയ മാറ്റമുണ്ടായോ?**

**ദളിതർക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് ഞാനിപ്പോഴും വായിക്കാറുണ്ട്. ഈ പ്രസ്ഥാനങ്ങൾ പരാജയപ്പെട്ടോ? അതോ ഇത് മൊത്തം സമൂഹത്തിന്റെയും പരാജയമാണോ?**

1970-കളുടെ തുടക്കത്തിൽ, പ്രധാനമായും നഗരങ്ങളിലെ ചേരികളിൽ അധിവസിക്കുന്ന ദളിത് ബിരുദധാരികളുടെ ഒന്നാം തലമുറ വിവിധ വേദികളിൽ തങ്ങളുടെ ആവശ്യങ്ങൾ ഉന്നയിക്കുവാൻ തുടങ്ങി. ഈ അവകാശവാദങ്ങളുടെ ഭാഗമായി, ദളിത് പാന്തേഴ്സ് എന്ന ദളിത് യുവാക്കളുടെ ഒരു സമരോത്സുക പ്രസ്ഥാനം 1972-ൽ മഹാരാഷ്ട്രയിൽ രൂപീകരിക്കപ്പെട്ടു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ, സമത്വവും നീതിയും ഭരണഘടന ഉറപ്പ് നൽകിയിട്ടും, ദളിതർ നേരിട്ട സ്ഥായിയായ ജാതി അധിഷ്ഠിത അസമത്വങ്ങൾക്കും ഭൗതിക അനീതികൾക്കുമെതിരെ ആയിരുന്നു ദളിത് ഗ്രൂപ്പുകൾ പ്രധാനമായും പോരാടിയത്. സംവരണം, സാമൂഹ്യനീതി എന്നിവയുമായി ബന്ധപ്പെട്ട നയങ്ങളുടെ ഫലപ്രദമായ നടപ്പിലാക്കലാണ് അവരുടെ പ്രധാന ആവശ്യം.

ഇന്ത്യൻ ഭരണഘടന അയിത്തം നിർമാർജനം ചെയ്തുവെന്ന് നിങ്ങൾക്കറിയാം. 1960-കളിലും 1970-കളിലും ഇത് നടപ്പാക്കുന്നതിലേക്കായി സർക്കാർ നിയ

മങ്ങൾ പാസാക്കി. എന്നിട്ടും, മുൻപ് അയിത്തക്കാരായിരുന്ന വിഭാഗങ്ങൾക്കെതിരെ സാമൂഹിക വിവേചനങ്ങളും അതിക്രമങ്ങളും പലരൂപത്തിലും തുടർന്നു. പ്രധാന ഗ്രാമഭാഗത്തുനിന്നും ദളിത് വാസകേന്ദ്രങ്ങൾ വേർതിരിച്ച് നിർത്തിയിരുന്നത് തുടർന്നു. പൊതുകുടിവെള്ള സ്രോതസ്സുകൾ അവർക്ക് നിഷേധിക്കപ്പെട്ടു. ദളിത് സ്ത്രീകൾ അപമാനിക്കപ്പെടുകയും ചൂഷണത്തിനിരയാകുകയും ചെയ്യപ്പെട്ടു. അതിലെല്ലാമുപരിയായി, ജാതി ദുരഭിമാനത്തിന്റെ ലഘുവും പ്രതീകാത്മകവുമായ വിഷയങ്ങളിൽപോലും ദളിതർ സംഘടിത അതിക്രമങ്ങൾ നേരിട്ടു. ദളിതരുടെമേലുള്ള സാമ്പത്തികവും സാമൂഹികവുമായ പീഡനങ്ങൾ തടയുവാൻ നിയമസംവിധാനങ്ങൾ അപര്യാപ്തമാണെന്ന് തെളിഞ്ഞു. അതേസമയം, റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ഇന്ത്യ പോലുള്ള ദളിത് പിന്തുണയുള്ള രാഷ്ട്രീയപാർട്ടികൾക്ക് തെരഞ്ഞെടുപ്പ് രംഗത്ത് വിജയിക്കാനായില്ല. പേരിനുമാത്രമായിരുന്ന ഇത്തരം പാർട്ടികൾ തെരഞ്ഞെടുപ്പുകളിൽ വിജയിക്കുവാൻ മറ്റുപാർട്ടികളുമായി സഖ്യമുണ്ടാക്കേണ്ടിവന്നു. കൂടാതെ ഈ പാർട്ടികൾ നിരന്തരം പിളർപ്പുകൾ നേരിട്ടു. അതിനാൽ, ദളിതരുടെ അവകാശങ്ങൾ ഉന്നയിക്കുന്നതിനായി ബഹുജനങ്ങളെ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളിലേക്ക് ദളിത് പാന്തേഴ്സ് തിരിഞ്ഞു.




Credit: Anhad and NCDHR

20-ാം നൂറ്റാണ്ടിൽ ദക്ഷിണാഫ്രിക്കയിൽ നിലനിന്നിരുന്ന ഔദ്യോഗിക വംശീയവിവേചന നയത്തെയാണ് "വേർതിരിവ്" എന്നർത്ഥമുള്ള "അപാർത്തീഡ്" സൂചിപ്പിക്കുന്നത്. എന്തുകൊണ്ടാണ് ഇന്ത്യയിൽ ഇതിനെ ഒളിഞ്ഞിരിക്കുന്ന അപാർത്തീഡ് എന്ന് വിളിക്കുന്നത്? ഇതിന് മറ്റുദാഹരണങ്ങൾ ഇവിടുണ്ടോ?

### പ്രവർത്തനങ്ങൾ (Activities)

സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ദളിതർക്കുനേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെ പോരാടുന്നതിലാണ് ദളിത് പാന്തേഴ്സിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും കേന്ദ്രീകരിച്ചത്. ദളിതർക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ ദളിത് പാന്തേഴ്സിന്റെയും മറ്റ് സമാന ചിന്താഗതിക്കാരായ സംഘടനകളുടെയും നിരന്തരമായ പ്രക്ഷോഭങ്ങളുടെ ഫലമായി, ഇത്തരം അക്രമങ്ങൾക്ക് കഠിനശിക്ഷ വ്യവസ്ഥചെയ്യുന്ന ഒരു സമഗ്ര നിയമം 1989-ൽ ഗവൺമെന്റ് പാസാക്കി. ജാതി വ്യവസ്ഥയെ നശിപ്പിക്കുക, ദളിതർക്കൊപ്പം ഭൂരഹിതരായ കർഷകർ, നഗരങ്ങളിലെ വ്യവസായ തൊഴിലാളികൾ തുടങ്ങിയ എല്ലാ മർദിത ജനവിഭാഗങ്ങൾക്കുമായി ഒരു സംഘടന കെട്ടിപ്പടുക്കുക എന്നതായിരുന്നു പാന്തേഴ്സിന്റെ പ്രത്യയശാസ്ത്ര അജണ്ട.

വിദ്യാസമ്പന്നരായ ദളിത് യുവാക്കൾക്ക് തങ്ങളുടെ സർഗാത്മകതയെ ഒരു പ്രതിഷേധ പ്രവർത്തനമായി ഉപയോഗിക്കുവാൻ ഈ പ്രസ്ഥാനം ഒരു വേദിയായിമാറി. ഈ കാലയളവിൽ പ്രസിദ്ധീകരിച്ച അവരുടെ നിരവധി ആത്മകഥകളിലും മറ്റ് സാഹിത്യകൃതികളിലും ജാതിവ്യവസ്ഥയുടെ ക്രൂരതകൾക്കെതിരെ ദളിത് എഴുത്തുകാർ പ്രതിഷേധിച്ചു. ഇന്ത്യൻ സമൂഹത്തിലെ ഏറ്റവും പിന്നോക്കം നില്ക്കുന്ന സാമൂഹിക വിഭാഗങ്ങളുടെ ജീവിതാനുഭവങ്ങൾ ചിത്രീകരിക്കുന്ന ഈ കൃതികൾ, മറാത്തി സാഹിത്യലോകത്തെ ഞെട്ടിപ്പിക്കുകയും സാഹിത്യത്തെ കൂടുതൽ വിശാലവും സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്നതാക്കുകയും, സാംസ്കാരിക രംഗത്ത് മത്സരങ്ങൾക്ക് ആരംഭമിടുകയും ചെയ്തു. അടിയന്തരാവസ്ഥാനന്തര കാലഘട്ടത്തിൽ ദളിത് പാന്തേഴ്സ് തെരഞ്ഞെടുപ്പ് വിട്ടുവീഴ്ചകളിൽ ഏർപ്പെട്ടു. ഈ പ്രസ്ഥാനം ധാരാളം പിളർപ്പുകൾക്ക് വിധേയമായി. ഇത്തരം പിളർപ്പുകൾ ഇതിന്റെ തകർച്ചയ്ക്ക് കാരണമായി. പിന്നാക്ക, ന്യൂനപക്ഷ വിഭാഗ ജീവനക്കാരുടെ സംഘടന (BAMCEF) പോലുള്ള സംഘടനകൾ ഈ ഇടം കയ്യടക്കി.

## ഭാരതീയ കിസാൻ യൂണിയൻ (Bharatiya Kisan Union)

എഴുപതുകൾ മുതൽ ഇന്ത്യൻ സമൂഹത്തിലെ സാമൂഹിക അസംതൃപ്തി പല മടങ്ങായി വർധിച്ചു. വികസനപ്രക്രിയയിലൂടെ ഭാഗികമായി നേട്ടം കൈവരിച്ച വിഭാഗങ്ങൾക്കുപോലും രാഷ്ട്രത്തിനും രാഷ്ട്രീയപാർട്ടികൾക്കുമെതിരെ നിരവധി പരാതികൾ ഉണ്ടായിരുന്നു. സമ്പന്നകർഷകർ രാഷ്ട്രത്തിന്റെ നയങ്ങൾക്കെതിരെ എൺപതുകളിൽ നടത്തിയ കർഷക സമരങ്ങൾ ഇത്തരത്തിലൊന്നായിരുന്നു.

### വളർച്ച (Growth)

1970 ജനുവരി മാസത്തിൽ ഏതാണ്ട് ഇരുപതിനായിരം കർഷകർ ഉത്തർ പ്രദേശിലെ മീററ്റ് നഗരത്തിൽ ഒത്തുചേർന്നു. വൈദ്യുതിനിരക്ക് വർദ്ധിപ്പിക്കുവാനുള്ള സർക്കാർ തീരുമാനത്തിനെതിരെ പ്രതിഷേധിക്കുകയായിരുന്നു അവർ. ഈ കർഷകർ, തങ്ങളുടെ ആവശ്യങ്ങളെ അംഗീകരിക്കുന്നതുവരെ, മൂന്നാഴ്ചയോളം ജില്ലാ കളക്ടർ ഓഫീസിനു പുറത്ത് തമ്പടിച്ചു. തികഞ്ഞ അച്ചടക്കത്തോടുകൂടിയുള്ള ഒരു കർഷക സമരമായിരുന്നു ഇത്. ഈ ദിവസങ്ങളിലെല്ലാം അടുത്ത ഗ്രാമങ്ങളിൽ നിന്ന് ഇവർക്ക് ഭക്ഷണം ലഭിക്കുകയുണ്ടായി. കർഷകരുടെ ഗ്രാമീണ ശക്തിയുടെ മികച്ച പ്രകടനമായിട്ടാണ് മീററ്റ് പ്രക്ഷോഭം കാണപ്പെട്ടത്. പശ്ചിമ ഉത്തർപ്രദേശിൽ നിന്നും ഹരിയാനയിൽ നിന്നുമുള്ള കർഷകരുടെ സംഘടനയായ ഭാരതീയ കിസാൻ യൂണിയനിലെ (ബി.കെ.യു.) അംഗങ്ങളായിരുന്നു ഇതിലെ പ്രക്ഷോഭകാരികൾ. എൺപതുകളിലെ കർഷകപ്രസ്ഥാനത്തിലെ പ്രമുഖ സംഘടനകളിലൊന്നാണ് ബി.കെ.യു.

1960-കളുടെ അവസാനത്തോടെ, ഹരിയാന, പഞ്ചാബ്, പശ്ചിമ ഉത്തർപ്രദേശ് എന്നിവിടങ്ങളിലെ കർഷകർക്ക് "ഹരിതവിപ്ലവം" എന്ന രാഷ്ട്രനയത്തിൽ നിന്ന് പ്രയോജനം ലഭിച്ചു എന്നത് നാം മൂന്നാം അധ്യായത്തിൽ കണ്ടു. അന്നു മുതൽ, കരിമ്പും ഗോതമ്പും ഈ പ്രദേശത്തെ പ്രധാന നാണ്യവിളകളായിമാറി. എന്നാൽ, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ഉദാരവൽക്കരിക്കുന്നതിനുള്ള പ്രക്രിയകൾ ആരംഭിച്ചതിനാൽ എൺപതുകളുടെ മധ്യത്തിൽ നാണ്യവിള വിപണി പ്രതിസന്ധി നേരിട്ടു. കരിമ്പിനും ഗോതമ്പിനും ഉയർന്ന തറവില, കാർഷിക ഉൽപ്പന്നങ്ങളുടെ അന്തർസംസ്ഥാന നീക്കത്തിനുള്ള നിയന്ത്രണങ്ങൾ എടുത്തുകളയുക, ന്യായമായ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുക, കാർഷിക വായ്പയുടെ തിരിച്ചടവ് ഒഴിവാക്കുക, കർഷകർക്ക് സർക്കാർ പെൻഷൻ നൽകുക തുടങ്ങിയ ആവശ്യങ്ങൾ ബി.കെ.യു മുന്നോട്ടുവച്ചു.



Credit: Hindustan Times

പഞ്ചാബിൽ ഭാരതീയ കിസാൻ യൂണിയൻ നടത്തിയ ഒരു റാലി

രാജ്യത്തുള്ള മറ്റ് കർഷക സംഘടനകളും ഇത്തരത്തിലുള്ള ആവശ്യങ്ങൾ ഉന്നയിച്ചു. കർഷക മുന്നേറ്റങ്ങളെ ഇന്ത്യൻ ശക്തികൾ (നഗര വ്യവസായ മേഖല) ക്കെതിരെയുള്ള ഭാരത (ഗ്രാമീണ കാർഷികമേഖലയെ സൂചിപ്പിക്കുന്നു) യുദ്ധമായി മഹാരാഷ്ട്രയിലെ ഷേത്കാരി സംഘടന പ്രഖ്യാപിച്ചു. ഇന്ത്യൻ വികസന മാതൃകയിലെ പ്രധാന ചർച്ചാവിഷയം 'വ്യവസായമോ കൃഷിയോ?' എന്ന സംവാദമായിരുന്നുവെന്ന് ഇതിനകം നിങ്ങൾ മൂന്നാം അധ്യായത്തിൽ പഠിച്ചു. സാമ്പത്തിക ഉദാരവൽക്കരണ നയങ്ങളുടെ ഫലമായി എൺപതുകളിൽ കാർഷികമേഖല പ്രതിസന്ധി നേരിട്ടപ്പോൾ ഇതേ സംവാദം ഒരിക്കൽക്കൂടി വീണ്ടും സജീവമായി.

## സവിശേഷതകൾ (Characteristics)

തങ്ങളുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നതിന് രാഷ്ട്രത്തോട് സമ്മർദം ചെലുത്തുന്നതിലേക്കായി ബി.കെ.യു. നടത്തിയ പ്രവർത്തനങ്ങളിൽ റാലികൾ, പ്രകടനങ്ങൾ, കുത്തിയിരുപ്പ് സമരം, ജയിൽ നിറയ്ക്കൽ (*ജയിൽ ബാരോ*) എന്നിവയുൾപ്പെടുന്നു. പശ്ചിമ ഉത്തർപ്രദേശിലെയും ഇതിനോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെയും ഗ്രാമങ്ങളിൽനിന്നുള്ള പതിനായിരങ്ങൾ, ചിലപ്പോഴൊക്കെ, ഒരുലക്ഷത്തിലധികം കർഷകർ ഈ പ്രക്ഷോഭങ്ങളിൽ പങ്കാളികളായി. സംസ്ഥാനത്തിന്റെ വിവിധ ജില്ലാ ആസ്ഥാനങ്ങളിലും അതുപോലെ തന്നെ രാജ്യത്തിന്റെ തലസ്ഥാനത്തും എൺപതുകളിൽ ഉടനീളം കർഷകരുടെ വമ്പൻ റാലികൾ സംഘടിപ്പിക്കപ്പെട്ടു. കർഷകരുടെ ജാതിബന്ധങ്ങളുടെ ഉപയോഗമായിരുന്നു ഇത്തരം സംഘടനങ്ങളുടെ മറ്റൊരു പുതിയ വശം. ബി.കെ.യു. അംഗങ്ങളിൽ ഭൂരിഭാഗവും ഒരേ സമുദായത്തിൽപ്പെട്ടവരായിരുന്നു. സാമ്പത്തിക പ്രശ്നങ്ങളിൽ സമുദായ അംഗങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്നതിന് ബി.കെ.യു. ഇവരുടെ പരമ്പരാഗത ജാതിപഞ്ചായത്തുകളെ ഉപയോഗിച്ചു. ഒരു ഔപചാരിക സംഘടനയുടെ അഭാവമുണ്ടായിട്ടും ഇതിലെ അംഗങ്ങൾക്കിടയിൽ ഒരു ജാതി അധിഷ്ഠിത ശൃംഖലാബന്ധമുണ്ടായിരുന്നതിനാൽ വളരെക്കാലം സ്വയം നിലനിർത്തുവാൻ ഇതിനു കഴിഞ്ഞു. ബി.കെ.യുവിന്റെ ഫണ്ടുകളും വിഭവങ്ങളും പ്രവർത്തനങ്ങളും ഈ ശൃംഖലകളിലൂടെ സംഘടിപ്പിക്കപ്പെട്ടു.

കർഷകനാകാൻ ആഗ്രഹിക്കുന്ന ഒരാളെയും ഞാനിതുവരെ കണ്ടിട്ടില്ല.
ഈ രാജ്യത്ത് നമുക്ക് കർഷകരെ ആവശ്യമില്ലേ?



തൊണ്ണൂറുകളുടെ ആദ്യപാദം വരെ എല്ലാ രാഷ്ട്രീയപാർട്ടികളിൽനിന്നും ബി.കെ.യു. അകന്നുനിന്നു. ഇതിൽ പ്രവർത്തിക്കുന്ന ആളുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയത്തിൽ ഒരു സമ്മർദഗ്രൂപ്പായി ഇത് പ്രവർത്തിച്ചു. രാജ്യത്തുടനീളമുള്ള മറ്റു കർഷകസംഘടനകൾക്കൊപ്പം പോരാടിയ ഭാരതീയ കിസാൻ യൂണിയന് അവരുടെ സാമ്പത്തിക ആവശ്യങ്ങളിൽ ചിലതെങ്കിലും അംഗീകരിപ്പിക്കുവാൻ കഴിഞ്ഞു. എൺപതുകളിലെ ഏറ്റവും വിജയകരമായ സാമൂഹിക പ്രസ്ഥാനങ്ങളിൽ ഒന്നായി കർഷകപ്രസ്ഥാനം മാറി. ഇതിലെ അംഗങ്ങൾക്കുണ്ടായിരുന്ന രാഷ്ട്രീയ വിലപേശൽ ശക്തിയുടെ ഫലമാണ് ഈ പ്രസ്ഥാനത്തിന്റെ വിജയം. പ്രധാനമായും, രാജ്യത്തെ ഉയർന്ന അഭിവൃദ്ധിയുള്ള സംസ്ഥാനങ്ങളിൽ ഈ പ്രസ്ഥാനം സജീവമായിരുന്നു. ഉപജീവനത്തിനായി കാർഷികമേഖലയിൽ ഏർപ്പെടുന്ന ഭൂരിപക്ഷ ഇന്ത്യൻ കർഷകരിൽനിന്ന് വ്യത്യസ്തമായി, ബി.കെ.യുപോലുള്ള സംഘടനകളിലെ അംഗങ്ങൾ വിപണിക്കാവശ്യമായ നാണ്യവിളകൾ വളർത്തി. സംസ്ഥാനങ്ങളിലുടനീളമുള്ള കർഷകസംഘടനകൾ, ബി.കെ.യു വി നെപ്പോലെ, പ്രാദേശിക തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ആധിപത്യം പുലർത്തുന്ന സമുദായങ്ങളിൽനിന്ന് അവർക്കാവശ്യമായ അംഗങ്ങളെ കണ്ടെത്തി. മഹാരാഷ്ട്രയിലെ ഷേത്കരി സംഘടനയും കർണാടകയിലെ റയത സംഘവും ഇത്തരം കർഷക സംഘടനകളുടെ മുഖ്യ ഉദാഹരണങ്ങളാണ്.

### കാർഷിക മേഖലയെ ലോക വ്യാപാര സംഘടനയുടെ പരിധിയിൽനിന്ന് ഒഴിവാക്കണമെന്ന് കിസാൻ യൂണിയൻ

*ഞങ്ങളുടെ സ്റ്റാഫ് പ്രതിനിധി:*

മൈസൂർ: ഫെബ്രുവരി 15: ലോക വ്യാപാര സംഘടനയുടെ (W.T.O) പരിധിയിൽ നിന്ന് കാർഷിക മേഖലയെ മാറ്റിനിർത്തുവാൻ ഇന്ത്യ ശ്രമിക്കുന്നില്ലെങ്കിൽ രാജ്യത്തുണ്ടാകാൻ പോകുന്ന സാമൂഹിക - സാമ്പത്തിക പ്രക്ഷോഭങ്ങളെക്കുറിച്ച് ഭാരതീയ കിസാൻ യൂണിയൻ മുന്നറിയിപ്പ് നൽകി.

നവംബറിൽ ഹോങ്കോങിൽ വച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്ന ലോക വ്യാപാര സംഘടനയുടെ അടുത്ത കൂടിക്കാഴ്ചയിൽ, ഈ സംഘടനയുടെ വ്യവസ്ഥകളെ അംഗീകരിച്ച് ഇന്ത്യ മുന്നോട്ടുപോയാൽ സംഭവിക്കാനിരിക്കുന്ന അപകടങ്ങളെക്കുറിച്ച് യൂണിയൻ തലവൻ മഹേന്ദ്രസിങ് ടിക്കായത്ത്, ഇതിന്റെ ദേശീയ ഏകോപന സമിതി കൺവീനർ എം. യദുവീർ സിങ് എന്നിവർ ഇന്ന് ഇവിടെ നടന്ന ഒരു പത്രസമ്മേളനത്തിൽ മുന്നറിയിപ്പ് നൽകി.

കാർഷിക മേഖലയെ ലോക വ്യാപാര സംഘടനയുടെ പരിധിയിൽനിന്ന് ഒഴിവാക്കി നിർത്തുവാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുവാനായി മാർച്ച് 17 ന് ന്യൂഡൽഹിയിൽ കർഷകരുടെ റാലി നടത്തുമെന്ന് ഈ നേതാക്കൾ പറഞ്ഞു. ഇന്ത്യയിലുടനീളമുള്ള അഞ്ച് ലക്ഷത്തിലധികം കർഷകർ ഈ റാലിയിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. തുടർന്ന്, രാജ്യത്തുടനീളം പ്രക്ഷോഭം ശക്തമാക്കുമെന്നും നേതാക്കൾ പറഞ്ഞു.

ദി ഹിന്ദു, ഫെബ്രുവരി 16, 2005



Credit: Hindu

**ദേശീയ മത്സ്യ തൊഴിലാളികളുടെ ഫോറം (National Fish Workers' Forum)**

ലോകത്തിലെ രണ്ടാമത്തെ വലിയ മത്സ്യബന്ധന സമൂഹം ഇന്ത്യയിലെ മത്സ്യ തൊഴിലാളികളാണെന്ന് നിങ്ങൾക്കറിയാമോ? നമ്മുടെ രാജ്യത്തിന്റെ കിഴക്കും പടിഞ്ഞാറുമുള്ള തീരപ്രദേശങ്ങളിലെ, പ്രധാനമായും തദ്ദേശീയ മത്സ്യ തൊഴിലാളി വിഭാഗത്തിൽപ്പെട്ട, ലക്ഷക്കണക്കിന് കുടുംബങ്ങൾ മത്സ്യബന്ധനമെന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. ഇന്ത്യൻ കടലുകളിൽനിന്ന് വൻതോതിൽ മത്സ്യക്കൊയ്ത്തിനായി യന്ത്രവത്കൃത യാനങ്ങളും സമുദ്രാടിത്തട്ടിലെ മത്സ്യബന്ധന സാങ്കേതിക വിദ്യയുമെല്ലാം ഗവൺമെന്റ് അനുവദിച്ചപ്പോൾ ഈ മത്സ്യതൊഴിലാളികളുടെ ജീവിതം വലിയ ഭീഷണിയിലായി. എഴുപതുകളിലും എൺപതുകളിലും ഉടനീളം പ്രാദേശിക മത്സ്യ തൊഴിലാളി സംഘടനകൾ അവരുടെ ഉപജീവന വിഷയത്തിൻമേൽ സംസ്ഥാന ഗവൺമെന്റുകളുമായി പോരാടി. മത്സ്യബന്ധനം ഒരു സംസ്ഥാനവിഷയമായതിനാൽ മത്സ്യ തൊഴിലാളികൾ പ്രാദേശികതലത്തിലാണ് കൂടുതൽ സംഘടിപ്പിക്കപ്പെട്ടത്.

എൺപതുകളുടെ മധ്യത്തിൽ, സാമ്പത്തിക ഉദാരവൽക്കരണ നയങ്ങളുടെ വരവോടെ ഈ സംഘടനകൾ ദേശീയ തലത്തിൽ എൻഎഫ്.എഫ്. അഥവാ ദേശീയ മത്സ്യ തൊഴിലാളികളുടെ ഫോറം എന്ന പേരിൽ ഒന്നിച്ചുചേരാൻ നിർബന്ധിതരായി. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെയുള്ള സഹത്തൊഴിലാളികളെ സംഘടിപ്പിക്കുന്നതിന്റെ ഉത്തരവാദിത്വം കേരളത്തിൽ നിന്നുള്ള മത്സ്യ തൊഴിലാളികൾ ഏറ്റെടുത്തു. 1991-ൽ കേന്ദ്രഗവൺമെന്റുമായി എൻ.എഫ്.എഫ്. അതിന്റെ ആദ്യ നിയമപോരാട്ടം വിജയകരമായി പൂർത്തിയാക്കിയപ്പോൾ ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കപ്പെട്ടു. ബഹുരാഷ്ട്രകമ്പനികൾ ഉൾപ്പെടെയുള്ള വൻ വാണിജ്യകപ്പലുകൾക്കായി ഇന്ത്യയുടെ സമുദ്രമേഖല തുറന്നുകൊടുത്ത സർക്കാറിന്റെ ആഴക്കടൽ മത്സ്യബന്ധന നയത്തെക്കുറിച്ചായിരുന്നു ഇത്. തൊണ്ണൂറുകളിലുടനീളം എൻ.എഫ്.എഫ്. സർക്കാരുമായി വിവിധ നിയമ, പൊതുപോരാട്ടങ്ങൾ നടത്തി. ലാഭത്തിനായി ഈ മേഖലയിൽ നിക്ഷേപം നടത്തുന്നവരേക്കാൾ ഉപജീവനത്തിനായി മത്സ്യബന്ധനത്തെ ആശ്രയിക്കുന്നവരുടെ താൽപര്യം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ പ്രസ്ഥാനം പ്രവർത്തിച്ചത്. വിദേശമത്സ്യബന്ധന യാനങ്ങൾക്ക് ലൈസൻസ് നൽകുവാനുള്ള ഗവൺമെന്റിന്റെ നടപടിക്കെതിരായി രാജ്യവ്യാപകമായ സമരത്തിന് 2002 ജൂലൈയിൽ എൻ.എഫ്.എഫ്. ആഹ്വാനം ചെയ്തു. പരിസ്ഥിതി, മത്സ്യതൊഴിലാളികളുടെ ജീവിതം എന്നിവ സംരക്ഷിക്കുന്നതിനുവേണ്ടി ലോകമെമ്പാടുമുള്ള വിവിധ സംഘടനകളുമായി എൻ.എഫ്.എഫ് കൈകോർത്തു.

## ചാരായ വിരുദ്ധ പ്രസ്ഥാനം (Anti-Arrack Movement)

വടക്കെ ഇന്ത്യയിലെ കർഷകരെ ബി.കെ.യു. അണിനിരത്തുമ്പോൾ, തെക്കൻ സംസ്ഥാനമായ ആന്ധ്രാപ്രദേശിന്റെ ഗ്രാമപ്രദേശങ്ങളിൽ തികച്ചും വ്യത്യസ്തമായ ഒരു സംഘടന രൂപപ്പെടുകയായിരുന്നു. തങ്ങളുടെ സമീപപ്രദേശങ്ങളിൽ മദ്യം വിൽക്കുന്നത് നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ത്രീകൾ സ്വമേധയാ അണിനിരന്നതായിരുന്നു ഇത്.



Credit: Zuban

### സ്ത്രീകൾ തിരിച്ചടിച്ചപ്പോൾ മദ്യമാഫിയ പിന്തിരിഞ്ഞ് ഓടുന്നു

ചിറ്റൂർ ജില്ലയിലെ കാലികരി മണ്ഡലത്തിലെ ഗുണ്ടലൂർ ഗ്രാമത്തിലെ സ്ത്രീകൾ ഒത്തുകൂടി തങ്ങളുടെ ഗ്രാമത്തിലെ ചാരായ വിൽപ്പന അവസാനിപ്പിക്കാൻ തീരുമാനിച്ചു. അവർ ഈ തീരുമാനം ഗ്രാമത്തിലെ ചാരായ കച്ചവടക്കാരനെ അറിയിച്ചു. ചാരായ പാക്കറ്റുകൾ ഗ്രാമത്തിലേക്ക് കൊണ്ടുവന്ന ജീപ്പ് അവർ തിരിച്ചുവിട്ടു. എന്നാൽ, ഗ്രാമത്തിലെ ചാരായ കച്ചവടക്കാരൻ ഈ വിവരം തന്റെ കരാറുകാരനെ അറിയിച്ചപ്പോൾ വിൽപ്പന പുനരാരംഭിക്കുവാൻ ഇയാളെ സഹായിക്കുവാനായി കരാറുകാരൻ ഒരു സംഘം പുരുഷൻമാരെ അയച്ചു. ഗ്രാമത്തിലെ സ്ത്രീകൾ തങ്ങളുടെ തീരുമാനത്തിൽ ഉറച്ചു നിൽക്കുകയും ഈ നീക്കത്തെ എതിർക്കുകയും ചെയ്തു. കരാറുകാരൻ പോലീസിനെ വിളിച്ചുവരുത്തിയെങ്കിലും അവർക്കും പിൻവാങ്ങേണ്ടിവന്നു. ഒരാഴ്ചയ്ക്കു ശേഷം, ചാരായ വിൽപ്പന തടഞ്ഞ സ്ത്രീകളെ ചാരായ കരാറുകാരന്റെ ഗുണ്ടകൾ ഇരുമ്പുവടികളും മറ്റ് മാരകായുധങ്ങളും ഉപയോഗിച്ച് ആക്രമിച്ചു. സ്ത്രീകൾ ഒറ്റക്കെട്ടായി ഈ ആക്രമണത്തെ ചെറുത്തപ്പോൾ വാടകക്കെടുത്ത ഈ മാഫിയ പിന്തിരിഞ്ഞോടി. പിന്നീട്, ചാരായം നിറച്ച മൂന്ന് ജീപ്പുകൾ സ്ത്രീകൾ നശിപ്പിക്കുകയുണ്ടായി.

ഈനാട് പത്രത്തിൽ വന്ന ഒരു വാർത്തയുടെ അടിസ്ഥാനത്തിൽ
- ഒക്ടോബർ 29, 1992.

1992-ലെ സെപ്റ്റംബർ, ഒക്ടോബർ എന്നീ രണ്ടുമാസങ്ങളിൽ, ഇത്തരത്തിലുള്ള കഥകൾ തെലുങ്കുപത്രങ്ങളിൽ മിക്കവാറും ദിവസങ്ങളിലും പ്രത്യക്ഷപ്പെട്ടു. ഓരോ വാർത്തയിലും ഗ്രാമത്തിന്റെ പേര് മാറുമെങ്കിലും കഥ ഒന്നുതന്നെയായിരുന്നു. ആന്ധ്രാപ്രദേശ് സംസ്ഥാനത്തിലെ ഉൾനാടൻ ഗ്രാമങ്ങളിലെ സ്ത്രീകൾ മദ്യപാനത്തിനെതിരെയും മാഫിയകൾക്കെതിരെയും ഈ കാലയളവിൽ നിലനിന്നിരുന്ന ഗവൺമെന്റിനെതിരെയും പ്രക്ഷോഭങ്ങൾ നടത്തി. ഈ പ്രക്ഷോഭങ്ങളാണ് സംസ്ഥാനത്ത്, ചാരായ വിരുദ്ധ പ്രസ്ഥാനം എന്നറിയപ്പെട്ട പ്രസ്ഥാനത്തെ രൂപപ്പെടുത്തിയത്.





### ഉത്ഭവം (Origins)

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറുകളുടെ തുടക്കത്തിൽ ആന്ധ്രാപ്രദേശിലെ നെല്ലൂർ ജില്ലയിലെ ദുബഗുണ്ടയുടെ ഉൾപ്രദേശത്തുള്ള ഒരു ഗ്രാമത്തിൽ മുതിർന്നവർക്കായുള്ള സാക്ഷരതാ യജ്ഞത്തിൽ സ്ത്രീകൾ കൂട്ടമായി ചേർന്നു. ക്ലാസിലെ ചർച്ചക്കിടെയാണ് പ്രാദേശികമായി ഉണ്ടാക്കുന്ന മദ്യം - ചാരായം - അവരുടെ കുടുംബങ്ങളിലെ പുരുഷന്മാർ ധാരാളമായി ഉപയോഗിക്കുന്നുണ്ടെന്ന് സ്ത്രീകൾ പരാതിപ്പെട്ടത്. മദ്യപാനശീലം ഗ്രാമവാസികൾക്കിടയിൽ ആഴത്തിൽ വേരുറപ്പിക്കുകയും അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ദുർബലപ്പെടുത്തുകയും ചെയ്തു. ഇത് ഈ പ്രദേശത്തെ ഗ്രാമീണസമ്പദ്‌വ്യവസ്ഥയെ വളരെയധികം ബാധിച്ചു. മദ്യ ഉപഭോഗം വർദ്ധിച്ചതോടെ കടബാധ്യത പെരുകി, പുരുഷൻമാർ അവരുടെ ജോലികളിൽനിന്ന് വിട്ടുനിന്നു, മദ്യവ്യവസായത്തിന്റെ കരാറുകാർ ചാരായ വ്യാപാരത്തിൽ തങ്ങളുടെ കുത്തക സുരക്ഷിതമാക്കുന്നതിന് കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടു. മദ്യപാനശീലത്തിന്റെ ദോഷഫലങ്ങൾ ഏറ്റവും കൂടുതൽ ബാധിച്ചത് സ്ത്രീകളെയാണ്. കാരണം അത് കുടുംബത്തിന്റെ സാമ്പത്തികസ്ഥിതിയെ തകിടം മറിച്ചിരുന്നു. പുരുഷകുടുംബാംഗങ്ങളിൽ നിന്ന് പ്രത്യേകിച്ച് ഭർത്താക്കൻമാരിൽനിന്ന് സ്ത്രീകൾ നിരന്തരമായ അതിക്രമങ്ങൾ സഹിക്കേണ്ടിവന്നു.



1992-ൽ ഹൈദരാബാദിൽ, ചാരായ വ്യാപാരത്തിനെതിരെ പ്രതിഷേധിച്ച് ജാഥ നടത്തുന്ന സ്ത്രീകൾ.

ചാരായത്തിനെതിരെ പ്രതിഷേധിക്കുന്നതിനും വൈൻഷോപ്പുകൾ അടച്ചുപൂട്ടുന്നതിനും വേണ്ടി നെല്ലൂരിലെ സ്ത്രീകൾ പ്രാദേശികമായി സ്വമേധയാ ഒരുമിച്ചുകൂടി. ഈ വാർത്ത അതിവേഗം പ്രചരിക്കുകയും 5000 ത്തോളം ഗ്രാമങ്ങളിലെ സ്ത്രീകൾ ഇതിൽനിന്ന് പ്രചോദനമുൾക്കൊള്ളുകയും മീറ്റിംഗുകളിൽ ഒത്തുചേരുകയും മദ്യനിരോധനമേർപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രമേയങ്ങൾ പാസാക്കി ജില്ലാ കളക്ടർക്ക് അയയ്ക്കുകയും ചെയ്തു. നെല്ലൂർ ജില്ലയിലെ ചാരായലേലം 17 തവണ മാറ്റിവച്ചു. നെല്ലൂർ ജില്ലയിലെ ഈ പ്രസ്ഥാനം സാവധാനം സംസ്ഥാനത്തുടനീളം വ്യാപിച്ചു.

### ബന്ധങ്ങൾ (Linkages)

ചാരായ വിൽപ്പന നിരോധിക്കുക എന്ന ലളിതമായ മുദ്രാവാക്യമായിരുന്നു ചാരായ വിരുദ്ധപ്രസ്ഥാനത്തിന്റേത്. ഇത് ഈ പ്രദേശത്തെ സ്ത്രീകളുടെ ജീവിതത്തെ ബാധിച്ച വലിയ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെ സ്പർശിച്ചു. കുറ്റകൃത്യവും രാഷ്ട്രീയവും തമ്മിലുള്ള ഒരു അടുത്തബന്ധം ചാരായ കച്ചവടത്തെ ചുറ്റിപ്പറ്റി സ്ഥാപിതമായി. ചാരായ വിൽപനക്കുമേൽ ചുമത്തിയ നികുതി വഴി സംസ്ഥാന സർക്കാർ വലിയ വരുമാനം നേടുകയും അതിനാൽത്തന്നെ മദ്യനിരോധനമേർപ്പെടുത്താൻ തയാറായിരുന്നുമില്ല. ചാരായത്തിനെതിരായ പ്രക്ഷോഭത്തിൽ ഇത്തരം സങ്കീർണമായ വിഷയങ്ങൾ അഭിസംബോധന ചെയ്യുവാൻ സ്ത്രീകളുടെ ഗ്രൂപ്പുകൾ ശ്രമിച്ചു. ഗാർഹികപീഡനമെന്ന പ്രശ്നം അവർ പരസ്യമായി ചർച്ചചെയ്തു. ആദ്യമായി, ഗാർഹികപീഡനത്തിലെ സ്വകാര്യപ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് ഈ പ്രസ്ഥാനം വേദി ഒരുക്കി. അങ്ങനെ, ചാരായവിരുദ്ധ പ്രസ്ഥാനം വനിതാപ്രസ്ഥാനത്തിന്റെകൂടി ഭാഗമായി മാറി.

ഗാർഹികപീഡനം, സ്ത്രീധനമെന്ന ആചാരം, ജോലി സ്ഥലത്തെയും പൊതു ഇടങ്ങളിലെയും ലൈംഗികചൂഷണം തുടങ്ങിയ പ്രശ്നങ്ങളിൽ ഇടപെട്ട് പ്രവർത്തിച്ചിരുന്ന സ്ത്രീഗ്രൂപ്പുകൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നഗരമധ്യവർഗ സ്ത്രീകൾക്കിടയിൽ സജീവമായിരുന്നു. സ്ത്രീകളോടുള്ള അനീതി, ലിംഗ അസമത്വങ്ങൾ എന്നിവ സങ്കീർണസ്വഭാവമുള്ളതാണെന്ന തിരിച്ചറിവിലേയ്ക്ക് ഇവരുടെ

ഇത്തരം പ്രവർത്തനങ്ങൾ നയിച്ചു. എൺപതുകളിൽ, കുടുംബത്തിനകത്തും പുറത്തും സ്ത്രീകൾക്കെതിരെ നടക്കുന്ന ലൈംഗിക അതിക്രമ വിഷയങ്ങളിൽ സ്ത്രീപ്രസ്ഥാനങ്ങൾ ശ്രദ്ധകേന്ദ്രീകരിച്ചു. ഈ ഗ്രൂപ്പുകൾ സ്ത്രീധന സമ്പ്രദായത്തിനെതിരെ പ്രചാരണം നടത്തുകയും ലിംഗസമത്വത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യക്തി നിയമങ്ങളും സ്വത്ത് നിയമങ്ങളും ആവശ്യപ്പെടുകയും ചെയ്തു.

സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് മൊത്തത്തിലുള്ള സാമൂഹിക അവബോധം വർദ്ധിപ്പിക്കുന്നതിന് ഈ പ്രചാരണങ്ങൾ വളരെയധികം സഹായിച്ചു. വനിതാ പ്രസ്ഥാനത്തിന്റെ ശ്രദ്ധ ക്രമേണ നിയമ പരിഷ്കാരങ്ങളിൽ നിന്ന് നമ്മൾ മുകളിൽ ചർച്ച ചെയ്തതുപോലുള്ള തുറന്ന സാമൂഹിക ഏറ്റുമുട്ടലുകളിലേയ്ക്ക് വഴിമാറി. തൽഫലമായി, രാഷ്ട്രീയത്തിൽ സ്ത്രീകൾക്ക് തുല്യപ്രാധാന്യം വേണമെന്ന് തൊണ്ണൂറുകളിൽ പ്രസ്ഥാനം ആവശ്യപ്പെട്ടു. 73, 74 ഭരണഘടന ഭേദഗതികൾ പ്രാദേശിക തലത്തിലുള്ള രാഷ്ട്രീയ ഓഫീസുകളിൽ സ്ത്രീകൾക്ക് സംവരണം അനുവദിച്ചിട്ടുണ്ടെന്ന് നമുക്കറിയാം. സംസ്ഥാന, കേന്ദ്ര നിയമനിർമാണ സഭകളിലേക്കും സമാനമായ സംവരണം നീട്ടണമെന്ന് ഇവർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായി ഒരു ഭരണഘടനാ ഭേദഗതിബിൽ അവതരിപ്പിച്ചെങ്കിലും വേണ്ടത്ര പിന്തുണ പാർലമെന്റിൽ നിന്ന് ഇതുവരെ ലഭിച്ചിട്ടില്ല. ഉന്നത രാഷ്ട്രീയ ഓഫീസുകളിലേയ്ക്ക് നിർദ്ദേശിച്ചിരിക്കുന്ന നിർദ്ദിഷ്ട വനിതാ സംവരണത്തിൽ ദളിത്, ഒ.ബി.സി. വനിതകൾക്ക് പ്രത്യേക ക്വാട്ട ആവശ്യപ്പെടുന്ന ചില വനിതാഗ്രൂപ്പുകൾ ഉൾപ്പെടെയുള്ള വിഭാഗങ്ങളിൽനിന്നാണ് ഈ ബില്ലിനെതിരെ പ്രധാന എതിർപ്പുകൾ ഉയർന്നത്.

Credit: India Today



സ്ത്രീധന നിരോധന നിയമത്തെ അനുകൂലിച്ചുള്ള സ്ത്രീകളുടെ പ്രകടനം

## നമുക്കൊരു സിനിമ കാണാം

### ആക്രോശ്



ഭാര്യയെ കൊലപ്പെടുത്തിയ കേസിൽ കുറ്റാരോപിതനായ ബികു ലാഹണ്യ എന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട വ്യക്തിക്ക് നിയമസഹായം നൽകുന്നതിനായി ഭാസ്കർ കുൽക്കർണി എന്ന അഭിഭാഷകനെ ചുമതലപ്പെടുത്തി. കൊലപാതകത്തിന്റെ കാരണം കണ്ടെത്തുവാൻ ഈ അഭിഭാഷകൻ കഠിനമായി പരിശ്രമിച്ചു. എന്നാൽ, പ്രതിയും അതുപോലെ തന്നെ പ്രതിയുടെ കുടുംബവും പൂർണ നിശബ്ദത പാലിച്ചു. ഈ അഭിഭാഷകന്റെ സ്ഥിരോത്സാഹം അദ്ദേഹത്തിനെതിരായ ഒരു ആക്രമണത്തിലേയ്ക്ക് നയിച്ചുവെങ്കിലും, സംഭവിച്ച കാര്യങ്ങളെക്കുറിച്ച ഒരു സാമൂഹികപ്രവർത്തകൻ അദ്ദേഹത്തിന് സൂചന നല്കുന്നു.

പക്ഷെ, ഈ സാമൂഹ്യപ്രവർത്തകൻ അപ്രത്യക്ഷമാവുകയും ബികുവിന്റെ അച്ഛൻ മരിക്കുകയും ചെയ്യുന്നു. പിതാവിന്റെ സംസ്കാര ചടങ്ങിൽ പങ്കെടുക്കുവാൻ ബികുവിനെ അനുവദിക്കുന്നു. ഇവിടെവച്ചാണ് ബികു പൊട്ടിത്തെറിച്ച് 'ആക്രോശ്' (നിലവിളി) നടത്തുന്നത്... അടിച്ചമർത്തപ്പെട്ടവരുടെ നരകതുല്യമായ ജീവിതത്തെയും പ്രബല സാമൂഹിക ശക്തികൾക്കെതിരെയുള്ള ഏത് ഇടപെടലുകളിലും നേരിടേണ്ടിവരുന്ന കഠിന വെല്ലുവിളികളെയും വൻവിജയം നേടിയ ഈ ചിത്രം അവതരിപ്പിക്കുന്നു.

വർഷം: 1980
സംവിധായകൻ: ഗോവിന്ദ് നിഹലാനി
കഥ: വിജയ് തെണ്ടുൽക്കർ
തിരക്കഥ: സത്യദേവ് ദുബൈ
അഭിനേതാക്കൾ: നസീറുദ്ദീൻ ഷാ, ഓം പുരി, സ്മിതാ പാട്ടിൽ, നാനാ പടേക്കർ, മഹേഷ് എൽകുഞ്ച്വാർ

## നർമ്മദാ ബച്ചാവോ ആന്ദോളൻ (Narmada Bachao Andolan)




Credit: Design and People

നർമ്മദാ ബച്ചാവോ ആന്ദോളനെ പിന്തുണയ്ക്കുന്ന ഒരു പോസ്റ്റർ

നാം ഇതുവരെ ചർച്ച ചെയ്ത സാമൂഹികപ്രസ്ഥാനങ്ങൾ സ്വാതന്ത്ര്യ സമയത്ത് ഇന്ത്യ സ്വീകരിച്ച സാമ്പത്തിക വികസനമാതൃകയുടെ വിവിധ പ്രശ്നങ്ങൾ ഉയർത്തുകയുണ്ടായി. കാർഷികമേഖലയെ അവഗണിച്ചതായി കർഷകർ പരാതിപ്പെട്ടപ്പോൾ ചിപ്കോപ്രസ്ഥാനം പാരിസ്ഥിതിക ശോഷണത്തിന്റെ പ്രശ്നങ്ങൾ ഉയർത്തികൊണ്ടുവന്നു. ദളിതരുടെ സാമൂഹികവും ഭൗതികവുമായ അവസ്ഥകൾ അവരെ ബഹുജന പോരാട്ടങ്ങളിലേക്ക് നയിച്ചപ്പോൾ ചാരായവിരുദ്ധപ്രസ്ഥാനം വികസനം എന്നു കരുതപ്പെടുന്നവയുടെ വിപരീതഫലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഈ പ്രസ്ഥാനങ്ങളിലെല്ലാം അന്തർലീനമായ പ്രശ്നങ്ങളെ വെളിച്ചത്തുകൊണ്ടുവന്നത് വൻ വികസനപദ്ധതികൾമൂലം ഉണ്ടാകുന്ന കുടിയൊഴിപ്പിക്കപ്പെടലിനെതിരെ ഉയർന്നുവന്ന പ്രസ്ഥാനങ്ങളാണ്.

### സർദാർ സരോവർ പദ്ധതി (Sardar Sarovar Project)

എൺപതുകളുടെ തുടക്കത്തിൽ മധ്യ ഇന്ത്യയിലെ നർമദാ താഴ്വരയിൽ ഒരു സ്വപ്നവികസനപദ്ധതി ആരംഭിച്ചു. മധ്യപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ മൂന്ന് സംസ്ഥാനങ്ങളിലൂടെ ഒഴുകുന്ന നർമദയിലും അതിന്റെ കൈവഴികളിലും 30 വലിയ ഡാമുകളും, 135 ഇടത്തരം വലിപ്പമുള്ള ഡാമുകളും 3000 ത്തോളം ചെറിയ ഡാമുകളും നിർമിക്കുന്നതാണ് ഈ പദ്ധതി. ഗുജറാത്തിലെ സർദാർ സരോവർ പദ്ധതിയും മധ്യപ്രദേശിലെ നർമദാ സാഗർ പദ്ധതിയും ഈ പദ്ധതി പ്രകാരം ആസൂത്രണം ചെയ്ത ഏറ്റവും പ്രധാനപ്പെട്ടതും വലുതുമായ രണ്ട് വിവിധോദ്ദേശ്യ ഡാമുകളാണ്. നർമദയെ സംരക്ഷിക്കുവാനുള്ള ഒരു പ്രസ്ഥാനമായ നർമദാ ബച്ചാവോ ആന്ദോളൻ ഈ ഡാമുകളുടെ നിർമാണത്തെ എതിർക്കുകയും രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന വികസന പദ്ധതികളുടെ സ്വഭാവത്തെ ചോദ്യം ചെയ്യുകയും ചെയ്തു.

സർദാർ സരോവർ പദ്ധതി ഒരു വിവിധോദ്ദേശ്യ വൻകിട ഡാമാണ്. കുടിവെള്ള ലഭ്യത, ജലസേചനത്തിനുള്ള വെള്ളം, വൈദ്യുത ഉൽപ്പാദനം, കാർഷിക ഉല്പാദനത്തിലെ വർദ്ധനവ് എന്നിവ അടിസ്ഥാനമാക്കി നോക്കിയാൽ ഗുജറാത്തിലെ ഭൂരിഭാഗം പ്രദേശങ്ങൾക്കും മൂന്ന് സമീപ സംസ്ഥാനങ്ങൾക്കും ഈ പദ്ധതി ഗുണം ചെയ്യുമെന്ന് ഇതിന്റെ വക്താക്കൾ അവകാശപ്പെടുന്നു. ഈ പ്രദേശത്ത്, ഫലപ്രദമായ വെള്ളപ്പൊക്ക, വരൾച്ചാനിയന്ത്രണങ്ങൾ തുടങ്ങിയ നിരവധി അനുബന്ധ ആനുകൂല്യങ്ങളെ ഈ അണക്കെട്ടിന്റെ വിജയവുമായി ബന്ധിപ്പിക്കപ്പെട്ടു. എന്നാൽ ഈ അണക്കെട്ടിന്റെ നിർമാണത്തിലൂടെ ഈ സംസ്ഥാനങ്ങളിലുള്ള 245 ഗ്രാമങ്ങൾ വെള്ളത്തിൽ മുങ്ങുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. രണ്ടരലക്ഷത്തോളം ആളുകളെ ഈ ഗ്രാമങ്ങളിൽ നിന്ന് മാറ്റിപ്പാർപ്പിക്കേണ്ടത് ആവശ്യമായിരുന്നു. പദ്ധതി ബാധിക്കപ്പെട്ട ആളുകൾക്ക് വേണ്ട സ്ഥലം കണ്ടെത്തൽ, ഇവരുടെ ശരിയായ രീതിയിലുള്ള പുനരധിവാസം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ ആദ്യം ഉന്നയിച്ചത് പ്രാദേശിക സാമൂഹ്യപ്രവർത്തകരുടെ ഗ്രൂപ്പുകളാണ്. പ്രാദേശിക സന്നദ്ധസംഘടനകളുടെ ഒരു അയഞ്ഞ കൂട്ടായ്മയായ എൻ.ബി.എയുടെ ആഭിമുഖ്യത്തിൽ ഇത്തരം വിഷയങ്ങൾക്ക് മൂർത്തത കൈവന്നത് 1988-89 കാലഘട്ടത്തിലാണ്.

### സംവാദങ്ങളും പോരാട്ടങ്ങളും (Debates and Struggles)

എൻ.ബി.എ. അതിന്റെ തുടക്കം മുതൽ, സർദാർ സരോവർ പദ്ധതിയോടുള്ള അതിന്റെ എതിർപ്പിനെ നിലവിലുള്ള വികസന പദ്ധതികളുടെ സ്വഭാവം, രാജ്യം പിന്തുടരുന്ന വികസനമാതൃകയുടെ ഫലപ്രാപ്തി, ഒരു ജനാധിപത്യ സംവിധാ



Credit: NBA

നത്തിൽ പൊതുതാൽപര്യം രൂപീകരിക്കുന്ന ഘടകങ്ങൾ തുടങ്ങിയ വലിയ പ്രശ്നങ്ങളുമായി ബന്ധിപ്പിച്ചു. രാജ്യത്ത് ഇതുവരെ പൂർത്തിയാക്കിയ പ്രധാന വികസന പദ്ധതികളുടെ ഒരു ചെലവ് - പ്രയോജന വിശകലനം (Cost - benefit analysis) നടത്തണമെന്ന ഈ സംഘടന ആവശ്യപ്പെട്ടു. വികസനപദ്ധതികളുടെ വലിയ സാമൂഹ്യചെലവ് അത്തരം വിശകലനത്തിൽ നിർബന്ധമായും കണക്കാക്കണമെന്ന് ഈ പ്രസ്ഥാനം വാദിച്ചു. പദ്ധതി ബാധിതരുടെ നിർബന്ധിത പുനരധിവാസം, അവരുടെ ഉപജീവനമാർഗത്തിന്റെയും സംസ്കാരത്തിന്റെയും ഗൗരവതരമായ നഷ്ടപ്പെടൽ, പാരിസ്ഥിതിക വിഭവങ്ങളുടെ അപചയം എന്നിവ സാമൂഹ്യചെലവിൽ ഉൾപ്പെടുന്നു.




തുടക്കത്തിൽ, പദ്ധതി നേരിട്ടോ അല്ലാതെയോ ബാധിച്ച എല്ലാവരുടെയും ശരിയായതും നീതിയുക്തവുമായ പുനരധിവാസം വേണമെന്ന് പ്രസ്ഥാനം ആവശ്യപ്പെട്ടു. വൻതോതിലുള്ള വികസന പദ്ധതികളുടെ നിർമാണ കാര്യങ്ങളിലെ തീരുമാനമെടുക്കൽ പ്രക്രിയകളുടെ സ്വഭാവത്തെയും ഈ പ്രസ്ഥാനം ചോദ്യം ചെയ്തു. ഇത്തരം തീരുമാനമെടുക്കലുകളിൽ തദ്ദേശീയ സമൂഹങ്ങൾക്ക് പങ്കാളിത്തമുണ്ടാകണമെന്നും, ജലം, ഭൂമി, വനം തുടങ്ങിയ പ്രകൃതിവിഭവങ്ങളുടെമേൽ ഈ സമൂഹങ്ങൾക്ക് ഫലപ്രദമായ നിയന്ത്രണമുണ്ടായിരിക്കണമെന്നും എൻ.ബി.എ. ആവശ്യപ്പെട്ടു. ഒരു ജനാധിപത്യത്തിൽ, മറ്റുള്ളവർക്ക് പ്രയോജനപ്പെടുവാനായി കുറച്ച് ആളുകൾമാത്രം ത്യാഗം ചെയ്യേണ്ടത് എന്തുകൊണ്ടാണെന്നുള്ള ചോദ്യവും ഈപ്രസ്ഥാനം ഉയർത്തി. ഇത്തരം ചിന്തകളെല്ലാം, തങ്ങൾ തുടക്കത്തിൽ ആവശ്യപ്പെട്ട പുനരധിവാസത്തിനുവേണ്ടിയുള്ള ആവശ്യത്തിൽ നിന്ന് ഡാമിനോടുള്ള പൂർണ എതിർപ്പ് എന്ന നിലപാടിലേക്ക് എൻ.ബി.എയെ വഴിമാറ്റി.

മുകളിൽ: 2002 ൽ എൻ.ബി.എ യുടെ നേതാവ് മേധാപട്കറും മറ്റു പ്രവർത്തകരും ജലസമാധിയിൽ (ഉയരുന്ന ജലത്തിൽ പ്രതിഷേധിക്കുന്നു)

താഴെ: എൻ.ബി.എ സംഘടിപ്പിച്ച ഒരു ബോട്ട്റാലി.

ഈ പദ്ധതിയിൽനിന്ന് പ്രയോജനം ലഭിക്കുന്ന സംസ്ഥാനങ്ങളിൽ, പ്രത്യേകിച്ച് ഗുജറാത്തിൽ, ഈ പ്രസ്ഥാനത്തിന്റെ വാദങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും ശക്തമായ എതിർപ്പു നേരിടേണ്ടിവന്നു. അതേസമയം, പുനരധിവാസത്തിനുള്ള അവകാശം എന്ന കാര്യം സർക്കാരും കോടതിയും അംഗീകരിച്ചു. 2003-ൽ സർക്കാർ പാസാക്കിയ സമഗ്ര ദേശീയ പുനരധിവാസ നയം എൻ.ബി.എ പോലുള്ള പ്രസ്ഥാനങ്ങളുടെ ഒരു നേട്ടമായി കാണാം. എന്നാൽ അണക്കെട്ടിന്റെ നിർമാണം നിർത്തലാക്കണമെന്ന എൻ.ബി.എയുടെ ആവശ്യം വികസനപ്രക്രിയയെ തടസ്സപ്പെടുത്തുമെന്നും, വെള്ളം ലഭിക്കുന്നത് നിഷേധിക്കുമെന്നും, അനേകരുടെ സാമ്പത്തിക പുരോഗതിയെ തടയുമെന്നും പലരും രൂക്ഷമായി വിമർശിച്ചു. അണക്കെട്ടിന്റെ നിർമാണവു



Credit: NBA

മായി മുന്നോട്ടുപോകുവാനുള്ള സർക്കാർ തീരുമാനം സുപ്രീം കോടതി ശരിവ യ്ക്കുകയും അതേസമയം പദ്ധതി ബാധിതർക്ക് ശരിയായ പുനരധിവാസം ഉറ പ്പാക്കണമെന്ന് നിർദേശിക്കുകയും ചെയതു.

നർമദാ ബച്ചാവോ ആന്ദോളൻ അതിന്റെ നിരന്തരമായ പ്രക്ഷോഭം ഇരുപത് വർഷത്തിലേറെ തുടർന്നു. ഈ പ്രസ്ഥാനം, അതിന്റെ ആവശ്യങ്ങൾ മുന്നോട്ട് വയ്ക്കുവാൻ ലഭ്യമായ എല്ലാ ജനാധിപത്യതന്ത്രങ്ങളും ഉപയോഗിച്ചു. കോടതി കളിൽ അപ്പീൽ നൽകുക. അന്താരാഷ്ട്രതലത്തിൽ പിന്തുണ സമാഹരിക്കുക, പ്രസ്ഥാനത്തെ പിന്തുണക്കുന്നവരുടെ റാലികൾ നടത്തുക, പ്രസ്ഥാനത്തിന്റെ നിലപാടുകളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിലേക്കായി സത്യഗ്രഹ ത്തിന്റെ വിവിധ രൂപങ്ങളുടെ പുനരുജ്ജീവിപ്പിക്കൽ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇതൊക്കെയാണെങ്കിലും, പ്രതിപക്ഷ പാർട്ടികൾ ഉൾപ്പെടെയുള്ള മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ പിന്തുണ ആർജ്ജിക്കുവാൻ ഈ പ്രസ്ഥാ നത്തിന് സാധിച്ചില്ല. വാസ്തവത്തിൽ, നർമദാ ബച്ചാവോ ആന്ദോളന്റെ ഈ യാത്ര ഇന്ത്യൻ രാഷ്ട്രീയത്തിലെ രാഷ്ട്രീയ പാർട്ടികളും സാമൂഹ്യ പ്രസ്ഥാന ങ്ങളും തമ്മിലുള്ള ക്രമാനുഗതമായ വേർപിരിയൽ പ്രക്രിയയെ ചിത്രീകരിച്ചു. എന്നാൽ തൊണ്ണൂറുകളുടെ അവസാനത്തോടെ എൻ.ബി.എ. തനിച്ചായിരുന്നി ല്ല. തങ്ങളുടെ പ്രദേശത്തെ വൻകിട വികസനപദ്ധതികളുടെ യുക്തിയെ വെല്ലു വിളിക്കുന്ന നിരവധി തദ്ദേശീയ ഗ്രൂപ്പുകളും പ്രസ്ഥാനങ്ങളും ഉയർന്നുവന്നു. ഏതാണ്ട് ഇതേ സമയത്ത്, രാജ്യത്തിന്റെ വിവിധപ്രദേശങ്ങളിൽ സമാനമായ വിഷയങ്ങളിൻമേലുള്ള പോരാട്ടങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്ന ജനകീയപ്രസ്ഥാ നങ്ങളുടെ ഒരു വലിയ സഖ്യത്തിന്റെ ഭാഗമായി എൻ.ബി.എ. മാറി.

## ജനകീയ പ്രസ്ഥാനങ്ങളിൽനിന്നുള്ള പാഠങ്ങൾ
## (Lessons from Popular Movements)

ഈ ജനകീയപ്രസ്ഥാനങ്ങളുടെ ചരിത്രം ജനാധിപത്യ രാഷ്ട്രീയത്തിന്റെ സ്വഭാ വത്തെ കൂടുതൽ മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നു. ഇത്തരം പാർട്ടി ഇതര പ്രസ്ഥാനങ്ങൾ ഒറ്റപ്പെട്ടുനിൽക്കുന്ന പ്രകൃതമുള്ളവയോ അല്ലെങ്കിൽ ഒരു പ്രശ്നവിഷയമോ ആയിരുന്നില്ലെന്നും നാം കണ്ടുകഴിഞ്ഞു. കക്ഷിരാഷ്ട്രീയ ത്തിന്റെ പ്രവർത്തനങ്ങളിലെ ചില പ്രശ്നങ്ങൾ പരിഹരിക്കുവാനായാണ് ഈ പ്രസ്ഥാനങ്ങൾ മുന്നോട്ടുവന്നത്. അതിനാൽ ഈ പ്രസ്ഥാനങ്ങളെ നമ്മുടെ ജനാ ധിപത്യ രാഷ്ട്രീയത്തിന്റെ അവിഭാജ്യഘടകങ്ങളായി കാണണം. തെരഞ്ഞെടുപ്പ് രാഷ്ട്രീയ രംഗം ആരുടെ സാമ്പത്തിക-സാമൂഹിക ആവലാതികളെയാണോ പരിഹരിക്കാതിരുന്നത് അത്തരം പുത്തൻ സമൂഹികവിഭാഗങ്ങളെയാണ് അവർ പ്രതിനിധാനം ചെയ്തത്. വ്യത്യസ്ത വിഭാഗങ്ങളെയും അവരുടെ ആവശ്യങ്ങ ളുടെയും ഫലപ്രദമായ പ്രാതിനിധ്യം ജനകീയപ്രസ്ഥാനങ്ങൾ ഉറപ്പാക്കി. വലിയതരത്തിലുള്ള സാമൂഹ്യസംഘർഷങ്ങളുടെ സാധ്യതയെയും ഇത്തരം വിഭാ ഗങ്ങളുടെ ജനാധിപത്യത്തിലുള്ള താൽപര്യമില്ലായ്മയും ഈ പ്രസ്ഥാനങ്ങൾ കുറച്ചു. ജനകീയ പ്രസ്ഥാനങ്ങൾ സജീവ പങ്കാളിത്തത്തിന്റെ പുതിയരൂപങ്ങൾ നിർദേശിക്കുകയും അതുവഴി ഇന്ത്യൻ ജനാധിപത്യത്തിൽ പങ്കാളിത്തം എന്ന ആശയത്തെ വിശാലമാക്കുകയും ചെയ്തു.



ജനകീയപ്രസ്ഥാനങ്ങൾ രാഷ്ട്രീയ പരീക്ഷണശാലകളാണെന്ന് നമുക്ക് പറയാൻ കഴിയുമോ?

പുതിയ പരീക്ഷണങ്ങൾ ഇവിടെ നട ത്തുകയും വിജയകരമായവ പാർട്ടി കൾ ഏറ്റെടുക്കുകയും ചെയ്യുന്നു.

സമരങ്ങൾ, കുത്തിയിരിപ്പ്, റാലികൾ തുടങ്ങിയ കൂട്ടായ പ്രവർത്തനങ്ങൾ, ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതെന്നും തീരുമാനങ്ങൾ എടുക്കുന്നതിൽ കാലതാമസം വരുത്തുന്നതെന്നും ജനാധിപത്യത്തിന്റെ പതിവു പ്രവർത്തനങ്ങളെ അസ്ഥിരമാക്കുന്നതെന്നും ഈ പ്രസ്ഥാനങ്ങളുടെ വിമർശകർ പലപ്പോഴും വാദിക്കാറുണ്ട്. അത്തരമൊരു വാദഗതി ആഴമേറിയ ഒരു ചോദ്യത്തെ ക്ഷണിച്ചുവരുത്തുന്നു. എന്തുകൊണ്ടാണ് ഈ പ്രസ്ഥാനങ്ങൾ ഇത്തരം കടുത്ത പ്രവർത്തനരീതികളിലേക്ക് തിരിയുന്നത്? ജനകീയപ്രസ്ഥാനങ്ങൾ ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ ഉന്നയിക്കുകയും പൗരന്മാരുടെ വലിയ തോതിലുള്ള പങ്കാളിത്തം ഉൾക്കൊള്ളുകയും ചെയ്തതായി ഈ അധ്യായത്തിൽ നാം കണ്ടു.




ചെറിയ മാഗസിനുകളുടെ രൂപത്തിൽ ജനകീയ പ്രസ്ഥാനങ്ങൾ പലപ്പോഴും വൈവിധ്യമാർന്ന സാഹിത്യരചനകൾ നടത്തിയിട്ടുണ്ട്. അവയിൽ ചിലതാണ് ഇവിടെ നൽകിയിരിക്കുന്നത്.

### വിവരാവകാശത്തിനുവേണ്ടിയുള്ള പ്രസ്ഥാനം (Movement for Right to Information)




Credit: Pankaj Pushkar

**"ഗോതല രഥയാത്ര", എം.കെ.എസ്.എസ്. വികസിപ്പിച്ചെടുത്ത ഒരു നാടകരൂപം**

ഗവൺമെന്റിനെകൊണ്ട് തങ്ങളുടെ പ്രധാന ആവശ്യം അംഗീകരിപ്പിക്കുന്നതിൽ വിജയിച്ച ചുരുക്കം ചില പ്രസ്ഥാനങ്ങളിൽ ഒന്നിന്റെ സമീപകാല ഉദാഹരണമാണ് വിവരാവകാശത്തിനുവേണ്ടിയുള്ള പ്രസ്ഥാനം. 1990-ൽ രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘതൻ (MKSS) എന്ന ബഹുജനസംഘടന ക്ഷാമദുരിതാശ്വാസ പ്രവർത്തനങ്ങളുടെ രേഖകളും ഇതുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ കണക്കും ആവശ്യപ്പെടുവാൻ മുൻകൈ എടുത്തപ്പോഴാണ് ഈ പ്രസ്ഥാനം ആരംഭിച്ചത്. രാജസ്ഥാനിലെ വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമായ ഭീം തെഹ്സിലിലാണ് ഈ ആവശ്യം ആദ്യമായി ഉന്നയിക്കപ്പെട്ടത്. സ്കൂളുകൾ, ഔഷധ വിതരണ കേന്ദ്രങ്ങൾ, ചെറിയ ഡാമുകൾ, സാമൂഹ്യ കേന്ദ്രങ്ങൾ എന്നിവയുടെ നിർമാണത്തിന് വേതനം നൽകപ്പെട്ട തൊഴിലാളികളുടെ ഹാജർപുസ്തകത്തിലെ പേരുകൾ, ബില്ലുകളുടെയും രസീതുകളുടെയും പകർപ്പുകൾ എന്നിവ ചോദിച്ചതിലൂടെ ഗ്രാമവാസികൾ തങ്ങളുടെ അറിയുവാനുള്ള അവകാശം ശക്തമായി ഉന്നയിച്ചു. രേഖകളിൽ അത്തരം വികസനപദ്ധതികളെല്ലാം പൂർത്തീകരിക്കപ്പെട്ടിരുന്നു വെങ്കിലും ഫണ്ടുകളിൽ വൻതിരിമറി നടന്നിട്ടുണ്ട് എന്നത് ഗ്രാമവാസികൾക്കെല്ലാം അറിയാമായിരുന്നു. 1994-ലും 1996-ലും എം.കെ.എസ്.എസ്. *ജൻ സുൻവായിസ്* അഥവാ പൊതുവിചാരണ സംഘടിപ്പിക്കുകയും ഭരണകൂടത്തോട് അതിന്റെ നിലപാടുകൾ അവിടെ പരസ്യമായി വിശദീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.

പഞ്ചായത്ത് കൈവശം വച്ചിരുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ വാങ്ങാൻ പൊതുജനങ്ങളെ അനുവദിക്കുന്നതിനായി രാജസ്ഥാൻ പഞ്ചായത്ത് രാജ് നിയമത്തിൽ ഒരു ഭേദഗതി വരുത്തുവാൻ സമ്മർദം ചെലുത്തി അത് സാധിച്ചപ്പോൾ ഈ പ്രസ്ഥാനത്തിന് ഒരു ചെറിയ വിജയമുണ്ടായി. ബജറ്റ്, അക്കൗണ്ടുകൾ, ചെലവ്, നയങ്ങൾ, ഗുണഭോക്താക്കളുടെ വിവരങ്ങൾ എന്നിവ പഞ്ചായത്തിന് ഒരു നോട്ടീസ് ബോർഡിലും പത്രങ്ങളിലും പ്രസിദ്ധീകരിക്കേണ്ടി വന്നു. വിവരാവകാശത്തെ ഒരു ദേശീയ വിഷയമായി ഉയർത്തുന്നതിനുള്ള പ്രചരണത്തിന്റെ ഭാഗമായി, 1996-ൽ ഡൽഹിയിൽ, എം.കെ.എസ്.എസ് ജനങ്ങളുടെ വിവരാവകാശത്തിനായുള്ള ദേശീയ സമിതി (National Council for People's Right to Information) രൂപീകരിച്ചു. ഇതിനു മുമ്പുതന്നെ, ഉപഭോക്തൃ വിദ്യാഭ്യാസ ഗവേഷണകേന്ദ്രം, പ്രസ് കൗൺസിൽ, ഷൂറി കമ്മറ്റി എന്നിവ വിവരാവകാശ നിയമത്തിനുവേണ്ടിയുള്ള ഒരു കരട് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. 2002 ഒരു ദുർബലമായ വിവര സ്വാതന്ത്ര്യ നിയമം നിർമിക്കപ്പെട്ടുവെങ്കിലും അത് ഒരിക്കലും പ്രാബല്യത്തിൽ വന്നില്ല. 2004-ൽ വിവരാവകാശ ബിൽ പാർലമെന്റ് പാസാക്കുകയും 2005 ജൂണിൽ രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും ചെയ്തു.




Credit: Sudhir Tailang/UNDP and Planning Commission

നമുക്ക് പരീക്ഷിക്കാം

കഴിഞ്ഞ 25 വർഷത്തിനുള്ളിൽ നിങ്ങളുടെ നഗരത്തിലോ ജില്ലയിലോ ഉടലെടുത്ത ഒരു ജനകീയപ്രസ്ഥാനത്തെയെങ്കിലും തിരിച്ചറിയുക. ആ പ്രസ്ഥാനത്തെ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ശേഖരിക്കുക.

- എന്നാണിത് ആരംഭിച്ചത്? എത്രകാലമിത് നീണ്ടുനിന്നു?
- ആരൊക്കെയായിരുന്നു ഇതിന്റെ പ്രധാന നേതാക്കന്മാർ? ഏതൊക്കെ സാമൂഹിക വിഭാഗങ്ങളാണ് ഈ പ്രസ്ഥാനത്തെ പിന്തുണച്ചത്?
- ഈ പ്രസ്ഥാനത്തിന്റെ പ്രധാനപ്പെട്ട വിഷയങ്ങൾ അഥവാ ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു?
- ഇത് വിജയിച്ചോ? നിങ്ങളുടെ പ്രദേശത്ത് ഈ പ്രസ്ഥാനമുണ്ടാക്കിയ ദൂരവ്യാപകഫലങ്ങൾ എന്തൊക്കെയാണ്?

ഇത്തരം പ്രസ്ഥാനങ്ങളാൽ അണിനിരക്കപ്പെട്ടവർ, ദരിദ്രരും, പാർശ്വവൽക്കരിക്കപ്പെട്ട സാമൂഹികവിഭാഗങ്ങളിലെ സാമ്പത്തികവും സാമൂഹികവുമായി പിന്നാക്കംനിൽക്കുന്ന ജനവിഭാഗങ്ങളുമാണെന്നുള്ള കാര്യം നാം ശ്രദ്ധിക്കണം. പതിവ് ജനാധിപത്യ പ്രവർത്തനങ്ങളിൽ ഈ സാമൂഹികവിഭാഗങ്ങളുടെ ശബ്ദത്തിന് മതിയായ ഇടമില്ലായിരുന്നു എന്നാണ് ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും വഴികളും സൂചിപ്പിക്കുന്നത്. അതുകൊണ്ടായിരിക്കാം തെരെഞ്ഞെടുപ്പ് രംഗത്തിന് പുറത്തുള്ള ബഹുജന പ്രവർത്തനങ്ങളിലേക്കും കൂട്ടായ്മകളിലേക്കും ഈ വിഭാഗങ്ങൾ തിരിഞ്ഞത്.

സമീപകാല പുത്തൻ സാമ്പത്തികനയങ്ങളിൽ ഇത് കാണുവാൻ സാധിക്കും. ഇത്തരം നയങ്ങൾ നടപ്പാക്കുന്നതിൽ രാഷ്ട്രീയപാർട്ടികളുടെ ഇടയിൽ ഒരു അഭിപ്രായ സമന്വയമുണ്ട്. ഇതിനെക്കുറിച്ച് നിങ്ങൾ ഒൻപതാം അധ്യായത്തിൽ വായിക്കും. ഈ നയങ്ങൾ പ്രതികൂലമായി ബാധിച്ചേക്കാവുന്ന പാർശ്വവൽക്കരിക്കപ്പെട്ട സാമൂഹ്യവിഭാഗങ്ങൾക്ക് രാഷ്ട്രീയപാർട്ടികളിൽനിന്നും മാധ്യമങ്ങളിൽനിന്നും വളരെക്കുറച്ച് ശ്രദ്ധയാണ് ലഭിക്കുന്നത്. അതിനാൽ, ഇത്തരം നയങ്ങൾക്കെതിരെയുള്ള ഫലപ്രദമായ പ്രതിഷേധം രാഷ്ട്രീയപാർട്ടികളുടെ ചട്ടക്കൂടിന് പുറത്തുള്ള ജനകീയപ്രസ്ഥാനങ്ങൾ സ്വീകരിക്കുന്ന ഉറച്ച പ്രവർത്തനങ്ങളാണ്.

പ്രസ്ഥാനങ്ങൾ കൂട്ടായ അവകാശവാദങ്ങൾ മാത്രമോ അല്ലെങ്കിൽ റാലികളോ പ്രതിഷേധങ്ങളോ മാത്രമല്ല. സമാനപ്രശ്നങ്ങളും സമാന ആവശ്യങ്ങളും സമാനപ്രതീക്ഷകളുമുള്ള ജനങ്ങൾ ക്രമേണ ഒരുമിക്കുന്ന ഒരു പ്രക്രിയ ഇതിൽ ഉൾപ്പെടുന്നു. അപ്പോൾ പ്രസ്ഥാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ജനങ്ങളെ അവരുടെ അവകാശങ്ങളെക്കുറിച്ചും ജനാധിപത്യ സ്ഥാപനങ്ങളിൽ നിന്ന് അവർ പ്രതീക്ഷിക്കേണ്ടവയെക്കുറിച്ചും അവരെ ബോധവാന്മാരാക്കുക എന്നതു കൂടിയാണ്. ഇത്തരത്തിലുള്ള ബോധനപ്രവർത്തനങ്ങളിൽ ഇന്ത്യയിലെ സാമൂഹ്യപ്രസ്ഥാനങ്ങൾ വളരെക്കാലമായി ഏർപ്പെട്ടിരിക്കുന്നു. അതിനാൽത്തന്നെ ജനാധിപത്യത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നതിന് പകരം ജനാധിപത്യത്തിന്റെ വ്യാപനത്തിന് തന്നെ ഇത്തരം പ്രസ്ഥാനങ്ങൾ സഹായിച്ചു. വിവരാവകാശത്തിനായുള്ള പോരാട്ടം ഇതിനൊരുദാഹരണമാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും പൊതുനയങ്ങളുടെ സ്വഭാവത്തിൻമേലുള്ള ഈ പ്രസ്ഥാനങ്ങളുടെ സ്വാധീനം വളരെ പരിമിതമായി കാണപ്പെടുന്നു. സമകാലിക പ്രസ്ഥാനങ്ങളിൽ ഭൂരിപക്ഷവും ഒരൊറ്റ വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും സമൂഹത്തിലെ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ താൽപര്യങ്ങളെ മാത്രം പ്രതിനിധീകരിക്കുകയും ചെയ്യുന്നു എന്നതാണ് ഇതിന്റെ ഭാഗിക കാരണം. അതുകൊണ്ടുതന്നെ, ഇവരുടെ ന്യായമായ ആവശ്യങ്ങൾപോലും അവഗണിക്കുവാൻ കഴിയും. ജനാധിപത്യരാഷ്ട്രീയത്തിൽ, പിന്നോക്കം നിൽക്കുന്ന വിവിധ സാമൂഹികവിഭാഗങ്ങളുടെ വിശാലമായ സഖ്യം ആവശ്യമാണ്. ഈ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ഇത്തരമൊരു സഖ്യം രൂപപ്പെടുന്നതായി കാണുന്നില്ല. വ്യത്യസ്ത വിഭാഗങ്ങളുടെ താൽപര്യങ്ങളെ രാഷ്ട്രീയപാർട്ടികൾ ഒരുമിപ്പിക്കേണ്ടതുണ്ട്. എന്നാൽ അവർക്കും ഇത് ചെയ്യാൻ കഴിയില്ലെന്ന് തോന്നുന്നു. പാർശ്വവൽക്കരിക്കപ്പെട്ട സാമൂഹികവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പാർട്ടികൾ ഏറ്റെടുക്കുന്നതായി കാണുന്നില്ല. ഇത്തരം വിഷയങ്ങളെ ഏറ്റെടുക്കുന്ന പ്രസ്ഥാനങ്ങൾപോലും വളരെ നിയന്ത്രിതമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. ജനകീയപ്രസ്ഥാനങ്ങളും രാഷ്ട്രീയ പാർട്ടികളും തമ്മിലുള്ള ബന്ധം കാലങ്ങളായി ദുർബലമായിക്കൊണ്ടിരിക്കുകയാണ്. ഇത് രാഷ്ട്രീയത്തിൽ ഒരു ശൂന്യത സൃഷ്ടിക്കുന്നു. ഈ അടുത്തകാലത്ത്, ഇത് ഇന്ത്യൻ രാഷ്ട്രീയത്തിലെ ഒരു പ്രധാന പ്രശ്നമായി മാറിയിരിക്കുന്നു.

## അഭ്യാസം

1. ഈ പ്രസ്താവനകളിൽ തെറ്റായത് ഏതൊക്കെയാണ്?

   ചിപ്‌കോ പ്രസ്ഥാനം

   a) മരം മുറിക്കൽ തടയുന്നതിനുള്ള ഒരു പരിസ്ഥിതി പ്രസ്ഥാനമായിരുന്നു.

   b) പാരിസ്ഥിതികവും സാമ്പത്തികവുമായ ചൂഷണത്തെ സംബന്ധിച്ച ചോദ്യങ്ങൾ ഉന്നയിച്ചു.

   c) മദ്യപാനത്തിനെതിരെ സ്ത്രീകൾ ആരംഭിച്ച ഒരു പ്രസ്ഥാനമായിരുന്നു.

   d) തദ്ദേശീയ സമൂഹങ്ങൾക്ക് അവരുടെ പ്രകൃതിവിഭവങ്ങളുടെമേൽ നിയന്ത്രണമുണ്ടായിരിക്കണമെന്ന് വാദിച്ചു.

2. താഴെ തന്നിരിക്കുന്ന പ്രസ്താവനകിൽ ചിലത് തെറ്റാണ്. തെറ്റായവയെ കണ്ടെത്തി ആവശ്യമായ തിരുത്തലുകൾ വരുത്തി അവ മാറ്റിയെഴുതുക.

   a) സാമൂഹികപ്രസ്ഥാനങ്ങൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു.

   b) സാമൂഹികപ്രസ്ഥാനങ്ങളുടെ ശക്തി വിവിധ സാമൂഹികവിഭാഗങ്ങൾക്കിടയിൽ ഇവർക്കുള്ള ബഹുജന അടിത്തറയാണ്.

   c) രാഷ്ട്രീയപാർട്ടികൾ അഭിസംബോധന ചെയ്യാത്ത ധാരാളം പ്രശ്നങ്ങൾ ഇവിടെയുള്ളതിനാൽ ഇന്ത്യയിൽ സാമൂഹികപ്രസ്ഥാനങ്ങൾ ഉയർന്നുവന്നു.

3. 1970-കളുടെ തുടക്കത്തിൽ യു.പിയിൽ ചിപ്‌കോ പ്രസ്ഥാനം ആരംഭിക്കാനിടയാക്കിയ കാരണങ്ങൾ കണ്ടെത്തുക. ഈ പ്രസ്ഥാനത്തിന്റെ പരിണിത ഫലമെന്തായിരുന്നു?

4. കർഷകരുടെ ദുരവസ്ഥയെ ഉയർത്തിക്കാട്ടിയ ഒരു മുൻനിര സംഘടനയായിരുന്നു ഭാരതീയ കിസാൻ യൂണിയൻ. 1990-കളിൽ ഈ സംഘടന അഭിസംബോധന ചെയ്ത പ്രധാന വിഷയങ്ങൾ എന്തൊക്കെയായിരുന്നു? ലക്ഷ്യങ്ങൾ നേടുന്നതിൽ ഈ സംഘടന എത്രത്തോളം വിജയിച്ചു?

5. ആന്ധ്രാപ്രദേശിലെ ചാരായവിരുദ്ധ പ്രസ്ഥാനം ചില ഗൗരവതരമായ പ്രശ്നങ്ങളിലേക്ക് രാജ്യത്തിന്റെ ശ്രദ്ധ ആകർഷിച്ചു. എന്തൊക്കെയായിരുന്നു ഈ പ്രശ്നങ്ങൾ?

6. ചാരായ വിരുദ്ധ പ്രസ്ഥാനത്തെ ഒരു സ്ത്രീ പ്രസ്ഥാനമായി നിങ്ങൾ പരിഗണിക്കുമോ? എന്തുകൊണ്ട്?

7. നർമദാ താഴ്‌വരയിലെ ഡാം പദ്ധതികളെ നർമദാ ബച്ചാവോ ആന്ദോളൻ എതിർത്തതെന്തുകൊണ്ട്?

8. ഒരു രാജ്യത്തെ പ്രസ്ഥാനങ്ങളും പ്രതിഷേധങ്ങളും ജനാധിപത്യത്തെ ശക്തിപ്പെടുത്തുമോ? ഉദാഹരണങ്ങൾ സഹിതം നിങ്ങളുടെ ഉത്തരത്തെ ന്യായീകരിക്കുക?

9. എന്തൊക്കെ പ്രശ്നങ്ങളാണ് ദളിത് പാന്തേഴ്സ് ഉന്നയിച്ചത്?

10. ഈ ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

    *...പരിസ്ഥിതി നാശം, സ്ത്രീകളുടെ പദവിയുടെ ലംഘനം, ഗോത്ര സംസ്കാരത്തെ നശിപ്പിക്കൽ, മനുഷ്യാവകാശങ്ങളെ ദുർബലപ്പെടുത്തൽ എന്നിങ്ങനെയുള്ള പുത്തൻപ്രശ്നങ്ങളുടെ പരിഹാരം എന്ന നിലയിലാണ് മിക്ക നവ സാമൂഹികപ്രസ്ഥാനങ്ങളും ഉയർന്നുവന്നത്. സാമൂഹികക്രമത്തെ പരിവർത്തനപ്പെടുത്തുവാൻ ശേഷിയുള്ളവയായിരുന്നില്ല ഇവയൊന്നും. ഈ അർഥത്തിൽ പഴയ വിപ്ലവ പ്രത്യയശാസ്ത്രങ്ങളിൽനിന്നും ഇവ തികച്ചും വ്യത്യസ്തമാണ്. വലിയ തോതിൽ വിഘടിച്ചുനിൽക്കുന്നുവെന്നതാണ് ഇത്തരം പ്രസ്ഥാനങ്ങളുടെ ഏറ്റവും വലിയ ദൗർബല്യം.... നവ സാമൂഹികപ്രസ്ഥാനങ്ങൾ കയ്യടക്കിയ ഒരു വലിയ ഇടം ഇപ്പോൾ പ്രതിസന്ധിയിലാണെന്ന്*

*കാണാം... ഐക്യവും ദൃഢതയുമുള്ള ഒരു ജനകീയപ്രസ്ഥാനത്തിന്റെ രൂപത്തിൽ യഥാർത്ഥ മർദിതർക്കും പാവപ്പെട്ടവർക്കും ഉപകാരമുള്ള ഒന്നായി തീരുന്നതിൽനിന്നും അവയുടെതന്നെ നിരവധി സവിശേഷതകൾ അവയെ തടയുകയുണ്ടായി. ഇവ തികച്ചും ശിഥിലവും പ്രതിലോമകരവും, താത്കാലികവും, അതുപോലെതന്നെ സാമൂഹിക മാറ്റത്തിനുവേണ്ടിയുള്ള ഒരു സമഗ്ര ചട്ടക്കൂട് പ്രദാനം ചെയ്യാത്തവയുമാണ്. ഇവർ അതിനു വിരുദ്ധമോ ഇതിനു വിരുദ്ധമോ (പാശ്ചാത്യ വിരുദ്ധം, മുതലാളിത്ത വിരുദ്ധം, വികസന വിരുദ്ധം തുടങ്ങിയ) എന്നത് മർദിതരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ സമൂഹങ്ങൾക്ക് ഇവയെ കൂടുതൽ ആകർഷണീയമോ പ്രസക്തമോ ആക്കുന്നില്ല...* **–രജനി കോത്താരി**

a) വിപ്ലവ പ്രത്യയശാസ്ത്രങ്ങളും നവ സാമൂഹികപ്രസ്ഥാനങ്ങളും തമ്മിലുള്ള വ്യത്യാസമെന്താണ്?

b) എഴുത്തുകാരന്റെ അഭിപ്രായത്തിൽ, സാമൂഹികപ്രസ്ഥാനങ്ങളുടെ പരിമിതികൾ എന്തെല്ലാമാണ്?

c) സാമൂഹികപ്രസ്ഥാനങ്ങൾ ചില പ്രത്യേക വിഷയങ്ങൾ അഭിമുഖീകരിക്കുകയാണെങ്കിൽ, അവ "ശിഥിലീകരിക്കപ്പെട്ടിരിക്കുന്നു" എന്നാണോ അതോ അവ ഈ വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു എന്നാണോ നിങ്ങൾ പറയുക? ഉദാഹരണങ്ങൾ നൽകി നിങ്ങളുടെ ഉത്തരത്തെ സാധൂകരിക്കുക.

## നമുക്കിത് ഒരുമിച്ച് ചെയ്യാം

ഒരാഴ്ചത്തേക്ക് പത്രവാർത്തകൾ പിന്തുടർന്ന് "ജനകീയപ്രസ്ഥാനം" എന്ന് നിങ്ങൾക്ക് തരംതിരിക്കാൻ കഴിയുന്ന ഏതെങ്കിലും മൂന്ന് വാർത്തകൾ തിരിച്ചറിയുക. ഈ പ്രസ്ഥാനങ്ങളുടെ മുഖ്യ ആവശ്യങ്ങൾ, ഈ ആവശ്യങ്ങൾ നേടാൻ അവരുപയോഗിക്കുന്ന മാർഗങ്ങൾ, ഇവരുടെ ഈ ആവശ്യങ്ങളോടുള്ള രാഷ്ട്രീയപാർട്ടികളുടെ പ്രതികരണം എന്നിവ കണ്ടെത്തുക.




പ്രാദേശിക അഭിലാഷങ്ങൾ സാധാരണയായി പ്രകടിപ്പിക്കപ്പെടുന്നത് പ്രദേശത്തിന്റെ ഭാഷയിലാണ്. അത് പ്രാദേശിക ജനങ്ങളെ അല്ലെങ്കിൽ ഭരണാധികാരികളെ അഭിസംബോധന ചെയ്യുന്നു. ഈ അസാധാരണമായ പോസ്റ്ററിലൂടെ ഉത്തരാഖണ്ഡ് പ്രസ്ഥാനം ഏഴ് വ്യത്യസ്ത ഭാഷകളിൽ ഇന്ത്യയിലെ മുഴുവൻ പൗരന്മാരുടെയും പിന്തുണ അഭ്യർഥിക്കുന്നു. പ്രാദേശിക അഭിലാഷങ്ങൾക്ക് ദേശീയ വികാരവുമായുള്ള പൊരുത്തം ഇങ്ങനെ അടിവരയിട്ട് പറയുന്നു.

**ഈ അധ്യായത്തിൽ...**

ഈ പുസ്തകത്തിന്റെ ഒന്നാമത്തെ അധ്യായത്തിൽ സ്വാതന്ത്ര്യത്തിനുശേഷമുള്ള ആദ്യ ദശാബ്ദത്തിലെ രാഷ്ട്രനിർമാണ പ്രക്രിയയെക്കുറിച്ച് നാം പഠിച്ചു. എന്നാൽ രാഷ്ട്രനിർമാണമെന്നത് എക്കാലത്തേക്കുമായി പൂർത്തിയാക്കാൻ കഴിയുന്ന ഒന്നല്ല. കാലക്രമേണ പുതിയ വെല്ലുവിളികൾ ഉയർന്നു വരികയുണ്ടായി. പഴയ ചില പ്രശ്നങ്ങൾ ഒരിക്കൽപോലും പൂർണമായി പരിഹരിക്കപ്പെട്ടിരുന്നുമില്ല. ജനാധിപത്യപരീക്ഷണം യാഥാർഥ്യമായതോടെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള ജനങ്ങൾ സ്വയം ഭരണത്തിനുവേണ്ടിയുള്ള അഭിലാഷങ്ങൾ പ്രകടിപ്പിക്കാൻ തുടങ്ങി. ചിലപ്പോഴൊക്കെ ഇത്തരം അഭിലാഷങ്ങൾ പ്രകടിപ്പിക്കപ്പെട്ടത് ഇന്ത്യൻ യൂണിയന്റെ ചട്ടക്കൂടിന് പുറത്തായിരുന്നു. ഇത് ജനങ്ങളുടെ സുദീർഘമായ സമരങ്ങൾക്കും, അക്രമണോത്സുകമായ സായുധ സംഘർഷങ്ങൾക്കും സാക്ഷ്യം വഹിക്കുകയുണ്ടായി. ജനതാ പരീക്ഷണം അവസാനിക്കുകയും കേന്ദ്രത്തിൽ രാഷ്ട്രീയസ്ഥിരത ഉണ്ടാവുകയും ചെയ്ത 1980-കളിലാണ് ഈ പുത്തൻ വെല്ലുവിളികൾ മുൻനിരയിലേക്കെത്തിയത്. രാജ്യത്തെ വിവിധ പ്രദേശങ്ങളിൽ പ്രത്യേകിച്ചും അസം, പഞ്ചാബ്, മിസോറാം, ജമ്മു കാശ്മീരിലെ സംഭവ വികാസങ്ങൾ തുടങ്ങി ചില പ്രധാന സംഘർഷങ്ങളുടെയും കരാറുകളുടെയും പേരിലാണ് ഈ ദശാബ്ദം ഓർമിക്കപ്പെടുന്നത്. ഈ അധ്യായത്തിൽ നമ്മൾ ഈ വിഷയങ്ങൾ പഠിക്കുന്നതിലൂടെ പൊതുവായ ചില ചോദ്യങ്ങൾ ഉന്നയിക്കാവുന്നതാണ്.

- പ്രാദേശിക അഭിലാഷങ്ങളിലൂടെ ഉയർന്നുവന്ന സംഘർഷങ്ങൾക്ക് കാരണമായ ഘടകങ്ങൾ എന്തെല്ലാമാണ്.
- ഇത്തരം സംഘർഷങ്ങളോടും വെല്ലുവിളികളോടും ഇന്ത്യ എങ്ങനെയാണ് പ്രതികരിച്ചത്.
- ജനാധിപത്യ അവകാശങ്ങളെ ദേശീയ ഐക്യവുമായി സന്തുലിതമാക്കുന്നതിന് എന്തെല്ലാം തരത്തിലുള്ള വിഷയങ്ങളാണ് അഭിമുഖീകരിച്ചത്.
- ഒരു ജനാധിപത്യത്തിൽ വൈവിദ്ധ്യങ്ങൾക്കിടയിലും ഐക്യം നേടുന്നതിന് ഇവിടെയുള്ള പാഠങ്ങൾ എന്തെല്ലാമാണ്.

അദ്ധ്യായം 8

# പ്രാദേശിക അഭിലാഷങ്ങൾ (REGIONAL ASPIRATIONS)

## പ്രദേശവും രാഷ്ട്രവും (Region and Nation)

പലപ്പോഴും ഇന്ത്യൻ യൂണിയന്റെ ചട്ടക്കൂടിന് പുറത്ത് സ്വയം ഭരണത്തിനുവേണ്ടിയുള്ള പ്രാദേശിക അഭിലാഷങ്ങൾ ഉയർന്നു വന്ന കാലഘട്ടമായിരുന്നു 1980 കൾ. ജനങ്ങളുടെ തുടരെതുടരെയുള്ള സായുധസംഘർഷങ്ങൾ, ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായ അവയുടെ അടിച്ചമർത്തൽ, രാഷ്ട്രീയ തിരഞ്ഞെടുപ്പു പ്രക്രിയകളുടെ തകർച്ച തുടങ്ങിയവയിൽ ഈ പ്രസ്ഥാനങ്ങൾ ഏർപ്പെട്ടു. ഈ സമരങ്ങളൊക്കെ സുദീർഘമായിരുന്നു എന്നതും കേന്ദ്രഗവൺമെന്റും സ്വയംഭരണ പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്ന വിഭാഗങ്ങളുമായും നടന്ന ചർച്ചകളിലൂടെ അഥവാ കരാറുകളിലൂടെ അവ പരിഹരിച്ചു എന്നത് ഒട്ടും അതിശയകരമല്ല. വിവാദമായ പ്രശ്നങ്ങൾ ഭരണഘടനാ ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ട് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ ചർച്ചകൾക്കുശേഷമാണ് കരാറുകളിൽ എത്തിചേർന്നത്. എന്നാലും കരാറിലേക്കുള്ള യാത്ര പ്രക്ഷുബ്ധവും അക്രമോത്സുകവും ആയിരുന്നു.

### ഇന്ത്യയുടെ സമീപനം (Indian approach)

ഇന്ത്യൻ ഭരണഘടനയും രാഷ്ട്രനിർമാണപ്രക്രിയയും പഠിക്കുമ്പോൾ വൈവിദ്ധ്യത്തോടുള്ള ഇന്ത്യൻ സമീപനത്തിന്റെ അടിസ്ഥാനതത്വങ്ങളിലൂടെ നാം ആവർത്തിച്ചു കടുന്നുപോവുകയുണ്ടായി - വിവിധ പ്രദേശങ്ങൾക്കും ഭാഷാവിഭാഗങ്ങൾക്കും അവരുടെ സംസ്കാരം നിലനിർത്തുന്നതിനുള്ള അവകാശം ഇന്ത്യ നിരസിക്കുവാൻ പാടില്ല. അതിനെ രൂപീകരിച്ച വ്യതിരിക്തമായ അനേകം സംസ്കാരങ്ങൾ നഷ്ടപ്പെടുത്താതെ ഒരു ഏകീകൃത സാമൂഹികജീവിതം നയിക്കുവാനാണ് നാം തീരുമാനിച്ചത്. ഐക്യം, വൈവിദ്ധ്യം എന്നീ തത്വങ്ങളെ സന്തുലിതമാക്കാനാണ് ഇന്ത്യൻ ദേശീയത ശ്രമിച്ചത്. ദേശം എന്നതു കൊണ്ട് പ്രാദേശികതയെ അവഗണിക്കുക എന്നല്ല അർഥമാക്കുന്നത്. ഈ അർഥത്തിൽ സാംസ്കാരിക വൈവിദ്ധ്യത്തെ ദേശത്തിന് ഭീഷണിയായി കണ്ട പല യൂറോപ്യൻ രാജ്യങ്ങളുടേതിൽ നിന്നും ഇന്ത്യൻ സമീപനം തികച്ചും വ്യത്യസ്തമായിരുന്നു.

വൈവിധ്യമെന്ന വിഷയത്തോട് ഒരു ജനാധിപത്യ സമീപനമാണ് ഇന്ത്യ സ്വീകരിച്ചത്. പ്രാദേശീക അഭിലാഷങ്ങളുടെ രാഷ്ട്രീയ ആവിഷ്കരണം ജനാധിപത്യം അനുവദിക്കുന്നു. അല്ലാതെ അവയെ ദേശവിരുദ്ധമായ ഒന്നായി നോക്കികാണുന്നില്ല. കൂടാതെ പ്രാദേശിക സ്വത്വം അഭിലാഷങ്ങൾ, പ്രാദേശിക പ്രശ്നങ്ങൾ എന്നിവ അടിസ്ഥാനമാക്കി ജനങ്ങളെ അഭിസംബോധന ചെയ്യുവാൻ പാർട്ടികളെയും, സമൂഹങ്ങളെയും ജനാധിപത്യരാഷ്ട്രീയം അനുവദിക്കുന്നു. ഇങ്ങനെ ജനാധിപത്യ രാഷ്ട്രീയത്തിലൂടെ പ്രാദേശിക അഭിലാഷങ്ങൾ ശക്തമാക്കപ്പെടുന്നു. അതോടൊപ്പം തന്നെ നയരൂപീകരണ പ്രക്രിയയിൽ പ്രാദേശിക വിഷയങ്ങൾക്കും പ്രശ്നങ്ങൾക്കും മതിയായ ശ്രദ്ധയും പരിഗണനയും ലഭിക്കുന്നു എന്നും കൂടി ജനാധിപത്യ രാഷ്ട്രീയം അർഥമാക്കുന്നു.

അത്തരമൊരു ക്രമീകരണം ചിലപ്പോഴൊക്കെ സംഘർഷങ്ങളിലേക്കും പ്രശ്നങ്ങളിലേക്കും നയിക്കാറുണ്ട്. ചിലപ്പോഴൊക്കെ ദേശീയ ഐക്യത്തെകുറിച്ചുള്ള ഉത്കണ്ഠ പ്രാദേശിക ആവശ്യങ്ങളും അഭിലാഷങ്ങളും അവഗണിക്കപ്പെടുന്നതിന് ഇടയാക്കിയിട്ടുണ്ട്. മറ്റു ചില സമയങ്ങളിൽ പ്രാദേശികതയെ സംബന്ധിച്ച ആശങ്കകൾ ദേശത്തിന്റെ വിശാലമായ താൽപര്യത്തിന്റെ പേരിൽ നമ്മെ അന്ധമാക്കും. അതുകൊണ്ടു തന്നെ പ്രദേശങ്ങളിലെ അധികാര പ്രശ്നങ്ങളെ അടിസ്ഥാനമാക്കിയുള്ള രാഷ്ട്രീയ സംഘർഷങ്ങൾ, അവരുടെ അവകാശങ്ങൾ, അവരുടെ വിഭിന്നമായ നിലനിൽപ് എന്നിവ ഒരു രാഷ്ട്രം എന്ന നിലയിൽ ഐക്യം നിലനിർത്തി മുന്നേറാൻ ശ്രമിക്കുമ്പോൾ തന്നെ വൈവിധ്യത്തെ ബഹുമാനിക്കാൻ ആഗ്രഹിക്കുന്ന എല്ലാ രാഷ്ട്രങ്ങൾക്കും പൊതുവാണ്.

പ്രാദേശികവാദം മതമൗലികവാദം പോലെ തന്നെ അപകടകരമല്ലെന്നാണോ അർത്ഥമാക്കുന്നത്. അല്ലെങ്കിൽ അപകടകരമേ അല്ലെന്നാണോ.



## സംഘർഷത്തിന്റെ മേഖലകൾ (Areas of tension)

നമ്മുടെ രാജ്യം സ്വതന്ത്രമായ ഉടൻ തന്നെ വിഭജനം, സ്ഥാനഭ്രംശം (displacement), നാട്ടു രാജ്യങ്ങളുടെ ഏകീകരണം സംസ്ഥാനങ്ങളുടെ പുനസംഘടന എന്നിങ്ങനെയുള്ള വിവിധ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്തതെങ്ങനെയാണ് നിങ്ങൾ ഒന്നാമത്തെ അധ്യായത്തിൽ കണ്ടു. ഒരു ഏകീകൃത രാജ്യമെന്ന നിലയ്ക്ക് ഇന്ത്യക്ക് ദീർഘകാലം നിലനിൽക്കാൻ കഴിയില്ലെന്ന് രാജ്യത്തിനകത്തും പുറത്തുമുള്ള ധാരാളം നിരീക്ഷകർ പ്രവചിക്കുകയുണ്ടായി. സ്വാതന്ത്ര്യം ലഭിച്ച ഉടൻതന്നെ ജമ്മു കാശ്മീർ പ്രശ്നം ഉയർന്നു വന്നു. അത് ഇന്ത്യക്കും പാക്കിസ്ഥാനും ഇടക്കുള്ള ഒരു പ്രശ്നം മാത്രമായിരുന്നില്ല; അതിനുമപ്പുറത്ത് കാശ്മീർ താഴ്വരയിലെ ജനങ്ങളുടെ രാഷ്ട്രീയ അഭിലാഷങ്ങളെ കുറിച്ചുള്ളതുകൂടിയായിരുന്നു. അതുപോലെ തന്നെ വടക്കുകിഴക്കൻ മേഖലയിലെ ചില ഭാഗങ്ങളിലും തങ്ങൾ ഇന്ത്യയുടെ ഭാഗമാണ് എന്നതിൽ അഭിപ്രായ സമന്വയം ഉണ്ടായിരുന്നില്ല. ആദ്യം നാഗാലാന്റും പിന്നീട് മിസോറാമും ഇന്ത്യയിൽ നിന്നും വിട്ടു പോകണം എന്ന ആവശ്യം ഉന്നയിക്കുന്ന ശക്തമായ പ്രസ്ഥാനങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ദക്ഷിണേന്ത്യയിൽ ദ്രാവിഡ പ്രസ്ഥാനത്തിലെ ചില വിഭാഗങ്ങൾ പ്രത്യേക രാഷ്ട്രമെന്ന ആശയം മനസിൽ താലോലിക്കുകയുണ്ടായി.

ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ജനകീയ പ്രക്ഷോഭങ്ങളും ഇത്തരം സംഭവങ്ങൾക്കു പുറമെ ഉയന്നുവന്നു. ഇന്നത്തെ ആന്ധ്രാപ്രദേശ്, കർണാടക, മഹാരാഷ്ട്ര, ഗുജറാത്ത് തുടങ്ങിയവ ഇത്തരം പ്രക്ഷോഭങ്ങൾ ബാധിച്ച പ്രദേശങ്ങളിലുൾപ്പെടുന്നു. ദക്ഷിണേന്ത്യയുടെ ചില ഭാഗങ്ങളിൽ പ്രത്യേകിച്ചും തമിഴ്നാട്ടിൽ ഹിന്ദിയെ രാജ്യത്തിന്റെ ഔദ്യോഗിക, ദേശീയ ഭാഷ ആക്കുന്നതിനെതിരെ പ്രതിക്ഷേധങ്ങളുണ്ടായി. വടക്കേ ഇന്ത്യയിൽ ഉടൻതന്നെ ഹിന്ദിയെ ഔദ്യോഗികഭാഷയാക്കണം എന്നാവശ്യപ്പെടുന്ന ശക്തമായ ഹിന്ദി അനുകൂല പ്രക്ഷോഭങ്ങളും ഉണ്ടായിരുന്നു. 1950-കളുടെ അവസാനം പഞ്ചാബിഭാഷ സംസാരിക്കുന്ന ജനങ്ങൾ അവർക്ക് പ്രത്യേക സംസ്ഥാനത്തിനുവേണ്ടിയുള്ള പ്രക്ഷോഭമാരംഭിച്ചു. ഈ ആവശ്യം അവസാനം അംഗീകരിക്കുകയും പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങൾ 1966-ൽ രൂപീകരിക്കുകയും ചെയ്തു. പിന്നീട് ഛത്തീസ്ഗഡ്, ഉത്തരാഖണ്ഡ്, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളും രൂപീകരിച്ചു. ഇത്തരത്തിൽ രാജ്യത്തിന്റെ ആന്തരിക അതിർത്തികൾ മാറ്റിവരച്ചുകൊണ്ട് വൈവധ്യമെന്ന വെല്ലുവിളിയെ നേരിട്ടു.

എന്നിട്ടും ഇതൊന്നും എല്ലാ പ്രശ്നങ്ങളും എക്കാലത്തേക്കുമായി പരിഹരിച്ചില്ല. കാശ്മീർ, നാഗാലാന്റ് പോലെയുള്ള ചില പ്രദേശങ്ങളിലെ വെല്ലുവിളി വളരെയധികം സങ്കീർണമായിരുന്നതിനാൽ രാഷ്ട്രനിർമാണത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ അവ പരിഹരിക്കാൻ കഴിഞ്ഞില്ല. കൂടാതെ പഞ്ചാബ്, അസം, മിസോറാം പോലെയുള്ള സംസ്ഥാനങ്ങളിൽ പുതിയ വെല്ലുവിളികൾ ഉയർന്നു വരികയും ചെയ്തു. ഇവയെക്കുറിച്ച് വിശദമായി നമുക്ക് പഠിക്കാം. രാഷ്ട്രനിർമാണത്തിലെ ഏതാനും വിഷമകരമായ ചില മുൻകാല ഉദാഹരണങ്ങളിലേക്ക് ഈ പ്രക്രിയയുടെ ഭാഗമായി നമുക്ക് തിരിച്ചുപോകാം. ഈ സംഭവങ്ങളുടെ വിജയങ്ങളും പരാജയങ്ങളും നമ്മുടെ പൂർവകാലത്തെക്കുറിച്ച് വിജ്ഞാനപ്രദമാണ് എന്നുമാത്രമല്ല ഇന്ത്യയുടെ ഭാവിയെക്കുറിച്ച് ധാരണകൾ ഉണ്ടാക്കുന്നതിനും സഹയകമാണ്.

എന്തുകൊണ്ടാണ് വെല്ലുവിളികൾ എല്ലായിപ്പോഴും അതിർത്തിസംസ്ഥാനങ്ങളിൽ നിന്നുണ്ടാവുന്നത്?



## ജമ്മുകാശ്മീർ (Jammu and Kashmir)

നിങ്ങൾ ജമ്മുകാശ്മീരിലെ അക്രമങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ടാവുമല്ലോ. ഇത് ധാരാളം മനുഷ്യജീവനുകൾ നഷ്ടപ്പെടുന്നതിനും ഒട്ടേറെ കുടുംബങ്ങൾക്ക് സ്ഥാനഭ്രംശം ഉണ്ടാക്കുന്നതിനും ഇടയാക്കി. കാശ്മീർപ്രശ്നം എല്ലായ്പ്പോഴും ഇന്ത്യക്കും പാകിസ്ഥാനുമിടയ്ക്കുള്ള പ്രധാന വിഷയമായാണ് കാണുന്നത്.

എന്നാൽ സംസ്ഥാനത്തെ രാഷ്ട്രീയസാഹചര്യങ്ങൾക്ക് പല മാനങ്ങളുണ്ട്.

ജമ്മുകാശ്മീർ മൂന്ന് സാമൂഹിക രാഷ്ട്രീയപ്രദേശങ്ങളടങ്ങുന്നതാണ്. ജമ്മു, കാശ്മീർ, ലഡാക്ക്. കാശ്മീർ പ്രദേശത്തിന്റെ ഹൃദയഭാഗം കാശ്മീർ താഴ്വരയാണ്; ജനങ്ങൾ കാശ്മീരിഭാഷ സംസാരിക്കുന്നവരും ഭൂരിപക്ഷവും മുസ്ലിങ്ങളുമാണ്. കാശ്മീരിഭാഷ സംസാരിക്കുന്ന ചെറു ഹിന്ദുന്യൂനപക്ഷവിഭാഗവുമുണ്ട്. ചെറുകുന്നുകളുടെയും സമതലങ്ങളുടെയും ഒരു മിശ്രണമാണ് ജമ്മു. വിവിധ ഭാഷകൾ സംസാരിക്കുന്ന ഹിന്ദുക്കളും മുസ്ലിങ്ങളും സിഖ്ക്കുകാരും ഇവിടെയുണ്ട്. ലഡാക്ക് മേഖല പർവതപ്രദേശങ്ങളാണ്. വളരെക്കുറച്ച് ജനങ്ങൾ മാത്രമാണ് ഈ പ്രദേശത്തുള്ളത്. ഇവരിൽ പകുതി വീതം മുസ്ലിങ്ങളും ബുദ്ധമതക്കാരുമാണ്.




കുറിപ്പ്: ഈ ഭൂപടം ശരിയായ തോതിൽ തയാറാക്കിയതല്ല. അതുകൊണ്ടുതന്നെ ഇന്ത്യയുടെ അതിർത്തികളുടെ ആധികാരിക രേഖയായി ഇത് കണക്കാക്കാൻ പാടില്ല.

'കാശ്മീർപ്രശ്നം' ഇന്ത്യയ്ക്കും പാകിസ്ഥാനും ഇടയ്ക്കുള്ള വെറുമൊരു തർക്കം മാത്രമല്ല, പ്രശ്നത്തിന് ബാഹ്യവും ആന്തരികവുമായ തലങ്ങളുണ്ട്. കാശ്മീരിയാത്ത് എന്ന കാശ്മീരി സ്വത്വവും രാഷ്ട്രീയ സ്വയംഭരണത്തിനുവേണ്ടിയുള്ള ജമ്മുകാശ്മീർ ജനതയുടെ അഭിലാഷത്തെയും അത് ഉൾക്കൊള്ളുന്നു.

## പ്രശ്നത്തിന്റെ വേരുകൾ (Roots of the problem)

1947-ന് മുമ്പ് ജമ്മുകാശ്മീർ ഒരു നാട്ടുരാജ്യമായിരുന്നു. അവിടത്തെ ഹിന്ദുഭരണാധികാരിയായിരുന്ന ഹരിസിംഗ് ഇന്ത്യയിൽ ലയിക്കുവാൻ ആഗ്രഹിച്ചില്ല. എന്നു മാത്രമല്ല തന്റെ രാഷ്ട്രത്തിന് സ്വതന്ത്രപദവി ഉറപ്പിക്കുന്നതിന് ഇന്ത്യയും പാകിസ്ഥാനുമായി ധാരണയിലെത്തുക എന്ന ലക്ഷ്യത്തോടെ ചർച്ചകൾ നടത്താൻ ശ്രമിക്കുകയും ചെയ്തു. കാശ്മീരിലെ ഭൂരിപക്ഷം ജനങ്ങളും മുസ്ലിങ്ങളായതിനാൽ കാശ്മീർപ്രദേശം പാകിസ്ഥാന്റെ സ്വന്തമാണെന്ന് പാകിസ്ഥാനിലെ നേതാക്കൾ ചിന്തിച്ചു. എന്നാൽ ജനങ്ങൾ തങ്ങളെകണ്ടത് കാശ്മീരികൾ എന്ന നിലയ്ക്കാണ്. സംസ്ഥാനത്ത് നാഷണൽ കോൺഫറൻസ് എന്ന ജനകീയപ്രസ്ഥാനത്തെ നയിച്ചുകൊണ്ടിരുന്ന ഷെയിഖ് അബ്ദുള്ള രാജാവിന്റെ സ്ഥാനം ഇല്ലാതാക്കണമെന്നും എന്നാൽ പാകിസ്ഥാനിൽ ചേരുന്നതിന് എതിരുമായിരുന്നു. കോൺഗ്രസുമായി ദീർഘകാല ബന്ധമുണ്ടായിരുന്ന ഒരു മതേതരസംഘടനയായിരുന്നു നാഷണൽ കോൺഫറൻസ്. നെഹ്റു ഉൾപ്പെടെയുള്ള മുൻനിര ദേശീയനേതാക്കന്മാരുടെ വളരെ അടുത്ത സുഹൃത്തായിരുന്നു ഇദ്ദേഹം.

ഈ വിഷയത്തിൽ അവർ ജമ്മു, കാശ്മീർ, ലഡാക്ക് എന്ന് സംസ്ഥാനത്തെ പുനർനാമകരണം ചെയ്യാത്തതെന്തുകൊണ്ട്? കൂടാതെ ജെകെ.എൽ. (JKL) ഒരു എളുപ്പമുള്ള ചുരുക്കെഴുത്താവും.




കാശ്മീർ പിടിച്ചടക്കുന്നതിനുവേണ്ടി 1947 ഒക്ടോബറിൽ പാകിസ്ഥാൻ ഗോത്രവർഗനുഴഞ്ഞുകയറ്റക്കാരെ അയച്ചു. ഇത് ഇന്ത്യയുടെ സൈനികസഹായം തേടുവാൻ മഹാരാജാവിനെ നിബന്ധിതമാക്കി. ഇന്ത്യ സൈനികസഹായം നൽകുകയും നുഴഞ്ഞുകയറ്റക്കാരെ കാശ്മീർ താഴ്വരയിൽനിന്നും തുരത്തുകയും ചെയ്തു. എന്നാൽ ഇത് മഹാരാജാവ് ഇന്ത്യാഗവൺമെന്റുമായി ലയനക്കാർ ഒപ്പുവച്ചതിനുശേഷം മാത്രമായിരുന്നു. സംസ്ഥാനത്തെസ്ഥിതി സാധാരണനിലയിലായി കഴിഞ്ഞാൽ ജമ്മുകാശ്മീരിന്റെ ഭാവിയെക്കുറിച്ച് ജനങ്ങളുടെ അഭിപ്രായം




**ഇ.വി. രാമസ്വാമി നായ്ക്കർ (1879 – 1973):** പെരിയാർ എന്നറിയപ്പെടുന്നു; നാസ്തിക ചിന്താഗതിയുടെ ശക്തനായ വക്താവായിരുന്നു; ദ്രാവിഡ സ്വത്വം വീണ്ടും ഉയർത്തി കൊണ്ടുവന്നതിലൂടെയും ജാതിവിരുദ്ധ സമരത്തിലൂടെയും പ്രസിദ്ധനായി; തുടക്കത്തിൽ കോൺഗ്രസ് പ്രവർത്തകൻ ആയിരുന്നു; 1925-ൽ സ്വാഭിമാനപ്രസ്ഥാനം ആരംഭിച്ചു; ബ്രാഹ്മണവിരുദ്ധ പ്രസ്ഥാനത്തിന് നേതൃത്വം നൽകി; ജസ്റ്റിസ് പാർട്ടിക്കുവേണ്ടി പ്രവർത്തിക്കുകയും പിന്നീട് ദ്രാവിഡകഴകം സ്ഥാപിക്കുകയും ചെയ്തു; ഹിന്ദിയെയും ഉത്തരേന്ത്യൻ മേധാവിത്വത്തെയും എതിർത്തു; ഉത്തരേന്ത്യാക്കാരും ബ്രാഹ്മണരും ആര്യന്മാരാണെന്ന സിദ്ധാന്തം മുന്നോട്ടുവച്ചു.

### ദ്രാവിഡ പ്രസ്ഥാനം (Dravidian movement))

'വടക്കു വാഴ്കിറതു തെക്ക് തേയ്കിറത്' (വടക്ക് അഭിവൃദ്ധിപ്പെടുമ്പോൾ തെക്ക് നശിച്ചുകൊണ്ടിരിക്കുന്നു) ഒരു ഘട്ടത്തിൽ ഇന്ത്യയിലെ ഫലപ്രദമായിരുന്ന ഒരു പ്രാദേശിക പ്രസ്ഥാനത്തിന്റെ പ്രബലമായ വികാരങ്ങളാണ് ഈ പ്രസിദ്ധ മുദ്രാവാക്യം ചുരുക്കി പറയുന്നത്. ഇന്ത്യൻ രാഷ്ട്രീയത്തിലെ ഒരു ആദ്യകാല പ്രാദേശിക പ്രസ്ഥാനമായിരുന്നു ഇത്. ഒരു ദ്രാവിഡ ദേശം രൂപീകരിക്കുന്നതു സംബന്ധിച്ച അഭിലാഷം പ്രസ്ഥാനത്തിലെ ചില വിഭാഗങ്ങൾ പ്രകടിപ്പിച്ചു എങ്കിലും ഒരിക്കൽ പോലും ആയുധമെടുക്കുകയുണ്ടായില്ല. പൊതുസംവാദം, തിരഞ്ഞെടുപ്പ് വേദികൾ തുടങ്ങിയ ജനാധിപത്യമാർഗങ്ങളാണ് ലക്ഷ്യങ്ങൾ നേടുന്നതിന് ഉപയോഗിച്ചത്. പ്രസ്ഥാനം സംസ്ഥാനത്ത് രാഷ്ട്രീയാധികാരം കരസ്ഥമാക്കുകയും ദേശീയതലത്തിൽ സ്വാധീന ശക്തിയായി മാറുകയും ചെയ്തതോടെ ഈ തന്ത്രം വിജയിച്ചു.

തമിഴ് സാമൂഹിക പരിഷ്കർത്താവായ ഇ.വി. രാമസ്വാമി നായക്ക ('പെരിയാർ')രുടെ നേതൃത്വത്തിൽ ദ്രാവിഡ കഴക (DK)ത്തിന്റെ രൂപീകരണത്തിലേക്ക് ദ്രാവിഡ പ്രസ്ഥാനം നയിക്കുകയുണ്ടായി. ബ്രഹ്മണ മേധാവിത്വത്തെ അത് ശക്തമായി എതിർക്കുകയും വടക്കെ ഇന്ത്യയുടെ രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക മേധാവിത്വത്തിനെതിരെ പ്രാദേശിക അഭിമാനം ഉറപ്പിക്കുകയും ചെയ്തു. തുടക്കത്തിൽ മുഴുവൻ ദക്ഷിണേന്ത്യക്കും വേണ്ടിയാണ് ദ്രാവിഡ പ്രസ്ഥാനം സംസാരിച്ചത്. എന്നിരുന്നാലും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പിന്തുണ ലഭിക്കാതിരുന്നതിന്റെ ഫലമായി പ്രസ്ഥാനം തമിഴ്നാട്ടിൽ മാത്രമൊതുങ്ങി.

ദ്രാവിഡ കഴകം പിളരുകയും പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ പാരമ്പര്യം ദ്രാവിഡ മുന്നേറ്റ കഴകത്തിന് (ഡി.എം.കെ.) കൈമാറുകയും ചെയ്തു. 1953-1954 ൽ മൂന്ന് സമരങ്ങളിലൂടെ ദ്രാവിഡ മുന്നേറ്റ കഴകം രാഷ്ട്രീയത്തിൽ പ്രവേശിച്ചു. ഒന്നാമത്തേത് ഉത്തരേന്ത്യൻ വ്യവസായ കുടുംബത്തിന്റെ പേരിൽ ഡാൽമിയപുരം എന്ന് നാമകരണം ചെയ്ത കല്ലക്കുടി റെയിൽവേ സ്റ്റേഷന്റെ യഥാർത്ഥ പേര് പുനസ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ളതായിരുന്നു. ഉത്തരേന്ത്യൻ സാമ്പത്തിക സാംസ്കാരിക ചിഹ്നങ്ങൾക്കെതിരെയുള്ള എതിർപ്പ് ഇത് പുറത്തു കൊണ്ടുവന്നു. സ്കൂൾ പാഠ്യപദ്ധതിയിൽ തമിഴ് സംസ്കാരത്തിനും ചരിത്രത്തിനും കൂടുതൽ പ്രാധാന്യം നൽകു


Credit: The Hindu



HINDI PROTAGONISTS ALLEGE BID TO REVERSE POLICY

GOVT. POLICY

ന്നതിനുവേണ്ടിയുള്ളതായിരുന്നു രണ്ടാമത്തേത്. ബ്രാഹ്മണ സാമൂഹിക കാഴ്ചപ്പാടുമായി ബന്ധമുണ്ടെന്ന് ആരോപിക്കപ്പെട്ട ഗവൺമെന്റിന്റെ കരകൗശല വിദ്യാഭ്യാസ പദ്ധതിക്കെതിരെയായിരുന്നു മൂന്നാമത്തെ സമരം. രാജ്യത്തെ ഔദ്യോഗികഭാഷ ഹിന്ദിയാക്കുന്നതിനെതിരെയും ഡി.എം.കെ. സമരം ചെയ്യുകയുണ്ടായി. 1965 ലെ ഹിന്ദി വിരുദ്ധ സമരത്തിന്റെ വിജയം ഡി.എം.കെ.യുടെ പ്രശസ്തി വർദ്ധിപ്പിച്ചു.

നിരന്തരമായ രാഷ്ട്രീയ സമരങ്ങൾ 1967-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഡി.എം.കെ. യെ അധികാരത്തിൽ എത്തിച്ചു. തുടർന്നിങ്ങോട്ട് തമിഴ്നാട് രാഷ്ട്രീയത്തിൽ ദ്രാവിഡ പാർട്ടികൾ മേധാവിത്വം നേടി. സി. അണ്ണാദുരൈയുടെ മരണശേഷം ഡി.എം.കെ. പിളർന്നു എങ്കിലും ദ്രാവിഡ കക്ഷികളുടെ തമിഴ് രാഷ്ട്രീയത്തിലെ സ്വാധീനം യഥാർത്ഥത്തിൽ വർദ്ധിക്കുകയാണ് ഉണ്ടായത്. പിളർപ്പിനെ തുടർന്ന് രണ്ടു പാർട്ടികൾ രൂപം കൊണ്ടു ഡി.എം.കെ.യും ആൾ ഇന്ത്യ അണ്ണാ ഡി.എം.കെ.യും (AIADMK) ഇവർ രണ്ടും ദ്രാവിഡ പാരമ്പര്യം അവകാശപ്പെട്ടു. കഴിഞ്ഞ നാലു പതിറ്റാണ്ടായി തമിഴ്നാട് രാഷ്ട്രീയത്തിൽ മേധാവിത്വം സ്ഥാപിച്ചിട്ടുള്ളത് ഈ രണ്ടു കക്ഷികളാണ്. 1996 മുതൽക്ക് ഈ രണ്ടു പാർട്ടികളിൽ ഏതെങ്കിലും ഒന്ന് കേന്ദ്രത്തിലെ ഭരണമുന്നണിയുടെ ഭാഗമാണ്. 1990-കളിൽ ധാരാളം പുതിയ പാർട്ടികൾ ഉദയംകൊള്ളുകയുണ്ടായി. മറുമലർച്ചി ദ്രാവിഡ മുന്നേറ്റ കഴകം (MDMK) പട്ടാളി മക്കൾ കക്ഷി (PMK) ദേശീയ മൂർപോക്കു ദ്രാവിഡർ കഴകം (DMDK) തുടങ്ങിയവ ഇതിലുൾപ്പെടുന്നു. മുകളിൽ പറഞ്ഞ എല്ലാ രാഷ്ട്രീയകക്ഷികളും പ്രാദേശിക അഭിമാനം തമിഴ്നാട് രാഷ്ട്രീയത്തിൽ സജീവമായി നിലനിർത്തി.

തുടക്കത്തിൽ ഇന്ത്യൻ ദേശീയതക്കൊരു ഭീഷണിയാണ് എന്ന് തോന്നിയെങ്കിലും തമിഴ്നാട്ടിലെ പ്രാദേശിക രാഷ്ട്രീയം പ്രാദേശികതയുടെയും ദേശീയതയുടെയും ഒത്തിണക്കത്തിന് ഒരു നല്ല ഉദാഹരണമാണ്.



The Hindustan Times

LARGEST CIRCULATION IN NORTHERN, NORTH-WESTERN AND CENTRAL INDIA

NEW DELHI: TUESDAY, OCTOBER 28, 1947.

PRICE TWO ANNAS

KASHMIR ACCEDES TO INDIA

PLEBISCITE SOON ON RULER'S DECISION

Troops And Arms Flown To Srinagar

SHEIKH ABDULLA TO FORM INTERIM GOVT.

UNION TROOPS RUSHED FOR PROTECTION OF STATE

Credit: Hindustan Times

ആരായുമെന്ന് ഇന്ത്യ സമ്മതിക്കുകയുണ്ടായി. ജമ്മുകാശ്മീരിന്റെ പ്രധാനമന്ത്രിയായി 1948 മാർച്ചിൽ ഷെയിഖ് അബ്ദുള്ള ചുമതല ഏൽക്കുകയും ചെയ്തു (സംസ്ഥാന സർക്കാരിന്റെ തലവനെ അന്ന് വിശേഷിപ്പിച്ചുവന്നത് പ്രധാനമന്ത്രിയെന്നാണ്). ജമ്മുകാശ്മീരിന്റെ സ്വയംഭരണ പദവി നിലനിർത്തുമെന്ന് ഇന്ത്യ സമ്മതിച്ചു.

### ബാഹ്യവും ആന്തരികവുമായ തർക്കങ്ങൾ (External and internal disputes)

ജമ്മുകാശ്മീർ രാഷ്ട്രീയം അന്നു മുതൽക്ക് എല്ലായ്പ്പോഴും വിവാദപരവും സംഘർഷം നിറഞ്ഞതുമായി നിലനിന്നു, ബാഹ്യവും ആന്തരികവുമായ കാരണങ്ങളാൽ. ബാഹ്യമായ അർഥത്തിൽ കാശ്മീർ താഴ്വര പാകിസ്ഥാന്റെ ഭാഗമാണെന്ന് പാകിസ്ഥാൻ എല്ലായിപ്പോഴും അവകാശപ്പെട്ടു. മുകളിൽ നാം കണ്ടതുപോലെ 1947-ൽ ഒരു ഗോത്രവർഗനുഴഞ്ഞുകയറ്റത്തെ പാകിസ്ഥാൻ പിന്തുണച്ചു. അതിന്റെ പരിണതഫലമായി കാശ്മീരിന്റെ ഒരു ഭാഗം പാകിസ്ഥാന്റെ നിയന്ത്രണത്തിലായി. ഈ പ്രദേശം നിയമവിരുദ്ധമായി പാകിസ്ഥാൻ കൈവശം വച്ചിരിക്കുന്നുവെന്ന് ഇന്ത്യ അഭിപ്രായപ്പെടുന്നു. ഈ പ്രദേശത്തെ പാകിസ്ഥാൻ വിശേഷിപ്പിക്കുന്നത് ആസാദ് കാശ്മീർ എന്നാണ്. 1947 മുതൽക്ക് ഇന്ത്യയ്ക്കും പാകിസ്ഥാനുമിടയിൽ സംഘർഷങ്ങൾക്കിടയാക്കുന്ന പ്രധാനപ്രശ്നമായി കാശ്മീർ നിലനിൽക്കുന്നു.




**ഷെയിഖ് മുഹമ്മദ് അബ്ദുള്ള (1905–1982):** ജമ്മുകാശ്മീരിലെ നേതാവ്; ജമ്മുകാശ്മീരിന്റെ സ്വയംഭരണം; മതേതരത്വം. എന്നിവയുടെ വക്താവ്; നാട്ടുരാജാവിനെതിരെ ജനകീയപ്രക്ഷോഭണത്തെ നയിച്ചു; മതേതരമല്ലാത്ത സ്വഭാവത്തിന്റെ പേരിൽ പാകിസ്ഥാന് എതിരായിരുന്നു; നാഷണൽ കോൺഫറൻസിന്റ നേതാവ്; 1947-ൽ ജമ്മുകാശ്മീർ ഇന്ത്യയുടെ ഭാഗമായ ഉടൻതന്നെ സംസ്ഥാനത്തെ പ്രധാനമന്ത്രിയായി; 1953 മുതൽ 1964 വരെയും പിന്നീട് 1965 മുതൽ 1968 വരെയും ഇന്ത്യാ ഗവൺമെന്റ് അധികാരത്തിൽനിന്നും പുറത്താക്കി അദ്ദേഹത്തെ ജയിലിടച്ചു; 1974-ൽ ഇന്ദിരാഗാന്ധിയുമായി കരാറിൽ ഏർപ്പെട്ടശേഷം വീണ്ടും സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായി.

ആന്തരികമായി, കാശ്മീരിന്റെ പദവിയെ സംബന്ധിച്ച് ഇന്ത്യൻ യൂണിയനുള്ളിലും തർക്കം നിലനിൽക്കുന്നു. നമ്മുടെ ഭരണഘടനയുടെ അനുഛേദം 370 അനുസരിച്ച് കാശ്മീരിന് പ്രത്യേക പദവി നൽകിയിട്ടുണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ. ഇന്ത്യൻ ഭരണഘടന: പ്രയോഗത്തിൽ എന്ന പുസ്തകത്തിൽ നൽകിയിരിക്കുന്ന അനുഛേദം 370, 371 എന്നിവയിലെ പ്രത്യേക വ്യവസ്ഥകൾ കഴിഞ്ഞവർഷം നിങ്ങൾ പഠിച്ചല്ലോ. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അനുഛേദം 370 ജമ്മുകാശ്മീരിന് കൂടുതൽ സ്വയംഭരണം നൽകുന്നു. ഇതനുസരിച്ച് ജമ്മുകാശ്മീരിന് സ്വന്തമായ ഭരണഘടനയുണ്ടായിരിക്കും. ഇന്ത്യൻ ഭരണഘടനയിലെ എല്ലാ വ്യവസ്ഥകളും സംസ്ഥാനത്തിന് ബാധകമല്ല. സംസ്ഥാനം അംഗീകരിച്ചാൽ മാത്രമെ പാർലമെന്റ് പാസാക്കുന്ന നിയമങ്ങൾ ജമ്മുകാശ്മീരിന് ബാധകമാകുകയുള്ളൂ.

ഈ പ്രത്യേക പദവി രണ്ട് വിരുദ്ധപ്രതികരണങ്ങൾക്ക് ഇടയാക്കി. അനുഛേദം 370 അനുസരിച്ച് കാശ്മീരിന് നൽകിയ പ്രത്യേകപദവി സംസ്ഥാനത്തിന്റെ ഇന്ത്യയിലേക്കുള്ള പൂർണ്ണസംയോജനം അനുവദിക്കുന്നില്ലെന്ന് ജമ്മുകാശ്മീരിന് പുറത്തുള്ള ഒരു വിഭാഗം വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ അനുഛേദം 370 റദ്ദാക്കണമെന്നും ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലെയും പോലെയാവണം ജമ്മുകാശ്മീരെന്നും ഈ വിഭാഗം അഭിപ്രായപ്പെടുന്നു.

മറ്റൊരു വിഭാഗം, പ്രത്യേകിച്ചും കാശ്മീരികൾ 370-ാം അനുഛേദത്തിലൂടെ നൽകിയ സ്വയംഭരണം അപര്യാപ്തമാണെന്ന് വിശ്വസിക്കുന്നു. കുറഞ്ഞത് മൂന്ന് പ്രധാന പരാതികളെങ്കിലും കാശ്മീരികളിലെ ഒരു വിഭാഗം ഉന്നയിക്കുകയുണ്ടായി. ഒന്നാമതായി ഗോത്രവർഗനുഴഞ്ഞുകയറ്റം സൃഷ്ടിച്ച സാഹചര്യം സാധാരണ നിലയിലെത്തിക്കഴിയുമ്പോൾ സംസ്ഥാനത്തിന്റെ ഇന്ത്യയിലേക്കുള്ള ലയനം സംബന്ധിച്ച് സംസ്ഥാനത്തെ ജനങ്ങളുടെ അഭിപ്രായം ആരായുമെന്ന് വാഗ്ദാനം നൽകിയിരുന്നു. അത് പാലിക്കപ്പെട്ടില്ല. ഇത് അഭിക്രമം (Plebiscite) എന്ന ആവശ്യം ഉയർന്നുവരുന്നതിനിടയാക്കി. രണ്ടാമതായി അനുഛേദം 370 ഉറപ്പുനൽകിയ പ്രത്യേക ഫെഡറൽപദവി പ്രായോഗികതലത്തിൽ ചോർന്നുപോയെന്ന വികാരവും അവർക്കിടയിലുണ്ട്. സ്വയംഭരണത്തിന്റെ പുനസ്ഥാപനം അഥവാ കൂടുതൽ സ്വയംഭരണം എന്ന ആവശ്യം ഉന്നയിക്കപ്പെടുന്നതിന് ഇത് ഇടയാക്കി. മൂന്നാമതായി, ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളിൽ പ്രയോഗത്തിലുള്ള ജനാധിപത്യം ജമ്മുകാശ്മീരിൽ അതേ നിലയ്ക്ക് സ്ഥാപനവൽക്കരിക്കപ്പെട്ടിട്ടില്ല.

**നമുക്കൊരു സിനിമ കാണാം**

**റോജ**




റോജയുടെ യാത്രകൾ പ്രതിപാദിക്കുന്ന തമിഴ് സിനിമ. പുതുതായി വിവാഹം കഴിച്ച റോജയും അവരുടെ ഭർത്താവ് ഋഷിയും; ഋഷിയെ തീവ്രവാദികൾ തട്ടിക്കൊണ്ടുപോകുന്നു. ശത്രുക്കളുടെ സന്ദേശങ്ങൾ ഡീകോഡ് ചെയ്യുന്നതിന് കാശ്മീരിൽ നിയമിക്കപ്പെട്ട ഒരു ക്രിപ്റ്റോളജിസ്റ്റാണ് ഋഷി. ഭർത്താവിനും ഭാര്യക്കുമിടയിൽ സ്നേഹം വളരുന്നതിനിടയിൽ തീവ്രവാദികൾ ഋഷിയെ തട്ടിക്കൊണ്ടുപോകുന്നു. ഋഷിയെ വിട്ടുനൽകുന്നതിനുപകരമായി ജയിലിലടയ്ക്കപ്പെട്ട തങ്ങളുടെ നേതാവിനെ സ്വതന്ത്രനാക്കണമെന്ന് അവർ ആവശ്യപ്പെട്ടു.

റോജയുടെ ലോകം തകർക്കപ്പെടുകയും അവർ ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയക്കാരുടെയും വാതിലിൽ മുട്ടുകയും ചെയ്യുന്നു. ഇന്ത്യ-പാകിസ്ഥാൻ തർക്കത്തിന്റെ പഞ്ചാത്തലമുള്ളതിനാൽ സിനിമ ജനശ്രദ്ധ പിടിച്ചുപറ്റി. സിനിമ ഹിന്ദിയുൾപ്പെടെ പല ഭാഷകളിലേക്കും മൊഴിമാറ്റം ചെയ്തു.

വർഷം - 1992
ഡയറക്ടർ - മണിരത്നം
താരങ്ങൾ - അരവിന്ദ് സ്വാമി, മധുബാല, പങ്കജ് കപൂർ, ജനകരാജ്

### 1948–നുശേഷമുള്ള രാഷ്ട്രീയം (Politics since 1948))

പ്രധാനമന്ത്രിയായി ചുമതല ഏറ്റെടുത്തശേഷം ഷെയിഖ് അബ്ദുള്ള സാധാരണ ജനങ്ങൾക്ക് നേട്ടമുണ്ടാവുന്ന ഭൂപരിഷ്കാരങ്ങളും മറ്റു നയങ്ങൾക്കും തുടക്കംകുറിച്ചു. എന്നാൽ കാശ്മീരിന്റെ പദവിയെക്കുറിച്ചുള്ള നിലപാടിന്റെ പേരിൽ അദ്ദേഹത്തിനും കേന്ദ്ര ഗവൺമെന്റിനുമിടയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉയർന്നുവരുന്നുണ്ടായിരുന്നു. അദ്ദേഹത്തെ 1953-ൽ പിരിച്ചുവിടുകയും അനേകവർഷം തടങ്കലിൽ പാർപ്പിക്കുകയും ചെയ്തു. അദ്ദേഹത്തെ പിന്തുടർന്നു വന്ന നേതൃത്വത്തിന് കാര്യമായ ജനപിന്തുണയുണ്ടായിരുന്നില്ല. അതുകൊണ്ടു പ്രധാനമായും കേന്ദ്രത്തിന്റെ പിന്തുണയോടെയാണ് സംസ്ഥാനഭരണം നടത്താൻ കഴിഞ്ഞത്. വിവിധ തിരഞ്ഞെടുപ്പുകളിൽ ബൂത്തുപിടിത്തവും കള്ളവോട്ടുമുണ്ടായി എന്ന ഗൗരവമായ ആരോപണങ്ങളുമുണ്ടായി.




1953-നും 1974-നും ഇടയ്ക്കുള്ള കാലയാളവിൽ സംസ്ഥാനരാഷ്ട്രയത്തിൽ കോൺഗ്രസ് പാർട്ടിക്ക് നിർണായക സ്വാധീനമുണ്ടായിരുന്നു. ഷെയിഖ് അബ്ദുള്ളയില്ലാത്ത നാഷണൽ കോൺഫറൻസിന്റെ ഒരു വിഭാഗം കോൺഗ്രസിന്റെ സജീവപിന്തുണയോടെ കുറച്ചുകാലം അധികാരത്തിൽ തുടരുകയും പിന്നീട് കോൺഗ്രസ് പാർട്ടിയിൽ ലയിക്കുകയും ചെയ്തു. ഇത്തരത്തിൽ സംസ്ഥാന സർക്കാരിനുമേൽ നേരിട്ടുള്ള നിയന്ത്രണം കോൺഗ്രസ് നേടി. ഇന്ത്യ ഗവൺമെന്റിനും ഷെയിഖ് അബ്ദുള്ളക്കുമിടയിൽ ഒരു ധാരണയുണ്ടാക്കുന്നതിനുള്ള അനേകം ശ്രമങ്ങൾ ഇക്കാലത്തുണ്ടായി. അവസാനം, ഇന്ദിരാഗാന്ധി 1974-ൽ ഷെയിഖ് അബ്ദുള്ളയുമായി ഒരു ധാരണയിലെത്തിച്ചേരുകയും അതനുസരിച്ച് ഷെയിഖ് അബ്ദുള്ള സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയാവുകയും ചെയ്തു. അദ്ദേഹം നാഷണൽ കോൺഫറൻസിനെ പുനരുജീവിപ്പിക്കുകയും 1977-ൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ അധികാരത്തിലെത്തുകയും


The Times of India

NO. 221. VOL. CXV. BOMBAY: MONDAY, AUGUST 10, 1953

# SHEIKH ABDULLAH ARRESTED

STRICT SECURITY ARRANGEMENTS

Permits Issued Invalidated

SOBER SATISFACTION IN DELHI

"Timely Action By The Sadar-i-Riyasat"

CHARGES OF CORRUPTION AND MALADMINISTRATION

Bakshi Ghulam Mohammed Sworn In As Prime Minister

POLICE OPEN FIRE ON VIOLENT DEMONSTRATORS

"The Times of India" News Service

SRINAGAR, August 9.

THE arrest of Sheikh Mohammed Abdullah, the 48-year-old Prime Minister of Kashmir, at his week-end retreat at Gulmarg today, followed swiftly upon his dramatic removal from office late last night by the Sadar-i-Riyasat as his Cabinet "had lost the confidence of the people."

THE "LION" IS ANGRY

Grave Threat To Freedom

PREMIER'S CALL

Kashmir Faces Crisis

CALM U.S. RECEPTION TO H-BOMB CLAIM

Serious Consideration Of M. Malenkov's Speech

"Application Of Stalinist Line"

REACTIONS IN LONDON

Credit: The Times of India



കാശ്മീരിലെ സമാധാനം

ചെയ്തു. ഷെയ്ഖ് അബ്ദുള്ള 1982-ൽ മരണമടയുകയും അദ്ദേഹത്തിന്റെ മകൻ ഫറൂഖ് അബ്ദുള്ള നാഷണൽ കോൺഫറൻസിന്റെ നേതൃത്വത്തിൽ എത്തിച്ചേരുകയും അദ്ദേഹം മുഖ്യമന്ത്രിയാവുകയും ചെയ്തു. എന്നാൽ അധികം വൈകാതെ ഗവർണർ ഫറൂഖ് അബ്ദുള്ളയെ പിരിച്ചുവിടുകയും ചുരുങ്ങിയ ഒരു കാലയളവിലേക്ക് നാഷണൽ കോൺഫറൻസിൽനിന്നും വിട്ടുപോയ ഒരു വിഭാഗം അധികാരത്തിലെത്തുകയും ചെയ്തു.

കേന്ദ്ര ഇടപെടലിന്റെ ഫലമായി ഫറൂഖ് അബ്ദുള്ള ഗവൺമെന്റിനെ പിരിച്ചുവിട്ടത് കാശ്മീരിൽ അസംതൃപ്തിക്ക് ഇടയാക്കി. ഇന്ദിരാഗാന്ധി ഫറൂഖ് അബ്ദുള്ള ഉടമ്പടിക്കുശേഷം കാശ്മീരികളുടെ ഇടയിൽ വളർന്നുവന്ന ജനാധിപത്യ പ്രക്രിയയിലുള്ള വിശ്വാസത്തിനും തിരിച്ചടി നേരിട്ടു. കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന കോൺഗ്രസുമായി 1986-ൽ നാഷണൽ കോൺഫറൻസ് തിരഞ്ഞെടുപ്പ് സഖ്യം സ്ഥാപിച്ചതോടെ കേന്ദ്രം സംസ്ഥാന രാഷ്ട്രീയത്തിൽ ഇടപെടുന്നു എന്ന ചിന്താഗതി കൂടുതൽ ശക്തമായി.

## കലാപവും അതിനുശേഷവും (Insurgency and after)

ഈ സാഹചര്യത്തിലാണ് 1987 ലെ അസംബ്ലി തിരഞ്ഞെടുപ്പ് നടക്കുന്നത്. നാഷണൽ കോൺഫറൻസ്-കോൺഗ്രസ് സഖ്യത്തിന്റെ വൻവിജയമാണ് ഔദ്യോഗിക ഫലം കാണിച്ചത്. ഫറൂഖ് അബ്ദുള്ള മുഖ്യമന്ത്രിയായി തിരിച്ചെത്തി. എന്നാൽ മുഴുവൻ തിരഞ്ഞെടുപ്പ് പ്രക്രിയയും അട്ടിമറിക്കപ്പെട്ടു എന്നും തിരഞ്ഞെടുപ്പ് ഫലം ജനവികാരത്തെ പ്രതിഫലിപ്പിക്കുന്നതല്ല എന്നും പൊതുവെ വിശ്വസിക്കപ്പെട്ടു. 1980-കളുടെ തുടക്കം മുതൽക്ക് കാര്യശേഷിയില്ലാത്ത ഭരണത്തിനെതിരെ സംസ്ഥാനത്ത് ഒരു ജനകീയ അസംതൃപ്തി വളർന്നു വരുന്നുണ്ടായിരുന്നു. കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ജനാധിപത്യ പ്രക്രിയ തകർക്കപ്പെട്ടു എന്ന പൊതു വികാരത്തെ ഇത് കൂടുതൽ പെരുപ്പിച്ചു. ഇത് കാശ്മീരിൽ ഒരു പ്രതിസന്ധി സൃഷ്ടിക്കുകയും കലാപങ്ങളുടെ വളർച്ചയെ തുടർന്ന് അത് കൂടുതൽ തീവ്രമായി മാറുകയും ചെയ്തു.

1989-ഓടെ പ്രത്യേക കാശ്മീരി രാഷ്ട്രം എന്ന ആവശ്യം ഉന്നയിക്കുന്ന തീവ്രവാദപ്രസ്ഥാനങ്ങളുടെ പിടിയിൽ സംസ്ഥാനം അമർന്നു. കലാപകാരികൾക്ക് പാകിസ്ഥാന്റെ ധാർമികവും, ഭൗതികവും, സൈനീകവുമായ പിന്തുണ ലഭിച്ചു. ഇതിന്റെ ഫലമായി സംസ്ഥാനം നിരവധി വർഷങ്ങൾ പ്രസിഡന്റു ഭരണത്തിലും സായുധസേനകളുടെ ഫലപ്രദമായ നിയന്ത്രണത്തിലുമായി. 1990 മുതൽ ജമ്മു കാശ്മീർ കലാപകാരികളുടെ ആക്രമണങ്ങൾക്കും അതിനെതിരായ സൈനിക നടപടിക്കും സാക്ഷ്യംവഹിച്ചു. 1996-ൽ മാത്രമാണ് സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പ് നടന്നത്. ഈ തെരഞ്ഞെടുപ്പിൽ ജമ്മുകാശ്മീരിന് പ്രാദേശിക സ്വയംഭരണം ഉന്നയിച്ചു കൊണ്ട് തിരഞ്ഞെടുപ്പിനെ നേരിട്ട ഫറൂഖ് അബ്ദുള്ളയുടെ നാഷണൽ കോൺഫറൻസ് അധികാരത്തിൽ വന്നു. ജമ്മു കാശ്മീരിൽ സുതാര്യമായ ഒരു തിരഞ്ഞെടുപ്പ് 2002 ൽ നടന്നു. ഭൂരിപക്ഷം നേടുന്നതിൽ നാഷണൽ കോൺഫറൻസ് പരാജയപ്പെടുകയും പീപ്പിൾസ് ഡെമോക്രാറ്റിക് പാർട്ടി (PDP) കോൺഗ്രസ് സഖ്യസർക്കാർ അധികാരത്തിലെത്തുകയും ചെയ്തു.

“ രണ്ടാമതും തങ്ങളുടെ തിരഞ്ഞെടുക്കപ്പെട്ട നേതാവിനെ കസേരയിൽ നിന്നും നീക്കം ചെയ്തതിലൂടെ അവർക്ക് അവരെ തന്നെ ഭരിക്കുവാൻ ഇന്ത്യ ഒരിക്കലും അനുമതി നൽകില്ലെന്ന് കാശ്മീരികൾക്ക് ബോധ്യമുണ്ട്. ”

**ബി.കെ. നെഹറു**
**ഫറൂഖ് അബ്ദുള്ള ഗവൺമെന്റിനെ പിരിച്ചുവിടുന്നതിന് മുമ്പ് ജമ്മു കാശ്മീരിന്റെ ഗവർണർ**

## വിഘടനവാദവും അതിനപ്പുറവും (Seperatism and beyond)

കാശ്മീരിൽ 1989 മുതൽ ഉയർന്നുവന്ന വിഘടനവാദ രാഷ്ട്രീയം വ്യത്യസ്ത ഘടകങ്ങളാൽ വിവിധ രൂപങ്ങൾ കൈക്കൊള്ളുകയുണ്ടായി. വിഘടനവാദികളിൽ ഒരു വിഭാഗം ഇന്ത്യയിൽ നിന്നും പാക്കിസ്ഥാനിൽ നിന്നും സ്വതന്ത്രമായ കാശ്മീർ രാഷ്ട്രം ആവശ്യപ്പെടുന്നു. കാശ്മീരിനെ പാക്കിസ്ഥാനിൽ ലയിപ്പിക്ക

ണമെന്ന് ആവശ്യപ്പെടുന്ന വിഭാഗങ്ങളും അവിടെയുണ്ട്. ഇതുകൂടാതെ ഇന്ത്യൻ യൂണിയനകത്തു തന്നെ സംസ്ഥാനത്തെ ജനങ്ങൾക്ക് കൂടുതൽ സ്വയംഭരണം നൽകണം എന്നാവശ്യപ്പെടുന്ന മൂന്നാമതൊരു വിഭാഗവും ഉണ്ട്. സ്വയംഭരണത്തിനുവേണ്ടിയുള്ള ആവശ്യം ജമ്മു ലഡാക്ക് മേഖലയിലെ ജനങ്ങളെ മറ്റൊരു രീതിയിലും ആകർഷിക്കുന്നു. അവഗണനയെയും പിന്നോക്കാവസ്ഥയെയും കുറിച്ച് അവർ പലപ്പോഴും പരാതിപ്പെടുന്നു. അതുകൊണ്ടു തന്നെ സംസ്ഥാന സ്വയംഭരണത്തിനുള്ള ആവശ്യം പോലെ തന്നെ ശക്തമാണ് സംസ്ഥാനത്തിനുള്ളിലെ സ്വയംഭരണ ആവശ്യങ്ങളും.




ആദ്യഘട്ടത്തിൽ തീവ്രവാദത്തിനുണ്ടായിരുന്ന ജനപിന്തുണ സമാധാനത്തിനു വേണ്ടിയുള്ള അഭിവാഞ്ജക്ക് വഴിമാറി. വിവിധ വിഘടനവാദ വിഭാഗങ്ങളുമായി കേന്ദ്രം ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. ഒരു പ്രത്യേക ദേശം ആവശ്യപ്പെടുന്നതിനു പകരം ചർച്ചയിൽ പങ്കെടുക്കുന്ന വിഘടനവാദികൾ ഇന്ത്യയും സംസ്ഥാനവും തമ്മിലുള്ള ബന്ധം പുനർവിചിന്തനം നടത്താൻ ശ്രമിക്കുന്നു.

ബഹുസ്വര സമൂഹത്തിനും രാഷ്ട്രീയത്തിനും മകുടോദാഹരണമാണ് ജമ്മു കാശ്മീർ. എല്ലാ തരത്തിലുമുള്ള വൈവിദ്ധ്യങ്ങൾ (മതം, സംസ്കാരം, ഭാഷ, വംശം, ഗോത്രം) അവിടെയുണ്ട് എന്നു മാത്രമല്ല വൈവിദ്ധ്യമാർന്ന രാഷ്ട്രീയ അഭിലാഷങ്ങളും കാശ്മീരിലുണ്ട്. എന്നിരുന്നാലും ഒരു വശത്ത് എല്ലാത്തരം വൈവിദ്ധ്യങ്ങൾക്കും മറ്റൊരു വശത്ത് തുടർച്ചയായുണ്ടാവുന്ന സംഘർഷങ്ങൾക്കും ഇടയിലും ബഹുസ്വരതയും മതേതര സംസ്കാരവും ശക്തമായി സംസ്ഥാനത്ത് നിലനിൽക്കുന്നു.




**മാസ്റ്റർ താരാസിംങ്**
**1885 – 1967**

പ്രമുഖ സിഖ്മത രാഷ്ട്രീയ നേതാവ്; ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മറ്റി (SGPC) യുടെ ആദ്യകാല നേതാവ്; അകാലി പ്രസ്ഥാനത്തിന്റെ നേതാവ്; സ്വാതന്ത്ര്യ സമരത്തെ പിന്തുണക്കുകയും എന്നാൽ മുസ്ലീങ്ങളുമായി മാത്രം ചർച്ച നടത്തുന്ന കോൺഗ്രസ് സമീപനത്തെ എതിർക്കുകയും ചെയ്തു; സ്വതന്ത്ര്യത്തിനു ശേഷം പ്രത്യേക പഞ്ചാബ് സംസ്ഥാന രൂപീകരണത്തിന്റെ ഏറ്റവും മുതിർന്ന വക്താവ് ആയിരുന്നു.

## പഞ്ചാബ് (Punjab)

പഞ്ചാബ് സംസ്ഥാനവും 1980 കളിൽ സുപ്രധാന സംഭവ വികാസങ്ങൾക്ക് സാക്ഷ്യം വഹിച്ചു. സംസ്ഥാനത്തെ സാമൂഹിക ഘടന ആദ്യം വിഭജനത്തിന്റെ ഫലമായും പിന്നീട് ഹരിയാനയും ഹിമാചൽ പ്രദേശും രൂപീകരിച്ചതിലൂടെയും മാറ്റപ്പെടുകയുണ്ടായി രാജ്യത്തെ മറ്റു മേഖലകൾ 1950-കളിൽ ഭാഷാടിസ്ഥാനത്തിൽ പുനർസ്സംഘടിപ്പിച്ചപ്പോൾ, പഞ്ചാബി ഭാഷ സംസാരിക്കുന്നവർക്കു വേണ്ടി ഒരു പഞ്ചാബ് സംസ്ഥാനം രൂപീകരിക്കുന്നതിന് 1966-വരെ കാത്തിരിക്കേണ്ടി വന്നു. 1920-ൽ രൂപീകരിക്കപ്പെട്ട സിഖ്കാരുടെ രാഷ്ട്രീയ വിഭാഗമായ അകാലി ദൾ 'പഞ്ചാബി സുബ' കൾക്കു വേണ്ടിയുള്ള ഒരു പ്രസ്ഥാനം നയിച്ചുവരികയായിരുന്നു. മുറിച്ചു ചെറുതാക്കപ്പെട്ടശേഷം പഞ്ചാബ് സംസ്ഥാനത്ത് സിഖ്കാർക്ക് ഇപ്പോൾ ഭൂരിപക്ഷമുണ്ട്.

### രാഷ്ട്രീയ പശ്ചാത്തലം (Political context))

പുനർ സംഘടനക്കുശേഷം 1967-ലും അതിനുശേഷം 1977-ലും അകാലിദൾ അധികാരത്തിൽ വന്നു. രണ്ടു സമയത്തും അത് ഒരു മുന്നണി ഗവൺമെന്റായിരുന്നു. സംസ്ഥാനത്തിന്റെ അതിർത്തി പുനർനിർണയിച്ചിട്ടും തങ്ങളുടെ രാഷ്ട്രീയ സ്ഥിതി സുരക്ഷിതമല്ലാത്ത അവസ്ഥയിലാണെന്ന് അകാലികൾ കണ്ടെത്തി. ഒന്നാമതായി, കാലാവധിയുടെ മധ്യത്തിലെത്തിയപ്പോൾ കേന്ദ്രം തങ്ങളുടെ ഗവൺമെന്റിനെ പിരിച്ചു വിട്ടു. രണ്ടാമതായി, ഹിന്ദുക്കൾക്കിടയിൽ അവർക്ക് ശക്തമായ പിന്തുണ ലഭിച്ചിരുന്നില്ല. മൂന്നാമതായി, സിഖ് സമുദായവും മറ്റേതൊരു മതസമുദായത്തെയും പോലെ ജാതി, വർഗ അടിസ്ഥാനത്തിൽ ആന്തരികമായി വേർതിരിക്കപ്പെട്ടിരുന്നു. ഹിന്ദുക്കളോ സിഖുകാരോ ആയ ദളിതർ അകാലികളെക്കാൾ കൂടുതൽ പിന്തുണച്ചത് കോൺഗ്രസിനെയായിരുന്നു.

ഈ പശ്ചാത്തലത്തിലാണ് അകാലികളിലെ ഒരുവിഭാഗം 1970 കളിൽ പഞ്ചാബിന് രാഷ്ട്രീയ സ്വയംഭരണം ആവശ്യപ്പെട്ടു തുടങ്ങിയത്. ഇത് 1973 ൽ അവരുടെ അനന്തപ്പൂർ സാഹിബ് സമ്മേളനത്തിൽ പാസാക്കിയ പ്രമേയത്തിൽ പ്രതിഫലിക്കുകയുണ്ടായി. അനന്തപ്പൂർ സാഹിബ് പ്രമേയം പ്രാദേശിക സ്വയംഭരണം

ശക്തമായി ഉന്നയിക്കുകയും രാജ്യത്ത് കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ പുനർനിർവചിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. സിഖ് ക്വാം (ദേശം) സംബന്ധിച്ച അഭിലാഷങ്ങൾ പ്രമേയം എടുത്തു പറയുകയും അതിന്റെ ലക്ഷ്യം സിഖ്കളുടെ ബോൽബാല (മേധാവിത്വം) നേടുകയാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഫെഡറലിസം ശക്തമാക്കുന്നതിനുവേണ്ടിയുള്ള അഭ്യർഥനയായിരുന്നു പ്രമേയമെങ്കിലും ഒരു പ്രത്യേക സിഖ് ദേശത്തിനുവേണ്ടിയുള്ള അഭ്യർഥനയായും അതിനെ വിശകലനം ചെയ്യാം.

സിഖ് ജനവിഭാഗങ്ങൾക്കിടയിൽ പരിമിതമായ അംഗീകാരം മാത്രമേ പ്രമേയത്തിന് ലഭിച്ചുള്ളു. ഏതാനും വർഷങ്ങൾ കഴിഞ്ഞ് 1980 ൽ അകാലി ഗവൺമെന്റിനെ പിരിച്ചുവിട്ടതിനുശേഷം പഞ്ചാബിനും അയൽസംസ്ഥാനങ്ങൾക്കുമിടയിലെ ജലവിതരണം ഉന്നയിച്ചു കൊണ്ട് അകാലിദൾ ഒരു പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. സ്വയംഭരണ സിഖ് സ്വത്വം എന്ന പ്രശ്നം ഒരു വിഭാഗം മതനേതാക്കൾ ഉയർത്തി കൊണ്ടു വന്നു. ഇന്ത്യയിൽ നിന്നും വിട്ടു പോകണമെന്നും ഖാലിസ്ഥാൻ രൂപീകരിക്കണമെന്നും തീവ്രവിഭാഗങ്ങൾ വാദിക്കുവാൻ ആരംഭിച്ചു.

### അക്രമപരമ്പര (Cycle of violence)

പ്രസ്ഥാനത്തിന്റെ നേതൃത്വം മിതവാദ അകാലികളിൽ നിന്നും തീവ്രവാദ വിഭാഗങ്ങളിലേക്ക് കൈമാറ്റപ്പെടുകയും സായുധ കലാപത്തിന്റെ രൂപം ആർജിക്കുകയും ചെയ്തു. സിഖ്കാരുടെ വിശുദ്ധ ആരാധനാ കേന്ദ്രമായ അമൃത്സറിലെ സുവർണക്ഷേത്രം ആസ്ഥാനമാക്കിയ തീവ്രവാദികൾ അതിനെ സുരക്ഷിത താവളമായി മാറ്റുകയും ചെയ്തു. 1984 ജൂണിൽ ഇന്ത്യാഗവൺമെന്റ് 'ഓപ്പറേഷൻ ബ്ലൂസ്റ്റാർ' എന്ന് പേര് നൽകിയ ഒരു സൈനികനടപടി സുവർണക്ഷേത്രത്തിൽ നടത്തുകയുണ്ടായി. ഈ സൈനിക നടപടിയിലൂടെ ഗവൺമെന്റിന് തീവ്രവാദികളെ വിജയകരമായി പുറത്താക്കുവാൻ കഴിഞ്ഞു എന്നാൽ ചരിത്ര പാരമ്പര്യമുള്ള ക്ഷേത്രത്തിന് സാരമായ കേടുപാടുകൾ വരുത്തുകയും സിഖ്കാരുടെ മതവികാരത്തെ ആഴത്തിൽ മുറിവേൽപ്പിക്കുകയും ചെയ്തു. ഇന്ത്യയിലും പുറത്തുമുള്ള വലിയ വിഭാഗം സിഖുക്കാർ സൈനികനടപടിയെ കണ്ടത് അവരുടെ വിശ്വാസത്തിന്മേലുള്ള കടന്നാക്രമണമായാണ്. ഇത് തീവ്രവാദികൾക്കും മൗലികവാദികൾക്കും കൂടുതൽ പ്രചോദനം നൽകുകയും ചെയ്തു.

കൂടുതൽ ദുരന്തപൂർണമായ സംഭവങ്ങൾ പഞ്ചാബ് പ്രശ്നം കൂടുതൽ സങ്കീർണമാക്കി. സ്വവസതിക്കു പുറത്ത് വച്ച് 1984 ഒക്ടോബർ 31-ന് പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അവരുടെ അംഗരക്ഷകരാൽ വധിക്കപ്പെട്ടു. സിഖ്കാരരായ കൊലപാതകികൾ രണ്ടു പേരും ഓപ്പറേഷൻ ബ്ലൂസ്റ്റാറിന്റെ പേരിൽ പ്രതികാരം ചെയ്യാൻ ആഗ്രഹിച്ചവരായിരുന്നു. ഈ സംഭവത്തിൽ രാജ്യം മുഴുവൻ നടുങ്ങുകയും, സിഖ് സമുദായത്തിനെതിരെ ഡൽഹിയിലും ഉത്തരേന്ത്യയുടെ പല ഭാഗങ്ങളിലും അക്രമങ്ങൾ പൊട്ടി പുറപ്പെടുകയും ചെയ്തു. ഏക ദേശം ഒരാഴ്ചയോളം സിഖ്കാർക്കെതിരായ അതിക്രമങ്ങൾ തുടർന്നു. കലാപം തീവ്രമായി ബാധിച്ച ദേശീയ തലസ്ഥാനത്തു മാത്രം രണ്ടാ




**ഹർചന്ദ് സിങ് ലോംഗോവാൾ**
**1932 – 1985**

സിഖ് രാഷ്ട്രീയ മത നേതാവായിരുന്ന ഒരു അകാലി നേതാവ് എന്ന നിലക്ക് അറുപതുകളുടെ മദ്ധ്യത്തിൽ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചു; 1980 ൽ അകാലിദളിന്റെ പ്രസിഡന്റായി; അകാലികളുടെ പ്രധാന ആവശ്യങ്ങളിൽ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുമായി കരാറിൽ എത്തിച്ചേർന്നു; ഇതുവരെ തിരിച്ചറിയാൻ കഴിയാത്ത സിഖ് യുവാവിനാൽ കൊല്ലപ്പെട്ടു.





ARMY CONTROLS TEMPLE

250 terrorists and 59 jawans killed

Last bastion of resistance crumbles; 700 arrested

Jammu seals border

THE TIMES OF INDIA

SURRENDER AT GOLDEN TEMPLE

No damage caused to Harmandir Sahib

58 armymen and 250 terrorists killed

CHANDIGARH, June 6 (PTI).

SECURITY forces tonight completed their task of flushing out terrorists from the Golden Temple complex.

“ 31–10–84 ൽ യോഗങ്ങൾ ചേരുകയും അല്ലെങ്കിൽ അക്രമങ്ങൾ നടത്താൻ കഴിയുന്ന വ്യക്തികളെ ബന്ധപ്പെടുകയും, സിഖ്കാരെ വധിക്കുവാനും അവരുടെ വീടുകളും കടകളും കൊള്ളയടിക്കുവാനും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തതിന് തെളിവുകളുണ്ട്. അക്രമങ്ങൾ നടത്തിയത് പോലീസിനെ ഭയപ്പെടാതെ ചിട്ടയായ രീതിയിൽ ആയിരുന്നു. അക്രമം നടത്തുമ്പോഴോ അതിനുശേഷമോ അവർക്ക് യാതൊരു ദോഷവും ഉണ്ടാവില്ലെന്ന് അവർക്ക് ഉറപ്പ് നൽകിയതു പോലെ. ”

**ജസ്റ്റിസ് നാനാവതി അന്വേഷണ കമ്മീഷൻ റിപ്പോർട്ട് വാല്യം 1, 2005**

യിരത്തിലധികം സിഖ്കാർ കൊല്ലപ്പെട്ടു. രാജ്യത്തിന്റെ മറ്റുഭാഗങ്ങളിൽ നൂറുകണക്കിന് സിഖ്കാർ കൊല്ലപ്പെട്ടു. പ്രത്യേകിച്ചും കാൺപൂർ ബൊക്കാറോ, ചാസ് എന്നീ സ്ഥലങ്ങളിൽ ധാരാളം സിഖ് കുടുംബങ്ങൾക്ക് അവരുടെ കുടുംബങ്ങളിലെ പുരുഷ അംഗങ്ങൾ നഷ്ടപ്പെടുകയും അത്തരത്തിൽ വലിയ വൈകാരികവും സാമ്പത്തികവും ആയ നഷ്ടമുണ്ടാവുകയും ചെയ്തു. സാധാരണനില പുനസ്ഥാപിക്കുന്നതിന് ഗവൺമെന്റ് ദീർഘകാലം എടുത്തു എന്നു മാത്രമല്ല ലഹളയിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവർ ഫലപ്രദമായി ശിക്ഷിക്കപ്പെട്ടില്ല എന്നതുമാണ് സിഖ്കാരെ കൂടുതൽ മുറിവേൽപിച്ചത്. ഇരുപത് വർഷങ്ങൾക്കുശേഷം 2005-ൽ പാർലമെന്റിൽ പ്രസംഗിക്കവേ പ്രധാനമന്ത്രി മൻമോഹൻസിങ് ഈ കൊലപാതകങ്ങളിൽ ഖേദം പ്രകടിപ്പിക്കുകയും സിഖ് വിരുദ്ധകലാപത്തിന്റെ പേരിൽ രാഷ്ട്രത്തോട് മാപ്പപേക്ഷിക്കുകയും ചെയ്തു.



Credit : Radhu Rai

ഇന്ദിരാഗാന്ധിയുടെ വധം കാണിക്കുന്ന ചിത്രത്തിൽ നോക്കുന്ന സ്ത്രീകൾ.


Special Edition

THE TIMES OF INDIA

INDIRA GANDHI SHOT AT

CONDITION CRITICAL

Two shot dead

Blood transfusion

Credit : Times of India

## സമാധാനത്തിലേക്കുള്ള പാത (Road to peace)

1984 ലെ തിരഞ്ഞെടുപ്പിനെ തുടർന്ന് അധികാരത്തിൽ വന്നശേഷം പുതിയ പ്രധാനമന്ത്രി രാജീവ്ഗാന്ധി അകാലികളിലെ മിതവാദി നേതാക്കളുമായി ചർച്ചകൾക്ക് തുടക്കം കുറിച്ചു. 1985 ജൂലൈയിൽ അന്നത്തെ അകാലി ദളിന്റെ പ്രസിഡന്റായിരുന്ന ഹർചന്ദ് സിങ് ലോംഗോവാളുമായി ഒരു കരാറിൽ അദ്ദേഹം എത്തിച്ചേർന്നു. ഈ കരാർ രാജീവ്-ലോംഗോവാൾ ഉടമ്പടി അഥവാ പഞ്ചാബ് കരാർ എന്നറിയപ്പെടുന്നു. പഞ്ചാബിൽ സാധാരണനില പുനസ്ഥാപിക്കുന്നതിനുള്ള ഒരു ചുവടുവയ്പ്പായിരുന്നു ഇത്. ഈ കരാറനുസരിച്ച് ചണ്ഡിഗഢ് പഞ്ചാബിന് കൈമാറുമെന്നും, പഞ്ചാബിനും ഹരിയാനക്കും ഇടക്കുള്ള അതിർത്തി തർക്കം പരിഹരിക്കുന്നതിന് ഒരു പ്രത്യേക കമ്മീഷനെ നിയമിക്കുമെന്നും, രവി - ബിയാസ് എന്നീ നദികളിലെ ജലം പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾക്കിടയിൽ പങ്കുവെക്കുന്നതു തീരുമാനിക്കുന്നതിന് ഒരു ട്രിബ്യൂണൽ രൂപീകരിക്കുമെന്നും ധാരണയിലെത്തി. പഞ്ചാബിൽ തീവ്രവാദം ബാധിച്ചവർക്ക് നഷ്ടപരിഹാരവും മെച്ചപ്പെട്ട പരിഗണനയും കരാർ അനുസരിച്ച് നൽകുകയും പഞ്ചാബിൽ നിന്നും സൈനിക പ്രത്യേക അവകാശ നിയമം പിൻവലിക്കുകയും ചെയ്തു.

എന്നിരുന്നാലും, എളുപ്പത്തിലോ ഉടനെയോ പഞ്ചാബിൽ സമാധാനം നിലവിൽ വന്നില്ല. അക്രമപരമ്പര വലയം ഒരു ദശാബ്ദക്കാലം തുടർന്നു. സായുധകലാപവും കലാപവിരുദ്ധ നടപടികളും പോലീസ് അതിക്രമങ്ങൾക്കും മനുഷ്യാവകാശ ലംഘനങ്ങൾക്കും ഇടയാക്കി. രാഷ്ട്രീയമായി അത് അകാലിദളിനെ ചിന്നഭിന്നമാക്കി. കേന്ദ്രഗവൺമെന്റിന് സംസ്ഥാനത്ത് പ്രസിഡന്റു ഭരണം ഏർപ്പെടുത്തേണ്ടി വരുകയും സാധാരണ തിരഞ്ഞെടുപ്പ് രാഷ്ട്രീയപ്രക്രിയ താൽകാലികമായി നിർത്തിവയ്ക്കുകയും ചെയ്തു. സംശയത്തിന്റെയും അക്രമത്തിന്റെയും അന്തരീക്ഷത്തിൽ രാഷ്ട്രീയ പ്രക്രീയ പുനസ്ഥാപിക്കുക എളുപ്പമായിരുന്നില്ല. 1992 ൽ പഞ്ചാബിൽ തിരഞ്ഞെടുപ്പ് നടത്തിയപ്പോൾ 24 ശതമാനം വോട്ടർമാർ മാത്രമാണ് വോട്ടു ചെയ്തത്.

ആത്യന്തികമായി പഞ്ചാബിൽ നിന്നും തീവ്രവാദത്തെ സുരക്ഷാസേന തുടച്ചുനീക്കി. എന്നാൽ അത് പഞ്ചാബിലെ ജനങ്ങൾക്ക് വരുത്തിവച്ച നഷ്ടം - സിഖ്കാർക്കും ഹിന്ദുക്കൾക്കും ഒന്നുപോലെ വളരെ വലുതായിരുന്നു. 1990 കളുടെ മധ്യത്തോടെ പഞ്ചാബിൽ സമാധാനം തിരിച്ചെത്തി. തീവ്രവാദത്തിനുശേഷം സംസ്ഥാനത്ത് 1997-ൽ നടന്ന സമാധാനപരമായ ആദ്യ തിരഞ്ഞെടുപ്പിൽ അകാലിദൾ (ബാദൽ) ബിജെപി സഖ്യം സുപ്രധാന വിജയം നേടി. സാമ്പത്തിക വികസനം സാമൂഹിക മാറ്റം തുടങ്ങിയ വിഷയങ്ങളിലേക്ക് ഒരിക്കൽ കൂടി സംസ്ഥാനം വ്യാപൃതമായി. ജനങ്ങൾക്കിടയിൽ മതപരമായ സ്വത്വം പ്രധാനമായി തുടരുന്നു എങ്കിലും രാഷ്ട്രീയ മതേതര നിരയിലേക്ക് സംസ്ഥാനം ക്രമേണ തിരിച്ചുപോയി.

"സിഖ് സമുദായത്തോട് മാത്രമല്ല ഇന്ത്യൻ ദേശത്തോടു മുഴുവൻ മാപ്പപേക്ഷിക്കുന്നതിൽ എനിക്ക് യാതൊരു മടിയുമില്ല, എന്തുകൊണ്ടെന്നാൽ 1984 ൽ നടന്നത് ദേശബോധത്തിന്റെയും നമ്മുടെ ഭരണഘടന ശ്രദ്ധാപൂർവം സംരക്ഷിച്ച ആശയങ്ങളുടെയും നിഷേധമാണ്. അതുകൊണ്ടു തന്നെ ഞാൻ നിൽക്കുന്നത് തെറ്റായ പ്രശസ്തിയിലല്ല. നമ്മുടെ ഗവൺമെന്റിന്റെ പേരിൽ, ഈ രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും പേരിൽ അത്തരമൊരു സംഭവം നടന്നതിൽ ലജ്ജിച്ച് ഞാൻ എന്റെ തല താഴ്ത്തുന്നു. എന്നാൽ, സർ വേലിയിറക്കവും വേലിയേറ്റവും ദേശത്തിന്റെ കാര്യങ്ങളിലുണ്ട്. കഴിഞ്ഞ കാലം നമ്മുടെ ഒപ്പമുണ്ട്, കഴിഞ്ഞ കാലത്തെ മാറ്റിയെഴുതാൻ നമുക്കാവില്ല. എന്നാൽ മനുഷ്യൻ എന്ന നിലക്ക് നമുക്കെല്ലാവർക്കും ഒരു നല്ല ഭാവി എഴുതിച്ചേർക്കാനുള്ള ഇച്ഛാശക്തിയും ശേഷിയും നമുക്കുണ്ട്."

**പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്, 2005 ആഗസ്റ്റ് 11-ന് രാജ്യസഭയിലെ ചർച്ചയിൽ ഇടപെട്ടുകൊണ്ട്.**

## വടക്കുകിഴക്ക് (The North-East)

വടക്കു കിഴക്കൻ മേഖലയിൽ പ്രാദേശിക അഭിലാഷങ്ങൾ ഒരു വഴിതിരിവിലെത്തിയത് 1980 കളിലാണ് 'സപ്ത സഹോദരികൾ' എന്ന് വിശേഷിപ്പിക്കുന്ന ഏഴ് സംസ്ഥാനങ്ങൾ ഈ മേഖലയിൽ ഉൾപ്പെടുന്നു. രാജ്യത്തെ മൊത്തം ജനസംഖ്യയുടെ 4 ശതമാനം മാത്രമാണ് ഈ പ്രദേശത്തുള്ളത് എന്നാൽ ഭൂവിസ്തൃതി ഏകദേശം ഇരട്ടിയോളം വരും. 22 കിലോമീറ്റർ ദൈർഘ്യമുള്ള ചെറിയ ഇടനാഴി യും ഈ മേഖലയെ രാജ്യത്തിന്റെ മറ്റു പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നു. മറ്റൊരു രീതിയിൽ ഈ മേഖല ചൈന, മ്യാൻമാർ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളുമായി അതിർത്തി പങ്കുവയ്ക്കുകയും തെക്കു കിഴക്കനേഷ്യയിലേക്കുള്ള ഇന്ത്യയുടെ കവാടമായി വർത്തിക്കുകയും ചെയ്യുന്നു.

1947-നുശേഷം മേഖല ഒട്ടേറെ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ത്രിപുര, മണിപ്പൂർ, മേഘാലയയിലെ ഖാസികുന്നുകൾ തുടങ്ങിയവ നാട്ടുരാജ്യങ്ങൾ ആയിരുന്നു. സ്വാതന്ത്ര്യാനന്തരം ഇവ ഇന്ത്യയിൽ ലയിച്ചു. വടക്കുകിഴക്കേ ഇന്ത്യയിലെ മുഴുവൻ പ്രദേശങ്ങളും വളരെയധികം രാഷ്ട്രീയ പുനസംഘടനയിലൂടെ കടന്നുപോയി. നാഗാലാന്റ് സംസ്ഥാനം 1963-ൽ രൂപീകരിച്ചു. മണിപ്പൂരും മേഘാലയും ത്രിപുരയും 1972-ലും, മിസോറാം അരുണാചൽ പ്രദേശ് എന്നിവ 1972-ലും പ്രത്യേക സംസ്ഥാനങ്ങളായി. 1947-ലെ ഇന്ത്യാവിഭജനം വടക്കു കിഴക്കൻ മേഖലയെ കര പ്രദേശത്താൽ ചുറ്റപ്പെട്ട ഒന്നാക്കുകയും അത് അവരുടെ സമ്പദ്വ്യവസ്ഥയെ ബാധിക്കുകയും ചെയ്തു. ഇന്ത്യയുടെ മറ്റു ഭാഗത്തുനിന്നും മുറിച്ചു മാറ്റപ്പെട്ടതിന്റെ ഫലമായി വികസനരംഗത്ത് മേഖല അവഗണന നേരിടേണ്ടി വന്നു. അവിടത്തെ രാഷ്ട്രീയവും വേർപെടുത്തി നിർത്തപ്പെട്ടു. അതേസമയം തന്നെ അയൽസംസ്ഥാനങ്ങളിൽ നിന്നും അയൽ രാജ്യങ്ങളിൽ നിന്നുമുള്ള കുടിയേറ്റത്തിന്റെ ഫലമായി മേഖലയിലെ സംസ്ഥാനങ്ങളുടെ ജനസംഖ്യഘടനയും സുപ്രധാന മാറ്റങ്ങളിലൂടെ കടന്നുപോയി.

കുറിപ്പ്: ഈ ഭൂപടം സ്കെയിൽ അടിസ്ഥാനമാക്കി തയാറാക്കിയതല്ല. അതുകൊണ്ടുതന്നെ ഇന്ത്യയുടെ അതിർത്തികളുടെ ആധികാരികരേഖയായി ഇത് കണക്കാക്കാൻ പാടില്ല.




മേഖലയുടെ ഒറ്റപ്പെടൽ, സങ്കീർണമായ അതിന്റെ സാമൂഹികസ്വഭാവം, രാജ്യത്തിന്റെ മറ്റു ഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അതിന്റെ പിന്നോക്കാവസ്ഥ തുടങ്ങിയവയൊക്കെ വടക്കു കിഴക്കൻ പ്രദേശത്തെ വിവിധ സംസ്ഥാനങ്ങളിൽ സങ്കീർണമായ ഒരു കൂട്ടം ആവശ്യങ്ങൾ ഉന്നയിക്കപ്പെടുന്നതിന് ഇടയാക്കി. വിശാലമായ അന്തർദേശീയ അതിർത്തി വടക്കുകിഴക്കൻ പ്രദേശങ്ങൾക്കും ഇന്ത്യയുടെ മറ്റു ഭാഗങ്ങൾക്കും ഇടയിലുള്ള ദുർബലമായ ആശയവിനിമയം തുടങ്ങിയവ അവിടുത്തെ ചഞ്ചലമായ രാഷ്ട്രീയ സാഹചര്യത്തിന് കൂടുതൽ കാരണമായി. മൂന്നു പ്രശ്നങ്ങൾ വടക്കുകിഴക്കിന്റെ രാഷ്ട്രീയത്തിൽ മേധാവിത്വം നേടി: സ്വയംഭരണത്തിനുവേണ്ടിയുള്ള ആവശ്യം, വിട്ടുപോകൽ പ്രസ്ഥാനങ്ങൾ, പുറമെനിന്നും വന്നവരോടുള്ള എതിർപ്പ്. ഒന്നാമത്തെ പ്രശ്നം സംബന്ധിച്ച് 1970-കളിൽ തുടക്കംകുറിച്ച നടപടികൾ 1980-കളിൽ രണ്ടാമത്തെയും മൂന്നാമത്തെയും പ്രശ്നങ്ങളുമായി ബന്ധപ്പെട്ട നാടകീയസംഭവ വികാസങ്ങൾക്ക് അരങ്ങൊരുക്കി.

### സ്വയംഭരണത്തിനു വേണ്ടിയുള്ള ആവശ്യം (Demans for autonomy)

സ്വാതന്ത്ര്യം ലഭിച്ചപ്പോൾ മണിപ്പൂരും ത്രിപുരയും ഒഴികെയുള്ള മുഴുവൻ പ്രദേശങ്ങളും അസം സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. തങ്ങളുടെ

മേൽ ആസാമിസ് ഭാഷ അടിച്ചേൽപ്പിക്കുകയാണ് എന്ന ആസാമീസ് ഇതര ഭാഷാവിഭാഗങ്ങൾക്ക് തോന്നിയതോടെ രാഷ്ട്രീയ സ്വയംഭരണത്തിനുവേണ്ടി യുള്ള ആവശ്യം ഉയർന്നു വന്നു. സംസ്ഥാനത്തുടനീളം എതിർപ്പും പ്രതിഷേധ കലാപങ്ങളുമുണ്ടായി. പ്രമുഖ ഗോത്രവർഗ സമുദായനേതാക്കളെല്ലാം അസമിൽ നിന്നും വേർപെട്ടുപോകണം എന്നാവശ്യപ്പെട്ടു. അവർ കിഴക്കൻ ഇന്ത്യ ട്രൈബൽ യൂണിയൻ രൂപീകരിച്ചു. 1960 ൽ ഇത് ഓൾ പാർട്ടി ഹിൽ ലീഡേഴ്സ് കോൺഫ റൻസ് എന്ന് പരിവർത്തനം ചെയ്തു. അസമിനെ വിഭജിച്ച് ഒരു ഗോത്രവർഗ സംസ്ഥാനം രൂപീകരിക്കണം എന്ന് അവർ ആവശ്യപ്പെട്ടു. അവസാനം ഒരു ഗോത്ര വർഗ സംസ്ഥാനത്തിനുപകരം ഒട്ടേറെ സംസ്ഥാനങ്ങൾ അസമിൽ നിന്നും മുറി ച്ചെടുത്തു. വിവിധ കാലഘട്ടങ്ങളിൽ കേന്ദ്രഗവൺമെന്റ് മേഘാലയ മിസോറാം, അരുണാചൽപ്രദേശ് എന്നിവ അസമിൽ നിന്നും രൂപീകരിച്ചു. ത്രിപുരയും മണി പ്പൂരും സംസ്ഥാന പദവിയിലേക്ക് ഉയർത്തി.

വടക്കുകിഴക്കൻ മേഖലയുടെ പുനസംഘടന 1972 ൽ പൂർത്തിയായി. എന്നാൽ ഇത് പ്രദേശത്തുനിന്നുള്ള സ്വയംഭരണ ആവശ്യത്തിന്റെ അവസാനമായിരുന്നി ല്ല. ഉദാഹരണത്തിന് അസമിൽ തന്നെ ബോഡോകൾ, കർബികൾ, ദിമാസസ് തുടങ്ങിയ സമുദായങ്ങൾ പ്രത്യേക സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടു. പൊതുജ നാഭിപ്രായം രൂപീകരിച്ചും, ജനകീയപ്രസ്ഥാനങ്ങൾ, കലാപം എന്നിവയിലൂടെയും ഈ ആവശ്യത്തിനു വേണ്ടി അവർ പ്രവർത്തിച്ചു. ചിലപ്പോഴൊക്കെ ഒരു പ്രദേ ശത്തിനുമേൽ ഒന്നിൽ കൂടുതൽ സമുദായങ്ങൾ അവകാശവാദം ഉന്നയിക്കുക യുണ്ടായി. ചെറിയ ചെറിയ സംസ്ഥാനങ്ങൾക്ക് രൂപം നൽകികൊണ്ടു വരിക എന്നത് സാധ്യമല്ല. അതുകൊണ്ടു തന്നെ അവരുടെ സ്വയംഭരണ ആവശ്യങ്ങൾ സംതൃപ്തിപ്പെടുത്തുന്നതിന് നമ്മുടെ ഫെഡറൽ സംവിധാനത്തിലെ മറ്റു ചില വ്യവസ്ഥകൾ ഉപയോഗപ്പെടുത്തുകയുണ്ടായി. അസമിന്റെ ഭാഗമായിരിക്കുമ്പോൾ തന്നെ കർബികൾക്കും ദിമാസസിനും ജില്ലാ കൗൺസിലുകൾക്കു കീഴിൽ സ്വയം ഭരണം നൽകിയപ്പോൾ ബോഡോകൾക്ക് സമീപകാലത്ത് സ്വയംഭരണ കൗൺസിൽ അനുവദിച്ചു.

### വിഘടനവാദ പ്രസ്ഥാനങ്ങൾ (Secessionist movements)

സ്വയംഭരണത്തിനുവേണ്ടിയുള്ള ആവശ്യങ്ങളോട് പ്രതികരിക്കുക എളുപ്പമാണ്. വൈവിദ്ധ്യങ്ങളെ ഉൾക്കൊള്ളുന്നതിന് വേണ്ടിയുള്ള ഭരണഘടനയിലെ വിവിധ വ്യവസ്ഥകൾ ഇതിന് ഉപയോഗിക്കുകയുണ്ടായി. ചില വിഭാഗങ്ങൾ പ്രത്യേക രാഷ്ട്രം ആവശ്യപ്പെട്ടതോടെ അതിനോട് പ്രതികരിക്കുക കൂടുതൽ വിഷമകര മായി. ഒരു താൽകാലിക ദേഷ്യത്തിന്റെ ഫലമായിരുന്നില്ല ഇവ, മറിച്ച് സ്ഥായി യായ ഒരു തത്വാധിഷ്ഠിത നിലപാട് എന്ന നിലയ്ക്കായിരുന്നു. വടക്ക് കിഴക്ക് ഏറ്റവും കുറഞ്ഞത് രണ്ടു സംസ്ഥാനങ്ങളിലെങ്കിലും ദീർഘകാലം ഈ പ്രശ്നം രാഷ്ട്രനേതൃത്വം അഭിമുഖീകരിച്ചു. ഈ രണ്ടു സംഭവങ്ങളുടെ താരതമ്യം ജനാ ധിപത്യ രാഷ്ട്രീയത്തിലെ ഒരു പാഠം നമുക്ക് പകർന്നുനൽകുന്നു.

സ്വാതന്ത്രത്തിനുശേഷം മിസോകുന്നുകൾ അസമിനുള്ളിൽ തന്നെ ഒരു സ്വയം ഭരണ ജില്ലയാക്കി മാറ്റി. തങ്ങൾ ഒരിക്കലും ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായിരു ന്നില്ലെന്നും അതുകൊണ്ടു തന്നെ അവർ ഇന്ത്യൻ യൂണിയന്റെ ഭാഗമാകുന്നി ല്ലന്നും മിസോകളിൽ ഒരു വിഭാഗം വിശ്വസിച്ചു. മിസോകുന്നുകളിൽ 1959 ൽ പൊട്ടി പുറപ്പെട്ട കൊടുംക്ഷാമത്തോട് അനുയോജ്യമായ രീതിയിൽ പ്രതികരി ക്കുന്നതിൽ അസം ഗവൺമെന്റ് പരാജയപ്പെട്ടതോടെ വിഘടനവാദ പ്രസ്ഥാന ത്തിന് ജനപിന്തുണ ലഭിച്ചു. മിസോകളുടെ അമർഷം ലാൽഡെംഗയുടെ നേതൃ ത്വത്തിൽ മിസോ നാഷണൽ ഫ്രണ്ട് (MNF) രൂപീകരിക്കുന്നതിന് ഇടയാക്കി.

1966-ൽ മിസോ നാഷണൽ ഫ്രണ്ട് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഒരു സായുധ നടപടിക്ക് തുടക്കം കുറിച്ചു. മിസോകലാപകാരികൾക്കും ഇന്ത്യൻ സൈന്യത്തി നുമിടയിൽ രണ്ടു പതിറ്റാണ്ടു നീണ്ടുനിന്ന സുദീർഘമായ സംഘർഷങ്ങൾക്ക് ഇങ്ങനെ തുടക്കമായി. എംഎൻഎഫ് ഗറില്ലായുദ്ധമാണ് നടത്തിയത്. ഇതിന്






**ലാൽഡെംങ**
**1937 – 1990:**
മിസോ നാഷണൽ ഫ്രണ്ടിന്റെ സ്ഥാപക നേതാവും; 1959 ലെ ക്ഷാമത്തിന്റെ അനുഭ വത്തിനുശേഷം ഒരു വിപ്ലവകാരിയായി; ഇന്ത്യക്കെതിരെ രണ്ടു ദശാബ്ദകാലം സായുധ കലാപം നയിച്ചു; 1986 ൽ പ്രധാ നമന്ത്രി രാജീവ് ഗാന്ധിയുമായി ഒത്തു തീർപ്പിലെത്തുകയും കരാറിൽ ഒപ്പുവയ്ക്കു കയും ചെയ്തു; പുതു തായി രൂപീകരിച്ച മിസോറാം സംസ്ഥാ നത്തിന്റെ മുഖ്യമന്ത്രി യായി.


GRAVITY chronoquartz

THE TIMES OF INDIA

LUCKNOW THURSDAY JUNE 26, 1986

Cong-MNF accord signed

# Laldenga to head coalition govt

Heavy rains in Lucknow

India condemns Lanka violence

Rs 2 crores worth of gold seized



Credit: Times of India

പാക്കിസ്ഥാന്റെ പിന്തുണ ലഭിക്കുകയും അന്നത്തെ കിഴക്കൻ പാക്കിസ്ഥാനിൽ അവർക്ക് സുരക്ഷിത താവളം ഒരുക്കുകയും ചെയ്തു. തുടർച്ചയായ അടിച്ചമർത്തൽ നടപടികളിലൂടെ ഇന്ത്യൻ സുരക്ഷാസേന ഇതിനെ നേരിടുകയും ഇതിന്റെ ഫലം സാധാരണ ജനങ്ങൾ അനുഭവിക്കേണ്ടിവരികയും ചെയ്തു. ഒരു ഘട്ടത്തിൽ വായുസേനയെ പോലും ഉപയോഗിക്കേണ്ടി വന്നു. ഈ നടപടികൾ ജനങ്ങൾക്കിടയിൽ വലിയ അമർഷത്തിനും അന്യവൽക്കരണത്തിനും കാരണമായി.


CEASE FIRE ORDER

The Government of India and Mizo National Front have agreed to enter into dialogue to solve the political problem of Mizoram within the framework of the Constitution of India. To create conducive atmosphere for the talks and to bring about lasting peace in Mizoram, the Underground Headquarters of Mizoram hereby announce cease fire. The cease fire shall be effective from the 31st July 1986. This suspends all military operation orders including Quit Mizoram Order.

(Laldenga)
PRESIDENT,
MIZO NATIONAL FRONT

Declaration of cease fire by MNF

എം.എൻ.എഫിന്റെ വെടിനിർത്തൽ പ്രഖ്യാപനം

രണ്ടു ദശാബ്ദങ്ങൾ നീണ്ടുനിന്ന കലാപങ്ങൾക്കൊടുവിൽ എല്ലാവരും പരാജയപ്പെട്ടവരായി. ഇവിടെയാണ് രണ്ടു ഭാഗത്തെയും രാഷ്ട്രീയ നേതൃത്വത്തന്റെ പക്വത വേറിട്ടതായത്. പാക്കിസ്ഥാനിൽ അഭയം പ്രാപിച്ചിരുന്ന ലാൽഡെംഗ തിരിച്ചെത്തുകയും ഇന്ത്യാഗവൺമെന്റുമായി ചർച്ചകൾ ആരംഭിക്കുകയും ചെയ്തു. രാജീവ് ഗാന്ധി ഈ ചർച്ചകളെ ക്രിയാത്മകമായ പരിഹാരത്തിലേക്ക് തിരിച്ചുവിട്ടു. രാജീവ്ഗാന്ധിയും ലാൽഡെംഗയും ചേർന്ന് 1986-ൽ ഒരു സമാധാന ഉടമ്പടി ഒപ്പുവച്ചു. ഈ കരാറനുസരിച്ച് മിസോറാമിന് പ്രത്യേക അധികാരങ്ങളോടെ സമ്പൂർണ സംസ്ഥാന പദവി നൽകുകയും വിഘടനവാദ സമരം ഉപേക്ഷിക്കാൻ എം.എൻ. എഫ്. സമ്മതിക്കുകയും ചെയ്തു. ലാൽഡെംഗ മുഖ്യമന്ത്രിയായി അധികാരമേറ്റു. ഈ കരാർ മിസോറാമിന്റെ ചരിത്രത്തിലെ ഒരു വഴിത്തിരിവായിമാറി. മേഖലയിലെ ഏറ്റവും സമാധാനപൂർണമായ പ്രദേശങ്ങളിലൊന്നാണ് ഇന്ന് മിസോറാം. സാക്ഷരത, വികസനം എന്നിവയിൽ സംസ്ഥാനം വലിയ കുതിച്ചുചാട്ടം നടത്തുകയും ചെയ്തു.

വളരെ നേരത്തെതന്നെ ആരംഭിച്ചു എന്നതും സന്തോഷകരമായ ഒരു അവസാനം ഉണ്ടായില്ല എന്നതും ഒഴികെ നാഗാലാന്റിന്റെ കഥ മിസോറാമിലേതിന് സമാനമാണ്. അംഗാമി സഫു ഫിസോയുടെ നേതൃത്വത്തിൽ നാഗൻമാരിൽ ഒരു വിഭാഗം 1951-ന് മുമ്പുതന്നെ ഇന്ത്യയിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. കുടിയാലോചനയിലൂടെ പ്രശ്നം പരിഹരിക്കാനുള്ള ഒട്ടേറെ വാഗ്ദാനങ്ങൾ ഫിസോ നിരസിക്കുകയുണ്ടായി. നാഗന്മാരുടെ പരമാധികാരത്തിനു വേണ്ടി നാഗാനാഷണൽ കൗൺസിൽ സായുധ സമരം ആരംഭിച്ചു. അക്രമപരമായ കലാപങ്ങൾക്കുശേഷം ഒരു വിഭാഗം നാഗന്മാർ ഇന്ത്യാ ഗവൺമെന്റുമായി ഒരു കരാർ ഒപ്പുവച്ചു. എന്നാൽ ഇത് മറ്റു കലാപകാരികൾക്ക് സ്വീകാര്യമായിരുന്നില്ല. നാഗാലാന്റിലെ പ്രശ്നം ഇന്നും അന്തിമപരിഹാരം കാത്തിരിക്കുന്നു.



**അംഗാമി സാഫു ഫിസോ (1904–1990):**

സ്വാത്ര നാഗാ ലാന്റിനു വേണ്ടിയുള്ള പ്രസ്ഥാനത്തിന്റെ നേതാവായിരുന്നു; നാഗാ നാഷണൽ കൗൺസിലിന്റെ പ്രസിഡന്റ്; ഇന്ത്യക്കെതിരെ ഒരു സായുധകലാപത്തിന് തുടക്കംകുറിച്ചു; ആദ്യം ഒളിവിൽ പോവുകയും പാകിസ്ഥാനിലെ താമസത്തിനുശേഷം അവസാനത്തെ മൂന്നു ദശാബ്ദക്കാലം യു.കെയിൽ രാഷ്ട്രീയ അഭയം തേടുകയും ചെയ്തു.

### പുറമെനിന്നും വന്നവർക്കെതിരായ പ്രസ്ഥാനം (Movements againsit outsides)

വടക്കുകിഴക്കൻ മേഖലയിലേക്ക് വലിയ തോതിലുണ്ടായ കുടിയേറ്റം പുറമെനിന്നും വന്നവരെ പ്രാദേശിക സമുദായങ്ങൾ അന്യരായി അല്ലെങ്കിൽ കുടിയേറ്റക്കാരായി കണ്ട ഒരു സവിശേഷപ്രശ്നത്തിന് ഇടയാക്കി. ഇന്ത്യക്ക് അകത്തു നിന്നും പുറത്തുനിന്നും വന്നവരെ പ്രദേശവാസികൾ കണക്കാക്കിയത് ഭൂമി പോലുള്ള തങ്ങളുടെ പരിമിതമായ വിഭവങ്ങൾ കൈയ്യടക്കാൻ വന്നവരായോ, തൊഴിലവസരങ്ങൾ, രാഷ്ട്രീയ അധികാരം എന്നിവക്കു വേണ്ടിയുള്ള പ്രബല മത്സരാർഥികളായോ ആണ്. വടക്കു കിഴക്കൻ മേഖലയിലെ പല സംസ്ഥാനങ്ങളിലും ഈ പ്രശ്നം രാഷ്ട്രീയപരവും ചിലപ്പോഴൊക്കെ അക്രമസ്വഭാവവും കൈവരിച്ചു.

പുറമെ നിന്നും വന്നവർക്കെതിരെയുള്ള അത്തരം പ്രസ്ഥാനങ്ങൾക്ക് ഏറ്റവും നല്ല ഉദാഹരണമാണ് 1979 മുതൽ 1985 വരെ നിലനിന്ന അസം പ്രസ്ഥാനം. ബംഗ്ലാദേശിൽ നിന്നുള്ള ധാരാളം നിയമവിരുദ്ധ ബംഗാളി മുസ്ലിം താമസക്കാർ അവിടെ ഉണ്ടെന്ന് അസം ജനത വിശ്വസിച്ചു. അത്തരം വിദേശപൗരന്മാരെ കണ്ടെത്തി നാടുകടത്തിയില്ലെങ്കിൽ അവർ തദ്ദേശീയരായ അസമികളെ ന്യൂനപക്ഷമാക്കി മാറ്റുമെന്ന് അവർക്ക് തോന്നി. മറ്റു സാമ്പത്തികപ്രശ്നങ്ങളും ഇതോടൊപ്പം ഉണ്ടായിരുന്നു. പ്രകൃതിവിഭവങ്ങളായ എണ്ണ, തേയില, കൽക്കരി എന്നിവയൊക്കെ ഉണ്ടായിട്ടും അസമിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും വളരെ വ്യാപകമായി നിലനിന്നിരുന്നു. അസമിലെ ജനങ്ങൾക്ക് തക്കതായ നേട്ടമൊന്നും ഇല്ലാതെ ഈ വിഭവങ്ങൾ സംസ്ഥാനത്തിന് പുറത്തേക്ക് ചോർത്തി കൊണ്ടു പോകുന്നു എന്ന് അവർക്ക് തോന്നി.

1979-ൽ ഒരു രാഷ്ട്രീയ പാർട്ടിയുമായും ബന്ധമില്ലാത്ത ഓൾ അസം സ്റ്റുഡൻസ് യൂണിയൻ (AASU) ഒരു വിദേശി വിരുദ്ധപ്രസ്ഥാനത്തിന് നേതൃത്വം നൽകി. പ്രസ്ഥാനം നിയമവിരുദ്ധ കുടിയേറ്റക്കാർക്കെതിരും, ബംഗാളികളുടെയും മറ്റ് പുറമെ നിന്നും വന്നവരുടെയും മേധാവിത്വത്തിനും ലക്ഷക്കണക്കിന് കുടിയേറ്റക്കാരെ ഉൾപ്പെടുത്തിയ തെറ്റായ വോട്ടർ പട്ടികക്കും എതിരായിരുന്നു. 1951-നുശേഷം സംസ്ഥാനത്തേക്കു വന്ന എല്ലാവരെയും തിരിച്ചയക്കണമെന്ന് പ്രസ്ഥാനം ആവശ്യപ്പെട്ടു. നൂതനമായ പല സമരരീതികളും അവർ പിന്തുടരുകയും സംസ്ഥാനത്തുടനീളം ഉള്ള അസം ജനതയുടെ പിന്തുണനേടിക്കൊണ്ട് അസമിലെ എല്ലാ വിഭാഗം ജനങ്ങളെയും അവർ സംഘടിപ്പിച്ചു. സ്വത്തും മനുഷ്യജീവനും നഷ്ടമാക്കിയ ധാരാളം ദുരന്തപൂർണവും അക്രമപരവുമായ ധാരാളം സംഭവങ്ങൾ ഇതിലുൾപ്പെടുന്നു. ട്രെയിൻ ഗതാഗതം തടസപ്പെടുത്തുകയും ബീഹാറിലെ റിഫൈനറികൾക്ക് എണ്ണ നൽകുന്നത് തടയാനും പ്രസ്ഥാനം ശ്രമിക്കുകയുണ്ടായി.

ഈ അകത്തുള്ളവർ – പുറത്തുള്ളവർ എന്ന വിനിമയം എനിക്കൊരിക്കലും മനസിലായിട്ടില്ല. അത് ട്രെയിൻ കമ്പാർട്ടുമെന്റു പോലെയാണ്. മറ്റുള്ളവരേക്കാൾ ആദ്യം അകത്തു കയറുന്നവൻ ബാക്കിയുള്ളവരെ പുറത്തുള്ളവരായി കാണും.



ഒടുവിൽ ആറുവർഷത്തെ കോലാഹലങ്ങൾക്കുശേഷം രാജീവ്ഗാന്ധി ഗവൺമെന്റ് ഓൾ അസം സ്റ്റുഡൻസ് യൂണിയൻ നേതാക്കളുമായി ചർച്ചകളിൽ ഏർപ്പെടുകയും ഇത് 1985-ൽ ഒരു കരാർ ഒപ്പിടുന്നതിന് ഇടയാക്കുകയും ചെയ്തു. ഈ കരാർ അനുസരിച്ച് ബംഗ്ലാദേശ് യുദ്ധ സമയത്തും അതിനുശേഷവും ആസാമിലേക്ക് കുടിയേറിയ വിദേശികളെ കണ്ടെത്തുകയും നാടുകടത്തുകയും ചെയ്യുന്നതാണ്. പ്രസ്ഥാനത്തിന്റെ വിജയകരമായ പൂർത്തീകരണത്തോടെ ഓൾ അസം സ്റ്റുഡൻസ് യൂണിയനും അസം ഗണ സംഗ്രാം പരിഷത്തും ചേർന്ന് അസം ഗണ പരിഷത്ത് (AGP) എന്ന പ്രാദേശിക കക്ഷി രൂപീകരിച്ചു. വിദേശികളുടെ പ്രശ്നം പരിഹരിക്കുമെന്നും ഒരു സുവർണ അസം നിർമിക്കുമെന്നുമുള്ള വാഗ്ദാനത്തോടെ

1985-ൽ അസം ഗണപരിഷത്ത് അധികാരത്തിൽ വന്നു.

അസം കരാർ സംസ്ഥാനത്ത് സമാധാനം കൊണ്ടു വരുകയും അസമിലെ രാഷ്ട്രീയത്തിന്റെ മുഖഛായ മാറ്റുകയും ചെയ്തു. എന്നാൽ കുടിയേറ്റ പ്രശ്നം അത് പരിഹരിച്ചില്ല. പുറമെ നിന്നും വന്നവരുടെ പ്രശ്നം അസമിലെയും വടക്കുകിഴക്കേ ഇന്ത്യയിലെ മറ്റു പല പ്രദേശങ്ങളിലെയും രാഷ്ട്രീയത്തിൽ ഒരു സജീവപ്രശ്നമായി തുടരുന്നു. ഈ പ്രശ്നം മുഖ്യമായും കൂർത്തമുനയുള്ളതാണ്. ഉദാഹരണത്തിന് ത്രിപുരയിൽ അവിടത്തെ തദ്ദേശവാസികൾ അവരുടെ തന്നെ പ്രദേശത്ത് ന്യൂനപക്ഷമായി മാറി. മിസോറാമിലും അരുണാചൽപ്രദേശിലുമുള്ള ചക്മ അഭയാർഥികളുടെ കാര്യത്തിലും പ്രദേശിക ജനതയുടെ എതിർപ്പിന്റെ അടിസ്ഥാനം ഇതാണ്.



नईदुनिया

✓असम समझौता : उल्लेखनीय उपलब्धि

असम के बारे में केंद्र सरकार तथा असम के छात्र संगठनों के बीच पंद्रह तारीख को तड़के हुए समझौते से असम का छः वर्ष पुराना आंदोलन समाप्त हो गया है। असम के विभिन्न छात्र संगठनों द्वारा संचालित सरकार विरोधी आंदोलन के दौरान साढ़े तीन हजार से अधिक जानें गई और अरबों रुपयों की आर्थिक हानि हुई। बारह अप्रैल १९८० को जब तत्कालीन प्रधानमंत्री श्रीमती इंदिरा गांधी गुआहाटी गई थीं तो छात्र नेता १९६७ को आधार वर्ष मानकर विदेशी नागरिकों की समस्या के समाधान के तैयार हो गए थे। पर प्रधानमंत्री तब १९७१ को आधार वर्ष माने जाने पर अड़ी रहीं। फलस्वरूप सरकार तथा छात्र संगठनों के बीच बातचीत टूट गई। श्रीमती गांधी ने असम समस्या को सुलझाने के लिए चार गृहमंत्रियों– (जैलसिंह, श्री आर. वेंकटरमन, श्री प्रकाशचंद सेठी तथा श्री नरसिंहराव) की सेवाओं का उपयोग किया। किंतु, अविश्वास और कठोर पैंतरों का जो वातावरण बना था, वह ऐसा नहीं था कि कोई समझौता हो पाता।

श्री राजीव गांधी के काम करने की शैली इस अर्थ में नई है कि वह सहज ही विपक्षी दल का विश्वास जीत लेती है। श्री गांधी रियायतें देने को तैयार रहते हैं, जिसके फलस्वरूप सामने वाला पक्ष भी रियायत देकर समझौता करने को तैयार हो जाता है। केंद्र सरकार के गृह सचिव श्री आर. डी. प्रधान ने असम के छात्र नेताओं के साथ बुनियादी बातचीत कर सहमति का आधार तैयार किया। गृहमंत्री श्री एस. बी. चव्हाण ने अंतिम दौर में बातचीत में भाग लिया। कुछ रुकावटों के बाद प्रधानमंत्री राजीव गांधी के हस्तक्षेप से छात्रों को समझौते के लिए राजी किया जा सका और दस सूत्री समझौते पर हस्ताक्षर हो गए।

समझौते को देखने से यह स्पष्ट हो जाता है कि बुनियादी मामलों में केंद्र सरकार तथा छात्र संगठनों, "आसू" तथा "अखिल असम गण संग्राम परिषद्" के नेताओं, दोनों ने एक-दूसरे को उल्लेखनीय रियायतें दी हैं। इसलिए यह मानने का कोई आधार नहीं है कि पंद्रह अगस्त का असम समझौता किसी पक्ष विशेष की जीत या किसी पक्ष विशेष की हार है। असम समझौता एक महत्वपूर्ण राष्ट्रीय उपलब्धि है, जिसका श्रेय भारत के युवा प्रधानमंत्री श्री राजीव गांधी को जाता है। असम के दोनों छात्र संगठनों के नेता भी बधाई के पात्र हैं कि गहरे विवेक और सौहार्द का परिचय देकर वे अपना छः वर्ष पुराना आंदोलन समाप्त करने को राजी हो गए हैं। प्रधानमंत्री की कीर्ति में असम समझौते ने एक और चांद जोड़ दिया है। अभी २४ जुलाई को ही उन्होंने पंजाब की खतरनाक रूप से

दिन बाद ही अनंत त्रासदी के नाम से पुकारी जाने वाली असम की समस्या का समाधान खोजकर श्री राजीव गांधी ने अपूर्व समाधानकर्ता का विशेषण अर्जित कर लिया है।

समझौते के अनुसार विदेशी नागरिकों की पहचान करने के लिए १ जनवरी १९६६ को आधार वर्ष माना गया है। इस तिथि के पहले आए विदेशियों को नियमसम्मत मान लिया जाएगा। एक अनुमान के अनुसार १९६१ और १९६५ के बीच ही लगभग पांच लाख विदेशी पूर्वी पाकिस्तान से असम राज्य में आए थे। १ जनवरी १९६६ तथा २४ मार्च १९७१ के बीच असम में अन... वाले विदेशियों को, जिन... के... अन... ज... ज... अधिकार... रूप से असम में दाखिल होने... (मुख्यत: बंगलादेशियों) को असम के बाहर निकाल दिया जाएगा।

समझौते के तहत भारत सरकार ... से लगी सीमा पर ...

... करवाए जाएंगे।

... मुद्दा के अतिरिक्त ... विकास, सांस्कृ... के लिए केंद्र द्वा... प्रावधान भी स...

संसद के अ... और आम जनता ... किया है। जैसे अ... समझौते के बाद रा... वैसे ही इस समझौ... महसूस की है। इन स... किया है कि श्री राजी... की कोई समस्या ऐसी ... जा सके। कहा जा सक... के समझौते ने राष्ट्र को ... और प्रगति के पथ पर ... हौसला दिया है। इसी भा... कि समझौते का सब... ईमानदारी, दृढ़ता तथा स...



Cheers greet Assam pact announcement

Hindustan Times Correspondent

NEW DELHI, Aug. 16—Cheers greeted Home Minister S. B. Chavan's thunderous applause in his address to the nation from the ramparts of the ... who broke the happy news amidst ... presence of Prime Minister Rajiv Gandhi ... spearheaded the movement, will ... off the agitation and ... promised not to ... ployees for ...









വാർത്ത അവസാനിപ്പിക്കുന്നതിനുമുമ്പ് നാലു മേഖലകളിലെ തീവ്രവാദപ്രവർത്തനങ്ങൾ നോക്കാം.

### സിക്കിമിന്റെ ലയനം (Sikkim's merger)

സ്വാതന്ത്ര്യസമയത്ത് സിക്കിം ഇന്ത്യയുടെ ഒരു സംരക്ഷിത (protectorate) പ്രദേശമായിരുന്നു. ഇന്ത്യയുടെ ഭാഗമല്ലാതിരിക്കുമ്പോൾ തന്നെ അത് ഒരു പൂർണസ്വതന്ത്ര പരമാധികാര രാജ്യമായിരുന്നില്ല എന്നാണ് ഇതുകൊണ്ടർഥമാക്കുന്നത്. സിക്കിമിന്റെ പ്രതിരോധം, വിദേശനയം എന്നിവ നോക്കി നടത്തിയിരുന്നത് ഇന്ത്യയായിരുന്നു. അതേ സമയം സിക്കിമിന്റെ ആഭ്യന്തര ഭരണത്തിനുള്ള അധികാരം രാജാവായ ചോഗ്യാലിന്റെ കൈകളിലായിരുന്നു. ജനങ്ങളുടെ ജനാധിപത്യ അഭിലാഷങ്ങൾ വേണ്ട രീതിയിൽ കൈകാര്യം ചെയ്യാൻ ചോഗ്യാലിന് കഴിയാതെ വന്നതോടെ ഈ സംവിധാനം വിഷമകരമായി. സിക്കിം ജനസംഖ്യയിൽ ബഹുഭൂരിഭാഗവും നേപ്പാളികൾ ആയിരുന്നു. ലെപ്ച ബുട്ടിയ ന്യൂനപക്ഷ സമുദായത്തിലെ ഉപരിവർഗ വിഭാഗത്തിന്റെ ഭരണം ഉറപ്പിക്കുന്നതായാണ് ചോഗ്യാലിനെ കണ്ടത്. രണ്ടു സമുദായങ്ങളിലെയും ചോഗ്യാൽ വിരുദ്ധനേതാക്കൾ ഇന്ത്യാഗവൺമെന്റിന്റെ സഹായം തേടുകയും പിന്തുണനേടുകയും ചെയ്തു.

സിക്കിം അസംബ്ലിയിലേക്ക് 1974 ൽ നടന്ന ആദ്യജനാധിപത്യ തിരഞ്ഞെടുപ്പ് ഇന്ത്യയുമായി കൂടുതൽ സംയോജനത്തിനുവേണ്ടി നിലകൊണ്ട സിക്കിം കോൺഗ്രസ് തൂത്തുവാരി. അസംബ്ലി തുടക്കത്തിൽ സഹരാഷ്ട്ര പദവി ആവശ്യപ്പെടുകയും 1975 ഏപ്രിലിൽ ഇന്ത്യയിലേക്കുള്ള സമ്പൂർണ സംയോജനം ആവശ്യപ്പെടുന്ന പ്രമേയം പാസാക്കുകയും ചെയ്തു. ഇതേ തുടർന്ന് തിടുക്കത്തിൽ നടത്തിയ ഒരു ഹിത പരിശോധന അസംബ്ലിയുടെ അഭ്യർഥനക്ക് ജനകീയ അംഗീകാരം നൽകി. ഉടനടി ഇന്ത്യൻ പാർലമെന്റ് ഈ അഭ്യർഥന അംഗീകരിക്കുകയും സിക്കിം ഇന്ത്യൻ യൂണിയനിലെ 22-ാമത് സംസ്ഥാനമായി മാറുകയും ചെയ്തു. ചോഗ്യാൽ ഈ ലയനം അംഗീകരിച്ചില്ല എന്നു മാത്രമല്ല വഞ്ചനയ്ക്കും സമ്മർദത്തിനും ഇന്ത്യാഗവൺമെന്റിനെ കുറ്റപ്പെടുത്തുകയും ചെയ്തു. സംയോജനത്തിന് ജനകീയ പിന്തുണ ഉണ്ടായിരുന്നു. അതുകൊണ്ടു തന്നെ അത് സിക്കിം രാഷ്ട്രീയത്തിൽ അത് ഒരു വിഭാഗീയപ്രശ്നമായി മാറുകയും ചെയ്തില്ല.



**ഖാസി ലെൻഡുപ് ഡോർജി ഖങ്സർപ്പ (1904):**

സിക്കിമിലെ ജനാധിപത്യ പ്രസ്ഥാനത്തിന്റെ നേതാവ്; സിക്കിം പ്രജാമണ്ഡലിന്റെ സ്ഥാപകൻ; പിന്നീട് സിക്കിം സ്റ്റേറ്റ് കോൺഗ്രസിന്റെ നേതാവ്; 1962 ൽ സിക്കിം നാഷണൽ കോൺഗ്രസ് സ്ഥാപിച്ചു; തിരഞ്ഞെടുപ്പ് വിജയത്തിനു ശേഷം സിക്കിമിനെ ഇന്ത്യയിൽ ലയിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രസ്ഥാനത്തിന് നേതൃത്വം നൽകി; സംയോജന ശേഷം സിക്കിം കോൺഗ്രസ് ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ലയിച്ചു.

## ഉൾക്കൊള്ളലും ദേശീയ ഉദ്ഗ്രഥനവും
## (Accomodation and National Integration)

സ്വാതന്ത്ര്യത്തിന്റെ ആറു ദശാബ്ദങ്ങൾ കഴിഞ്ഞിട്ടും ദേശീയോദ്ഗ്രഥനവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ പൂർണമായി പരിഹരിക്കപ്പെട്ടിട്ടില്ലെന്ന് ഈ സംഭവങ്ങൾ കാണിക്കുന്നു. സംസ്ഥാന പദവിക്കുവേണ്ടിയുള്ള ആവശ്യങ്ങൾ സാമ്പത്തിക വികസനത്തിൽ നിന്നും സ്വയം ഭരണത്തിലേക്കും അതോടൊപ്പം വിഭജനം പോലുള്ള ആവശ്യങ്ങളിലേക്കും പ്രാദേശിക അഭിലാഷങ്ങൾ ഉയർന്നുവന്നത് നാം കണ്ടു. 1980-ന് ശേഷമുള്ള കാലഘട്ടത്ത് ഈ സംഘർഷങ്ങൾ വർധിക്കുകയും സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ ആവശ്യങ്ങളെ ഉൾക്കൊള്ളാനുള്ള ശേഷി ഇന്ത്യയുടെ ജനാധിപത്യ രാഷ്ട്രീയത്തിനുണ്ടോ എന്ന് പരീക്ഷിക്കുകയും ചെയ്തു. ഈ ഉദാഹരണങ്ങളിൽ നിന്നും എന്തു പാഠങ്ങളാണ് നമുക്ക് സ്വീകരിക്കാനാവുക.

പ്രാദേശിക അഭിലാഷങ്ങൾ ജനാധിപത്യ രാഷ്ട്രീയത്തിന്റെ അവിഭാജ്യഭാഗമാണ് എന്നതാണ് ഒന്നാമത്തെയും പ്രാഥമികവുമായ പാഠം. പ്രാദേശികപ്രശ്നങ്ങൾ പ്രകടിപ്പിക്കുന്നത് ഒരു വ്യതിചലനമോ ഒരു അസാധാരണ പ്രതിഭാസമോ അല്ല. യുണൈറ്റഡ് കിംഗ്ഡം പോലുള്ള ചെറിയ രാജ്യങ്ങളിൽ പോലും സ്കോട്ലാന്റ്, വെയിൽസ് അയർലന്റ് എന്നിവിടങ്ങളിൽ പ്രാദേശിക അഭിലാഷങ്ങൾ നിലനിൽക്കുന്നുണ്ട്. വടക്കൻ ബാസ്ക്കുകളിൽ (Basques) നിന്നുള്ള വിഘടനവാദപ്രസ്ഥാനത്തെ സ്പെയിൻ നേരിടുന്നതുപോലെ തമിഴരിൽ നിന്നും ശ്രീലങ്കയും ഇത് അഭിമുഖീകരിക്കുന്നു. ഇന്ത്യയെപോലെ വിശാലവും വൈവിദ്ധ്യപൂർണവുമായ ഒരു ജനാധിപത്യത്തിൽ പ്രാദേശിക അഭിലാഷങ്ങളെ സ്ഥിരമായി അഭിമുഖീകരിക്കണം. രാഷ്ട്രനിർമാണം ഒരു തുടർപ്രക്രിയയാണ്.




**രാജീവ് ഗാന്ധി 1944 – 1991:**
1984 നും 1989നും ഇടയ്ക്ക് ഇന്ത്യയുടെ പ്രധാന മന്ത്രിയായിരുന്നു; ഇന്ദിരാ ഗാന്ധിയുടെ പുത്രൻ; 1980 ൽ സജീവരാഷ്ട്രീയത്തിൽ വന്നു; പഞ്ചാബ്, മിസോറാം, അസമിലെ സ്റ്റുഡൻസ് യൂണിയൻ തുടങ്ങി തീവ്രവാദികളുമായി കരാറുണ്ടാക്കി; തുറന്ന സമ്പദ്‌വ്യവസ്ഥക്കും കമ്പ്യൂട്ടർ സാങ്കേതികവിദ്യക്കും വേണ്ടി നിലകൊണ്ടു; ശ്രീലങ്കൻ ഗവൺമെന്റിന്റെ അഭ്യർഥന പ്രകാരം സിംഹള തമിഴ് സംഘർഷം അവസാനിപ്പിക്കുന്നതിന് ഇന്ത്യൻ സൈന്യത്തെ അയച്ചു; എൽ.ടി.ടി.ഇ. യുടെ ചാവേർ എന്ന് സംശയിക്കപ്പെടുന്നവരാൽ വധിക്കപ്പെട്ടു.

അടിച്ചമർത്തലിനേക്കാളുപരി ജനാധിപത്യ കൂടിയാലോചനകളാണ് പ്രാദേശിക അഭിലാഷങ്ങളോട് പ്രതികരിക്കുന്നതിനുള്ള ഏറ്റവും ഉത്തമമായ മാർഗമെന്നതാണ് രണ്ടാമത്തെ പാഠം. എൺപതുകളിലെ സ്ഥിതി പരിശോധിക്കൂ. പഞ്ചാബിൽ തീവ്രവാദം ഉയർന്നു വന്നു; വടക്കു കിഴക്കൻ മേഖലയിൽ പ്രശ്നങ്ങൾ നിലനിന്നു; ആസാമിലെ വിദ്യാർഥികൾ സമരത്തിലേർപ്പെട്ടു; കാശ്മീർ താഴ്‌വര തിളച്ചുമറിയുകയായിരുന്നു. ഇവയെ ലളിതമായ ക്രമസമാധാന പ്രശ്നങ്ങളായി കൈകാര്യം ചെയ്യുന്നതിനുപകരം ഇന്ത്യാഗവൺമെന്റ് പ്രാദേശിക പ്രസ്ഥാനങ്ങളുമായി ചർച്ചകളിലൂടെ പ്രശ്നം പരിഹാരത്തിലേക്കെത്തുകയാണ് ചെയ്തത്. വിവിധ പ്രദേശങ്ങളിൽ നിലനിന്ന സംഘർഷങ്ങൾ കുറച്ചുകൊണ്ട് ഒത്തുതീർപ്പുകളിലെത്താനും ഇടയാക്കി. രാഷ്ട്രീയ പരിഹാരം ഫലപ്രദമായി വിഘടനവാദത്തെ പരിഹരിക്കുമെന്നതിനുള്ളതിന് ഉത്തമ ഉദാഹരണമാണ് മിസോറാം.

അധികാരം പങ്കിടുന്നതിന്റെ പ്രാധാന്യത്തെ കുറിച്ചാണ് മൂന്നാമത്തെ പാഠം. ഔപചാരിക ജനാധിപത്യ ഘടന ഇതിന് മതിയാവുകയില്ല. കൂടാതെ സംസ്ഥാനതലത്തിൽ അധികാരത്തിന്റെ പങ്ക് മേഖലയിൽ നിന്നുമുള്ള രാഷ്ട്രീയ കക്ഷികൾക്കും വിഭാഗങ്ങൾക്കും നൽകേണ്ടതാണെന്നും ഇത് വ്യക്തമാക്കുന്നു. സംസ്ഥാനങ്ങൾക്കും അല്ലെങ്കിൽ പ്രദേശങ്ങൾക്ക് അവരുടെ കാര്യങ്ങളിൽ സ്വയം ഭരണം ഉണ്ടെന്ന് പറഞ്ഞാൽ മാത്രം മതിയാവുകയില്ല. പ്രദേശങ്ങൾ ചേർന്നാണ് രാഷ്ട്രത്തിന് രൂപം നൽകുന്നത്. അതുകൊണ്ടു തന്നെ രാഷ്ട്രത്തിന്റെ വിധി തീരുമാനിക്കുന്നതിൽ പ്രദേശങ്ങൾക്ക് ഒരു പങ്ക് ഉണ്ടാവണം. ദേശീയതലത്തിലുള്ള തീരുമാനം എടുക്കൽ പ്രക്രിയയിൽ പ്രദേശങ്ങൾക്ക് പങ്ക് നൽകാത്ത പക്ഷം അനീതിയുടെയും അന്യവൽക്കരണത്തിന്റെയും വികാരങ്ങൾ പടരാം.

സാമ്പത്തിക വികസനത്തിലെ പ്രാദേശിക അസന്തുലിതാവസ്ഥ പ്രദേശവിവേചനം എന്ന തോന്നലിന് ഇടയാക്കുന്നുവെന്നതാണ് നാലാമത്തെ പാഠം. പ്രാദേശിക അസന്തുലിതാവസ്ഥ ഇന്ത്യയുടെ വികസന അനുഭവങ്ങളുടെ ഒരു യാഥാർത്ഥ്യമാണ്. സ്വാഭാവികമായും പിന്നോക്ക സംസ്ഥാനങ്ങൾ അല്ലെങ്കിൽ ചില സംസ്ഥാനങ്ങളിലെ ചില പിന്നോക്ക മേഖലകൾ തങ്ങളുടെ പിന്നോക്കാവസ്ഥ മുൻഗണനാടിസ്ഥാനത്തിൽ പരിഹരിക്കപ്പെടണമെന്ന വികാരം പ്രകടിപ്പിച്ചു. കാരണം ഈ അസന്തുലിതാവസ്ഥക്ക് കാരണം ഇന്ത്യാ ഗവൺമെന്റിന്റെ നയങ്ങളാണ്. ചില സംസ്ഥാനങ്ങൾ ദരിദ്രമായിരിക്കുകയും മറ്റുള്ളവ അതിവേഗം വികസിക്കുകയും ചെയ്യുന്നു. എങ്കിൽ അത് പ്രാദേശിക അസന്തുലിതാവസ്ഥക്കും പ്രദേശങ്ങൾക്കിടയിലെ കുടിയേറ്റത്തിനും ഇടയാക്കും.

അവസാനമായി വൈവിദ്ധ്യങ്ങളെ കൈകാര്യം ചെയ്യുന്നതിൽ നമ്മുടെ ഭരണഘടനാ നിർമാതാക്കൾക്കുണ്ടായിരുന്ന ദീർഘവീക്ഷണത്തെ അഭിനന്ദിക്കുവാൻ ഈ സംഭവങ്ങൾ ഇടയാക്കുന്നു. ഇന്ത്യ സ്വീകരിച്ച ഫെഡറൽവ്യവസ്ഥ ഒരു അയഞ്ഞ സംവിധാനമാണ്. ഭൂരിഭാഗം സംസ്ഥാനങ്ങൾക്കും തുല്യ അധികാരം ഉള്ളപ്പോൾ ജമ്മുകാശ്മീരും വടക്കുകിഴക്കൻ സംസ്ഥാനങ്ങളും പോലെയുള്ള ഏതാനും സംസ്ഥാനങ്ങൾക്ക് പ്രത്യേക വ്യവസ്ഥകളുണ്ട്. ഭരണഘടനയുടെ ആറാം പട്ടിക വിവിധ ഗോത്രവർഗവിഭാഗങ്ങൾക്ക് അവരുടെ അനുഷ്ഠാനങ്ങളും, ആചാരനിയമങ്ങളും സംരക്ഷിക്കുന്നതിന് സമ്പൂർണ സ്വയംഭരണാവകാശം നൽകുന്നു. വടക്കുകിഴക്കൻ മേഖലയിലെ ഏതാനും സങ്കീർണമായ രാഷ്ട്രീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഈ വ്യവസ്ഥകൾ നിർണായകമെന്ന് തെളിയിച്ചു.

ഇന്ത്യൻ ഭരണഘടനാ ചട്ടക്കൂട് കൂടുതൽ അയഞ്ഞതും (Flexibile) അനുരഞ്ജനാത്മകവുമാണ് എന്നതാണ് ഇന്ത്യയെ സമാനമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന മറ്റ് ധാരാളം രാജ്യങ്ങളിൽ നിന്നും വേർതിരിച്ചു നിർത്തുന്നത്. അതുകൊണ്ടു തന്നെ പ്രാദേശിക അഭിലാഷങ്ങൾ വിഘടന വാദത്തെ പിന്തുണക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല. ഇത്തരത്തിൽ ഇന്ത്യയിലെ രാഷ്ട്രീയം പ്രാദേശികതയെ ജനാധിപത്യ രാഷ്ട്രീയത്തിന്റെ അവിഭാജ്യഘടകമാക്കുന്നതിൽ വിജയിച്ചു.

**ഗോവയുടെ വിമോചനം (Goa's liberation)**

ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്രാജ്യത്വം 1947 ൽ അവസാനിച്ചു എങ്കിലും പതിനാറാം നൂറ്റാണ്ടു മുതൽ പോർട്ടുഗൽ അതിന്റെ കോളനിയാക്കിയിരുന്ന പ്രദേശങ്ങളായ ഗോവ, ദാമൻ, ദിയു എന്നിവിടങ്ങളിൽ നിന്നും അവർ പിൻവാങ്ങുവാൻ വിസമ്മതിച്ചു. അവരുടെ സുദീർഘമായ ഭരണത്തിലൂടെ പോർട്ടുഗീസുകാർ ഗോവയിലെ ജനങ്ങളെ അടിച്ചമർത്തുകയും, പൗരാവകാശങ്ങൾ നിഷേധിക്കുകയും നിർബന്ധിത മതപരിവർത്തനം നടത്തുകയും ചെയ്തു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യാഗവൺമെന്റ് വളരെ ക്ഷമാപൂർവം പോർട്ടുഗീസ് ഗവൺമെന്റിനെ ഗോവയിൽനിന്നും പിൻവാങ്ങുന്നതിന് പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഗോവയിൽ സ്വാതന്ത്ര്യത്തിനു വേണ്ടി ശക്തമായ ഒരു ജനകീയ പ്രസ്ഥാനവും ഉണ്ടായിരുന്നു. മഹാരാഷ്ട്രയിൽ നിന്നുള്ള സോഷ്യലിസ്റ്റ് സത്യാഗ്രഹികൾ അവർക്ക് ശക്തി പകരുകയും ചെയ്തു. അവസാനം 1961 ഡിസംബറിൽ ഇന്ത്യാഗവൺമെന്റ് സൈന്യത്തെ അയക്കുകയും രണ്ടു ദിവസത്തെ സൈനിക നടപടിക്കുശേഷം ഗോവ, ദമൻ, ദിയു എന്നീ പ്രദേശങ്ങൾ മോചിപ്പിക്കുകയും അവയെ കേന്ദ്രഭരണ പ്രദേശങ്ങളാക്കുകയും ചെയ്തു.

മറ്റൊരു സങ്കീർണമായ പ്രശ്നം ഉടനടി ഉയർന്നു വന്നു. ഗോവ ഒരു മറാഠി ഭാഷ സംസാരിക്കുന്ന പ്രദേശം എന്ന നിലയ്ക്ക് മഹാരാഷ്ട്രയിൽ ലയിപ്പിക്കണമെന്ന് മഹാരാഷ്ട്ര ഗോമന്തക് പാർട്ടിയുടെ (MGD) ഒരു വിഭാഗം ആഗ്രഹിച്ചു. എന്നിരുന്നാലും പ്രത്യേക ഗോവൻ സംസ്കാരം പ്രത്യേകിച്ചും കൊങ്കിണി ഭാഷയും പ്രത്യേക ഗോവൻ സ്വത്വവും നിലനിർത്തുവാൻ ധാരാളം ഗോവക്കാർ ശ്രദ്ധാലുക്കളായിരുന്നു. അവരെ നയിച്ചത് ഐക്യ ഗോവൻ പാർട്ടി (UGP) ആയിരുന്നു. 1967 ജനുവരിയിൽ കേന്ദ്ര ഗവൺമെന്റ് ഗോവയിൽ ഒരു അഭിപ്രായവോട്ടെടുപ്പ് നടത്തുകയും, ജനങ്ങളോട് തന്നെ മഹാരാഷ്ട്രയിൽ ചേരണോ, പ്രത്യേകമായി നിൽക്കണോ എന്ന് തീരുമാനിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഈ വിഷയത്തിൽ ജനങ്ങളുടെ ആഗ്രഹം ആരായുന്നതിന് ഹിതപരിശോധന പോലുള്ള നടപടിയാണ് സ്വീകരിച്ചത്. ഭൂരിഭാഗവും മഹാരാഷ്ട്രക്ക് പുറത്തു നിൽക്കുന്നതിന് അനുകൂലമായി വോട്ടു ചെയ്തു. ഇങ്ങനെ ഗോവ കേന്ദ്രഭരണ പ്രദേശമായി തുടർന്നു. അവസാനം 1987-ൽ ഗോവ ഇന്ത്യയൻ യൂണിയനിലെ ഒരു സംസ്ഥാനമായി മാറി.




Credit: R.K. Laxman in The Times of India, 21 April 1954

# അഭ്യാസം

1. ചേരുംപടി ചേർക്കുക

| എ | ബി |
|---|---|
| **പ്രാദേശിക അഭിലാഷത്തിന്റെ സ്വഭാവം** | **സംസ്ഥാനങ്ങൾ** |
| (a) സംസ്ഥാന പദവിയിലേക്ക് നയിക്കുന്ന സാമൂഹികവും മതപരവുമായ സ്വത്വം | i. നാഗാലാന്റ്/മിസോറാം |
| (b) ഭാഷാപരമായ സ്വത്വവും കേന്ദ്രവുമായുള്ള സംഘർഷവും | ii. ഝാർഖണ്ഡ്/ഛത്തീസ്ഗഢ് |
| (c) സംസ്ഥാന പദവിയുടെ ആവശ്യത്തിലേക്ക് നയിക്കുന്ന പ്രാദേശിക അസന്തുലിതാവസ്ഥ | iii. പഞ്ചാബ് |
| (d) ഗോത്രസ്വത്വം അടിസ്ഥാന മാക്കിയുള്ള വിഘടനവാദം | iv. തമിഴ്നാട് |

2. വടക്കുകിഴക്കൻ മേഖലയിലെ ജനങ്ങളുടെ അഭിലാഷങ്ങൾ വ്യത്യസ്ത രീതിയിലാണ് പ്രകടിപ്പിക്കപ്പെട്ടത്. പുറമെ നിന്നും വന്നവർക്കെതിരായ പ്രസ്ഥാനം, കൂടുതൽ സ്വയംഭരണത്തിനു വേണ്ടിയുള്ള പ്രസ്ഥാനം, പ്രത്യേക ദേശീയ നിലനിൽപിനു വേണ്ടിയുള്ള പ്രസ്ഥാനം എന്നിവ ഇതിലുൾപ്പെടുന്നു. വടക്കു കിഴക്കൻ മേഖലയുടെ ഭൂപടത്തിൽ ഈ ആശയങ്ങൾ മുഖ്യമായും പ്രകടിപ്പിച്ച സംസ്ഥാനങ്ങളെ വ്യത്യസ്ത നിറങ്ങൾ നൽകി കാണിക്കുക.

3. പഞ്ചാബ് കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു. പഞ്ചാബിനും മറ്റ് അയൽ സംസ്ഥാനങ്ങൾക്കുമിടയിൽ ഏതു രീതിയിലാണ് ഇത് കൂടുതൽ സംഘർഷങ്ങൾക്ക് ഇടയാക്കിയത്.

4. അനന്തപ്പൂർ സാഹിബ് പ്രമേയം എന്തുകൊണ്ടാണ് വിവാദമായി തീർന്നത്?

5. ജമ്മുകാശ്മീരിലെ ആന്തരികവിഭജനം വിശദമാക്കി ഇത് സംസ്ഥാനത്ത് ബഹുമുഖമായ പ്രാദേശിക അഭിലാഷങ്ങളിലേക്ക് നയിച്ചതെങ്ങനെയെന്ന് വിവരിക്കുക.

6. കാശ്മീരിന്റെ പ്രാദേശിക സ്വയംഭരണവുമായി ബന്ധപ്പെട്ട വിവിധ നിലപാടുകൾ എന്തെല്ലാമാണ്? ഇവയിൽ നീതിയുക്തമെന്ന് നിങ്ങൾ കരുതുന്നവ ഏതെല്ലാം? നിങ്ങളുടെ ഉത്തരത്തിനുള്ള കാരണങ്ങൾ എഴുതുക.

7. സാംസ്കാരിക അഭിമാനത്തിന്റെയും സാമ്പത്തിക പിന്നോക്കാവസ്ഥയുടെയും ഒരു സങ്കലനമായിരുന്നു അസം പ്രസ്ഥാനം. വിശദമാക്കുക.

8. എല്ലാ പ്രാദേശിക പ്രസ്ഥാനങ്ങളും വിഘടനവാദ ആവശ്യങ്ങളിലേക്ക് നയിച്ചു കൊള്ളണമെന്നില്ല. ഈ അധ്യായത്തിൽ നിന്നും ഉദാഹരണങ്ങൾ നൽകി വിശദമാക്കുക.

9. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള പ്രാദേശിക ആവശ്യങ്ങൾ നാനാത്വത്തിലെ ഏകത്വമെന്ന തത്ത്വത്തെ ഉദാഹരിക്കുന്നു. നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ? കാരണം വ്യക്തമാക്കുക.

10. തന്നിരിക്കുന്ന ഭാഗം വായിച്ചു താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

*ഹസാരികയുടെ പാട്ടുകളിൽ ഒന്ന്.... ഏകത്വമെന്ന പ്രമേയാണ് വിഷയം; വടക്കുകിഴക്കേ ഇന്ത്യയിലെ ഏഴ് സംസ്ഥാനങ്ങൾ ഒരേ മാതാവിന് ജനിച്ച ഏഴ് സഹോദരിമാരാണ് മേഘാലയം അതിന്റേ വഴിയേ പോയി.... അരുണാചലം വേർപെടുത്തി, മിസോറാം ആസാമിന്റെ പ്രവേശന കവാടത്തിൽ മറ്റൊരു മകളെ വിവാഹം കഴിക്കുന്നതിന് ഒരു നവവരനായി.... ഇപ്പോഴത്തെ ആസാമിൽ നിന്നും വിട്ടുപോയ ചെറിയ ദേശീയ വിഭാഗങ്ങളെ അസമീസ് ഐക്യം കാത്തുസൂക്ഷിക്കുന്നതിനുള്ള നിശ്ചയദാർഢ്യത്തിൽ ഗാനം അവസാനിക്കുന്നു. കർബികളും നഷ്ടപ്പെട്ട സഹോദരന്മാരും സഹോദരികളും നമ്മുടെ പ്രിയപ്പെട്ടവരാണ്.* **– സജീബ് ബറുവ**

(a) ഏത് ഐക്യത്തെ കുറിച്ചാണ് കവി പറയുന്നത്

(b) മുൻകാല അസമിൽ നിന്നും എന്തുകൊണ്ടാണ് ചില സംസ്ഥാനങ്ങൾ പ്രത്യേകമായി രൂപീകരിച്ചത്.

(c) ഐക്യമെന്ന ചിന്താവിഷയം ഇന്ത്യയിലെ മറ്റു പ്രദേശങ്ങൾക്കും ബാധകമാക്കാൻ കഴിയുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എന്തുകൊണ്ട്?




1990-ൽ വരച്ച ഈ കാർട്ടൂണിൽ കാണിച്ചിരിക്കുന്നതുപോലെയാണ് രാഷ്ട്രീയപാർട്ടികളുടെ ഉയർച്ച-താഴ്ചകൾ നിരവധിപേർക്ക് ഒരു റോളർകോസ്റ്റർ സഞ്ചാരമായിട്ടാണിത് അനുഭവപ്പെട്ടത് . രാജീവ് ഗാന്ധി, വി. പി. സിംഗ്, എൽ.കെ. അദ്വാനി, ചന്ദ്രശേഖർ, ജ്യോതി ബസു, എൻ.ടി. രാമറാവു, ദേവിലാൽ, പി. കെ. മഹന്ത, കരുണാനിധി എന്നിവരാണ് ഇവിടെ റോളർകോസ്റ്ററിൽ സവാരി നടത്തുന്നത്.

**ഈ അധ്യായത്തിൽ...**

കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളിലെ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ സംക്ഷിപ്തരൂപമാണ് ഈ അവസാന അധ്യായത്തിലൂടെ നമുക്ക് ലഭിക്കുന്നത്. ഈ സംഭവവികാസങ്ങൾ സങ്കീർണമാണ്, കാരണം ഇക്കാലത്തുണ്ടായ വിവിധ സംഭവങ്ങൾ അപ്രതീക്ഷിതമായ പരിണിതഫലങ്ങൾ ഉളവാക്കി. രാഷ്ട്രീയത്തിലെ ഈ പുതുയുഗത്തെ മുൻകൂട്ടി കാണുക അസാധ്യമായിരുന്നു. മാത്രമല്ല അതിനെ ഇപ്പോഴും മനസ്സിലാക്കാൻ വളരെ പ്രയാസകരവുമാണ്. ആഴത്തിലുള്ള സംഘർഷങ്ങൾ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടും നമ്മൾ ഈ സംഭവങ്ങളോട് ഇപ്പോഴും വളരെ അടുത്തുനിൽക്കുന്നതിനാലും ഈ സംഭവവികാസങ്ങൾ വിവാദവിഷയങ്ങൾ കൂടിയാണ്. എന്നിരുന്നാലും ഈ കാലഘട്ടത്തിലെ രാഷ്ട്രീയ മാറ്റത്തെ ചുറ്റിപ്പറ്റിയുള്ള ചില ചോദ്യങ്ങൾ നാം ഉന്നയിക്കേണ്ടതുണ്ട്.

- മുന്നണി രാഷ്ട്രീയത്തിന്റെ ഉയർച്ച നമ്മുടെ ജനാധിപത്യത്തിൽ എന്തെല്ലാം പ്രതിഫലനങ്ങൾ സൃഷ്ടിച്ചു?
- മണ്ഡൽവൽക്കരണം എന്തിനെക്കുറിച്ചുള്ളതായിരുന്നു? ഏതു രീതിയിലാണ് അത് രാഷ്ട്രീയ പ്രാതിനിധ്യത്തിന്റെ സ്വഭാവത്തെ മാറ്റിമറിക്കുന്നത്?
- ജനങ്ങളെ രാഷ്ട്രീയമായി സംഘടിപ്പിക്കുന്നതിൽ രാമജന്മഭൂമി പ്രസ്ഥാനത്തിന്റെയും അയോധ്യയിലെ തകർക്കലിന്റെയും പാരമ്പര്യം എന്താണ്?
- പുതിയ നയസമവായങ്ങളുടെ ഉയർച്ച രാഷ്ട്രീയ തിരഞ്ഞെടുക്കലുകളുടെ സ്വഭാവത്തിൽ എന്ത് സ്വാധീനമാണുണ്ടാക്കുന്നത്?

ഈ അധ്യായം ഇത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരം നൽകുന്നില്ല. ഈ പുസ്തകത്തിലൂടെ കടന്നുപോകുമ്പോൾ മേൽപ്പറഞ്ഞ ചോദ്യങ്ങൾ ഉന്നയിക്കാനും അത്തരം ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്താനും ആവശ്യമായ വിവരങ്ങൾ നൽകുകയാണ് ചെയ്യുന്നത്. രാഷ്ട്രീയമായി അതിവൈകാരികമാണ് എന്നതുകൊണ്ടു മാത്രം നമുക്ക് ഈ ചോദ്യങ്ങളെ അവഗണിക്കാൻ കഴിയില്ല, കാരണം നാം ജീവിക്കുന്ന കാലത്തെ ശരിയായി മനസ്സിലാക്കണമെങ്കിൽ സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ രാഷ്ട്രീയചരിത്രത്തെ മുഴുവൻ പഠിക്കേണ്ടതുണ്ട്.

# ഇന്ത്യൻ രാഷ്ട്രീയത്തിലെ സമകാലിക സംഭവവികാസങ്ങൾ (RECENT DEVELOPMENTS IN INDIAN POLITICS)

അധ്യായം 9

W7W6I6

## 1990-കളുടെ പശ്ചാത്തലം (Context of the 1990's)

ഇന്ദിരാഗാന്ധിയുടെ വധത്തെതുടർന്ന് രാജീവ് ഗാന്ധി പ്രധാനമന്ത്രിയായത് നിങ്ങൾ മുൻ അധ്യായത്തിൽ വായിച്ചിട്ടുണ്ട്. തുടർന്ന് 1984-ൽ നടന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ അദ്ദേഹം കോൺഗ്രസിനെ വമ്പിച്ച വിജയത്തിലേക്ക് നയിച്ചു. എൺപതുകൾ അവസാനിക്കാറായപ്പോൾ നമ്മുടെ രാഷ്ട്രീയത്തിൽ ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിച്ച അഞ്ച് സംഭവവികാസങ്ങൾക്ക് രാജ്യം സാക്ഷ്യം വഹിച്ചു.

ഒന്നാമതായി, 1989-ൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസിനുണ്ടായ പരാജയമാണ് ഈ കാലഘട്ടത്തിലെ നിർണായകമായ സംഭവവികാസം. 1984-ൽ 415 സീറ്റുകളിൽ വിജയിച്ച കോൺഗ്രസ് ഈ തെരഞ്ഞെടുപ്പിൽ വെറും 197 സീറ്റുകളിലേക്ക് ചുരുങ്ങി. 1991-ൽ നടന്ന ഇടക്കാല തെരഞ്ഞെടുപ്പിനുശേഷം കോൺഗ്രസ് അവരുടെ പ്രകടനം മെച്ചപ്പെടുത്തിക്കൊണ്ട് അധികാരത്തിൽ തെരിച്ചുവന്നു. 'കോൺഗ്രസ് വ്യവസ്ഥ' എന്ന് രാഷ്ട്രതന്ത്രജ്ഞർ വിശേഷിപ്പിച്ച വ്യവസ്ഥയുടെ അന്ത്യം കുറിക്കുന്നതായിരുന്നു 1989-ലെ തെരഞ്ഞെടുപ്പ്. എന്നാൽ 1989 മുതലുള്ള കാലഘട്ടത്തിൽപ്പോലും മറ്റേതു കക്ഷിയെക്കാളും കൂടുതൽ കാലം രാജ്യം ഭരിച്ച പ്രമുഖ പാർട്ടിയാണ് കോൺഗ്രസ്. പക്ഷേ കക്ഷിസമ്പ്രദായത്തിൽ മുൻകാലത്ത് അവർ അനുഭവിച്ചിരുന്ന കേന്ദ്രസ്ഥാനം അതിന് നഷ്ടപ്പെട്ടു.




കോൺഗ്രസ് നേതാവ് സീതാറാംകേസരി ദേവഗൗഡയുടെ ഐക്യമുന്നണി ഗവൺമെന്റിനുള്ള പിന്തുണ പിൻവലിക്കുന്നു.

കോൺഗ്രസ്സിന് അതിന്റെ പഴയ പ്രതാപത്തിലേക്ക് തിരിച്ചുവരാൻ കഴിയുമോ എന്ന് കണ്ടെത്താൻ ഞാൻ ആഗ്രഹിക്കുന്നു.



ദേശീയരാഷ്ട്രീയത്തിൽ മണ്ഡൽപ്രശ്നത്തിന്റ ഉയർച്ചയാണ് രണ്ടാമത്തെ സംഭവവികാസം. കേന്ദ്ര സർക്കാർ മേഖലയിൽ മറ്റു പിന്നാക്കവിഭാഗങ്ങൾക്ക് സംവരണം നൽകാനുള്ള മണ്ഡൽ കമ്മീഷൻ ശുപാർശ 1990-ൽ അധികാരത്തിൽവന്ന പുതിയ ദേശീയമുന്നണി സർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ചതിനെ തുടർന്നാണിത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അക്രമാസക്തമായ 'മണ്ഡൽവിരുദ്ധ' പ്രക്ഷോഭങ്ങളിലേക്ക് ഇത് നയിച്ചു. മറ്റു പിന്നാക്കവിഭാഗങ്ങളുടെ (ഒ.ബി.സി.) സംവരണത്തെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും തമ്മിലുള്ള തർക്കമാണ് മണ്ഡൽപ്രശ്നം എന്നറിയപ്പെടുന്നത്. ഇത് 1989 മുതലുള്ള ഇന്ത്യൻ രാഷ്ട്രീയത്തെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചു.






മണ്ഡൽവൽക്കരണത്തോടുള്ള പ്രതികരണം

ഈ പ്രതിഭാസത്തിന് ഒരു ദീർഘകാല ഫലമുണ്ടാകുമോ എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

വിവിധ സർക്കാരുകൾ പിന്തുടരുന്ന സാമ്പത്തിക നയങ്ങളിൽ വിപ്ലവകരമായ മാറ്റമുണ്ടായതാണ് മൂന്നാമത്തേത്. ഇതിനെ ഘടനാപരമായ ക്രമീകരണപരിപാടിയുടെ തുടക്കം അഥവാ പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങൾ എന്നറിയപ്പെടുന്നു. രാജീവ് ഗാന്ധി തുടങ്ങിവച്ച ഇവ 1991-മുതൽ കൂടുതൽ പ്രത്യക്ഷമാകുകയും സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യ പിന്തുടർന്നുവന്ന സമ്പദ്‌വ്യവസ്ഥയെ സമൂലമായി മാറ്റുകയും ചെയ്തു. വിവിധ സംഘടനകളും പ്രസ്ഥാനങ്ങളും ഈ നയങ്ങളെ വ്യാപകമായി വിമർശിച്ചു. എന്നാൽ ഇക്കാലഘട്ടത്തിൽ അധികാരത്തിൽ വന്നിട്ടുള്ള വ്യത്യസ്ത സർക്കാരുകൾ ഈ നയങ്ങളെ പിന്തുടരുകയാണുണ്ടായത്.




Credit: R. K. Laxman in The Times of India

ഇത് രാഷ്ട്രീയത്തിൽ ഒരു മാറ്റമുണ്ടാക്കുമോ എന്ന് എനിക്ക് വ്യക്തതയില്ല, പ്രത്യേകിച്ച് എല്ലാവർക്കും ഒരേ നയമാണെങ്കിൽ.



പുത്തൻ സാമ്പത്തികനയത്തിന്റെ പ്രാരംഭഘട്ടത്തിൽ അന്നത്തെ ധനമന്ത്രിയായിരുന്ന മൻമോഹൻസിംഗ് പ്രധാനമന്ത്രി നരസിംഹറാവുവിനൊപ്പം.

നിരവധി സംഭവങ്ങളാൽ അയോധ്യയിലെ ബാബറി മസ്ജിദ് എന്നറിയപ്പെടുന്ന തർക്കമന്ദിരം 1992 ഡിസംബറിൽ തകർക്കപ്പെട്ടതാണ് നാലാമത്തേത്. ഈ സംഭവം ഇന്ത്യൻ രാഷ്ട്രീയത്തിൽ പല മാറ്റങ്ങൾക്കും പ്രേരകശക്തിയാവുകയും ഇന്ത്യൻ ദേശീയതയുടെയും മതേതരത്വത്തിന്റെയും സ്വഭാവത്തെക്കുറിച്ച് തീവ്രമായ സംവാദങ്ങൾക്ക് ഇടയാക്കുകയും ചെയ്തു. ബി.ജെ.പി. യുടെയും ഹിന്ദുത്വ രാഷ്ട്രീയത്തിന്റെയും ഉയർച്ചയുമായി ബന്ധപ്പെട്ടതായിരുന്നു ഈ സംഭവവികാസങ്ങൾ.



വർധിച്ചുവരുന്ന വർഗീയതയോടുള്ള ഒരു പ്രതികരണം




1991 മേയ് മാസത്തിൽ രാജീവ് ഗാന്ധിയുടെ വധം കോൺഗ്രസ് പാർട്ടിയുടെ നേതൃത്വമാറ്റത്തിലേക്ക് നയിച്ചതാണ് അവസാനത്തേത്. തമിഴ്നാട്ടിലെ തെരഞ്ഞെടുപ്പ് പര്യടനത്തിനിടയിൽ എൽ.ടി.ടി.ഇയുമായി ബന്ധമുള്ള ഒരു ശ്രീലങ്കൻ തമിഴ്വംശത്തിൽപ്പെട്ട ഒരാളാണ് അദ്ദേഹത്തെ വധിച്ചത്. 1991-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ഏറ്റവും വലിയ ഒറ്റകക്ഷിയായി ഉയർന്നുവരികയുണ്ടായി. രാജീവ് ഗാന്ധിയുടെ മരണത്തെത്തുടർന്ന് പാർട്ടി നരസിംഹറാവുവിനെ പ്രധാനമന്ത്രിയായി തിരഞ്ഞെടുത്തു.



1996 മേയ് 1



1995 ഒക്ടോബർ 25



2001 ആഗസ്റ്റ് 20



2014 ഒക്ടോബർ 25

കോൺഗ്രസിലെ നേതൃത്വം നിരവധി തലക്കെട്ടുകൾ സൃഷ്ടിച്ചു.

## മുന്നണികളുടെ കാലഘട്ടം (Era of Coalitions)

1989–ലെ തെരഞ്ഞെടുപ്പ്കോൺഗ്രസ് പാർട്ടിയുടെ പരാജയത്തിലേക്ക് നയിച്ചുവെങ്കിലും മറ്റൊരു പാർട്ടിക്കും ഭൂരിപക്ഷം നേടാൻ കഴിഞ്ഞില്ല. കോൺഗ്രസ് ലോകസഭയിലെ ഏറ്റവും വലിയ കക്ഷിയായിരുന്നിട്ടും വ്യക്തമായ ഭൂരിപക്ഷം ലഭിക്കാത്തതുകാരണം പ്രതിപക്ഷത്തിരിക്കാൻ തീരുമാനിച്ചു. ദേശീയമുന്നണി (ജനതാദളിന്റെയും ചില പ്രാദേശിക കക്ഷികളുടെയും സഖ്യം) തീർത്തും വിരുദ്ധ രാഷ്ട്രീയ ഗ്രൂപ്പുകളായ ബി.ജെ.പിയുടെയും ഇടതുമുന്നണിയുടെയും പിന്തുണ സ്വീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയമുന്നണി ഒരു കൂട്ടുകക്ഷി സർക്കാർ രൂപീകരിച്ചുവെങ്കിലും ബി.ജെ.പിയും ഇടതുമുന്നണിയും സർക്കാരിന്റെ ഭാഗമായില്ല.




Credit: Sudhir Tailang-HT Book of Cartoons

വി.പി. സിംഗിന്റെ നേതൃത്വത്തിലുള്ള ദേശീയമുന്നണി സർക്കാരിനെ ഇടതുപക്ഷം (ജ്യോതി ബസു ഇവിടെ പ്രതിനിധീകരിക്കുന്നു) കൂടാതെ ബി.ജെ.പിയും (എൽ.കെ. അദ്വാനി പ്രതിനിധീകരിക്കുന്നു) പിന്തുണക്കുന്നു.

### കോൺഗ്രസിന്റെ പതനം (Decline of Congress)

കോൺഗ്രസ് പാർട്ടിയുടെ പരാജയം ഇന്ത്യൻ കക്ഷിസമ്പ്രാദയത്തിൽ കോൺഗ്രസിനുണ്ടായിരുന്ന മേധാവിത്വത്തിന്റെ അന്ത്യം കുറിച്ചു. അഞ്ചാമത്തെ അധ്യായത്തിൽ കോൺഗ്രസ് വ്യവസ്ഥയുടെ പുനസ്ഥാപനത്തെക്കുറിച്ച് ചർച്ചചെയ്തത് നിങ്ങൾ ഓർക്കുന്നുണ്ടോ? കോൺഗ്രസ് പാർട്ടിയുടെ മേധാവിത്വം അറുപതുകളുടെ അവസാനത്തോടെ വെല്ലുവിളിക്കപ്പെട്ടു. എങ്കിലും ഇന്ത്യൻ രാഷ്ട്രീയത്തിലെ പ്രബലമായ സ്ഥാനം പുനസ്ഥാപിക്കാൻ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസിനു കഴിഞ്ഞു. തൊണ്ണൂറുകളിൽ കോൺഗ്രസിന്റെ പ്രബലമായ സ്ഥാനത്തിന് മറ്റൊരു വെല്ലുവിളിയുണ്ടാകുന്നത് കണ്ടു. എന്നിരുന്നാലും മറ്റൊരു പാർട്ടിക്ക് ഈ സ്ഥാനത്തേക്ക് ഉയരുവാൻ കഴിഞ്ഞുവെന്ന് ഇത് അർഥമാക്കുന്നില്ല.

അങ്ങനെ ബഹുകക്ഷിസമ്പ്രദായത്തിന്റെ ഒരു കാലഘട്ടം ആരംഭിച്ചു. നമ്മുടെ രാജ്യത്ത് നിരവധി രാഷ്ടീയപാർട്ടികൾ തിരഞ്ഞെടുപ്പിൽ എല്ലായ്പ്പോഴും മത്സരിച്ചിരുന്നുവെന്നത് തീർച്ചയാണ്. വിവിധ രാഷ്ട്രീയകക്ഷികളുടെ പ്രതിനിധികൾ എപ്പോഴും നമ്മുടെ ലോക്സഭയിലുണ്ടായിരുന്നു. ഒന്നോ രണ്ടോ പാർട്ടികൾക്കു മാത്രമായി ഭൂരിപക്ഷം വോട്ടുകളും സീറ്റുകളും നേടാനാവത്ത വിധത്തിൽ നിരവധി രാഷ്ട്രീയപാർട്ടികൾ 1989-നുശേഷം ഉയർന്നുവന്നു. 1989 മുതൽ 2014 വരെ നടന്ന ലോകസഭാ തിരഞ്ഞെടുപ്പുകളിൽ ഒരു കക്ഷിക്കും വ്യക്തമായ ഭൂരിപക്ഷം നേടാൻ കഴിഞ്ഞില്ല എന്നതാണ് ഇതുകൊണ്ടർഥമാക്കുന്നത്. കേന്ദ്രത്തിൽ ഭരണസഖ്യങ്ങൾ രൂപീകരിക്കുന്നതിൽ പ്രാദേശികക്ഷികൾ നിർണായക പങ്കുവഹിക്കുന്ന മുന്നണി സർക്കാരുകളുടെ കാലഘട്ടത്തിന് ഈ സംഭവങ്ങൾ തുടക്കംകുറിച്ചു.

**നമുക്ക് പുനരന്വേഷണം നടത്താം**

1990 മുതലുള്ള സംഭവങ്ങളെ സംബന്ധിച്ചുള്ള അവരുടെ ഓർമകളെക്കുറിച്ച് മാതാപിതാക്കളോട് സംസാരിക്കുക. ആ കാലഘട്ടത്തിലെ ഏറ്റവും പ്രധാന സംഭവമായി അവർക്ക് അനുഭവപ്പെട്ടത് എന്താണെന്ന് മാതാപിതക്കളോട് ചോദിക്കാം. ഗ്രൂപ്പുകളായിരുന്ന് നിങ്ങളുടെ മാതാപിതാക്കൾ സൂചിപ്പിച്ച സംഭവങ്ങളുടെ സമഗ്രമായ ഒരു പട്ടിക തയാറാക്കുക. ഏതൊക്കെ സംഭവങ്ങൾക്കാണ് അവർ കൂടുതൽ ഊന്നൽ നൽകിയതെന്നും അവയെ ഈ അധ്യായത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതായി കാണിച്ചിട്ടുള്ള സംഭവങ്ങളുമായി താരതമ്യം ചെയ്യുക. എന്തുകൊണ്ടാണ് ചില സംഭവങ്ങൾ ചിലർക്ക് പ്രധാനപ്പെട്ടതും മറ്റു ചിലർക്ക് അപ്രധാനമാകുന്നതെന്നും കൂടി നിങ്ങൾക്ക് ചർച്ചചെയ്യാം.

## മുന്നണി രാഷ്ട്രീയം (Alliance politics))

ദളിതരെയും പിന്നാക്ക ജാതികളെയും (മറ്റുപിന്നാക്ക വിഭാഗങ്ങൾ) പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയകക്ഷികളും പ്രസ്ഥാനങ്ങളും ഉയർന്നുവരുന്നതിനും തൊണ്ണൂറുകൾ സാക്ഷ്യംവഹിച്ചു. ഇവയിൽ പലതും പ്രാദേശികവാദത്തെ പ്രതിനിധീകരിക്കുന്നവ കൂടിയായിരുന്നു. 1996-ൽ അധികാരത്തിൽ വന്ന ഐക്യമുന്നണി (United Front) സർക്കാരിൽ ഈ പാർട്ടികൾ നിർണായക പങ്കുവഹിച്ചു. 1989-ലെ ദേശീയമുന്നണിയെപ്പോലെ ഐക്യമുന്നണിയിൽ ജനതാദളും വിവിധ പ്രദേശികപാർട്ടികളും ഉൾപ്പെട്ടിരുന്നു, എന്നാൽ ഇക്കാലത്ത് ബി.ജെ.പി. ഈ സർക്കാരിനെ പിന്തുണച്ചില്ല. അതേസമയം ഐക്യമുന്നണി സർക്കാരിനെ കോൺഗ്രസ് പിന്തുണച്ചിരുന്നു. രാഷ്ട്രീയ സമവാക്യങ്ങൾ എത്രമാത്രം അസ്ഥിരമാണെന്ന് ഇത് വ്യക്തമാക്കുന്നു. കോൺഗ്രസിനെ അധികാരത്തിൽനിന്നും പുറത്തുനിർത്താൻ ഇടതുപക്ഷവും ബി.ജെ.പിയും 1989-ൽ ദേശീയമുന്നണിയെ പിന്തുണച്ചു. 1996-ൽ ഇടതുപക്ഷം കോൺഗ്രസിതര സർക്കാരിനുള്ള പിന്തുണ തുടർന്നു. കോൺഗ്രസ്സിനും ഇടതുപക്ഷത്തിനും ബി.ജെ.പിയെ അധികാരത്തിൽ നിന്നും അകറ്റിനിർത്തേണ്ടിയിരുന്നതിനാൽ ഇത്തവണ കോൺഗ്രസും ഈ മുന്നണിയെ പിന്തുണച്ചു.

1991-ലെയും 1996-ലെയും തെരഞ്ഞെടുപ്പുകളിൽ ബി.ജെ.പി. അവരുടെ നില മെച്ചപ്പെടുത്തിയതിനാൽ ഈ സഖ്യം അധികകാലം നീണ്ടുനിന്നില്ല. 1996-ലെ തെരഞ്ഞെടുപ്പിൽ ഏറ്റവും വലിയ ഒറ്റകക്ഷിയായി ഉയർന്നുവന്ന ബി.ജെ.പിയെ സർക്കാർ രൂപീകരിക്കാൻ ക്ഷണിച്ചു. എന്നാൽ മറ്റു പാർട്ടികളിൽ ഭൂരിഭാഗവും അവരുടെ നയങ്ങളെ എതിർത്തതുകാരണം ലോകസഭയിൽ ഭൂരിപക്ഷം തെളിയിക്കാൻ കഴിഞ്ഞില്ല. അവസാനം 1998 മേയ് മുതൽ 1999 ജൂൺ വരെ ഒരു മുന്നണിസർക്കാരിന് നേതൃത്വം കൊടുത്തുകൊണ്ട് അധികാരത്തിൽ വരികയും, 1999

ഒക്ടോബറിൽ വീണ്ടും തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഈ രണ്ടു തവണയും എൻ.ഡി.എ. സർക്കാരിന്റെ പ്രധാനമന്ത്രിയായിരുന്നു അടൽ ബിഹാരി വാജ്പേയി. അതുപോലെ 1999-ൽ രൂപീകരിച്ച അദ്ദേഹത്തിന്റെ സർക്കാർ കാലവധി പൂർത്തിയാക്കുകയും ചെയ്തു.

Credit: Ajit Ninan/India Today




ഏകകക്ഷി മേധാവിത്വത്തിൽനിന്നും ബഹുകക്ഷി മുന്നണി വ്യവസ്ഥയിലേക്കുള്ള മാറ്റം കാർട്ടൂണിസ്റ്റിന്റെ ഭാവനയിൽ

ഇപ്രകാരം 1989-ലെ തെരഞ്ഞടുപ്പോടുകൂടി മുന്നണി രാഷ്ട്രീയത്തിന്റെ സുദീർഘമായ ഒരു കാലഘട്ടം ഇന്ത്യയിൽ ഉദയം ചെയ്തു. അതിനുശേഷം മറ്റുപാർട്ടികളുടെ പുറമെനിന്നുള്ള പിന്തുണയോടെ പതിനൊന്ന് ന്യൂനപക്ഷ സർക്കാരുകളോ മുന്നണി സർക്കാരുകളോ കേന്ദ്രത്തിൽ അധികാരത്തിൽ വരികയുണ്ടായി. ഈ പുതിയ കാലഘട്ടത്തിൽ വിവിധ പ്രാദേശികപാർട്ടികളുടെ പങ്കാളിത്തത്തോടെയോ പിന്തുണയോടെയോ മാത്രമേ ഒരു സർക്കാർ രൂപീകരിക്കാൻ കഴിയുമായിരുന്നുള്ളു. ഇത് 1989-ലെ ദേശീയമുന്നണി, 1996, 1997 വർഷങ്ങളിലെ ഐക്യമുന്നണി, 1998-ലെ ബി.ജെ.പി. സഖ്യം, 1999-ലെ ദേശീയ ജനാധിപത്യ സഖ്യം, 2004, 2009-കളിലെ ഐക്യ പുരോഗമന മുന്നണി (യു.പി.എ.) സർക്കാരുകൾക്ക് ബാധകമായിരുന്നു. ഈ പ്രവണതക്ക് 2014-ഓടുകൂടി മാറ്റം വന്നു.

ഈ സംഭവവികാസങ്ങളെ നാം ഇതുവരെ പഠിച്ച കാര്യങ്ങളുമായി ബന്ധിപ്പിച്ചു നോക്കാം. മുന്നണി രാഷ്ട്രീയകാലഘട്ടം എന്നത് കഴിഞ്ഞ കുറേ ദശകങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്ന താരതമ്യേന നിശബ്ദമായ മാറ്റങ്ങളുടെ ഫലമായുണ്ടായ ദീർഘകാല പ്രവണതയായി കാണാവുന്നതാണ്.

മുമ്പ് കോൺഗ്രസ് പാർട്ടി എന്നതുതന്നെ വ്യത്യസ്ത താൽപര്യങ്ങളുടെയും വിഭിന്ന സാമൂഹികവിഭാഗങ്ങളുടെയും ഒരു മുന്നണിയായിരുന്നു എന്ന കാര്യം രണ്ടാമത്തെ അധ്യായത്തിൽ നമ്മൾ കണ്ടതാണല്ലോ. ഇത് കോൺഗ്രസ് വ്യവസ്ഥ (Congress system) എന്ന പദം ഉയർന്നുവരുന്നതിന് കാരണമായി.

## 1989 മുതലുള്ള കേന്ദ്ര സർക്കാരുകൾ

| കാലഘട്ടം | മുന്നണി/കക്ഷികൾ രൂപീകരിച്ച ഗവൺമെന്റുകൾ |
|---|---|
| 1989 ഡിസംബർ<br>1990 നവംബർ | ഇടതുമുന്നണിയുടെയും ബി.ജെ.പി.യുടെയും പിന്തുണയോടെ ദേശീയ മുന്നണി |
| 1990 നവംബർ<br>1991 ജൂൺ | സമാജ്‌വാദി ജനതാപാർട്ടിയുടെ നേതൃത്വത്തിൽ ദേശീയമുന്നണിയുടെ ഒരു വിഭാഗം കോൺഗ്രസ് പിന്തുണയോടെ |
| 1991 ജൂൺ<br>1996 മേയ് | എ.ഐ.എ.ഡി.എം.കെ. യുടെയും ചില ചെറിയ പാർട്ടികളുടെയും പിന്തുണയോടെ കോൺഗ്രസ് |
| 1996 മേയ്<br>1996 ജൂൺ | ബി.ജെ.പി. ന്യൂനപക്ഷ ഗവൺമെന്റ് |
| 1996 ജൂൺ<br>1997 ഏപ്രിൽ | കോൺഗ്രസ് പിന്തുണയോടെ ഐക്യമുന്നണി |
| 1997 ഏപ്രിൽ<br>1998 മാർച്ച് | കോൺഗ്രസ് പിന്തുണയോടെ ഐക്യ മുന്നണി |
| 1998 മാർച്ച് 1999 ഒക്ടോർ<br>1999 ഒക്ടോർ 2004 മേയ് | ബി.ജെ.പി. നേതൃത്വത്തിൽ ദേശീയ ജനാധിപത്യ സഖ്യം |
| 2004 മേയ്<br>2014 മേയ് | കോൺഗ്രസിന്റെ നേതൃത്വത്തിൽ ദേശീയ പുരോഗമന സഖ്യം |
| 2014 മേയ്<br>മുതൽ | ബി.ജെ.പി. നേതൃത്വത്തിൽ ദേശീയ ജനാധിപത്യ സഖ്യം |



വി.പി.സിംഗ്



ചന്ദ്ര ശേഖർ



പി.വി. നരസിംഹറാവു



എ.ബി. വാജ്പേയി



എച്ച്.ഡി. ദേവഗൗഡ



ഐ.കെ. ഗുജ്റാൾ



എ.ബി. വാജ്പേയി



മൻമോഹൻ സിംഗ്



നരേന്ദ്രമോദി

മുൻ പ്രധാനമന്ത്രിമാരെക്കുറിച്ചും ഇപ്പോഴത്തെ പ്രധാനമന്ത്രിയെക്കുറിച്ചും കൂടുതൽ വിവരങ്ങളറിയാൻ താഴെ പറയുന്ന വെബ്സൈറ്റ് സന്ദർശിക്കാം: http://pmindia.gov.in/en

കുറിപ്പ്: ഗവൺമെന്റുകളുടെ മുഖ്യനയങ്ങൾ, പ്രകടനം, വിവാദങ്ങൾ എന്നിവയെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ രേഖപ്പെടുത്താൻ നിങ്ങൾക്ക് ശൂന്യ ഇടങ്ങൾ ഉപയോഗിക്കാം.

1960-കളുടെ അന്ത്യത്തോടെ വിവിധ വിഭാഗങ്ങൾ കോൺഗ്രസ് പാർട്ടിവിട്ട് സ്വന്തം രാഷ്ട്രീയകക്ഷികൾ രൂപീകരിച്ചുവെന്ന കാര്യവും നാം അഞ്ചാം അധ്യായത്തിൽ കണ്ടുവല്ലോ. 1977-നുശേഷം വിവിധ പ്രാദേശികപാർട്ടികളുടെ രൂപീകരണവും നാം ശ്രദ്ധിച്ചുവല്ലോ. ഈ സംഭവവികാസങ്ങൾ കോൺഗ്രസിനെ ദുർബലപ്പെടുത്തിയെങ്കിലും കോൺഗ്രസിന് ബദലായി മറ്റൊരു പാർട്ടിയും ഉയർന്നുവന്നില്ല.




### മറ്റു പിന്നാക്കവിഭാഗങ്ങളുടെ രാഷ്ട്രീയ ഉയർച്ച (Political Rise of Other Backward Classes)

മറ്റു പിന്നാക്കവിഭാഗങ്ങൾ ഒരു രാഷ്ട്രീയശക്തിയായി ഉയർന്നുവന്നതാണ് ഈ കാലഘട്ടത്തിലെ മറ്റൊരു പ്രധാന സംഭവവികാസം. OBC എന്ന പദം നിങ്ങൾക്കു പരിചിതമാണല്ലോ. ഭരണതലത്തിൽ ഇത് സൂചിപ്പിക്കുന്നത് മറ്റു പിന്നാക്കവിഭാഗങ്ങൾ എന്നാണ്. വിദ്യാഭ്യാസപരമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന പട്ടികജാതി, പട്ടികവർഗവിഭാഗങ്ങൾ ഒഴിച്ചുള്ള സമുദായങ്ങളാണ് ഇവ. ഇവരെ പിന്നാക്കജാതികൾ എന്നും പരാമർശിക്കുന്നു. പിന്നാക്കജാതികളിൽ പല വിഭാഗങ്ങളുടെയും പിന്തുണയിൽ കോൺഗ്രസിന് ഇടിവ് സംഭവിച്ചുവെന്ന കാര്യം ആറാം അധ്യായത്തിൽ നമ്മൾ ശ്രദ്ധിച്ചതാണല്ലോ. ഈ സമുദായങ്ങളുടെ പിന്തുണയോടെ കോൺഗ്രസിതര പാർട്ടികൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരിടം സൃഷ്ടിച്ചു. ഈ രാഷ്ട്രീയകക്ഷികളുടെ ദേശീയതലത്തിലുള്ള രാഷ്ട്രീയപ്രവേശനത്തിന്റെ തുടക്കം കുറിച്ചത് 1977-ലെ ജനതാ പാർട്ടി സർക്കാരിന്റെ രൂപീകരണത്തിലായിരുന്നു എന്ന കാര്യം നിങ്ങൾ ഓർമിക്കുമല്ലോ. ജനതാ പാർട്ടിയുടെ ഘടകമായിരുന്ന ഭാരതീയ ക്രാന്തിദൾ, സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി എന്നിവയ്ക്ക് ചില പിന്നാക്കവിഭാഗങ്ങൾക്കിടയിൽ ശക്തമായ ഗ്രാമീണ അടിത്തറയുണ്ടായിരുന്നു.

### നടപ്പിലാക്കപ്പെട്ട 'മണ്ഡൽ' ('Mandal' implemented)

1980-കളിൽ മറ്റു പിന്നാക്കവിഭാഗങ്ങളുടെ ശക്തമായ പിന്തുണയോടുകൂടി സമാനചിന്താഗതിക്കാരായ വിവിധ രാഷ്ട്രീയവിഭാഗങ്ങളുടെ ഒരു ഐക്യനിര ജനതാദൾ കൊണ്ടുവന്നു. ദേശീയമുന്നണി സർക്കാർ മണ്ഡൽകമ്മീഷൻ ശുപാർശകൾ നടപ്പിലാക്കാൻ തീരുമാനിച്ചത് 'മറ്റു പിന്നാക്കവിഭാഗ'ങ്ങളുടെ രാഷ്ട്രീയം രൂപീകരിക്കുന്നതിന് സഹായകമായി. തൊഴിൽ സംവരണത്തിനനുകൂലമായും പ്രതികൂലമായും ദേശീയാടിസ്ഥാനത്തിൽ നടന്ന തീക്ഷ്ണമായ സംവാദങ്ങൾ

ഒ.ബി.സി. വിഭാഗങ്ങളെ തങ്ങളുടെ സ്വത്വത്തെക്കുറിച്ച് കൂടുതൽ ബോധവാന്മാരാക്കി. അങ്ങനെ ഈ വിഭാഗങ്ങളെ രാഷ്ട്രീയത്തിൽ അണിനിരത്താൻ ആഗ്രഹിച്ചവർക്ക് ഇത് കൂടുതൽ സഹായകമായി. ഈ കാലഘട്ടത്തിൽ ഒ.ബി.സിക്ക് വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ അവസരം നൽകണമെന്നും അവർക്ക് അധികാരത്തിൽ പങ്കാളിത്തം നൽകണമെന്നും ആവശ്യപ്പെടുന്ന നിരവധി രാഷ്ട്രീയ കക്ഷികൾ ഉയർന്നുവന്നു. ഇന്ത്യൻ സമൂഹത്തിൽ വലിയൊരു വിഭാഗം മറ്റു പിന്നാക്കവിഭാഗങ്ങളാണെന്നും ആയതിനാൽ ഭരണത്തിലും രാഷ്ട്രീയ അധികാരത്തിലും മതിയായ പങ്ക് ലഭിക്കേണ്ടത് തികച്ചും ജനാധിപത്യപരമാണെന്നും ഈ പാർട്ടികൾ അവകാശപ്പെട്ടു.




മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നത് പ്രതിഷേധങ്ങൾക്കും രാഷ്ട്രീയ പ്രക്ഷോഭങ്ങൾക്കും തിരികൊളുത്തി.

## മണ്ഡൽ കമ്മീഷൻ (The Mandal Commission)

1960 മുതൽ ഒ.ബി.സിക്കുള്ള സംവരണം തെക്കൻ സംസ്ഥാനങ്ങളിൽ നിലവിലുണ്ടായിരുന്നു. എന്നാൽ ഈ നയം വടക്കൻ സംസ്ഥാനങ്ങളിൽ പ്രാവർത്തികമാക്കിയിരുന്നില്ല. 1977–79 കാലഘട്ടത്തിൽ ജനതാപാർട്ടി സർക്കാർ ഭരണകാലത്താണ് ഉത്തരേന്ത്യയിലും ദേശീയതലത്തിലും പിന്നാക്ക ജാതിക്കാർക്ക് സംവരണം വേണമെന്ന ആവശ്യം ശക്തമായി ഉന്നയിക്കപ്പെട്ടത്. ബീഹാറിലെ മുഖ്യമന്ത്രിയായിരുന്ന കർപ്പൂരി താക്കൂർ ആയിരുന്നു ഈ ദിശയിലെ മുന്നണിപ്പോരാളി. ബീഹാറിൽ ഒ.ബി.സിക്കാർക്ക് സംവരണം നൽകുന്ന പുതിയ നയത്തിന് അദ്ദേഹം തുടക്കംകുറിച്ചു. ഇതിനെത്തുടർന്ന് പിന്നാക്കവിഭാഗങ്ങളുടെ അവസ്ഥ പരിശോധിക്കുന്നതിനും അവരുടെ സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ നിർദേശിക്കുന്നതിനുമായി ഒരു കമ്മീഷനെ 1978–ൽ കേന്ദ്ര സർക്കാർ നിയമിച്ചു. ഇത്തരത്തിലൊരു കമ്മീഷനെ സർക്കാർ നിയോഗിക്കുന്നത് സ്വാതന്ത്ര്യത്തിനുശേഷം രണ്ടാമത്തെ തവണയായിരുന്നു. അതുകൊണ്ട് രണ്ടാം പിന്നാക്ക കമ്മീഷൻ എന്നാണ് ഇത് ഔദ്യോഗികമായി അറിയപ്പെടുന്നത്. ഇതിന്റെ ചെയർമാനായിരുന്ന ബിന്ദേശ്വരി പ്രസാദ് മണ്ഡലിന്റെ പേരിനെ അടിസ്ഥാനമാക്കി ഈ കമ്മീഷൻ പൊതുവെ മണ്ഡൽ കമ്മീഷൻ എന്നറിയപ്പെടുന്നു.



**ബി.പി. മണ്ഡൽ**

(1918–1982):

1967–1970 വരെയും 1977–1979 വരെയും ബീഹാറിൽ നിന്നുള്ള എം.പി; മറ്റു പിന്നാക്കവിഭാഗങ്ങൾക്ക് സംവരണം ശുപാർശ ചെയ്ത രണ്ടാം പിന്നാക്ക കമ്മീഷൻ അധ്യക്ഷൻ; ബീഹാറിൽനിന്നുള്ള സോഷ്യലിസറ്റ് നേതാവ്, 1968–ൽ ഒന്നര മാസത്തേക്ക് ബീഹാർ മുഖ്യമന്ത്രി; 1977–ൽ ജനതാപാർട്ടിയിൽ ചേർന്നു.

ഇന്ത്യൻ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസപരവും സാമൂഹികവുമായ പിന്നാക്കാവസ്ഥയുടെ വ്യാപ്തി അന്വേഷിക്കുന്നതിനും ഈ പിന്നാക്കാവിഭാഗങ്ങളെ തിരിച്ചറിയുന്നതിനുള്ള മാർഗങ്ങൾ ശുപാർശ ചെയ്യുന്നതിനുമാണ് മണ്ഡൽ കമ്മീഷൻ രൂപീകരിച്ചത്. ഈ പിന്നാക്കാവസ്ഥ അവസാനിപ്പിക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ച് ശുപാർശകൾ നൽകുമെന്നും പ്രതീക്ഷിച്ചിരുന്നു. 1980–ൽ കമ്മീഷൻ അതിന്റെ ശുപാർശകൾ സമർപ്പിച്ചു. അപ്പോഴേക്കും ജനതാ സർക്കാർ നിലംപതിച്ചിരുന്നു. പിന്നാക്കവിഭാഗങ്ങൾ എന്നത് പിന്നാക്ക ജാതിക്കാർ എന്നർഥമുള്ളതാണെന്ന് മനസ്സിലാക്കണമെന്ന് കമ്മീഷൻ ഉപദേശിച്ചു, കാരണം പട്ടികജാതിക്കാർ ഒഴികെയുള്ള പല ജാതികളെയും ജാതിശ്രേണിയിൽ താഴ്ന്നവരായി കണക്കാക്കുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിലും പൊതുസേവനമേഖലയിലെ ഉദ്യോഗങ്ങളിലും പിന്നാക്കക്കാരുടെ സാന്നിദ്ധ്യം വളരെ കുറവായിരുന്നുവെന്ന് കമ്മീഷൻ നടത്തിയ സർവെയിലൂടെ കണ്ടെത്തി. അതുകൊണ്ട് ഈ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ജോലിയിലും 27 ശതമാനം സീറ്റുകൾ സംവരണം ചെയ്യണമെന്ന് ശുപാർശ ചെയ്തു. ഒ.ബി.സിക്കാരുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിലേക്കായി ഭൂപരിഷ്കരണംപോലുള്ള മറ്റുപല ശുപാർശകളും മണ്ഡൽ കമ്മീഷൻ നൽകി.

1990 ആഗസ്റ്റിൽ ദേശീയ മുന്നണി സർക്കാർ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലും അതിന്റെ അനുബന്ധ സ്ഥാപനങ്ങളിലുമുള്ള ഉദ്യോഗങ്ങളിൽ ഒ.ബി.സിയുടെ സംവരണവുമായി ബന്ധപ്പെട്ട മണ്ഡൽ കമ്മീഷന്റെ ശുപാർശകളിലൊന്ന് നടപ്പിലാക്കാൻ തീരുമാനിച്ചു. ഈ തീരുമാനം ഉത്തരേന്ത്യയിലെ പല നഗരങ്ങളിലും പ്രക്ഷോഭങ്ങൾക്കും അക്രമാസക്തമായ പ്രതിഷേധങ്ങൾക്കും കാരണമായി. ഈ തീരുമാനം സുപ്രീംകോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും ഹർജിക്കാരിൽ ഒരാളുടെ പേരിൽ ഇന്ദിര സാഹ്നി കേസ് എന്നറിയപ്പെടുകയും ചെയ്തു. 1992 നവംബറിൽ സുപ്രീംകോടതി സർക്കാരിന്റെ തീരുമാനം ശരിവച്ചുകൊണ്ട് ഉത്തരവ് നൽകി. ഈ തീരുമാനം നടപ്പാക്കുന്ന രീതിയെക്കുറിച്ച് രാഷ്ട്രീയപാർട്ടികൾക്കിടയിൽ ചില അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഒ.ബി.സിക്കാർക്ക് സംവരണം നൽകുന്ന നയത്തിന് രാജ്യത്തെ എല്ലാ പ്രധാന രാഷ്ട്രീയപാർട്ടികളുടെയും പിന്തുണയുണ്ട്.

### രാഷ്ട്രീയ കലഹങ്ങൾ (Political fallouts)

1980-കൾ ദളിതരുടെ രാഷ്ട്രീയ സംഘടനകളുടെ ഉയർച്ചക്ക് സാക്ഷ്യംവഹിച്ചു. 1978-ൽ ബാക്ക്‌വേർഡ് ആന്റ് മൈനോറിറ്റി കമ്മ്യൂണിറ്റീസ് എംപ്ലോയീസ് ഫെഡറേഷൻ (BAMCEF) രൂപീകരിക്കപ്പെട്ടു. അത് സർക്കാർ ജീവനക്കാരുടെ ഒരു സാധാരണ ട്രേഡ് യൂണിയൻ ആയിരുന്നില്ല. പട്ടികജാതി, പട്ടികവർഗ, മറ്റു പിന്നാക്കവിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ എന്നിവരടങ്ങുന്ന 'ബഹുജന' രാഷ്ട്രീയാധികാരം ലഭിക്കുന്നതിനുവേണ്ടി ഈ സംഘടന ശക്തമായ നിലപാട് സ്വീകരിച്ചു. ഇതിൽനിന്നാണ് ദളിത് ശോഷിത് സമാജ് സംഘർഷ് സമിതിയും പിന്നീട് ബഹുജൻ സമാജ് പാർട്ടിയും (ബി.എസ്.പി.) കൻഷിറാമിന്റെ നേതൃത്വത്തിൽ രൂപം കൊണ്ടത്. പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ് എന്നിവിടങ്ങളിലെ ദളിത് വോട്ടർമാരുടെ പിന്തുണയോടെ ഒരു ചെറിയ പാർട്ടിയായിട്ടായിരുന്നു ബി.എസ്.പിയുടെ ആരംഭം. എന്നാൽ 1989, 1991 തിരഞ്ഞെടുപ്പുകളിൽ ഉത്തർപ്രദേശിൽ ഒരു വഴിത്തിരിവുണ്ടാക്കുവാൻ ബി.എസ്.പിക്ക് കഴിഞ്ഞു. സ്വതന്ത്ര ഇന്ത്യയിൽ വലിയ ദളിത് പിന്തുണയോടെ ഒരു കക്ഷി ഇത്തരത്തിലൊരു രാഷ്ട്രീയവിജയം നേടുന്നത് ആദ്യമായിട്ടായിരുന്നു.

യഥാർത്ഥത്തിൽ പ്രായോഗികരാഷ്ട്രീയത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സംഘടനയായാണ് കൻഷിറാം ബി.എസ്.പിയെ രൂപകൽപന ചെയ്തത്. ഇന്ത്യൻ ജനസംഖ്യയുടെ ഭൂരിഭാഗവും ബഹുജൻ (പട്ടികജാതി, പട്ടികവർഗ, മറ്റു പിന്നാക്കവിഭാഗങ്ങളും മതന്യൂനപക്ഷങ്ങളും) ആണെന്നതും എണ്ണത്തിന്റെ കാര്യത്തിൽ ഇവർ പ്രബലമായ ഒരു രാഷ്ട്രീയശക്തി എന്ന വസ്തുതയുമാണ് ഈ പാർട്ടിക്ക് ആത്മവിശ്വാസം നൽകിയത്. ബി.എസ്.പി. ഒരു രാഷ്ട്രീയശക്തിയായി മാറിയതുമുതൽ സംസ്ഥാനത്ത് ഒന്നിലധികം തവണ അധികാരത്തിലെത്താൻ ആ പർട്ടിക്ക് കഴിഞ്ഞു. അവരുടെ ശക്തികേന്ദ്രം ദളിത് വോട്ടുകളാണെങ്കിലും മറ്റു സാമൂഹിക വിഭാഗങ്ങൾക്കിടയിൽ സ്വാധീനം വർധിപ്പിക്കാൻ അവർക്ക് പിന്നീട് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയുടെ പല ഭാഗങ്ങളിലും, ദളിത് രാഷ്ട്രീയവും മറ്റു പിന്നാക്കവിഭാഗങ്ങളുടെ രാഷ്ട്രീയവും സ്വതന്ത്രമായും എന്നാൽ പലപ്പോഴും പരസ്പരം മത്സരിച്ചുമാണ് വികാസം പ്രാപിച്ചത്.



**കൻഷിറാം (1934-2006):** പിന്നാക്കവിഭാഗ ശാക്തീകരണത്തിന്റെ ഉപജ്ഞാതാവ്; ബഹുജൻ സമാജ് പാർട്ടി (ബി.എസ്.പി) യുടെ സ്ഥാപകൻ; സാമൂഹിക, രാഷ്ട്രീയ പ്രവർത്തനത്തിനുവേണ്ടി കേന്ദ്ര സർക്കാർ ജോലി രാജി വച്ചു; BAMCEF, DS-4; എന്നിവയുടെ സ്ഥാപകൻ; 1984-ൽ ബി.എസ്.പി. സ്ഥാപിച്ചു; സൂക്ഷ്മ ബുദ്ധിയുള്ള രാഷ്ട്രീയ തന്ത്രജ്ഞൻ; രാഷ്ട്രീയ അധികാരത്തെ സാമൂഹിക സമത്വം കൈവരിക്കുന്നതിനുള്ള ഉപാധിയായി അദ്ദേഹം കരുതി; ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ദളിതരുടെ ഉയർത്തെഴുന്നേൽപ്പിന്റെ ബഹുമതി അദ്ദേഹത്തിനുള്ളതാണ്.



## വർഗീയത, മതേതരത്വം, ജനാധിപത്യം
## (Communalism, Secularism, Democracy)

ഈ കാലഘട്ടത്തിലെ മറ്റൊരു ദീർഘകാല സംഭവവികാസം മതപരമായ സ്വത്വത്തെ അടിസ്ഥാനമാക്കിയുള്ള രാഷ്ട്രീയത്തിന്റെ വളർച്ച മതേതരത്വത്തെയും ജനാധിപത്യത്തെയും കുറിച്ചുള്ള സംവാദങ്ങളിലേക്ക് നയിച്ചു എന്നതാണ്. അടിയന്തിരാവസ്ഥക്കുശേഷം ഭാരതീയ ജനസംഘം ജനതാപാർട്ടിയിൽ ലയിച്ചകാര്യം നാം ആറാം അധ്യായത്തിൽ പഠിച്ചുവല്ലോ. ജനതാപാർട്ടിയുടെ പതനത്തിനും പിളർപ്പിനും ശേഷം മുമ്പ് ജന സംഘത്തിന്റെ അനുയായികളായിരുന്നവർ ചേർന്ന് 1980-ൽ ഭാരതീയ ജനതാ പാർട്ടി (ബി.ജെ.പി.) രൂപീകരിച്ചു. തുടക്കത്തിൽ ജനസംഘത്തേക്കാളും വിശാലമായ ഒരു രാഷ്ട്രീയ കാഴ്ചപ്പാടാണ് ബി.ജെ.പി. സ്വീകരിച്ചത്. ഗാന്ധിയൻ സോഷ്യലിസത്തെ അതിന്റെ പ്രത്യയശാസ്ത്രമായി സ്വീകരിച്ചു. പക്ഷേ 1980-ലെയും 1984-ലെയും തിരഞ്ഞെടുപ്പുകളിൽ മികച്ച വിജയം നേടാൻ പാർട്ടിക്കായില്ല. 1986-നുശേഷം പാർട്ടി തങ്ങളുടെ പ്രത്യയശാസ്ത്രത്തിൽ ഹൈന്ദവദേശീയതക്ക് ഊന്നൽ കൊടുക്കാൻ തീരുമാനിച്ചു. ബി.ജെ.പി. ഹിന്ദുത്വ രാഷ്ട്രീയത്തെ പിന്തുടരുകയും ഹിന്ദുക്കളെ അണിനിരത്തുക എന്ന തന്ത്രം സ്വീകരിക്കുകയും ചെയ്തു.

ഹിന്ദുത്വ എന്ന പദം സൂചിപ്പിക്കുന്നത് 'ഹൈന്ദവത' എന്നാണ്. ഇന്ത്യൻ ദേശീയതയുടെ അടിസ്ഥാനത്തിലാണ് ഹൈന്ദവതയുടെ ഉപജ്ഞാതാവായിട്ടുള്ള വി.ഡി. സവർക്കർ അതിനെ നിർവചിച്ചത്. അടിസ്ഥാനപരമായി ഇത് അർഥമാക്കുന്നത് ഇന്ത്യാക്കാരെന്ന നിലയിൽ എല്ലാവരും ഇന്ത്യയെ പിതൃഭൂമിയായി മാത്രം അംഗീകരിച്ചാൽപോര, മറിച്ച് അവരുടെ പുണ്യഭൂമിയായും അംഗീകരിക്കണം എന്നതാണ്. കരുത്തുറ്റൊരു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ ശക്തവും ഏകീകൃതവുമായ ഒരു ദേശീയ സംസ്കാരത്തിന്റെ അടിത്തറ ആവശ്യമാണെന്ന് ഹിന്ദുത്വയിൽ വിശ്വസിക്കുന്നവർ വാദിക്കുന്നു. ഇന്ത്യയുടെ കാര്യത്തിൽ ഹിന്ദുസംസ്കാരത്തിനു മാത്രമേ ഇത്തരത്തിലൊരു സംസ്കാരിക അടിത്തറ നൽകാൻ കഴിയുവെന്നും അവർ വിശ്വസിക്കുന്നു.

1986 കാലഘട്ടത്തിലുണ്ടായ രണ്ട് പ്രധാന സംഭവവികാസങ്ങൾ ബി.ജെ.പി. ഒരു ഹിന്ദുത്വകക്ഷിയാവുന്നതിൽ നിർണായകമായി. 1985-ലെ ഷാബാനു കേസാണ് ആദ്യ സംഭവം. ഈ കേസിൽ 62 വയസ്സുള്ള വിവാഹമോചിതയായ ഒരു മുസ്‌ലിം സ്ത്രീ തന്റെ മുൻ ഭർത്താവിൽനിന്നും ജീവനാംശം ആവശ്യപ്പെട്ടുകൊണ്ട് ഒരു കേസ് ഫയൽ ചെയ്തു. സുപ്രീംകോടതി അവർക്കനുകൂലമായി വിധി പ്രസ്താവിച്ചു. എന്നാൽ യാഥാസ്ഥിതികരായ മുസ്‌ലിങ്ങൾ സുപ്രിംകോടതി വിധിയെ മുസ്‌ലിം വ്യക്തിനിയമത്തിനെതിരായ കടന്നുകയറ്റമായി കണ്ടു. ചില മുസ്‌ലിം നേതാക്കളുടെ ആവശ്യത്തിനു വഴങ്ങി സർക്കാർ മുസ്‌ലിം വനിതാ നിയമം, 1986 (വിവാഹമോചിതരുടെ അവകാശസംരക്ഷണ നിയമം) പാസ്സാക്കുകയും അതുവഴി സുപ്രിംകോടതി വിധിയെ അസാധുവാക്കുകയും ചെയ്തു. സർക്കാരിന്റെ ഈ നടപടിയെ അനേകം വനിതാ സംഘടനകളും മുസ്‌ലിം വിഭാഗങ്ങളും മിക്ക ബുദ്ധിജീവികളും ശക്തമായി എതിർത്തു. കോൺഗ്രസ് സർക്കാരിന്റെ ഈ നടപടിയെ അനാവശ്യസൗജന്യമായും ന്യൂനപക്ഷ പ്രീണനമായും ബി.ജെ.പി. വിമർശിച്ചു.

### അയോധ്യാ തർക്കം (Ayodhya dispute)

1986 ഫെബ്രുവരിയിൽ ഫൈസാബാദ് ജില്ലാകോടതി പുറപ്പെടുവിച്ച ഉത്തരവായിരുന്നു രണ്ടാമത്തെ സംഭവവികാസം. ഹിന്ദുക്കൾ ക്ഷേത്രമായി കരുതുന്ന ഭാഗത്ത് ആരാധന നടത്താൻ ബാബറിമസ്ജിദ് തുറന്നുകൊടുക്കണമെന്ന് കോടതി ഉത്തരവിട്ടു. അയോധ്യയിലെ ബാബറിമസ്ജിദ് എന്നറിയപ്പെടുന്ന മുസ്‌ലിംപള്ളിയെ സംബന്ധിച്ച് പതിറ്റാണ്ടുകളായി തർക്കം നിലനിന്നിരുന്നു. 16-ാം നൂറ്റാണ്ടിൽ ബാബറിന്റെ ജനറലായിരുന്ന മിർബഖിയാണ് അയോധ്യയിലെ പള്ളി പണികഴിപ്പിച്ചത്. ശ്രീരാമന്റെ ജന്മസ്ഥലമായി വിശ്വസിക്കപ്പെടുന്ന സ്ഥലത്തെ ശ്രീരാമക്ഷേത്രം പൊളിച്ചുമാറ്റിയാണ് ഇത് പണികഴിപ്പിച്ചതെന്ന് ചില ഹിന്ദു

ക്കൾ വിശ്വസിക്കുന്നു. ഈ തർക്കം കോടതിവ്യവഹാരമാകുകയും ദശാബ്ദങ്ങളോളം തുടരുകയും ചെയ്തു. കോടതിയുടെ പിഗണനയിലായതിനാൽ 1940-കളിൽ പള്ളി അടച്ചുപൂട്ടി.

ബാബരിമസ്ജിദ് തുറന്ന ഉടൻതന്നെ ഇരുവിഭാഗങ്ങളും ജനങ്ങളെ സംഘടിപ്പിക്കാൻ ആരംഭിച്ചു. വിവിധ ഹിന്ദു, മുസ്‌ലിം സംഘടനകൾ ഈ പ്രശ്നത്തിന്റെ പേരിൽ അവരുടെ സമുദായങ്ങളെ സംഘടിപ്പിക്കുവാൻ ശ്രമിച്ചു. ഒരു പ്രാദേശിക വിഷയമായിരുന്ന ഈ പ്രശ്നം പെട്ടെന്നുതന്നെ ഒരു മുഖ്യ ദേശീയപ്രശ്നമായി മാറുകയും വർഗീയസംഘർഷങ്ങളിലേക്ക് നയിക്കുകയും ചെയ്തു. ബി.ജെ.പി. ഈ പ്രശ്നത്തെ ഒരു മുഖ്യ രാഷ്ട്രീയ തെരഞ്ഞെടുപ്പ് കർമപരിപാടിയാക്കി മാറ്റി. ആർ.എസ്.എസ്., വിശ്വഹിന്ദു പരിഷത്ത് തുടങ്ങിയ സംഘടനകളുമായി ചേർന്ന് ഇവർ പ്രതീകാത്മകവും ജനങ്ങളെ സംഘടിപ്പിക്കുന്നതിനുമുള്ള പരിപാടികൾ നടപ്പിലാക്കി. വൻതോതിലുള്ള ഇത്തരം പടയൊരുക്കം അന്തരീക്ഷം വഷളാക്കുകയും പലപ്പോഴും വർഗീയകലാപങ്ങളിലേക്ക് നയിക്കുകയും ചെയ്തു. പൊതുജനപിന്തുണ ആർജിക്കുന്നതിനുവേണ്ടി ഗുജറാത്തിലെ സോമനാഥിൽനിന്നും ഉത്തർപ്രദേശിലെ അയോധ്യയിലേക്ക് ബി.ജെ.പി. രഥയാത്ര എന്നറിയപ്പെട്ട വമ്പൻമാർച്ച് സംഘടിപ്പിച്ചു.

### തകർക്കലും അതിനുശേഷവും (Demolition and after)

1992 ഡിസംബറിൽ രാമക്ഷേത്ര നിർമാണത്തെ പിന്തുണയ്ക്കുന്ന സംഘടനകൾ ചേർന്ന് 'കർസേവ' സംഘടിപ്പിച്ചു. രാമക്ഷേത്രനിർമാണത്തിന് ഭക്തരുടെ സന്നദ്ധസേവനം എന്നതായിരുന്നു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. രാജ്യത്തുടനീളം പ്രത്യേകിച്ച് അയോധ്യയിൽ സ്ഥിതിഗതികൾ സംഘർഷഭരിതമായി. തർക്കഭൂമിക്ക് നാശം വരുത്താതെ സംരക്ഷിക്കണമെന്ന് സംസ്ഥാന സർക്കാരിന് സുപ്രീം കോടതി ഉത്തരവുകൊടുത്തു. എന്നിരുന്നാലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ആയിരക്കണക്കിന് ജനങ്ങൾ അയോധ്യയിൽ തടിച്ചുകൂടുകയും 1992 ഡിസംബർ 6-ന് പള്ളി തകർക്കുകയും ചെയ്തു. ഈ വാർത്ത രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ഹിന്ദുക്കളും മുസ്‌ലിങ്ങളും തമ്മിലുള്ള സംഘർഷങ്ങളിലേക്ക് നയിച്ചു. 1993 ജനുവരിയിൽ മുംബെയിൽ വീണ്ടും ലഹള പൊട്ടിപ്പുറപ്പെടുകയും അത് രണ്ടാഴ്ചയോളം നീണ്ടുനിൽക്കുകയും ചെയ്തു.



THE HINDUSTAN TIMES

Babri Masjid demolished, Centre sacks Kalyan Govt

बाबरी मस्जिद ध्वस्त, उ.प्र. विधानसभा भंग, राष्ट्रपति शासन लागू


Ayodhya BJP's worst miscalculation: Vajpayee

Had warned Advani, but no place for moderates, laments veteran

Demolition no cause for remorse: Advani

Violent reaction world over

കടപ്പാട് (ഘടികാരദിശയിൽ):
ദി പയനിയർ, ദി പയനിയർ, ദി സ്റ്റേറ്റ്സ്മാൻ

അയോധ്യയിലെ ഈ സംഭവം സംഭവവികാസങ്ങളുടെ ഒരു പരമ്പരയിലേക്കുതന്നെ നയിച്ചു. ബി.ജെ.പി. ഭരണകക്ഷികളായിട്ടുള്ള സംസ്ഥാന സർക്കാരുകളെ കേന്ദ്രം പിരിച്ചുവിട്ടു. അതോടൊപ്പം ബി.ജെ.പി. അധികാരത്തിലിരുന്ന മറ്റു സംസ്ഥാനങ്ങളിലും രാഷ്ട്രപതിഭരണം ഏർപ്പെടുത്തി. തർക്കമന്ദിരം സംരക്ഷിക്കുമെന്ന് സുപ്രിംകോടതിയിൽ നൽകിയ ഉറപ്പ് പാലിക്കാത്തതിനാൽ ഉത്തർപ്രദേശ് മുഖ്യമന്ത്രിക്കെതിരായി കോടതിയലക്ഷ്യഹർജി സുപ്രീംകോടതി ഫയലിൽ സ്വീകരിച്ചു. അയോധ്യാ സംഭവത്തിൽ ബി.ജെ.പി. ഔദ്യോഗികമായി ഖേദം പ്രകടിപ്പിച്ചു. പള്ളിയുടെ തകർക്കലിലേക്ക് നയിച്ച സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിക്കാൻ കേന്ദ്രസർക്കാർ ഒരു കമ്മീഷനെ നിയമിച്ചു. മിക്ക രാഷ്ട്രീയപാർട്ടികളും ഈ തകർക്കലിനെ തള്ളിപ്പറയുകയും ഇത് മതേതരത്വത്തിന്റെ തത്വങ്ങൾക്ക് എതിരാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഇത് മതേതരത്വത്തെക്കുറിച്ച് ഗൗരവമേറിയ ചർച്ചയ്ക്ക് കാരണമാവുകയും വിഭജനത്തിന് തൊട്ടുപിന്നാലെ നമ്മുടെ രാജ്യം അഭിമുഖീകരിച്ച, ന്യൂനപക്ഷങ്ങളുടെമേൽ ഭൂരിപക്ഷ മതസമൂഹം ആധിപത്യം പുലർത്തുന്ന രാജ്യമായി ഇന്ത്യ മാറുകയാണോ? അല്ലെങ്കിൽ മതത്തിനുപരിയായി എല്ലാ ഇന്ത്യാക്കാർക്കും തുല്യനിയമപരിരക്ഷയും തുല്യ പൗരത്വാവകാശവും ഇന്ത്യ തുടർന്നും നൽകുമോ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു.

ഈ സമയത്ത് തെരഞ്ഞെടുപ്പ് വിജയത്തിനായി മതവികാരങ്ങളെ ഉപയോഗിക്കുന്നതിനെക്കുറിച്ചും ഒരു ചർച്ച നടക്കുകയുണ്ടായി. എല്ലാ മതവിഭാഗങ്ങൾക്കും ഏതു പാർട്ടിയിലും ചേരാനുള്ള സ്വാതന്ത്ര്യമുണ്ടെന്നും സമുദായ അധിഷ്ഠിത പാർട്ടികൾ ഉണ്ടാകില്ലെന്നുള്ളതുമാണ് ഇന്ത്യൻ ജനാധിപത്യരാഷ്ട്രീയത്തിന്റെ അടിസ്ഥാനം. സാമുദായിക സൗഹൃദത്തിന്റേതായ ജനാധിപത്യ അന്തരീക്ഷം 1984 മുതൽ നിരവധി വെല്ലുവിളികൾ അഭിമുഖീകരിച്ചു. എട്ടാമത്തെ അധ്യായത്തിൽ വായിച്ചതുപോലെ, 1984-ലെ സിഖ് വിരുദ്ധകലാപത്തിന്റെ രൂപത്തിലാണ്

ഇത് സംഭവിച്ചത്. 2002 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സമാനമായ അക്രമങ്ങൾ ഗുജറാത്തിൽ മുസ്‌ലിങ്ങൾക്കെതിരായി പൊട്ടിപ്പുറപ്പെട്ടു. അത്തരത്തിൽ ന്യൂനപക്ഷങ്ങൾക്കെതിരായ അക്രമവും രണ്ട് സമുദായങ്ങൾ തമ്മിലുള്ള അക്രമങ്ങളും ജനാധിപത്യത്തിന് ഭീഷണിയാണ്.

“1992 ഡിസംബർ 6-ന് അയോധ്യയിലെ തർക്കമന്ദിരമായ രാമജന്മഭൂമി-ബാബറിമസ്ജിദിന്റെ തകർച്ചയിൽ അവസാനിച്ച വിനാശകരമായ സംഭവങ്ങളുടെ പ്രതിഫലനമാണ് ഈ നടപടിക്രമങ്ങൾ. ആയിരക്കണക്കിന് നിരപരാധികളുടെ ജീവനെടുക്കുകയും സ്വത്തുവകകൾക്ക് വമ്പിച്ച നാശം വരുത്തുകയും അതിനുപരിയായി വിവിധ സമുദായങ്ങൾക്കിടയിൽ നൂറ്റാണ്ടുകളായി വളർത്തിയെടുത്ത സഹിഷ്ണുതയുടെയും വിശ്വാസ്യതയുടെയും സാഹോദര്യത്തിന്റെയും പാരമ്പര്യങ്ങളെ നശിപ്പിച്ചുകൊണ്ട് അന്താരാഷ്ട്രരംഗത്ത് ഈ രാജ്യത്തിന്റെ പ്രതിച്ഛായയെ വികലമാക്കുകയും ചെയ്തിരിക്കുന്നു.

ഒരു രാഷ്ട്രീയകക്ഷിയുടെ നേതാവും മുഖ്യമന്ത്രിയുമായ വ്യക്തിയെ കോടതിയലക്ഷ്യത്തിന് ശിക്ഷിക്കുന്നത് ആശാസ്യമല്ല. പക്ഷേ നിയമത്തിന്റെ മഹത്വം ഉയർത്തിപ്പിടിക്കാൻ ഇത് ചെയ്തേ മതിയാവൂ. കോടതിയലക്ഷ്യത്തിനാണ് അദ്ദേഹത്തെ ഞങ്ങൾ കുറ്റക്കാരനായി കാണുന്നത്. നമ്മുടെ രാഷ്ട്രത്തിന്റെ മതേതര അടിത്തറയെ ബാധിക്കുന്ന തരത്തിലുള്ള വലിയ പ്രശ്നങ്ങൾ ഉയർത്തുന്നതിനാൽ ഒരു സൂചനയെന്ന നിലയിൽ ഒരു ദിവസത്തെ ജയിൽവാസം ഞങ്ങൾ അദ്ദേഹത്തിനു വിധിക്കുന്നു.”

**ചീഫ് ജസ്റ്റിസ് വെങ്കടചെല്ലയ്യ, ജസ്റ്റിസ് ജി.എൻ. റേ, സുപ്രീം കോടതി**

**ദേശീയോദ്ഗ്രഥന സമിതിക്കുമുന്നിൽ രാമജന്മഭൂമി-ബാബറിമസ്ജിദ് മന്ദിരം സംരക്ഷിക്കാമെന്ന് ഉത്തർപ്രദേശ് മുഖ്യമന്ത്രി നൽകിയ വാഗ്ദാനം ലംഘിക്കപ്പെട്ടതിനെ സംബന്ധിച്ചുള്ള കോടതിവിധിയിലെ നിരീക്ഷണങ്ങൾ.**

**മുഹമ്മദ് അസ്‌ലം v/s യൂണിയൻ ഓഫ് ഇന്ത്യ, 24 ഒക്ടോബർ 1994**

## ഗുജറാത്ത് കലാപം (Gujarath riots)

2002 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മുസ്‌ലിങ്ങൾക്കെതിരായി വലിയതോതിലുള്ള കലാപങ്ങൾ അരങ്ങേറി. ഗോദ്ര സ്റ്റേഷനിൽ നടന്ന ഒരു സംഭവമാണ് ഈ കലാപത്തിന്റെ പെട്ടെന്നുള്ള പ്രകോപനം. അയോധ്യയിൽനിന്നും മടങ്ങിവരുന്ന കർസേവകരെ കൊണ്ടുനിറഞ്ഞ ഒരു ട്രയിനിന്റെ ബോഗിക്ക് തീയിട്ടു. ആ തീവയ്പ്പിൽ 57 പേർ കൊല്ലപ്പെട്ടു. ബോഗിക്ക് തീയിട്ടത് മുസ്‌ലിങ്ങളാണെന്ന സംശയത്തിൽ അടുത്ത ദിവസം മുതൽ ഗുജറാത്തിന്റെ വിവിധ ഭാഗങ്ങളിൽ മുസ്‌ലിങ്ങൾക്കെതിരെയുള്ള അക്രമം ആരംഭിച്ചു. ഈ അക്രമങ്ങൾ ഒരു മാസം നീണ്ടുനിന്നു. ഈ കലാപത്തിൽ കൊല്ലപ്പെട്ട 1100 പേരിൽ ബഹുഭൂരിപക്ഷവും മുസ്‌ലിങ്ങളായിരുന്നു. അക്രമം നിയന്ത്രിക്കുന്നതിലും ഇരകൾക്ക് ആശ്വാസം നൽകുന്നതിലും കുറ്റവാളികളെ വിചാരണചെയ്യുന്നതിലും ഗുജറാത്ത് സർക്കാർ പരാജയപ്പെട്ടെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ വിമർശിച്ചു. ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ നിയമസഭാ തിരഞ്ഞെടുപ്പ് നീട്ടിവച്ചുകൊണ്ട് ഉത്തരവിറക്കി. 1984-ലെ സിഖ് വിരുദ്ധ കലാപത്തിന്റെ കാര്യത്തിലെന്നപോലെ, സർക്കാർ സംവിധാനങ്ങളും വിഭാഗീയവികാരങ്ങൾക്ക് ഇരയാകുന്നുവെന്നതാണ് ഗുജറാത്ത് കലാപം കാണിക്കുന്നത്. മതപരമായ വികാരങ്ങൾ രാഷ്ട്രീയ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകാവുന്ന അപകടങ്ങളെ



# GUJARAT IS BURNING

## Former MP's family among 70 dead

HT Correspondent
*Ahmedabad, February 28*

MORE THAN 70 people were killed and several injured as Gujarat reported incidents of stabbing, rioting, arson, looting and police firing on Thursday, a day after four bogies of the Sabarmati Express carrying kar sewaks from Ayodhya were set on fire in Godhra killing 58 people.

The Cabinet Committee on Security put the Army on stand-by in the riot-hit areas.

Over 26 towns statewide have been put under indefinite curfew. Vishwa Hindu Parishad (VHP) activists who had called a statewide bandh on Thursday to protest the killing of the kar sewaks, attacked several Muslim-populated areas of the state and set fire to Muslim-owned properties.

Over 50 of those killed were in Ahmedabad. And 19 of them were relatives of former Congress MP Ehsan Jaffrey, who himself was killed. They died when the building they lived in was set on fire in Meghaninagar. In an earlier incident, 17 Muslim slum-dwellers were also burned alive.

The Wakf Board offices in Gandhinagar were burned down and the Centre for Islamic Studies in Vadodara was at-

PTI
BACKLASH: A truck on fire in Ahmedabad.

ple of mosques being attacked by VHP activists. Six buses and a truck were also set on fire.

Police arrested 700 people — 80 in Godhra, including two councillors — in connection with Wednesday's attack.

Two persons died and at least six were injured when police opened fire to disperse a rampaging mob in Ahmedabad on Thursday afternoon. Gujarat Chief Minister Narendra Modi has ordered a judicial inquiry of the attack. He said those responsible for the attack on the train would be detained under POTO.

"ഭരണഘടനാ നിർമാണ സഭയുടെ മൗലികാവകാശ ഉപദേശക സമിതി 1947 ഫെബ്രുവരി 27-നു നടന്ന ആദ്യയോഗത്തിൽ ന്യൂനപക്ഷ, ആദിവാസി, ബഹിഷ്കൃത മേഖലകളെ സംബന്ധിച്ച് സർദാർ പട്ടേൽ ഇങ്ങനെ ഊന്നിപ്പറഞ്ഞു:

"മറ്റാരെക്കാളും ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ ഇന്ത്യക്ക് താൽപര്യമുണ്ടെന്നും മറിച്ചുള്ള അവകാശവാദങ്ങൾ തികച്ചും വ്യാജവും വാസ്തവവിരുദ്ധവുമാണെന്നും നമ്മൾ തെളിയിക്കേണ്ടതുണ്ട്. അവരിൽ ഓരോരുത്തരെയും തൃപ്തിപ്പെടുത്തേണ്ടത് നമ്മുടെ ദൗത്യമാണ്. നമുക്ക് സ്വയം ഭരിക്കാൻ കഴിയുമെന്നും മറ്റുള്ളവരെ ഭരിക്കാൻ മോഹമില്ലെന്നും തെളിയിക്കാം."

"ഗോധ്രാ സംഭവത്തോടെ ഗുജറാത്തിൽ ആരംഭിച്ച് പിന്നീട് രണ്ടു മാസത്തോളം സംസ്ഥാനത്തെ മുഴുവൻ പിടിച്ചുലച്ച അക്രമങ്ങൾ ഉൾപ്പെടെയുള്ള ദാരുണസംഭവങ്ങൾ രാഷ്ട്രത്തെയാകെ ദു:ഖത്തിലാഴ്ത്തി. സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വാതന്ത്ര്യവും സമത്വവും അന്തസ്സും തുടർച്ചയായി ലംഘിക്കപ്പെടുന്നത് തടയുന്നതിൽ സംസ്ഥാന സർക്കാർ സമ്പൂർണമായി പരാജയപ്പെട്ടെന്നു കമ്മീഷൻ സംശയലേശമെന്യേ അഭിപ്രായപ്പെടുന്നു. തീർച്ചയായും ഈ മുറിവുകൾ ഉണക്കി സമാധാനത്തിന്റെയും സൗഹാർദത്തിന്റെയും ഭാവിയിലേക്ക് ഉറ്റുനോക്കേണ്ടതുണ്ട്. പക്ഷെ ഈ ഉന്നത ലക്ഷ്യങ്ങളെ പിന്തുടരുന്നത് നീതിയെ അടിസ്ഥാനപ്പെടുത്തിയും ഈ റിപ്പബ്ലിക്കിന്റെ ഭരണഘടനാമൂല്യങ്ങളും ദേശത്തിന്റെ നിയമങ്ങളും ഉയർത്തിപ്പിടിച്ചുമായിരിക്കണം."

**ദേശീയ മനുഷ്യാവകാശ കമ്മീഷൻ 2001-2002 ലെ വാർഷിക റിപ്പോർട്ട്.**



ക്കുറിച്ച് ഗുജറാത്തിലേതുപോലുള്ള സംഭവങ്ങൾ നമ്മെ ജാഗരൂകരാക്കുന്നു. ഇത് ജനാധിപത്യ രാഷ്ട്രീയത്തിന് ഭീഷണിയാണ്.

> ഗുജറാത്ത് മുഖ്യമന്ത്രിക്ക് എനിക്ക് നിൽകാനുള്ള സന്ദേശം, അദ്ദേഹം രാജധർമം പാലിക്കണമെന്നാണ്. ജാതി, മതം, വിശ്വാസം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വേർതിരിവുകളൊന്നും ഒരു ഭരണാധികാരി തന്റെ പ്രജകളോട് കാണിക്കരുത്.
>
> പ്രധാനമന്ത്രി അടൽബിഹാരി വാജ്പേയി, അഹമ്മദാബാദ്, 2002 ഏപ്രിൽ 4

## ഒരു പുതിയ സമവായത്തിന്റെ ആരംഭം
## (Emergence of a new consensus)

1989-നു ശേഷമുള്ള കാലഘട്ടം ചിലപ്പോഴൊക്കെ കോൺഗ്രസിന്റെ തകർച്ചയുടെയും ബി.ജെ.പിയുടെ ഉയർച്ചയുടെയും കാലഘട്ടമായി കണക്കാക്കുന്നു. ഈ കാലഘട്ടത്തിലെ രാഷ്ട്രീയമത്സരത്തിന്റെ സങ്കീർണസ്വഭാവം നിങ്ങൾക്ക് മനസ്സിലാകണമെന്നുണ്ടെങ്കിൽ കോൺഗ്രസിന്റെയും ബി.ജെ.പിയുടെയും തെരഞ്ഞെടുപ്പ് പ്രകടനങ്ങളെ താരതമ്യം ചെയ്യേണ്ടതുണ്ട്.

മാറിമറിയുന്ന കോൺഗ്രസിന്റെയും ബി.ജെ.പിയുടെയും തെരഞ്ഞെടുപ്പ് പ്രകടനം 1984-2004







ചിത്രത്തിൽ നൽകിയിരിക്കുന്ന വിവരങ്ങളുടെ അർഥം മനസ്സിലാക്കാൻ ശ്രമിക്കാം.

- ഈ കാലഘട്ടത്തിൽ ബി.ജെ.പിയും കോൺഗ്രസും തമ്മിൽ കടുത്ത മത്സരത്തിൽ ഏർപ്പെട്ടിരുന്നത് നിങ്ങൾക്ക് കാണാൻ കഴിയും. 1984-ലെ തെരഞ്ഞെടുപ്പുമായി താരതമ്യം ചെയ്താൽ അവരുടെ തിരഞ്ഞെടുപ്പ് നേട്ടങ്ങൾ തമ്മിലുള്ള വ്യത്യാസം എന്താണ്?
- 1989 മുതലുള്ള തെരഞ്ഞെടുപ്പുകളിൽ ബി.ജെ.പിക്കും കോൺഗ്രസിനും ലഭിച്ച ആകെ വോട്ടുകൾ അൻപത് ശതമാനത്തിൽ കൂടുതൽ വരില്ലെന്നത്

നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. അവർ നേടിയ സീറ്റുകളുടെ എണ്ണവും ആകെ ലോകസഭാസീറ്റുകളുടെ പകുതിയിൽ കൂടുതൽ വരില്ല. അപ്പോൾ ബാക്കി വോട്ടുകളും സീറ്റുകളും എവിടെപ്പോയി?

- കോൺഗ്രസിന്റെയും ജനതാ പാർട്ടിയുടെയും കുടുംബത്തെ കാണിക്കുന്ന രണ്ട് ചാർട്ടുകളും നോക്കുക. ഇന്ന് നിലനിൽക്കുന്ന പാർട്ടികളിൽ ഏതൊക്കെയാണ് കോൺഗ്രസ് കുടുംബത്തിലും ജനതാ കുടുംബത്തിലും പെടാത്തത്.
- തൊണ്ണൂറുകളിലെ രാഷ്ട്രീയമത്സരം ബി.ജെ.പി. നയിക്കുന്ന മുന്നണിയും കോൺഗ്രസ് നയിക്കുന്ന മുന്നണിയും തമ്മിലായിരുന്നു. ഈ രണ്ട് മുന്നണികളിലും പെടാത്ത കക്ഷികളെ പട്ടികപ്പെടുത്താൻ നിങ്ങൾക്ക് കഴിയുമോ?

### 2004-ലെ ലോകസഭാ തെരഞ്ഞെടുപ്പ് (Lok Sabha Elections 2004)

2004-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടിയും വലിയ തോതിലുള്ള സഖ്യങ്ങളിൽ ഏർപ്പെട്ടു. ദേശീയ ജനാധിപത്യ സഖ്യ (എൻ.ഡി.എ.) ത്തെ പരാജയപ്പെടുത്തിക്കൊണ്ട് കോൺഗ്രസ് നേതൃത്വത്തിലുള്ള ഐക്യ പുരോഗമന സഖ്യം (United Progressive Alliance) എന്നറിയപ്പെട്ട പുതിയ മുന്നണി സർക്കാർ അധികാരത്തിലെത്തുകയും ചെയ്തു. ഇടതുപക്ഷകക്ഷികളുടെ പിന്തുണ ഈ സർക്കാർ സ്വീകരിച്ചു. 2004-ലെ തിരഞ്ഞെടുപ്പ് കോൺഗ്രസ് പാർട്ടിയുടെ ഭാഗികമായ തിരിച്ചുവരവിനും സാക്ഷ്യംവഹിച്ചു. 1991-നുശേഷം ആദ്യമായി സീറ്റുകൾ വർധിപ്പിക്കാൻ കഴിഞ്ഞു. എന്നിരുന്നാലും 2004-ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസിനും സഖ്യകക്ഷികൾക്കുംകൂടി ലഭിച്ച വോട്ടും, ബി.ജെ.പിക്കും സഖ്യകക്ഷികൾക്കുംകൂടി ലഭിച്ച വോട്ടും തമ്മിലുള്ള വ്യത്യാസം നിസാരമാണ്. അങ്ങനെ, എഴുപതുകൾവരെ നിലനിന്നിരുന്നതിൽ നിന്നും ഇപ്പോൾ പാർട്ടിസമ്പ്രദായം നാടകീയമായി മാറിയിരിക്കുന്നു.

1990-കൾക്കുശേഷം ചുരുളഴിഞ്ഞ രാഷ്ട്രീയപ്രക്രിയകൾ നാലുവിഭാഗത്തിലുള്ള പാർട്ടികളുടെ ഉദയത്തെ കാണിക്കുന്നു. കോൺഗ്രസുമായി സഖ്യത്തിലേർപ്പെട്ടിരുന്ന പാർട്ടികൾ, ബി.ജെ.പിയുമായി സഖ്യത്തിലുള്ള പാർട്ടികൾ, ഇടതുപക്ഷപാർട്ടികൾ, ഈ മൂന്നിൽ ഏതിന്റെയെങ്കിലും ഭാഗമല്ലാത്ത മറ്റുകക്ഷികൾ എന്നിങ്ങനെയായിരുന്നു അവ. രാഷ്ട്രീയമത്സരം ബഹുമുഖമായിരിക്കുമെന്ന് ഈ സാഹചര്യം സൂചിപ്പിക്കുന്നു. ഇതിന്റെ ഫലമായി രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ വ്യതിചലനത്തിന്റേതായ സാഹചര്യം സൃഷ്ടിക്കപ്പെട്ടു.

### വളരുന്ന സമവായം (Growing consensus)

എന്നിരുന്നാലും മിക്ക കക്ഷികൾക്കിടയിലും വിശാലമായ ധാരണ ഉയർന്നുവന്നിട്ടുണ്ട്. കടുത്ത മത്സരത്തിനും നിരവധി സംഘർഷങ്ങൾക്കും മധ്യേ മിക്ക പാർട്ടികൾക്കുമിടയിൽ ഒരു സമവായം ഉയർന്നുവന്നതിന് നാല് ഘടകങ്ങളുണ്ട്.

ഒന്നാമതായി, പുത്തൻ സാമ്പത്തികനയത്തെ അംഗീകരിക്കൽ - പല ഗ്രൂപ്പുകളും പുതിയ സാമ്പത്തികനയങ്ങളെ എതിർക്കുമ്പോൾ ഒട്ടുമിക്ക രാഷ്ട്രീയകക്ഷികളും പുതിയ സാമ്പത്തികനയങ്ങളെ അനുകൂലിക്കുകയാണ് ചെയ്യുന്നത്. ഈ നയങ്ങൾ സാമ്പത്തിക അഭിവൃദ്ധിയിലേക്കും ലോകത്തെ ഒരു സാമ്പത്തിക ശക്തിയെന്ന പദവിയിലേക്കും രാജ്യത്തെ നയിക്കുമെന്ന് മിക്ക രാഷ്ട്രീകക്ഷികളും വിശ്വസിച്ചു.

രണ്ടാമതായി, പിന്നാക്കജാതിക്കാരുടെ രാഷ്ട്രീയ, സാമൂഹിക അവകാശവാദങ്ങളുടെ സ്വീകാര്യത- പിന്നാക്കജാതിക്കാരുടെ സാമൂഹികവും രാഷ്ട്രീയവുമായ അവകാശവാദങ്ങൾ അംഗീകരിക്കേണ്ടതുണ്ടെന്ന് രാഷ്ട്രീയപാർട്ടികൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതിന്റെ ഫലമായി പിന്നാക്കവിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിലും തൊഴിലിലും സീറ്റുകൾ സംവരണം ചെയ്യുന്നതിനെ എല്ലാ രാഷ്ട്രീയപാർട്ടികളും ഇപ്പോൾ പിന്തുണയ്ക്കുന്നു. ഒ.ബി.സിക്കാർക്ക് അധികാരത്തിൽ മതിയായ പങ്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും രാഷ്ട്രീയപാർട്ടികൾ തയാറാണ്.




ഉറവിടം: ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ

മൂന്നാമതായി, രാജ്യഭരണത്തിൽ സംസ്ഥാനതല പാർട്ടികളുടെ പങ്ക് അംഗീകരിക്കൽ - സംസ്ഥാന, ദേശീയപാർട്ടികൾ തമ്മിലുള്ള വ്യത്യാസം വളരെവേഗത്തിൽ അപ്രസക്തമാകുന്നു. സംസ്ഥാനതല പാർട്ടികൾ കഴിഞ്ഞ ഇരുപതുവർഷങ്ങളായി ദേശീയരാഷ്ട്രീയത്തിൽ പ്രധാന പങ്കുവഹിക്കുകയും അധികാരം പങ്കിടുകയും ചെയ്ത കാര്യം ഈ അധ്യായത്തിൽ നാം കണ്ടതാണ്.

നാലാമതായി, പ്രത്യയശാസ്ത്ര നിലപാടുകളെക്കാൾ പ്രായോഗിക പരിഗണനകൾക്കും പ്രത്യയശാസ്ത്രപരമായ യോജിപ്പുകളില്ലാത്ത രാഷ്ട്രീയ സഖ്യങ്ങൾക്കും ഊന്നൽനൽകുന്നു. മുന്നണിരാഷ്ട്രീയം രാഷ്ട്രീയ കക്ഷികളുടെ ശ്രദ്ധയെ പ്രത്യയശാസ്ത്ര വ്യത്യാസങ്ങൾക്കുപരിയായുള്ള അധികാരം പങ്കിടൽ സംവിധാനത്തിലേക്ക് വഴിമാറ്റി. അതുകൊണ്ടുതന്നെ എൻ.ഡി.എയിലെ ഭൂരിപക്ഷം കക്ഷികൾക്കും ബി.ജെ.പിയുടെ ഹിന്ദുത്വ പ്രത്യയശാസ്ത്രത്തോട് യോജിപ്പില്ലെങ്കിൽപോലും അവർ ഒത്തുചേർന്ന് ഒരു സർക്കാർ രൂപീകരിക്കാനും കാലാവധി പൂർത്തിയാക്കുന്നതുവരെ അധികാരത്തിൽ തുടരാനും കഴിഞ്ഞു.

സമീപഭാവിയിൽ ഇന്ത്യൻ രാഷ്ട്രീയത്തെ രൂപപ്പെടുത്താൻപോകുന്ന സുപ്രധാന സംഭവവികാസങ്ങളാണ് ഇവയെല്ലാം. എങ്ങനെയാണ് കോൺഗ്രസ് ഒരു പ്രബല പാർട്ടിയായി ഉയർന്നുവന്നതെന്ന ചർച്ചയോടെയാണ് ഇന്ത്യൻ രാഷ്ട്രീയത്തെ കുറിച്ചുള്ള ഈ പഠനം നാം ആരംഭിച്ചത്. ആ സാഹചര്യത്തിൽനിന്ന് ഇപ്പോൾ നമ്മൾ കൂടുതൽ മത്സരാധിഷ്ഠിതവും എന്നാൽ പ്രധാന രാഷ്ട്രീയ അഭിനേതാക്കൾക്കിടയിൽ ഒരു നിശ്ചിത ധാരണയുടെ അടിസ്ഥാനത്തിലുള്ള രാഷ്ട്രീയത്തിലേക്ക് നാം ഇപ്പോൾ എത്തിയിരിക്കുന്നു. അങ്ങനെ രാഷ്ട്രീയപാർട്ടികൾ ഈ സമവായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുമ്പോൾതന്നെ, ജനകീയപ്രസ്ഥാനങ്ങളും സംഘടനകളും വികസനത്തിന്റെ പുതിയ രൂപങ്ങളെയും ദർശനങ്ങളെയും വഴികളെയും ഒരേസമയം കണ്ടെത്തുകയും ചെയ്യുന്നു. ദാരിദ്ര്യം, പുറംതള്ളൽ, നിശ്ചിതവേതനം, ഉപജീവന മാർഗം, സാമൂഹികസുരക്ഷ തുടങ്ങിയ വിഷയങ്ങൾ ജനകീയപ്രസ്ഥാനങ്ങൾ രാഷ്ട്രീയ അജണ്ടയിൽ ഉൾപ്പെടുത്തുകയും രാഷ്ട്രത്തെ അതിന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് ഓർമിപ്പിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ വർഗം, ജാതി, ലിംഗഭേദം, പ്രദേശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നീതിയുടെയും ജനാധിപത്യത്തിന്റെയും പ്രശ്നങ്ങൾ ജനങ്ങൾ ഉന്നയിക്കുന്നു. ജനാധിപത്യത്തിന്റെ ഭാവിയെക്കുറിച്ച് നമുക്ക് പ്രവചിക്കാൻ കഴിയില്ല. ഈ അധ്യായത്തിൽ പരാമർശിച്ച ഏതാനും വസ്തുതകളുടെ തുടർച്ചയായ കുഴച്ചുമറിക്കലിലൂടെ അത് ചുരുളഴിക്കപ്പെടുമെന്നും ജനാധിപത്യരാഷ്ട്രീയം ഇന്ത്യയിൽ നിലനിൽക്കുകതന്നെ ചെയ്യുമെന്നും നമുക്കറിയാം.



Credit: Ravi Shankar/ India Today

## 16-ാം ലോകസഭയിലെ കക്ഷിനില




- ഭാരതീയ ജനതാപാർട്ടി (ബിജെപി) (281)
- ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഐഎൻസി) (44)
- ആൾ ഇന്ത്യ അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകം (എഐഎഡിഎംകെ) (37)
- ആൾ ഇന്ത്യ തൃണമൂൽ കോൺഗ്രസ് (ടിഎംസി) (34)
- ബിജു ജനതാ ദൾ (ബിജെഡി) (20)
- ശിവസേന (എസ്എസ്) (18)
- തെലുങ്കുദേശം (ടിഡിപി) (16)
- തെലങ്കാന രാഷ്ട്ര സമിതി (ടിആർഎസ്) (11)
- കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) സിപിഐ (എം) (9)
- യുവജന ശ്രമിക റയ്തു കോൺഗ്രസ് പാർട്ടി (വൈഎസ്ആർസിപി) (9)
- നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി (6)
- ലോക് ജനശക്തി പാർട്ടി (6)
- സമാദ്‌വാദി പാർട്ടി (5)
- ആം അദ്മി പാർട്ടി (4)
- രാഷ്ട്രീയ ജനതാദൾ (4)
- ശിരോമണി അകാലിദൾ (4)
- ആൾ ഇന്ത്യ യുണൈറ്റഡ് ഡമോക്രാറ്റിക് പാർട്ടി (3)
- ജമ്മുകാശ്മീർ പീപ്പിൾസ് ഡെമോക്രാറ്റിക് പാർട്ടി (3)
- രാഷ്ട്രീയ ലോക്സമത പാർട്ടി (3)
- സ്വതന്ത്രർ (3)
- ഇന്ത്യൻ നാഷണൽ ലോക്ദൾ (3)
- ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് (2)
- ജനതാദൾ (സെക്യൂലർ) (2)
- ജനതാദാൾ (യുണൈറ്റഡ്) (2)
- ഝാർഖണ്ഡ് മുക്തി മോർച്ച (2)
- അപ്നാദൾ (2)
- കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (1)
- ആൾ ഇന്ത്യ എൻ.ആർ. കോൺഗ്രസ് (1)
- കേരള കോൺഗ്രസ് (എം) (1)
- നാഗ പീപ്പിൾസ് ഫ്രണ്ട് (1)
- നാഷണൽ പീപ്പിൾസ് പാർട്ടി (1)
- പട്ടാളി മക്കൾ കക്ഷി (1)
- റവല്യൂഷനറി സോഷ്യലിസ്റ്റ് പാർട്ടി (1)
- സിക്കിം ഡമോക്രാറ്റിക് ഫ്രണ്ട് (1)
- ആൾ ഇന്ത്യ മജ്‌ലിസ്-ഇ-ഇത്തെഹാദുൽ മുസ്ലിമീൻ (1)
- സ്വാഭിമാനി പക്ഷ (1)

# അഭ്യാസം

1. ഉണ്ണിയും മുന്നിയും വാർത്തകൾ ശേഖരിച്ച് സൂക്ഷിക്കുന്ന ഫയലിലെ വാർത്തശകലങ്ങളെ കാലഗണനനാക്രമത്തിൽ ക്രമീകരിക്കുക.
   (a) മണ്ഡൽനിർദേശങ്ങളും സംവരണവിരുദ്ധ പ്രക്ഷോഭവും
   (b) ജനതാദളിന്റെ രൂപീകരണം
   (c) ബാബറി മസ്ജിദിന്റെ തകർക്കൽ
   (d) ഇന്ദിരാഗാന്ധിയുടെ വധം
   (e) എൻ.ഡി.എ. ഗവൺമെന്റിന്റെ രൂപീകരണം
   (f) ഗോധ്രസംഭവവും അതുമായി ബന്ധപ്പെട്ട ലഹളകളും
   (g) യു.പി.എ. ഗവൺമെന്റിന്റെ രൂപീകരണം

2. ചേരുംപടി ചേർക്കുക

| | |
|---|---|
| (a) സമവായത്തിന്റെ രാഷ്ട്രീയം | i. ഷാബാനുകേസ് |
| (b) ജാതിയധിഷ്ഠിത പാർട്ടികൾ | ii. ഒ.ബി.സി.യുടെ ഉയർച്ച |
| (c) വ്യക്തിനിയമവും ലിംഗനീതിയും | iii. മുന്നണി ഗവൺമെന്റ് |
| (d) പ്രാദേശിക പാർട്ടികളുടെ വളർന്നുവരുന്ന ശക്തി | iv. സാമ്പത്തികനയങ്ങളെ കുറിച്ചുള്ള സമവായം |

3. 1989-നുശേഷമുള്ള ഇന്ത്യൻ രാഷ്ട്രീയത്തിലെ പ്രധാന പ്രശ്നങ്ങൾ പ്രസ്താവിക്കുക. ഇത്തരം പ്രശ്നങ്ങൾ എങ്ങനെയാണ് രാഷ്ട്രീയപാർട്ടികളെ വ്യത്യസ്ത കൂട്ടുകെട്ടുകളിലേക്ക് നയിക്കുന്നത്.

4. "മുന്നണിരാഷ്ട്രീയത്തിന്റെ പുതിയ കാലഘട്ടത്തിൽ, രാഷ്ട്രീയപാർട്ടികൾ പ്രത്യയശാസ്ത്രപരമായി സഖ്യപ്പെടുകയോ പുനർ സഖ്യപ്പെടുകയോ ചെയ്യുന്നില്ല." ഈ പ്രസ്താവനയെ പിന്തുണയ്ക്കുന്നതിനോ എതിർക്കുന്നതിനോ എന്ത് വാദങ്ങളാണ് നിങ്ങൾക്ക് മുന്നോട്ടു വയ്ക്കാനുള്ളത്?

5. അടിയന്തിരാവസ്ഥാനന്തര കാലഘട്ടത്തിൽ ഒരു സുപ്രധാനശക്തി എന്ന നിലയിലുള്ള ബി.ജെ.പിയുടെ ആവിർഭാവം കണ്ടെത്തുക.

6. കോൺഗ്രസ് മേധാവിത്വം ക്ഷയിച്ചെങ്കിലും കോൺഗ്രസ് പാർട്ടി രാജ്യത്തെ രാഷ്ട്രീയത്തെ സ്വാധീനിച്ചുകൊണ്ടേയിരിക്കുന്നു. നിങ്ങൾ യോജിക്കുന്നുണ്ടോ? കാരണങ്ങൾ നൽകുക.

7. വിജയകരമായ ജനാധിപത്യത്തിന് ഒരു ദ്വികക്ഷി സംവിധാനം ആവശ്യമാണെന്ന് പലരും കരുതുന്നു. കഴിഞ്ഞ ഇരുപത് വർഷത്തെ ഇന്ത്യയുടെ അനുഭവത്തിൽനിന്ന്, ഇപ്പോഴത്തെ പാർട്ടിസംവിധാനത്തിന് എന്ത് ഗുണങ്ങളാണുള്ളത് എന്നതിനെക്കുറിച്ച് ഒരു ഉപന്യാസം തയാറാക്കുക.

8. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

   *ഇന്ത്യയിലെ കക്ഷിരാഷ്ട്രീയം നിരവധി വെല്ലുവിളികളെ നേരിട്ടിട്ടുണ്ട്. കോൺഗ്രസ് വ്യവസ്ഥ സ്വയം തകർക്കപ്പെട്ടുവെന്നുമാത്രമല്ല, വ്യത്യസ്ത താൽപര്യങ്ങളെ ഉൾക്കൊള്ളുന്നതിനുള്ള അതിന്റെ പ്രാപ്തിയെ സംരക്ഷിക്കത്തക്കവിധത്തിൽ സ്വന്തം പ്രാതിനിധ്യത്തിന് ഊന്നൽ നൽകുന്ന തലത്തിലേക്ക് കോൺഗ്രസ് മുന്നണിയുടെ ശിഥിലീകരണം അതിനെ നയിച്ചു. വ്യത്യസ്ത താൽപര്യങ്ങളെ ഉൾക്കൊള്ളുവാനും ഒരുമിപ്പിക്കുവാനും കഴിയുന്ന ഒരു രാഷ്ട്രീയവ്യവസ്ഥയോ അല്ലെങ്കിൽ രാഷ്ട്രീയപാർട്ടികളെയോ രൂപപ്പെടുത്തുക എന്നതാണ് രാഷ്ട്രം അഭിമുഖീകരിക്കുന്ന പ്രധാന പരീക്ഷണം* – സോയ ഹസൻ

(a) കക്ഷിസമ്പ്രദായത്തിന്റെ വെല്ലുവിളികളെന്ന് ഗ്രന്ഥകാരൻ വിളിക്കുന്ന വിഷയങ്ങളെക്കുറിച്ച് ഈ അധ്യായത്തിൽ നിങ്ങൾ വായിച്ച വസ്തുതകളുടെ വെളിച്ചത്തിൽ ഒരു ലഘുകുറിപ്പ് തയാറാക്കുക.

(b) ഈ ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന ഉൾക്കൊള്ളലിന്റെയും ഒന്നിപ്പിക്കലിന്റെയും അഭാവം എന്നതിന്റെ ഒരു ഉദാഹരണം ഈ അധ്യായത്തിൽ നിന്ന് നൽകുക.

(c) എന്തുകൊണ്ടാണ് വ്യത്യസ്ത താൽപര്യങ്ങളെ ഉൾക്കൊള്ളുകയും ഒന്നിപ്പിക്കുകയും ചെയ്യേണ്ടത് രാഷ്ട്രീയപാർട്ടികളുടെ ആവശ്യമായി വരുന്നത്?

## നമുക്കിത് ഒരുമിച്ചു ചെയ്യാം

- 2004-ലെ തെരഞ്ഞെടുപ്പുവരെയുള്ള ഇന്ത്യൻ രാഷ്ട്രീയത്തിലെ പ്രധാന സംഭവവികാസങ്ങൾ ഈ അധ്യായത്തിൽ ഉൾക്കൊള്ളുന്നു (14-ാം ലോകസഭ). ഇതിനെത്തുടർന്ന് 2009-ൽ നടന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള യു.പി.എ. വിജയിച്ചു. 2014-ലെ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. നേതൃത്വത്തിലുള്ള എൻ.ഡി.എ. വിജയികളായിത്തീർന്നു. വിവിധ പാർട്ടികളുടെ 16-ാം ലോകസഭയിലെ സ്ഥാനം 193-ാം പേജിൽ കൊടുത്തിരിക്കുന്നു.
- 16-ാം ലോകസഭാ അംഗങ്ങളെക്കുറിച്ചുള്ള വിശദമായ പഠനം ലോകസഭയുടെ വെബ്സൈറ്റിൽ (http://eci.nic.in) ലഭ്യമാണ്.
- ഇന്ത്യൻ തിരഞ്ഞെടുപ്പു കമ്മീഷന്റെ വെബ്സൈറ്റിൽ (http://eci.nic.in) നിന്നും ദത്തങ്ങൾ ശേഖരിച്ച് 2009-ലെയും (15-ാം ലോകസഭ) 2014-ലെയും (16-ാം ലോകസഭ) തിരഞ്ഞെടുപ്പുകളിൽ വിവിധ രാഷ്ട്രീയപാർട്ടികളുടെ തിരഞ്ഞെടുപ്പുപ്രകടനങ്ങൾ താരതമ്യം ചെയ്ത് വ്യത്യാസങ്ങൾ കണ്ടെത്തുക.
- 2004 മുതലുള്ള രാഷ്ട്രീയസംഭവങ്ങളുടെ ഒരു ടൈംലൈൻ തയാറാക്കുക. ഇത് നിങ്ങളുടെ ക്ലാസുമുറിയിൽ പങ്കുവയ്ക്കുകയും ചർച്ച ചെയ്യുകയും ചെയ്യുക.

അഭ്യാസം

# പദാവലി

| | | |
|---|---|---|
| അടിയന്തരാവസ്ഥ | - | Emergency |
| അഭിലാഷം | - | Aspiration |
| അപകോളനീകരണം | - | Decolonisation |
| ആക്രമണം | - | Aggression |
| ഏറ്റുമുട്ടൽ | - | Confrontation |
| ഏകീകരണം | - | Unification |
| കലാപം | - | Riot |
| കൂറുമാറ്റം | - | Defection |
| ചേരിചേരായ്മ | - | Non- Alignment |
| ദേശീയത | - | Nationalism |
| ദേശസാൽക്കരണം | - | Nationalisation |
| ദേശീയോദ്ഗ്രഥനം | - | National Integration |
| ധ്രുവീകരണം | - | Polarisation |
| നാട്ടുരാജ്യങ്ങൾ | - | Princely states |
| പരിസ്ഥിതി | - | Environment |
| പുനരധിവാസം | - | Rehabilitation |
| പുനസംഘടന | - | Reorganisation |
| പിന്തുടർച്ച | - | Succession |
| പുനസ്ഥാപനം | - | Restoration |
| പ്രഖ്യാപനം | - | Declaration |
| പൈതൃകം | - | Legacy |
| പ്രത്യയശാസ്ത്രം | - | Ideology |
| പൗരത്വം | - | Citizenship |
| ഭൂപരിഷ്കരണം | - | Land reform |
| മതഭ്രാന്തൻ | - | Fanatic |
| മേധാവിത്വം | - | Dominance |

| | | |
|---|---|---|
| മുന്നണി | - | Coalition |
| മുതലാളിത്തം | - | Capitalism |
| മൗലികവാദം | - | Fundamentalism |
| മുദ്രാവാക്യം | - | Slogan |
| വിമോചനം | - | Liberation |
| വിഭജനം | - | Partition |
| വ്യവസായവൽക്കരണം | - | Industrialisation |
| വോട്ടവകാശം | - | Suffrage |
| വിവാദം | - | Controversy |
| സഹിഷ്ണുത | - | Tolerance |
| സഖ്യം | - | Alliance |
| സമവായം | - | Consensus |
| സംയോജനം | - | Integration |
| സ്വകാര്യവൽക്കരണം | - | Privatisation |